# പാളംതെറ്റിയ തീവണ്ടി



ഏഴംകുളം സാംകുട്ടി

# പാളം തെറ്റിയ തീവണ്ടി

ഡോ. ഏഴംകുളം സാംകുട്ടി

ദീപ്തി പബ്ലിക്കേഷൻസ്

*(Malayalam)*

# Palam Thettiya Theevandi

(Novel)

**By**

**Dr. Ezhamkulam Chacko Samkutty, M.A., Ph.D.**

*Copyright:*
Dr. E.C. Samkutty

First Printing:1983
Tenth Printing: April 23, 2011

*Printed at*
Darsana Offset, Thiruvalla
*Typesetting*
Global, Thiruvalla
*Published by*
Deepthi Publications
Planthottam Complex
Thiruvalla 689 101.

*Distributed by*
Deepthi Book Shop
Planthottam Complex
Thiruvalla 689 101. Ph: 0469 2634321

ISBN 81-903983-2-6

---

Price: Rs. 80.00

# പാളം തെറ്റിയ തീവണ്ടി

(നോവൽ)

ഡോ. ഏഴംകുളം സാംകുട്ടി

Deepthi Publications

ദീപ്തി പബ്ലിക്കേഷൻസ്
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല 689 101

## ഏഴംകുളം സാംകുട്ടിയുടെ കൃതികൾ

- A.D.2000 ? ( **ഇംഗ്ലീഷ്** ), 1972
- **ശാസ്ത്രവും ബൈബിളും,** 1973
- **ഒടുവിലത്തെ ശത്രു,** 1976
- **യുക്തിവാദം ശനിദശയിൽ,** 1978
- **പാളം തെറ്റിയ തീവണ്ടി** *(നോവൽ),* 1983
- **ഭയപ്പെടേണ്ട: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്,** 2009
  (ഗുഡ്ന്യൂസ് ബുക്ക് സ്റ്റാൾ , കോട്ടയം 686 004)

കാസറ്റുകൾ, സി.ഡി.കൾ

- **ഭാര്യാഭർത്തൃബന്ധം ശക്തമാക്കാൻ** (പ്രഭാഷണം), 1987
- **അത്യുന്നതനാം ദൈവം :** *ഭക്തിഗാനങ്ങൾ,* 1984
- **വിടുതലിൻ ഗാനങ്ങൾ,** 1990

ലഘുകൃതികൾ

- **നിരീശ്വരന്റെ ചോദ്യങ്ങൾക്കു മറുപടി,** 1981
- **ഓർമ്മയിൽ തിങ്ങിനില്ക്കുന്ന അനുഭവങ്ങൾ,** 1983
- **മനുഷ്യരെ മധ്യസ്ഥരാക്കരുതേ!,** 2008
  (ഗുഡ്ന്യൂസ് ബുക്ക് സ്റ്റാൾ , കോട്ടയം 686 004)

## ഡോ. സാംകുട്ടിയുടെ കൃതികളെപ്പറ്റിയുള്ള ചർച്ചകൾ

- **പാളം തെറ്റിയ തീവണ്ടി : നിരൂപണപഠനങ്ങൾ,** 1994
  (എം.കെ. മാധവൻനായർ, മാത്യു ഉലകംതറ, ജോസഫ് പടിഞ്ഞാറേക്കര, റ്റി. സി. മാത്യു, മാമ്മൻ ഫിലിപ്പ്, പി. എസ്. ചെറിയാൻ)
- **കോവൂർ, പീറ്റർ, സാംകുട്ടി : അഭിമുഖങ്ങൾ,** 1996
  (ജോയ് തുമ്പമൺ)

# നോവലിസ്റ്റിനെപ്പറ്റി

ജീവിതത്തെ സവിശേഷമായ ഒരവബോധത്തോടെ ആത്മീയദൃഷ്ടിയിൽ വീക്ഷിക്കുകയും വിചിത്രമായ പ്രമേയങ്ങളിലൂടെ അത്യാകർഷകമായി അവതരിപ്പിക്കുകയും ചെയ്യുന്ന ആഖ്യാനപാടവമാണ് ഏഴംകുളം സാംകുട്ടിയെ ശ്രദ്ധേയനാക്കുന്നത്.

1949-ൽ ജനിച്ചു. 1970-ൽ പത്തനംതിട്ട കാതൊലിക്കേറ്റ് കോളജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ. ബിരുദം സമ്പാദിച്ച ശേഷം അമേരിക്കയിൽ ഉപരിപഠനം ആരംഭിച്ചു. 1973-ൽ അർക്കൻസാസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം നേടി. 1974 മുതൽ നാലുവർഷക്കാലം യൂണിവേഴ്സിറ്റി ഓഫ് ലൂസിയാനയിൽ ഗവേഷണപഠനം നടത്തി. 1978-ൽ ലൂസിയാനാ സർവ്വകലാശാലയിൽനിന്ന് ബ്രിട്ടീഷ് സാഹിത്യത്തിൽ പിഎച്ച്.ഡി. ബിരുദം സമ്പാദിച്ചു. ലൂസിയാനാ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്.ഡി. ബിരുദം ലഭിച്ച ആദ്യത്തെ ഇന്ത്യാക്കാരനും, പ്രസ്തുത സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തികളിൽ ഒരാളും ആയിരുന്നു ഡോക്ടർ സാംകുട്ടി.

1971 മുതൽ ദിനപ്പത്രങ്ങളിലും മറ്റ് ആനുകാലികങ്ങളിലും സാംകുട്ടി ലേഖനങ്ങൾ എഴുതിതുടങ്ങി. ഇരുപത്തിരണ്ടാമത്തെ വയസിൽ ആദ്യത്തെ പുസ്തകം (A.D.2000?) എഴുതി പ്രസിദ്ധീകരിച്ചു. 1970-കളിലും 80-കളിലും 'മലയാള മനോരമ സൺഡേപതിപ്പി'ൽ അദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങളും ചെറുകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ പ്രചാരമുള്ള സാഹിത്യ ജേർണലുകളിൽ ഇംഗ്ലീഷ് സാഹിത്യസംബന്ധിയായ ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. പ്രൊഫസർ സാംകുട്ടിയുടെ ഇരുപതോളം ഭക്തിഗാനങ്ങൾ ശബ്ദലേഖനം ചെയ്തിട്ടുണ്ട്. ഒരു അമേരിക്കൻമലയാളി ആദ്യമായി പ്രസിദ്ധീകരിച്ച നോവൽ 'പാളം തെറ്റിയ തീവണ്ടി' ആയിരുന്നു.

പ്രൊഫസർ സാംകുട്ടിക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ: ലോക മലയാളി കൺവൻഷൻ—മികച്ച നോവൽ അവാർഡ് (1995); കേരള ക്രൈസ്തവ അക്കാദമി—മഹാകവി കെ.വി. സൈമൺ അവാർഡ് (2002); സർഗസമിതി സാഹിത്യസാംസ്ക്കാരിക വാർഷിക പുരസ്ക്കാരം(1996); കേരളാ എക്സ്പ്രസ്-അമേരിക്ക —ചെറുകഥാ അവാർഡ്(1996); പെന്തക്കോസ്റ്റൽ പ്രസ് അസോസിയേഷൻ ഇംഗ്ലീഷ് ലേഖനം അവാർഡ് (1993); പെന്തക്കോസ്റ്റൽ പ്രസ് അസോസിയേഷൻ മലയാളം ലേഖനം അവാർഡ് (1996); നോർത്ത് അമേരിക്കൻ കേരളൈറ്റ് പെന്തക്കോസ്റ്റൽ റൈറ്റേഴ്സ് ഫോറം അവാർഡ് (2003).

യൂണിവേഴ്സിറ്റി ഓഫ് ലൂസിയാനയിലെയും എം.എച്ച്. കോളജിലെയും ഇംഗ്ലീഷ് വകുപ്പുകളിൽ ഡോക്ടർ സാംകുട്ടി അദ്ധ്യാപകനായി സേവനമ

നുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ സതേൺ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് വകുപ്പിൽ പ്രൊഫസറാണ്. ഭാര്യ ഡോക്ടർ പുഷ്പ സതേൺ യൂണിവേഴ്സിറ്റിയിൽ മൈക്രോബയോളജി വകുപ്പിൽ അസോഷിയെറ്റ് പ്രൊഫസറാണ്. മകൻ രഞ്ജിത്. മകൾ ബിന്ദു.

1983-ലാണ് 'പാളം തെറ്റിയ തീവണ്ടി'യുടെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചത്. പിറ്റേ വർഷം മുതൽ പ്രൊഫസർ സാംകുട്ടി അദ്ദേഹത്തിന്റെ അദ്ധ്യാപക ജോലിയോടൊപ്പം അമേരിക്കൻ മലയാളികൾ കൂടുതലായി താമസിക്കുന്ന പട്ടണങ്ങളിൽ വാരാന്തങ്ങളിൽ സഞ്ചരിച്ച് മതപ്രസംഗങ്ങൾ നടത്തിതുടങ്ങി. പിന്നീട് പത്തിരുപതുവർഷം മതപ്രസംഗരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. രണ്ടു സംസ്ക്കാരങ്ങളുടെ സ്വാധീനതയിൽ ജീവിച്ച അമേരിക്കൻ മലയാളികളുടെ രണ്ടാം തലമുറയിലെ യുവജനങ്ങൾക്ക് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ആത്മീയോത്തേജനം നൽകി. എന്നാൽ മതപ്രസംഗങ്ങളിലേക്കു തിരിഞ്ഞ ഈ നീണ്ട കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സാഹിത്യരചന മന്ദഗതിയിലായി. പണിപ്പുരയിലായിരുന്ന സർഗകൃതികൾ പോലും എഴുതിതീർക്കാൻ അദ്ദേഹത്തിനു സാവകാശം ലഭിച്ചില്ല.

അടുത്തകാലത്ത് പ്രൊഫസർ സാംകുട്ടി മതപ്രസംഗ രംഗത്തു നിന്ന് വീണ്ടും സാഹിത്യമേഖലയിലേക്ക് മടങ്ങിവന്നിരിക്കയാണ് -ആദ്ധ്യാത്മിക മൂല്യമുള്ള കൃതികൾ ഇനിയും രചിക്കണമെന്ന ആഗ്രഹത്തോടെ.

♦ **നോവലിസ്റ്റുമായി ബന്ധപ്പെടുന്നതിനുള്ള വിലാസം:**

READERS' FORUM
Attention: Dr. E.C. Samkutty
P.O.Box 851423
Mesquite, Texas 75185-1423, U.S.A
ecsamkutty@hotmail.com ecsamkutty@yahoo.com

# ആമുഖം

മനുഷ്യന്റെ അന്തശ്ചൈതന്യത്തെ മഹത്വപ്പെടുത്തുകയും കരുത്തുറ്റതാക്കുകയും ചെയ്യുന്ന സന്ദേശങ്ങളുടെ അഭാവം കൊണ്ട് ആധുനിക സാഹിത്യം പൊള്ളയായിത്തീർന്നിട്ടുണ്ടെന്ന് ഡോ. എസ്. രാധാകൃഷ്ണൻ എഴുതി. സദാചാരശൂന്യമായ സാഹിത്യാദി കലകളുടെ പ്രചാരംമൂലം മനുഷ്യന്റെ വിലയിടിയുമെന്ന് കുട്ടികൃഷ്ണമാരാർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. 'ഉരുക്കുമനുഷ്യരെ സൃഷ്ടിക്കുന്നതിനു പകരം റബ്ബർ മനുഷ്യരെ സൃഷ്ടിക്കുന്ന' ചില ആധുനിക നോവലുകൾ യുവതലമുറയ്ക്ക് ഒരു ശാപമായിത്തീർന്നിരിക്കുന്നു എന്ന് പ്രസിദ്ധ സാഹിത്യവിമർശകനായ പ്രൊഫസർ മാത്യു ഉലകംതറ ചൂണ്ടിക്കാണിക്കുന്നു.

'പാളം തെറ്റിയ തീവണ്ടി'യിൽ കുറെ ഉരുക്കു മനുഷ്യരെ കണ്ടെത്താൻ വായനക്കാരനു സാധിച്ചെങ്കിൽ ഞാൻ കൃതാർത്ഥനായി.

കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ മൂന്നു മലയാള ഗ്രന്ഥങ്ങളും ഒരു ഇംഗ്ലീഷ് ഗ്രന്ഥവും പ്രസിദ്ധീകരിക്കാൻ സാധിച്ചു. ഈ കൃതികളെല്ലാം എന്റെ വിദ്യാഭ്യാസ കാലത്ത് എഴുതിയവയാണ്. ദിവസേനയുള്ള പഠനം കഴിഞ്ഞ് രാത്രിയിലെ ഉത്തരയാമങ്ങളിലും വാരാന്തങ്ങളിലും കിട്ടുന്ന സമയം വിനിയോഗിച്ചാണ് അവ എഴുതിയത്. തന്മൂലം രചനയിൽ വേണ്ടത്ര ശ്രദ്ധകൊടുക്കുവാൻ കഴിഞ്ഞില്ല. ആശയങ്ങൾ പെട്ടെന്ന് ആവിഷ്കരിക്കണമെന്നല്ലാതെ സാഹിത്യവീക്ഷണത്തിൽ എന്തെങ്കിലും വിശേഷതയുണ്ടാകണമെന്ന നിർബന്ധം ഇല്ലായിരുന്നു. അങ്ങനെ നിർബന്ധം പിടിച്ചിരുന്നെങ്കിലും അതിനുള്ള സമയമോ സാവകാശമോ അന്നില്ലായിരുന്നു.

എന്നാൽ 'തീവണ്ടി' തികച്ചും വ്യത്യസ്തമായ ഒരു സാഹചര്യത്തിലാണെഴുതിയത്. വിദ്യാഭ്യാസം പൂർത്തീകരിച്ചതോടെ എനിക്കിപ്പോൾ കുറേക്കൂടി സ്വസ്ഥതയും സാവകാശവുമുണ്ട്. മനസ്സിൽ തെളിഞ്ഞുവന്ന പ്രമേയങ്ങളെപ്പറ്റി സാവകാശമായി ചിന്തിക്കുവാനും ധ്യാനിക്കുവാനും അവസരം ലഭിച്ചു. അങ്ങനെ ലഭിച്ച ദർശനം കടലാസിലവതരിപ്പിച്ചതും ധൃതികൂടാതെയാണ്.

ഇപ്പോൾ, എന്റെ വിദ്യാർത്ഥിജീവിതത്തിനു ശേഷം രചിച്ച ആദ്യത്തെ ഈ കൃതി [ഒന്നാം പതിപ്പ്] പൊതുജനസമക്ഷം സമർപ്പിക്കുന്നതിൽ ആഹ്ലാദമുണ്ട്.

**ഒക്ടോബർ 20, 1983** **ഏഴംകുളം സാംകുട്ടി**

# നന്ദി; എന്നാൽ മാപ്പു ചോദിക്കുന്നില്ല

'പാളം തെറ്റിയ തീവണ്ടി'യുടെ ആറാം പതിപ്പിനും ഭാവിയിൽ പ്രസിദ്ധീകരിക്കാൻ സാധ്യതയുള്ള എല്ലാ പതിപ്പുകൾക്കും മുഖമൊഴിയായി ചില കാര്യങ്ങൾ കുറിക്കട്ടെ.

1983-ലാണ് 'തീവണ്ടി'യുടെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചത്. വായനക്കാർ ഈ കൃതിയ്ക്ക് ഹൃദ്യമായ സ്വീകരണമാണ് നൽകിയത്. അഭിനന്ദനക്കുറിപ്പുകൾ എഴുതിയവർക്ക് നന്ദി.

വിമർശനക്കത്തുകളും ലഭിച്ചിട്ടുണ്ട്.

ഞാൻ എന്റെ മനഃസാക്ഷി അനുസരിച്ചാണ് എഴുതുന്നത്. സത്യം എന്നു തോന്നുന്ന ആശയങ്ങൾ അവതരിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

ആര്യമതം, ക്രിസ്തുമതം, ഇസ്ലാം—ഇവയുടെയെല്ലാം ആശയങ്ങൾ ഇന്ത്യയുടെ മണ്ണിൽ വിതയ്ക്കപ്പെട്ടു. ഏകാധിപത്യം, ജനാധിപത്യം, മുതലാളിത്തം, സ്ഥിതിസമത്വവാദം തുടങ്ങിയ ഭരണ സമ്പ്രദായങ്ങളുടെയും സാമൂഹിക വ്യവസ്ഥിതികളുടെയും ആശയങ്ങൾ നമ്മുടെ മണ്ണിൽ വീണുകഴിഞ്ഞു. അദ്വൈതവാദവും സന്ദേഹവാദവും നിരീശ്വരസിദ്ധാന്തവും കടലാസുവഴി പ്രചരിപ്പിക്കുന്നു. വോൾട്ടെയറിന്റെ യുക്തിദർശനത്തിന്റെയും ടർഗ്നെവിന്റെ ശൂന്യതാവാദത്തിന്റെയും മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെയും വേർഡ്സ്വർത്തിന്റെ വിശ്വദേവതാവാദത്തിന്റെയും ഒമാർ ഖായത്തിന്റെ പ്രാപഞ്ചികദർശനത്തിന്റെയും വക്താക്കളായി എത്രയോ കഥാപാത്രങ്ങൾ ആധുനിക നോവലുകളിൽ സംസാരിക്കുന്നു!

ഈ സ്വാതന്ത്ര്യം മാത്രമേ ഞാനും ഉപയോഗിക്കുന്നുള്ളൂ. നമ്മുടെ പൂർവ്വികർ ആശയാവിഷ്ക്കരണത്തിന് തടസ്സമുണ്ടാക്കിയിരുന്നെങ്കിൽ നമുക്കെന്നും അഭിമാനിക്കാൻ വകനൽകുന്ന ജനാധിപത്യമോ അഹിംസാസിദ്ധാന്തങ്ങളോ ഇന്ത്യയിൽ വേരൂന്നുകയില്ലായിരുന്നു.

ആശയങ്ങൾ വിലക്കുകൾ കൂടാതെ അവതരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം എഴുത്തുകാരന് ഉണ്ട്. ആശയങ്ങൾ തമ്മിൽ സംഘട്ടനം നടക്കട്ടെ. ഒടുവിൽ, സത്യം സ്വീകരിക്കാനും അസത്യം തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യം വായനക്കാരനും ഉണ്ടല്ലോ.

കുടുംബംപോലെ, വ്യവസായംപോലെ, കർഷകവൃത്തിപോലെ, സംസ്ക്കാരംപോലെ മതവും ജീവിതത്തിന്റെ ഭാഗമായതുകൊണ്ട് ജീവിതത്തെ അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങളുടെ മതദർശനവും നോവ

ലുകളിൽ പതിയാറുണ്ട്. പാത്രങ്ങളുടെ രാഷ്ട്രീയവും സാമൂഹികവും മത പരവുമായ ഇഷ്ടാനിഷ്ടങ്ങൾ ഒളിഞ്ഞും തെളിഞ്ഞും കഥകളിൽ കാണാറുണ്ട്. കഥകളുടെ അന്തർധാരയിൽ മതദർശനം ഉണ്ടെന്നുള്ളതുകൊണ്ട് സാഹിത്യത്തിന്റെ മുഖ്യധാരയിൽ നിന്ന് അത്തരം കൃതികളെ മാറ്റിനിർത്തേണ്ടതില്ല എന്ന മൂല്യവാദികളുടെ വിശ്വാസത്തെ സർവ്വാത്മനാ അംഗീകരിച്ചുകൊണ്ടാണ് ഞാൻ സാഹിത്യരചന നടത്തുന്നത്.

'തീവണ്ടി'യിലെ പ്രധാന കഥാപാത്രം ഒരു ഉപദേശിയാണ് —ഉപദേശിക്കുന്നവൻ, പ്രസംഗിക്കുന്നവൻ. ഈ നോവലിന്റെ ഇതിവൃത്തത്തിലെ പ്രധാന സംഘർഷത്തെ നയിക്കുന്നതും നിയന്ത്രിക്കുന്നതും വിശ്വാസാചാരങ്ങളിലുള്ള രുചിഭേദങ്ങളാണ്. ഏതൊരു നോവലിനും ജീവൻ നൽകുന്ന ഘടകങ്ങളിൽ ഒന്നാണ് സംഘർഷം (conflict). പാരമ്പര്യക്രൈസ്തവരിൽ നിന്നുള്ള പെന്തെക്കോസ്തരുടെ അകൽച്ചയുടെ ചുരുളഴിയുമ്പോൾ രണ്ടു കൂട്ടരുടെയും വിശ്വാസപ്രമാണങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ ചുരുളുകളും അഴിഞ്ഞേ പറ്റൂ.  അല്ലാത്തപക്ഷം, പ്രധാനകഥാപാത്രമായ തെങ്ങുവിള മത്തായിച്ചന്റെ ആത്മീയപോരാട്ടങ്ങൾക്ക് താത്വികാടിസ്ഥാനം ഇല്ലാതെ പോകും.

ഒരു നോവലിലെ സംഭാഷണ വിഷയങ്ങൾക്ക് അടിസ്ഥാനം കഥാപാത്രങ്ങളുടെ സാംസ്ക്കാരികവും സാമൂഹികവും മതപരവും തൊഴിൽപരവുമായ പശ്ചാത്തലമാണ്. ഈ വിഷയത്തെപ്പറ്റി ചിന്തിച്ചപ്പോൾ പെട്ടെന്ന് ഓർമയിലെത്തിയ ചില നോവലുകളെക്കുറിച്ച് ഒരു വസ്തുത ചൂണ്ടിക്കാണിക്കട്ടെ. ഇ. എം. കോവൂരിന്റെ 'കാട്' പരിശോധിക്കുക. ഇതിലെ പ്രധാന കഥാപാത്രങ്ങൾ പ്ലാന്റേഷൻ ഉടമകളും വ്യാപാരപ്രമുഖരും ആണ്.  അവർക്ക് പറയാനുള്ളതോ?  പ്ളാന്റേഷൻ വികസനം. എസ്റ്റേറ്റ് ക്രയവിക്രയങ്ങൾ.  ലാഭനഷ്ടകണക്കുകൾ. ഇവയെല്ലാം മുതലാളിമാർ സാധാരണ പറയാറുള്ള വിഷയങ്ങൾ. മോഹനവർമ്മയുടെ 'ഓഹരി'യിലെ കഥാപാത്രങ്ങൾ മരുന്നു കമ്പനിക്കാരും ഫൈനാൻഷ്യൽ ബ്രോക്കർമാരും ആണ്.  അവർ എന്തു സംസാരിക്കുന്നു? മൂലധനത്തെപ്പറ്റി, വിലക്കയറ്റത്തെപ്പറ്റി. ഓഹരി കമ്പോളത്തിലെ കണക്കുകളും കളികളും കൊണ്ട് മെനഞ്ഞെടുത്ത സംഭാഷണങ്ങൾ. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'മരുന്ന്' എന്ന നോവലിൽ നിറഞ്ഞു നില്ക്കുന്നത് ഡോക്ടർമാരും ആതുരാലയങ്ങളും ആണ്. വൈദ്യശാസ്ത്രത്തോടു ബന്ധപ്പെട്ട വിഷയങ്ങളാണ് അവർ സംസാരിക്കുന്നത്. 'മരുന്നി'ന്റെ മുപ്പത്തിയഞ്ചാം അദ്ധ്യായം ഒട്ടുമുക്കാലും ദയാവധത്തെപ്പറ്റിയുള്ള നീണ്ട ചർച്ചയാണ്—നോവലിന്റെ പശ്ചാത്തലവുമായി യോജിച്ചു പോകുന്ന ചർച്ച. തകഴിയുടെ 'ചെമ്മീനി'ൽ മുക്കുവരുടെ വിശ്വാസങ്ങളും അവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും ഉരുത്തിരിഞ്ഞുവരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരം പശ്ചാത്തലമാക്കിയിട്ടുള്ള ആഖ്യായികകളിൽ വിവിധ രാഷ്ട്രീയദർശനങ്ങൾ തമ്മിലുള്ള സംവാദങ്ങളും വാഗ്വാദങ്ങളും വേണ്ടുവോളം കേൾക്കാം. ഒരുദാഹരണം കൂടി—സി. രാധാകൃഷ്ണന്റെ 'പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും.' അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ ശാസ്ത്രജ്ഞന്മാരും ഗവേഷണവിദ്യാർത്ഥികളും. പ്രപഞ്ചരഹസ്യങ്ങളെപ്പറ്റിയും ശാസ്ത്രസാമഗ്രികളെപ്പറ്റിയും അവർ വാതോരാതെ സംസാരിക്കുന്നു; നോവലിന്റെ ആഖ്യാനത്തിലും ഈ വിഷയങ്ങൾ നിറഞ്ഞു നില്ക്കുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, വൈദ്യൻ ഔഷധത്തെ പ്രകീർത്തി

ച്ചാൽ, മന്ത്രി രാഷ്ട്രീയം പറഞ്ഞാൽ, മുതലാളി ലാഭനഷ്ടകണക്കുകൾ വിസ്തരിച്ചാൽ അതിന് ക്ഷമ യാചിക്കേണ്ടതില്ലല്ലോ.

ഈ ന്യായത്തിന്റെ അടിസ്ഥാനത്തിൽ 'തീവണ്ടി'യിലെ ചില കഥാപാത്രങ്ങൾ മതത്തെപ്പറ്റി, സഭയെപ്പറ്റി, വിശ്വാസപ്രമാണങ്ങളെപ്പറ്റി സംസാരിക്കുന്നതിൽ എന്താണ് തെറ്റ്! ഒരു ഉപദേശിയെ 'ഉപദേശം' പറയാനും ഉപദേശിപ്പണി ചെയ്യാനും ഞാൻ അനുവദിച്ചിരിക്കയാണ്. ഇക്കാര്യത്തിൽ നോവൽ സാഹിത്യത്തിലെ കീഴ്‌വഴക്കങ്ങളൊന്നും ഞാൻ ലംഘിച്ചിട്ടില്ല.

പെന്തക്കോസ്തു പ്രസ്ഥാനവും പാരമ്പര്യസഭകളും തമ്മിലുള്ള ആശയപരമായ സംഘർഷത്തിന്റെ അപസ്വരങ്ങൾ ഈ നോവലിലുടനീളം കേൾക്കാം. ഇത് എക്യൂമെനിസത്തിന്റെ യുഗമാണ്. സഭകളുടെ ഐക്യത്തെപ്പറ്റി എവിടെയും ചർച്ചകളാണ്. ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേക സഭാവിഭാഗത്തിന്റെ വിശ്വാസാചാരങ്ങൾ ഒരു നോവലിൽ അവതരിപ്പിക്കുന്നതിന്റെ പ്രസക്തി എന്ത്—എനിക്കു ലഭിച്ചിട്ടുള്ള വിമർശനക്കത്തുകളിൽ പലരും പ്രത്യക്ഷമായി ഉന്നയിച്ചിട്ടുള്ള ചോദ്യമാണിത്. എന്റെ മറുപടി! ഒരു സാഹിത്യകാരൻ സത്യം പറയാൻ കടപ്പെട്ടവനാണ്. ഈ നോവലിൽ ചിത്രീകരിക്കുന്ന കാലഘട്ടത്തിൽ പെന്തക്കോസ്തുകാരും പാരമ്പര്യസഭകളും തമ്മിൽ കടുത്ത സംഘർഷമുണ്ടായിരുന്നു. ഈ വസ്തുത യഥാതഥമായി ചിത്രീകരിക്കാതെ വയ്യാ. ഈ അടുത്തകാലത്ത് ചില രംഗങ്ങളിൽ പാരമ്പര്യസഭകളും പെന്തക്കോസ്തുസഭകളും അന്യോന്യം സഹകരിച്ചുതുടങ്ങിയിട്ടുണ്ട് എന്ന വസ്തുത അവഗണിക്കുന്നില്ല.

ഒരു സാഹിത്യകാരൻ താൻ രചിച്ച കൃതിയെപ്പറ്റി ന്യായീകരണം നൽകി സ്വയം രക്ഷിക്കേണ്ട ആവശ്യമില്ലെന്ന് ചിലർ വാദിച്ചേക്കാം. ശരിതന്നെ. എന്നാൽ ആ കൃത്യത്തിനു മുതിർന്ന കവികളും ആഖ്യായികാകാരന്മാരും ഉണ്ട്. ആംഗലേയ കവി വില്യം വേർഡ്സ്‌വർത്ത് നല്ലൊരുദാഹരണമാണ്. വേർഡ്സ്‌വർത്തിന് സ്വന്തം കൃതിക്കുവേണ്ടി ന്യായവാദങ്ങൾ നടത്തേണ്ടിവന്നു— 1798-ൽ പ്രസിദ്ധീകരിച്ച 'ലിറിക്കൽ ബാലഡ്സി'നുവേണ്ടി. പുതിയ പ്രമേയങ്ങളും നവീന ശൈലീരൂപങ്ങളും സ്വീകരിച്ചു രചിച്ച കുറെ കവിതകളായിരുന്നു 'ലിറിക്കൽ ബാലഡ്സി'ൽ സമാഹരിച്ചത്. (കോളറിഡ്ജിന്റെ ഏതാനും കവിതകളും ഈ കൃതിയിൽ ചേർത്തിരുന്നു).1800-ൽ അതിന്റെ രണ്ടാം പതിപ്പ് അച്ചടിച്ചപ്പോൾ നീണ്ട ഒരു മുഖക്കുറിപ്പുകൂടി അദ്ദേഹം എഴുതിച്ചേർത്തു. അന്നത്തെ ചില സാഹിത്യനിരൂപകരുടെ മുൻവിധികൾ അദ്ദേഹത്തിന്റെ രചനകളെപ്പറ്റി തെറ്റിധാരണ ഉളവാക്കും എന്ന ആശങ്കയാണ് ആ കവിസമ്രാട്ടിനെ സ്വന്തം കൃതിയെപ്പറ്റി ഒരു ന്യായസമർത്ഥനം നടത്താൻ പ്രേരിപ്പിച്ചത്. അദ്ദേഹത്തിന്റെ മുഖക്കുറിപ്പ് സാഹിത്യമണ്ഡലത്തിൽ ശ്രദ്ധേയമായി. ഇന്നും 'ലിറിക്കൽ ബാലഡ്സ്' അച്ചടിക്കുമ്പോൾ 1800-ൽ അദ്ദേഹം എഴുതിച്ചേർത്ത മുഖക്കുറിപ്പ് പ്രസാധകന്മാർ ഒഴിവാക്കാറില്ല.

ഭാഷയുടെ കാര്യത്തിലും ശില്പചാതുരിയുടെ കാര്യത്തിലും ഉന്നത നിലവാരം പുലർത്തുന്ന ചില മലയാള നോവലുകളിൽപോലും വ്യക്തിത്വമില്ലാത്ത കഥാപാത്രങ്ങളെ കണ്ടുമുട്ടാറുണ്ട്. വിശ്വാസാചാരങ്ങളിൽ വ്യത്യസ്തപശ്ചാത്തലങ്ങൾ ഉള്ള കഥാപാത്രങ്ങൾ അത്തരം വ്യത്യസ്തതകളെ മറച്ചുവച്ചുകൊണ്ടു സംസാരിക്കുന്നു; മുഖംമൂടിയിട്ടു പെരുമാറുന്നു. ഒരു സർവ്വമതമൈത്രി സമ്മേളനത്തിലെ സംവാദം പോലെ തോന്നും കഥാപാ

ത്രങ്ങളുടെ സംഭാഷണം കേട്ടാൽ. ഹിന്ദുമതാനുയായികൾ ക്രൈസ്തവനെപ്പോലെ സംസാരിക്കുന്നു. ഇസ്ലാം മതാനുയായികൾ കത്തോലിക്കനെപ്പോലെ സംസാരിക്കുന്നു. കത്തോലിക്കൻ ബുദ്ധമതക്കാരനെപ്പോലെ. ഓർത്തഡോക്സുകാരൻ മാർത്തോമക്കാരനെപ്പോലെ. ചുരുക്കിപ്പറഞ്ഞാൽ ആഖ്യാനങ്ങളും സംഭാഷണങ്ങളും യാഥാർത്ഥ്യബോധത്തോടുകൂടിയവ അല്ല. ഇത്തരം എക്യൂമെനിക്കൽ കഥാപാത്രങ്ങളുടെ എണ്ണം പെരുകിവരുന്നു. മതേതര രാഷ്ട്രമായ ഇന്ത്യയിൽ ആരുടെയും മതവികാരങ്ങളെ വ്രണപ്പെടുത്തരുതെന്ന ചിന്ത ആയിരിക്കാം ഇത്തരം കഥാപാത്ര സൃഷ്ടിക്കു പിന്നിൽ. അല്ലെങ്കിൽ, അവാർഡുകമ്മറ്റിയിലെ അംഗങ്ങളെ പ്രീണിപ്പിക്കാൻ.

ഈ വിധത്തിലുള്ള സാഹിത്യമര്യാദ നോവൽസാഹിത്യത്തെ ദോഷമായി ബാധിക്കും, തീർച്ച. നോവൽ രചയിതാക്കൾ മനുഷ്യർ തമ്മിലുള്ള വൈരുദ്ധ്യങ്ങളെയും രുചിഭേദങ്ങളെയും പൊരുത്തക്കേടുകളെയും മറച്ചുവച്ചു സംസാരിക്കാൻ കഥാപാത്രങ്ങളെ അനുവദിച്ചാൽ പാത്രസൃഷ്ടിയുടെ കാര്യത്തിൽ പരാജയപ്പെട്ടുകഴിഞ്ഞു. തനതായ വ്യക്തിത്വമില്ലാത്ത, റോമിൽ ചെന്നാൽ റോമാക്കാരനെപ്പോലെ പെരുമാറുന്ന, നട്ടെല്ലില്ലാത്ത കുറെ കഥാപാത്രങ്ങളായിരിക്കും സൃഷ്ടിക്കപ്പെടുന്നത്.

അനുഭവചക്രവാളം വികസിപ്പിച്ചെടുക്കാൻ ആഗ്രഹിക്കുന്ന വായനക്കാരൻ എപ്പോഴും വ്യത്യസ്തതകളെ സ്വാഗതം ചെയ്യും. 'അയാൾ എന്നെപ്പോലെ ആയതുകൊണ്ട് ഞാൻ അയാളെ സ്നേഹിക്കുന്നു' എന്നു പറയുന്നതല്ല യഥാർത്ഥ സാഹോദര്യവും സൗഹൃദവും. 'അയാൾ എന്നിൽ നിന്നു വ്യത്യസ്തനാണ്. വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ ഞങ്ങൾക്കുള്ള രുചിഭേദം അയാളെ സ്നേഹിക്കുന്നതിനു തടസ്സമല്ല' എന്നു പറയാൻ കഴിയുന്നതുവരെ മനുഷ്യൻ വളരേണ്ടിയിരിക്കുന്നു. സമൂഹത്തിലെ മറ്റു മനുഷ്യർക്ക് നമ്മിൽ നിന്നുള്ള വ്യത്യാസം ഗ്രഹിച്ചു കഴിയുമ്പോഴാണ് അവരെ മനസ്സിലാക്കി അവരുമായി സമ്പർക്കം പുലർത്താൻ നമുക്കു കഴിയുന്നത്. അത്തരം ബന്ധങ്ങൾക്കു മാത്രമേ ദൃഢതയുണ്ടാവൂ.

ഒരുപക്ഷേ മുമ്പു കണ്ടിട്ടില്ലാത്ത ഒരുകൂട്ടം ആളുകളെയാവും തീവണ്ടിയിൽ നിങ്ങൾ പരിചയപ്പെടുക. മുമ്പു കണ്ടിട്ടില്ലാത്ത രീതിയിൽ ചില കഥാപാത്രങ്ങൾ പ്രവർത്തിച്ചെന്നിരിക്കും. മുമ്പുകേട്ടിട്ടില്ലാത്ത വിധത്തിൽ അവർ സംസാരിച്ചെന്നു വരും. ചിലരെ നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ലെന്നു വരും. ചിലരുടെ ശബ്ദം അരോചകമായെന്നു വരാം. കുഴപ്പമില്ല. നിങ്ങൾ സ്വതന്ത്രൻ. ഞാനും സ്വതന്ത്രൻ. കഥാപാത്രങ്ങളെ അവരുടെ വിശ്വാസ-ബോധ്യങ്ങൾക്കനുസൃതമായി ജീവിക്കാനും സംസാരിക്കാനും ഞാൻ അനുവദിച്ചിരിക്കയാണ്. സംഘർഷങ്ങളുടെ തീച്ചൂളയിൽ കുരുത്ത പെന്തക്കോസ്തു പ്രസ്ഥാനത്തെ ചുറ്റിപ്പറ്റി എഴുതിയിരിക്കുന്ന 'തീവണ്ടി'യിൽ ഏറ്റുമുട്ടലുകളുടെ ശബ്ദംകേട്ടാൽ അതിശയിക്കാനൊന്നുമില്ല.

വിയോജനക്കുറിപ്പുകൾ എഴുതിയവർക്കും നന്ദി.

എന്നാൽ, ആധുനിക പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ ഒന്നാം തലമുറക്കാരെ യഥാതഥമായി ചിത്രീകരിച്ചതിന്റെ പേരിൽ മാപ്പു ചോദിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല.

**ജൂലൈ 13, 2006** **ഏഴംകുളം സാംകുട്ടി**

# അവതാരിക

അഭിനവം എന്നർത്ഥമുള്ള പദമാണ് 'നോവൽ'. ഈ പേരിൽ ആവിർഭവിച്ച സാഹിത്യരൂപം ഇംഗ്ലീഷിൽനിന്നുമാണ് മലയാളത്തിലേക്കു കടന്നത്. ജോൺ ബനിയന്റെ 'പിൽഗ്രിംസ് പ്രോഗ്രസ്' എന്ന നോവലിന്റെ വിവർത്തനമായ 'പരദേശി മോക്ഷയാത്ര'യും അപ്പു നെടുങ്ങാടിയുടെ 'കുന്ദലത'യും മലയാള നോവൽപ്രസ്ഥാനത്തിന്റെ മുന്നോടിയായി ഭവിച്ചു എന്നു പറയാം. 1887-ൽ പുറത്തിറങ്ങിയ 'കുന്ദലത'യ്ക്ക് ചില ഇംഗ്ലീഷ് നോവലുകളോടുള്ള സാജാത്യം എം. പി. പോൾ എടുത്തു കാണിക്കുന്നു. അതുകൊണ്ട് 1889-ൽ പുറത്തിറങ്ങിയ ഓ. ചന്തുമേനോന്റെ 'ഇന്ദുലേഖ'യാണ് മലയാളത്തിലെ ലക്ഷണയുക്തമായ ഒന്നാമത്തെ നോവൽ എന്ന പേര് കരസ്ഥമാക്കിയത്. കേരളത്തിലെ നമ്പൂതിരി—നായർ തറവാടുകളുടെ പശ്ചാത്തലവും അവിടെ ജീവിക്കുന്ന ഇന്ദുലേഖ, സൂരിനമ്പൂതിരിപ്പാട് തുടങ്ങിയ ചില മനുഷ്യരും ഈ കൃതിയെ വ്യക്തിത്വമുള്ളതാക്കിത്തീർത്തു. അങ്ങനെ 'പുതിയത്' എന്ന പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് ഓ. ചന്തുമേനോൻ മലയാള നോവൽ പ്രസ്ഥാനത്തിന് ഒരു ആരംഭമിട്ടു.

തുടർന്ന് ചന്തുമേനോനെ അനുകരിച്ച് നമ്പൂതിരി—നായർ തറവാടുകൾ പശ്ചാത്തലമാക്കിക്കൊണ്ട് അനേക നോവലുകൾ ജന്മമെടുത്തു. നോവലിനു വേണ്ടതായ പുതുമയും വ്യക്തിത്വവും അനുകരണങ്ങൾക്കുണ്ടാകണമെന്നില്ലല്ലോ. രചനാവൈഭവത്തിലും കെട്ടിലും മട്ടിലും മറ്റും തനതു വ്യക്തിത്വം പുലർത്തുന്ന ചില ആധുനിക മലയാള നോവലിസ്റ്റുകൾപോലും ഓ. ചന്തുമേനോൻ ചിത്രീകരിച്ചിട്ടുള്ള പശ്ചാത്തലത്തിൽ കിടന്നു കറങ്ങുന്നതു കാണാം.

ചരിത്രാഖ്യായികകളിൽ ശ്രദ്ധതിരിച്ച സി.വി. രാമൻപിള്ള കേരളത്തിന്റെ ഭൂതകാലത്തിലേക്കിറങ്ങിച്ചെന്നതിനാൽ നോവൽരചനയിൽ മറ്റൊരു പശ്ചാത്തലമൊരുക്കിയെന്നു പറയാം. വൈക്കം മുഹമ്മദുബഷീർ കേരളത്തിലെ മുസ്ലീം സമുദായത്തിന്റെ ഹൃദയത്തുടിപ്പുകൾ വരച്ചുകാട്ടി. അവിടെയും അനുകരണങ്ങൾ അനവധി ഉണ്ടായി. എന്നാൽ 'ബാല്യകാലസഖി', 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്', 'ആനവാരിയും പൊൻകുരിശും' എന്നീ ലഘുകൃതികളിലൂടെ ബഷീർ അനശ്വരമായ ഒരു വ്യക്തിത്വം നോവൽസാഹിത്യരംഗത്തു പ്രദർശിപ്പിച്ചു. വേറൊരുവിധത്തിൽ പറഞ്ഞാൽ, അദ്ദേഹവും നോവൽ എന്ന പദത്തെ അന്വർത്ഥമാക്കി. തകഴി, ഉറൂബ്, പാറപ്പുറത്ത് തുടങ്ങിയവരുടെ നോവലുകൾക്ക് വ്യക്തിത്വമേകുന്നതും അവയിലെ സാമുദായികാന്തരീക്ഷമാണല്ലോ. കേരളത്തിലെ പാരമ്പര്യക്രിസ്തീയ സമുദായങ്ങളുടെ പശ്ചാത്തലത്തിലും അനേകം നോവലുകൾ ആവിഷ്കരിക്കപ്പെട്ടു.

എന്നാൽ മലയാള നോവൽപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ആരും കൈകാര്യം ചെയ്തിട്ടില്ലാത്തതും ചിത്രീകരിച്ചിട്ടില്ലാത്തതുമായ വിഷയങ്ങളും പശ്ചാത്തലവുമാണ് ഡോ. ഏഴംകുളം സാംകുട്ടി 'പാളം തെറ്റിയ തീവണ്ടി'യിലൂടെ അവതരിപ്പിക്കുന്നത്. അഭിനവം എന്നർത്ഥമുള്ള 'നോവലിനെ' അന്വർത്ഥമാക്കിക്കൊണ്ടുതന്നെയാണ് ഈ കൃതിയുടെ എഴുന്നള്ളത്ത്. ആരും ഒന്നു നോക്കും! കാരണം ഈ വിഷയവും ഈ പശ്ചാത്തലവും മുമ്പെങ്ങും സാഹിത്യത്തിൽ വന്നിട്ടില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കേരളത്തിലെ എല്ലാ സമൂഹങ്ങളുടെയും ഇടയിൽ കോളിളക്കം സൃഷ്ടിച്ചുകൊണ്ട് വളർന്നുവന്ന ഒരു സമൂഹത്തിന്റെ ഹൃദയസ്പർശിയായ കഥ. എന്നാൽ ഇത് ഒരു പ്രത്യേക സമുദായത്തിന്റെ മാത്രം കഥയല്ല. കേരളത്തിലുള്ള എല്ലാ സമുദായങ്ങളും ഇതിൽപ്പെടും. എല്ലാ സമുദായങ്ങളിൽനിന്നും സമൂഹങ്ങളിൽനിന്നും ഇവർ മുളച്ചുവന്നു. ചുരുക്കം ചിലരായി ഇവർ ഓരോ സ്ഥലങ്ങളിലേക്കുപോയി. അമ്മമാരുടെ പ്രസവവേദന കൂടാതെ ഇവർ പെരുകി. ചെല്ലുന്നിടത്തെല്ലാം ഇവർ വിഷയമായിരുന്നു. 'കെട്ടുതാലിപൊട്ടിക്കുന്നവർ', 'കവുങ്ങും വെറ്റിലക്കൊടിയും വെട്ടുന്നവർ', 'ജനത്തെ പിടിച്ചു കലക്കവെള്ളത്തിൽ മുക്കുന്നവർ', 'മരുന്നുപയോഗിക്കാത്തവർ', 'തമ്പേറടിച്ചു പൊട്ടിക്കുന്നവർ'—എന്നു തുടങ്ങി ഇവരെക്കുറിച്ചുള്ള പരാതികൾ വളരെയാണ്. ഇവരുടെ പാട്ടുകളുടെ ശബ്ദം, പ്രസംഗങ്ങളുടെ മുഴക്കം നാടെങ്ങും അലതല്ലുന്നു. ജനത്തിന് ഇരിപ്പുറപ്പിക്കാൻ കഴിയാത്ത വിധമുള്ള സംഭവബഹുലമായ അനുഭവങ്ങൾ! കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലുടനീളം ചുരുങ്ങിയ കാലം കൊണ്ട് കാട്ടുതീപോലെ ഇവർ പടർന്നുകത്തി. ഈ ജനവിഭാഗത്തിന്റെ—പെന്തെക്കോസ്തരുടെ—പശ്ചാത്തലത്തിൽ മലയാളത്തിൽ ഒരു നോവൽ പിറന്നുവീഴാൻ ഇത്ര താമസിച്ചതിലേ അത്ഭുതപ്പെടാനുള്ളു.

ഒരിക്കൽ 'നല്ല നോവലും മഹത്തായ നോവലും' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധമവതരിപ്പിച്ച പി.കെ. ബാലകൃഷ്ണൻ ഇപ്രകാരം എഴുതി: 'മലയാളത്തിൽ നല്ല നോവലുകൾ വിരലിലെണ്ണുവാൻ മാത്രം. മഹത്തായ നോവലുകൾ ഇല്ല.' അല്പം അതിശയോക്തിപരമായ ഒരു പ്രസ്താവനയാണിതെങ്കിലും വലിയൊരു വാസ്തവം ഇതിന്റെ പിന്നിലുണ്ട്. മലയാളത്തിൽ കുന്നുകൂടിക്കൊണ്ടിരിക്കുന്ന നോവലുകളിൽ ഏതാണ്ട് എഴുപത്തഞ്ചു ശതമാനവും കൗമാരപ്രായം കഴിഞ്ഞുവരുന്ന ചെറുപ്പക്കാരുടെ കണ്ണിൽ പൊടിവിതറി അമ്പരപ്പിക്കുന്ന ത്രികോണപ്രേമങ്ങളുടെ 'നീണ്ടകഥ'കളാണെന്നു പറയാം. നായകൻ, നായിക, പ്രതിനായകൻ, ആത്മഹത്യ തുടങ്ങിയ ചില പദങ്ങൾ രൂപരേഖകളായി പറഞ്ഞുവിട്ടാൽ മതി, പ്രതിപാദ്യമെന്തെന്ന് വായനക്കാരനറിയാം. വിവിധ പേരുകൾ എഴുതി ഒട്ടിച്ച വിവിധ കഥാപാത്രങ്ങളിൽ ഒരേതരത്തിലുള്ള വിഭവങ്ങൾ! വർഷംതോറും പണത്തിനുവേണ്ടി പുതിയ പുതിയ ടൈറ്റിലുകൾ! പക്വതയുള്ള വായനക്കാരുടെയിടയിൽ ഇന്ന് നോവൽ ഒരു മരവിപ്പു സൃഷ്ടിച്ചുവെങ്കിൽ അത്ഭുതപ്പെടേണ്ട.

എന്നാൽ പ്രതിഭാസമ്പന്നരായ എഴുത്തുകാരുടെ കൃതികൾ എന്നും ഭിന്നങ്ങളും അഭിനവങ്ങളുമായിരിക്കും. അനുഭവങ്ങളും അനുഭൂതികളും ഒന്നുചേർന്ന് ഹൃദയത്തിനുള്ളിൽ വന്നു നിറഞ്ഞ് അവിടെ സ്ഥലമില്ലാതാകുന്നതിനാൽ ഒരു ഉരുൾപൊട്ടൽകണക്കെ പൊട്ടിപ്പുറപ്പെടുകയാണ്. അലൗകി

കപ്രതിഭയുടെ ഉത്തേജനത്തിന്റെ ഫലമായി ഉളവാകുന്ന അത്തരം അനുഭൂതികൾ അളവിലും നിലയിലും രീതിയിലും ഭിന്നങ്ങളായിരിക്കും. 'പ്രതിഭ' എന്ന പദത്തിന് 'അപൂർവ്വവസ്തുനിർമ്മാണക്ഷമമായ പ്രജ്ഞ' എന്നു പ്രാചീനസംസ്കൃതാലങ്കാരികന്മാർ നിർവ്വചനം കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം 'പാളം തെറ്റിയ തീവണ്ടി'യെ വിലയിരുത്തുവാൻ. കണ്ടു പഴകിയ പ്രേമവും ത്രികോണപ്രേമവും ഇതിൽ കണ്ടെന്നു വരികയില്ല. എന്നാൽ, സ്ത്രീപുരുഷപ്രേമത്തെ വെല്ലുന്ന അലൗകിക പ്രേമം ഈ നോവലിന്റെ ഇതിവൃത്തത്തെ അനുനിമിഷം നിയന്ത്രിക്കുന്നതു കാണാം. കള്ളിനും കഞ്ചാവിനും അടിമപ്പെട്ട്, ഈറ്റപ്പുലിയെപ്പോലെ ചാടിവീണു പരാക്രമണം നടത്തുന്ന സ്വഭാവങ്ങൾ കുഞ്ഞാടിനെപ്പോലെ ആയിത്തീരുന്നത്, പാപോന്മുഖമായി കൂലംകുത്തിപ്പാഞ്ഞ് നാശോന്മുഖമായി നിലംപതിക്കുന്ന ചില മനുഷ്യജീവിതങ്ങൾ മാനവസ്നേഹത്തിന്റെ ആത്മാഹുതിയാൽ നിത്യജീവങ്കലേക്കു തിരിഞ്ഞൊഴുകുന്നത് —എന്നിങ്ങനെയുള്ള പലതിന്റെയും തന്മയത്വപൂർണ്ണമായ ചിത്രീകരണം ഈ നോവലിൽ കാണാൻ കഴിയും.

1924 മുതൽ 1960 വരെയുള്ള കാലഘട്ടം ഡോ. സാംകുട്ടി ഈ നോവലിൽ വിഷയമാക്കിയിരിക്കുന്നു. 1929-ൽ കുക്കുസായിപ്പ് കേരളത്തിൽ വന്നു നടത്തിയ ഒരു ഉണർവ്വുയോഗത്തെ തല്ലിപ്പിരിക്കാൻവേണ്ടി സ്ഥലത്തെ ഒരു മാടക്കടയിൽ ഇരുന്ന് പ്രോഗ്രാം തയ്യാറാക്കി, സമയത്തിനുമുമ്പേ കടയുമടപ്പിച്ച് മാരകായുധങ്ങളുമേന്തി യോഗസ്ഥലത്തെത്തുന്ന തെങ്ങുവിള മത്തായിച്ചനാണ് ഈ നോവലിലെ പ്രധാന കഥാപാത്രം. ഈ കഥാപാത്രത്തെ ചുറ്റിപ്പറ്റിയാണ് കഥ വളരുന്നതും അവസാനിക്കുന്നതും. തന്റെ യൗവ്വനകാലത്തെ വിതയുടെ കൊയ്ത്ത് എന്നോണം മത്തായിച്ചന് പില്ക്കാലത്തു ജനിച്ച ജോണി എന്ന പുത്രനും കഥയുടെ ഗതിയെ നിയന്ത്രിക്കുന്നുണ്ട്.

1924 മുതൽ 1960 വരെയുള്ള സാമൂഹ്യമണ്ഡലവും ആത്മീയമണ്ഡലവും നോവലിസ്റ്റ് വളരെ സൂക്ഷ്മമായി, യഥാർത്ഥമായി ചിത്രീകരിച്ചിരിക്കുന്നത് നോവലിന്റെ സ്വാഭാവികതയെ വളരെ വർദ്ധിപ്പിച്ചിരിക്കുന്നു. 1924-ലെ വെള്ളപ്പൊക്കം, രാജഭരണം, ദിവാന്മാരുടെ തിരുവിതാംകൂർ ഭരണം, ഉപ്പുസത്യഗ്രഹം, ക്ഷേത്രപ്രവേശനവിളംബരം, ഗാന്ധിജിയുടെ ഹരിജനോദ്ധാരണയത്നങ്ങൾ, വിവിധ മന്ത്രിസഭകൾ, സ്വാതന്ത്ര്യസമരം, ഗാന്ധിജിയുടെ വധം, തിരുക്കൊച്ചി സംസ്ഥാനരൂപീകരണം, ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, വിമോചനസമരം എന്നിങ്ങനെ 1960-ലെ പട്ടംതാണുപിള്ളയുടെ മന്ത്രിസഭവരെ ഈ നോവലിൽ പരാമർശമാകുന്നുണ്ട്. അതുപോലെ ആത്മീയ മണ്ഡലത്തിൽ ചുക്കാൻ പിടിക്കുവാൻ ദൈവം കരങ്ങളിലെടുത്ത ദൈവദാസന്മാരും നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ചരിത്രപശ്ചാത്തലം 'പാളം തെറ്റിയ തീവണ്ടി'യെ ജീവിതത്തിൽ നിന്ന് വലിച്ചുകീറി എടുത്ത ഒരു ഏടാക്കിത്തീർത്തിരിക്കുന്നു.

വ്യർത്ഥവും നിരർത്ഥകവുമായ ചില അത്യാധുനിക നോവലുകളുടെ മാന്ത്രികശക്തിയിലടിമപ്പെട്ട്, 'ജീവിതത്തിന് ശാശ്വതമായ ഒരു മൂല്യവുമില്ല, ഇന്ദ്രിയങ്ങൾക്ക് തൃപ്തിവരുത്തിക്കൊണ്ട് ജീവിച്ചു മരിക്കുക' എന്ന തത്വശാസ്ത്രത്തിൽ വഴിതെറ്റി നില്ക്കുന്ന ഒരു സമൂഹത്തിനു മുമ്പിൽ ശാശ്വതമൂല്യങ്ങളിലധിഷ്ഠിതമായ ഉന്നതമായ ഒരു ജീവിതവീക്ഷണമാണ് നോവ

ലിസ്റ്റ് അവതരിപ്പിക്കുന്നത്. ഇന്ന് മലയാളത്തിൽ, പേരുപറയാൻ അറയ്ക്കേണ്ട ചില നോവലിസ്റ്റുകളുടെ (കു)പ്രസിദ്ധമായ (വി)കൃതികൾ നമ്മുടെ യുവ ലോകത്തു വരുത്തിക്കൂട്ടിയ വിനകളെന്തെന്ന് അറിവുള്ളവർ മാത്രമേ ഉന്നത ജീവിതവീക്ഷണത്തിന്റെ ഫലമായി പുറത്തുവരുന്ന സാഹിത്യകൃതികളെ വിലമതിക്കുകയുള്ളൂ. ശാശ്വതമൂല്യങ്ങളിലധിഷ്ഠിതമായ കൃതികളാണ് കാല ഘട്ടത്തെത്താണ്ടി ജീവിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വേണം ഡോ. സാംകുട്ടിയുടെ ഈ നോവലിൽ തെളിഞ്ഞുകാണുന്ന ജീവിതവീക്ഷണത്തെ വിലയിരുത്തുവാൻ.

ആ ജീവിതവീക്ഷണമെന്താണെന്നും, പാത്രചിത്രീകരണത്തിലൂടെയും കഥാകഥനത്തിലൂടെയും അത് എപ്രകാരം ഉരുത്തിരിഞ്ഞു വരുന്നുവെന്നും മറ്റുമുള്ള കാര്യങ്ങൾ ഞാൻ വായനക്കാരന്റെ ആസ്വാദനത്തിനു വിടുകയാണ്. എന്നാൽ, ദിങ്മാത്രമായി ഒന്നു രണ്ടു കാര്യങ്ങൾ എടുത്തു കാണിക്കേണ്ടതുണ്ട്. അദ്ദേഹത്തിനു സ്വന്തമല്ലാത്തതോ മറ്റെങ്ങോ കേട്ടതോ വായിച്ചതോ ആയ ജീവിതവീക്ഷണമല്ല, പ്രത്യുത എഴുത്തുകാരന്റെ അന്തസത്തയുടെ ഒരു പ്രതിഫലനം തന്നെ 'പാളം തെറ്റിയ തീവണ്ടി'യിൽ അങ്ങോളമിങ്ങോളം നിറഞ്ഞുനില്ക്കുന്നതു കാണാം. കഥാകഥനത്തിന്റെ കാര്യത്തിൽ നോവലിസ്റ്റു കാണിച്ചിട്ടുള്ള കലാവിരുത് പ്രശംസനീയമാണ്. മുഷിപ്പില്ലാതെ വായിച്ചുപോകാം. നാടൻ ശൈലിയിലുള്ള ചടുലമായ സംഭാഷണങ്ങളിലൂടെയും നാടകീയമായി ചിത്രീകരിക്കുന്ന സംഭവങ്ങളിലൂടെയും ഒരു തീവണ്ടിപോലെ തന്നെ കഥ ഇരച്ചുപാഞ്ഞു മുന്നേറുന്നു. പാത്രങ്ങളുടെ മാനസികാപഗ്രഥനം നടത്തുന്ന നോവലിസ്റ്റ് പലപ്പോഴും ഒരു മനഃശാസ്ത്ര വിദഗ്ദ്ധന്റെ പാടവമാണു കാണിക്കുന്നത്.

പ്രമേയാവതരണത്തിലുള്ള കലാപരമായ ആവരണം, വാങ്മയചിത്രങ്ങൾ, നാടകീയ വ്യതിയാനങ്ങൾ, വൈവിധ്യമാർന്ന പശ്ചാത്തലം തുടങ്ങി ഈ നോവലിന്റെ പ്രതിപാദനരീതിയിൽ കാണുന്ന പ്രത്യേകതകളെല്ലാം ഉത്തമ സാഹിത്യലക്ഷണം തന്നെ. സാറാമ്മ, കൃഷ്ണൻനായർ, ബാവാറാവുത്തർ, ദേവസ്യാ, അച്ചാമ്മ എന്നീ കഥാപാത്രങ്ങൾ നമ്മുടെ ശ്രദ്ധയെ പിടിച്ചുപറ്റുന്നു. മിഴിവും വ്യക്തിത്വവുമുള്ള മത്തായിച്ചൻ, ജോണി എന്നീ കഥാപാത്രങ്ങളോട് ഇഴുകിച്ചേരുന്നതുനിമിത്തം നിറകണ്ണുകളോടുകൂടി മാത്രമേ വായനക്കാരന് അവരോട് വിടപറയാൻ കഴിയുകയുള്ളൂ.

ഈ കലാശില്പം സസന്തോഷം ഞാൻ സാഹിത്യലോകത്ത് അവതരിപ്പിച്ചുകൊള്ളട്ടെ.

**നവംബർ 11, 1983** **ജോസഫ് പടിഞ്ഞാറേക്കര**

# ഒന്ന്

**ഞാ**യറാഴ്ച രാവിലെ മാണിക്കപ്പ്യാർ കയറ്റം കയറി അണച്ച് പള്ളി മുറ്റത്തെത്തിയപ്പോൾ പള്ളിയും പരിസരവും ഉറങ്ങിക്കിടക്കുകയായിരുന്നു.

നീണ്ട, തുരുമ്പുപിടിച്ച താക്കോലുകൊണ്ട് മുൻവശത്തെ കതകു തുറന്ന് മണി മുഴക്കിയപ്പോൾ ഒരാഴ്ചത്തെ ആലസ്യത്തിൽനിന്നും ചെങ്ങന്നൂർ കത്തോലിക്കാപള്ളിയും പരിസരവും ഉണർന്നെഴുന്നേറ്റു.

കുർബ്ബാനയ്ക്കുവേണ്ടി ജനം തടിച്ചുകൂടി.

അച്ചൻ പ്രവേശിച്ചു.

ജനം എഴുന്നേറ്റു. ഇരുന്നു. വീണ്ടും എഴുന്നേറ്റു.

കിഴക്കോട്ടു തിരിഞ്ഞു. മുട്ടുമടക്കി.

കുരിശുവരച്ചു. തക്സാ നോക്കി പ്രാർത്ഥിച്ചു.

കീർത്തനങ്ങളാലപിച്ചു.

അച്ചടിമഷി പുരളാത്ത ആശയങ്ങളൊന്നും പറഞ്ഞില്ല, പാടിയില്ല, ചൊല്ലിയില്ല. നീട്ട്, കുറുക്ക്, അർദ്ധവിരാമം, പൂർണവിരാമം, ശബ്ദത്തിന്റെ ആരോഹാവരോഹണങ്ങൾ, വാക്കുകളുടെ ഉച്ചാരണങ്ങൾ—എല്ലാം യാന്ത്രികമായ കൃത്യതയോടെ! നോട്ടവും നീക്കവും അംഗീകൃത മാനദണ്ഡങ്ങളനുസരിച്ച്. കരചലനങ്ങൾ പ്രമാണവിധികൾക്കനുയുക്തമായി.

കന്യകാമറിയം, വിശുദ്ധമാതാവ്

നിർമ്മല കന്യക, ഭാഗ്യവതി

കൃപനിറഞ്ഞവൾ, വല്ലഭ

നന്മ നിറഞ്ഞവൾ, മാലാഖമാരുടെ രാജ്ഞി

ആകാശമോക്ഷത്തിന്റെ വാതിൽ.

യേശുക്രിസ്തുവിന്റെ മാതാവിനെപ്പറ്റി ഇത്തരം വിശേഷണങ്ങൾ അച്ചന്റെ കീർത്തനങ്ങളിൽ ഇടയ്ക്കിടെ കേൾക്കാമായിരുന്നു.

പിതാവ്

പുത്രൻ

പരിശുദ്ധാത്മാവ്....ഈ സംജ്ഞകൾ കീർത്തനങ്ങളിലും പ്രാർത്ഥനകളിലും കൂടെക്കൂടെ മുഴങ്ങിക്കൊണ്ടിരുന്നു.

അവസാനത്തെ പ്രാർത്ഥന ഉരുവിട്ടശേഷം അച്ചൻ ജനങ്ങളെ അഭിസംബോധന ചെയ്തു. മേടച്ചൂടിന്റെ അതിപ്രസരം നെറ്റിയിലൊഴുക്കിയ വിയർപ്പുതുള്ളികൾ തുടച്ചുനീക്കിക്കൊണ്ടാണ് അദ്ദേഹം ഒരു വിവാഹം പരസ്യം ചെയ്തത്.

വധൂവരന്മാരെപ്പറ്റി ചുരുങ്ങിയ വിവരങ്ങൾ നല്കി.

വരൻ—ചെങ്ങന്നൂർ, മുളക്കുഴ ഭാഗത്ത് തെങ്ങുവിളയിൽ പരേതനായ യോഹന്നാൻ മുതലാളിയുടെയും ചേച്ചമ്മയുടെയും മകൻ മത്തായി.

വധു—ചങ്ങനാശ്ശേരിയിൽ കുരിശുംമൂട്ടിൽ കുര്യാക്കോസുമാപ്പിളയുടെയും ത്രേസ്യാമ്മയുടെയും മകൾ സാറാമ്മ.

വിവാഹസമയം—മലയാളവർഷം 1099 മേടമാസം 15-ാം തീയതി....ഇം

ഗ്ളീഷ് വർഷം 1924 ഏപ്രിൽ 27, തിങ്കളാഴ്ച രാവിലെ ഒൻപതു മണി.

ചെങ്ങന്നൂർവിദ്യാലയത്തിൽ ഇംഗ്ളീഷ് ഭാഷാദ്ധ്യാപനം തുടങ്ങിയശേഷമാണ് ചെറുപ്പക്കാരുടെയിടയിൽ ക്രിസ്തുവർഷം പ്രചാരത്തിലായത്. ക്രിസ്തുവർഷത്തെ നാട്ടുകാർ ഇംഗ്ളീഷ് വർഷം എന്നാണു വിശേഷിപ്പിക്കാറുള്ളത്.

മുഖത്തല്പം വിളർച്ചബാധിച്ച തെങ്ങുവിളമത്തായിച്ചനെ പലരും ഏറുകണ്ണിട്ടുനോക്കി. ആണ്ടിലൊന്നോ രണ്ടോവട്ടം മാത്രം പള്ളിയിൽ വരുന്ന മത്തായിച്ചൻ ഇരുന്നത് ഏറ്റവും പുറകിലത്തെ നിരയിലാണ്.

ചില യുവതികളുടെ മുഖത്ത് ചോദ്യഭാവം പടർന്നു.

'കൊള്ളാം, അങ്ങേർക്കു വിവാഹമോ? കള്ളു വയറ്റിച്ചെന്നാപ്പിന്നെ അയാൾക്കു ലക്കും ലഗാനുമില്ല. കാലുതെറ്റി വഴീക്കെടക്കും!' പുറകിലിരുന്ന ഒരു സ്ത്രീ കൂട്ടുകാരിയുടെ ചെവിയിൽ മന്ത്രിച്ചു.

'നേരാ....അങ്ങേരേ കല്യാണിക്കുന്ന പെങ്കൊച്ച് ഏതോ ഭാഗ്യംകെട്ടവളാ. കുടിയൻ മത്തായ്യേടെ ഭാര്യയാകുന്നതിലുംമെച്ചം പാതാളത്തിപ്പോയി സാത്താന്റെ വെപ്പാട്ടിയാകുന്നതാ.' ഒരു പരിഹാസച്ചിരിയോടെയാണവൾ മറുപടി പറഞ്ഞത്.

പള്ളി പിരിഞ്ഞപ്പോൾ മത്തായിച്ചൻ ദാരുശില്പാലംകൃതമായ വാതിലിന്റെ സമീപം പ്രതിഷ്ഠിച്ചിരുന്ന വിഗ്രഹത്തിന്റെ മുമ്പിൽ ചെന്നുനിന്നു. ഭക്തിപുരസ്സരം ഒന്നു നോക്കി.

കൈകൂപ്പി.

എന്തോ മന്ത്രിച്ചു.

യേശുക്രിസ്തുവിന്റെ വിഗ്രഹമായിരുന്നു അത്. താടിവളർത്തി മുടി നീട്ടിയ യേശു. സായിപ്പിന്റെ നിറം.

സാറാമ്മയ്ക്കു മംഗല്യം ചാർത്താൻ കിട്ടിയ ചെറുക്കൻ മദ്യപാനിയാണെന്നുള്ള വസ്തുത വധുവിന്റെ വീട്ടുകാർക്കൊരു പ്രശ്നമായിരുന്നില്ല.

വധുവിന് നാലാങ്ങളമാരാണ്. മൂത്തയാൾ മാന്യനായ ഒരു പുരോഹിതൻ. ഇളയവൻ കൂടിയനാണ്. ഒരു കുടിയനെക്കൂടി സഹിക്കാം.

വീട്ടുകാരുടെ ഇഷ്ടമാണല്ലോ വിവാഹത്തിൽ മുഖ്യം. പെണ്ണുങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് നാട്ടിലാരും വില കല്പിച്ചിരുന്നില്ല.

അപ്പന്റെ ഇഷ്ടം.

ആങ്ങളമാരുടെ ഇഷ്ടം.

അമ്മാച്ചന്മാരുടെ ഇഷ്ടം.

പെണ്ണിനേക്കാൾ വില മണ്ണിനും പൊന്നിനും. തെങ്ങുവിള മത്തായിച്ചന് മണ്ണുണ്ട്. ഇഷ്ടംപോലെ കൃഷിഭൂമി. തെങ്ങിൻതോപ്പ്. വയൽ.

പൊന്നിനും കുറവില്ല. ചേച്ചമ്മയുടെ കാതിലെയും കഴുത്തിലെയും ആഭരണങ്ങൾ തൂക്കിവിറ്റാൽ ഒരു വലിയ തുക കിട്ടും.

വരാൻപോകുന്ന മരുമകനെപ്പറ്റി പ്രതീക്ഷകൾ നെയ്തുകൂട്ടിയ ത്രേസ്യാമ്മ ആശ്വസിച്ചു: 'അവരു പണമൊള്ളോരാ. വല്ലപ്പോഴും തൊള്ളി കള്ളുകുടിച്ചതുകൊണ്ടു മുടിഞ്ഞുപോവൂല്ല. നമ്മുടെ കോശിമോന്റെ കാര്യം നോക്ക്—പെണ്ണുകെട്ടുന്നതുവരെ ദെവസോം മൂക്കുമുട്ടെ കുടിക്കുമായിരുന്നു. ഇപ്പളവൻ വല്ലപ്പോഴുമേ കുടിക്കൂ. പെമ്പിളമാരുടെ നല്ല സ്വഭാവം കാണുമ്പം ആണുങ്ങളു നന്നായിക്കൊള്ളും.'

കുര്യാക്കോസുമാപ്പിള അംഗീകരിച്ചു: 'ചെറുക്കന് വയസ്സിരുപത്തിനാലേ

ഉള്ളൂ. ഇച്ചിരി പ്രായമാകുമ്പം കാര്യബോധം വന്നോളും.'

'പിന്നെ എല്ലാ ഗുണങ്ങളുമൊത്ത് ആർക്കും കല്യാണം നടക്കത്തില്ല. കുറ്റോം കൊറവും ആർക്കാന്നേലും കാണും.'

'നമ്മടെ മോള് മകം പിറന്ന മങ്കയാ. അവക്കു ദോഷംവരില്ല.'

വലതുകാൽ വച്ചാണ് വരൻ പള്ളിയിൽ കയറിയത്.

ചെങ്ങന്നൂരും പ്രാന്തപ്രദേശമായ മുളക്കുഴയും തിരുവിതാം കൂറിന്റെ മടിത്തട്ടിൽ, പമ്പയുടെ തീരത്ത് മനോഹരമായ ഒരു പച്ചപ്പരവതാനിപോലെ ചുരുൾ നിവർന്നു കിടക്കുകയാണ്. നാടിനെ നെടുകെ മുറിച്ചുനീങ്ങുന്ന കോട്ടയം-തിരുവനന്തപുരം റോഡ് ഒരു പെരുമ്പാമ്പിനെപ്പോലെ നീണ്ടുവളഞ്ഞു കിടക്കുന്നു. വല്ലപ്പോഴുമോടുന്ന മൂക്കുനീണ്ട ബസ്സുകളൊഴിച്ചാൽ മോട്ടോർവാഹനങ്ങൾ അധികമൊന്നും അതിലേ കടന്നുപോയിട്ടില്ല. അവയിലൊരു ബസ്സിലാണ് വധുവും ബന്ധുമിത്രാദികളും വന്നിറങ്ങിയത്.

വധുവിനെ സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ട് മാണിക്കപ്പ്യാരുടെ ഭാര്യ അയലത്തുകാരിയുടെ ചെവിയിൽ പറഞ്ഞു: 'മണവാട്ടി സുന്ദരിയാ.'

'സൗന്ദര്യം മാത്രമല്ല, വിദ്യാഭ്യാസോം ഒണ്ട്.'

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും, കൂടാതെ കന്യാമറിയത്തിനും സ്തുതിയർപ്പിച്ചുകൊണ്ടാണ് കൂദാശ ആരംഭിച്ചത്.

അതിഥികളിൽ തെക്കേപ്പറമ്പിലെ പാസ്റ്റർ കെ.ഇ. ഏബ്രഹാം മാത്രം വിശുദ്ധമാതാവിനെ വാഴ്ത്താഞ്ഞതിന്റെ കാരണമെന്തായിരിക്കാം...!

അദ്ദേഹം ചിറിപൂട്ടിനിന്നു. എന്തോ പ്രതിഷേധം ഹൃദയത്തിലുടക്കിക്കിടക്കുന്ന ഭാവത്തിൽ. എങ്കിലും ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുന്ന അയൽവാസിക്ക് ഹസ്തദാനം നൽകി അനുമോദനമർപ്പിക്കാൻ ഉണ്ണൂണ്ണി സാറെന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന അദ്ദേഹം മറന്നില്ല.

എത്ര പെട്ടെന്നാണ് ചെങ്ങന്നൂർ പ്രാഥമിക വിദ്യാലയത്തിൽ സാറാമ്മയ്ക്കു ജോലി കിട്ടിയത്! ഭാഗ്യവതി!

പക്ഷേ, വിവാഹജീവിതം?

അതൊരു ബന്ധമല്ല—ബന്ധനമാണവൾക്ക്. മദ്യാസക്തിയിൽപെട്ടുഴലുന്ന ഒരു പുരുഷനുമായുള്ള ബന്ധനം. സ്നേഹമസൃണമായ ഒരു വാക്ക് ആ പുരുഷന്റെ നാവിലില്ല—മദ്യച്ചുവയുള്ള ശകാരങ്ങൾമാത്രം. കല്യാണമണ്ഡപത്തിലുയർന്ന സുഗന്ധധൂപം ഒരോർമ്മമാത്രം—ഇപ്പോൾ ബീഡിപ്പുകയുടെ രൂക്ഷഗന്ധം.

പെണ്ണിനേയും മണ്ണിനേയും ദണ്ഡിപ്പിച്ചാൽ ഗുണം വർദ്ധിക്കുമെന്ന പഴഞ്ചൊല്ലിൽ ഉറച്ചു വിശ്വസിക്കുന്നവരാണ് തെങ്ങുവിള തറവാട്ടിലെ ഭർത്താക്കന്മാർ.

ഗാർഹികപ്രശ്നങ്ങൾ തെല്ലുനേരത്തേക്കു മറന്നുകൊണ്ടാണ് സാറാമ്മ സഹാദ്ധ്യാപികയായ തങ്കമ്മസാറിനെ അഭിവാദ്യം ചെയ്തത്: 'എനിക്കൊരു വിശേഷമുണ്ട്.' എന്നിട്ട് ലജ്ജാഭാവത്തിലൊരു മന്ദഹാസം.

'എനിക്കറിയാം എന്തോന്നാ വിശേഷമെന്ന്. സാറാമ്മയുടെ ഉദരത്തെ ദൈവം കടാക്ഷിച്ചിരിക്കുന്നു.'

'അതേ, ഞാനൊരമ്മയാകാൻ പോകുവാ.'

'മാതാവിന്റെ കൃപ ! ആണുവേണോ പെണ്ണുവേണോ?'

'ആൺകുഞ്ഞാകാൻ മാതാവു തുണയ്ക്കട്ടെ.'

'എന്താ പേരിടാനിരിക്കുന്നത്?

'കൊള്ളാം. ഇപ്പഴേയെന്തിനാ പേരു കണ്ടുപിടിക്കുന്നത്?'

'എന്നാലും—?'

'ആണാന്നേല് ജോണീന്നായിരിക്കും. അമ്മായയപ്പന്റെ പേര് യോഹന്നാൻ. ജോണീന്നു പേരീടണോന്നാ അമ്മായിഅമ്മ പറേന്നത്. യോഹന്നാൻ കുറുകിയുണ്ടായതാണല്ലോ ജോൺ. ജോണിൽ നിന്നാണല്ലോ ജോണി.'

'ശരിയാ, യോഹന്നാൻസ്നാപകന് ഇംഗ്ളീഷിൽ ജോൺ എന്നാണല്ലോ....ആട്ടെ, ജോണി ജനിക്കുമ്പം ഞാനൊരു സമ്മാനപ്പെട്ടീമായി വരുന്നുണ്ട്.'

'എന്തോ സമ്മാനമാ?'

'ഇപ്പം എന്തിനാ അറിയുന്നത്?'

'എന്നാലും—?'

'ഒട്ടകരോമം. തോൽവാറ്....വെട്ടുക്കിളി, കാട്ടു തേൻ.'

'പേരിനു ചേർന്നസമ്മാനം.' സാറാമ്മ പൊട്ടിച്ചിരിച്ചു.

ജോണി ജനിച്ചില്ല. സമ്മാനങ്ങളുമായി തങ്കമ്മസാറിന് വരേണ്ടതായി വന്നുമില്ല. ദിവസങ്ങൾക്കുള്ളിലാണ് ചെങ്ങന്നൂർപ്രദേശത്തെ വെള്ളത്തിലാഴ്ത്തിയ മഹാപ്രളയവുമായി കർക്കടകമേഘങ്ങളെത്തിയത്. ജീവരക്ഷയ്ക്കോടിയവഴി സാറാമ്മ ഒരു വള്ളത്തിൽ വയറിടിച്ചുവീണു. അടിവയറ്റിൽ വേദനയോടെയാരംഭിച്ച അസ്വാസ്ഥ്യം ഏകദേശം രണ്ടുമാസമായ ശിശുവിനു നാശം വരുത്തി.

കർക്കടകക്കാറ്റ് മഴക്കാറിനെയടിച്ചുനീക്കിക്കടന്നു പോയി; ഉദരത്തിലെ പിഞ്ചുകൊടിയെ തുടച്ചുനീക്കിക്കൊണ്ടാണ് വെള്ളപ്പൊക്കമവസാനിച്ചത്.

അതിനിടെ മത്തായിച്ചനു മലമ്പനി പിടിച്ചു. ശരീരം തളർന്നു കുറെ നാൾ കിടന്നു. കണ്ണിനു ഞരമ്പുവെട്ടൽ. കാഴ്ചയ്ക്കു മങ്ങൽ.

കിട്ടിയ ശവങ്ങൾ ക്രിസ്ത്യാനികൾ കുഴിച്ചിട്ടു; ഹിന്ദുക്കൾ ദഹിപ്പിച്ചു. കിട്ടാത്തവരുടെ ആത്മശാന്തിക്കായി ചെങ്ങന്നൂർപള്ളിയിൽ നേർച്ചകൾ അർപ്പിച്ചു.

## രണ്ട്

**അ**ഞ്ചുവർഷം മുമ്പു നടന്ന വെള്ളപ്പൊക്കം ഇന്നൊരോർമ്മമാത്രം.

കേടുവന്ന കയ്യാലകളും വീടുകളും പുതുക്കിപ്പണിതു. കൃഷിസ്ഥലങ്ങൾ പച്ചപിടിച്ചു. പൂവും കായുമണിഞ്ഞു.

ആത്മീയമണ്ഡലത്തിലും പച്ചപിടിച്ച അനുഭവം.

പല കാലത്തായി ജോൺഅരുളപ്പൻ, വിദ്വാൻകുട്ടി, തമിഴ് ഡേവിഡുപദേശി എന്നിവർ മലങ്കരയിൽ വിതച്ച സുവിശേഷവിത്തുകൾ മുളച്ചുതുടങ്ങി. വെള്ളക്കാരുടെ നാട്ടിൽനിന്നും ഒരു ഭാര്യയും ഭർത്താവും കാളവണ്ടിയിൽ സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു നടക്കുന്നു.

ഇരുട്ടിലിരുന്ന ജനം വലിയൊരു വെളിച്ചം കണ്ടു.

ഒരു ആത്മീയനദി മുളക്കുഴയിലൂടെ ഒഴുകി.

പച്ചക്കുതിരകളുടെ അനുസ്യൂതമായ ചിറകടിയും ഉണക്ക മുളകളുടെ കിറുകിറശബ്ദവും ആടുമാടുകളുടെ കുളമ്പടിയും മുളക്കുഴയുടെ നിശബ്ദതയെ ഇടയ്ക്കിടെ ഭഞ്ജിക്കുന്നു. സുരഭിലവും കമനീയവുമായ തരുലതാ

ദികളിൽനിന്നുയരുന്ന പച്ചപ്പിന്റെ മണം മുളക്കുഴയുടെ തറവാട്ടുമുതലാണ്. ഈ ശാദ്വലപറുദീസയുടെ നിശബ്ദതയെ ഭഞ്ജിക്കുന്ന മറ്റൊരു ശബ്ദം അരച്ചട്ടമ്പിയായി വിലസുന്ന തെങ്ങുവിള മത്തായിയുടേതാണ്.

ഇഷ്ടം പോലെ നിലം, പുരയിടം.

കറവയുള്ള രണ്ടുമൂന്നു പശുക്കൾ.

അദ്ധ്യാപികയായ ഭാര്യ....ഇത്രയും സൗകര്യങ്ങളുള്ള അയാൾ മുഴുച്ചട്ട മ്പിയായാലും ആരു ചോദിക്കാനാണ്!

തെങ്ങുവിള മത്തായിച്ചൻ ദേവസ്യായുടെ മാടക്കടയിലുണ്ട്. നാട്ടുകാർ അവരെ സഹകുടിയന്മാരെന്ന് വിളിക്കുന്നു. മദ്യസേവ നടത്തുന്നതും വഴ ക്കുണ്ടാക്കുന്നതും എല്ലാം അവർ ഒന്നിച്ചാണ്. ദേവസ്യാ സംസാരത്തിനാ രംഭമിട്ടു: 'ഒന്നുരണ്ടു മാസങ്ങളായല്ലോ മത്തായിച്ചാ തന്നെ കണ്ടിട്ട്. ചത്തുപോയെന്നാ ഓർത്തത്. ആലപ്പുഴത്തന്നെയാരുന്നോ?'

'ചാവാതെ ചത്തു കൂട്ടേ, കച്ചേരീത്തന്നെയായിരുന്നു ദെവസം മൊത്തം. ആലപ്പുഴേം കൊച്ചീലുമായി കെടന്നുകറങ്ങുവാരുന്നു.'

'കേസൊക്കെ തീർന്നോ?'

'വിധിപറഞ്ഞു. ഞങ്ങടെ ഭാഗം തോറ്റു.'

തെങ്ങുവിള യോഹന്നാൻമുതലാളിക്ക് ആലപ്പുഴയിലും കൊച്ചിയിലും വൻകിട കുരുമുളകുകച്ചവടം ഉണ്ടായിരുന്നു. ഒരു വൻതുക കടപ്പെടുത്തിയി ട്ടാണയാൾ മരിച്ചത്. പിതാവിന്റെ മരണശേഷം കച്ചവടത്തോടു ബന്ധപ്പെട്ട വ്യവഹാരങ്ങൾ മകൻ ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

മത്തായിച്ചൻ തുടർന്നു: 'എതിർപാർട്ടിക്ക് വ്യവഹാരത്തിനു ചെലവായ പണമുൾപ്പെടെ ഒരു വല്യതുക അടക്കേണ്ടിവന്നു. വസ്തുവും ഏറെ നഷ്ട മായി. ആലപ്പുഴയുള്ള കടയും വസ്തുവും ജപ്തിചെയ്തു. പിന്നെ വക്കീ ലന്മാരും പണമൊത്തിരി പിടുങ്ങി.'

'എന്തു ചെയ്യും? കൊതിച്ചതു വരാ—'

'വിധിച്ചതേ വരൂ,' മത്തായിച്ചൻ പൂരിപ്പിച്ചു: 'പണം ഉടനേ ഒടുക്കണം. പറമ്പ് ഒട്ടുമുക്കാലും വില്ക്കാൻ പോവ്വാ. അമ്മേടെ ആഭരണങ്ങൾ കൊറച്ച് ഇന്നലെ തൂക്കിവിറ്റു. തെങ്ങിൻതോപ്പ് കുഞ്ഞച്ചൻ മൊതലാളിക്കു കൊടു ക്കാമെന്നു വാക്കു പറഞ്ഞിരിക്കുവാ.'

കൂട്ടുകാരന്റെ ദുർവിധിയിൽ ദേവസ്യായുടെ ഹൃദയം വേദനിച്ചെങ്കിലും അതു പുറത്തു പ്രകടിപ്പിക്കാതെ മത്തായിച്ചനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു: 'തനിക്കു തെങ്ങിൻതോപ്പില്ലേലും പേര് തെങ്ങുവിള മത്തായ്യീന്നാ. കുടുംബപ്പേരല്ലേ, തൂത്താപ്പോകത്തില്ല.'

'കണ്ണുവെട്ടലു ചികിത്സിക്കാൻ ഒത്തിരി കാശു ചെലവാക്കി. ഒളശ്ശമൂ സിനെ മുതൽ കോട്ടയ്ക്കൽആര്യവൈദ്യനെ വരെ കാണിച്ചു. വൈദ്യമ്മാരും വക്കീലമ്മാരും കൂടി എന്തുമ്മേണ്ടി പണം പിഴിഞ്ഞു!'

'പെമ്പിളയ്ക്കു ജോലിയില്ലേ? അതുമതി.'

'ശരിയാ. എത്രൊക്കെ എഴുതിവിറ്റാലും ഇനീ ഏഴുപറ നെലം കെട ക്കുന്നു. രണ്ടേക്കർ പൊരേടവും. കഞ്ഞി കുടിക്കാൻ നെല്ലു കിട്ടും. കള്ളു കുടിക്കാൻ കാശും. പിന്നെ പെമ്പിളേടെ ശമ്പളം മിച്ചം.' പീടികയോടു ചേ ർന്നുകിടന്ന തട്ടുപടിയിലിരുന്നുകൊണ്ട് അയാൾ അഭിമാനപൂർവ്വം പറഞ്ഞു.

മാടക്കടയുടെ കോണിൽ കിടക്കുന്ന തട്ടുപടി ചട്ടമ്പികൾക്കും മെന ക്കേടുകാർക്കും ഒരാശ്രയമാണ്. ദേവസ്യയുടെ മുത്തച്ഛൻ തുടങ്ങി രണ്ടു

മൂന്നു തലമുറക്കാർ ഇരുന്നു വിശ്രമിച്ചിട്ടുള്ള ആ തട്ടുപടി, മത്തായിച്ചൻ സംസാരിക്കാനായി കൈയും മുഖവും ഉയർത്തുന്നതനുസരിച്ച് കിറുപിറെ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

അങ്ങകലെ ആറാട്ടുപുഴയുടെ ആക്രന്ദനങ്ങളുയർന്നു. പുഴ കടന്നുവന്ന കുളിർകാറ്റ് സർവ്വചരാചരങ്ങളിലും നവോന്മേഷം പകർന്നു.

പ്രകൃതി സ്വച്ഛന്ദമായ സന്ധ്യയെ എതിരേല്ക്കാൻ തയ്യാറെടുക്കയാണ്. നാട്ടുപ്രമാണികളും മെനക്കേടുകാരുമുൾപ്പെടെ ഒരു ചെറിയ കൂട്ടം നാട്ടുവർത്തമാനത്തിനായി മാടക്കടയുടെ മുമ്പിൽ വന്നുകൂടിയിട്ടുണ്ട്.

തെക്കുനിന്നും ശിവഭക്തരുടെ നാമജപം കേൾക്കാം.

ഹൃദയങ്ങളിൽ ശിവഭക്തി.

അധരങ്ങളിൽ ശിവമന്ത്രങ്ങൾ.

കിഴക്കുനിന്നുയർന്ന തമ്പേറടിയുടെ ധ്വനി മത്തായിച്ചന്റെ കർണ്ണങ്ങളിൽ പതിച്ചു. കടയുടെ മുമ്പിലൂടെ കടന്നുപോയ തേവിയോടു ചോദിച്ചു: ‘എടീ തേവീ, അവിടെന്തവാ ഒരു തമ്പേറടിയും കൊട്ടും പാട്ടും?’

‘തമ്പ്രാനറിഞ്ഞില്ലേ? കൊക്കുസായിപ്പും കൂട്ടരും രാത്രിയോഗം തൊടങ്ങ്വാ. തമ്പേറടിച്ചു പാട്ടുപാടി ജാഥയായി യോഗസ്ഥലത്തേക്കു പോക്വാ. കൊറെ ദെവസങ്ങളായിട്ട് രാത്രീല് ഒണർവ്വുയോഗം നടക്വാ. നാളെ രാവിലെ ആറാട്ടുപൊഴ കടവില് വല്യവെളേലെ മൊതലാളീന്റെ തമ്പ്രാട്ടിയെ മുക്ക്വാ.’

‘ചാക്കോ മൊതലാളിയേടെ ഭാര്യയേയോ?’

‘ആന്നു തമ്പ്രാനേ. മൊതലാളി അറിയാതാ മുക്കുന്നത്. അറിഞ്ഞാല് മൊതലാളി ഊദേശിമാരുടെ കച്ചോടംകഴിക്കും.’

‘മൊതലാളി എവിടാ?’

‘മൊതലാളി കൊല്ലത്ത് കച്ചോടത്തിനു പോയേക്ക്വാ, അടുത്താഴ്ചേ മടങ്ങിവരത്തൊള്ളൂ.’

അല്പം പരിഹാസസ്വരത്തിൽ അയിരൂക്കുഴിയിൽ കുഞ്ചാണ്ടി ചോദിച്ചു: ‘തേവീ, നീയെന്തിനാ സായിപ്പിനെ കൊക്കുസായിപ്പെന്നു വിളിക്കുന്നത്?’

‘അങ്ങേരു കൊക്കുപോലെ വെളുത്തിരിക്കുവാ തമ്പ്രാനേ.’

‘എടീ, കൊക്കുസായിപ്പെന്നല്ല, കുക്കുസായിപ്പെന്നാ....കേട്ടോ.’

‘തമ്പ്രാനെന്തിനാ എന്നെ കളിയാക്കുന്നേ! ഞമ്മളു പള്ളിക്കൂടത്തിലെങ്ങും പോയിട്ടില്ല. മറ്റിങ്കിളീഷു പറയാൻ എനക്കു നാക്കു വഴങ്ങത്തില്ല തമ്പ്രാനേ.’ കേട്ടു നിന്നവർ ചിരിച്ചു.

തേവി നൽകിയ വാർത്ത അമർഷത്തോടുകൂടിയാണ് മത്തായിച്ചൻ സ്വീകരിച്ചത്. ചാക്കോമുതലാളിയുടെ ഭാര്യ മത്തായിച്ചന്റെ അകന്ന ഒരു ബന്ധുവാണ്. ചെങ്ങന്നൂർ കത്തോലിക്കാ പള്ളിയിലെ ഒരു പ്രമാണിയാണ് മുതലാളി. അദ്ദേഹത്തിന്റെ ഭാര്യ പെന്തക്കോസ്തിലെ സായിപ്പിന്റെ കൈക്കീഴിൽ സ്നാനം സ്വീകരിക്കാൻ പോകുന്നു!!

ദേവസ്യാ മത്തായിച്ചനെ നോക്കിപ്പറഞ്ഞു: ‘ശാക്കോ മൊതലാളീടെ ഭാര്യ പകലോമറ്റം കുടുംബക്കാരിയാ. തോമസപ്പോസ്തോലൻ രണ്ടായിരം വർഷംമുമ്പ് സ്നാനം കൊടുത്ത് ക്രിസ്ത്യാനികളാക്കിയ ബ്രാഹ്മണ കുടുംബത്തിന്റെ അനന്തര തലമുറ!’

‘പിന്നല്ല്യോ. അവരു കുഞ്ഞായിരിക്കുമ്പം വല്യമെത്രാച്ചനാ മാമോദീസ നൽകിയത്. ഇനീ വെള്ളത്തിപ്പിടിച്ചു മുക്കണോ? നല്ല കൂത്താ.’

‘ആട്ടോം കൂത്തുമൊന്നുമല്ല. അഹങ്കാരമാ....താനറിഞ്ഞോ രണ്ടാഴ്ചയായി സായിപ്പ് പുത്തൻകാവിൽ വൈകിട്ടു യോഗം നടത്തുവാ. പണ്ടൊക്കെ

അങ്ങേര് നാടുനീളെ സഞ്ചരിച്ചു പ്രസംഗിക്കുവാരുന്നു. ഇപ്പം ചെങ്ങന്നൂരും പരിസരത്തും താവളമടിച്ചിരിക്കയാ. സ്വർഗ്ഗരാജ്യത്തിൽ പോകാനുള്ള വഴി യെപ്പറ്റി അയാൾ പ്രസംഗിക്കും എന്ന് നോട്ടീസ് അടിച്ചിറക്കിയിട്ടുണ്ട്.'

'താനയാളെ കണ്ടിട്ടൊണ്ടോ?'

'ഇന്നാളിലിതിലേ അങ്ങേര് ഒരു കാളവണ്ടിയിൽ പോന്നതു കണ്ടു. വണ്ടിനിർത്തി ഓമല്ലൂർ പോകുന്നവഴി എന്നോട് ചോദിച്ചു. സായിപ്പിന് ഇച്ചിരി മലയാളം അറിയാം. അല്പം മലയാളം സംസാരിക്കുന്ന ഒരു തമിഴനും കൂടെ യുണ്ടായിരുന്നു.'

'എന്നിട്ട്?'

'ഞാൻ വഴിപറഞ്ഞുകൊടുത്തു. പിന്നൊരിക്കൽ കോഴിച്ചന്തയിലേക്കുള്ള വഴി ചോദിച്ചു. അങ്ങേർക്ക് കോഴിയിറച്ചി വല്ല്യ ഇഷ്ടമാ.'

മാടക്കടയിൽ നിന്നും വാങ്ങിയ കപ്പലണ്ടി പൊട്ടിച്ച് വായിലിട്ടുകൊണ്ട് ഹമീദ് മുസലിയാർ ഇടയ്ക്കു കയറി: 'ഓമല്ലൂർ എത്താനുള്ള വഴി അറി യാത്ത അങ്ങേര് സ്വർഗ്ഗരാജ്യം വരെയുള്ള വഴി എങ്ങനറിഞ്ഞു!'

ദേവസ്യാ ചിരിച്ചു: 'ശര്യാ.. കോഴിച്ചന്തയിലേക്കുള്ള വഴിപോലും അറി യാത്ത അയാൾ പറുദീസവരെയുള്ള വഴി പ്രസംഗിക്കുന്നു.!!'

'ഞാനാ സായിപ്പിനെപ്പറ്റി കേട്ടിട്ടേയുള്ളൂ. കേസിന് നടക്കുവാരുന്നു. നാട്ടിൽ വരുന്നോരെയൊക്കെ കാണാൻ നേരമില്ലായിരുന്നു,' മത്തായിച്ചൻ പറഞ്ഞു.

'ഒരു മദാമ്മേമൊണ്ടു കൂട്ടിന്. അയാടെ കെട്ടിയോളാ.' തെറുപ്പുബീഡി പുകച്ചുകൊണ്ട് ദേവസ്യാ വിശദീകരിച്ചു.

'താനിതൊക്കെ എങ്ങനെയറിഞ്ഞെടോ?'

'നാരങ്ങാവെള്ളം കുടിക്കാൻ ദെവസം ഏഴും എട്ടും ഊരുദേശിമാരാ ഇവിടെ വരുന്നത്. പെന്തക്കോസ്തുകാരുടെ വിശ്വാസങ്ങൾ വീടുകളിലെല്ലാം കയറിയിറങ്ങി പ്രചരിപ്പിക്കാ.'

അകലെ പമ്പയാറ്റിൽ വെള്ളം നുരഞ്ഞുപൊങ്ങി. മത്തായിച്ചന്റെ മന സ്സിൽ കോപം പതഞ്ഞുപൊങ്ങി. 'കൊക്കായാലും കുയിലായാലും ഈ മാപ്പ ളമാരുടെ ദേശത്ത് ഇവമ്മാരെയൊന്നിനേം കേറ്റരുത്.' തട്ടുപടി കിറുകിറുക്കു കയും ഇടതുവശത്തേക്ക് ആടുകയും ചെയ്തു. മത്തായിച്ചന്റെ ഇടത്തെ കണ്ണ് ഇറുകിവെട്ടിയത് ദേവസ്യാ ശ്രദ്ധിച്ചു.

വെള്ളപ്പൊക്കകാലത്തുണ്ടായ കണ്ണിന്റെ ഞരമ്പുവെട്ടൽ മത്തായിച്ചന്റെ തന്റേടം കുറച്ചിട്ടില്ല. ഇട്യ്ക്കിടെ അയാൾക്ക് കണ്ണിൽ വെട്ടലുണ്ടാകാറു ണ്ട്. വികാരാധീനനാകുന്ന വേളകളിൽ ഞരമ്പുവെട്ടൽ കൂടെക്കൂടെയുണ്ടാ കുന്നു; അപ്പോൾ ഇടത്തേ കണ്ണിന്റെ കാഴ്ചയും മങ്ങുന്നു.

'അവരെന്തു ദോഷം ചെയ്തു?' മലയിൽ കോശി ചോദിച്ചു.

മറുപടി പ്രതീക്ഷിക്കാതെ കോശി തുടർന്നു: 'സായിപ്പ് ആർക്കുമൊരു ദോഷോം ചെയ്തിട്ടില്ല. അങ്ങേര് ലോകത്തിന്റെ വെളിച്ചമായ സുവിശേഷം പ്രസംഗിക്കയാ.'

മത്തായിച്ചൻ ശബ്ദമുയർത്തിയപ്പോൾ കോപത്തിന്റെ വസൂരിക്കല മുഖമാകെ പടരുന്നുണ്ടായിരുന്നു: 'എന്തു ദോഷം ചെയ്തെന്നോ—വലത്തു കയ്യിൽ വേദപുസ്തകവും ഇടതുകയ്യിൽ തോക്കുമേന്തി ഇന്ത്യാക്കാരുടെ കുരുമുളകും തേയിലയും തട്ടിയെടുക്കാൻ നടക്കുന്നോരാ വെള്ളക്കാരെല്ലാം. തൊലി വെളുത്തതാ—അകം കാക്കേക്കാട്ടിലും കറുത്തതാ.'

ദേവസ്യാ പരാതിപ്പെട്ടു: 'ആ സായിപ്പ് നമ്മടെ നസ്രാണിപ്പെണ്ണുങ്ങടെ മിന്നും മാലേം ഊരിപ്പിക്കുന്നു. മിന്നും മാലേം അണീന്നത് പാപമാണുപോലും! ബീഡിവലിക്കുന്നോരും വെറ്റില മുറുക്കുന്നോരും നരകത്തിപ്പോമെന്നാ പ്രസംഗം. പലരേയും ആറ്റിലും തോട്ടിലും പിടിച്ചുമുക്കുന്നു. അവരടെ ഭാഷേൽ മുഴുകൽസ്നാനം കഴിപ്പിക്കയാണുപോലും!'

കടയിൽ കൂടിയിരുന്നവർ ഓരോരുത്തരായി ചർച്ചയിൽ പങ്കെടുത്തു തുടങ്ങി.

'മറുനാട്ടിലെങ്ങും കലക്കവെള്ളമില്ലാഞ്ഞിട്ടാണോ ഇവിടെവന്നീ അഹമ്മതി കാണിക്കുന്നത്?' പുല്ലാഞ്ഞിക്കാലായിൽ കുര്യാക്കോസ് ആരാഞ്ഞു.

മത്തായിച്ചൻ നീട്ടിയൊന്നു തുപ്പി. 'ഈ വെറ്റിലേം ബീഡീം പല്ലുവേദനയ്ക്കു നല്ലതാന്നാ മേടയിൽ കോശിവൈദ്യൻ പറഞ്ഞിട്ടൊള്ളത്. വിദ്യാഭ്യാസമൊള്ളവരാരും ഈ സായിപ്പന്മാരുടെ മണ്ടത്തരം കേക്കത്തില്ല.'

കടയിലേവീട്ടിൽ ജോസഫ് സംസാരത്തിനിടയിൽ കയറി: 'മത്തായിച്ചാ, ആ തോട്ടുംകര കീവർച്ചനും തെക്കേപ്പറമ്പിലെ ഉണ്ണൂണ്ണിസാറും അയിരൂക്കുഴിയിലെ ജോൺസാറുമൊക്കെ മറ്റിങ്കിളീഷു പഠിച്ചവരല്ലേ? അവരെയൊക്കെ സായിപ്പ് പോക്കറ്റിലാക്കിയിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ കാട്ടുതീപോലെ പടരുകയാണ്.'

ചിമ്മിനിവിളക്കു കൊളുത്തി മാടക്കടയുടെ മുമ്പിൽ തൂക്കിയിട്ടുകൊണ്ട് ദേവസ്യാ, ജോസഫിന്റെ അഭിപ്രായത്തെ നിരാകരിച്ചു: 'ഉണ്ണൂണ്ണിസാറിനെ ആരും പോക്കറ്റിലാക്കിയതല്ല. സായിപ്പ് ചെങ്ങന്നൂരു വരുന്നതിനുമുമ്പേ ഉണ്ണൂണ്ണിസാറ് പെന്തക്കോസുകാരനാ.'

പുതിയവീട്ടിൽ കുഞ്ഞുവർഗീസ് വിശദീകരിച്ചു: 'ഉണ്ണൂണ്ണിസാറിന്റെ നേതൃത്വത്തിൽ തെന്നിന്ത്യാപെന്തക്കോസ്തു ദൈവസഭയെന്നൊരു കൂട്ടമുണ്ടായിരുന്നു. സായിപ്പിന്റെ നേതൃത്വത്തിൽ തെന്നിന്ത്യാ പൂർണ്ണ സുവിശേഷസഭയെന്ന് മറ്റൊരു കൂട്ടവും. ഇപ്പം രണ്ടുകൂട്ടങ്ങളും കൂടെ ഒന്നിച്ച് ഒറ്റ സഭയാണ്—മലങ്കര പെന്തക്കോസ്തു സഭ.'

ഒരു ബീഡി കത്തിച്ചുകൊണ്ട് കുഞ്ഞുവർഗീസ് വിശദീകരണം തുടർന്നു: 'മലങ്കര പെന്തക്കോസ്തുസഭേലാ തോട്ടുംകര കീവർച്ചനിപ്പോൾ. കീവർച്ചൻ അച്ചൻപട്ടത്തിനു പഠിക്കാനിരുന്നതാ.'

'ഇനിയിപ്പം പെന്തക്കോസിലെ കത്തനാരാകാമല്ലോ.' മാടക്കടയോടു ചേർത്തു പണിത ഓലച്ചായിപ്പിൽ കിടന്ന ബഞ്ചിലേക്കു മാറിയിരുന്നുകൊണ്ട് പുല്ലാഞ്ഞിക്കാലായിൽ കുര്യാക്കോസ് അഭിപ്രായപ്പെട്ടു.

കുഞ്ഞുവർഗീസ് ഒന്നു ചിരിച്ചു: 'തനിക്കെന്തറിയാം കുര്യോസേ—പെന്തക്കോസിൽ അച്ചനും കത്തനാരും ബസ്ക്യ്യാമ്മയും ഒന്നുമില്ല. ഉപദേശിയും ഉപദേശിയമ്മയും! പാസ്റ്ററും പാസ്റ്ററമ്മയും.'

'ഓഹോ അങ്ങനാന്നോ? ഏതായാലും കീവർച്ചൻ സായിപ്പമ്മാരുടെ സിൽബന്ധിയാ. ഇന്നാളിലങ്ങേരെ കാണാൻ രണ്ടു കാർ നിറയെ സായിപ്പമ്മാർ വന്നിരുന്നു.'

'നമ്മുടെ തിരുമേനിമാരേം ബാവാമാരേം എഴുന്നെള്ളിക്കുമ്പോൾ വരുന്നതിന്റെ നൂറിലൊന്നു കാറുകൾ പെന്തക്കോസുകാരെ കാണാൻ വരുമോ?'

രണ്ടുമൂന്നു വർഷം മുമ്പ് പരുമലയിൽവച്ച് ബസ്സേലിയോസു ബാവായും ഗ്രിഗോറിയോസുതിരുമേനിയും ഇവാനിയോസ്മെത്രാപ്പോലീത്തയും ഒന്നിച്ചുകൂടിയപ്പോൾ എഴുന്നെള്ളത്തിന് തെക്കുനിന്നു വന്ന ഒരു കൂട്ടം കാറുകൾ

ചെങ്ങന്നൂർ വഴി കടന്നുപോയി. അക്കാര്യമാണ് കുഞ്ഞുവർഗീസ് അഭിമാനപൂർവ്വം സൂചിപ്പിച്ചത്.

കടയിലേവീട്ടിൽ ജോസഫ് വീണ്ടും ചർച്ചയ്ക്കുശിരുകൂട്ടി: 'ആ ഉണ്ണൂണ്ണിസാറ് കുറെനാളായി തുള്ളലുകാരുടെ നേതാവായി നടക്കയാ. മെത്രാനേം അച്ചമ്മാരേം ഒന്നും അങ്ങേർക്കു വേണ്ടാ. കന്യാമറിയാമ്മിനേം വേണ്ടാന്നാ വീരവാദം പറേന്നത്.'

'പുണ്യവാളമ്മാരേം വേണ്ടാ.' കുഞ്ഞുവർഗീസ് കൂട്ടിച്ചേർത്തു.

'അങ്ങേരുതന്നെ ഒരു പുണ്യവാളൻ ചമഞ്ഞു നടക്കുവാ. പിന്നെന്തിനാ ഗീവർഗീസ് പുണ്യവാളനെ?'

'ഉണ്ണൂണ്ണിസാറ് മറുഭാഷ പറേമെന്നു കേട്ടു!' അല്പം അത്ഭുതം കലർന്ന സ്വരത്തിൽ ദേവസ്യാ പറഞ്ഞു.

കിഴക്കേവീട്ടിൽ രാമനാശാൻ ഇടയ്ക്കുകയറി: 'ഉണ്ണൂണ്ണിസാറു മറ്റിങ്കിളീഷുഭാഷ പഠിച്ചവനല്ലേ, അന്യഭാഷ പറേന്നതിലെന്താ അത്ഭുതം? എന്റെ മോളെ മിച്ചൽസായിപ്പാ സ്ക്കൂളിൽ ഇങ്കിളീഷു പഠിപ്പിച്ചത്. അവളും മിച്ചൽസായിപ്പിന്റെകൂട്ട് ഇച്ചിരി മറുഭാഷ പറയും.'

ബീഡിപ്പുക ഉച്ഛ്വസിച്ചുകൊണ്ട് കുഞ്ഞുവർഗീസ് ആശാനെ ഒന്നു കളിയാക്കി. 'കൊള്ളാം—താനെന്തവാ ഇപ്പറേന്നത്. ഉണ്ണൂണ്ണിസാറു പറേന്നതു മറ്റിംഗ്ളീഷും സംസ്കൃതോം ഒന്നുമല്ല. പഠിച്ചു പറയുന്നതല്ലെന്നേ—സ്വർഗ്ഗീയഭാഷയാ. പരിശുദ്ധാത്മാവു കിട്ടുമ്പം പറേന്ന ഭാഷയാണെന്നാ അവമ്മാരു വീമ്പടിക്കുന്നത്.'

കുഞ്ഞുവർഗീസ് ലുങ്കി മുറുക്കി ഉടുത്തു. പെന്തക്കോസ്ത് യോഗങ്ങളിൽ കേൾക്കാറുള്ള മറുഭാഷാഭാഷണം അനുകരിച്ചുതുടങ്ങി. ഓട്ടൻതുള്ളൽ ശൈലിയിൽ:

സോത്രം-സൂത്രം, ഗോത്രം-ഗാത്രം
സാറാ-സാറാ, മാറാ-സാറാ

ജോസഫ് തട്ടുപടിയിൽ നിന്നും പൊടുന്നനെ എഴുന്നേറ്റു.ശരീരം വിറപ്പിച്ചുകൊണ്ട് അനുകരണം ഏറ്റെടുത്തു. പരിഹാസത്തിന്റെ ഈരടികൾ:

സോത്രം ശാസ്ത്രം, പാത്രം ഗോത്രം
മേനേ മേനേ, തെക്കേൽ ചലിയോ

നായന്മാരെ കുഞ്ചൻനമ്പ്യാർ ചിത്രീകരിച്ചതിന്റെ ഹാസ്യാനുകരണത്തിലേക്ക് കുഞ്ഞുവർഗീസ് കടന്നു:

നായന്മാരുടൻ ഓടുന്നേരം
ആയുധമെല്ലാം വഴിയിൽ പോയി
ആയതുപിന്നെയും ഉണ്ടാക്കീടാം
കായം കിട്ടുകിലതുബഹുലാഭം.
പെന്തക്കോസ്തർ തുള്ളുന്നേരം
മുടിയും ജടയും തറയിൽപോയി
ആയതുപിന്നെയും ഉണ്ടാക്കീടാം
മറുഭാഷ കിട്ടുകിൽ അതു ബഹുലാഭം.

പദ്യരചനയ്ക്ക് പണ്ട് സ്കൂളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ജോസഫ് ഹാസ്യസമ്രാട്ടിന്റെ കവിതയുടെ ബാക്കി കുറേക്കൂടി മുള്ളും മുനയുമുള്ള ഭാഷയിലാണ് അനുകരിച്ചത്:

പുഴയുടെ അരികിൽ ചെന്നു കിടന്നു

നായന്മാർ ചിലർ പ്രാണഭയത്താൽ
വലിയൊരു പുലി വന്നടിയും കൂട്ടി
തലയും കൊണ്ട് കടന്നുകളഞ്ഞു!!
പുഴയുടെ അരികിൽ ചെന്നു നടന്നു
പെന്തക്കോസ്തർ പാപഭയത്താൽ
വലിയൊരു പാസ്റ്റർ കുടവയറേന്തി
അരവെള്ളത്തിൽ മുക്കി എടുത്തു!!

മാടക്കടയിൽ നിന്നു കൂട്ടച്ചിരിയുയർന്നു. ഓലച്ചായിപ്പിന്റെ മറയിൽ തണുത്ത കാറ്റടിച്ചു. ചിരിയടക്കിക്കൊണ്ട് ദേവസ്യായും മത്തായിച്ചനും ചർച്ച ഏറ്റെടുത്തു: 'ആ അയിരൂക്കുഴിയിലെ എ.കെ. വറുഗീസിന്റെ കാര്യമറിഞ്ഞോ മത്തായിച്ചാ. അങ്ങേര് സായിപ്പിന്റെ പ്രസംഗം മലയാളത്തിൽ പറയാൻ നടക്കുവാ.'

'ഹൊ—കഷ്ടം. എ.കെ. സാറിന് വേറെ തൊഴിലില്ലേ? കൊച്ചീല് ബ്രിട്ടീഷ് കച്ചവടക്കാർക്കു ദ്വിഭാഷികളെ വേണം. അവിടെങ്ങാനും പോയി നല്ല ശമ്പളത്തിനു ജോലി നോക്കരുതോ? ഈ സായിപ്പിന്റെ കള്ളയുപദേശങ്ങൾ മലയാളത്തിലാക്കാതെ....'

കടയിൽ കൂട്ടച്ചിരി വീണ്ടുമുയർന്നു. മത്തായിച്ചന്റെ കണ്ണിന് ക്രമാതീതമായി ഞരമ്പുവെട്ടലുണ്ടായി.

നീലച്ചേലയുടുത്ത ആകാശം ഇരുണ്ടു. അതിനിടയിലൂടെ വെള്ളിവെളിച്ചം വിതറിക്കൊണ്ട് ഒന്നുരണ്ടു നക്ഷത്രങ്ങൾ ഒളിഞ്ഞുനോക്കി. ഓരോരുത്തരായി സാധനങ്ങൾ വാങ്ങി വീട്ടിലേക്കു മടങ്ങി.

മത്തായിച്ചൻ മുറുക്കാൻ ആഞ്ഞുതുപ്പി.

'കടയടയ്ക്കൂ ദേവസ്യാ. അവിടേയ്ക്കൊന്നു പൊയ്ക്കളയാം. ഉണർവ്വുകാരെ മൊത്തം തല്ലണം. നാട്ടിലാർക്കും കിടന്നൊറങ്ങണ്ടാ. സർവ്വത്ര ബഹളം. കൊട്ടും പാട്ടും കൊട്ടും പാട്ടും.'

'താമ്പറഞ്ഞതു ശര്യാ. പാരമ്പര്യമുള്ള കുടുംബങ്ങളിൽ ജനിച്ച നമ്മുടെ ആണുങ്ങളേം പെണ്ണുങ്ങളേം ഊദേശിമാര് വശീകരിക്കുന്നു. ഒന്നിനേം ജീവനോടു വെച്ചേക്കരുത്.'

'ഭർത്താക്കന്മാരറിയാതാണോ പെണ്ണുങ്ങളെ സ്നാനപ്പെടുത്തുന്നത്?'

'ഒരാളെ മുക്കുമ്പം അമേരിക്കേന്ന് ആയിരം ഡോളർ വീതം പ്രതിഫലം കിട്ടും. ഇതെല്ലാം അമേരിക്കൻ പണത്തിനു വേണ്ടിയാ. ശാക്കോമൊതലാളിയേടെ ഭാര്യേ മുക്കിയേച്ചും ഒത്തിരി ഡോളർ സമ്പാദിക്കും.'

'ചാക്കോമൊതലാളീടെ ഭാര്യ എന്റെയൊരു ബന്ധക്കാരിയാ. അവളെ നാളെ മുക്കിയാൽ ഞാൻ സായിപ്പിന്റെ കഥകഴിക്കും.'

'സായിപ്പിനെ ചോരയിൽ മുക്കണം.' പിച്ചാത്തി കാണിച്ചുകൊണ്ട് ദേവസ്യാ പറഞ്ഞു.

'ആട്ടെ പറ്റിച്ചേക്കാം. ഇന്നു രാത്രിതന്നെ എല്ലാറ്റിനേം ഒരു മുക്കു മുക്കിയേക്കാം....മൂക്കുമുട്ടെ....ആറ്റിൽ വലിച്ചെറിയും.'

'താനറിഞ്ഞോ, കുറത്തിയാറ പൗലോസിന്റെ പെമ്പള കുഞ്ഞാണ്ടമ്മ പൗലോസറിയാതെ കഴിഞ്ഞ മാസം രഹസ്യമായി സ്നാനപ്പെട്ടു. ചന്തയിൽവെച്ച് ആരാണ്ട് പൗലോസിനോട് വിവരം പറഞ്ഞു.'

'പൗലോസെന്തോ ചെയ്തു?'

'പൗലോസോ–ഹ–ഹ–അയാള് മൂർച്ചയുള്ള ഒരു വാക്കത്തി വാങ്ങി

ക്കൊണ്ട് വീട്ടിലേക്കു തിരിച്ചു. അവടെ കൈ വെട്ടാൻ!'

'എന്നിട്ടു വെട്ടിയോ?'

'പൗലോസ് അലറിക്കൊണ്ട് അടുക്കളേൽ ചാടിക്കയറി. പെമ്പറന്നോരടെ തലമുടിക്കുത്തിൽ കേറിപ്പിടിച്ചു. വാക്കത്തി പൊക്കി. 'ആരു പറഞ്ഞെടീ നിന്നോടു സ്നാനപ്പെടാ'നെന്നു ചോദിച്ചു....അവളു വിറച്ചുപോയി. 'എന്റ്ച്ചായാ എന്നെ കൊല്ലല്ലേ....ഇപ്രാവശ്യം ക്ഷമിക്കണേ....ഇനി ഒരിക്കലും ഞാൻ സ്നാനപ്പെടത്തില്ലേ'ന്നവൾ സത്യം ചെയ്തു.'

എന്നിട്ടു വെട്ടു നടന്നോ?'

'അയാക്കു തൃപ്തിയായി. വാക്കത്തി താഴെയിട്ടു. 'മേലാൽ സ്നാനപ്പെട്ടേക്കരുതെ'ന്നയാൾ മുന്നറിയിപ്പു നൽകി. ഭാഗ്യത്തിനു വെട്ടും കുത്തും നടന്നില്ല.'

'മണ്ടൻ പൗലോസ്—അവളിപ്പോഴും പെന്തക്കോസുകാരുടെ കൂടാന്നോ യോഗത്തിനു പോന്നത്?'

'ആന്നു. ആഴ്ചേല് മൂന്നാലുവട്ടം യോഗമാ. ഊദേശിമാരും ഊദേശിനികളും പൗലോസില്ലാത്ത തക്കം നോക്കി കുഞ്ഞാണ്ടമ്മയുടെ വീട്ടില് പ്രാർത്ഥന നടത്തും.'

'മണ്ടൻ—മരമണ്ടൻ പൗലോസ്.'

ദേവസ്യാ കടപൂട്ടി.

'അല്പം കള്ളുകുടിച്ചിട്ടു പോയാപോരേ?' മത്തായിച്ചൻ ആഗ്രഹം പ്രകടിപ്പിച്ചു.

'ഓ, സമയമില്ല. മടങ്ങിവരുമ്പം മതി കുടിയും കടിയും.'

നാരങ്ങാ മുറിക്കുന്ന പിച്ചാത്തി അരിമ്പാറ നിറഞ്ഞ കൈവെള്ളയിൽ തൂത്തുമിനുക്കിയശേഷം ദേവസ്യാ എളിയിൽ തിരുകി. പാക്ക്ളടയ്ക്കുന്ന ചുറ്റിക മത്തായിച്ചൻ മടിക്കുത്തിലും താഴ്ത്തി.

പത്രപ്രവർത്തകനും യുവകവിയുമായ പുത്തൻകാവു മാത്തൻ തരകന്റെ പറമ്പു കടന്നാണ് യോഗസ്ഥലത്ത് എത്തേണ്ടത്. വർണ്ണവസ്ത്രങ്ങളണിഞ്ഞ ഒരു പുതുമണവാട്ടിയെപ്പോലെ മുളക്കുഴയുടെ പാർശ്വത്തിൽ നിലകൊണ്ടിരുന്ന പുത്തൻ കാവുപ്രദേശം ദൂരെ കണ്ടപ്പോൾ മത്തായിച്ചന്റെ ഹൃദയം വേദനിച്ചു.

അവിടെ അയാൾക്ക് ഒരേക്കർ വാഴത്തോപ്പുണ്ടായിരുന്നു. മൂന്നു വർഷം മുമ്പ് കൊച്ചിയിൽവച്ച് ഒരുമാസം തുടർച്ചയായി കുറെ തൊണ്ടുകച്ചവടക്കാരുമായി ചൂതുകളിച്ചു. മത്തായിച്ചൻ തോറ്റു. ഒരു വൻതുകയുടെ കടഭാരവുമായാണ് തിരികെ വന്നത്. കടം വീട്ടാൻ വാഴത്തോപ്പ് എഴുതി വിറ്റു.

നീണ്ട വാഴയിലകൾ കാറ്റിൽ തലയാട്ടി അഭിവാദ്യമരുളുന്നതു കണ്ടപ്പോൾ മത്തായിച്ചന്റെ വേദന കോപമായി മാറി. ദേവസ്യാ കേൾക്കെ അയാൾ വിധിയെ—മനുഷ്യനു ദുർഭാഗ്യം വിധിക്കുന്ന ദൈവത്തെ—ശപിച്ചു.

വഴിയിൽ കണ്ട കടലാവണക്കിന്റെ കൊമ്പൊടിച്ച് നീണ്ടയൊരു വടി മത്തായിച്ചൻ തയ്യാറാക്കി. ഒരു തോർത്തും തലയിൽ കെട്ടി.

♦ ♦ ♦

യോഗസ്ഥലത്തോടടുത്തപ്പോൾ ഒരു മദാമ്മയുടെ ഗാനം അവരുടെ കാതുകളിൽ പതിച്ചു.

'ആ മദാമ്മ വല്യ പാട്ടുകാരിയാ. കൊച്ചു പ്രസംഗക്കാരിയും. ഞാനങ്ങനാ കേട്ടത്.'

'ഓഹോ—ഇതു പെണ്ണുങ്ങളുടെ കാലമല്ലേ? സരോജനീനായിഡുവല്ലേ ഇപ്പം രാഷ്ട്രീയയോഗങ്ങളിൽ പ്രസംഗിച്ചോണ്ടു നടക്കുന്നത്! തോട്ടയ്ക്കാട്ടു മാധവിയമ്മയെ കൊച്ചി നിയമസഭയിലേക്കു നിയമിച്ചില്ലേ? അവരാ ഇൻഡ്യയിലെ ആദ്യത്തെ വനിതാമെമ്പർ. പെണ്ണുങ്ങളിപ്പം സഭേലും നുഴഞ്ഞുകേറുന്നു!' രാഷ്ട്രീയജ്ഞാനമുള്ള മത്തായിച്ചൻ പ്രതിവചിച്ചു.

യോഗം നടക്കുന്ന പുരയിടത്തിന്റെ പടിഞ്ഞാറെ കോണിൽ നിന്നുകൊണ്ട് അവർ സ്ഥിതിഗതികൾ സശ്രദ്ധം വീക്ഷിച്ചു.

ഒരു ഓലപ്പന്തലിനുള്ളിൽ ജനം പ്രാർത്ഥിക്കുന്നു. പാടുന്നു. നൂറുപേരോളമുണ്ട്. ഒരഞ്ഞൂറുപേരുടെ കോലാഹലം. ഏങ്ങലടിയും വിതുമ്മിക്കരച്ചിലും സ്തോത്രാർച്ചനയും.

'ഇതൊരു നാഥനില്ലാക്കളരിയാ. ഇവറ്റകളെന്തിനാ ഇങ്ങനെ കരേന്നത്? ആരാണ്ടു ചത്തൊ?' ദേവസ്യാ പരിഹസിച്ചു.

'സായിപ്പ് പണ്ടെങ്ങാണ്ടു സ്നാനപ്പെടുത്തിയപ്പം വെള്ളം കുടിച്ചു ചത്തോരടെ പ്രേതം കരയുവാ. എല്ലാം ഒരവിയലു പരുവത്തിലാ.'

'നമ്മുടെ പള്ളികളിലേപ്പോലെ ചൊല്ലില്ല. അച്ചനില്ല. കുപ്പായമില്ല. കപ്യാരില്ല. അച്ചടിച്ച പ്രാർത്ഥനയില്ല. നേരത്തേ പഠിച്ചോണ്ടു വന്ന വായനയില്ല. ഇവിടെ വായിത്തോന്നുന്നതൊക്കെ പറേന്നു. അടുക്കുമില്ല, ചിട്ടയുമില്ല.'

കിഴക്കേ കോണിലുള്ള സദസിനു ചുറ്റും ചിമ്മിനിവിളക്കുകളുടെ പ്രകാശം. മദ്ധ്യവയസ്കനായ ഒരു സായിപ്പും ജുബ്ബാധാരികളായ കുറെ ഉപദേശിമാരും കണ്ണിൽപെട്ടു. പലരും മുമ്പു കണ്ടിട്ടുള്ളവർ. ചിലർ കടയിൽ വന്നു നാരങ്ങാവെള്ളം കുടിച്ചിട്ടുള്ളവർ. വേറെ ചിലർ പരിസരപ്രദേശത്തുള്ളവർ. കുറെപ്പേർ അയൽവാസികൾ.

'ആ താടിമീശക്കാരനാരാ?'

'അയാളുടെ പേര് എ.ആർ.റ്റി. അതിശയം എന്നാ. ഇന്നാളിലയാൾ നാരങ്ങാവെള്ളം കുടിക്കാനെന്റെ കടയിൽ വന്നു. ഒത്തിരിനേരം വർത്തമാനം പറഞ്ഞു. തമിഴുനാട്ടിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചതാണെന്നു പറഞ്ഞു. ഇപ്പോഴയാൾ ഈ കള്ളസായിപ്പിന്റെ വലയിലാ.'

'അതിശയംതന്നെ. വല്ലാത്ത അതിശയം'

'ദാ കണ്ടില്ലേ, ഇടത്തെയറ്റത്തെ ബഞ്ചിൽ തെക്കേപ്പറമ്പിലെ ഉണ്ണൂണ്ണിസാർ ഇരിക്കുന്നു.'

'കണ്ടു കണ്ടു. വന്നപ്പോഴേ കണ്ടു.'

'ഇവന്മാരെല്ലാം എവിടെ കെടന്നടാ!'

'ഈച്ചപോലെ സായിപ്പിന്റെ ചുറ്റും!'

'വല്ല കാര്യാലോചനയോഗോം നാളെക്കാണും. ഇവന്മാരുടെ ഉണർവു യോഗം ഇങ്ങനാന്നാ കേട്ടത്—ഒത്തിരി ഊദേശിമാര് വന്നുകൂടും. പിന്നെ, പകലോമറ്റം ശാക്കോമൊതലാളീടെ പെമ്പളയല്ലേ നാളെ സ്നാനപ്പെടുന്നത്. വെള്ളത്തിൽ മുക്കുന്നതുകണ്ടു പ്രോത്സാഹിപ്പിക്കാൻ സമീപപ്രദേശങ്ങളിലുള്ള ഊദേശിമാരെല്ലാം കൂടിയതാ. ഇന്നു രാത്രി സായിപ്പെല്ലാവർക്കും ചോറു കൊടുക്കും.'

'ബാ ഇപ്പം തന്നെ പുറകിക്കൂടി കടന്നു വിളക്കുകൾ തല്ലിക്കെടുത്താം. ദാ പത്തലു കണ്ടില്ലേ. അറഞ്ഞു കളയാം.'

'നമ്മളെ അറിയുന്നവരല്ലേ?'

'അറിഞ്ഞാലെന്താ—ഈ തെങ്ങുവിള മത്തായിയെ അവന്മാരെന്തോ

ചെയ്യാനാ?'

'മൊഖം തോർത്തുകൊണ്ടു മൂടാം. നമ്മെ തിരിച്ചറിയണ്ടാ. തല്ലു കൊടുത്തിട്ട് ലെഗ്യോൻ വരുന്നേ ലെഗ്യോൻ വരുന്നേന്ന് അലറീട്ട് പമ്പകടക്കാം.'

മത്തായിച്ചൻ അല്പനേരം മൗനമായി നിന്നശേഷം അഭിപ്രായപ്പെട്ടു: വെള്ളക്കാരനെന്തവാ പ്രസംഗിക്കുന്നതെന്ന് കേൾക്കാം. അതുകഴിഞ്ഞുമതി തല്ല്.'

'എന്തിനാ പ്രസംഗം കേക്കുന്നത്. നമ്മടെ വായിലിരിക്കുന്ന ബീഡിയേവരെ അയാളു കുറ്റംപറയും.'

'പ്രസംഗത്തിനിടയ്ക്കു നമ്മുടെ മെത്രാമ്മാരെയോ അച്ചമ്മാരെയോ കുറ്റം പറഞ്ഞാല് അന്നേരം അയാടെ കഥകഴിക്കാം. ബീഡീടെ കാര്യം പറഞ്ഞാൽ അന്നേരം വായില് ബീഡി കുത്തിക്കേറ്റാം. ഏതായാലും പ്രസംഗം ഒന്നു തീർന്നോട്ട്.'

അവർ പന്തലിനു കിഴക്കുവശത്തുള്ള കയ്യാലയിൽ ചാരിനിന്നു. തന്റെ വരയനുടുപ്പിന്റെ പോക്കറ്റിൽ നിന്നെടുത്ത പുകയിലയും പാക്കുകഷണവും മത്തായിച്ചൻ വായിലിട്ടു. ഉപദേശിമാരോടുള്ള ദേഷ്യം കാണിക്കാനായിരിക്കാം—അമർത്തി ചവച്ചരച്ചുകൊണ്ടിരുന്നു.

# മൂന്ന്

'കർത്താവിൽ സഹോദരങ്ങളേ, മാന്യരായ കേൾവിക്കാരേ, നിങ്ങൾക്കെന്റെ സ്നേഹാശംസകൾ നൽകുന്നു.' ആത്മോത്ക്കർഷം പകരുന്ന ഗംഭീരമായ ശബ്ദത്തിലാണ് അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്തത്. അതിനു കിടനില്ക്കുന്ന എ.കെ. വർഗീസിന്റെ വിവർത്തന ശൈലിയും ശ്രോതാക്കളെ ഹഠാദാകർഷിച്ചു.

ജനക്കൂട്ടത്തിന്റെ കണ്ണുകളിൽ പ്രതീക്ഷയുടെ പൂക്കൾ വിരിഞ്ഞു.

വെള്ളയുടുപ്പും ട്രൗസറും ധരിച്ച ഒരു സുഭഗൻ. ചൂടു കാലാവസ്ഥമൂലം ത്വക്കിന്റെ നിറം മങ്ങിയിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ മുഖം മഞ്ഞിനുമീതെ വീണ നിലാവുപോലെ ആത്മപ്രഭയുടെ പരിവേഷമണിഞ്ഞിരുന്നു. കഷണ്ടി ആരംഭിച്ചിട്ടുണ്ട്. ചിമ്മിനിവിളക്കുകളുടെ ദീപ്തിയിൽ ശേഷിക്കുന്ന മുടി പ്രകാശിച്ചു. പത്തുനാല്പത്തഞ്ചു വയസ്സു തോന്നിക്കും.

താഴ്ന്ന സ്വരത്തിൽ മത്തായിച്ചൻ ദേവസ്യായോടു പറഞ്ഞു: 'ആ വെള്ളക്കാരൻ അത്ര മോശമല്ല. കേഴ്വിക്കാരെ മാന്യന്മാരെന്നു വിളിക്കുന്നു—കറുത്ത നിറക്കാരായ നമ്മളെ...'

'വടക്ക് റബ്ബറുതോട്ടത്തിന്റെ സൂപ്രണ്ടുസായിപ്പ് കറുത്ത നിറക്കാരെ പട്ടീന്നും കഴുതേന്നും വരെ വിളിക്കും.'

'ഇദ്ദേഹം സ്നേഹാശംസകൂടി നൽകുന്നു! അഹങ്കാരിയല്ല.'

'ചെലപ്പം കേൾവിക്കാരെ ചക്കരവാക്കു പറഞ്ഞു മയക്കീട്ട് വെള്ളത്തിമുക്കി സഭേല് ചേർക്കാനാരിക്കും.'

'എന്നാലും കണ്ടില്ലേ. ആ മുഖത്ത് ഒരു നേരും നെറിയുമുണ്ട്. ഏതോ ഒരു വെളിച്ചം.' സായിപ്പിന്റെ അരുണാഭമായ മുഖത്ത് ദൃഷ്ടി പതിപ്പിച്ചുകൊണ്ട് മത്തായിച്ചനഭിപ്രായപ്പെട്ടു.

പ്രസംഗം ശ്രദ്ധിക്കാൻ താല്പര്യമുള്ള ഭാവം മത്തായിച്ചന്റെ മുഖത്തു നിഴലിട്ടു. അതു മനസ്സിലാക്കിയ ദേവസ്യാ കൂടെക്കൂടെ സംസാരിച്ച് മത്താ

യിച്ചന്റെ ഏകാഗ്രതയെ തിരിച്ചുകളയാൻ ശ്രമിച്ചുകൊണ്ടിരുന്നു.

യേശുക്രിസ്തു മരിച്ച ലാസറിനെ ഉയിർത്തെഴുന്നേല്പിച്ച കഥയാണ് പ്രസംഗവിഷയം. 'ഇന്നാണെങ്കിൽ, ഇന്നത്തെ ആളുകളാണെങ്കിൽ ലാസർ മരണശയ്യയിലായപ്പോൾ ശവമടക്കത്തിന് മെഴുകുതിരിയും സുഗന്ധലേപനങ്ങളും വാങ്ങുവാൻ ആളിനെ ചന്തയിൽ വിടുമായിരുന്നു. എന്നാൽ ലാസറിന്റെ വീട്ടുകാർ ആദ്യം യേശുവിന്റെയടുക്കലേക്ക് ആളയച്ചു.'

ജനം ചിരിച്ചു. അധികം പല്ലുകാട്ടി ചിരിക്കാറില്ലാത്ത സായിപ്പും ഇത്തവണ ഒന്നു ചിരിച്ചു. അദ്ദേഹത്തിന്റെ പല്ലുകൾ ശലോമോന്റെ ദന്തഗോപുരങ്ങളെപ്പോലെ വശ്യമായിരുന്നു.

പത്തുപതിനഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ വിഷയത്തോടനുബന്ധിച്ച് സായിപ്പൊരു പാട്ടുപാടി. എട്ടാം ക്ലാസ്സിൽ തോറ്റ മത്തായിച്ചന്റെ മനസ്സിൽ ചെങ്ങന്നൂർ സ്ക്കൂളിൽ പഠിച്ച ഇംഗ്ളീഷ് പാഠങ്ങളുണർന്നു. അങ്ങും ഇങ്ങും കുറെ ആശയങ്ങൾ മനസ്സിലായി. ഗാനത്തിന്റെ ഈണവും അതിലെ ആശയങ്ങളും മത്തായിച്ചന്റെ മനസ്സിൽ മൃദുലവികാരങ്ങളുണർത്തി.

അർത്ഥം ദ്വിഭാഷി വിശദീകരിച്ചു. ഒരു പാപിയുടെ ദുർഘടമായ പാതയെപ്പറ്റിയായിരുന്നു ഗാനം. ദുഷ്ടന്റെ ജീവിതശൈലി ശരീരാത്മദേഹികളെ ആസകലം നശിപ്പിക്കുമെന്നും യേശുക്രിസ്തുവിന് പാപിയെ രൂപാന്തരപ്പെടുത്തുവാൻ കഴിവുണ്ടെന്നും വികാരഭരിതമായ വാക്കുകളിൽ ദ്വിഭാഷി വിവരിച്ചപ്പോൾ മത്തായിച്ചന്റെ മനസ്സിൽ, അല്പം മുമ്പുയർന്ന വികാരാനുഭൂതി കൂടുതൽ തീവ്രമായി.

സ്വന്തം ജീവിതശൈലി മത്തായിച്ചന്റെ മനസ്സിലൂടെ കടന്നുപോയി.

പകൽ ചൂതുകളി.

വൈകിട്ട് ചീട്ടുകളി.

രാത്രിയിൽ കള്ളുകുടി.

ഈ ജീവിതപാത എന്നെയും കുടുംബത്തെയും എവിടെ എത്തിക്കും?

ജീവിതത്തിലാദ്യമായിട്ടാണ് സ്വന്തം ജീവിതത്തെ ഒരു ചോദ്യ ചിഹ്നത്തിന്റെ മുമ്പിൽ നിർത്തിയത്.

കൈയിലിരുന്ന വടി താഴെ വച്ചു. അസ്ഥിപഞ്ജരത്തിന്റെ ബന്ധം നാരായമുനയിൽപെട്ടു തകരുന്നതുപോലെ തോന്നി.

മത്തായിച്ചനും ദേവസ്യായും പന്തലിനടുത്തേക്കു നടന്നു. കയ്യാലയിൽനിന്നു പറ്റിയ മൺതരികൾ ലുങ്കിയുടെ പുറകിൽനിന്നും തട്ടിക്കുടഞ്ഞശേഷം പന്തലിന്റെ ഏറ്റവും പുറകിലെ തൂണിനോടു ചേർന്നുനിന്ന ഒരു തൈത്തെങ്ങിന്റെ ചുവട്ടിൽ അവർ ഇരുന്നു. പുറകിലിരുന്നവർ തെങ്ങിൻ ചുവട്ടിലിരുന്നവരെ സംശയദൃഷ്ട്യാ നോക്കി.

പരിസരം ഗൗനിക്കാതെ മത്തായിച്ചൻ തകരക്കോളാമ്പിയിൽക്കൂടി വരുന്ന പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്നു.

മത്തായിച്ചൻ കൂടുതൽ ശ്രദ്ധാലുവാകുന്നതു കണ്ട ദേവസ്യാ അടക്കിയ സ്വരത്തിൽ ചെവിയിൽ മന്ത്രിച്ചു: 'ആ വെള്ളക്കാരൻ ഏതോ മന്ത്രവാദം പ്രയോഗിച്ചതായിരിക്കും. തനിക്ക് ഈ കഥയില്ലാത്ത പ്രസംഗം കേൾക്കാൻ ഇത്ര ആഗ്രഹം തോന്നാൻ കാരണം.'

ഗാനാലാപനത്തിനുശേഷം പ്രസംഗം തുടർന്നു: 'പ്രിയരേ, നമ്മുടെ മദ്ധ്യത്തിൽ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവുണ്ട്. നരഭോജികളെ നരസ്നേഹികളാക്കുന്ന ആത്മാവ്. ചിലരു വിചാരിക്കുന്നതിൻവണ്ണം ഇത് ഭൂതത്തിന്റെയോ കുരളയുടെയോ ആത്മാവല്ല. സത്യത്തിന്റെ ആത്മാവാകുന്നു.'

'സ്തോത്രം. ഹല്ലേലുയ്യാ.' സദസ്സിന്റെ കോണിലിരുന്ന് പൊടിമല മത്തായിച്ചൻ സായിപ്പിന്റെ ആശയത്തെ പിന്താങ്ങി.

'ദൈവനീതിക്കു മറുകൃതിയായി പ്രവർത്തിക്കുന്നവർ അറുതിയില്ലാത്ത നരകത്തീയിൽ വീഴും. അവർക്ക് ആത്മനൊമ്പരങ്ങളും ശരീരനൊമ്പരങ്ങളും ഉണ്ടാകും. ദമസ്കോസ് പട്ടണത്തിന്റെ പടിവാതിൽക്കൽവച്ച് ദൈവകുഞ്ഞുങ്ങളെ ഉപദ്രവിക്കാൻ പദ്ധതിയിട്ടുപോയ ശൗലിനെ താഴെ വീഴ്ത്തിയ പരിശുദ്ധാത്മാവാണ് ചൊവ്വില്ലാത്തോരെ കൈകാര്യം ചെയ്യുന്നത്.'

ദേവസ്യാ അടക്കം പറഞ്ഞു: 'നമ്മുടെ കാര്യമല്ലേ അയാളീപ്പറേന്നത്. മനസ്സിലിരിക്കുന്നതെല്ലാം അയാളെങ്ങനെ പിടിച്ചെടുത്തു?'

'വിശുദ്ധ കന്യമറിയാമ്മ വെളിപ്പെടുത്തിയതാ.'

'ഓ, കന്യാമറിയാമും പുണ്യവാളന്മാരുമൊന്നും വെളിപ്പെടുത്തിയതല്ല. വല്ല മന്ത്രവേലയോ ചാത്തൻസേവയോ ആയിരിക്കും....അല്ലെങ്കിൽ ഊഹിച്ചെടുത്തതായിരിക്കും. നല്ലവരും ചീത്തകളും ആൾക്കൂട്ടത്തിലുണ്ടെന്ന് അങ്ങേർക്കറിയാം.'

സായിപ്പു തുടർന്നു. 'ഒരുപക്ഷേ ദൈവദ്രോഹികൾ ഇവിടെ ഇരിപ്പുണ്ടായിരിക്കും. ലാസറിനെപ്പോലെ ആത്മികമായി ചത്തു പഴുത്തു ദ്രവിച്ചവർ ഉണ്ടായിരിക്കും. ഒറ്റുകാരൻ യൂദായെപ്പോലെ നരകക്കുഴീലേക്കു പോകുന്നവരുണ്ടാകും....ഇതാ, നിങ്ങളെ ചൊവ്വാക്കുവാൻ കഴിവുള്ള ഒരു ക്രിസ്തുവുണ്ട്. കണ്ടകത്തം ഉപേക്ഷിപ്പീൻ. നല്ലതിന്മണ്ണം ജീവിക്കുവിൻ. ബീഡിവലി, മദ്യപാനം, വ്യഭിചാരം, മോഷണം ഇതുകൾ ഹേതുവായി നിങ്ങളുടെ ശരീരത്തിനും ആത്മാവിനും ഏനക്കേടുണ്ടാകും. സാക്ഷാൽ നീതിയുടെ വഴിയിൽ നടക്കുവീൻ.'

സഹജമായ ലാളിത്യവും ദൈവവചനത്തിന്റെ ആഴവും പരപ്പും ആ വാക്കുകളിൽ സമ്മേളിച്ചിരിക്കുന്നു.

ബീഡി വലിക്കുന്നവരെ കുറ്റംപറഞ്ഞാലുടനെ തല്ലുകൊടുക്കാൻ തയ്യാറായിവന്ന മത്തായിച്ചനും ദേവസ്യായും കണ്ണിൽക്കണ്ണിൽ നോക്കി. മടിയിൽ പിച്ചാത്തി തപ്പിക്കൊണ്ട് ദേവസ്യാ മത്തായിച്ചനെ കണ്ണുകാണിച്ചു.

മത്തായിച്ചൻ അസ്തശക്തനായി. അയാൾ മുഖം കുനിച്ചിരുന്നതേയുള്ളൂ.

'വീണ്ടും നമുക്കു പാട്ടുപാടി സാക്ഷ്യങ്ങളും പ്രബോധനങ്ങളും നടത്താം. യോഗം പെട്ടെന്നു നിറുത്തരുതെന്ന് ദൈവാത്മാവെന്നോടു സംസാരിച്ചിരിക്കുന്നു. എന്റെ പ്രസംഗം തീർന്നു. എന്നാൽ ആത്മാവിന്റെ വ്യാപാരം തീർന്നിട്ടില്ല.' പന്തളം മത്തായിച്ചനെ നോക്കിക്കൊണ്ട് സായിപ്പ് പ്രസംഗം ഉപസംഹരിച്ചു.

പന്തളം മത്തായിച്ചന്റെ കൈയിൽ പാട്ടുപുസ്തകത്തിന്റെ താളുകൾ മറിഞ്ഞു.

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ
അതു ചിന്തയിലടങ്ങാ സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ.

അർത്ഥവും രാഗവും സമ്മേളിച്ച ഗാനത്തിന് താളവും മേളവും നൽകിക്കൊണ്ട് ആദ്യത്തെ വരികൾ ആവർത്തിച്ചു പാടി.

എന്തതിശയമേ ദൈവത്തിൻ സ്നേഹം
ഹലേലൂയ്യാ സോത്രം

സോത്രം സോത്രം സോത്രം

ചെറുപ്പക്കാരിൽ ചിലർ പാസ്റ്റർ എ. ആർ. റ്റി. അതിശയത്തിന്റെ മുഖത്തേക്കു നോക്കി. ചില കുട്ടികൾ ചിരിച്ചു. അദ്ദേഹത്തിന്റെ പേരും പാടിയ ഗാനത്തിന്റെ വരികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചോർത്തപ്പോഴാണവർക്കു ചിരി പൊട്ടിയത്.

സദസ്സിൽ ചിലർ തന്നെ ശ്രദ്ധിച്ചത് പാസ്റ്റർ അതിശയം മനസ്സിലാക്കിയില്ല. അദ്ദേഹം കണ്ണുകൾ പൂട്ടി ദൈവത്തെ പാടി സ്തുതിച്ചുകൊണ്ടിരുന്നു— കാതുകൾ സ്വർഗ്ഗത്തിലേക്ക് തുറന്നുവെച്ചുകൊണ്ട്. അദ്ദേഹത്തിന്റെ താടിമീശ ശുഭ്രവും മനോഹരവുമായി കാണപ്പെട്ടു. അധരത്തിൽനിന്ന് പ്രവഹിച്ച സ്തോത്രാർച്ചനകൾ വസ്ത്രത്തിന്റെ വിളുമ്പിലേക്ക്, അഹരോന്റെ താടിയിലേക്കുതന്നെ ഒഴുകുന്ന വിശേഷതൈലംപോലെയും, സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ഉണർവ്വുയോഗത്തിന്റെ അന്തരീക്ഷത്തെ ആശീർവദിച്ചുകൊണ്ടിരുന്നു.

പാസ്റ്റർ അതിശയത്തെ നോക്കിക്കൊണ്ട് സായിപ്പ് പറഞ്ഞു: 'ദൈവാത്മാവ് എന്നെ പ്രേരിപ്പിക്കുന്നതുകൊണ്ട് പാസ്റ്റർ അതിശയം മുമ്പോട്ടുവന്ന് അദ്ദേഹത്തിന്റെ അനുഭവ സാക്ഷ്യം പ്രസ്താവിക്കുവാൻ ഞാൻ അപേക്ഷിക്കുകയാണ്. അതുകഴിഞ്ഞ് ആത്മപ്രേരണയുള്ള ഒരാൾക്ക് ചെറിയ ഒരു പ്രബോധനവും പറയാൻ സമയം ഉണ്ട്.'

ദേവസ്യാ ചെവിയിൽ മന്ത്രിച്ചു: 'താൻ നേരത്തേ പറഞ്ഞതു ശരിയാ. യോഗം അവിയലുപരുവത്തിലാ. പ്രസംഗം കഴിഞ്ഞു പ്രസംഗം. പിന്നേയും പ്രസംഗം. പിന്നെ സാക്ഷി. അതുകഴിഞ്ഞ് പാട്ട്. പ്രബോധനം. പിന്നെയും പ്രബോധനം. ഇടയ്ക്കിടെ മിനിട്ടുകൾ നീണ്ടുനില്ക്കുന്ന ഹല്ലേലുയ്യാസ്തോത്രങ്ങളുടെ ബഹളം....അലവലാതിയാ.'

മത്തായിച്ചൻ പതുങ്ങിയ ശബ്ദത്തിൽ വിശദീകരിച്ചു: 'നമ്മുടെ പള്ളീലെല്ലാരും പാവയെപ്പോലെ അച്ചൻ പറേന്നതെല്ലാം ചെയ്യുന്നു. തത്തക്കിളിയെപ്പോലെ അച്ചടിച്ച പ്രാർത്ഥന ഏറ്റുചൊല്ലുന്നു. അനുകരണം. സർവ്വത്ര അനുകരണം. കുമ്പിടുന്നു. വണങ്ങുന്നു. കെഴക്കോട്ടു തിരിയുന്നു. കുരിശുവരയ്ക്കുന്നു....പെന്തക്കോസുകാരുടെ യോഗത്തിൽ കൊറേക്കൂടി സ്വാതന്ത്ര്യമുണ്ട്. ഹൃദയത്തിന്റെ പ്രേരണയനുസരിച്ചു പ്രസംഗിക്കയും പാടുകയും പ്രാർത്ഥിക്കയും ചെയ്യാം. കളിപ്പാവപോലെയല്ല.' ജീവിതത്തിലാദ്യമായിട്ടാണ് മത്തായിച്ചൻ കത്തോലിക്കാ പള്ളിയെയും പട്ടക്കാരെയും വിമർശിച്ചത്. ദേവസ്യായുടെ ചെവിയിൽ!

'ഇതു കണ്ടിട്ട് തിരുവാതിരകളിപോലെ തോന്നുന്നില്ലേ?'

'എന്നാലും ഇവിടിരുന്നിട്ട് ഉറക്കം വരുന്നില്ല. പള്ളീല് അച്ചടിച്ച ചൊല്ലും പ്രാർത്ഥനേം മാത്രം കേക്കുമ്പം എനിക്കുറക്കം പിടിക്കും. അതുകൊണ്ടല്ല്യോ ഞാൻ പള്ളീ പോകാത്തത്.'

പാസ്റ്റർ അതിശയത്തിന്റെ അനുഭവസാക്ഷ്യത്തിനു ശേഷം ഉണ്ണൂണ്ണി സാർ ചുരുക്കമായി സംസാരിക്കാൻ എഴുന്നേറ്റപ്പോഴും ജനത്തിന്റെ സ്തോത്ര കോലാഹലം അടങ്ങിയിട്ടില്ല.

പെരുവെള്ളത്തിന്റെ ഇരമ്പൽപോലെയുള്ള ശബ്ദം മറികടന്നുകൊണ്ടദ്ദേഹം തുടങ്ങി: 'ചെങ്ങന്നൂർ, മുളക്കുഴ, പുത്തൻകാവുപ്രദേശങ്ങളിലെ എന്റെ ബന്ധുമിത്രാദികളേ, എന്റെ അനുഭവസാക്ഷ്യം പ്രസ്താവിക്കാനാണ് ദൈവാത്മാവെന്നെ ഈ രാത്രിയിൽ പ്രേരിപ്പിക്കുന്നത്....കുട്ടിക്കാലത്ത് എന്റെ കണ്ണിൽ അബദ്ധവശാൽ ചുണ്ണാമ്പു വീണു. കണ്ണിൽ ചുണ്ണാമ്പു വീണാൽ അതി

നുള്ള ഒരു പ്രതിവിധി രക്തത്തിൽ കണ്ണു കഴുകുകയാണ്. കോഴിയെ പിടി ച്ചോണ്ടുവന്ന് അതിനെ അറുത്ത് രക്തം ശേഖരിക്കുമ്പോഴേക്കും എന്റെ കണ്ണു പൊട്ടിപ്പോകുമെന്ന് എന്റെ മാതാവിനറിയാമായിരുന്നു. എന്റെ അമ്മച്ചി അടുക്കളയിൽനിന്നു പെട്ടെന്നു പിച്ചാത്തിയെടുത്ത് അമ്മച്ചിയുടെ സ്വന്തം കൈവിരൽ മുറിച്ച് രക്തമുണ്ടാക്കി എന്റെ കണ്ണു കഴുകി. കണ്ണിന് യാതൊരു ഏനക്കേടുമുണ്ടായില്ല. എന്റെ അമ്മയുടെ രക്തം ഹേതുവായി എന്റെ കണ്ണു സുഖപ്പെട്ടു. അല്ലയോ സ്നേഹിതരേ, അതിനേക്കാൾ എത്രയോ ശക്തമാണ് യേശുവിന്റെ പുണ്യാഹരക്തം. ഈ രാത്രി നിങ്ങളുടെ കണ്ണു കളെ മാത്രമല്ല, സാക്ഷാൽ ഹൃദയങ്ങളെയും ക്രൂശിലെ രക്തത്തിൽ കഴു കുക. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ചൊവ്വാക്കു ന്നു. യേശു എന്നേക്കും ജീവിക്കുന്നു. ബുദ്ധൻ മരിച്ചു. മുഹമ്മദുനബി മരിച്ചു. ശ്രീനാരായണ ഗുരു മരിച്ചിട്ട് രണ്ടു വർഷമാകാറായി. എന്നാൽ യേശു മരിച്ചിട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു.'

ഉണ്ണൂണ്ണിസാറിന്റെ ഉപമാലങ്കാരങ്ങൾ സദസ്സിനു മനസ്സിലായി.

തുടർന്നദ്ദേഹം യെശയ്യാപ്രവചനം രണ്ടാം അദ്ധ്യായം അഞ്ചാം വാക്യം മുതൽ ഇരുപത്തിരണ്ടാം വാക്യംവരെ വായിച്ച് ക്രിസ്ത്യാനികളുടെ അനാ ചാരങ്ങളെ ശാസിച്ചു.

'ഹാ, നിങ്ങൾ ബിംബാരാധികളുടെ മര്യാദകളിൽ നടക്കുന്നു. ദേശത്ത് വെള്ളിയും പൊന്നും നിറഞ്ഞിരിക്കുന്നു. വിഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നു. ബിംബങ്ങളെ തുരപ്പനെലിക്കും നരിച്ചീറിനും എറിഞ്ഞു കളവീൻ.'

ശാസന കുറെക്കൂടി പ്രത്യക്ഷമായി: ' ഹാ, എത്ര ലജ്ജാവഹം. ചെങ്ങ ന്നൂർ പള്ളിക്കാർ കന്യമറിയാമിനോടു പ്രാർത്ഥിക്കുന്നു. യേശുവിന്റെ ബിംബത്തിൻെറ മുന്നിൽ വണങ്ങി നേർച്ചകളിടുന്നു. പാച്ചോറു കഴിക്കു ന്നു. കുരിശു നാട്ടി മുട്ടു കുത്തുന്നു. വിഗ്രഹാരാധന വിട്ടോടുവീൻ. മരിച്ചു പോയ മതനേതാക്കളുടെ ശവകുടീരങ്ങളിൽ നടത്തുന്ന ആരാധനയും അസ്ഥിവണക്കവും മെഴുകുതിരി കത്തിക്കലും സാത്താന്റെ പണിപ്പുരയിൽ പദ്ധതിയിട്ടുണ്ടാക്കിയ വ്യാജാരാധനയാണെന്നു മനസിലാക്കുവീൻ. കന്യാ മറിയാമുവഴിയല്ല, യേശുവഴി രക്ഷപ്രാപിപ്പീൻ. തിരുമേനിമാരുടെ കൈമുത്തി മനുഷ്യനെ നമസ്കരിച്ചാൽ രക്ഷ കിട്ടൂല്ല.'

ഉപദേശിമാരിൽ ചിലർ 'ആമേൻ' എന്ന് ഏറ്റുചൊല്ലി. വേറെ ചിലർ 'ഏമേൻ' എന്നാർത്തുചൊല്ലി.

ആമേനും ഏമേനും തമ്മിലുള്ള ബന്ധമെന്തെന്ന് ദേവസ്യാ തല പുകഞ്ഞാലോചിച്ചുകൊണ്ടിരുന്നു.

ആത്മീയ സന്തോഷം വർദ്ധിച്ചപ്പോൾ ഉപദേശിമാരുടെയും വിശ്വാസി കളുടെയും വാക്കുകൾ വഴിവിട്ടോടാൻ തുടങ്ങി.

ഹല്ലേലുയ്യാ....

ഹാലേലുയ്യാ....

ഹാലേലൂയ്യാ....ഹാലേലൂ....ഹാലേലൂ....

അല്ലേലുയ്യാ....

ആലേലൂയ്യാ....ആലേലൂ....ആലേലൂ....

ഗ്ളോറി, ഗ്ളോറി, ളോറി....ഗോറി....ലോറി....

ദേവസ്യായുടെ ചിന്ത തുടർന്നു--ഹാലേലുയ്യായും ആലേലുയ്യായും തമ്മി ലുള്ള ബന്ധം എന്തായിരിക്കാം!

ഗ്ളോറി എന്ത്?

ലോറി എന്ത്?

ലോറിയും പെന്തക്കോസ്തുകാരും തമ്മിലുള്ള ബന്ധം എന്തായിരിക്കും?

ചിന്ത പരിഹാസത്തിന്റെ വേഷമണിഞ്ഞു.

'പെട്രോൾ ഒഴിക്കുമ്പോൾ ലോറി ഇരമ്പിയിളകുന്നു. ആത്മാവു കിട്ടുമ്പോൾ പെന്തക്കോസ്തുകാരും ഇരമ്പിയിളകി പന്തലു പൊളിക്കുന്നു.'

ഉണ്ണൂണ്ണിസാറിന്റെ ശബ്ദം ഉയർന്നുയർന്നു വന്നു. 'സ്നേഹിതരെ, പുരോഹിത നേതാക്കൾ നിങ്ങളെ അടിമകളാക്കിയിരിക്കുന്നു. കത്തോലിക്കാ സഭയെ വിമർശിക്കുന്ന പ്രസംഗങ്ങൾ കേൾക്കയോ പുസ്തകങ്ങൾ വായിക്കുകയോ ചെയ്താൽ ശാപം വരുമെന്ന് മതനേതാക്കൾ നിങ്ങളെ ഭയപ്പെടുത്തുന്നു. നിങ്ങൾ സത്യം ഗ്രഹിച്ചാൽ ദുരുപദേശങ്ങൾ ചോദ്യം ചെയ്യുമെന്ന് മതനേതാക്കൾക്കറിയാം. പാപ്പാമതത്തിൽ നിങ്ങളെ തളച്ചിട്ടിരിക്കയാണ്. നിങ്ങൾ സത്യം ഗ്രഹിച്ചാൽ മരിച്ച മെത്രാന്മാരുടെ ഫോട്ടോകൾ ഭിത്തിയിൽ തൂക്കി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കയില്ല....ഞങ്ങൾ സത്യം അന്വേഷിച്ചു. ദുരുപദേശങ്ങളുടെ ചങ്ങല പൊട്ടിച്ചു. ഞങ്ങൾക്ക് ഒരു ശാപവും വന്നില്ല. ഞങ്ങൾ അനുഗൃഹീതരായിരിക്കുന്നു.'

സത്യാന്വേഷികളാകുവാൻ ജനത്തെ ആഹ്വാനം ചെയ്തുകൊണ്ട് ഉണ്ണൂണ്ണിസാർ സായിപ്പിനെ നോക്കി.

ഉപസംഹാരപ്രാർത്ഥനയ്ക്കായി സായിപ്പും ഉപദേശിമാരും സദസ്സിലെഴുന്നേറ്റു നിന്നു. അവർ തലയിൽ കൈവെച്ചു പ്രാർത്ഥിക്കേണ്ടതിന് ശ്രോതാക്കളിൽ ചിലർ സദസ്സിനു മുമ്പിൽ അണിനിരന്നു.

ദേവസ്യാ പരിഹാസസ്വരത്തിൽ മത്തായിച്ചനെ കണ്ണു കാണിച്ചുകൊണ്ടു പറഞ്ഞു: 'താനൊന്നു പോയിനോക്ക്, സായിപ്പിന്റെ ആത്മാവ് സത്യോം നേരുമുള്ളതാണെങ്കില് തൻെറ കണ്ണിനുവേണ്ടി ഒന്നു പ്രാർത്ഥിച്ചുനോക്ക്, സൗഖ്യം കിട്ടുമോന്ന്.'

അവർ ഇരുന്ന തെങ്ങിൻചുവട്ടിലൂടെ വിട്ടിലുകൾ തത്തിനീങ്ങി. തെങ്ങോലയിൽ ഉരുമ്മിക്കൊണ്ടൊരു വവ്വാൽ ചിറകടിച്ചു പറന്നു. മത്തായിച്ചൻെറ ഹൃദയത്തിലും വർണ്ണനാതീതമായ ഒരനുഭൂതിയുടെ ചിറകനങ്ങി.

മനസ്സ് മുമ്പോട്ടു പോകാൻ പ്രേരിപ്പിച്ചു. ശരീരം വിലക്കി.

ശരീരവും മനസ്സും തമ്മിലൊരു സംഘട്ടനം.

മത്തായിച്ചൻ കണ്ണു പൂട്ടി. കന്യാമറിയത്തെ ധ്യാനിക്കുന്നതിനു പകരം, ജീവിതത്തിലാദ്യമായി യേശുവിനെ മാത്രം ധ്യാനിച്ചു.

തെങ്ങുവിള മത്തായിച്ചൻ സഹായം വരുന്ന പർവ്വതത്തിലേക്ക് കണ്ണുകളുയർത്തി.

പെട്ടെന്നൊരമാനുഷിക ശക്തി ശരീരത്തിന്റെ വിലക്കിനെ ദുർബലമാക്കി. ആ ശക്തി തന്നെ സദസ്സിന്റെ മുമ്പിലേക്കു തള്ളി നീക്കുന്നതുപോലെ തോന്നി. ആയിരത്തിതൊള്ളായിരത്തി ഇരുപത്തിനാലിലെ ജലപ്രളയത്തിൻെറ ഓളങ്ങൾ തൻെറ തോണിയെ കിഴക്കൻ ദിക്കിലേക്കു തള്ളി നീക്കിയതുപോലെ.

# നാല്

**ലു**ങ്കിധാരിയായ ഒരു ചട്ടമ്പി സദസ്സിൻെറ മുമ്പിലേക്ക് ആഞ്ഞു നടക്കുന്നു.

പുരുഷന്മാരുടെ മുഖത്ത് ഭീതിയുടെ ചുളിവുകൾ.

സ്ത്രീകളുടെ മനസ്സിൽ തീമഴ.

എന്താണിത്? അടിപിടി നടത്താനാണോ?

ദ്വിഭാഷിയിലൂടെ സായിപ്പാരാഞ്ഞു. 'നിങ്ങൾക്കെന്തു വേണം?'

'അഞ്ചാറുവർഷം മുമ്പു നടന്ന വെള്ളപ്പൊക്കകാലത്ത് എനിക്ക് മലമ്പനി പിടിച്ചു. കണ്ണിന് ഞരമ്പുവെട്ടലും തുടങ്ങി. തണുപ്പുകാലത്തും മനഃപ്രയാസമുണ്ടാകുമ്പോഴും ഇടത്തേ കണ്ണ് വെട്ടാറുണ്ട്. വെട്ടലുണ്ടാകുമ്പോൾ നല്ല കാഴ്ചശക്തിയില്ല.'

മത്തായിച്ചൻെറ ഇടതുകൺപോളകൾ മൂന്നാലുവട്ടം ഇറുകി വെട്ടുന്നത് സായിപ്പു ശ്രദ്ധിച്ചു.

'സായിപ്പ് എന്റെ കണ്ണിനെയൊന്നു സൗഖ്യമാക്കിത്തന്നാലുപകാരമാ. രണ്ടാഴ്ചയായി കണ്ണിന് വെട്ടലും മങ്ങലും വളരെ കൂടുതലാ'.

'എനിക്കതിനു കഴിവില്ല. എന്നാൽ എന്റെ ദൈവത്തിനു കഴിയും. കണ്ണിനെ മാത്രമല്ല—നിങ്ങളെ മുഴുവനായും സൗഖ്യമാക്കാൻ കഴിയും. പാപരോഗത്തെ....'

'എന്നാൽ എനിക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യണം.'

'ഞാൻ മദ്ധ്യസ്ഥനല്ല. യേശുക്രിസ്തുവാണ് മദ്ധ്യസ്ഥൻ. നാം രണ്ടു പേരും കൂടി ഒന്നിച്ച് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിലൂടെ പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുകയാണ്.'

'ഉവ്വ്'

സായിപ്പാഹ്വാനം ചെയ്തു: 'ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. എന്നാലാദ്യം നിങ്ങളു മാനസാന്തരപ്പെടണം. ചൊവ്വാകണം.'

'കണ്ണിനു സുഖം കിട്ടിയാല് മാനസാന്തരപ്പെടാം.'

'അതു ദൈവത്തെ പരീക്ഷിക്കുകയാണ്. ദൈവത്തോടു വിലപേശരുത്. സൗഖ്യം കിട്ടിയാലും ഇല്ലെങ്കിലും ദൈവത്തെ സേവിക്കുമെന്ന് തീരുമാനിക്കണം.'

സ്വന്തം പിതാവിന്റെ മരണവേളയിൽപ്പോലും കരഞ്ഞിട്ടില്ലാത്ത മത്തായിച്ചന്റെ കൺപോളകൾ പെട്ടെന്നു നനഞ്ഞു.

സായിപ്പ് പ്രതിഷ്ഠാവാചകങ്ങൾ ദ്വിഭാഷി മുഖാന്തരം ചൊല്ലിക്കൊടുത്തു.

മത്തായിച്ചൻ ഏറ്റുചൊല്ലി.

ഏറ്റുചൊല്ലൽ കരച്ചിലായി.

ബാഷ്പധാര മുഖം കഴുകിക്കൊണ്ട് താഴേക്കൊഴുകി.

ഹൃദയത്തിലും ഒരു കഴുകൽ നടക്കുകയായിരുന്നു. പാപക്കറകളുടെ കഴുകൽ.

പ്രായമുള്ള സ്ത്രീകൾ കുശുകുശുത്തു. 'ചെങ്ങന്നൂരിനെ വിറപ്പിച്ചിട്ടുള്ള കുടിയൻ മത്തായിയല്ലേ ആ നിന്നു കരേന്നത്?'

കോട്ടൂരേത്ത് ആച്ചിയമ്മ മൂക്കത്തു വിരൽവച്ചു. 'പിന്നല്ല്യോ! അയാളു തന്നെയാ.'

സായിപ്പ് മത്തായിച്ചന്റെ ശിരസ്സിൽ കൈവച്ചു. പെട്ടെന്ന് ദൈവമുമ്പിൽ അപേക്ഷിക്കാൻ മറ്റൊരാഗ്രഹംകൂടി മത്തായിച്ചന്റെ മനസ്സിൽ വന്നു.

വെള്ളപ്പൊക്കകാലത്ത് ഭാര്യ വയറിടിച്ച് വള്ളത്തിൽ വീണു. ഉദരത്തിലെ ശിശു നശിച്ചു. മാതാവാകാനുള്ള ആഗ്രഹം—ഒരാൺകുഞ്ഞിനുവേ

ണ്ടിയുള്ള മോഹം—എല്ലാം അന്നു നഷ്ടമായി. അഞ്ചു വർഷങ്ങളായി സാറാമ്മ വന്ധ്യയായി ജീവിക്കുന്നു....എന്നാലിനിയും ഒരു കുഞ്ഞിനെ തരാൻ ദൈവത്തിനു കഴിയും എന്നയാൾ വിശ്വസിച്ചു. കുഞ്ഞിനുവേണ്ടിയുള്ള അപേക്ഷയും അയാൾ ദൈവമുമ്പിൽ സമർപ്പിച്ചു.

രണ്ടപേക്ഷകൾ. ഒന്ന് പരസ്യം. മറ്റേതു രഹസ്യം.

ശിരസ്സിലിരുന്ന സായിപ്പിൻെറ കരം ചലിച്ചു. പ്രാർത്ഥനകൾ മുഴങ്ങി. മത്തായിച്ചൻെറ തലയും കഴുത്തും ശക്തിയായി കുലുങ്ങി. അടുത്തുനിന്ന ഉപദേശിമാരുടെ കരതലങ്ങളും മത്തായിച്ചന്റെ ശിരസ്സിലേക്കാഗമിച്ചു.

'യേശുവിന്റെ നാമത്തിൽ രോഗത്തെ ഭർത്സിക്കുന്നു.' പന്തളം മത്തായിച്ചനലറി.

'യേശുവിൻെറ ആണിപ്പഴുതുള്ള കരത്താൽ സൗഖ്യമാകട്ടെ.' ഒരു സൈന്യാധിപന്റെ ധ്വനിയിൽ കൊടുന്തറ ഉമ്മച്ചനുപദേശി ആജ്ഞനൽകി.

'രോഗത്തിന്റെ ബന്ധനം അഴിയപ്പെടട്ടെ. സാത്താനേ വിട്ടുപോകൂ.' രാജകല്പനയുടെ അധികാരമുണ്ടായിരുന്നു അയിരൂക്കുഴിയിൽ ഏ.ജെ. ജോൺസാറിന്റെ വാക്കുകൾക്ക്.

ഉപദേശിമാരുടെ കരസ്പർശനങ്ങൾ അനുഭവിച്ചുകൊണ്ട് മത്തായിച്ചനവിടെ നിന്നു.

ശബ്ദമൊന്നടങ്ങിയപ്പോൾ കണ്ണീർ തുടച്ചുകൊണ്ട് പന്തലിന്റെ പുറകിലേക്ക് മടങ്ങി. ഇപ്രാവശ്യം ദേവസ്യായുടെകൂടെ തെങ്ങിൻചുവട്ടിലല്ല ഇരുന്നത്. മറ്റൊരു ശ്രോതാവിന്റെയടുത്ത് തഴപ്പായുടെ മടക്കുനിവർത്തിയിരുന്നു. പഴയതുപോലെ കണ്ണിൻെറ ഞരമ്പുവെട്ടി.

ധ്യാനത്തിന്റെ ശൈലിയിൽ പന്തലിലുയർന്ന ഗാനധാരയിൽ അയാൾ ലയിച്ചു. കൂർത്ത ഒരു സൂചിമുനപോലെ ചിന്തയും വികാരവും ദൈവത്തിൽ കേന്ദ്രീകരിച്ചു.

പൊടുന്നനെ ഉഗ്രമായ ഒരു ശക്തി അനുഭവപ്പെട്ടു. സഹ്യാദ്രികളെ മറികടന്നൊഴുകുന്ന കല്ലടയാറിലെ വെള്ളപ്പാച്ചിൽ പോലെ.

പന്തളം മത്തായിച്ചൻ സമാപനഗാനം തുടങ്ങിയപ്പോൾ കൂടെപ്പാടണമെന്നു തോന്നിയ മത്തായിച്ചൻ ഇടതുവശത്തിരുന്ന ശ്രോതാവിന്റെ പാട്ടുപുസ്തകത്തിലേക്കു കണ്ണോടിച്ചു.

അത്ഭുതം!

കണ്ണിന്റെ മൂടൽ മാറിയിരിക്കുന്നു.

വലത്തെ കണ്ണ് വിരലുകൊണ്ട് പൊത്തിപ്പിടിച്ച് ഇടത്തെ കണ്ണുകൊണ്ടുമാത്രം നോക്കി. ഏറ്റവും ചെറിയ അക്ഷരംപോലും നന്നായി വായിക്കാം. ഞരമ്പുവെട്ടലും മാറിയിരിക്കുന്നു.

വെള്ളപ്പൊക്കത്തിനുശേഷം ഇടത്തേ കണ്ണുകൊണ്ട് വലിയ അക്ഷരങ്ങളേ വായിക്കാൻ സാധിച്ചിരുന്നുള്ളൂ. ഇപ്പോൾ ഏറ്റവും ചെറിയ അക്ഷരങ്ങളും മങ്ങലുകൂടാതെ വായിക്കാം.

കാണികളെ അമ്പരപ്പിച്ചുകൊണ്ട് ഒരാക്രമണകാരിയുടെ വേഗതയിൽ മത്തായിച്ചൻ നടന്നു. പുരുഷന്മാർ വഴിമാറി. സ്ത്രീകൾ ഞെട്ടിനോക്കി.

നെറ്റിയിൽ പൊടിഞ്ഞ വിയർപ്പു തുടച്ചുകൊണ്ട് പന്തളം മത്തായിച്ചൻ ആജ്ഞാപിച്ചു: 'നിങ്ങൾക്കെന്തുവേണം? അവിടെ നിൽക്കൂ.'

'എനിക്കു സാക്ഷി പറേണം. എന്റെ കണ്ണിനു സൗഖ്യം കിട്ടി.'

'പുള്ളി മുമ്പോട്ടു വരട്ടെ കൊഴപ്പമില്ല.' തോട്ടുംകര വർഗീസ് ഉറപ്പു നൽകി.

തനിക്കുണ്ടായ മാനസാന്തരത്തെപ്പറ്റിയും അത്ഭുതരോഗശാന്തിയെപ്പറ്റിയും മത്തായിച്ചൻ പ്രസ്താവിച്ചു. കണ്ണീരിൽ കഴുകിയ വാക്കുകളാണ് ബഹിർഗമിച്ചത്.

'ദാ നോക്കൂ. ഉപദേശിമാരെ മർദ്ദിക്കാൻ കൊണ്ടുവന്ന ചുറ്റിക.'

കൊടുന്തറ ഉമ്മച്ചൻ ഇരുമ്പുചുറ്റിക വാങ്ങി ഇടതുകൈയിലുയർത്തി. വലതുകൈയിൽ വേദപുസ്തകം .

'അല്ലേലുയ്യാ. വേദപുസ്തകം ചുറ്റികയെ ജയിക്കും. ചക്രവർത്തിമാരുടെ വാളിനെ ജയിച്ചതാണീവചനം.'

'ഗ്ലോറി. ദൈവനാമം മഹത്വപ്പെടട്ടെ.' സദസ്സ് വിജയഭേരി മുഴക്കി.

യോഗമവസാനിച്ചപ്പോൾ സായിപ്പ് അറിയിപ്പുകൾ നടത്തി. തിരുവിതാംകൂറിന്റെ തെക്കുഭാഗത്ത് സുവിശേഷവേല ചെയ്യാൻ ഉപദേശിമാരെ ആവശ്യമുണ്ടെന്നറിയിച്ചു. 'അവിടെ കൊയ്ത്തു വളരെയുണ്ട്. വേലക്കാരോ ചുരുക്കം' സദസ്സിനെ അദ്ദേഹം അങ്ങോട്ടു പോകാൻ ആഹ്വാനം ചെയ്തു.

മത്തായിച്ചൻ മനസ്സിലാഗ്രഹിച്ചു: 'ഞാൻ വചനം പഠിക്കും. എന്നെങ്കിലും, എത്ര പ്രതികൂലം വന്നാലും, ഈ സായിപ്പു പ്രസംഗിക്കുന്ന സത്യസുവിശേഷം പ്രസംഗിക്കാൻ തെക്കൻ പ്രദേശത്തു പോകും.'

അയാൾ അനുതപിച്ചു. കോടതി കയറാനും ചൂതു കളിക്കാനും മദ്യം കുടിക്കാനും എന്തുമ്മാത്രം പണവും സമയവും ചെലവാക്കി! ഇനി ദൈവത്തിനെന്തു കൊടുക്കും?

തന്നത്താൻ മറുപടി പറഞ്ഞു: 'എന്നെത്തന്നെ ഞാൻ ദൈവത്തിനു കൊടുത്തിരിക്കുന്നു. ശേഷിക്കുന്ന നിലവും പുരയിടവും വിറ്റു ദൈവവേലയ്ക്കു കൊടുക്കും.'

ഒരേ ലക്ഷ്യത്തോടെ ഒരേ വഴിയിലൂടെ പുത്തൻകാവിൽ പോയ മത്തായിച്ചനും ദേവസ്യായും മുളക്കുഴവരെ ഒന്നിച്ചുനടന്നു. അവിടെവച്ചവർ സ്വന്തം വീടുകളിലേക്ക് തിരിഞ്ഞു.

രണ്ടു വ്യത്യസ്ത വഴികളിലേക്ക്.

ആത്മികമായും വ്യത്യസ്തമായ രണ്ടു വഴികൾ.

വീടിനോടടുത്തപ്പോൾ ഹൃദയത്തിലെ ആഗ്രഹം അധരങ്ങൾ വിളംബരം ചെയ്തു: 'ദൈവമേ, എന്റെ ഭാര്യയും അമ്മച്ചിയും ബന്ധുമിത്രാദികളും മാനസാന്തരപ്പെടാനിടയാക്കണേ.'

വഴിയരികിലുള്ള പുഷ്പലതാദികൾ ആ പ്രാർത്ഥന തലചായ്ച്ചു കേട്ടു. നിശാജീവികൾ അല്പനേരത്തേക്കു നിശ്ശബ്ദരായി. വഴിയരികിലെ ചെറ്റക്കുടിലുകളിൽ താമസിക്കുന്ന ജനങ്ങൾ രാത്രിയുടെ ഏകാന്തതയിൽ സ്വപ്നങ്ങളുടെ ഉപാന്തങ്ങളിൽ വിഹരിച്ചുതുടങ്ങി.

♦ ♦ ♦

'സാറാമ്മേ, സാറാമ്മേ. കതകു തൊറന്നേ.'

തലേരാത്രിവരെ 'തൊറക്കെടീ' എന്നാക്രോശിച്ചിരുന്നു. ചിലപ്പോൾ കതകിൽ മുഷ്ടികൊണ്ടിടിക്കും. കാലുകൊണ്ടു ചവിട്ടിയെന്നും വരും. ഈ രാത്രി അതൊന്നും സംഭവിച്ചില്ല.

സാറാമ്മ കതകു തുറന്നുകൊടുത്തശേഷം അത്താഴം വിളമ്പിക്കൊടുക്കാനായി ഉറക്കച്ചടവോടെ നടന്നു.

'സാറാമ്മേ, ഇങ്ങോട്ടൊന്നു നോക്കിയേ'. സാധാരണ എടീന്നും സാറായെന്നും വിളിക്കുന്ന മത്തായിച്ചൻ ഭാര്യയെ ഓമനപ്പേരു ചൊല്ലി വിളിച്ചു.

'ഞാനൊരു പുതിയ സൃഷ്ടിയായി.' മത്തായിച്ചൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

ഉറക്കച്ചടവിന്റെ ദേഷ്യത്തോടെ സാറാമ്മ ചോദിച്ചു: 'എന്തവാ ഈ പുതിയ സൃഷ്ടി? ഇന്നെന്താ കള്ളുമാറി ചാരായമാണോ കുടിച്ചത്....അതോ പഴയ കള്ളുഷാപ്പു മാറി പുതിയ കള്ളുഷാപ്പിൽ പോയതാന്നോ പുതിയ സൃഷ്ടി?'

'ദാ നോക്ക് എന്റെ കണ്ണ്.'

'ഓ—കണ്ണിലെന്തോ നോക്കാനാ....ചാരായം കുടിച്ചാല് കണ്ണു ചെമന്നിരിക്കും. ഞാനിതെത്ര കണ്ടതാ?'

'സാറാമ്മേ—കള്ളും ചാരായോം ഒന്നുമല്ല. ആ പെന്തക്കോസിലെ സായിപ്പ് എന്റെ കണ്ണിനുവേണ്ടി പ്രാർത്ഥിച്ചു. വെട്ടലു മാറി. മങ്ങലും മാറി.'

അവൾ നോക്കി. വീണ്ടും നോക്കി.

'ഓ—ബെന്തിക്കോസ്. ഇതു വല്ല ഭൂതോം കയറിയതാ. അവമ്മാരെല്ലാം ഭൂതസേവക്കാരാണെന്നാ നമ്മളുടെ അച്ചന്മാർ പറേന്നത്.'

'ഭൂതത്തിനു കണ്ണിനു സൗഖ്യം തരാൻ കഴിയുമോ?'

'പിന്നില്ല്യോ.'

'അതെങ്ങനാ?'

'എങ്ങനാന്നോ? പ്ശാചിനും ശക്തിയുണ്ട്. ചാത്തൻസേവക്കാര് എത്ര പേരെ സൗഖ്യമാക്കുന്നു!'

'സാറാമ്മേ, അങ്ങനെ നീ പറയല്ലേ—ഭൂതം കേറിയാല് മാനസാന്തരമുണ്ടാവുമോ? ഞാൻ അനുതപിച്ചു മാനസാന്തരപ്പെട്ടിരിക്കുന്നു. എന്റെ ചീത്ത ജീവിതം ഉപേക്ഷിച്ചിരിക്കുന്നു.'

'കഷ്ടം. ഉപദേശിമാര് വലയിൽ കുടുക്കി.'

'ഞാൻ കുടുങ്ങുകയല്ല ചെയ്തത്. സ്വതന്ത്രനായിരിക്ക്വാ'.

'ഹൂം. സ്വാതന്ത്ര്യം!'

'ദാ നോക്ക്.'

'വ്വൊ!'

'മണപ്പിച്ചുനോക്ക്. കള്ളു നാറുന്നോന്ന്. ഇന്നു രാത്രീല് ഷാപ്പിൽ പോയില്ല. ബീഡിപ്പൊതി മൊത്തം കപ്പക്കാട്ടിൽ എറിഞ്ഞുകളഞ്ഞു. മൂക്കുപ്പൊടി ഡപ്പിസഹിതം തോട്ടിലെറിഞ്ഞു.'

സാറാമ്മ അല്പസമയം ഭർത്താവിനെ നോക്കിനിന്നു.

കണ്ണിൽ ഇറുകിയ ഞരമ്പുവെട്ടലില്ല.

വായിൽ മദ്യത്തിന്റെ രൂക്ഷഗന്ധമില്ല.

കണ്ണു ചുവന്നിട്ടില്ല.

അർദ്ധരാത്രിയിലും സുബോധത്തോടുകൂടി, സ്നേഹമസൃണമായി സംസാരിക്കുന്ന ഒരു പുരുഷന്റെ മുമ്പിൽ ദാമ്പത്യ ജീവിതത്തിലാദ്യമായി അവൾ നിന്നു.

തെങ്ങുവിള മത്തായിച്ചന്റെ മാനസാന്തരവും രോഗശാന്തിയും ദേവസ്യായുടെ കടയിൽ ചൂടുപിടിച്ച ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും കാരണമായി. സംശയലിപ്തമായ പ്രതികരണങ്ങൾ.

'മത്തായ്യീടെ മാനസാന്തരം വെറും കള്ളം. സായിപ്പിന്റെ പണം പിടുങ്ങാൻ നടത്തിയ അഭിനയം'. കൃഷ്ണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു.

'ഇതു സായിപ്പിന്റെ കൺകെട്ടു വിദ്യയാ.' കുന്നത്തുമല അന്തോണി തട്ടിമൂളിച്ചു.

വടക്കനേത്തു ഫിലിപ്പുസാർ സ്കൂളിൽ പോകാൻ അതുവഴി വന്നപ്പോൾ പലർക്കും തൃപ്തികരമായ ഒരു വിശദീകരണവുമായാണ് എത്തിയത്. ഒന്നുരണ്ടു മനശ്ശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ള അദ്ദേഹം ആ പശ്ചാത്തലത്തിൽത്തന്നെ വിശദീകരണം നൽകി: 'തെങ്ങുവിള മത്തായിയുടെ രോഗം മാനസികമായിരുന്നു. സായിപ്പിന്റെ മുമ്പിൽ നിന്നപ്പോൾ അയാൾക്കു കുറെ വൈകാരികശക്തി ലഭിച്ചു. സൗഖ്യം കിട്ടുമെന്നുറച്ചു വിശ്വസിച്ചു. കണ്ണുവെട്ടൽ തനിക്കില്ലെന്നു മനസ്സിൽ നിശ്ചയിച്ചു. ആ വികാരം ഞരമ്പുകളെ ശക്തമാക്കി. വെള്ളപ്പൊക്കത്തിലുണ്ടായ വൈകാരികക്ഷോഭവും ഭയവും കൊണ്ടാ കണ്ണുവെട്ടലു ബാധിച്ചത്. ആ ഭയം മാറിയപ്പോൾ ഞരമ്പുകളുടെ സമ്മർദ്ദം നിലച്ചു സൗഖ്യം കിട്ടി. ഇതു ദൈവത്തിന്റെ ശക്തിയല്ല, മനസ്സിന്റെ ശക്തിയാണു തെളിക്കുന്നത്.'

പൊയ്കയിൽ ഏബ്രഹാം വക്കീൽ ഫിലിപ്പു സാറിന്റെ വാദഗതി നിഷേധിച്ചു: 'മാനസികമായാൽ പോലും ഇതൊരത്ഭുതം തന്നെയാണ്. തന്റെ ഞരമ്പിന്റെ ഏനക്കേടു മാറ്റാൻ കഴിയുമെന്നു മത്തായിച്ചൻ വിശ്വസിച്ചത് ആത്മീയമായ ഒരന്തരീക്ഷത്തിലാണ്; ദൈവത്തെപ്പറ്റിയുള്ള പ്രസംഗങ്ങളും പാട്ടുകളും ഉയർന്ന ഒരു സദസ്സിൽ. വിശ്വാസം വർദ്ധിപ്പിക്കുന്ന സിദ്ധികൾ മനുഷ്യന്റെ മനസ്സിൽ നിക്ഷേപിച്ചത് ദൈവംതന്നെയാണ്. വെള്ളപ്പൊക്കക്കാലത്തുണ്ടായ വിഭ്രാന്തിയെ തുടച്ചുനീക്കിയത് ദൈവികധ്യാനത്തിലൂടെയാണ്; ഈ വിശ്വാസം ദൈവദത്തമാ....ദൈവവചനം നൽകിയ വിശ്വാസം....ഈ രോഗസൗഖ്യവും ദൈവത്തിൽനിന്നുത്ഭവിച്ചതാ. സൗഖ്യത്തിനു ശേഷം അയാടെ സ്വഭാവം ഭക്തിയുള്ളതായത് ഇത് ഹേതുവാലാണ്.'

പലരും രോഗശാന്തിക്കു നൽകിയ വിശദീകരണം കേട്ട് മത്തായിച്ചൻ പറഞ്ഞു: 'എന്തിനാ വെറുതെ തർക്കിക്കുന്നേ? ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഇതു വിപ്രിതിയല്ല. ക്രിസ്തുവിന്റെ കരം എന്നെ തൊട്ടതാ. ഇത് അത്ഭുതരോഗശാന്തിയാ.'

നാടാകെ പാട്ടായി.
കുടിയൻ ഉപദേശിയാകാൻ പോകുന്നു.
തെങ്ങുവിള മത്തായിയെ ചാക്കിട്ടു.
സായിപ്പു ചാക്കിട്ടു; ഊദേശിമാർ ചാക്കിട്ടു.

പെന്തക്കോസ്തിലെ യുവാക്കളും കാച്ചിക്കുറുക്കിയ വേദവാക്യങ്ങളുടെ അകമ്പടിയോടെ മുറിപ്പാട്ടുകൾ ഉണ്ടാക്കി:

തെങ്ങുവിളയച്ചായൻ ദൈവമകനായി.
കരടി പശുവിനോടു കൂടെ മേയും
ചെന്നായ് കുഞ്ഞാടിനോടൊത്തു പാർക്കും
ദ്രോഹിയാം ശൗൽ ഒരൊറ്റ നിമിഷംകൊണ്ട്
ഭക്തനാം പൗലൊസ് ശ്ലീഹയായി മാറി
പേരു മാറി, ഗുണം മാറി.
കരടിയാം തെങ്ങുവിളയച്ചായൻ
ഒരൊറ്റ രാത്രി കൊണ്ടു കുഞ്ഞാടായി
അടി മാറി, കുടി മാറി.
സുവിശേഷത്തിന്റെ രൂപാന്തരശക്തി
എന്തത്ഭുതം! അത്യത്ഭുതം!

# അഞ്ച്

'**മോ**നേ, നെനക്കു കള്ളിനോടും ചാരായത്തോടും പണ്ടുണ്ടായിരുന്ന പ്രിയം ഇപ്പം വേദപുസ്തകത്തോടാ. പൊന്നുമോനേ, ഇതൊക്കെ വായിച്ചു നിന്റെ തല പുണ്ണാക്കല്ലേ....കേട്ടോടാ.'

ശ്രദ്ധയെ പിടിച്ചുയർത്തിയ വേദവാക്യങ്ങളുടെ അടിയിൽ പേനാ കൊണ്ട് അടയാളമിട്ടുകൊണ്ടിരുന്ന മത്തായിച്ചനെ ശകാരിച്ചുകൊണ്ട് ചേച്ചമ്മ പ്രത്യക്ഷപ്പെട്ടു.

രാത്രിയിൽ നാട്ടുകാരെല്ലാം ഓട്ടൻതുള്ളൽ കാണാൻ ചെങ്ങന്നൂർ സ്കൂളിൽ പോയിരിക്കയാണ്. പണ്ടായിരുന്നെങ്കിൽ മത്തായിച്ചനും പോകുമായിരുന്നു.

എന്നാൽ ഇപ്പോൾ രാത്രിയിൽ വേദപുസ്തകം വായിച്ചുകൊണ്ട് കിടക്കയിൽ വീഴും.

രാവിലെ എഴുന്നേൽക്കുമ്പോളാദ്യം തപ്പുന്നത് വിളക്ക്.

രണ്ടാമതു വേദപുസ്തകം.

എത്ര ക്രൈസ്തവ മാസികകളാണ് മേശപ്പുറത്ത് നിരന്നുകിടക്കുന്നത്! മാസികകളിലും വേദപുസ്തകത്തിലും നോട്ടമിട്ടുകൊണ്ട് ചേച്ചമ്മ വീണ്ടും ഗുണദോഷിച്ചു: 'കുഞ്ഞേ, തല പുണ്ണാക്കല്ലേ. പട്ടക്കാരും മെത്രാമ്മാരുമൊക്കെ വായിച്ചാലേ ഇതിന്റെയൊക്കെ ഒള്ള അർത്ഥം പിടികിട്ടത്തൊള്ളൂ.'

'അമ്മേ, ഈ വേദപുസ്തകം പട്ടക്കാർക്കും തിരുമേനിമാർക്കും മാത്രം ഉള്ളതല്ല. ആർക്കും വായിക്കാം. സത്യം മനസ്സിലാക്കാം. കള്ളു കുടിച്ച് തല മരവിപ്പിക്കുന്നതിനേക്കാൾ നല്ലതല്ലേ ദൈവവചനം തലേൽ കേറുന്നത്.'

'നിന്റെ കൈയിലിരിക്കുന്ന വേദപുസ്തകം നിന്റെ അപ്പച്ചൻ മരിക്കുന്നേന്റെ തലേവർഷം വാങ്ങിച്ചതാ. മരിക്കുമ്പം അപ്പച്ചന്റെ തലേണക്കീഴിൽ വേദപുസ്തകം ഉണ്ടായിരുന്നു.'

'വേദപുസ്തകം തലയിണക്കീഴിൽ വയ്ക്കാനുള്ളതല്ല. വായിച്ചു പഠിക്കാനുള്ളതാ....ഇന്നാളിൽ ഉണ്ണൂണ്ണിസാർ പ്രസംഗിച്ചപ്പോൾ പറഞ്ഞതു കേൾക്കണോ?'

'എന്തവാ?'

'ഇന്ന് ക്രിസ്ത്യാനികളുടെ വീടുകളിൽ തുറക്കാതിരിക്കുന്ന വേദപുസ്തകങ്ങളിലെ പൊടിയും ചിതലും ഒന്നിച്ചു കുടഞ്ഞുകളഞ്ഞാൽ തിരുവിതാംകൂറു മൊത്തം ഒരു ധൂളീവാതമുണ്ടാകും. മനുഷ്യർ പൊടി മൂക്കിക്കേറി ചാകുമെന്നുപോലും!'

'നീയിങ്ങനെ വായിക്കേം പ്രാർത്ഥിക്കേം ചെയ്താൽ മുഷിവു തോന്നത്തില്ലേ?'

'ആത്മശക്തിയില്ലാതെ അഞ്ചു മിനിട്ടു പ്രാർത്ഥിച്ചാൽ അഞ്ചു മണിക്കൂറുപോലെ തോന്നും. ആത്മശക്തിയോടെ അഞ്ചു മണിക്കൂറു പ്രാർത്ഥിച്ചാലും അഞ്ചു മിനിട്ടുപോലേ തോന്നൂ.'

മാതാവ് മിണ്ടിയില്ല.

ചേച്ചമ്മയ്ക്ക് ഒരു വസ്തുതയറിയാം. പണ്ട് അസഭ്യം ഒഴുകിയ നാവുകളിൽ ഇന്ന് സ്തോത്രാർച്ചനകളണ്. വീടു തൂത്തുവാരാനും ഇന്നെളുപ്പമാണ്. ബീഡിക്കുറ്റിയും ചുണ്ണാമ്പുപൊടിയും ചിതറിക്കിട പ്പില്ല. വെറ്റിലമുറുക്കിയ ചുവന്ന തുപ്പൽ നടുമുറ്റത്തില്ല.

രണ്ടുമാസം മുമ്പ് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചപ്പോൾ ആത്മശക്തിയുടെ ഒരുപുതിയ പാതയിലേക്ക് മത്തായിച്ചൻ കയറുകയായിരുന്നു. മൂഢാചാരങ്ങളെ പിൻതള്ളി, വചനത്തെ ഉൾച്ചേർത്തുകൊണ്ടുള്ള ഒരു പാത. ദുർഘടം! എങ്കിലും നേരേപോകുന്ന പാത.

പിറ്റേന്നുച്ചയ്ക്ക് ചോറും മീനും മുട്ടയും വിളമ്പിവച്ചശേഷം ചേച്ചമ്മ വിളിച്ചപ്പോൾ മറുപടി കിട്ടിയില്ല.

തിണ്ണയിലേക്കു വന്നപ്പോൾ പുറംചട്ടയില്ലാത്ത ഒരു പുസ്തകത്തിന്റെ മുമ്പിൽ ഏതോ നിധി തപ്പിയെടുക്കുന്ന ജിജ്ഞാസയോടെ മത്തായിച്ചനിരിക്കയാണ്.

'എന്തോന്നാടാ നീ വായിച്ചോണ്ടിരിക്കുന്നത്. പോലത്തെ കഴിക്കാൻ നേരമായില്ല്യോ?'

'കെ.വി. സൈമൺസാറിന്റെ ക്രിസ്തീയ സ്നാനപ്രബോധിനി. അദ്ദേഹം എഴുതിയിരിക്കുന്നത്, വിശ്വസിച്ചശേഷം വെള്ളത്തിൽ മുങ്ങി സ്നാനം സ്വീകരിക്കണമെന്നാ.'

'കിറുക്കു പറയാതെടാ. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം നീ ശ്നാനപ്പെടത്തില്ല.'

'പെടുമമ്മേ, പെടും.'

'പെട്ടാലന്നു ഞാൻ കിണറ്റിൽ ചാടിച്ചാകും. എന്റെ കാലം കഴിഞ്ഞ് നീ എന്തോ മണ്ടത്തരം വേണോങ്കിലും കാണിച്ചോ....'

'അമ്മച്ചീ ദൈവകല്പന അനുസരിക്കണ്ടായോ?'

'മോനേ നിന്റെ അപ്പനപ്പൂപ്പന്മാരാരും കലക്കവെള്ളത്തി മുങ്ങീട്ടില്ല. പിന്നെന്തിനാ നീ മുങ്ങുന്നേ—അവരാരും ദൈവകല്പന അനുസരിച്ചോരല്ലേ?'

'അപ്പനപ്പൂപ്പന്മാരു നരകത്തിപ്പോയാൽ ഞാനും നരകത്തിപ്പോകണമെന്നാണോ?'

ക്രുദ്ധമായ ഒരു നോട്ടമായിരുന്നു അതിനു മറുപടി.

'പറയമ്മേ, പണ്ടൊരുകാലത്ത് നമ്മുടെ പൂർവ്വികന്മാർ കല്ലിനെയും തടിയെയും വൃക്ഷത്തെയും സർപ്പത്തെയും ആരാധിച്ചിരുന്നു. നാമും അതു ചെയ്താ മതിയോ?'

'എടാ ചള്ളേ, നീ മിണ്ടാതിരി'.

'അമ്മയെന്തിനാ കോപിക്കുന്നേ!'

'ചെറുക്കാ നീയിപ്പം പെണ്ണുകെട്ടിയെന്നുവെച്ച്—നീ എത്ര വല്യോനായാലും നീയെന്റെ വയറ്റിൽ കിടന്നവനല്ലേ?'

'ദൈവമാണ് മാതാവിനേക്കാൾ എനിക്കു കാര്യം.'

'പേപ്പട്ടിക്കു വെള്ളം കണ്ടാൽ പൂതിയിളക്കമാ. നെനക്കീ വെള്ളത്തിച്ചാടാൻ ഇത്ര കൊതിയെന്താ?'

'അമ്മ എത്രൊക്കെ പുച്ഛിച്ചാലും ഞാൻ സ്നാനപ്പെടും. ഉണ്ണൂണ്ണിസാറിനെക്കൊണ്ട് സ്നാനം നടത്തിക്കും.'

'എന്റെ തെയ്വമേ—ആ ഉണ്ണൂണ്ണിസാറ് നിന്നെപ്പോലെ ഒരു വിപ്രിതിക്കാരനാ. അങ്ങേർക്ക് നല്ലൊരു വാദ്യാരുദ്യോഗോം ശമ്പളോം ഒക്കെ ഒണ്ടാരുന്നു. അതൊക്കെ കളഞ്ഞിട്ടിപ്പം വട്ടക്കഴുത്തുള്ള ഉടുപ്പുമിട്ട് വേദപുസ്തകോം എടുത്തോണ്ട് നടക്കുവാ. അങ്ങേര് വെള്ളത്തിമുങ്ങിയേപ്പിന്നെ ആ വീട്ടിൽ പട്ടിണി മാറീട്ടില്ല.'

'സത്യത്തിനുവേണ്ടിയുള്ള പട്ടിണി ലാഭമാ.'

'കുഞ്ഞേ നീയെന്നോടു തർക്കിക്കാതിരി. നിന്നെ ഒന്നു തളിച്ചതല്ലേ?

നീ കുഞ്ഞായിരിക്കുമ്പം ഞാനും നിന്റെ അപ്പച്ചനുംകൂടെ നിന്നെ മാമ്മോദീസാ കഴിപ്പിച്ചതാ. കലക്കവെള്ളമല്ല. സുഗന്ധം കലക്കിയ വെള്ളമാ അച്ചൻ തലേൽ തളിച്ചത്.'

'എനിക്കെട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ, ഞാനറിയാതെ, എൻെറ ദേഹത്ത് സുഗന്ധവെള്ളം തളിച്ചാൽ എന്തു ഗുണമാ? എന്റെ സ്വന്ത വിശ്വാസത്തിൻെറയടിസ്ഥാനത്തിൽ സ്വന്തസമ്മതത്തോടു കൂടി നടത്തുന്ന സ്നാനത്തിലേ എനിക്കു വിശ്വാസമുള്ളു....ഈ പുസ്തകം വായിച്ചുനോക്കമ്മേ.'

'പണ്ടത്തെ നെലത്തെഴുത്തു പഠിച്ച ഞാനെങ്ങനാടാ അച്ചടിപ്പുസ്തകം വായിക്കുന്നേ?'

'അമ്മേ, സൈമൺസാർ ചരിത്രം പഠിച്ചിട്ടുള്ള ആളാ. പണ്ടുകാലത്ത് പള്ളികൾക്കുള്ളിലോ പരിസരത്തോ സ്നാനക്കുളങ്ങൾ ഉണ്ടായിരുന്നതായി അദ്ദേഹത്തിൻെറ പുസ്തകത്തിൽ തെളിവുകൾ നിരത്തുന്നു. വെള്ളം തളിച്ചാൽ മതിയെങ്കിൽ കുളത്തിൻെറ ആവശ്യമില്ലല്ലോ! സ്നാനം എന്ന പദംതന്നെ മൂലഭാഷയിൽ മുങ്ങിയുള്ള കുളിയെയാണ് സൂചിപ്പിക്കുന്നതെന്ന് പണ്ഡിതന്മാർ പറയുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. യേശുക്രിസ്തുതന്നെ വളരെ വെള്ളമുള്ള യോർദ്ദാൻ നദിയിലല്ലേ സ്നാനപ്പെട്ടത്! ആദ്യനൂറ്റാണ്ടുകളിൽ ശിശുസ്നാനം ഇല്ലായിരുന്നെന്നും ഈ പുസ്തകം തെളിയിക്കുന്നു.'

'നിൻെറ പേട്ടുപുസ്തകം ഞാൻ നെരിപ്പോടിലിട്ടു ചുട്ടുകളയും, കേട്ടോടാ....നീ തറവാടിന്റെ മാനം കളേരുത്. കലക്കവെള്ളത്തി മുങ്ങിയാപ്പിന്നെ ഞാൻ മനുഷ്യരുടെ മൊഖത്തെങ്ങനെ നോക്കും? നീ വേദപുസ്തകം പിടിച്ചോണ്ടു നടക്കുമ്പം എത്രപേരാ ചിരിക്കുന്നതെന്നറിയാമോ?'

'ഞാൻ തെങ്ങിൻകള്ളു മോന്തി നടക്കുന്ന കാലത്തെങ്ങും അമ്മച്ചിക്കു മാനക്കേടില്ലായിരുന്നു. ഇപ്പം ദൈവമകനായപ്പഴാ മാനക്കേട്! പണ്ടൊക്കെ ഞാൻ ഞായറാഴ്ച കഠാരി പിടിച്ചോണ്ടു കള്ളുഷാപ്പിൽ പോകുമ്പം ആരും കളിയാക്കി ചിരിച്ചിട്ടില്ല. ഇപ്പം ദൈവത്തിൻെറ വചനം കയ്യിപ്പിടിച്ചു നടക്കുമ്പോഴാ ചിരി. ഇതെന്തൊരു ലോകമാ. മനുഷ്യൻെറ തല തിരിഞ്ഞതാ.'

'എടാ, നിന്റെ തലയാ തിരിഞ്ഞത്. പാവങ്ങളെ സഹായിക്കുന്ന ത്യാഗികളായ പുരോഹിതന്മാരെയും കന്യാസ്ത്രീകളെയും മറന്നുകൊണ്ട് നീയും നിന്റെ ഓദേശിമാരും നന്ദികേടു പറേന്നു.'

'അമ്മേ, ആശുപത്രികളും അനാഥശാലകളും വിദ്യാലയങ്ങളും സ്ഥാപിച്ച് ജനസേവനം ചെയ്യുന്ന പുരോഹിതന്മാരും കന്യാസ്ത്രീകളും നമ്മുടെ ബഹുമാനം അർഹിക്കുന്നു. എന്നാൽ മറുവശത്ത് അച്ചന്മാരും കന്യാസ്ത്രീകളും കുട്ടിദൈവങ്ങളെയും വ്യാജ മദ്ധ്യസ്ഥരെയും സ്വീകരിക്കുന്നു. വർഷംതോറും പുതിയ പുതിയ മദ്ധ്യസ്ഥരെ ഉണ്ടാക്കിക്കൊടുക്കുന്നു. വിഗ്രഹാരാധനയെ വിലക്കുന്നില്ല. കാതലായ വിശ്വാസവിഷയങ്ങളിൽ അവർ വിട്ടുവീഴ്ച കാണിക്കുന്നു. നിർമ്മലസുവിശേഷത്തിൽ മറിമായം ചേർക്കുന്നു. ഇവർ കുറ്റക്കാരാണ്. വിഷം കഴിച്ച് സഭ നശിക്കുമ്പോൾ ഉപദേശിമാർ മിണ്ടാതിരിക്കാനൊക്കുമോ?'

♦ ♦ ♦

ചെങ്ങന്നൂർ പള്ളിപ്രമാണികൾ കോഴിക്കൂടിനുചുറ്റും കുറുക്കനെന്നപോലെ മത്തായിച്ചനെ ചുറ്റിപ്പറ്റി പ്രയത്നങ്ങളാരംഭിച്ചു. മത്തായിച്ചനെ സ്നാനജലത്തിലിറക്കാതെ തിരികെ കത്തോലിക്കാ സമുദായത്തിലേക്ക്

കൊണ്ടുപോകുകയായിരുന്നു ലക്ഷ്യം.

സാമം

ദാനം

ഭേദം

ദണ്ഡം

ചതുരുപായങ്ങൾ ഓരോന്നായി പ്രയോഗിക്കപ്പെട്ടു.

ആദ്യത്തെ ഉപായവുമായി വന്ന മാണിക്കപ്പ്യാർ ഗദ്ഗദകണ്ഠനായിരുന്നെങ്കിലും മുഖത്ത് പ്രതീക്ഷയുടെ ചിരിയുണ്ടായിരുന്നു: 'മത്തായിച്ചാ ഞങ്ങളെയൊക്കെ വിട്ടേച്ചു നീ പെന്തിക്കോസ്തിൽ പോകല്ലേ. കുട്ടിക്കാലം തൊട്ടേ ഒന്നിച്ചു കളിച്ചുചിരിച്ചു നടന്നോരല്ലേ നമ്മൾ.'

'കളീം ചിരീം പോയി. ഇപ്പം കാര്യത്തിലാ.'

'എന്നാലും....തലേം വേരും മറക്കല്ലേ.'

ഒരു വേദവാക്യമായിരുന്നു മറുപടി.

'കാന്തേ, ലബാനോനെ വിട്ടു പോരിക

ഹെർമ്മോൻ കൊടുമുടികൾ ഉപേക്ഷിക്ക.'

മാണിക്കപ്പ്യാർക്ക് അർത്ഥം മനസ്സിലായില്ല. എങ്കിലും മത്തായിച്ചൻ കത്തോലിക്കാസഭ വിട്ടു പോവുകയാണെന്നയാളൂഹിച്ചു.

അടുത്ത ഉപായവുമായി വന്നത് പള്ളിപ്രമാണി അന്തോണിച്ചേട്ടനാണ്: 'മത്തായിച്ചാ, നമ്മുടെ പള്ളീലെ തെരഞ്ഞെടുപ്പ് അടുത്ത മാസത്തിലാ. ഒരു കമ്മറ്റിയംഗത്തിന്റെ സ്ഥാനം ഒഴിവുണ്ട്. മത്തായിച്ചനെത്തന്നെ തെരഞ്ഞെടുക്കുന്നതാ എന്റെ തൃപ്തി.'

മത്തായിച്ചൻ മൂളിക്കേട്ടു.

'പിന്നെ—ഒരു കാര്യം. ഈ പെന്തക്കോസ്തുകാരുടെ വലയിലെങ്ങും ചെന്നു ചാടരുത്.'

ഒരു വേദവാക്യത്തിലൂടെയാണതിനും മറുപടി നൽകിയത്: 'സ്വർഗ്ഗീയ ദർശനത്തിന് ഞാൻ അനുസരണക്കേടു കാണിക്കയില്ല.'

അന്തോണിച്ചേട്ടന് വാക്യാർത്ഥം മനസ്സിലായി. മുമ്പിൽ വച്ച കാപ്പി കുടിച്ചു തീർക്കാതെ സ്ഥലംവിട്ടു.

അയാൾ നടന്നകന്നപ്പോൾ മത്തായിച്ചൻ മനസ്സിലോർത്തു: 'ഞാൻ കള്ളുഷാപ്പിൽ കയറിയിറങ്ങി ജീവിതം നശിപ്പിച്ച കാലത്തെങ്ങും ഉപദേശം തരാൻ കൈക്കാരനും കപ്പ്യാരും ആരും എന്റെ വീട്ടിൽ വന്നിട്ടില്ല. കുടിയൻ മത്തായിയെ കണ്ടാൽ വഴിമാറി നടക്കും.... കാണാതെ പോയ ആടിനെ ആർക്കും വേണ്ടായിരുന്നു. ഇപ്പം കണ്ടു കിട്ടിയതിനെ താലോലിക്കാൻ പള്ളിക്കാരുടെ തള്ള്.'

ചിന്ത തുടർന്നു: 'രണ്ടായിരം കൊല്ലത്തെ പാരമ്പര്യമുണ്ടെന്ന് അവകാശപ്പെടുന്ന എന്റെ മാതൃസഭ ഇന്നേവരെ എന്നെ വേദപുസ്തകം എടുത്തു വായിക്കാൻ പഠിപ്പിച്ചിട്ടില്ല—പള്ളിയിൽ സ്ഥിരമായി പോകുന്നവരെപ്പോലും പഠിപ്പിച്ചിട്ടില്ല. എന്റെ മാതൃസഭയിലെ ഒരു പുരോഹിതൻ ഒരു വേദപുസ്തകം കൈയിൽ പിടിച്ചുകൊണ്ട് പരസ്യസ്ഥലത്ത് നടക്കുന്നത് ഇന്നേവരെ കണ്ടിട്ടില്ല. പുല്ലുതിന്നാൻ ആടിനെ പഠിപ്പിക്കാത്ത ഇടയന്മാർ! രോഗികളെ കാണാൻ പോകുമ്പോഴും ഹൃദയത്തിൽനിന്നു വരുന്ന ഒരു പ്രാർത്ഥന പ്രാർത്ഥിക്കാൻ ഇവരെ സഭ പരിശീലിപ്പിച്ചിട്ടില്ല. അച്ചടിച്ച കുറെ പ്രാർത്ഥനകൾമാത്രം. ഞായറാഴ്ചകളിൽ അച്ചടിച്ച കുർബാന ചൊല്ലീട്ടുപോകുന്നു. അച്ചടിച്ച ആരാധനാപുസ്തകം അച്ചന്റെ മുമ്പിലേക്ക് നീട്ടിക്കൊണ്ട് തൊട്ട

ടുത്ത് കപ്പ്യാർ നിൽക്കുന്നു....ഞായറാഴ്ച വചനപ്രസംഗം ഇല്ല. കൂടിവന്നാൽ ആണ്ടിൽ രണ്ട് പ്രസംഗങ്ങൾ....പെന്തക്കോസ്തുകാരുടെ പള്ളിയിൽ എല്ലാ ഞായറാഴ്ചയും രണ്ടു പ്രസംഗങ്ങളെങ്കിലും കാണും.'

മത്തായിച്ചൻ ബാലനായിരുന്നപ്പോൾ യേശുക്രിസ്തുവിന്റെ വിഗ്രഹത്തെ നമസ്കരിക്കാൻ പള്ളിവികാരിയും കപ്പ്യാരുംകൂടെ തന്നെ പഠിപ്പിച്ചത് ഓർമ്മയിലെത്തി.

പെട്ടെന്നു ചിന്ത ചോദ്യരൂപം സ്വീകരിച്ചു:

ഗലീലയിലും യെരുശലേമിലും പരസ്യശുശ്രൂഷ ചെയ്തപ്പോൾ യേശുക്രിസ്തു താടിമീശ വളർത്തിയിരുന്നോ? സ്ത്രീകളെപ്പോലെ മുടി നീട്ടിയിരുന്നോ? അല്ല, തമ്പുരാൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ താടിയുംവച്ചാണോ പോയത്? യേശുവിൻെറ യഥാർത്ഥരൂപം ചെങ്ങന്നൂർപള്ളിയുടെ മുമ്പിൽ ഉയർത്തിയിരിക്കുന്ന വിഗ്രഹത്തിന്റേതുപോലെയാണോ?

യേശു ഒരു സായിപ്പാണോ?

അദൃശ്യനായ ദൈവത്തിൻെറ, തേജോമയനായ യേശുവിൻെറ പ്രതിമകൾ ആരാധനയ്ക്കുവേണ്ടി ഉണ്ടാക്കുന്നവർ ദൈവത്തെ തരം താഴ്ത്തുകയല്ലേ? വിഗ്രഹം ഉണ്ടാക്കരുത്, വിഗ്രഹത്തെ നമസ്കരിക്കയുമരുത് എന്ന വേദകല്പന ലംഘിക്കുകയല്ലേ?

വീണ്ടും ചിന്തയെ കുട്ടിക്കാലത്തേക്ക് തിരിച്ചുവിട്ടു:

കുട്ടിക്കാലത്ത് യേശുക്രിസ്തുവിൻെറ വിഗ്രഹത്തെ പേടിയായിരുന്നു. വളർന്നു കഴിഞ്ഞപ്പോൾ പള്ളിയിൽ പോകുമ്പോഴെല്ലാം വിഗ്രഹത്തിന്റെ മുമ്പിൽ കൈകൂപ്പി നില്ക്കും.

പലവട്ടം വിഗ്രഹത്തെനോക്കി പ്രാർത്ഥിച്ചിട്ടുണ്ട്. ഒരിക്കലും മറുപടി കിട്ടിയിട്ടില്ല.

മന്ദഹസിച്ചിട്ടുണ്ട്. തിരികെ ചിരിച്ചിട്ടില്ല. ചുണ്ട് അനക്കുകപോലും ചെയ്തിട്ടില്ല.

സംസാരിച്ചിട്ടുണ്ട്. പകരം കണ്ണനക്കി ഒന്നു നോക്കിയിട്ടുപോലുമില്ല.

കൗമാരപ്രായത്തിൽ ഒരിക്കൽ മാണിക്കപ്പ്യാരോടു ചോദിച്ചത് മത്തായിച്ചന്റെ ഓർമയിലെത്തി: 'മറ്റു പലേടങ്ങളിലും വിഗ്രഹങ്ങൾ സംസാരിച്ചതായും കണ്ണീർ പൊഴിച്ചതായും പറഞ്ഞുകേട്ടിട്ടുണ്ട്. ചെങ്ങന്നൂർപള്ളിയിലെ വിഗ്രഹങ്ങൾ മാത്രം ഇങ്ങനെ അനങ്ങാതെ നില്ക്കുന്നതെന്ത്?'

'അഹങ്കാരം ചോദിക്കരുത്, കേട്ടോടാ!' ഒരു ശാസനയായിരുന്നു മറുപടി.

വിശക്കുന്നവന് ആഹാരവും ദാഹിക്കുന്നവനു വെള്ളവും പാപികൾക്കു സുവിശേഷവും നൽകാൻ പണം ചെലവാക്കുന്നതിനു പകരം വിഗ്രഹങ്ങൾ നിർമ്മിച്ച് പണം പാഴ്വ്യയംചെയ്യുന്ന ക്രൈസ്തവ പാരമ്പര്യത്തെപ്പറ്റി മത്തായിച്ചനു ലജ്ജതോന്നി. വിഗ്രഹങ്ങൾ കരഞ്ഞു, ചിരിച്ചു, സംസാരിച്ചു എന്നൊക്കെ നുണ പറഞ്ഞുപരത്തി ജനങ്ങളിൽനിന്ന് ലക്ഷക്കണക്കിന് പണം സമ്പാദിക്കുന്ന സഭകളെപ്പറ്റി മത്തായിച്ചൻ ദുഃഖിച്ചു.

ആകാശത്ത് കന്യാമറിയത്തിൻെറ രൂപം കണ്ടെന്നു പറഞ്ഞ് എത്ര പേർ ആളിനെകൂട്ടുന്നു.

മേഘങ്ങളുടെ കളി. പള്ളിപ്രമാണികൾക്ക് പണം! പാവപ്പെട്ടവൻെറ പണം.

ദൈവം വലിയവനാണ്.

ദൈവം നിത്യനാണ്.

ദൈവത്തിന്റെ നിലനില്പിന് മനുഷ്യന്റെ കള്ളസാക്ഷ്യങ്ങളും അതിശയോക്തികളും ആവശ്യമില്ല. വ്യാജമാർഗ്ഗങ്ങളിലേക്കു തിരിയാതിരിക്കുവാൻ ദൈവകൃപ അപേക്ഷിച്ചുകൊണ്ടാണ് നീണ്ട ചിന്തയ്ക്ക് മത്തായിച്ചൻ വിരാമചിഹ്നം ഇട്ടത്.

മത്തായിച്ചന്റെ പുതിയ വിശ്വാസമാർഗ്ഗത്തിൽ സാറാമ്മയും ആകൃഷ്ടയായെന്നറിഞ്ഞപ്പോൾ അവസാനത്തെ ഉപായവും പ്രയോഗിക്കപ്പെട്ടു—ദണ്ഡം.

ചെങ്ങന്നൂർ പ്രാഥമിക വിദ്യാലയത്തിലെ മാനേജർ ഐസക്ക്സാർ സാറാമ്മയെ ഓഫീസിലേക്ക് വിളിപ്പിച്ചു. അദ്ദേഹം ചെങ്ങന്നൂർ കത്തോലിക്കാ പള്ളിയിലെ പ്രമാണിയാണ്.

'നിങ്ങൾ പെന്തക്കോസ്തിൽ പോയി മുങ്ങാനിരിക്കയാണെങ്കില്, പെന്തക്കോസ്തുകാരോടു പറ നിനക്കൊരു ഉദ്യോഗം തരാൻ. ഞങ്ങടെ സഭക്കാർ പണം സംഭാവനചെയ്തു പണിയിച്ച വിദ്യാലയത്തിലെ ശമ്പളം പറ്റിയശേഷം പെന്തക്കോസ്തുപള്ളിയിൽ പോകുന്നതെന്തൊരു നന്ദികേടാ.'

സാറാമ്മയുടെ മുഖം വിയർത്തു. കണ്ണുകൾ തുളുമ്പി.

'ചോറിങ്ങും കൂറങ്ങും, അല്ലേടീ...?' നരച്ച തലയിൽ ചൊറിഞ്ഞുകൊണ്ടുള്ള ശകാരത്തിൽ അരിശം നിറഞ്ഞുനിന്നിരുന്നു.

ജോലിയിൽനിന്നും പിരിച്ചു വിട്ടിരിക്കുന്നു എന്നു രേഖപ്പെടുത്തിയ കടലാസിലദ്ദേഹം ഒപ്പിട്ട് സാറാമ്മയെ ഏല്പ്പിച്ചു.

ദിവാൻ ബഹദൂർ സുബ്രഹ്മണ്യയ്യരുടെ മുമ്പിൽ ഐസക്ക് സാറിനെതിരെ പരാതി സമർപ്പിക്കണമെന്നു വിചാരിച്ചുകൊണ്ടാണവർ വീട്ടിലേക്കു മടങ്ങിയത്.

വികാരഭരിതനായിട്ടാണ് മത്തായിച്ചൻ കടലാസുവാങ്ങി വായിച്ചത്.

ഒരു വേദവാക്യമുദ്ധരിച്ച് സാറാമ്മയെ ആശ്വസിപ്പിച്ചു. 'അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല... എങ്ങും പരാതിയുമായി പോകണ്ട—നമ്മക്കു ക്ഷമിക്കാം.'

'എന്നാലും മാസാമാസം ശമ്പളം കിട്ടുന്ന ഒരു ജോലി പോയില്ലേ?'

'നീ വെഷമിക്കാതിരി. ഇനി നെനക്കുകൂടി പൂർണ്ണസമയം സുവിശേഷവേല ചെയ്യാം.'

രണ്ടാഴ്ച കഴിഞ്ഞപ്പോൾ നാലു ദിവസത്തെ വേദപഠനം സീയോൻകുന്നിൽവച്ചു നടന്നു. കുഴിക്കാലാ കെ.സി.ചെറിയാനും കുമ്പനാട് എ.സി.ശാമുവേലുമാണ് അദ്ധ്യാപകർ. ക്ലാസ്സിൽവച്ച് മത്തായിച്ചൻ പണ്ടു പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ള ഒരു ചോദ്യം ആവർത്തിച്ചു.

'മുഴുകൽസ്നാനം സ്വീകരിക്കാത്തോരെല്ലാം നരകത്തിപ്പോകുമോ പാസ്റ്ററേ?'

'മത്തായിച്ചാ, ഒരാൾ നരകത്തിപ്പോകുമോ സ്വർഗ്ഗത്തിപ്പോകുമോ എന്നു വിധി പറയാൻ ദൈവം നമ്മെ അനുവദിച്ചിട്ടില്ല. ഹൃദയങ്ങളെ അറിയുന്ന ദൈവമാണു ന്യായാധിപൻ.'

ഇടറിയ തൊണ്ട നനയാൻ അല്പം ജീരകവെള്ളം കുടിച്ചുകൊണ്ട് ചെറിയാൻ പാസ്റ്റർ തുടർന്നു. 'പക്ഷെങ്കിലൊരു കാര്യം—വിശ്വസിച്ചു സ്നാനമേൽപ്പീൻ എന്നു ദൈവവചനം സ്പഷ്ടമായി നമ്മോടു പറേന്നൊണ്ട്. വിശ്വസിച്ച് അനുതപിച്ച് പാപം ഏറ്റുപറഞ്ഞശേഷമുള്ള സ്നാനം! ....സ്നാന

പ്പെടാത്തവർ നരകത്തിപ്പോകുമോ സ്വർഗ്ഗത്തിപ്പോകുമോ എന്നത് അപ്രസക്തമായ ചോദ്യമാണ്. ദൈവകല്പനയുടെ മുമ്പിൽ നാം കുടുക്കുചോദ്യങ്ങൾ വെക്കരുത്.'

'അങ്ങനാന്നേല് പെന്തക്കോസ്തുകാരു മാത്രമേ സ്വർഗ്ഗത്തിപ്പോകത്തൊള്ളോ?'

'ദയാപരനായ ഒരു ദൈവമാണ് സ്വർഗ്ഗനരകപാതാളലോകങ്ങളുടെ കർത്തൃത്വം നടത്തുന്നത്. മറ്റു സഭക്കാരുടെ കാര്യം ദൈവം നോക്കട്ടെ. ഒരു പ്രത്യേക സഭക്കാരു മാത്രമേ സ്വർഗ്ഗത്തിപ്പോവുകയുള്ളെന്ന് വേദപുസ്തകം പറേന്നില്ല.'

'എന്നാപ്പിന്നെ പാരമ്പര്യസഭകൾ വിട്ടുകളഞ്ഞിട്ട് പെന്തക്കോസ്തിൽ ചേരണമെന്നെന്തിനാ അങ്ങയേപ്പോലുള്ള നേതാക്കൾ പറയുന്നത്?'

'അങ്ങനെ ഞങ്ങളാരും ആദ്യകാലത്തെങ്ങും പറഞ്ഞിട്ടില്ല. സഭകളിൽ ഒരു ശുദ്ധീകരണം നടത്തുന്നതിനുവേണ്ടി ഞങ്ങൾ ശബ്ദമുയർത്തി. പള്ളികളിൽനിന്നു ബിംബങ്ങൾ വെളിയിലെറിയണം. കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ടുള്ള പ്രാർത്ഥന നിർത്തണം—കാരണം അത് സൂര്യനമസ്കാരമാ....സ്രഷ്ടാവിനെ ആരാധിക്കണം. സൃഷ്ടിയെ ആരാധിക്കുന്നതു പാപമാ. ഇത്തരം ദുരാചാരങ്ങളെല്ലാം കളഞ്ഞ് ശരിയായ ആത്മികചൈതന്യത്തിലേക്കു വരാനാണ് ഞങ്ങൾ ജനങ്ങളെ ഉത്തേജിപ്പിച്ചത്. പുരോഹിതപ്രമാണികൾ ഇതൊന്നും ചെവിക്കൊണ്ടില്ല. ഞങ്ങളെ സഭാഭ്രഷ്ടരാക്കി....പാരമ്പര്യസഭകളിൽ ശുദ്ധീകരണം സാധ്യമല്ലെന്ന് ബോധ്യമായപ്പോഴാണ് ഉണ്ണൂണ്ണിസാറും മറ്റും സ്വതന്ത്രമായി പെന്തക്കോസ്തുകൂട്ടായ്മകൾ സ്ഥാപിച്ചത്. ഇനിയും പാരമ്പര്യസഭകൾ ശുദ്ധീകരിച്ചെടുക്കാൻ പുരോഹിത ശ്രേഷ്ഠന്മാർ പ്രതിജ്ഞചെയ്യുന്ന കാലത്ത് തിരികെ പഴയ സഭകളിൽ പോകാൻ ഞങ്ങൾ തയ്യാറാണ്. അങ്ങനെയൊരു നല്ലകാലം വന്നാൽപിന്നെ പെന്തക്കോസ്തു കൂട്ടായ്മകളുടെ ആവശ്യം ഇല്ലല്ലോ. സഭയുടെ പേരിലല്ല കാര്യം. സത്യവിശ്വാസത്തിലാണു കാര്യം.'

എ.സി.ശാമുവേൽ ചോദിച്ചു: 'മത്തായിച്ചാ, നിങ്ങടെ മനസ്സാക്ഷി എന്തു പറേന്നു?'

'ഉടനെ മുഴുകൽ സ്നാനം സ്വീകരിക്കണമെന്ന്.'

'എന്നാൽ മനഃസ്സാക്ഷിക്കു മുൻതൂക്കം കൊടുക്കണം.'

വേദപഠനം ഉപസംഹരിച്ചു കൊണ്ട് എ. സി. ശാമുവേൽ പ്രബോധിപ്പിച്ചു: 'നാം ദൈവവചനം അനുസരിക്കുന്നത് നരകത്തെ പേടിച്ചോ സ്വർഗ്ഗത്തെ മോഹിച്ചോ മാത്രം ആയിരിക്കരുത്.'

അദ്ദേഹം ഒരുദാഹരണത്തോടുകൂടി ആശയം വിശദമാക്കിയിട്ടാണിരുന്നത്. 'ഒരു ജന്മിയുടെ വേലക്കാരി ജോലി ചെയ്യുന്നത് അയാളെ പേടിച്ചായിരിക്കും. എന്നാലാ വേലക്കാരിയെ ജന്മി വിവാഹം ചെയ്ത് സ്വന്തം ഭാര്യയാക്കിയെന്നൂഹിക്കുക. പിന്നീടവൾ ജോലി ചെയ്യുന്നത് ഭയത്തിൽനിന്ന് ആയിരിക്കയില്ല; കൂലി കൊതിച്ചായിരിക്കയില്ല. പകരം ഭർത്താവിനോടുള്ള സ്നേഹം കൊണ്ടായിരിക്കും. അതുപോലെ ദൈവത്തെ സ്നേഹിക്കുന്നതു കൊണ്ടായിരിക്കണം അവന്റെ കല്പനകൾ നാം അനുസരിക്കേണ്ടത്.'

പിറ്റേ രാത്രിയിൽ വേദപഠനത്തിന് മത്തായിച്ചൻ മാടക്കട ദേവസ്യായെ ക്ഷണിച്ചു.

'ഭൂ....പെന്തക്കോസ്സ്—'ഒരു നീട്ടിത്തുപ്പായിരുന്നു മറുപടി.

മത്തായിച്ചനും സാറാമ്മയും ഒരു ഞായറാഴ്ച രാവിലെ ആറാട്ടുപുഴക്കട

വിലേക്ക് ഏതാനും ദൈവദാസന്മാരോടൊപ്പം പുറപ്പെട്ടു.

സാറാമ്മ മിന്നഴിച്ചു. കാതിപ്പൂ അഴിച്ചു. കൈവളകളൂരി. നഗ്നമായ കഴുത്തിനും ആഭരണശൂന്യമായ കൈത്തണ്ടകൾക്കും സൗന്ദര്യക്കുറവില്ലെന്ന വൾ ആദ്യമായി മനസ്സിലാക്കി.

ഇനിമേൽ ലളിതമായ, ആർഭാടരഹിതമായ ഒരു ജീവിതം നയിക്കുമെന്ന് അവൾ ലോകത്തെ വിളിച്ചറിയിക്കുകയായിരുന്നു.

മത്തായിച്ചൻ മോതിരം ഊരി.

പാപത്തിൽ അവർ മരിച്ചടക്കപ്പെട്ടു—വെള്ളത്തിൽ മുങ്ങി.

ക്രിസ്തുവിന്റെ നീതിയിൽ ഉയിർത്തെഴുന്നേറ്റു—വീണ്ടും വെള്ളത്തിൽനിന്നു പൊങ്ങിവന്നു.

'ദൈവം എന്നെ സൃഷ്ടിച്ചത് ആഭരണമില്ലാതെയാ. പിന്നെ ഈ ചുമടുകൂടി കഴുത്തേലും ചെവിയേലും കേറ്റുന്നതെന്തിനാ? ദൈവം ആദാമിനും ഹവ്വായ്ക്കും വസ്ത്രം ഉണ്ടാക്കിക്കൊടുത്തു.എന്നാൽ രണ്ടുപേർക്കും ആഭരണം ഉണ്ടാക്കിക്കൊടുത്തില്ല.' പുതിയ വേഷവിധാനത്തെ വിമർശിച്ചവരോട് സാറാമ്മയുടെ മറുപടിയായിരുന്നു.

വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ചേച്ചമ്മ പതറി. 'ഇനി നീ എന്റെ മരുമോളല്ലെടീ നെഷേധീ. നെനക്കു മിന്നും വേണ്ടാ മാലേം വേണ്ടാ. അച്ചൻ വാഴ്ത്തിക്കെട്ടിയ മിന്നിനെ നീ അപമാനിച്ചിരിക്കുന്നു.'

മത്തായിച്ചൻ ഇടയ്ക്കു കയറി: 'അമ്മച്ചീ, മിന്നുകെട്ട് ബ്രാഹ്മണരിൽനിന്നു ക്രിസ്ത്യാനികൾ പകർത്തിയ ഒരാചാരമാ. ഭാര്യാഭർത്തൃബന്ധം നിലനിർത്തുന്ന മന്ത്രശക്തിയൊന്നും മിന്നിനില്ല. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹമാ കാര്യം. മിന്ന് കളഞ്ഞെങ്കിലും ഇനീം ഞങ്ങളുടെ കുടുംബജീവിതം പണ്ടത്തേക്കാൾ നൂറിരട്ടി സ്നേഹമുള്ളതായിരിക്കും.'

ചേച്ചമ്മ സാറാമ്മയുടെ കഴുത്തിൽനിന്നു കണ്ണു മാറ്റിയില്ല. 'ശെടീ നെനക്കു മിന്നു വേണ്ടാ—മാല വേണ്ടാ. പള്ളി വേണ്ടാ—പട്ടക്കാരു വേണ്ടാ. കുക്കുസായിപ്പിനെ മതി. നീ കുക്കുസായിപ്പിന്റെ സഭേല് ചേർന്നാൽ സായിപ്പിന്റെ മക്കൾ നിന്റെ മക്കളെ കല്യാണം കഴിക്കുമോ? പറേടീ....'

'മക്കളുണ്ടായി വളർന്നു വരുന്ന കാലത്തു മതി കല്യാണക്കാര്യം ചിന്തിക്കുന്നത്. ദൈവം കരുതിക്കോളും.'

'തള്ളക്കോഴി ചവിട്ടിയാൽ പിള്ളക്കോഴിക്ക് കേടില്ല. നീ ഞാമ്പറേന്ന ഗുണദോഷം കേക്ക്.'

'ഉം.'

'കല്യാണോം ചാക്കാലേം വരുമ്പം നെനക്കു നാട്ടുകാരേം പള്ളിക്കാരേം വേണ്ടിവരും. അന്നൊന്നും സായിപ്പ് കൂടെക്കാണത്തില്ല. അയാൾ അയാടെ പാട്ടിനു പോകും. അമേരിക്കേ കടക്കും.'

ചേച്ചമ്മ വാതോരാതെ പറഞ്ഞു തള്ളിയ വാക്കുകൾ വാൾമുന പോലെ ഹൃദയത്തിൽ പാഞ്ഞുകയറി. മത്തായിച്ചൻ വേദപുസ്തക വാക്യത്തിൽ അഭയം പ്രാപിച്ചു:

'നിന്റെ നാമം നിമിത്തം ഞാൻ നിന്ദ വഹിച്ചു
എന്റെ സഹോദരന്മാർക്ക് ഞാൻ പരദേശിയും
എന്റെ അമ്മയുടെ മക്കൾക്ക്
അന്യനും ആയിത്തീർന്നിരിക്കുന്നു.'

മത്തായിച്ചൻ ഭയപ്പെട്ടില്ല. വേലിക്കെട്ടുകൾ ഓരോന്നായി പൊളിച്ചു

നീക്കി....

ബന്ധുക്കളുടെ

പള്ളിക്കാരുടെ

നാട്ടാരുടെ

മാതാവിന്റെ....കനത്ത വേലിക്കെട്ടുകൾ.

പിറ്റേന്നു വൈകിട്ട് അത്താഴം വിളമ്പിക്കൊണ്ടിരുന്നപ്പോൾ വീണ്ടും ചേച്ചമ്മ സഭാകാര്യം അവതരിപ്പിച്ചു: 'മോനേ, ഈ പെന്തക്കോസിൽ ചേരുന്നോർ ഒത്തിരി പാവപ്പെട്ടവരാ. പണക്കാരും പടുത്തക്കാരുമൊന്നും അവരുടെ കൂട്ടത്തിലില്ല.'

'പാവപ്പെട്ട, അദ്ധ്വാനിക്കുന്ന കുറെ മുക്കുവത്തൊഴിലാളികളെയല്ലേ യേശുക്രിസ്തു വിളിച്ച് ശിഷ്യന്മാരാക്കിയത്? യേശുവിനെ അനുഗമിച്ച ജനലക്ഷങ്ങൾ സാധാരണക്കാരായിരുന്നു. നിക്കോദിമോസ് എന്നൊരു പരീശപ്രമാണി യേശുവിനെ കാണാൻ രാത്രിയിൽ ഒളിച്ചു വന്ന കാര്യം ബൈബിളിലുണ്ട്....ഈ സംഭവം കഴിഞ്ഞാഴ്ച ഞാൻ പലവട്ടം വായിച്ചതാ. നിക്കോദിമോസിനെപ്പോലെയുള്ളവർ ഇന്നും ഉണ്ട്. പൊതുജനത്തിന്റെയിടയിൽ തങ്ങൾക്കുള്ള മതിപ്പ് നഷ്ടപ്പെടുമെന്നു ഭയന്ന് പലരും സത്യസുവിശേഷം പരസ്യമായി അംഗീകരിക്കാൻ മടിക്കുന്നു. പ്രതാപവും കുടുംബബന്ധങ്ങളും ആദായമാർഗ്ഗങ്ങളുമൊക്കെ ഉപേക്ഷിച്ച് സുവിശേഷത്തിനുവേണ്ടി നിന്ദ സഹിക്കാൻ പ്രമാണിമാരൊന്നും തയ്യാറാകത്തില്ല. വല്ല്യ തത്ത്വശാസ്ത്രജ്ഞന്മാർക്ക് യേശുവിന്റെ ലളിതസുവിശേഷത്തോട് പരിഹാസമേ ഉള്ളൂ.'

'മോനേ, നമ്മള് പണ്ടുമൊതലേ കത്തോലിക്കരാ. പാരമ്പര്യ സഭ വിട്ടുപോവുന്നതു ദോഷമാ. ദൈവകോപം വരും.'

ഒരു താർക്കികൻെറ നൈപുണ്യത്തോടെയാണ് മത്തായിച്ചൻ മറുപടി കൊടുത്തത്. 'അമ്മച്ചീ, പാരമ്പര്യമായി നിന്ന ജൂതമതം വിട്ട് പൗലോസ് ശ്ലീഹാ ക്രിസ്തുമതം സ്വീകരിച്ചത് ദോഷമായിപ്പോയോ? കഴിഞ്ഞയിടെ ഞാൻ മനോരമപത്രത്തിൽ വായിച്ചതു പറഞ്ഞോട്ടെ. വട്ടശ്ശേരി തിരുമേനിയുടെ ശിഷ്യനായി യാക്കോബായിൽ വളർന്നുവന്ന മാർ ഇവാനിയോസ്തിരുമേനി ഉണ്ടല്ലോ. അദ്ദേഹം വട്ടശ്ശേരി തിരുമേനിയെ വിട്ടുകളഞ്ഞിട്ട് റോമിലെ മാർപാപ്പയെ അംഗീകരിച്ച വാർത്ത ഉണ്ടായിരുന്നു. ഇവാനിയോസു തിരുമേനി ഇപ്പം മലങ്കര സുറിയാനി കത്തോലിക്കാസഭ എന്ന പേരിൽ ഒരു പുതിയ സഭ ആരംഭിച്ചിരിക്കുന്നു. യാക്കോബായക്കാർ പലരും ഇപ്പം കത്തോലിക്കരായിരിക്കുന്നു....അല്ല, സഭ മാറുന്നതു ദൈവദോഷമാണെങ്കിൽ തിരുമേനിയോടു ദൈവം കോപിക്കത്തില്ലേ?'

മാതാവ് തെല്ലൊന്നു പരുങ്ങി.

മത്തായിച്ചൻ വിട്ടില്ല: 'പറയമ്മേ, ഈ പെന്തക്കോസ്തിൽ ചേരുന്നേനു മാത്രമേ ദൈവം കോപിക്കത്തൊള്ളോ?'

'മതിയെടാ, നിർത്ത്.'

'നിർത്തിയേക്കാം. ചോദ്യത്തിനു മറുപടി പറയാമെങ്കിൽ....ഈ ലോകത്തിലെല്ലാരും പെന്തക്കോസ്തിലായാൽ, സത്യപെന്തക്കോസ്തുകാരായാൽ അമ്മയ്ക്കോ ലോകത്തിനോ എന്തു നഷ്ടം വരും?'

മറുപടി കിട്ടിയില്ല.

'ഞാൻ തന്നെ മറുപടി പറയാം അമ്മേ. ആർക്കും ഒരു നഷ്ടോം വര

ത്തില്ല. ലാഭംമാത്രം. കള്ളുഷാപ്പുകളെല്ലാം അടച്ചു പൂട്ടും— കുടിയന്മാരുടെ ഭാര്യമാർക്കു ലാഭം. ബീഡിക്കച്ചവടക്കാർക്കു തൊഴിൽ ഇല്ലാതാകും— ചെറുപ്പക്കാർക്ക് ആരോഗ്യം. ചീത്തക്കഥകൾ അഭിനയിക്കുന്ന നാടകപ്പെണ്ണുങ്ങൾ ദേശം വിട്ടോടും. വേശ്യകൾക്ക് തൊഴിൽ ഇല്ലാതാകും. കുടുംബങ്ങൾക്കു ലാഭം—സ്വസ്ഥത! ചെറുപ്പക്കാരുടെ മനസ്സ് ശുദ്ധമാകും.'

'നഷ്ടം, വല്യ നഷ്ടം! പെന്തക്കോസ്തുകാരുടെ പാട്ടും കൊട്ടും കേട്ട് കന്നുകാലികൾ കയറുപൊട്ടിച്ചോടും. പാലു കിട്ടത്തില്ലെടാ—കട്ടൻകാപ്പി കുടിക്കേണ്ടിവരും. നഷ്ടം അവിടം കൊണ്ടു തീർന്നില്ലെടാ.... ഒണർവ്വുകാരുടെ പാട്ടുംകൊട്ടും അലർച്ചയും കേട്ട് ദേശക്കാരുടെ മൊത്തം ചെവിപൊട്ടും.' മാതാവ് തിരിച്ചടിച്ചു.

അന്നത്തെ വാദപ്രതിവാദം അവിടെ അവസാനിച്ചു.

എന്നാൽ മത്തായിച്ചന്റെ പെന്തക്കോസ്തുമൈത്രി അവസാനിച്ചില്ല. കൂടുതലായി അദ്ദേഹം ബൈബിൾ ക്ലാസ്സുകളിൽ സംബന്ധിച്ചു തുടങ്ങി. ഇടയ്ക്കിടെയുള്ള ഉണർവുയോഗങ്ങളിൽ മത്തായിച്ചൻ അനുഭവസാക്ഷ്യവും പ്രസ്താവിച്ചു തുടങ്ങി.

ക്രമേണ ആശയങ്ങൾ പൂപോലെ വിടർന്നു. സന്ദേശങ്ങൾ ഗംഗാപ്രവാഹംപോലെ ഒഴുകി.

സാക്ഷ്യങ്ങൾ പ്രബോധനങ്ങളായി.

പ്രബോധനങ്ങൾ പ്രസംഗങ്ങളായി.

ആത്മശക്തി പ്രസംഗങ്ങളെ സമ്പുഷ്ടമാക്കി.

# ആറ്

മത്തായിച്ചൻ സീയോൻകുന്നിനു സമീപമുള്ള ഉണ്ണൂണ്ണിസാറിന്റെ വസതിയിലേക്കു നടന്നു. കവലയ്ക്കടുത്തുള്ള ആൽവൃക്ഷത്തിന്റെ തടിയിൽ ആണിയടിച്ചു തൂക്കിയിരുന്ന അച്ചടിച്ച ഒരു വിജ്ഞാപനം കണ്ടപ്പോളദ്ദേഹം നിന്നു. ആകാംക്ഷാപൂർവ്വമതു വായിച്ചു.

'ഏവരേയും ക്ഷണിച്ചു കൊള്ളുന്നു. ബ്രിട്ടീഷ് സർക്കാരിന്റെ ഉപ്പു നിർമ്മാണനിയമങ്ങളെ പ്രതിഷേധിക്കാൻ ചെങ്ങന്നൂർ ചന്തമൈതാനത്ത് 1930 ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചു മണിക്ക് നടക്കുന്ന വമ്പിച്ച പ്രകടനത്തിൽ പങ്കു ചേരുക.'

മാടക്കടയുടെ ചുവരിലും ഇത്തരം മൂന്നുനാലു വിജ്ഞാപനങ്ങൾ ഒട്ടിച്ചിരിക്കുന്നതു ശ്രദ്ധിച്ചു.

കടയ്ക്കു ചുറ്റും കൂടിയിരുന്ന് നാട്ടുകാർ രാഷ്ട്രീയം ചർച്ച ചെയ്യുന്നു. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ഭരണം ഇടയ്ക്കിടെ ചർച്ചാവിഷയമായി. സ്വാതന്ത്ര്യസമരനേതാവായ മോഹനദാസ് ഗാന്ധിയുടെ അനുഗ്രഹത്തോടുകൂടി പയ്യന്നൂർ കടപ്പുറത്ത്, സർക്കാരിന്റെ നിയമം തള്ളിക്കളഞ്ഞുകൊണ്ട് ഉപ്പുനിർമ്മാണം നടത്തിയ സംഭവം ചർച്ചയ്ക്കു രസംകൂട്ടി.

ഉണ്ണൂണ്ണിസാറിന്റെ വീട്ടിലെത്തിയപ്പോൾ, മിന്നൽപ്പിണരിന്റെ വേഗത്തിൽ വികാരങ്ങളും ചിന്തകളും മനസ്സിലൂടെ കടന്നുപോയി.

തെക്കുവശത്ത് സീയോൻകുന്ന് നീലാകാശത്തിനഭിമുഖമായി മസ്തകമുയർത്തി നില്ക്കുന്നു. കനകപ്രഭചൊരിയുന്ന സായാഹ്നരശ്മികൾ

കുന്നിന്റെ പടിഞ്ഞാറേ ചെരിവിലുള്ള തെങ്ങോലകളിലൂടെ ഒളിഞ്ഞുനോക്കി.

തെന്നിന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ സ്ഥാപകനേതാവാണ് ഉണ്ണൂണ്ണിസാർ എന്നറിയപ്പെടുന്ന പാസ്റ്റർ കെ. ഇ. ഏബ്രഹാം. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായുണ്ടായ ഏതാനും കൂട്ടായ്മകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 1924–ൽ ഈ പ്രസ്ഥാനമുടലെടുത്തത്. 1923 –ൽ തിരുവനന്തപുരത്തിനടുത്ത് പരണിയം എന്ന സ്ഥലത്തുവച്ചു നടന്ന യോഗത്തിൽ സി. മനശ്ശെ എന്ന ഉപദേശി തലയിൽ കൈവച്ചു പ്രാർത്ഥിച്ചപ്പോൾ ഉണ്ണൂണ്ണിസാർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. അന്യഭാഷകളിൽ സംസാരിച്ചു. അദ്ദേഹം ചെങ്ങന്നൂർ മടങ്ങിവന്ന് മറ്റു പലരേയും പരിശുദ്ധാത്മാഭിഷേകത്തെപ്പറ്റി പഠിപ്പിക്കുകയും ഈ അനുഭവത്തിലേക്ക് നടത്തുകയും ചെയ്തു. ഈ അനുഭവം പ്രാപിച്ചവരെ കോർത്തിണക്കിയാണ് തെന്നിന്ത്യാ പെന്തക്കോസ്തു ദൈവസഭ ഉണ്ടാക്കിയത്.

1924 മുതൽ 1926 വരെ രണ്ടു വർഷം സ്വതന്ത്രമായി പ്രവർത്തിച്ച തെന്നിന്ത്യാ പെന്തക്കോസ്തു ദൈവസഭ 1926–ൽ കുക്കുസായിപ്പിന്റെ നേതൃത്വത്തിലുള്ള തെന്നിന്ത്യാ പൂർണ്ണസുവിശേഷ സഭയുമായി യോജിച്ചു. രണ്ടുപ്രസ്ഥാനങ്ങൾ ഒന്നിച്ചപ്പോഴുണ്ടായ പുതിയ പ്രസ്ഥാനത്തിന് മലങ്കര ദൈവസഭയെന്നു പേരിട്ടു. കുക്കുസായിപ്പും ഉണ്ണൂണ്ണിസാറും പുതിയ പ്രസ്ഥാനത്തിന്റെ ഒന്നും രണ്ടും അദ്ധ്യക്ഷന്മാരായി തുടർന്നുവന്നു.

1926 വരെ ഉണ്ണൂണ്ണിസാർ നയിച്ചിരുന്ന തെന്നിന്ത്യാ പെന്തക്കോസ്തു സഭാപ്രസ്ഥാനം പുനരാരംഭിക്കുകയാണ്. അതിന്റെ പ്രവർത്തനകേന്ദ്രം കുമ്പനാട്ടു സ്ഥാപിക്കാനായി ഉണ്ണൂണ്ണിസാർ അങ്ങോട്ടു സ്ഥലം മാറിപ്പോകയാണ്.

മത്തായിച്ചൻ വാര്യാപുരം പെന്തക്കോസ്തു സഭയിലെ ഇടയനായി കുക്കുസായിപ്പിന്റെ കീഴിൽ പ്രവർത്തിക്കാനാഗ്രഹിച്ചിരിക്കയാണ്. ഇക്കാര്യത്തിൽ ഉണ്ണൂണ്ണിസാറിന്റെ അഭിപ്രായമറിയാനാണ് ഭവനത്തിലെത്തിയിരിക്കുന്നത്. ഏറെ നേരം അവർ സംസാരിച്ചു.

സന്തോഷത്തോടെയാണ് ഉണ്ണൂണ്ണിസാർ പ്രതികരിച്ചത്.

'മത്തായിച്ചാ, വാര്യാപുരത്ത് വേലയ്ക്ക് വിശാലമായ വാതിലൊണ്ട്. സായിപ്പിന് അവിടത്തെ പാപികളെപ്പറ്റി വലിയ ഹൃദയഭാരവുമുണ്ട്. സായിപ്പിന് വേണ്ട സഹായമൊക്കെ ചെയ്തുകൊടുക്കണം.'

കുമ്പനാടു കേന്ദ്രമാക്കി ഒരു സ്വതന്ത്രപെന്തക്കോസ്തു പ്രസ്ഥാനം പടുത്തുയർത്താൻ തീരുമാനിച്ചതിന്റെ കാരണം ഉണ്ണൂണ്ണിസാർ വിശദീകരിച്ചു: 'മത്തായിച്ചാ, കുക്കുസായിപ്പുമായി വ്യക്തിപരമായ ഭിന്നതയെന്തെങ്കിലും ഉണ്ടായിട്ടല്ല ഞാൻ കുമ്പനാട്ടേക്കു പോകുന്നത്. ആശയപരമായ അഭിപ്രായവ്യത്യാസങ്ങളേ ഉള്ളൂ....കേന്ദ്രീകൃതമായ ഒരു സഭാഭരണരീതിയിലാണ് കുക്കുസായിപ്പു വിശ്വസിക്കുന്നത്. എന്നാൽ, പ്രാദേശിക സഭകൾക്ക് കൂടുതൽ തീരുമാനസ്വാതന്ത്ര്യം നൽകുന്ന ഒരു സഭാഭരണവ്യവസ്ഥിതിയിലാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മുടെ നാട്ടുകാരായ സുവിശേഷപ്രവർത്തകർക്ക് വളരുവാനും പ്രവർത്തിക്കുവാനും ഇത്തരത്തിലുള്ള ഒരു ഭരണസംവിധാനമായിരിക്കും കൂടുതൽ സഹായകരം എന്ന് ഞാനും സഹപ്രവർത്തകരും വിശ്വസിക്കുന്നു. അതുകൊണ്ട് കുമ്പനാട് കേന്ദ്രമാക്കി തനി നാടൻ മുഖമുദ്രയുള്ള ഒരു പെന്തക്കോസ്തുപ്രസ്ഥാനം രൂപീകരിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഔദ്യോഗികമായി, പ്രത്യേകിച്ച് ഭരണപരമായി, ഒരു വിദേ

ശസഭാസംഘടനയോടു ബന്ധമുള്ള ഒരു സഭാപ്രസ്ഥാനം ആരംഭിക്കുന്ന തിൽ ഞങ്ങൾക്കു താല്പര്യമില്ല.'

'ഞാൻ കുക്കുസായിപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുകൊണ്ട് സാറിന് വിരോധം വല്ലതും ഉണ്ടോ?'

നേരം ഇരുട്ടിതുടങ്ങിയിരുന്നു. മുമ്പിലിരുന്ന മണ്ണെണ്ണവിളക്കിന്റെ തിരി യിൽ പറ്റിപ്പിടിച്ചിരുന്ന കരി ചൂണ്ടുവിരലുകൊണ്ട് തട്ടിമാറ്റിക്കൊണ്ട് ഉണ്ണൂ ണ്ണിസാർ ഉറപ്പു നൽകി. 'ഒരുവിരോധവുമില്ല മത്തായിച്ചാ. മത്തായിച്ചന്റെ നടത്തിപ്പനുസരിച്ച് പ്രാർത്ഥിച്ചു പ്രവർത്തിക്കണം.'

ഉണ്ണൂണ്ണിസാർ മത്തായിച്ചന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചനുഗ്രഹി ച്ചു. ഇരുവരുടെയും കണ്ണുകൾ തുളുമ്പി.

## ഏഴ്

തറവാടു സ്വത്തായ പറമ്പ്

സ്വന്തം കൈകൊണ്ട് നനച്ചു വളർത്തിയ നാരകച്ചെടികൾ.

കുരുമുളകു വള്ളികൾ.

കപ്പമാവുകൾ....

എല്ലാം എന്നെന്നേക്കുമായി വിറ്റുകൊണ്ടുള്ള പ്രമാണത്തിലൊപ്പിട്ട പ്പോൾ മത്തായിച്ചൻ വികാരഭരിതനായി.

യാത്രപറയാനും വാര്യാപുരത്തേക്കുള്ള യാത്രയ്ക്ക് സായിപ്പിന്റെ കാള വണ്ടി അനുവദിച്ചുകൊടുത്തതിന് നന്ദി പറയാനുമായി സീയോൻകുന്നിൽ വന്നപ്പോൾ മത്തായിച്ചൻ ഒരുകടലാസുപൊതി സായിപ്പിന്റെ നേരേ നീട്ടി.

'ഇതെന്താ ബ്രദർ മത്തായീ?'

'കൊറച്ചു പണം. ആയിരം രൂപാ.'

'ഇതെന്തിനാ?'

'വാര്യാപുരത്ത് കൊറെക്കഴിഞ്ഞ് ഒരു സഭാമന്ദിരം പണിയാനാ. വേണ്ടി യപ്പോൾ ഞാനെഴുതാം.'

'ഏതായാലും ഇതു മത്തായിച്ചന്റെ വസ്തു വിറ്റ തുകയല്ലേ! കയ്യിലി രിക്കട്ടെ.'

'വേണ്ടാ....ഞാൻ ദൈവമുമ്പിൽ വാക്കുപറഞ്ഞുപോയി—എന്റെ സകല സമ്പാദ്യങ്ങളും വിറ്റ് ദൈവവേലയ്ക്കുവേണ്ടി കൊടുക്കാമെന്ന്. വീടുവിറ്റ പണം കഴിഞ്ഞാഴ്ച കൊച്ചൂഞ്ഞുപദേശിയുടെ സാധുജനസഹായഫണ്ടി ലേക്കു കൊടുത്തു. വസ്തു വിറ്റുകിട്ടിയതിന്റെ ഒരു ഭാഗമാ ഈ തുക. സ്വീകരിച്ചേ പറ്റൂ.'

'ബ്രദർ മത്തായീ, നിങ്ങൾ ത്യാഗിയാണ്.'

'ഇതാണോ ത്യാഗം! സായിപ്പ് അമേരിക്കയിലെ സ്വത്തുക്കളെല്ലാം വിറ്റിട്ട് ഈ പട്ടിണിരാജ്യത്ത് സുവിശേഷവേല ചെയ്യുന്നു. അതാണു ത്യാഗം.'

സായിപ്പ് പണപ്പൊതി സ്വീകരിച്ചു. ഖജനാവിൽ നിക്ഷേപിക്കാൻ ദ്വിഭാ ഷിയെ ഏല്പിച്ചു.

ചുംബിച്ച് യാത്രപറഞ്ഞപ്പോൾ സായിപ്പു പറഞ്ഞു: 'ബ്രദർ മത്തായി യുടെ ചെലവിനുവേണ്ടി മാസംതോറും ഒരു തുക അയച്ചുതരാൻ ഞാൻ

സഭയുടെ ഓഫീസിൽ ഏർപ്പാടുചെയ്യാൻ പോകയാ.'

'വേണ്ടാ സായിപ്പേ, ദൈവം ആവശ്യങ്ങളൊക്കെ അപ്പഴപ്പോൾ നടത്തിത്തരും. ഉഴുന്ന കാളയ്ക്ക് വിത്തറിയണ്ടാ. സുവിശേഷവയലിലെ പണിക്കാരുടെ കാര്യം ദൈവം നോക്കിക്കൊള്ളും.'

കൃത്യമായ ഒരു വരുമാനം മാസംതോറും ഉണ്ടാകുന്ന പക്ഷം ദൈവത്തിലുള്ള ആശ്രയം കുറയാനിടയുണ്ടെന്നാണ് മത്തായിച്ചൻ വിശ്വസിച്ചത്. സുവിശേഷവേലക്കാരൻ മാസശമ്പളക്കാരനാകരുതെന്ന് നിഷ്ക്കർഷയുണ്ട് അദ്ദേഹത്തിന്.

'ബ്രദറേ. വാര്യാപുരത്തു ചെല്ലുമ്പം ചെലവിനു പണം വേണ്ടേ.'

'ഒരു മാസത്തെ ചെലവിനും വീട്ടുസാമാനങ്ങൾ വാങ്ങാനുമായി ഒരു തുക എന്റെ പക്കൽ കരുതിയിട്ടുണ്ട്. അതു മതി.'

കുക്കുസായിപ്പിന്റെ കാളവണ്ടിയിൽ സഞ്ചരിക്കുക മത്തായിച്ചനൊരു പദവിയാണ്. അകത്തൊരു കയറ്റുപായും അതിനു മുകളിലൊരു മെത്തപ്പായും വിരിച്ച വണ്ടിയാണ്. ചാരിയിരിക്കാനൊരു തലയിണയും.

ആദ്യം സാറാമ്മയും ചേച്ചമ്മയും വണ്ടിയിൽ കയറി.

കാള കുളമ്പടിച്ചു. വണ്ടി അനങ്ങി.

കണ്ണീരിന്റെ നനവുള്ള കൈകൾ തലയിൽവച്ച് സായിപ്പാശീർവദിച്ചു: 'ഫീലിപ്പോസിൽക്കൂടി ആത്മനദി മരുഭൂമിയിലേക്കൊഴുകി. തോമസിൽക്കൂടി ഇന്ത്യയിലേക്ക്. ബ്രദർ മത്തായിച്ചനിൽക്കൂടി വാര്യാപുരത്തേക്കൊഴുകട്ടെ, ദേശം ഉണരട്ടെ.'

യാത്രയയയ്ക്കാൻ ബന്ധുക്കളില്ലായിരുന്നു. തെങ്ങുവിള കുടുംബത്തിൽനിന്നൊരാൾ പെന്തക്കോസ്തിൽ ഉപദേശിവേലയ്ക്കു പോകുന്നതു കുടുംബക്കാർ മാനക്കേടായി കരുതി. കുടുംബക്കാരുടെയിടയിൽനിന്ന് പുകഞ്ഞ മുറിക്കൊള്ളിപോലെ തിരസ്കരിക്കപ്പെട്ടിരിക്കുന്നു.

ചെങ്ങന്നൂർ–കോഴഞ്ചേരി–വാര്യാപുരം റോഡരികിലുള്ള വീടുകൾ ഓണത്തിനു വേണ്ടി തയ്യാറാവുകയായിരുന്നു. പ്രകൃതിയും മനുഷ്യനും നവോന്മേഷത്തിന്റെ പരിവേഷം ചാർത്തി.

ചെങ്ങന്നൂർ സ്കൂളിൽവച്ച് മലയാള പാഠാവലിയിൽ വായിച്ച മാവേലിക്കഥയുടെ ഓരോ രംഗവും മത്തായിച്ചന്റെ ഉള്ളിലൂടെ കടന്നു പോയി—കാളവണ്ടിയുടെചക്രം മുന്നോട്ടു കറങ്ങുന്നതനുസരിച്ച്. മാവേലി നാടു വാണിരുന്ന കാലം....ജാതിമതവർണ്ണഭേദമെന്യേ, പട്ടിണിയും പരദ്രോഹവുമില്ലാതെ പ്രജകൾ സന്തോഷാതിരേകത്തോടെ വസിച്ച കാലം.

ഇന്ന് മഹാബലി ഒരു കഥ മാത്രമാണ്. കെട്ടുകഥ.

യഥാർത്ഥ മഹാബലിയായ—കാൽവറിയിലെ പരമബലിയായ— മഹാ യാഗമായ—യേശുക്രിസ്തുവിനെ കുക്കുസായിപ്പിന്റെ പന്തലിൽ വച്ച് ഹൃദയത്തിൽ സ്വീകരിച്ച രാത്രി മുതൽ!

തിരുവിതാംകൂർ മക്കൾക്ക് മാവേലിയുടെ മോഹനസുന്ദര രാജ്യം കഴിഞ്ഞ കാലത്തിലെ ഒരവസ്ഥ മാത്രം; മത്തായിച്ചന്റെ മനസ്സിലാകട്ടെ, ഭാവിയിൽ യേശുക്രിസ്തു ലോകത്തിൽ സ്ഥാപിക്കാൻ പോകുന്ന പുതിയ യെരുശലേമെന്ന സമാധാനരാജ്യം നിറഞ്ഞുനില്ക്കുന്നു. അവിടെ മനുഷ്യരെല്ലാം ഒന്നുപോലെയായിരിക്കും. കിടമത്സരങ്ങളോ യുദ്ധമുറവിളികളോ ഇല്ലാത്ത പറുദീസ.

ഭാവികാലമോർത്തു പുഞ്ചിരി തൂവുന്ന മത്തായിച്ചന്, ഭൂതകാലത്തിലെ ഒരു ഭാവന മാത്രമായ ചക്രവർത്തിയുടെ ഓർമ്മ കൊണ്ടാടുന്ന ഓണാ

ഘോഷത്തിൽ അർത്ഥം കാണാനിപ്പോൾ കഴിയുന്നില്ല.

'മാവേലിയെ അല്ല, മഹാബലിയായ യേശുക്രിസ്തുവിനെ സ്വീകരിക്കുവീൻ.' ഇടയ്ക്കിടെ കവലകളിൽ കാളവണ്ടി നിറുത്തിയശേഷം വേദപുസ്തകമുയർത്തി മത്തായിച്ചൻ പരസ്യപ്രസംഗം നടത്തി.

മദ്യസേവ കഴിഞ്ഞു വന്ന ഒരാൾ അട്ടഹസിച്ചു: 'ഓദേശീ, ഓ–ഓ–ദേശീ–ക–കവലേലാന്നോ പ്രസംഗിക്കുന്നേ. വ–വ–വല്ല പള്ളീലും പോയി പ്രസംഗിക്കെടോ. ചന്തപ്രസംഗികളെക്കൊണ്ട് ചെ–ചെ–ചെവിതല കേക്കണ്ടാ.'

ഇടയ്ക്ക് വേദപുസ്തകമുയർത്തി പറഞ്ഞു: 'പള്ളികളിൽ മാത്രമല്ല സുവിശേഷം പ്രസംഗിക്കേണ്ടത്. വീഥികളിലും ചന്തസ്ഥലങ്ങളിലുമാണ്. യേശു പ്രസംഗിച്ചതു കടൽത്തീരത്തും മലകളിലുമാണ്.'

അടുത്ത കവലയിൽ നിന്നു. വീണ്ടും അംഗവിക്ഷേപങ്ങളോടെ അദ്ദേഹം പ്രസ്താവിച്ചു: 'മഹാബലി പാതാളത്തിലേക്കു ചവിട്ടി താഴ്ത്തപ്പെട്ടു. യേശുവിനെ കല്ലറയ്ക്കുള്ളിൽ ചവിട്ടിത്താഴ്ത്താൻ ശ്രമിച്ചവരെ തോല്പിച്ചുകൊണ്ട് അവൻ മൂന്നാംദിവസം ഉയർത്തെഴുന്നേറ്റു. യേശുവിനു സമനായി ഒരുദേവനുമില്ല.'

വീണ്ടും വണ്ടി നീങ്ങാൻ തയ്യാറായപ്പോൾ ഉച്ചൈസ്തരം പ്രസ്താവിച്ചു: 'മാവേലി നാടു കണ്ടിട്ടു മടങ്ങിപ്പോകാനാ വരുന്നത്. യേശുക്രിസ്തു നാടുകണ്ടു മടങ്ങിപ്പോകാനല്ല ഇനി വരുന്നത്. അവൻ ഭൂമിയിൽ തന്റെ നിത്യരാജത്വം സ്ഥാപിക്കും.'

വാര്യാപുരത്ത് കാളവണ്ടി വന്നടുത്തപ്പോഴേക്കും പടിഞ്ഞാറെ ചക്രവാളത്തിൽ സൂര്യൻ ചെഞ്ചായം തേച്ചുകഴിഞ്ഞിരുന്നു. ഒന്നു രണ്ടു നക്ഷത്രങ്ങൾ മേഘങ്ങൾക്കിടയിലൂടെ തലനീട്ടി മന്ദഹസിച്ചു.

പെരിയാർ തടാകത്തിൽനിന്ന് ശബരിമലവഴി മൈലുകൾ സഞ്ചരിച്ചുവന്ന ഈറൻകാറ്റ് മത്തായിച്ചന്റെ വിയർപ്പു തുടച്ചുനീക്കിക്കൊണ്ട് അകലെ ഇന്ത്യൻ മഹാസമുദ്രത്തെ ലക്ഷ്യമാക്കിപ്പാഞ്ഞു.

മത്തായിച്ചനു താമസിക്കാൻ മൂന്നു മുറികളുള്ള, കുമ്മായം പൂശാത്ത ഒരു വീട് സഭാവിശ്വാസികൾ വാടകയ്ക്കെടുത്തിരുന്നു. സഭാംഗങ്ങളായ മാടപ്പള്ളി സ്ഖറിയാച്ചനും മേടയിൽ ചാണ്ടിക്കുഞ്ഞും മടുക്കോലിൽ മത്തായിച്ചനും വിശ്വാസഭവനത്തിലെത്തിക്കഴിഞ്ഞിരുന്നു.

വണ്ടിയിൽനിന്നും സാമാനങ്ങൾ ഇറക്കിവയ്ക്കുന്നതിനിടയിൽ മാടപ്പള്ളി സ്ഖറിയാച്ചനൊരു ഫലിതം പൊട്ടിച്ചു: 'ഇപ്പം വാര്യാപുരത്തു രണ്ടു മത്തായിച്ചമ്മാരുണ്ട്—തെങ്ങുമത്തായിച്ചനും മടു മത്തായിച്ചനും.'

കഴുത്തിൽ ചുറ്റിയിരുന്ന തൂവാല ഇളക്കിയിട്ടു കൊണ്ട് പാസ്റ്റർ തെങ്ങുവിള മത്തായിച്ചൻ തിരിച്ചടിച്ചു: 'വേദപുസ്തകത്തിൽ രണ്ടു കറിയാച്ചന്മാരുണ്ട്. ഒന്ന് സെഖര്യാ പ്രവാചകൻ. മറ്റേത് യോഹന്നാൻ സ്നാപകന്റെ പിതാവ് സെഖര്യാ പുരോഹിതൻ.'

'രണ്ടു യൂദമാരും വേദപുസ്തകത്തിലുണ്ട്. കെട്ടിഞാന്നു ചത്ത യൂദയും ലേഖന കർത്താവായ യൂദയും.'

'വേദപുസ്തകത്തിൽ ഒരു മത്തായിച്ചനേ ഉള്ളൂ. ചുങ്കക്കാരൻ മത്തായി. അതേതായാലും ഭാഗ്യമായിപ്പോയി.' മടുക്കോലിൽ മത്തായിച്ചനെ നോക്കി തെങ്ങുവിള മത്തായിച്ചൻ പറഞ്ഞു. കറകളഞ്ഞ സഹോദരസ്നേഹത്തിന്റെ ഫലിതമായിരുന്നു.

മറുപടി പറഞ്ഞത് മഹോദ്രവം ചാണ്ടിക്കുഞ്ഞാണ്. 'അതു ശരി. വേദപുസ്തകം ഇരട്ടകളുടെ പുസ്തകമാ. രണ്ടു സാത്താന്മാരുണ്ട്. ലൂസിഫേറും

ലെഗ്യോനും. ഇവരു രണ്ടുപേരും മഹോദ്രവകാലത്തു വെളിപ്പെടും.'

തനിക്കുചുറ്റും കാണുന്ന സകല സംഭവങ്ങളും മഹോദ്രവത്തിന്റെ—മഹാകഷ്ടതയുടെ—ലക്ഷണമാണെന്ന് ചാണ്ടിക്കുഞ്ഞു വിശ്വസിച്ചിരുന്നു. ലോകാവസാനകാലത്തിനു തൊട്ടു മുമ്പുണ്ടാകാനിരിക്കുന്ന മഹാകഷ്ടകാലത്തെപ്പറ്റിയുള്ള യേശുക്രിസ്തുവിന്റെ പ്രവചനം മത്തായി എഴുതിയ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചാണ്ടിക്കുഞ്ഞിന് കാണാപ്പാഠമാണ്. മഹോദ്രവം എന്ന പദം അയാൾ കൂടെക്കൂടെ സംഭാഷണങ്ങളിലുപയോഗിച്ചിരുന്നു. ഇക്കാരണത്താലാണയാൾ മഹോദ്രവം ചാണ്ടിക്കുഞ്ഞ് എന്ന പേരിൽ നാട്ടിലറിയപ്പെടുന്നത്.

മറ്റൊരു ഇരട്ടപ്പേരുകൂടി ചാണ്ടിക്കുഞ്ഞിന് നാട്ടുകാർ കൊടുത്തിരുന്നു—'അതു ശരി ചാണ്ടിക്കുഞ്ഞ്'. അയാൾ എപ്പോഴും 'അതു ശരി' എന്ന മുഖവുരയോടുകൂടിയാണ് സംസാരമാരംഭിക്കുന്നത്. കേൾക്കുന്ന കാര്യങ്ങൾ തെറ്റായാലും 'അതു ശരി'യെന്നായിരിക്കും തുടക്കം.

വണ്ടിയിൽനിന്ന് സാമാനങ്ങളിറക്കുന്ന ജോലി തീർത്തുകൊണ്ട് സ്ഖറിയാച്ചനാരാഞ്ഞു: 'യാത്രമൂലം നന്നാ ക്ഷീണിച്ചിരിക്കുന്നു. അല്ലേ? ചൂടുകൊണ്ടായിരിക്കും.'

'അതെയതെ, സാറാമ്മയും അമ്മച്ചിയും വാടിക്കരിഞ്ഞു.'

ചാണ്ടിക്കുഞ്ഞു സഹതപിച്ചു: 'അതു ശരി അതു ശരി. ഇതു മഹോദ്രവത്തിന്റെ കാലമാ. പ്രകൃതിയുടെ ശക്തികൾ ഇളകുന്ന കാലം.'

♦ ♦ ♦

മുളച്ചുവളർന്ന മണ്ണിൽനിന്നും മത്തായിച്ചൻ പറിച്ചുനടപ്പെട്ടിരിക്കുന്നു. പിച്ചവച്ചും തല്ലിക്കളിച്ചും വളർന്ന ചെങ്ങന്നൂർ തെങ്ങുവിള തറവാട്ടിൽനിന്നും എത്രയോ അകലെ!

വാര്യാപുരം സഭ വളർന്നു. ഒപ്പം കുടുംബവും.

ആദ്യത്തെ സന്താനം പിറന്ന രാത്രിയിൽ മത്തായിച്ചൻ വേദപുസ്തകത്തിന്റെ ആദ്യത്തെ താളു തുറന്നെഴുതി: 'ദൈവം ഞങ്ങൾക്ക് 1930 ഡിസംബർ 30-ാം തീയതി ഒരു പെൺകുഞ്ഞിനെ നൽകി. സ്തോത്രം.'

മത്തായിച്ചന്റെ മനസ്സ് കുക്കു സായിപ്പിന്റെ പന്തലിലേക്കു തിരിഞ്ഞു. ഒന്നരവർഷത്തിനുമുമ്പു സാറാമ്മയുടെ ഉദരരോഗത്തിനു സുഖം കിട്ടാനും സന്താനലബ്ധി ഉണ്ടാകുവാനും വേണ്ടി കുക്കു സായിപ്പിന്റെ മുമ്പിൽനിന്നു രഹസ്യമായി പ്രാർത്ഥിച്ച രാത്രി.

ആൺകുഞ്ഞാണെങ്കിൽ ജോണിയെന്നു പേരിടാനിരുന്നതാണ്. പക്ഷേ ദൈവം നൽകിയത് പെൺകുഞ്ഞിനെയാണ്. പേര് റോസമ്മ.

എണ്ണത്തിൽ വർദ്ധിച്ചുവരുന്ന പാസ്റ്ററുടെ കുടുംബത്തിന് മൂന്നു നേരം ആഹാരം കൊടുത്തു പോറ്റുക വാര്യാപുരം സഭയ്ക്കൊരു പ്രശ്നമാണ്. സഭയുടെ അംഗസംഖ്യ വർദ്ധിച്ചു തുടങ്ങിയെങ്കിലും ആദായം കാര്യമായി വർദ്ധിച്ചില്ല. പുതിയതായി സഭയിൽ ചേർന്നവർ മിക്കവരും സാധാരണക്കാരായ കൃഷിക്കാർ. അതിഥികളെ സ്വീകരിക്കുക, പ്രസംഗിക്കാനായി വരുന്ന ദൈവദാസന്മാരെ സല്ക്കരിക്കുക, വിശ്വാസഭവനത്തിനു മാസംതോറും വാടക കൊടുക്കുക—ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് സഭ വഹിക്കുന്നത്. പുറമേ, പാസ്റ്റർക്കും കുടുംബത്തിനും അന്നവസ്ത്രാദികളും!

അത്താഴപ്പട്ടിണി കിടക്കുന്ന രാത്രികളിൽ നന്ദിപൂർവ്വം പറയാറുണ്ട്: 'സാറാമ്മേ, അനേക ദൈവദാസന്മാർ മൂന്നു നേരവും പട്ടിണികിടക്കുന്നു. നമുക്ക് രണ്ടുനേരത്തെ ആഹാരം ലഭിച്ചല്ലോ.'

പട്ടിണിയുടെ കാര്യം വെളിയിലാരേയും അദ്ദേഹം അറിയിച്ചിരുന്നില്ല. പെരുമീനുദിക്കുമ്പോഴേ മത്തായിച്ചൻപ്രാർത്ഥനയ്ക്കെഴുന്നേൽക്കും.

സഭയെ

പാപികളെ

നാട്ടുകാരെ, വീട്ടുകാരെ.... വഹിച്ചുകൊണ്ട് പുലരുവോളം പ്രാർത്ഥന തുടരും.

പലപ്പോഴും പാതിരാനക്ഷത്രങ്ങൾ മിഴി തുറക്കുമ്പോൾ മുട്ടിന്മേലിരുന്നു ധ്യാനിക്കയായിരിക്കും.

പത്തു ദിവസം ആഹാരം കഴിച്ചാൽ പതിനൊന്നാം ദിവസം പച്ചവെള്ളം മാത്രം കുടിച്ചുകൊണ്ട് ഉപവാസം.

പത്തുരൂപ കിട്ടിയാൽ ഒരു രൂപാ ദൈവവേലയ്ക്ക്.

അമ്പതു കിട്ടിയാൽ അഞ്ചുരൂപാ.

ദിവസത്തിന് ഇരുപത്തിനാലു മണിക്കൂർ.

രണ്ടര മണിക്കൂർ പ്രാർത്ഥന.

മാരാമൺ കൺവെൻഷൻ കഴിഞ്ഞതിന്റെ പിറ്റേ ആഴ്ച വാര്യാപുരത്ത് ഒരു പ്രാദേശിക കൺവെൻഷൻ ആരംഭിച്ചു. പ്രസംഗകനായി വന്നെത്തിയ കുക്കുസായിപ്പിനെ സഭാപ്രവർത്തനങ്ങളുടെ ജയാപജയങ്ങളെപ്പറ്റിയുള്ള വാർത്തകൾ അറിയിക്കാൻ കാത്തിരിക്കുകയാണ് സഭാംഗങ്ങൾ. അക്കൂട്ടത്തിൽ പരാതികളുമുണ്ട്.

ചാണ്ടിക്കുഞ്ഞാണ് സംസാരത്തിന് ആരംഭമിട്ടത്. 'സായിപ്പേ, ഇന്നാട്ടിലിപ്പോൾ ഒരു പുതിയ ഉപദേശി പ്രസംഗിച്ചുനടക്കുന്നു. ആളുകളെ സ്നാനപ്പെടുത്തുന്നു. പാപ്പിയൂദേശീന്നാ എല്ലാരും വിളിക്കുന്നത്. സായിപ്പിന്റെ ലൈസൻസില്ലാതെ ഭൂതങ്ങളെ പുറത്താക്കയും രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു. മഹോദ്രവത്തിന്റെ ലക്ഷണം.'

ദ്വിഭാഷി തോട്ടുംകര വർഗീസിനു ചിരിവന്നു.

സായിപ്പു പ്രതിവചിച്ചു: 'ബ്രദർ, ഭൂതങ്ങളെ പുറത്താക്കാൻ എന്റെ ലൈസൻസ് എന്തിന്? പരിശുദ്ധാത്മാവിന്റെ അനുമതിപത്രം മതി.'

'അതുശരി. അതുശരി. പക്ഷേങ്കില് അങ്ങേരെ ആരും കൈവെച്ചു പ്രാർത്ഥിച്ചു നിയോഗിച്ചിട്ടില്ല.'

'പരിശുദ്ധാത്മാവു നിയോഗിച്ചാ മതി. ആത്മാക്കളെ ആരു നേടിയാലും ദൈവത്തിനു പ്രസാദമാ.'

മത്തായിച്ചനും പരാതിയുണ്ടായിരുന്നു. 'സായിപ്പേ, ഇവിടെ കുറെ യാക്കോബാ സഭക്കാർ വന്നു. ഫാദർ കുര്യാക്കോസച്ചനെ വിളിച്ചു പ്രസംഗം നടത്താൻ പന്തലിടാൻ നമ്മുടെ സഭാമന്ദിരത്തിന്റെ പുറകിലുള്ള വിശാലമായ പറമ്പ് വാടകയ്ക്കു കൊടുക്കണമെന്നാവശ്യപ്പെട്ടു.'

'ബ്രദർ എന്തു മറുപടി കൊടുത്തു?'

'ഒരിക്കലും കൊടുക്കത്തില്ലെന്ന്.'

'അതെന്താ?'

'ആ കുര്യാക്കോസച്ചൻ കടുത്ത യാക്കോബാക്കാരനാ. കൂടാതെ അങ്ങേര് പെന്തക്കോസ്തുകാരുടെ വിശ്വാസ സ്നാനത്തിനെതിരെ പുസ്തകമെഴുതിയ ആളല്ലേ?'

സായിപ്പ് തോട്ടുംകര വർഗ്ഗീസിനെ നോക്കി. മറുപടി പറഞ്ഞത് തോട്ടുംകര വർഗ്ഗീസാണ്: 'മത്തായിച്ചാ, അതു തെറ്റായിപ്പോയി. പരിശുദ്ധാത്മാവിൻെറ കാര്യത്തിലും അദ്ദേഹത്തിന് നമ്മോട് അഭിപ്രായവ്യത്യാസമുണ്ട്.

എങ്കിലും അദ്ദേഹം, നിത്യജീവൻ പ്രാപിക്കുവാൻ ഏകവഴി യേശുക്രിസ്തുവാണെന്നുള്ള സത്യം ശക്തിയായി പ്രസംഗിക്കുന്ന ആളാ. രക്ഷാമാർഗ്ഗം പ്രസംഗിക്കുന്നോരെല്ലാം നമ്മുടെ സഹായം അർഹിക്കുന്നു.'

'അങ്ങേർക്ക് പെന്തക്കോസ്തരുമായി ഒരു ബന്ധോമില്ല.'

'ശരിയായിരിക്കാം....കൊച്ചൂഞ്ഞുപദേശിയും പുഞ്ചമണ്ണിൽ മാമ്മനുപദേശിയും ഒക്കെ മാർതോമാക്കാരാ. അവരൊക്കെ ശക്തിയായി സുവിശേഷം പ്രസംഗിക്കുന്നോരാ. അവരെയൊക്കെ നാം ആദരിക്കണം....പാരമ്പര്യസഭകളിലെ അനാചാരങ്ങളോടാ നമുക്ക് ശത്രുതയുള്ളത്. വ്യക്തികളോടല്ല.... ഇനിയും ചോദിച്ചാൽ വാടക വാങ്ങാതെ പറമ്പു കൊടുക്കണം.'

പെന്തക്കോസ്തു വിശ്വാസികൾ അവരുടെ തനതായ വിശ്വാസം വിട്ടു വീഴ്ച കൂടാതെ കാത്തുസൂക്ഷിക്കുന്നതോടൊപ്പം, മറ്റു സഭകളിലും മതങ്ങളിലുമുള്ളവരെ സ്നേഹിക്കയും ആദരിക്കയും ചെയ്യണമെന്ന ആദ്ധ്യാത്മികപാഠം മനസ്സിലാക്കിത്തുടങ്ങുകയായിരുന്നു മത്തായിച്ചനന്ന്.

# എട്ട്

മക്കൾ യഹോവ നൽകുന്ന അവകാശം.

ഉദരഫലം തമ്പുരാൻ നൽകുന്ന പ്രതിഫലം.

രണ്ടു മക്കളുടെ പിതാവായതിൽ മത്തായിച്ചൻ അഭിമാനിച്ചു.

നവജാതശിശുവിനു കുഞ്ഞമ്മയെന്ന പേരു നൽകി. ആദ്യം ജനിക്കുന്ന ആൺകുഞ്ഞിനു നൽകാൻ വർഷങ്ങൾക്കുമുമ്പേ കരുതിവെച്ചിരുന്ന 'ജോണി' എന്ന ഓമനപ്പേര് വീണ്ടും അവശേഷിച്ചു.

'ഈ കുഞ്ഞുങ്ങൾ വളർന്നുവരുമ്പം ദൈവവചനം പഠിപ്പിക്കണ്ടായോ. ഒരു സൺഡേസ്കൂളു തുടങ്ങരുതോ.' രണ്ടു വയസ്സുള്ള റോസമ്മയെയും നവാഗതശിശുവിനെയും സൂചിപ്പിച്ചുകൊണ്ടു സാറാമ്മ പറഞ്ഞു.

സാറാമ്മയുടെ ആഗ്രഹം പിറ്റേ മാസം സാക്ഷാത്കരിക്കപ്പെട്ടു.

'ഇത് മുടിയൻപുത്രൻ. ഇതവന്റെ നല്ല പിതാവ്. അപ്പനെ കളഞ്ഞിട്ടവൻ വീടും നാടുംവിട്ടോടി. അലഞ്ഞു നടന്നു, ദുർമ്മാർഗ്ഗിയായി, ഒടുവിൽ പട്ടിണിക്കാരനായി....ദാ നോക്കൂ പന്നികൾ. അവൻ പന്നിയെ തീറ്റുന്നവനായി. പന്നി തിന്നുന്ന തവിടു തിന്നത്തക്കവണ്ണം അവൻ അധഃപതിച്ചു.' കുക്കുസായിപ്പു കൊടുത്തയച്ച വേദപുസ്തക ചിത്രങ്ങൾ ഫ്ളാനൽ ബോർഡിൽ പ്രദർശിപ്പിച്ചുകൊണ്ടു മത്തായിച്ചൻ ഞായറാഴ്ച രാവിലെ സൺഡേസ്ക്കൂൾ തുടങ്ങി. കഥകളും സദുപദേശങ്ങളും ബാലമനസ്സുകളിൽ ആഴത്തിൽ പതിഞ്ഞു.

ജാതിവിവേചനം സഭയിൽ അനുവദനീയമല്ല. റോസമ്മയും മണിയൻകുറവന്റെ മകൾ ശാന്തയും ഒരേ പായിലാണിരുന്നത്.

വൈകിട്ട് മണിയൻകുറവൻ വിശ്വാസഭവനത്തിൽ വന്നു. മത്തായിച്ചൻ കസേര ചൂണ്ടിക്കാണിച്ചു.

പാരമ്പര്യ ക്രിസ്ത്യാനികളുടെയും നായന്മാരുടെയും വീട്ടിൽ ചെന്നാൽ മണിയൻകുറവൻ മുറ്റത്തു നില്ക്കുകയേഉള്ളു. അയാൾ മത്തായിച്ചന്റെ ഔദാര്യം സ്വീകരിക്കാതെ തിണ്ണയിൽ നിന്നു.

'സഹോദരാ, നിങ്ങൾ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് പരിശുദ്ധാത്മാവു പ്രാപിച്ചാളാ. സ്വർഗ്ഗത്തിച്ചെല്ലുമ്പം നമ്മളു രണ്ടും ഒന്നിച്ചിരിക്കേണ്ടവ

രാ....ഇവിടെയും എന്റെ കസേരേല് നിങ്ങളിരുന്നേ പറ്റൂ.'

'വേണ്ടാ തമ്പ്രാനെ, ഏനിവിടെ നിന്നോളാമേ'.

'മണിയൻസഹോദരാ. എന്നെ ഇനീ തമ്പ്രാനെന്നു വിളിക്കരുത്. പാസ്റ്ററെന്നു വിളിച്ചാ മതി. ദൈവം മാത്രമാണ് തമ്പുരാൻ'.

നിർബന്ധം മാനിച്ച് കസേരയിലിരുന്നപ്പോൾ മണിയൻകുറവന്റെ കാൽ വിറയ്ക്കുന്നുണ്ടായിരുന്നു.

സഭയിലെ പുതിയ അംഗമാണയാൾ.

അടുക്കളയിൽ ചേച്ചമ്മയുടെ തൊണ്ടമുരൾച്ച കേട്ടു. പ്രതിഷേധത്തിന്റെ മുരൾച്ച.

മണിയൻകുറവൻ യാത്രപറഞ്ഞശേഷം ചേച്ചമ്മ മത്തായിച്ചനെ നേരിട്ടു: 'ഞങ്ങള് ചെങ്ങന്നൂര് കത്തോലിക്കാപള്ളീല് ഒരൊറ്റ കൊറവനേം പൊലേനേം കേറ്റത്തില്ലായിരുന്നു. പാരമ്പര്യമുള്ള നസ്രാണി ക്രിസ്ത്യാനികളേ പള്ളീൽ കേറത്തൊള്ളൂ. അവശർക്കുവേണ്ടി ഞങ്ങൾ പ്രത്യേകം പുലപ്പള്ളിയും കൊറപ്പള്ളിയും വച്ചുകൊടുത്തിട്ടുണ്ട്.'

'പൊന്നമ്മച്ചീ, ദൈവത്തിന് താഴ്ന്നജാതിയെന്നും ഉയർന്നജാതിയെന്നും ഇല്ല. എല്ലാരും മനുഷ്യജാതി. പുലസ്വർഗ്ഗമില്ല, കൊറസ്വർഗ്ഗമില്ല. പറയനുവേണ്ടിയും പ്രത്യേക സ്വർഗ്ഗമില്ല. നസ്രാണി സ്വർഗ്ഗവുമില്ല.'

'നിർത്തെടാ.'

'പുലനരകമില്ല. കൊറനരകവുമില്ല. ദുഷ്ടന്മാർ എല്ലാരും ഒന്നിച്ച് നരകക്കുഴിയിൽ കിടന്നുരുളും. മാപ്പളയും പോറ്റിയും പറയനും ഒരേ കുണ്ടറയിൽ കിടന്ന് അന്യോന്യം മാന്തിപ്പറിക്കും!'

'എന്നാലും എന്റെ മോനേ, മണിയൻ കുറവനെന്നു വിളിച്ച നാക്കുകൊണ്ട് മണിയൻ സഹോദരനെന്നു വിളിക്കാനൊക്കുമോ?'

'ഒക്കും. യേശുവിന്റെ സ്നേഹം ഓർക്കുമ്പോൾ ഒക്കും.'

'വേലുപ്പറയനെന്നു വിളിച്ച നാക്കുകൊണ്ട് ബ്രദർ വേലുവെന്ന് വിളിക്കാനൊക്കുമോ?'

'ഒക്കും. യേശു ക്രിസ്ത്യാനിക്കുവേണ്ടിയും പറയനുവേണ്ടിയും പ്രത്യേകം പ്രത്യേകം ക്രൂശിൽ തൂങ്ങിയില്ല. ഒരൊറ്റ കുരിശ്. ഏവരും തുല്യർ. രക്ഷിക്കപ്പെടാൻ എല്ലാവർക്കുംവേണ്ടി ഒരു പദ്ധതിമാത്രം. സുറിയാനി ക്രിസ്ത്യാനിക്കുവേണ്ടി എളുപ്പവഴികളും കുറുക്കുവഴികളും ക്രൂശിൽ വെട്ടിത്തെളിച്ചിട്ടില്ല.'

പിറ്റേ ഞായറാഴ്ച സൺഡേസ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ മത്തായിച്ചനാരാഞ്ഞു: 'നിങ്ങളുടെ ആരുടെയെങ്കിലും പ്രാർത്ഥന ദൈവം കേട്ടിട്ടുണ്ടോ?'

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുഞ്ഞപ്പനാണ് ആദ്യം സംസാരിച്ചത്: 'ഒണ്ട്, കേട്ടിട്ടൊണ്ട്. നാലാം ക്ലാസ്സില് ജയിപ്പിക്കണമെന്ന് പാർത്ഥിച്ചു. ദൈവം ജയിപ്പിച്ചു.'

നാലാം ക്ലാസ്സിൽ പഠിക്കുന്ന രാജൻ കൈ ഉയർത്തി.

'മോനേ, നിന്റെ പ്രാർത്ഥന ദൈവം കേട്ടിട്ടുണ്ടോ?'

'ഒണ്ടു പാസ്റ്ററേ.'

'എന്നാലൊന്നു കേക്കട്ടെ.'

'സാറു ഞങ്ങളോടു പറഞ്ഞു എഞ്ചുവടി പട്ടിക കാണാതെ പഠിക്കണോന്ന്. ഞാൻ മറന്നുപോയി പഠിക്കാൻ. പിറ്റേന്നു സാറ് പിള്ളാരേക്കൊണ്ട് പട്ടിക ചൊല്ലിച്ചു. ചൊല്ലാത്തോരെ ചൂരലുകൊണ്ടടിച്ചു. ഞാൻ അവസാ

നത്തെ ബഞ്ചിലാ ഇരുന്നത്. എന്നോടു പട്ടിക ചോദിക്കല്ലേ എന്നു ദൈവത്തോടു പാർത്തിച്ചു. എന്റെ തൊട്ടു വലതുവശത്തിരുന്ന ചെറുക്കനോടു ചോദിച്ചപ്പം നാലുമണിയടിച്ചു. സ്കൂളുവിട്ടു. സാറ് പട്ടികയെന്നോടു ചോദിച്ചില്ല. അടികിട്ടാതെ രക്ഷപെട്ടു. ദൈവം എന്റെ പാർത്തന കേട്ടു.'

പ്രായമായ കുട്ടികൾ ചിരിച്ചു. കുരുന്നുമനസ്സിലെ നിഷ്കളങ്കമായ വിശ്വാസത്തെ മത്തായിച്ചൻ അഭിനന്ദിച്ചു.

തര്യന്റെ മകൻ മാത്തുക്കുട്ടി ചാടിക്കയറിപ്പറഞ്ഞു: 'പ്രാർത്ഥനയില്ലാത്ത ജീവിതം ഉപ്പില്ലാത്ത കഞ്ഞിപോലെയും ചമ്മന്തിയില്ലാത്ത ദോശപോലെയുമാകുന്നു'.

ഫലിതം മത്തായിച്ചനിഷ്ടപ്പെട്ടില്ല. 'നിർത്തവിടെ! ഇതൊരു ദേവാലയമല്ലേ, പള്ളിക്കൂടത്തിപ്പറേന്ന തമാശയിവിടെ പറഞ്ഞൂടാ.'

അന്നത്തെ ആരാധന കഴിഞ്ഞ് തര്യൻ മത്തായിച്ചനെ സമീപിച്ചു: 'പാസ്റ്ററേ, എന്റെ മോൻ പറഞ്ഞ മണ്ടത്തരം ക്ഷമിക്കണേ. ഞാൻ വീട്ടിച്ചെന്ന് അവനു രണ്ടു തല്ലു കൊടുത്തേക്കാം.'

'ആവശ്യത്തിനു കൊടുത്തേക്ക്. അവനിച്ചിരി അഹങ്കാരമൊണ്ട്.'

ഇടയ്ക്കുകയറി മഹോദ്രവം ചാണ്ടിക്കുഞ്ഞു പറഞ്ഞു: 'അതു ശരി, അതുശരി. ഇതു മഹോദ്രവത്തിന്റെ കാലമാ. ചെറുപ്പക്കാരൊക്കെ വഴിതെറ്റി നടക്കുവാ. പൊട്ടച്ചൊല്ലും വെറിക്കൂത്തും ചീത്തവർത്തമാനങ്ങളുമാ വായില്. അനുസരണംകെട്ട തലമൊറ.'

വീട്ടിലെത്തി ചിന്തിച്ചപ്പോൾ മത്തായിച്ചൻ പശ്ചാത്തപിച്ചു. മാത്തുക്കുട്ടിയോട് അത്രപെട്ടെന്ന് കോപിക്കേണ്ടതില്ലായിരുന്നു എന്നദ്ദേഹത്തിനു തോന്നി. മത്തായിച്ചൻതന്നെ പ്രസംഗവേളകളിൽ ഫലിതങ്ങൾ പറയാറുണ്ട് എന്ന വസ്തുത ഓർത്തു.

തലേമാസം കേട്ട ഒരു കൺവെൻഷൻ പ്രഭാഷകന്റെ ഫലിതം കലർന്ന ആശയം ഓർമ്മവന്നു. ബയോളജിയും സുവോളജിയും ജിയോളജിയുമൊക്കെ അറിയാവുന്ന ആധുനിക മനുഷ്യന് ഈ സംസാരസാഗരം നീന്തിക്കടക്കാനുള്ള നീന്തോളജി അറിഞ്ഞുകൂടായെന്ന്.

നീന്തോളജി എന്ന വാക്ക് പൊട്ടച്ചൊല്ലല്ലേ? കളിവാക്കല്ലേ?

ഞാൻ ആൽഫയും ഒമേഗയുമാണെന്നുള്ള വേദവാക്യം വിദ്യാവിഹീനനായ ഒരുപദേശി വായിച്ചപ്പോൾ ഞാൻ അൽപ്പനും ഓമയ്ക്കായുമാണെന്നു വായിച്ചകാര്യം ശ്രോതാക്കളെ ചിരിപ്പിക്കാനായി ഒരു കൺവെൻഷൻ പ്രഭാഷകൻ പറഞ്ഞ കാര്യവും ഓർമ്മിച്ചുകൊണ്ടാണ് മത്തായിച്ചൻ ചിന്ത തുടർന്നത്.

'നിങ്ങളിൽ പാപം ചെയ്യാത്തവൻ അവളെ കല്ലെറിയട്ടെ എന്ന് യേശുക്രിസ്തു പറഞ്ഞു. ഫലിതം പറഞ്ഞിട്ടില്ലാത്തവർ മാത്തുക്കുട്ടിയെ ശാസിക്കട്ടെ' മത്തായിച്ചൻ വിചാരിച്ചു.

മാത്തുക്കുട്ടി അശ്ലീലം പറഞ്ഞില്ല. തെറ്റായ വഴിയിലേക്ക് ചിന്തയെ തിരിച്ചുവിടുന്ന തമാശയല്ല പറഞ്ഞത്. നിഷ്കളങ്കമായ ഒരു ഫലിതം....ശരിയായ നർമ്മബോധം ദൈവദത്തമാണ്. മനുഷ്യനു കരയാൻ കഴിവു നൽകിയ ദൈവം ചിരിക്കാനും കഴിവു നൽകിയിട്ടുണ്ട്.

♦ ♦ ♦

കപ്പമാംമൂട്ടിൽ പാസ്റ്റർ കുഞ്ഞോമ്മാച്ചൻ ഓമല്ലൂർ വിളവിനാൽ പാസ്റ്റർ വി.റ്റി. ജോസഫിന്റെ ഭവനാങ്കണത്തിൽ ഉണർവ്വുയോഗം നടത്തുകയാ

ണ്. യോഗം കഴിഞ്ഞ് മാടക്കടയിൽനിന്നും മത്തായിച്ചൻ അന്നത്തെ മനോരമപത്രവും വാങ്ങിയാണ് മടങ്ങിയത്.

പത്രവുമായി മത്തായിച്ചൻ അടുക്കളയിലെത്തി. അടച്ചുവേവിക്കുന്ന പയറുതോരനിൽനിന്നും ആവി പൊങ്ങുന്നുണ്ട്.

'ഇതു കണ്ടോ സാറാമ്മേ?'

'എന്തവാ, കടലാസ്സിൽ വല്ല വിശേഷോമൊണ്ടോ?'

'ഗാന്ധിജി ഹരിജൻസേവനത്തിനുവേണ്ടി കഴിഞ്ഞയൊരുദിവസം വടകരയിൽവെച്ച് സംഭാവനയാവശ്യപ്പെട്ടു.'

'എന്നിട്ടു വല്ലോരും കൊടുത്തോ?'

'ഓഹോ—കൊടുത്തോന്നോ, പണം ഇഷ്ടംപോലെ. പെണ്ണുങ്ങൾ ചിലർ ആഭരണങ്ങളൂരി കാഴ്ചവച്ചു.'

സ്വർണ്ണാഭരണങ്ങളോ?

'അതേ, അക്കൂട്ടത്തിൽ കടത്തനാട്ടു രാമവർമ്മരാജാവിന്റെ പുത്രി കുമാരി കൗമുദിയും മാലകളും വളകളും ഊരിക്കൊടുത്തു.'

'ഗാന്ധിജീടെ മനസ്സു സന്തോഷിച്ചുകാണുമല്ലോ?'

'പിന്നില്ല്യോ. ഇനിയും സ്വർണ്ണാഭരണങ്ങളണിയാൻ ആഗ്രഹിക്കുന്നോന്നു ഗാന്ധിജി ചോദിച്ചു.'

'കുമാരിയെന്തോ പറഞ്ഞു?'

'മേലിലൊരിക്കലും ആഭരണമണിയുകയില്ലെന്നു പറഞ്ഞു.... നോക്ക്, പത്രത്തിലെ വാർത്ത!'

മത്തായിച്ചൻ ചേച്ചമ്മയുടെ നേരെ തിരിഞ്ഞു: 'അമ്മച്ചീ, ഇതുകണ്ടോ, ഗാന്ധിജിക്കുവേണ്ടി ഒരു കുലീന യുവതി എന്നന്നേക്കുമായി ആഭരണമുപേക്ഷിച്ചിരിക്കുന്നു. എങ്കിൽ നമുക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവിന്റെ നാമത്തിനുവേണ്ടി ആഭരണം ഊരിവയ്ക്കരുതോ?'

ചേച്ചമ്മ ചിറിപൂട്ടി ഭിത്തിയിൽ ചാരി നിന്നതേയുള്ളു.

ഞായറാഴ്ച കുമാരി കൗമുദിയെപ്പറ്റിയുള്ള വാർത്ത വായിച്ച്, ആഭരണഭ്രമത്തിനെതിരെ വേദവാക്യങ്ങൾകൂടി ഉദ്ധരിച്ചുകൊണ്ടാണ് മത്തായിച്ചൻ പ്രസംഗിച്ചത്.

ആദ്യം അദ്ദേഹം ഒന്നു തിമൊഥെയോസ് രണ്ടാം അദ്ധ്യായം ഒമ്പതു മുതലുള്ള വാക്യങ്ങളിലേക്ക് കേൾവിക്കാരുടെ ശ്രദ്ധ തിരിച്ചുവിട്ടു. ഒമ്പതാം വാക്യം ആവർത്തിച്ചു വായിച്ചു.

അവ്വണ്ണംതന്നേ സ്ത്രീകളും
യോഗ്യമായ വസ്ത്രം ധരിച്ച്
ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ
തങ്ങളെ അലങ്കരിക്കണം.

തദനന്തരം കൈവിരലുകൾ യിരെമ്യാ പ്രവചനം നാലാം അദ്ധ്യായത്തിലേക്കു ചലിച്ചു.

നീ രക്താംബരം ധരിച്ചാലും
പൊന്നാഭരണം അണിഞ്ഞാലും
നിന്റെ കണ്ണിൽ മഷി എഴുതിയാലും
വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു.

ഒരു ഭാഗംകൂടി വായിച്ചുകൊണ്ട് പ്രസംഗത്തിലേക്കു കടക്കാനാഗ്രഹിക്കുന്നുവെന്ന പ്രസ്താവനയോടുകൂടി യെഹസ്കേൽ പ്രവചനം ഇരുപത്തിമൂന്നാം അദ്ധ്യായത്തിന്റെ നാല്പതു മുതൽ നാല്പത്തൊൻപതു വരെയുള്ള

വാക്യങ്ങൾ വായിച്ചു.

ദൂരത്തുനിന്നുള്ള പുരുഷന്മാർക്ക്
അവർ ആളയച്ചു....
അവർക്കുവേണ്ടി നീ കുളിച്ചു
കണ്ണിൽ മഷി എഴുതി ആഭരണം അണിഞ്ഞു
എന്നാൽ നീതിമാന്മാരായ പുരുഷന്മാർ....
അവരെ ന്യായം വിധിക്കും
നിങ്ങൾ നിങ്ങളുടെ വിഗ്രഹങ്ങളുടെ
പാപങ്ങളെ ചുമക്കേണ്ടിവരും.

സ്വാഭാവികത നഷ്ടമാക്കുന്ന ചായങ്ങൾ പൂശുന്നതിനോടും വേഷവിധാനങ്ങൾ സ്വീകരിക്കുന്നതിനോടും മത്തായിച്ചനെതിരായിരുന്നു.

ആഭരണം, കണ്മഷി എന്നീ വിഗ്രഹങ്ങൾ ചുമക്കുന്ന സ്ത്രീകളെ ഗുണദോഷിച്ചു. 'ദിനപ്പത്രം വായിച്ചുനോക്കൂ. ഇന്നത്തെ മോഷണങ്ങളും കൊലപാതകങ്ങളും മിക്കവയും ആഭരണത്തിന്റെ പേരിലല്ലേ? ദൈവമക്കളായ നമ്മുടെ ചെവീലും കഴുത്തിലും ഈ ആഭരണഭാരം കേറ്റരുത്....കാണാനുള്ള കണ്ണിൽ മഷി തേക്കുന്നത് കേടാ. ഇവയിൽ വിഷമുണ്ട്. ഭാവിയിൽ ദോഷമുണ്ടാക്കും. ദൈവം തന്ന ചെവിയും മൂക്കും തുളച്ചുമുറിച്ച് ആഭരണം തൂക്കിയിടരുത്. അത് ശരീരത്തെ അപമാനിക്കയാണ്.'

ആരാധന കഴിഞ്ഞപ്പോൾ മഹോദ്രവം ചാണ്ടിക്കുഞ്ഞ് തന്റെ അഭിപ്രായമറിയിച്ചു: 'മത്തായിച്ചാ, പ്രസംഗിച്ചതെല്ലാം ശരിതന്നെ. ഇതൊക്കെ മഹോദ്രവത്തിന്റെ ലക്ഷണങ്ങളാ. കാപ്പിക്കടേല് കണ്ണാടി അലമാരീൽ പലഹാരങ്ങളു പ്രദർശിപ്പിക്കുന്നതുപോലെ ശരീരം കാണിച്ചുകൊണ്ടുള്ള കണ്ണാടി വസ്ത്രങ്ങളും, നാടകപ്പെണ്ണുങ്ങളെ വെല്ലുന്ന ആഭരണങ്ങളും ധരിച്ച് ക്രിസ്ത്യാനിസ്ത്രീകൾ ഞെളിഞ്ഞു നടക്കുന്നു. ദൈവകോപം വരാറായി.'

സന്ദർശകനായി കടന്നുവന്ന ഒരു നാട്ടുകാരൻ ഇടയ്ക്കുകയറിച്ചോദിച്ചു: 'ഊദേശീ, നിങ്ങളു പറേന്നത് ആഭരണമണീന്നോരെല്ലാം നരകത്തിൽ പോകുമെന്നാണോ?'

മത്തായിച്ചനു മറുപടി പറയാൻ സമയം കൊടുക്കാതെ ചാണ്ടിക്കുഞ്ഞു പറഞ്ഞു: 'തീർച്ച. നരകത്തിപ്പോകും. നരകത്തീയിൽ പൊന്നും വെള്ളിയുമെല്ലാം വെന്തുരുകട്ടെ.'

മത്തായിച്ചൻ തിരുത്തി: 'സ്വർഗ്ഗനരകലോകങ്ങളെ ഭരിക്കുന്നതു ദയാപരനായ ഒരു ദൈവമാണ്. ഒരാൾ നരകത്തിലാണോ അതോ സ്വർഗ്ഗത്തിലാണോ പോകുന്നതെന്നു തീരുമാനിക്കുന്നതു ദൈവംതമ്പുരാനാ. വിധിപ്പാൻ ഞാൻ ആർ?'

സന്ദർശകൻ വീണ്ടും ചോദിച്ചു: 'ഊദേശീ, പഴേകാലത്തെ വസ്ത്രധാരണരീതിയിലേക്കു മടങ്ങിപ്പോണോന്നാണോ പറേന്നത്?'

'രണ്ടായിരം വർഷം പിന്നിലേക്കിനി പോകാനൊക്കത്തില്ല. എന്നാൽ നമ്മുടെ ചുറ്റുമുള്ള ജനങ്ങളുടെയിടയിൽ ആർഭാടമെന്നു വിധിയെഴുതാൻ സാധ്യതയുള്ള വസ്ത്രം ധരിക്കരുത്. മറ്റൊരാളിൽ കാമമോഹാദികൾ ജനിപ്പിക്കുന്ന വസ്ത്രവും ധരിക്കരുത്.'

'ഈ ആഭരണവസ്ത്രങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്പം അയവു കാണിച്ചാൽ പെന്തക്കോസ്തിൽ ഒത്തിരി ആളുകൂടും.'

'വല്യ ആൾപ്പെരുപ്പം വേണ്ടാ. ത്യാഗബുദ്ധിയുള്ളവരെ മതി. ബുദ്ധമത്തിൽ ചേരുന്നോർ തല മുണ്ഡനം ചെയ്യണം. രക്ഷാസൈന്യക്കാർ ചുവ

ന്ന കോട്ടിടണം. അതിനേക്കാൾ വളരെ കുറച്ചു ത്യാഗമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു....ആർഭാടക്കാരുടെയിടയിലിരുന്ന് ആരാധിച്ചാൽ ദൈവാത്മാവിന്റെ അഗ്നി കത്തത്തില്ല.'

♦ ♦ ♦

ഉണർവുള്ള ആരാധനയാണ് വാര്യാപുരം സഭയിലേത്.

ഒരു പുരുഷാരത്തിന്റെ മഹാധ്വനി.

വാഴവിളയിൽ മർക്കോസ് സഹോദരൻ പാട്ടുതുടങ്ങും. മെല്ലെമെല്ലെ ഉയരുന്ന സ്തോത്രഗീതം. പാട്ടിൻെറ വേഗം വർദ്ധിക്കുമ്പോൾ തമ്പേറടിയുടെ വേഗവും വർദ്ധിക്കുന്നു. മർക്കോസിന്റെ കൈയിൽ തമ്പേറിനു തനതായ വ്യക്തിത്വമുണ്ട്.

ചിലയ്ക്കാനും ഞരങ്ങാനും
മുഴങ്ങാനും മുരളാനും മൂളാനും
അനുതപിച്ചു വിതുമ്പാനും
ആഹ്ളാദിച്ചാർപ്പുവിളിക്കാനും
നീട്ടിനെടുവീർപ്പിടാനും
പാപബോധത്തിൽ ദീർഘശ്വാസം വിടാനും
ഉണർവ്വിൻെറ ഗതിയെ നിയന്ത്രിക്കാനും....ഒക്കെയുള്ള കഴിവുണ്ടതിന്.

പാട്ടു പകുതിയാകുമ്പോഴേക്കും ജനങ്ങളുടെ ശ്രദ്ധ ഒരു സൂചിമുനപോലെ ദൈവത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു.

ചിലർ സ്തോത്രം മുഴക്കുന്നു.

ചിലർ അന്യഭാഷ പറയുന്നു.

കുറെക്കഴിയുമ്പോഴേക്കും പാട്ടുകൾ
അന്യഭാഷാഗാനങ്ങളായി രൂപാന്തരപ്പെടുന്നു.

പാട്ടു തീരാറാകുമ്പോഴേക്കും പലരുടേയും കണ്ണുകളിൽ ചുടുനീർ തുളുമ്പിയിരിക്കും.

അനുതാപത്തിന്റെ....
ഭക്തിയുടെ....
സന്തോഷത്തിന്റെ....ചുടുനീർ
അതിന്റെ ചൂട് മനസ്സിലെ വികാരങ്ങളെ വീണ്ടും തിളപ്പിക്കുന്നു.
ആ തിളപ്പ് ശരീരത്തെ ചലിപ്പിച്ചു തുടങ്ങും.
ചിലർ കുലുങ്ങുന്നു.
വേറെ ചിലർ നൃത്തം ചെയ്യുന്നു.

കുറേപ്പേർ മാലാഖമാരെ ഹൃദയദൃഷ്ടികൊണ്ട് കണ്ടെന്നു തോന്നുമാറ് മന്ദഹസിക്കുന്നു.

വാര്യാപുരം ദൈവസഭാ വിശ്വാസികൾക്ക് പണത്തിന് ക്ഷാമമുണ്ടായിരുന്നു. ഞായറാഴ്ചകളിൽ സ്തോത്രകാഴ്ച നോട്ടുകളായോ നാണയത്തുട്ടുകളായോ സമർപ്പിക്കാൻ പാങ്ങില്ലാത്തവരാണു ചിലർ. വഴിപാടായി കാർഷികവിളവുകളാണ് അവർ കൊണ്ടുവരാറുള്ളത്.

ദുഃഖവെള്ളിയാഴ്ചയുടെ തലേ ഞായറാഴ്ച രാവിലെ പതിവിലേറെ കാർഷിക ഫലങ്ങൾ ആരാധനാമന്ദിരത്തിന്റെ മുറ്റത്ത് എത്തിയിരുന്നു. സുവിശേഷവേലയ്ക്കുവേണ്ടി ഒരു ധനശേഖരണം ഉടനെ നടത്തണമെന്നു കാണിച്ച് കുക്കുസായിപ്പ് വിവിധ സഭകൾക്കെഴുതിയിരുന്നു. സായിപ്പിന്റെ അഭ്യർത്ഥനയെ മാനിക്കാൻ ഒരുക്കത്തോടുകൂടിയാണ് വിശ്വാസികൾ വന്നെ

ത്തിയിരിക്കുന്നത്.

തേങ്ങ മാങ്ങ മത്തങ്ങാ
പയറ് പാവയ്ക്കാ പടവലങ്ങാ
കോഴിമുട്ട ചെറുനാരങ്ങാ നെല്ലിക്കാ

വലിയ ഒരു ചേനയും തടിച്ച ഒരു കാച്ചിലുമായി മന്ദിരമുറ്റത്തെത്തിയ ഉപവാസംതങ്കമ്മയുടെ മുഖത്ത് അഭിമാനത്തിന്റെ പുഞ്ചിരി വിടർന്നിരുന്നു. പരിശുദ്ധാത്മപകർച്ചയ്ക്കുവേണ്ടിയും പരിചയക്കാരുടെ രോഗസൗഖ്യ ത്തിനുവേണ്ടിയും ഇടയ്ക്കിടെ സഭയിൽ നടത്താറുള്ള കാത്തിരിപ്പുയോഗ ങ്ങളിൽ ആഹാരം വെടിഞ്ഞ് നീണ്ട ദിവസങ്ങളിൽ ഉപവസിച്ചു പ്രാർത്ഥി ക്കുക തങ്കമ്മയുടെ ഒരു പതിവാണ്. മറ്റൊരു ഇരട്ടപ്പേരും അവർക്കുണ്ട്—കാത്തിരിപ്പുകൊച്ചമ്മ.

വാഴവിളയിൽ മർക്കോസ് സഹോദരൻ വന്നെത്തിയിരിക്കുന്നത് ദശ മുഴുപ്പുള്ള ഒരു പൂവൻകോഴിയെ തൂക്കിപ്പിടിച്ചുകൊണ്ടാണ്. കരുത്തനായ ആ പാണ്ടിപ്പൂവനെ മന്ദിരമുറ്റത്ത് ഒരു വള്ളിക്കൊട്ടയുടെ കീഴെ അടച്ചിട്ടു. അല്പനേരം കഴിഞ്ഞ് മാടപ്പള്ളിൽ സ്ഖറിയാച്ചൻ എത്തി—ഒരു കാളക്കിടാ വിനേയും കൊണ്ട്. തൊട്ടുപുറകേ താമരവിളയിൽ ചാക്കോ—ചെമ്പൻതാ ടിയുള്ള ഒരു ആട്ടിൻകുട്ടിയെ കയറിൽ കെട്ടിവലിച്ചുകൊണ്ട്. മുന്നോട്ടു നട ക്കാൻ ഒട്ടും താല്പര്യമില്ലാത്ത ഒരു കുട്ടിആട്. ഒടുവിൽ, ചിന്നമ്മ സഹോ ദരി ഒരു താറാവുമായി.

ആരാധനകഴിഞ്ഞ് പക്ഷിമൃഗാദികളെ ലേലം വിളിക്കാനാണ്. കിട്ടുന്ന തുക വടക്കെ ഇന്ത്യയിലെ സുവിശേഷവേലയ്ക്ക്.

സങ്കീർത്തനം വായന കഴിഞ്ഞു. എല്ലാവരും ചേർന്ന് സി.എം.എസ് സഭയിലെ പട്ടക്കാരനായിരുന്ന വിദ്വാൻകുട്ടി എഴുതിയ ഒരു ഗാനം പാടി:

സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ
ഹല്ലേലുയ്യ പാടി സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ.

പാട്ട് തീരുന്നതിനു മുമ്പേ ദൈവാത്മാവിന്റെ ശക്തിയായ ചലനമുണ്ടാ യി. സ്തുതിയുടെ ആരവം. ഹല്ലേലുയ്യായുടെ മുഴക്കം.

വള്ളിക്കൊട്ടയുടെ കീഴിൽ ഉറങ്ങിയിരുന്ന പാണ്ടിപ്പൂവൻ പെട്ടെന്ന് എഴു ന്നേറ്റു. തല ഉയർത്തി തലപ്പൂവു കുലുക്കിയശേഷം ഇടയ്ക്കിടെ നീട്ടിക്കൂവി മന്ദിരത്തിനുള്ളിലെ ശബ്ദഘോഷങ്ങളോട് സഹകരിക്കാൻ തുടങ്ങി. സ്ഖ റിയാച്ചന്റെ കാളക്കിടാവിനും നില്പ് ഉറയ്ക്കുന്നില്ല—ചീറ്റി അമറി ആഞ്ഞി ലിമരം കുലുക്കാൻ തുടങ്ങി. കയറുപൊട്ടിച്ച് രക്ഷപെടാനുള്ള ശ്രമത്തിലാ ണവൻ. കുറ്റിയിൽ കെട്ടിയിരുന്ന ചാക്കോയുടെ ചെമ്പനാടും കയറു വലിച്ചുംവെട്ടിച്ചും കരഞ്ഞുതുടങ്ങി.

പ്രബോധനങ്ങൾക്കുശേഷം മഹോദ്രവം ചാണ്ടിക്കുഞ്ഞ് സ്തോത്ര കാഴ്ച ശേഖരണത്തിന് തയ്യാറായി. നീട്ടിപ്പിടിച്ച കാണിക്കസഞ്ചിയിൽ ചിലർ നാണയത്തുട്ടുകൾ നിക്ഷേപിച്ചുതുടങ്ങി. ഒന്നുരണ്ടു പേർ കോഴിമുട്ടകളാണ് സഞ്ചിയിലിട്ടത്. തലേ ഞായറാഴ്ച ആരോ സഞ്ചിയിൽ നിക്ഷേപിച്ച മുട്ട കൾ കൂട്ടിമുട്ടി വെളിയിൽ ചാടിയ മഞ്ഞക്കരുവിന്റെ പാട് സഞ്ചിയുടെ പുറത്ത് പടർന്നിരിക്കുന്നത് ചിലർ ശ്രദ്ധിച്ചു.

പ്രസംഗിക്കാൻ എഴുന്നേറ്റുനിന്നപ്പോൾ ക്ഷമ യാചിച്ചു കൊണ്ടാണ് മത്തായിച്ചൻ വിമർശനം തുടങ്ങിയത്:

'പ്രിയമുള്ള വിശ്വാസികളെ, സുവിശേഷവേലയ്ക്കുവേണ്ടി മനഃ പൂർവ്വദാനങ്ങൾ കൊണ്ടുവരുന്നത് ദൈവത്തിന് പ്രസാദമുള്ള കാര്യമാണ്.

എന്നാൽ ഇനിമേലിൽ ആരും കോഴിമുട്ട കാണിക്കസഞ്ചിയിൽ നിക്ഷേപിക്കരുത്. കാരണം, കഴിഞ്ഞാഴ്ചയിൽ സഞ്ചിക്കുള്ളിൽ കൂട്ടിമുട്ടിപൊട്ടിയ മുട്ടയുടെ കരുവിന്റെ പാട് ഇന്നും മാഞ്ഞിട്ടില്ല. ദയവു ചെയ്ത് ആരും ഇനി പക്ഷിമൃഗാദികളെ മന്ദിരവളപ്പിൽ കൊണ്ടുവരരുത്. അത് ആരാധനയുടെ ഏകാഗ്രതയെ ബാധിക്കും. ചന്തയിൽ കൊണ്ടുപോയി വിറ്റുകിട്ടിയ പണം സഭയിൽ കൊണ്ടുവന്നാൽ മതി. കൂടാതെ നമ്മുടെ മന്ദിരത്തിലെ എല്ലാ ഉപകരണങ്ങളും ശുചിയായി സൂക്ഷിക്കുന്ന കാര്യവും ശ്രദ്ധിക്കണം.'

യോഗം പിരിഞ്ഞപ്പോൾ ചാണ്ടിക്കുഞ്ഞിനൊരു സംശയം: 'പാസ്റ്ററേ, മാർതോമാക്കാർ പിടിയരി ശേഖരിക്കുന്നു. യാക്കോബാക്കാർ കോഴികളെ നേർച്ചയായി അർപ്പിക്കുന്നു. പല പെന്തക്കോസ്തു പള്ളികളിലും കൃഷിഫലങ്ങളും പക്ഷിമൃഗാദികളും സ്തോത്രകാഴ്ചയായി സ്വീകരിക്കുന്നു. പിന്നെ വാര്യാപുരംസഭ മാത്രം ഇവയ്ക്കു വിലക്കുകല്പിക്കണമോ. ഇതൊക്കെ നമ്മുടെ പാരമ്പര്യമായിക്കഴിഞ്ഞില്ലേ? പാരമ്പര്യം മാറ്റിമറിച്ചാൽ മഹോദ്രവം വന്നു ഭവിക്കും.'

'പെന്തക്കോസ്തുകാരും കുറെ പാരമ്പര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നല്ല പാരമ്പര്യങ്ങൾ മുറുകെ പിടിക്കണം. അല്ലാത്തവ ഉപേക്ഷിക്കണം.'

കേട്ടുനിന്നവരിൽ കുണ്ടറക്കുഴിയിൽ മാത്തൻ ഒഴികെ മറ്റെല്ലാവരും മത്തായിച്ചന്റെ അഭിപ്രായം തലകുലുക്കി സ്വീകരിച്ചു.

പാരമ്പര്യസഭകളിലെ മണിനാദങ്ങളും, ചുരുളുകളായിട്ടുയരുന്ന സുഗന്ധധൂമങ്ങളും, പരസ്യാരാധനാക്രമത്തിലെ ചൊല്ലുകളും കണ്ടും കേട്ടും വളർന്ന ചിലർക്ക് വാര്യാപുരം സഭയിലെ ആരാധന അരോചകമായി തോന്നി.

ദുഃഖവെള്ളിയാഴ്ച മത്തായിച്ചൻ കവലയിൽ നില്ക്കുകയാണ്. സൈക്കിളിൽ അതുവഴിപോയ അലക്സാണ്ടർ മുതലാളി മത്തായിച്ചനെ ചോദ്യംചെയ്തു.

'ഊദേശീ, നിങ്ങടെ പള്ളീലെന്താ തിരുവാതിരകളിയാണോ നടക്കുന്നത്? ഞാനിന്നാളിൽ നിങ്ങടെ പള്ളിവഴി പോയി. ശബ്ദംകേട്ടു പേടിച്ച് സൈക്കിളിന്റെ വേഗത കൂട്ടേണ്ടിവന്നു.'

'മൊതലാളീ. പേടിക്കേണ്ടകാര്യമൊന്നുമില്ല. നീതിമാന്മാരുടെ കൂടാരങ്ങളിൽ ജയത്തിൻെറയും ഉല്ലാസത്തിൻെറയും ഘോഷം ഉണ്ടെന്ന് വേദപുസ്തകത്തിൽ വായിച്ചിട്ടില്ലേ?'

'ഞാൻ പരസ്യാരാധനാക്രമം മൊത്തം കാണാതറിയാവുന്നവനാ. അവിടെങ്ങും ക്രിസ്ത്യാനികള് പൂരപ്പാട്ടു പാടി മനുഷ്യരെ ഇളക്കണമെന്നു കണ്ടിട്ടില്ല.'

'മൊതലാളീ, പരസ്യാരാധനാക്രമം മനുഷ്യൻ സ്വന്തം സൗകര്യത്തിനുവേണ്ടി എഴുതിയുണ്ടാക്കിയതാ. അതല്ല വേദപുസ്തകം. വേദപുസ്തകം എടുത്ത് അപ്പൊസ്തൊലപ്രവർത്തികൾ രണ്ടാമദ്ധ്യായം വായിച്ചുനോക്കിയാട്ടെ. ഞങ്ങടെ പള്ളീലേതു തിരുവാതിരകളിയാണോ അതോ പരിശുദ്ധാത്മാവാന്നോന്ന് മനസ്സിലാക്കാം.'

അലക്സാണ്ടർ മുതലാളി വേദപുസ്തകം വായിക്കാറില്ല. അക്കാര്യം സമ്മതിക്കാതെ തിരിച്ചടിച്ചു: 'ഇതൊന്നും പരിശുദ്ധാത്മാവല്ല. ഭൂതബാധയാ'.

'പരിശുദ്ധാത്മാവു വന്നപ്പോൾ പത്രോസപ്പൊസ്തലനും കൂടിയിരുന്ന നൂറ്റിയിരുപതുപേരും പരിശുദ്ധാത്മ പൂർണ്ണരായി. കാറ്റടിക്കുന്നതുപോലത്തെ ശബ്ദമുണ്ടായി. അന്യഭാഷകളിൽ സംസാരിച്ചു. കേട്ടു നിന്നവർ പരിഹ

സിച്ചു. പുതുവീഞ്ഞു കുടിച്ച് മത്തുപിടിച്ചിരിക്കുന്നു എന്ന് ആക്ഷേപിച്ചു. പത്രോസ് മറുപടി കൊടുത്തത്, അവർക്കു കിട്ടിയ അനുഭവം യോവേൽ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്ത വചനത്തിന്റെ നിവൃത്തിയാണെന്നാ.'

'ഇതൊക്കെ പരിശുദ്ധാത്മാവാണെന്നു സമ്മതിച്ചു തരാൻ ഞങ്ങളേയാരേം കിട്ടത്തില്ല.'

'യേശു അരുളിച്ചെയ്തത് സത്യസുവിശേഷം ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നെന്നാ. പാരമ്പര്യോം ബിരുദങ്ങളുമൊക്കെ മാറ്റിവച്ച് ശിശുവിന്റെ ഹൃദയം പോലെ താഴ്മയോടെ ദൈവസന്നിധിയിൽ വരുന്നവർക്കേ പരിശുദ്ധാത്മാവു കിട്ടൂ.'

'എന്തൊരു പാട്ടും കൂത്തും! ഉടുമ്പിന് രണ്ടു നാക്ക്. പെന്തക്കോസുകാർക്ക് ആയിരം നാക്ക്.'

'മൊതലാളീം നാട്ടുകാരും ഞങ്ങളെ അംഗീകരിക്കണ്ടാ. പക്ഷെ നിങ്ങളൊരു കാര്യം നിഷേധിക്കത്തില്ല—ഞങ്ങടെ ആലയത്തിൽ വരുന്നോർ മാനസാന്തരപ്പെടുന്നു. ബീഡീം വെറ്റിലേം വലിച്ചെറീന്നു. ചീത്തവിളിക്കാരുടെ വായിൽനിന്നും സ്തോത്രങ്ങളുയരുന്നു. ഇതു വികാരോം ഭൂതബാധേമൊന്നുമല്ല. മനുഷ്യനിൽ പരിവർത്തനം വരുത്തുന്ന ദൈവാത്മാവാണിത്.'

'വെറും വികാരം!'

'പരിശുദ്ധാത്മാവ് വെറും വികാരമല്ല; ദൈവികദാനമാണ്. ആരാധനയിൽ വികാരോം ഉണ്ട്. വികാരമില്ലാത്ത അവസ്ഥ ചത്തതിനു തുല്യം. കായികമത്സരം കണ്ടു സന്തോഷിക്കുന്നോർ വികാരാധീനരായി ശബ്ദമുണ്ടാക്കുന്നു. രാഷ്ട്രീയ മുദ്രാവാക്യം വിളിക്കുന്നോർ വികാരാധീനരാകുന്നു. ദൈവത്തെ ആരാധിക്കാൻ മാത്രം വികാരം പാടില്ലെന്നുണ്ടോ? ഹിന്ദുക്കൾ ശബരിമല അയ്യപ്പനെ ഒറക്കെ വിളിക്കുന്നു. മുസ്ലീങ്ങൾ അള്ളാഹൂനെ ഉച്ചത്തിൽ വിളിക്കുന്നു. പിന്നെ ക്രിസ്ത്യാനികൾ മാത്രം വികാരത്തെ അടക്കിവയ്ക്കുന്നതെന്തിന്? അളന്നുതൂക്കിയാണോ ദൈവത്തെ ആരാധിക്കേണ്ടത്? ആത്മാർത്ഥതയുള്ളേടത്ത് വികാരവും കാണും. ആരാധന വെറും ചടങ്ങാകരുത്. ഹൃദയത്തിൽനിന്നുള്ളതായിരിക്കണം.'

യോശുവാമെത്രാച്ചൻ, അലക്സാണ്ടർ മുതലാളിയുടെ മകളുടെ വിവാഹശുശ്രൂഷ നടത്താൻ പത്തനംതിട്ടപള്ളിയിൽ വന്നപ്പോൾ സദ്യ കഴിഞ്ഞ് മുതലാളി മെത്രാച്ചനുമായി കുശലംപറഞ്ഞു. ഇരുവരും രക്തബന്ധമുള്ളവരും ഒന്നിച്ചു പഠിച്ചവരുമാണ്.

'തിരുമേനീ, ഈ പെന്തക്കോസ്തുകാർ നമ്മുടെ സഭേന്ന് ആളുകളെ ചൂണ്ടയിട്ടുകൊണ്ടു പോകുന്നു. അവർ ദൈവത്തിന്റെ ശത്രുക്കളാ. തിരുമേനി അനുവദിച്ചാൽ മതി ഞാനെന്റെ അടിയാന്മാരെക്കൊണ്ട് പെന്തക്കോസു മന്ദിരം തീവച്ചു നശിപ്പിച്ചേക്കാം.'

പ്രതീക്ഷിക്കാത്ത ഉത്തരമാണ് തിരുമേനി നൽകിയത്: 'അവരുടെ പ്രവർത്തനം മാനുഷികമെങ്കിൽ താനേ നശിച്ചോളും. ദൈവികമെങ്കിൽ ആരെന്തുചെയ്താലും നശിക്കയില്ല.'

'ഒരിക്കലും ഈ ബഹളങ്ങൾ ദൈവീകമല്ല.'

'ഏതായാലും അക്രമം പാടില്ല. രണ്ടുവർഷം മുമ്പ് കൊട്ടാരക്കരക്കവലയിൽ ഒരു പെന്തക്കോസ്തുപദേശി പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ

ഒരു ഈഴവൻ അയാളെ അടിച്ചു താഴെയിട്ടു. പിറ്റേവർഷം ആ തീയതി ആയപ്പോൾ ആ ഈഴവന്റെ മകൾ പാമ്പുകടിയേറ്റു മരിച്ചു. ദൈവവചനം പ്രസംഗിക്കുന്നവരുടെ മേൽ കൈവയ്ക്കരുത്! മക്കളുടെ മക്കളുടെ കാലത്തും ദൈവശിക്ഷ മാറുകയില്ല. പെന്തക്കോസ്തിലേക്ക് ആളുകൾ പോകുന്നതിന്റെ കാരണം അവരുടെയിടയിൽ ഉണർവ്വുള്ള ആരാധനയുള്ളതുകൊണ്ടായിരിക്കാം. നമ്മുടെയിടയിലും പ്രാർത്ഥനാക്കൂട്ടങ്ങൾ തുടങ്ങണം. ഇടവകകളിൽ ഒരു ശുദ്ധീകരണം നടക്കണം.'

'തിരുമേനി ശുദ്ധീകരണം എന്ന വാക്കുകൊണ്ടെന്താണുദ്ദേശിക്കുന്നത്? ആരെ ശുദ്ധീകരിക്കാനാ?'

'പാപത്തിൽ ജീവിക്കുന്നോരെ!'

'തിരുമേനീ, അങ്ങനെ ശുദ്ധീകരിച്ചെടുക്കാനൊക്കുമോ? ബേബിമൊതലാളി തൊള്ളി ചാരായം കുടിക്കും. എന്നാലും പള്ളിക്കുവേണ്ടി മാസം ഇരുപത്തഞ്ചുരൂപാവീതം മുടങ്ങാതെ തരും. ബേബിച്ചനില്ലേല് അച്ചനു ശമ്പളം കുറയും. ജോർജുസാറ് ഇച്ചിരി വെറ്റിലേം ബീഡീം ഉപയോഗിക്കും. എന്നാലും ആർക്കുമൊരുദോഷോം അയാളു ചെയ്തിട്ടില്ല. പിന്നെ ലൂക്കോസുമാപ്പിളയെ വ്യഭിചാരത്തിനു പിടിച്ച കാര്യം! പക്ഷേ, അതൊക്കെ പണ്ടുകാലത്തു നടന്നതാ.'

'പണ്ടു നടന്നോ ഇപ്പം നടന്നോ എന്നതല്ല കാര്യം. തെറ്റുകാരെ വിസ്തരിച്ച് അനുതാപത്തിലേക്കു നയിക്കാൻ സാധിക്കുന്നുണ്ടോ?'

അലക്സാണ്ടർ മുതലാളി മൗനമവലംബിച്ചു.

പത്തനംതിട്ട കുന്നുകളിൽനിന്നു തെളിവെള്ളവുമായി വരുന്ന കൈത്തോടുകളെപ്പോലെ പരിശുദ്ധമായിരുന്നു വാര്യാപുരം പെന്തക്കോസ്തു വിശ്വാസികളുടെ ജീവിതം. മഴയും മഞ്ഞും, തണുപ്പും വെയിലുമേറ്റിട്ടും തല ഉയർത്തി നില്ക്കുന്ന കോന്നി മലഞ്ചെരിവുകളെപ്പോലെ ബലിഷ്ഠമായിരുന്നു അവരുടെ വിശ്വാസം. നാട്ടുകാരുടെ പരിഹാസം അവരുടെയുള്ളിൽ ജ്വലിച്ച അഗ്നിയെ കെടുത്തുവാൻ ശക്തമായിരുന്നില്ല.

ആ ദിവ്യാത്മാവിന്റെ അഗ്നി ചേച്ചമ്മയേയും കടന്നു പിടിച്ചു.

അവർ മാനസാന്തരപ്പെട്ടു.

അനുതപിച്ചു.

ഹൃദയത്തിൽ തീ കത്തിയപ്പോൾ നാവു ചലിച്ചു.

പരിശുദ്ധാത്മ പൂർണ്ണയായി.

ആർക്കും പിടികിട്ടാത്ത വാക്കുകൾ ഉച്ചരിച്ച് ദൈവത്തെ സ്തുതിച്ചു.

പെന്തക്കോസ്തർ കലക്കവെള്ളത്തിൽ മുങ്ങുന്നതിനെ പലവട്ടം പരിഹസിച്ചിട്ടുള്ള ചേച്ചമ്മ കൈപ്പട്ടൂരാറ്റിൽ വാളകം യു. തോമസിന്റെ കൈക്കീഴിൽ സ്നാനം സ്വീകരിച്ചു—ഒരു ഞായറാഴ്ച രാവിലെ.

തലേരാത്രിയിൽ പെയ്ത പെരുമഴ നിമിത്തം കൈപ്പട്ടൂരാറു നിറയെ അന്നു കലക്കവെള്ളമായിരുന്നു.

## ഒൻപത്

**ആ**രാധനയ്ക്കുവേണ്ടി സഭാമന്ദിരം തയ്യാറാക്കാൻ മത്തായിച്ചനും

സാറാമ്മയും ഞായറാഴ്ച രാവിലെ തന്നെ വീട്ടിൽനിന്നിറങ്ങി. മന്ദിരം തൂത്തുവൃത്തിയാക്കുന്ന കൃത്യം സാറാമ്മയാണ് സന്തോഷത്തോടെ സ്വയം ഏറ്റെടുത്തു ചെയ്യുന്നത്. മന്ദിരത്തോടടുത്തപ്പോൾ ഒരു ജനസമൂഹം ആരെയോ പ്രതീക്ഷിച്ചു നിൽക്കുന്നതു ശ്രദ്ധിച്ചു.

അടുത്തുള്ള ക്ഷേത്രത്തിലെ പൂജാരിയുണ്ടു മുമ്പിൽ. തൊട്ടു പുറകിൽ നാലഞ്ചു പോലീസുകാർ. മന്ദിരവാതിലിൽ നിൽക്കുന്ന തുണിവ്യാപാരി കൃഷ്ണൻനായരുടെ മുമ്പിൽ ചെമ്മണ്ണു പുരണ്ട ഒരു ശിവവിഗ്രഹം.

മത്തായിച്ചന്റെ ഹൃദയമിടിപ്പിന്റെ വേഗത കൂടി. വേദപുസ്തകം നെഞ്ചോടു ചേർത്തദ്ദേഹം മുറ്റത്തേക്കു കയറി.

പൂജാരി വിലക്കി: 'മത്തായൂദേശീ, അവിടെ നില്ക്ക്.'

ചന്ദനവും ഭസ്മവും പൂശിയ, വലിയ രുദ്രാക്ഷമാലയണിഞ്ഞ, തലമുണ്ഡനം ചെയ്ത ആ മനുഷ്യനെ നോക്കി മത്തായിച്ചൻ നിശ്ചലനായി.

'ഞങ്ങളിവിടെ കൂടിനില്ക്കുന്നതിന്റെ കാരണം പറയട്ടെ.'

മത്തായിച്ചൻ ഭാവഭേദം കൂടാതെ നിന്നു.

പൂജാരി തുടർന്നു: 'നിങ്ങടെ പെന്തക്കോസുമന്ദിരം നില്ക്കുന്ന സ്ഥാനം ബ്രാഹ്മണർക്കു വിശുദ്ധസ്ഥലമാണ്. പണ്ടു കാലത്തിവിടെ ഹൈന്ദവ മഹർഷിമാർ തപസ്സുചെയ്തതാണ്.'

മത്തായിച്ചൻ ഒറ്റ ശ്വാസത്തിൽ ചോദിച്ചു: 'അതു നിങ്ങളെങ്ങനറിഞ്ഞു?'

'ദിവ്യശക്തി മൂലമറിഞ്ഞു. ദാ നോക്കൂ ആ മൺകൂനയിൽ. അവിടെനിന്നു ഞങ്ങൾ ശിവന്റെ ഒരു വിഗ്രഹം കുഴിച്ചെടുത്തു.'

'എപ്പഴാ കുഴിച്ചെടുത്തത്?'

'ഇന്നലെ രാത്രി—ഈ മന്ദിരം പൊളിച്ചു മാറ്റി ഇവിടെ ശിവവിഗ്രഹം പ്രതിഷ്ഠിക്കണമെന്ന് വെളിച്ചപ്പാടിന്റെ അരുളപ്പാടുണ്ട്.'

'ഞങ്ങളു പെന്തക്കോസ്തുകാരാണെന്നറിയാമല്ലോ. വെളിച്ചപ്പാടിലും മന്ത്രങ്ങളിലും ഒന്നും ഞങ്ങൾക്കു വിശ്വാസമില്ല.'

'നിർത്തടോ ഊദേശീ. തന്നോടാരു പറഞ്ഞു തർക്കിക്കാൻ. വായടയ്ക്ക്.' തുണിവ്യാപാരി കൃഷ്ണൻനായർ ഗർജ്ജിച്ചു. മുഷ്ടി ചുരുട്ടി മത്തായിച്ചന്റെ നേരെ പാഞ്ഞു.

പൂജാരി വീണ്ടും തുടർന്നു: 'വെളിച്ചപ്പാട് കഴിഞ്ഞാഴ്ച പറഞ്ഞതാ — മന്ദിരത്തിന്റെ വടക്കേ കോണിൽ മൂന്നടി താഴ്ചയിൽ ഒരു ദേവവിഗ്രഹം ഉണ്ടെന്ന്. ഞങ്ങള് രാത്രി മൊത്തം കെളച്ചു. ഇന്ന് വെളുപ്പിനെ ദേവനെ കണ്ടുകിട്ടി.'

ആൾക്കൂട്ടത്തിലൊരാൾ ശിവന്റെ ചെറിയ ഒരു വിഗ്രഹം കൈകളിലുയർത്തി. ജനം ആർത്തുവിളിച്ചു.

ശിവദേവനേ ശരണം, ശംഭോ മഹാദേവാ
ഭഗവാനേ ശരണം, ശരണം ശരണം നീ മാത്രം.

മത്തായിച്ചൻ പെട്ടെന്നു വാചാലനായി. ബൈബിൾ വലതു കൈയിലുയർത്തി വേദവാക്യങ്ങൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

വിഗ്രഹങ്ങളെ സേവിക്കയും
ബിംബങ്ങളിൽ പ്രശംസിക്കയും
ചെയ്യുന്നവരൊക്കെയും ലജ്ജിച്ചു പോകും....
വിഗ്രഹങ്ങൾക്ക് കണ്ണുണ്ട്—കാണുന്നില്ല.
ചെവിയുണ്ട്—കേൾക്കുന്നില്ല.

ഞാൻ സേവിക്കുന്ന യഹോവയാം ദൈവം
കാണുന്നു. കേൾക്കുന്നു. വൻകാര്യങ്ങൾ ചെയ്യുന്നു.
എല്ലാ മുഴങ്കാലും അവന്റെ മുമ്പിൽ മടങ്ങും
എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന്
ഏറ്റു പറയേണ്ടുന്ന നാൾ വരും
തന്റെ ഏകജാതനായ പുത്ര....

പറഞ്ഞവസാനിപ്പിക്കുംമുമ്പേ പത്തുമുപ്പതുപേർ മത്തായിച്ചനെ വളഞ്ഞു. കൃഷ്ണൻനായർ മന്ദിരത്തിന്റെ ഭിത്തിയിൽ വലിഞ്ഞു കയറി. 'ഇൻഡ്യാ പൂർണ്ണസുവിശേഷ ദൈവസഭ' എന്നാലേഖനം ചെയ്തിരുന്ന മനോഹരമായ പലക വലിച്ചു താഴെയിട്ടു.

സഭയുടെ ഔദ്യോഗിക പേരെഴുതിയ ആ പലക അവിടെ തൂക്കിയിട്ട് രണ്ടുവർഷമേ ആയുള്ളു. രണ്ടുവർഷം മുമ്പ് കുക്കുസായിപ്പിന്റെ സഭ അമേരിക്കയിലെ 'ദൈവസഭ' എന്ന പ്രസ്ഥാനവുമായി ലയിച്ചപ്പോൾ കിട്ടിയ പുതിയ പേരാണ് 'ഇൻഡ്യാ പൂർണ്ണസുവിശേഷദൈവസഭ.'

കൃഷ്ണൻനായർ മത്തായിച്ചനെ മന്ദിരമുറ്റത്തിന്റെ പുറത്തേക്കു തള്ളിമാറ്റി. നാലഞ്ചുപോലീസുകാർ അനുകൂലഭാവത്തിൽ നോക്കിനിന്നു.

പൂജാരി നിലവിളക്ക് കത്തിച്ചു. ഭാഗവതശ്ലോകവും ഹരിനാമകീർത്തനവും ഉരുവിട്ടു. പൂജ ആരംഭിച്ചു. ജനം ഭക്തിപുരസ്സരം നോക്കി നിന്നു.

വാര്യാപുരം സഭക്കാർ ചോര നീരാക്കി അദ്ധ്വാനിച്ചുണ്ടാക്കിയ സഭാമന്ദിരം! മത്തായിച്ചന്റെ വസ്തു വിറ്റ് സായിപ്പിന്റെ ഖജനാവിലിട്ടിരുന്ന ആയിരം രൂപാകൊണ്ടു പണിയിച്ച മന്ദിരം! എല്ലാം ഒരൊറ്റ രാത്രികൊണ്ട് ഹിന്ദുക്കളുടെ വകയായി.

ഉച്ച കഴിഞ്ഞ് സഭാംഗങ്ങൾ വിശ്വാസഭവനത്തിൽ ഒന്നിച്ചുകൂടിയപ്പോൾ അകലെ സഭാമന്ദിരത്തിൽനിന്നും ഹൈന്ദവസൂക്തങ്ങൾ ഉയർന്നുകൊണ്ടിരുന്നു.

മാടപ്പള്ളി സ്ഖറിയാച്ചൻ പറഞ്ഞു: 'മത്തായിച്ചാ, ഇതെല്ലാം ഹിന്ദുക്കളുടെ വേലയാ.'

'ശരിയോ?'

'നിശ്ചയം.'

'അതെങ്ങനാ?'

'ഹും....എങ്ങനാന്നോ? വാര്യാപുരത്ത് നിരവധി ഹിന്ദുക്കൾ മതപരിവർത്തനം ചെയ്ത് പെന്തക്കോസ്തുവിശ്വാസം സ്വീകരിക്കുന്നു. ഇത് ഹിന്ദുക്കൾക്കു തലവേദനയുണ്ടാക്കുന്നു. നമ്മുടെ വളർച്ച തടയാമെന്നവർ കരുതിയതാ. ഉടയോനെ പിടിച്ചുകെട്ടുന്ന കാലമാ.'

'ഓഹോ—പിടികിട്ടി. അവർ കരുതിക്കൂട്ടി കുറേക്കാലം മുമ്പ് രഹസ്യമായി നമ്മുടെ മന്ദിരപ്പറമ്പിൽ ശിവവിഗ്രഹം കുഴിച്ചിട്ടതാ. ഇന്നലെ രാത്രീല് നേരത്തെ കുഴിച്ചിട്ടതു തൊരന്നെടുത്തതാ.'

'അതേ....നമ്മുടെ മന്ദിരമിരിക്കുന്ന പറമ്പ് ഹിന്ദുക്കൾക്കു പുണ്യസ്ഥലമാണെന്നു തെളീക്കാൻവേണ്ടിയാ ഈ കൃത്രിമമെല്ലാം ഇരുട്ടിന്റെ മറവിലവർ ചെയ്തത്.'

'വേറൊരു കാരണം....താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രവളപ്പിൽ കയറി ആരാധിക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ക്ഷേത്രപ്രവേശന വിളംബരം ചിത്തിരതിരുനാൾ മഹാരാജാവു പുറപ്പെടുവിച്ചിട്ട് ഒരു വർഷ

മായി. പക്ഷെ, ഇപ്പഴും ഇന്നാട്ടിലെങ്ങും അവശജാതിക്കാരെ ക്ഷേത്രവളപ്പി ലെങ്ങും കേറ്റത്തില്ല. എന്നാൽ നമ്മുടെ പെന്തക്കോസ്തുമന്ദിരത്തിൽ അവ ശജാതിക്കാരും വരുന്നു. അവർക്കു നാം തുല്യ ഇരിപ്പിടം കൊടുക്കുന്നു. അവശരെ സഭേൽ ചേർത്ത് നമ്മുടെ ശക്തി വർദ്ധിപ്പിക്കുകയാണെന്നൊരു ഭയം നായന്മാർക്കും ബ്രാഹ്മണന്മാർക്കും കാണും. നമ്മുടെ ശക്തി ക്ഷയി പ്പിക്കാൻവേണ്ടിയാ മന്ദിരം കയ്യടക്കിയത്.ഹിന്ദുക്കളുടെ ക്രൂരത!'

സഭാംഗങ്ങൾ മൂളിക്കേട്ടു.

മത്തായിച്ചൻ തുടർന്നു: 'പക്ഷേ ഹിന്ദുക്കളെ മാത്രം എന്തിനു കുറ്റം പറേന്നു? ഇതിനേക്കാൾ വലിയ ക്രൂരത ക്രിസ്ത്യാനികൾ ചെയ്തിട്ടുണ്ട്. പണ്ട് എണ്ണശ്ശേരി ഗ്രാമത്തിൽ ഹിന്ദുക്കളുടെ ക്ഷേത്രം വക സ്ഥലത്ത് കുറെ ക്രിസ്ത്യാനികൾ രാത്രീല് ഗീവർഗീസ് പുണ്യവാളന്റെ പ്രതിമ കുഴിച്ചിട്ടു. രണ്ടു വർഷം കഴിഞ്ഞ് തൊരന്നെടുത്തു. പത്തുരണ്ടായിരം ക്രിസ്ത്യാനി കള് തടിച്ചുകൂടി. ഒറ്റ ദിവസംകൊണ്ട് ക്ഷേത്രത്തിന്റെ സ്ഥലം ക്രിസ്ത്യാ നികൾ കൈവശപ്പെടുത്തി. ബ്രിട്ടീഷുകാരല്ലേ ഭരിക്കുന്നത്. അവിടത്തെ പോലീസ് ക്രിസ്ത്യാനികൾക്കു കൂട്ടുനിന്നു.'

'ഏതായാലും നമ്മക്കു ക്ഷമിക്കാം. നമ്മളു ദൈവമക്കളാ....വ്യവഹാ രത്തിനും വഴക്കിനുമൊന്നും പോകണ്ടാ.' സാറാമ്മ കൊണ്ടുവച്ച കുടുവൻപി ഞ്ഞാണത്തിൽ നല്ല പുളിയുള്ള മോരിൻവെള്ളം കുടിച്ചുകൊണ്ട് സ്ഖറി യാച്ചൻ ആശ്വസിപ്പിച്ചു.

ഇതുവരെ മൗനമായിരുന്ന മഹോദ്രവം ചാണ്ടിക്കുഞ്ഞു പെട്ടെന്നു വാചാ ലനായി: 'അതു ശരി. അതു ശരി. ഇതു മഹോദ്രവത്തിന്റെ കാലമാ. ദിവാൻ സി. പി. രാമസ്വാമിഅയ്യരുടെ കിരാതഭരണമല്ലേ ഇപ്പഴു നടക്കുന്നത്. ഉത്ത രവാദിത്വഭരണം ആവശ്യപ്പെട്ടതിന് നല്ലവനായ ആ പട്ടംതാണുപിള്ളയെ പ്പോലും ജയിലിലടച്ചു.'

മത്തായിച്ചൻ പിൻതാങ്ങി: 'നേരാ ചാണ്ടിക്കുഞ്ഞേ—ഏബ്രഹാം മെത്രാ പ്പോലീത്തായെ ഉപദ്രവിക്കാൻ പോലീസ് അരമന വളഞ്ഞതാ. മാമ്മൻമാ പ്പിളയെവരെ ഇരുമ്പഴിക്കുള്ളിലടച്ചു. മനോരമപ്പത്രമാപ്പീസും കൊല്ലം ബാങ്കും ദിവാൻ പോലീസിനെക്കൊണ്ടു പൂട്ടിച്ചു. ഇതൊക്കെ നമുക്കറിയാ വുന്ന കാര്യങ്ങളാ. ഇന്നാട്ടിൽ കയ്യൂക്കുള്ളവനാ ഇപ്പോൾ കാര്യക്കാരൻ.'

♦ ♦ ♦

ഒരാൺകുട്ടിയെ ലഭിക്കണമെന്ന ചിരകാലാഭിലാഷം നിറവേറി.

മത്തായിച്ചൻ വേദപുസ്തകത്തിന്റെ ആദ്യത്തെ താൾ നിവർത്തിയെ ഴുതി: '1938 ഡിസംബർ 20-ാം തീയതി സാറാമ്മ ഒരാൺകുഞ്ഞിനെ പ്രസ വിച്ചു. സ്തോത്രം. ജോണിയെന്നു കുഞ്ഞിന് പേരിട്ടു.'

കുഞ്ഞിനെക്കാണാൻ മേമന സി.കെ. ജോണും ഭാര്യയും സമ്മാന പ്പൊതിയുമായി വന്നപ്പോൾ ചോദിച്ചു: 'മത്തായിച്ചാ, ജോണിമോൻ വളർന്നു വരുമ്പം ആരായിത്തീരണമെന്നാ ആഗ്രഹം?'

'ഒരു ഡോക്ടറാക്കണം. നല്ലയൊരു വൈദ്യൻ.'

'രോഗികൾക്കു വൈദ്യനെക്കൊണ്ട് ആവശ്യം!'

'ആത്മീയരോഗം ചികിത്സിക്കുന്ന വൈദ്യൻ.'

'മത്തായിച്ചനെപ്പോലെ ഉപദേശിയാകണം, അല്ലേ?'

'അതേ, അതു തന്നെയാണെന്റെ ആഗ്രഹം.'

പിരിയാന്നേരത്ത് സംസാരം സഭാകാര്യങ്ങളിലേക്കു കടന്നു. 'മത്താ

യിച്ചാ, ലോകം എത്ര ശത്രുത പുലർത്തിയാലും കർത്താവു പണിത സഭയെ പാതാളഗോപുരങ്ങൾക്കുപോലും കീഴടക്കാൻ സാധിക്കയില്ല. നമ്മുടെ സഭാമന്ദിരം ഹിന്ദുക്കൾ കൈവശപ്പെടുത്തി. ഇപ്പോൾ ഓലപ്പുരയ്ക്കകത്തായിട്ടും സഭ വളർന്നുവരുന്നു. സ്തോത്രം.'

'ജോൺസഹോദരാ, വാര്യാപുരം സഭ മാത്രമല്ല, പെന്തക്കോസ്തുപ്രസ്ഥാനം മൊത്തം വളരുകയാണ്. രണ്ടുവർഷം മുമ്പ് ഉണ്ണൂണ്ണിസാർ സ്ഥാപിച്ച സഭേടെ പേരുമാറ്റി 'ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭ' എന്ന പുതിയ പേരു നൽകിയ കാര്യം അറിയാമല്ലോ. തെക്കേ ഇന്ത്യയിൽ മാത്രമല്ല, ഇന്ത്യ മൊത്തം അദ്ദേഹത്തിന്റെ സഭ വളർന്നുവരുന്നു എന്നതിന്റെ സൂചനയാണ് ഈ പേരുമാറ്റം....കീക്കോഴൂർക്കാരൻ പി. എം. ശാമുവേലിനെ അറിയത്തില്ലേ?'

'പിന്നില്ല്യോ!'

'അദ്ദേഹം ഇപ്പള് ആന്ധ്രാപ്രദേശത്താണ്—ഉണ്ണൂണ്ണിസാറിന്റെ ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ പ്രവർത്തകനായി. തെലുങ്കുനാട്ടിൽ ധാരാളം സഭകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പാസ്റ്റർ പി.റ്റി. ചാക്കോയും എം.കെ. ചാക്കോയും ആന്ധ്രാ തുടങ്ങി കൽക്കട്ട വരെ കൂട്ടായ്മകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.'

'സ്തോത്രം. അല്ലേലുയ്യാ. കർത്താവിന്റെ വേല വളരട്ടെ....കുമ്പനാട്ടുകാരൻ എ.സി. ശാമുവേലിനെ ഓർക്കുന്നുണ്ടായിരിക്കുമല്ലോ?'

'പിന്നില്ല്യോ, അദ്ദേഹത്തിന്റെ ബൈബിൾ ക്ലാസ്സിൽ ഞാൻ സംബന്ധിച്ചിട്ടുണ്ട്.'

'1930-ൽ പാസ്റ്റർ ശാമുവേൽ തിരുവനന്തപുരത്തേക്കു മാറി. അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തകനായി. ഇപ്പം തിരുവനന്തപുരത്ത് പല കൂട്ടായ്മകളുണ്ട്. 1915-ലാണ് അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറിയായി മേരിചാപ്പ്മാൻ എന്ന മദാമ്മ വന്നത്. പിന്നീട് ബർജസ്സായിപ്പ്, ഗിൻ മദാമ്മ എന്നിവരും തിരുവിതാംകൂറിൽ വന്നെത്തി. പാസ്റ്റർ ശാമുവേൽ അവരോടു യോജിച്ചുനിന്നുകൊണ്ടാണ് സുവിശേഷവേല ചെയ്യുന്നത്.'

അല്പം വിഷാദഭാവത്തിലാണ് സി. കെ. ജോൺ യാത്ര പറഞ്ഞത്. 1939 ഫെബ്രുവരി ആദ്യ ആഴ്ച മുതൽ ഇടമൺസഭയിലേക്ക് മത്തായിച്ചനെ സ്ഥലംമാറ്റിക്കൊണ്ടുള്ള വിവരം കാണിച്ച് മുളക്കുഴ ദൈവസഭാമുഖ്യസ്ഥാനത്തുനിന്നെഴുതിയ നിയമനക്കത്തു കാണിച്ചപ്പോഴാണദ്ദേഹത്തിന്റെ മുഖത്ത് വിഷാദച്ഛായ പടർന്നത്.

നാലു കാളവണ്ടികൾ നിറയെ വീട്ടുസാമാനങ്ങൾ കയറ്റി.

'ഞാൻ ഒരുവണ്ടി സാധനങ്ങളുമായിട്ടാ വാര്യാപുരത്തു വന്നത്. ഇപ്പം നാലുവണ്ടി. ദൈവമെന്നെ അനുഗ്രഹിച്ചിരിക്കുന്നു.' മത്തായിച്ചൻ നന്ദിപൂർവ്വം പ്രസ്താവിച്ചു.

വണ്ടിയിൽ സാധനങ്ങൾ നിറച്ചുകഴിഞ്ഞപ്പോൾ തുണിവ്യാപാരി കൃഷ്ണൻനായർ വിശ്വാസഭവനത്തിന്റെ മുമ്പിൽ വന്നു. പത്തുരൂപാ മത്തായിച്ചന്റെ നേരെ നീട്ടി.

'ഇതെന്തിനാ കൃഷ്ണൻനായരേ?'

'ഉപദേശി സ്ഥലംവിട്ടുപോകയല്ലേ? യാത്രച്ചെലവിനു കയ്യിലിരുന്നോട്ടെ.'

'അത്ഭുതം. നിങ്ങളല്ലേ ഞങ്ങടെ സഭാമന്ദിരം കയ്യടക്കിയതിലെ പ്രധാനപുള്ളി. മന്ദിരമുറ്റത്തുനിന്നും എന്നെ തള്ളിമാറ്റി ശകാരിച്ചതും നിങ്ങളല്ലേ?'

'ഞാൻ ചെയ്ത തെറ്റിനു മാപ്പു ചോദിക്കാനൂടാ വന്നത്. നിങ്ങടെ

യേശുദേവനോട് എനിക്കുവേണ്ടി മാപ്പപേക്ഷിച്ചാലും.'

മത്തായിച്ചൻ രൂപാ സ്വീകരിച്ചു. കൃഷ്ണൻനായരെ ചുംബിച്ചു. ഇരുവരുടെയും കൺപോളകൾ നനഞ്ഞു.

ഒരു ഹിന്ദുവും ഒരു ക്രിസ്ത്യാനിയും സ്നേഹത്തിന്റെ ചങ്ങലയിൽ ബന്ധിതരായ നിമിഷങ്ങളായിരുന്നു അത്.

വണ്ടിച്ചക്രങ്ങൾ അനങ്ങി. ജോണി സാറാമ്മയുടെ മാറോടു ചേർന്നുകിടന്നു. യാത്രയയയ്ക്കാൻ നനഞ്ഞ നയനങ്ങളോടെവന്നുകൂടിയ സഭാജനങ്ങളുടെയിടയിൽനിന്നും ചാണ്ടിക്കുഞ്ഞിന്റെ ശബ്ദമുയർന്നു: 'മത്തായിച്ചാ, സൂക്ഷിച്ചോണേ. ഇതു മഹോദ്രവത്തിന്റെ കാലമാ. കഴിയുമെങ്കിൽ വ്രതന്മാരെയും തെറ്റിച്ചു കളയാൻ സാത്താൻ ശ്രമിച്ചോണ്ടിരിക്കുകയാ....മരണപര്യന്തം വിശ്വസ്തനായിരിക്ക.'

അപ്പോഴേക്കും കാളവണ്ടികൾ പത്തനംതിട്ടയ്ക്കു നേരെ നീങ്ങിക്കഴിഞ്ഞു. മണികിലുക്കി നീങ്ങുന്ന വണ്ടികൾ.

# പത്ത്

**മു**ക്കടവു പാലം കടന്ന് കാളവണ്ടികൾ പുനലൂരേക്കു തിരിഞ്ഞു.

കുളത്തൂപ്പുഴ കുന്നുകളിൽ നിന്ന് ചെറുചാലുകളായി ആരംഭിക്കുന്ന കല്ലടയാറ് മലഞ്ചെരിവുകളിലൂടെ വളഞ്ഞുപുളഞ്ഞ് ഒളിച്ചുപായുന്നു.

പുനലൂർ എത്തുമ്പോൾ ഓട്ടത്തിന്റെ വേഗത കുറയ്ക്കുന്നു. ഓളങ്ങൾ തെല്ലു ശാന്തമാകുന്നു.

തീരവാസികൾക്ക് കുടിയ്ക്കാനും കുളിക്കാനും ജലംനൽകിയശേഷം തൂക്കുപാലത്തെ രോമാഞ്ചമണിയിച്ചുകൊണ്ട് വീണ്ടും അതിശീഘ്രം ഒഴുകി നീങ്ങുന്നു.

തിരിഞ്ഞുനോക്കാതെ.

കൊട്ടാരക്കര കൊല്ലം വഴി അഷ്ടമുടിക്കായലിൽ ചെന്നു ചേരുകയാണ് ലക്ഷ്യം—നീണ്ട ഓട്ടത്തിന്റെ ക്ഷീണം മാറ്റാൻ.

മത്തായിച്ചനും ലക്ഷ്യത്തിലേക്കോടുകയാണ്.

ക്ഷീണംമാറ്റാൻ സമയം കിട്ടുമോ?

എന്നെങ്കിലും കിട്ടുമോ?

ഓട്ടം തികയ്ക്കാൻ സാധിക്കുമോ?

നീതിയുടെ കിരീടം ലഭിക്കുമ്പോഴായിരിക്കും ഇനി വിശ്രമം!

അവിടെയും തെങ്ങുവിള മത്തായിച്ചൻ വിശ്രമം ആഗ്രഹിക്കയില്ല. ദൈവത്തെ മുഖാമുഖം കണ്ട് സ്തോത്രാർച്ചനകൾ നടത്തുന്നതിന്റെ ബദ്ധപ്പാടിലായിരിക്കും.

പുനലൂർ പട്ടണത്തിലെ തൂക്കുപാലത്തിന്റെ തൊട്ടുകിഴക്ക് വണ്ടികൾ നിന്നു. വീണ്ടും കിഴക്കുദിക്കിലേക്ക് തിരിഞ്ഞു.

കുത്തനെയുള്ള കയറ്റം തുടങ്ങുകയായിരുന്നു അവിടെ.

അഞ്ചേമുക്കാലടി പൊക്കവും സാമാന്യം തടിച്ച ശരീരവും കൊഴുത്ത പേശികളുമുള്ള മത്തായിച്ചൻ ചിലേടങ്ങളിൽ വണ്ടി തള്ളിക്കൊടുത്ത് കാളകളുടെ ഭാരം ലഘൂകരിച്ചു. വാളക്കോടു കഴിഞ്ഞപ്പോഴേക്കും കാളകളുടെ ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായി.

വാര്യാപുരത്തുനിന്നും ബുധനാഴ്ച രാവിലെ ഇറങ്ങിയതാണ്. ഇപ്പോൾ

വ്യാഴാഴ്ച ഉച്ച കഴിഞ്ഞിരിക്കുന്നു.

ആകാശത്തിന്റെ നീലിമ.

റബ്ബർമരങ്ങളുടെ ഹരിതവർണ്ണം

കാട്ടുമരങ്ങളുടെ നിഴലുകൾ....എല്ലാംകൂടി ചേർന്നപ്പോൾ പുകപൊങ്ങുന്ന ഇരുണ്ട ഒരു പർവ്വതഗഹ്വരത്തിലേക്കു നീങ്ങുന്ന പ്രതീതിയാണു മത്തായിച്ചനുണ്ടായത്.

വാനം ചുംബിച്ച് നിർവൃതിനേടി നില്ക്കുന്ന കലയനാടുകുന്നുകൾ. അതിനപ്പുറം ആകാശംമുട്ടെ മസ്തകമുയർത്തി നില്ക്കുന്ന പ്ളാച്ചേരി—വെള്ളിമല റബ്ബർതോട്ടങ്ങൾ. ഇടയ്ക്കുകൂടി പെരുമ്പാമ്പിനെപ്പോലെ വളഞ്ഞുനീണ്ടു കിടക്കുന്ന കൊല്ലം—ചെങ്കോട്ട റോഡ്. അതിലേ നീങ്ങിയപ്പോൾ കാളവണ്ടിച്ചക്രങ്ങൾ ഞരങ്ങുന്നുണ്ടായിരുന്നു.

ഇടമണ്ണിനോടടുത്തപ്പോൾ സുഗന്ധക്കാറ്റു വീശിത്തുടങ്ങി. അകലെ ഉറുകുന്നു വനാന്തരങ്ങളിലെ പുഷ്പിച്ച വൃക്ഷലതാദികളെ തഴുകിവരുന്ന കിഴക്കൻകാറ്റിന്റെ ഗന്ധമാണത്.

ഇടമൺകവലയിൽ വണ്ടികൾ നിന്നു.

തെന്മലയുടെ അടിവാരത്തിൽ പ്രകൃതിയൊരുക്കിയ മനോഹര ശില്പം.

സമതലത്തിൽനിന്നും വളരെ ഉയർന്നു സ്ഥിതിചെയ്യുന്ന ഭൂവിഭാഗം. ഭൂമണ്ഡലത്തിൽനിന്നും വളരെ ഉയർന്ന് ഒരാത്മീയലോകത്തിൽ ചരിക്കുന്ന ജനം—ഇടമൺ ഇൻഡ്യാ പൂർണ്ണസുവിശേഷ ദൈവസഭാജനം.

♦ ♦ ♦

അവിടത്തെ ആദ്യത്തെ രണ്ടു വർഷങ്ങൾ അഗ്നിശോധനയുടെ കാലഘട്ടമായിരുന്നു. ഈർപ്പവും തണുപ്പുമുള്ള കാലാവസ്ഥമൂലം സാറാമ്മയ്ക്കും ചേച്ചമ്മയ്ക്കും തുടരെത്തുടരെ പനിയും ചുമയുമുണ്ടായി. ഇതിനിടെ കടുത്ത പ്രസവാസ്വസ്ഥതകൾ തരണംചെയ്ത് സാറാമ്മ നാലാമതും പ്രസവിച്ചു—ഇരട്ടക്കുഞ്ഞുങ്ങൾ. രണ്ടിനും വേദപുസ്തകത്തിലെ പേരുകൾ കൊടുത്തു—എസ്ഥേർ....ശേബാ.

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടു നടക്കുകയാണ്. നാട്ടിലെ ചെറുപ്പക്കാർ പലരും ബർമ്മയിലും ഫ്രാൻസിലും ഇംഗ്ളണ്ടിലും ബ്രിട്ടീഷ് സാമ്രാജ്യത്തിനുവേണ്ടി യുദ്ധസേവനം നടത്തുന്നു. അവശ്യസാധനങ്ങൾക്കു തീവില.

തഴച്ച മരത്തിനു തണലുണ്ട്. ഇടമൺസഭ തഴച്ചുവളരുന്ന ഒരു വൃക്ഷമാണ്. അവിടെ മത്തായിച്ചനു തണൽ ലഭിച്ചു.

പുഞ്ചമണ്ണിൽ മാമ്മനുപദേശിയുടെ ചരമവാർത്തയറിഞ്ഞപ്പോൾ ചേച്ചമ്മ മകനെ വിളിച്ചു പറഞ്ഞു: ‘മോനേ, മത്തായീ, ഇനി എനിക്കീ ലോകത്തിൽ ഒത്തിരിക്കാലം ഇല്ല. അറുപത്തഞ്ചു വയസ്സായി. എന്റെ ശരീരം ദൈവസോം ക്ഷയിച്ചു വരുന്നു.’

ചെങ്ങന്നൂർപ്രദേശങ്ങളിൽ ഐക്യക്രൈസ്തവകൺവെൻഷനുകളിൽ പ്രസംഗിക്കാൻ വരാറുണ്ടായിരുന്ന മാമ്മനുപദേശിയെ കവലയിൽവച്ച് പലവട്ടം കണ്ടിട്ടുള്ളകാര്യം അവർ അയവിറക്കി.

ചേച്ചമ്മയുടെ പ്രവചനം ശരിയായിരുന്നു. ഇടമണ്ണിൽ വന്നതിന്റെ മൂന്നാം വർഷം അവർ അന്തരിച്ചു.

ഇരുനൂറിലധികം അംഗങ്ങളുള്ള ചെങ്ങന്നൂർ തെങ്ങുവിള കുടുംബത്തിൽനിന്നും ഒരു പുരുഷൻ മാത്രമാണ് ശവസംസ്കാരത്തിനു വന്നത്. മത്താ

യിച്ചനും ചേച്ചമ്മയും പെന്തക്കോസ്തുസഭയിൽ ചേർന്നതിന്റെ പ്രതിഷേധം അവർ പ്രകടിപ്പിക്കയായിരുന്നു. തെങ്ങുവിള കുടുംബങ്ങളിൽ നടക്കുന്ന വിവാഹം, മരണം ഇവയൊന്നും അവർ മത്തായിച്ചനെ അറിയിക്കപോലുമില്ലായിരുന്നു. ചങ്ങനാശ്ശേരി കുരിശുംമൂട്ടിൽ കുടുംബക്കാർ സാറാമ്മയ്ക്കും കുടുംബഭ്രഷ്ടു കല്പിച്ചിരുന്നു.

കുറുക്കന്മാരുടെ സഹോദരൻ
ഒട്ടകപ്പക്ഷികൾക്കു കൂട്ടാളി
പത്മോസ് ദ്വീപിലെ ഏകാകി.

കൂടും വീടും വിട്ട തന്റെ ഏകാന്തജീവിതത്തെപ്പറ്റി മത്തായിച്ചൻ ഇടയ്ക്കിടെ ചിന്താധീനനായി.

സഞ്ചാരപ്രസംഗത്തിനിടയിൽ ചരമവാർത്ത കുക്കുസായിപ്പറിഞ്ഞു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മത്തായിച്ചനെ ആശ്വസിപ്പിക്കാൻ അദ്ദേഹമെത്തി. പതിവുപോലെ കാളവണ്ടിയിലല്ല വന്നത്—മനോഹരമായ ഒരു കാറിൽ.

സായിപ്പിനെ ഉടനെ മടക്കി അയയ്ക്കാൻ മത്തായിച്ചനു താല്പര്യമില്ലായിരുന്നു. ഒരാഴ്ചത്തെ യോഗം നടത്തിയിട്ടു പോകാൻ നിർബന്ധിച്ചു. സായിപ്പും അസംബ്ലീസ് ഓഫ് ഗോഡ് സഭയിലെ സി. കുഞ്ഞുമ്മനുമായിരുന്നു പ്രസംഗകർ.

വയലിൽ പുളിമൂട്ടിൽ കുഞ്ചാണ്ടിസാറിന്റെ വീട്ടുമുറ്റത്തു പന്തലിട്ടു.

കൂടിവന്നവരുടെ ശ്രദ്ധ സദസ്സിന്റെ മുമ്പിലിരിക്കുന്ന ഉപകരണത്തിലേക്കായിരുന്നു.

ഒരു ലോഹപ്പെട്ടി. തൊട്ടടുത്ത് അഞ്ചടിയോളം നീളവും രണ്ടിഞ്ചു കനവുമുള്ള ഒരു ലോഹത്തൂൺ.

അതിന്റെയറ്റത്ത് വാഴക്കൂമ്പിന്റെ വലിപ്പമുള്ള ഒരു ലോഹത്തകിട്.

സായിപ്പും ദ്വിഭാഷിയും ജനത്തെ അഭിവാദ്യം ചെയ്തു. അദ്ദേഹത്തിന്റെ ശബ്ദം ഒരു കോലാഹല ധ്വനിയോടെ തൊട്ടടുത്തുള്ള പുളിമരത്തിൽ വച്ചുകെട്ടിയിരുന്ന ലോഹക്കോളാമ്പിയിലൂടെ പുറത്തുവന്നു.

ജനക്കൂട്ടത്തിന്റെ പുറകിലിരുന്ന മറിയസഹോദരി തൊട്ടടുത്തിരുന്ന ഏലിയാസഹോദരിയുടെ ചെവിയിൽ മന്ത്രിച്ചു: 'കൊക്കുസായിപ്പ് ഒരു ദൈവദൂതനാ. ദേശത്തെ വിറപ്പിക്കുന്ന ശബ്ദം.'

സായിപ്പിന്റെ ശബ്ദം, കോളാമ്പിക്കുള്ളിൽ ഒളിച്ചിരിക്കുന്ന മാലാഖമാർ പലമടങ്ങ് ധ്വനിപ്പിച്ചെടുക്കുകയാണെന്ന് അവർ ധരിച്ചു.

ചില ഹൈന്ദവശ്രോതാക്കൾ അഭിപ്രായപ്പെട്ടു: 'ഇതു കുട്ടിച്ചാത്തന്റെ പണിതന്നെ.'

മനുഷ്യശബ്ദം കൊടുങ്കാറ്റായി മാറ്റുന്ന ആ ഉപകരണത്തെപ്പറ്റി ഗ്രാമീണരായ കേൾവിക്കാർ അന്യോന്യം മന്ത്രിച്ചുതുടങ്ങി.

തൊഴുത്തിൽ പുല്ലുതിന്നുകൊണ്ടുനിന്ന ഒരു കാളക്കിടാവ് കയറുപൊട്ടിച്ചുകൊണ്ട് തെക്കോട്ട് പാഞ്ഞു. പിറകേ കുരച്ചുകൊണ്ട് കുറെ നായ്ക്കളും.

ചിലരുടെ ഹൃദയമിടിപ്പിനു വേഗം കൂടി.

ശ്രോതാക്കളുടെ ആകാംക്ഷ കൂടുതൽ രൂക്ഷമാകാതിരിക്കാൻ സായിപ്പ് വിശദീകരണം നൽകി.

'മാന്യരേ, ഈ ഉപകരണത്തിന്റെ പേര് ഉച്ചഭാഷിണിയെന്നാണ്. നമ്മുടെ ശബ്ദം പത്തിരുപതിരട്ടി വർദ്ധിപ്പിച്ച് കേൾപ്പിക്കാനുള്ള ക്രമീകരണങ്ങൾ ഇതിലുണ്ട്.'

കേൾവിക്കാരുടെ ആകാംക്ഷ വർദ്ധിച്ചതേയുള്ളു.

സായിപ്പു തുടർന്നു: 'ഞാൻ കഴിഞ്ഞ വർഷം ഫർലോയ്ക്ക് അമേരിക്കയിലായിരുന്നു. എന്റെ സ്വദേശത്തൊരാൾ സമ്മാനിച്ചതാണീ ഉച്ചഭാഷിണി. ഞാൻ ഇപ്പോൾ സഞ്ചരിക്കുന്ന കാറും അവിടെനിന്നു ദാനംകിട്ടിയതാ.'

അന്നേക്ക് പന്ത്രണ്ടുവർഷം മുമ്പ് പുത്തൻകാവിൽവച്ച് മാനസാന്തരപ്പെട്ട രാത്രി മത്തായിച്ചൻ ഓർമ്മിച്ചു. അന്നു സായിപ്പ് പ്രസംഗിച്ചത് ഒരു തകര ക്കോളാമ്പി കൈയിൽ പിടിച്ചുകൊണ്ടാണ്. വിദ്യുച്ഛക്തിയോ ബാറ്ററിയോ കൂടാതെയുള്ള ഒരു ഉപകരണം. പ്രസംഗകന്റെ ശബ്ദം രണ്ടുമൂന്നിരട്ടിയാക്കി കേൾപ്പിക്കാനേ അത് ഉപകരിച്ചിരുന്നുള്ളൂ.

സായിപ്പിന്റെ പുതിയ ഉച്ചഭാഷിണി ഇടമൺപ്രദേശം മുഴുവനും മുഴക്കമുളവാക്കി. വിസ്മയഭരിതരായ ഒരു വലിയ ജനകൂട്ടം തടിച്ചുകൂടി.

പന്തലിനുപുറത്ത്, വിശ്വാസികൾ വഴിയാത്രയിൽ വെട്ടം കാണാൻ കരുതിയിരുന്ന തെങ്ങോലചൂട്ടുകറ്റകൾ കെട്ടടങ്ങി പുകയുന്നുണ്ടായിരുന്നു. അകത്ത്, പാട്ടുകളും ആരാധനയും സായിപ്പിന്റെ പ്രസംഗവും കൊളുത്തിയ തീ ആളിക്കത്തുകയായിരുന്നു.

പത്തുപേരെ ആ തീയുടെ ചൂടും വെളിച്ചവും കടന്നുപിടിച്ചു. അവർ മാനസാന്തരപ്പെട്ടു.

# പതിനൊന്ന്

മത്തായിച്ചനും സാറാമ്മയും വലവീശുകാരാണ്; ആത്മാക്കളെ ക്രിസ്തുവിന്റെ വലയിലാക്കുന്നവർ.

സുവിശേഷവേലയുടെ ആഴവും പരപ്പും പ്രാന്തപ്രദേശങ്ങളിലേക്കു വ്യാപിച്ചു തുടങ്ങി.

സാറാമ്മയുടെ പ്രാർത്ഥനയുടെയും ആളാംപ്രതിസുവിശേഷ വേലയുടെയും ഫലമായി സഭയ്ക്ക് പുതിയൊരു മത്സ്യത്തെ കിട്ടി—സത്രമുക്കിൽ ത്രേസ്യാമ്മ.

സംസാരിക്കുന്ന മത്സ്യം. കണ്ണും മൂക്കും ചെവിയും ആത്മാവുമുള്ള മത്സ്യം.

വെള്ളിമല തോട്ടത്തിലെ കങ്കാണി കുടിയൻതൊമ്മന്റെ ഭാര്യ ത്രേസ്യാമ്മ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. മാത്രമല്ല, ഒരു വെള്ളിയാഴ്ച രാവിലെ അവർ പുനലൂർ തൂക്കുപാലത്തിനു മുകളിലുള്ള കടവിൽ സ്നാനം സ്വീകരിക്കുകയും ചെയ്തു.

സ്നാനശുശ്രൂഷ കഴിഞ്ഞ് മത്തായിച്ചനും ജോണിയും പുനലൂർ പടിഞ്ഞാറേതെരുവിലേക്കു നടന്നു.

പുനലൂർ തീവണ്ടിയാപ്പീസ് കാണണമെന്നു ജോണി താല്പര്യം പ്രകടിപ്പിച്ചതനുസരിച്ചാണ് അവർ അങ്ങോട്ടു യാത്ര തിരിച്ചത്. മകൻ സന്തോഷവാനായിരിക്കുവാൻ മത്തായിച്ചനാഗ്രഹിച്ചു. ധൃതിയിലുള്ള ആത്മീയപ്രവർത്തനങ്ങൾക്കിടയിലും മകന്റെ ന്യായമായ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാനദ്ദേഹം ശ്രമിച്ചിരുന്നു.

ആത്മീയകാര്യങ്ങളോട് ജോണിക്ക് താല്പര്യമുണ്ടാകട്ടെയെന്നാശിച്ചുകൊണ്ട് സ്നാനശുശ്രൂഷകൾക്ക് അവനെക്കൂടി കൊണ്ടുപോകാൻ ശ്രദ്ധിച്ചിരുന്നു.

കാളവണ്ടിയിൽ, നല്ല പൊക്കമുള്ള ഒരുപദേശി കവലയിൽ വന്നിറങ്ങു

ന്നതദ്ദേഹം ശ്രദ്ധിച്ചു. നീണ്ട ഒരു യാത്രയുടെ ക്ഷീണം ആ ജുബ്ബാധാരിയുടെ മുഖത്തു നിഴലിച്ചിരുന്നു.

അപരിചിതൻ വേദപുസ്തകം തുറന്നു. കവലയിൽ നില്ക്കുന്നവരോട് പരസ്യപ്രസംഗം തുടങ്ങി:

അന്ത്യകാലം വന്നടുത്തിരിക്കുന്നു
യേശുക്രിസ്തു ലോകഭരണം ഏറ്റെടുക്കാറായി.
യുദ്ധങ്ങളും യുദ്ധശ്രുതികളും മുഴങ്ങുന്നു.
കഴിഞ്ഞ മാസം, അതായത് 1945 ആഗസ്റ്റ്
മാസത്തിൽ ജപ്പാനിൽ അണ്വായുധം പൊട്ടിച്ചു.
ലക്ഷങ്ങൾ ചാമ്പലായി.
അതിനേക്കാൾ ഭീകരയുദ്ധങ്ങൾ വരുന്നു....
ലോകത്തിന്റെ നാലു കോണുകളിലും
ചിതറിക്കിടക്കുന്ന യഹൂദജനം
യിസ്രയേലിലേക്ക് കൂട്ടിച്ചേർക്കപ്പെടുമെന്ന്
വേദപുസ്തകം പ്രവചിച്ചു.
പ്രവചനം നിറവേറാറായി. ക്രിസ്തു വരാറായി.

ചിലർ ശ്രദ്ധിച്ചു. ചിലർ പരിഹസിച്ചുകൊണ്ടു നടന്നകന്നു.

ബസ്സു കാത്തുനിന്ന ഇട്ടിവക്കീൽ പുച്ഛസ്വരത്തിൽ പറഞ്ഞു: 'എ. ഡി. എഴുപതിൽ യെഹൂദന്മാരെ യിസ്രയേലിൽനിന്ന് അടിച്ചിറക്കിയതാ. കൊറേപ്പേർ കൊച്ചിയിലും വന്നെത്തി. ഇവരൊക്കെ ഇനീ യിസ്രയേലിൽ തിരികെപ്പോകുമെന്നുപോലും!! എന്തോരു വിഡ്ഢിത്തം. തൂക്കുപാലം പൊട്ടിവീണാലും ഇതൊന്നും സംഭവിക്കയില്ല.'

'കേട്ടില്ലേ, ഒരൂദേശി വായുവിൽ പ്രസംഗിക്കുന്നത്! ആരു കേൾക്കാനാ?' റോഡിൽ നിന്ന ഒരാൾ ആക്ഷേപിച്ചു.

മത്തായിച്ചൻ തിരിച്ചടിച്ചു: 'കാണാതെപോയ ആടിനെ കിട്ടണോങ്കിൽ കവലേലും കാട്ടിലും പോയി പ്രസംഗിച്ചേ പറ്റൂ. കഴിഞ്ഞാഴ്ച പുനലൂർ പട്ടണത്തിൽ ഖാദി വസ്ത്രധാരികളായ കോൺഗ്രസു പ്രവർത്തകർ ജാഥേം രാഷ്ട്രീയപ്രസംഗോം നടത്തി—ബ്രിട്ടീഷ്ഭരണത്തിനെതിരെയുള്ള പ്രസംഗങ്ങൾ. എന്നാപ്പിന്നെ പാപത്തിനെതിരെ, യേശുവിന്റെ സുവിശേഷം തെരുവിൽ പ്രസംഗിക്കരുതോ?'

ജോണിയെ തീവണ്ടിയാപ്പീസു കാണിച്ചിട്ടു മടങ്ങിവന്നപ്പോഴും ജുബ്ബാധാരിയുടെ പ്രസംഗം അവസാനിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗം കൂടുതൽ കാവ്യാത്മകമായപ്പോൾ കവലയിൽ തേരാപ്പാരാ നടന്നവർ ശ്രദ്ധാലുക്കളായി.

എന്റെ രാജാവായ ദൈവം
തന്റെ വായ് എന്ന വടികൊണ്ടു ഭൂമിയെ അടിക്കും.
യാഹോവ അളവുനൂലും തൂക്കുകട്ടയും പിടിക്കും.
തളിക തുടച്ചു കമഴ്ത്തിവയ്ക്കും.
അവൻ ഭൂസീമാവാസികളെ ചൂളംകുത്തി വിളിക്കും.
ദുഷ്ടനെ കാഞ്ഞിരംതീറ്റി നഞ്ചുവെള്ളം കുടിപ്പിക്കും
വെള്ളക്കുതിരയും മഞ്ഞക്കുതിരയും
പ്രത്യക്ഷപ്പെടാൻ പോകുന്നു.
സമാധാന രാജ്യം, ഏകലോകരാജ്യം വരുന്നു.
അവിടെ അടിമയും ഉടമയും ഉണ്ടാവില്ല.

കാളവണ്ടിയിൽ കരുതിയിരുന്ന കൂജയിലെ തണുത്തവെള്ളം ഒരു കോപ്പ കുടിച്ചശേഷം പ്രസംഗകൻ പ്രവചന സൂക്തങ്ങളുടെ അർത്ഥം വിശദീകരിച്ചുതുടങ്ങി.

പ്രസംഗം ഉപസംഹരിച്ചപ്പോൾ മത്തായിച്ചൻ വണ്ടിയുടെ സമീപത്തേക്കു നടന്നു.

'അങ്ങയുടെ പേരെന്താ?'

'പാസ്റ്റർ സി.കെ. ദാനിയേൽ.'

'വീടെവിടെയാ.'

'കൊട്ടാരക്കരയ്ക്കടുത്ത്—വേങ്ങൂർ.'

'ഇനീ എങ്ങോട്ടാ യാത്ര?'

'എങ്ങോട്ടെന്നില്ല. വീടുവിട്ടു. കൂടുവിട്ടു.'

'പാസ്റ്റർ ഇന്നിനീ എങ്ങും പോകണ്ടാ. എന്റെ വീട് ഇടമണ്ണാ. ഇവിടെനിന്നും നാലുമൈലേയുള്ളൂ.'

ഇരുവരും കാളവണ്ടിയിൽ കയറി. അന്യോന്യം കൂടുതൽ പരിചയപ്പെട്ടു. നല്ല ശമ്പളമുള്ള ഒരു സർക്കാർ ജോലി ഉപേക്ഷിച്ചിട്ടാണദ്ദേഹം സഞ്ചാരപ്രസംഗം നടത്തുന്നതെന്നും അദ്ദേഹം ഉണ്ണൂണ്ണിസാർ സ്ഥാപിച്ച ഇന്ത്യാ പെന്തക്കോസ്തു സഭയിലെ ഒരു സുവിശേഷകനാണെന്നും മത്തായിച്ചൻ ഗ്രഹിച്ചു. അത്യുഷ്ണ കാലാവസ്ഥയിലുള്ള ദീർഘയാത്ര, സമയം തെറ്റിയുള്ള ആഹാരം, വണ്ടിയുടെ കുടുക്കത്തിൽ നിന്നുണ്ടായ ശരീരവേദന—ഇവയുടെയെല്ലാം ക്ഷീണം ആ മുഖത്തു പതിഞ്ഞിട്ടുണ്ടെങ്കിലും ആത്മീയകാര്യങ്ങൾ സംസാരിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം വാചാലനായി.

'ഇത്രയും ത്യാഗിയായ ഒരു ദൈവദാസൻ എന്റെ ഭവനത്തിൽ കാലുകുത്താനിടയായതിൽ ദൈവത്തെ സ്തുതിക്കുന്നു.' പാസ്റ്റർ ദാനിയേലിനെ സ്വാഗതം ചെയ്തുകൊണ്ടു പറഞ്ഞു.

സാറാമ്മ ഭക്ഷണം തയ്യാറാക്കാൻ തുടങ്ങിയപ്പോൾ അതിഥി പറഞ്ഞു: 'ഞാനിന്നു ഭക്ഷണം കഴിക്കയില്ല.'

'അതെന്താ?'

'എല്ലാ വെള്ളിയാഴ്ചയും ഞാൻ ഉപവാസമാ. വെള്ളം മാത്രമേ കുടിക്കൂ....എന്റെ ഒരു സ്നേഹിതൻ ദുഷ്ടനായി ജീവിക്കുന്നു. അയാൾ മാനസാന്തരപ്പെടുന്നതുവരെ ആഴ്ചയിലൊരിക്കൽവീതം ആഹാരം വെടിയാൻ ഞാൻ ദൈവമുമ്പിൽ തീരുമാനിച്ചിരിക്കയാ.'

ഒരാഴ്ചത്തെ വേദപഠനക്ലാസ്സ് നടത്തിയ ശേഷമാണദ്ദേഹം യാത്രയായത്.

## പന്ത്രണ്ട്

**ഞാ**യറാഴ്ച രാവിലെ പതിവുപോലെ തോട്ടത്തിലെ കങ്കാണിമാരുടെ കൂടെ ചീട്ടുകളിക്കാൻ തൊമ്മച്ചനിറങ്ങി.

അല്പം കഴിഞ്ഞ് ഭാര്യ ത്രേസ്യാമ്മ വേദപുസ്തകവുമായി ഇടമൺ ദൈവസഭാ മന്ദിരത്തിലേക്കു നടന്നു.

തൊമ്മച്ചൻ ചീട്ടുകളിക്കാൻ പ്ളാച്ചേരിയിലേക്കു പോയില്ല. പകരം ഉറുകുന്നിൽ ചെന്ന് വാറ്റുചാരായം കഴിച്ചു. ഉച്ചകഴിഞ്ഞ് അയാൾ ഇടമൺ ദൈവസഭാമന്ദിരത്തെ ലക്ഷ്യമാക്കി നടന്നു.

ത്രേസ്യാമ്മ ആരാധനകഴിഞ്ഞ് വീട്ടിലേക്കുള്ള മടക്കയാത്രയിലായിരുന്നു. തൊട്ടുപുറകിൽ സാറാമ്മയും മത്തായിച്ചനും. അകലെ, പുറകിൽ പത്തുമുപ്പതു സഭാംഗങ്ങൾ.

തൊമ്മച്ചൻ ത്രേസ്യാമ്മയുടെ മുമ്പിൽ ഈറ്റപ്പുലിയെപ്പോലെ ചാടിവീണു.

സംസാരിച്ചില്ല.

ശകാരിച്ചില്ല.

കരണത്ത് രണ്ടടി....

പടക്കത്തിന്റെ ശബ്ദം....

അയാൾ അല്പം പ്രതീക്ഷിച്ചു. തുടർന്ന് സർവ്വശക്തിയും സമാഹരിച്ച് ഒരു തൊഴി. അവൾ അടിയേറ്റ പാമ്പിനെപ്പോലെ ചുരുണ്ടു നിലത്തു വീണു.

'പറേടീ, നീ പെന്തക്കോസുപള്ളീൽ പോകുമോന്ന്. ഇന്നാളിലെ നിന്നോടു പറഞ്ഞതല്ലേ ഇനി മേലാപ്പോയേക്കരുതെന്ന്. ഞാമ്പറേന്നതു നീ കേക്കുമോടീ?'

രണ്ടുവർഷം മുമ്പ് ത്രേസ്യാമ്മ സ്നാനപ്പെട്ട വിവരം, തൊമ്മച്ചനറിഞ്ഞത് മൂന്നുമാസം മുമ്പാണ്. സ്നാനപ്പെട്ടതിന്റെ കോപം തീർക്കാൻ അയാൾ ഭാര്യയെ ക്രൂരമായി മർദ്ദിച്ചു. മേലിൽ പെന്തക്കോസ്തു മന്ദിരത്തിൽ പോകരുതെന്ന് ആജ്ഞയും നൽകി. അതിനെ മറികടന്നാണ് ത്രേസ്യാമ്മ, തൊമ്മച്ചൻ വീട്ടിലില്ലാത്ത തക്കംനോക്കി ദൈവസഭാമന്ദിരത്തിലെത്തിയത്. അതെങ്ങനെയോ മണത്തറിഞ്ഞാണ് തൊമ്മച്ചനിപ്പോൾ ത്രേസ്യാമ്മയെ പിടികൂടിയത്.

ചുരുണ്ടുകിടന്ന ഭാര്യയെ അയാൾ വീണ്ടും മർദ്ദിച്ചു. അപ്പോഴും മാറത്തു ചേർത്തു പിടിച്ചിരിക്കുന്ന വേദപുസ്തകം അയാൾ തട്ടിയെടുത്തു: 'ഹും. ഹും. നിന്നെ തൊണ്ടിസഹിതം ഞാൻ പിടിച്ചിരിക്കുന്നു....അഹങ്കാരീ.'

അപ്പോഴേക്കും സാറാമ്മയും മത്തായിച്ചനും ത്രേസ്യാമ്മയെ രക്ഷിക്കാനായി ഓടിയടുത്തു.

തൊമ്മച്ചൻ മത്തായിച്ചനെ തുറിച്ചു നോക്കി.

അയാളുടെ മുഖത്ത് വിഷം പടരുന്നതു ശ്രദ്ധിച്ച സാറാമ്മയുടെ ശരീരം ആലിലപോലെ വിറച്ചു.

'നീയാന്നോടാ ഇവിടത്തെ ഊദേശി?'

മത്തായിച്ചൻ മറുപടി പറഞ്ഞില്ല.

'നീയാന്നോടാ എന്റെ പെമ്പിളയെ കലക്കവെള്ളത്തിൽ മുക്കിയത്?'

മറുപടി പറയാൻ അവസരം കൊടുത്തില്ല.

അയാൾ മടിക്കുത്തിൽ നിന്നും മടക്കുപിച്ചാത്തിയെടുത്തു.

സാറാമ്മ നിലവിളിച്ചതും തൊമ്മച്ചൻ പിച്ചാത്തിയുടെ തണ്ടുകൊണ്ടു മത്തായിച്ചന്റെ മുഖത്തിടിച്ചതും ഒന്നിച്ചുകഴിഞ്ഞു. മെയ്‌വഴക്കമുള്ള ഒരഭ്യാസിയെപ്പോലെ അയാൾ വീണ്ടും വീണ്ടും മർദ്ദിച്ചു.

മത്തായിച്ചന്റെ വായിൽനിന്നും ചോര! ഇരുളിന്റെ പാളികൾ അല്പനേരത്തേക്കദ്ദേഹത്തെ വലയംചെയ്തു.

സഭാജനങ്ങൾ ഓടിയടുത്തപ്പോഴേക്കും ത്രേസ്യാമ്മയെ വലിച്ചിഴച്ചുകൊണ്ട്, അട്ടഹാസത്തോടെ അയാൾ നടന്നകന്നു.

മദ്യലഹരിയിൽ അയാൾ മത്തായിച്ചനെയും സഭാവിശ്വാസികളെയും പരിഹസിച്ചു:

ആകാശത്തിലെ പറവകളെ നോക്കുവീൻ.

വിതയ്ക്കുന്നില്ല, കൊ-കൊ-കൊയ്യുന്നില്ല.
പെന്തക്കോസിലെ ഊദേശിമാരെ നോക്കുവിൻ
വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല.
കിളയ്ക്കുന്നില്ല, ദേഹമനങ്ങി
പണി ചെ-ചെ-ചെയ്യുന്നില്ല.
കൊടവയറു വെച്ചു നടക്കുന്നു
പെണ്ണുങ്ങളെ കലക്കവെള്ളത്തിൽ മുക്കുന്നു.
അമേരിക്കേന്നു കള്ളപ്പണം നേടുന്നു
മൊട്ടേം പാലും ക-ക-കഴിക്കുന്നു.
ഹ-ഹ-ഹ-ഒരൂദേശിയെ
ഞാന്തൊഴിച്ചു താഴെയിട്ടു.
മൊട്ടേം പാലും വെളീച്ചാടിച്ചു.

തൊട്ടടുത്ത റെയിൽപാളം കടക്കുമ്പോഴും അയാൾ പുറകോട്ടു നോക്കി ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു — പെന്തക്കോസ്തുകാരുടെ മറുഭാഷാ ഭാഷണത്തിന്റെ ഹാസ്യാനുകരണം:

ഹീലിയാ-പൗഡാലാ...
കാട്ടിക്കുറൂ- കക്കുറു - കുറുകുറു...
പച്ചില കത്രിക - വെറ്റില കത്രിക...
വിട്ടില് കാട്ടില് - വെറ്റില നാട്ടില്...
കട്ടില് വീട്ടില് - മാക്രി തോട്ടില്...

കേട്ടുനിന്നവർ ചിരിച്ചു.

സഭാവിശ്വാസികൾ മത്തായിച്ചനെ പിടിച്ചെഴുന്നേല്പിച്ചു. മുഖത്തുപൊടിഞ്ഞ രക്തം ഒപ്പിയെടുത്തു. ചെങ്ങന്നൂർ തെങ്ങുവിള കുടുംബത്തിലെ മത്തായിച്ചൻ! വീരശൂരപരാക്രമി! പണ്ട് പലരേയും അടിച്ചുവീഴ്ത്തിയിട്ടുള്ള മത്തായിച്ചൻ. ഇപ്പോൾ, തന്റത്രയും പോലും തടിയോ ശക്തിയോ ഇല്ലാത്ത ഒരു കുടിയന്റെ അടിയേറ്റശേഷം മൗനമായി നില്ക്കുന്നു.

രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതെ നിൽക്കുന്ന ആടിനെപ്പോലെ!

തൊമ്മച്ചൻ മടിക്കുത്തിൽനിന്നും മടക്കുപിച്ചാത്തിയെടുത്തപ്പോൾ ഓടിരക്ഷപ്പെടാമായിരുന്നു. തൊമ്മച്ചനെ തിരികെ അടിച്ചു വീഴ്ത്താമായിരുന്നു. അല്ലെങ്കിൽ, പുറകേ ചെന്നു നേരിടാമായിരുന്നു.

പക്ഷെ, മത്തായിച്ചൻ ഇന്ന് ഒരു പുതിയ സൃഷ്ടിയാണ്. പ്രതികാരം ചെയ്യുകയില്ല. ചെള്ളയ്ക്കടിച്ചാൽ പള്ളയ്ക്കടിക്കയില്ല.

ഓടിയെത്തിയ സഭാജനങ്ങളിൽ രണ്ടുമൂന്നുപേർ കുപിതരായി. മത്തായിച്ചനവരെ ശാന്തരാക്കി.

അരചൻ വീണു, പടയും തീർന്നു; ഇനി പെന്തക്കോസ്തുകാർ തല പൊക്കുകയില്ല എന്ന പ്രസ്താവനയോടുകൂടിയാണ് കത്തോലിക്കാ പള്ളി പ്രമാണിയായ വെള്ളിമല ജോസഫ് മുതലാളി മത്തായിച്ചനു മർദ്ദനമേറ്റ വാർത്ത സ്വീകരിച്ചത്.

ബാലനെങ്കിലും സംഭവം ജോണിയിൽ വിവിധങ്ങളായ വികാരങ്ങളുണ്ടാക്കി. അവന്റെ പിതാവും പെന്തക്കോസ്തു സഭാംഗങ്ങളും ബലഹീനരാണെന്നവനു തോന്നി. കൈകെട്ടിനിന്ന് അന്യന്റെ തല്ലുകൊള്ളുന്ന ഒരു പിതാവ്. അതിന് പ്രതികാരം ചെയ്യാതെ സ്തോത്രം പറഞ്ഞു നില്ക്കുന്ന സഭാംഗങ്ങൾ....പിറ്റേദിവസം അയലത്തെ ചില കുട്ടികൾ അവന് ‘തല്ലുകൊ

ള്ളിയൂദേശിയുടെ മകൻ' എന്ന ഇരട്ടപ്പേരു നൽകിയപ്പോൾ തന്റെ പിതാവ് പ്രതിനിധാനം ചെയ്യുന്ന പെന്തക്കോസ്തുസഭയോടവന് വെറുപ്പാണു തോന്നിയത്.

പ്രാതികൂല്യങ്ങളുടെ മദ്ധ്യേയും ഇടമണ്ണിലും പ്രാന്തപ്രദേശങ്ങളിലുമുള്ള പെന്തക്കോസ്തുസഭകൾ പുരോഗമിക്കുന്നു എന്ന വസ്തുത ചില പാരമ്പര്യസഭാംഗങ്ങളിൽ രോഷമുളവാക്കി. എല്ലാ ആക്രമണങ്ങളും അഗ്നിപർവ്വതത്തിൽ കർപ്പൂരബാണം പ്രയോഗിക്കുന്നതുപോലെ നിഷ്ഫലമാണെന്നു മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ മത്തായിച്ചനെ നാട്ടിൽ വഷളാക്കിക്കാണിക്കാൻ പുതിയ ഒരുമാർഗ്ഗം കണ്ടെത്തി—അപവാദം പ്രചരിപ്പിക്കുക.

അവർ അതു ചെയ്തു. പറ്റിയ ഒരു കഥയും നിർമ്മിച്ചു. മത്തായിച്ചനെ തൊമ്മൻ തല്ലിയ സംഭവം അവർ വളച്ചുകെട്ടി.

മത്തായിച്ചന് സത്രമുക്കിലെ ത്രേസ്യാമ്മയുമായി അവിഹിതബന്ധമുണ്ടായിരുന്നു. തൊമ്മച്ചൻ വീട്ടിലില്ലാത്ത തക്കം നോക്കി രഹസ്യമായി ത്രേസ്യാമ്മയുടെ വീട്ടിൽ ചെല്ലാറുണ്ടായിരുന്നു. ഒരു ദിവസം തൊമ്മച്ചനില്ലാത്ത സമയത്തു മത്തായിച്ചൻ ത്രേസ്യാമ്മയുടെ വീട്ടിൽ ചെന്നു. അല്പം കഴിഞ്ഞ് തൊമ്മച്ചൻ യാദൃശ്ചികമായി വീട്ടിൽ വന്നു. മത്തായിച്ചനെ പിടികൂടി. അടിച്ചു. തൊഴിച്ചു. കുത്തി.

തന്നേക്കുറിച്ചുള്ള അപവാദം മത്തായിച്ചന്റെ കാതുകളിലും എത്തി. ഒരു വേദവാക്യമായിരുന്നു മറുപടി:

നിങ്ങളെക്കുറിച്ച് എല്ലാ തിന്മയും
കളവായി പറയുമ്പോൾ
സന്തോഷിപ്പിൻ.

# പതിമൂന്ന്

ശനിയാഴ്ച സത്രമുക്കിൽ പൗലോസിന്റെ വീട്ടിൽ നടന്ന ഉപവാസ പ്രാർത്ഥന കഴിഞ്ഞപ്പോഴേക്കും നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. വീട്ടിലേക്കു മടങ്ങുന്ന സാറാമ്മയുടെയും മത്തായിച്ചന്റെയും സംസാരം ഇന്ത്യയുടെ സ്വാതന്ത്ര്യമെന്ന വിഷയത്തിലേക്കു കടന്നു.

രണ്ടാഴ്ചമുമ്പ് ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നും ഇന്ത്യ വിമുക്തയായതിൽ സാറാമ്മ ആഹ്ലാദം പ്രകടിപ്പിച്ചു.

'ഒരു രാജ്യവും മറ്റൊരു രാജ്യത്തെ കീഴടക്കി ഭരിക്കാൻ പാടില്ല. ഏതായാലും ഇനി ഇന്ത്യാക്കാരനു ശ്വാസംവിടാൻ ബ്രിട്ടീഷുകാരുടെ അനുവാദം വേണ്ടാ. നാം സ്വതന്ത്രരായിരിക്കുന്നു!' മത്തായിച്ചൻ പറഞ്ഞു.

'അച്ചായാ, നമ്മുടെ മഹാത്മാഗാന്ധി എത്ര നല്ല മനുഷ്യനാ. അദ്ദേഹം ഒരു ഹിന്ദു ഭക്തനാണ്. എന്നാൽ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും അദ്ദേഹം ആരാധനാസ്വാതന്ത്ര്യം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.'

'അതേ, നമ്മുടെ നേതാക്കൾ എല്ലാവരും മഹാന്മാരാണ്. കാരണം ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ അവർ അംഗീകരിച്ചിട്ടുണ്ട്. അവനവന് ഇഷ്ടമുള്ള മതം പിന്തുടരാനും, അവനവൻ വിശ്വസിക്കുന്ന ആശയങ്ങൾ പ്രചരിപ്പിക്കുവാനും, മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ച് മതംമാറാനും പാർട്ടി മാറാനുമുള്ള സ്വാതന്ത്ര്യം നമ്മുടെ രാജ്യശില്പികൾ നൽകിയിട്ടുണ്ട്.'

'മതം മാറാം. തൊഴിലു മാറാം. സ്ഥലം മാറാം. ഇന്ത്യയിൽ എവിടെയും നമുക്കു സഞ്ചരിക്കാം.'

‘അതേ, ഇത്തരം സ്വാതന്ത്ര്യങ്ങൾ വിലക്കുന്ന രാജ്യത്തെ ജനാധിപത്യ രാജ്യമെന്നോ സ്വതന്ത്രരാജ്യമെന്നോ വിളിക്കുന്നത് അർത്ഥശൂന്യമാണ്.’

‘ഒരു ക്രിസ്ത്യാനി ഹിന്ദുമതത്തിൽ ചേർന്നാലോ.’

‘പഴയ ബിംബാരാധനയിലേക്കു വീണ്ടും തിരിച്ചു പോകുന്നതിൽ ഞാൻ അനുകൂലിയല്ല. എന്നാൽ, ഒരു ക്രിസ്ത്യാനി ഹിന്ദുമതം സ്വീകരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത് അയാളുടെ സ്വാതന്ത്ര്യമാണ്. നിയമം ആ സ്വാതന്ത്ര്യത്തെ വിലക്കരുത്. കാരണം മനഃസാക്ഷിയുടെ സ്വാതന്ത്ര്യത്തെ വിലക്കിയാൽ ചില പേർഷ്യൻ രാജ്യങ്ങളെപ്പോലെ നാം അധഃപതിച്ചു പോകും. ചില പേർഷ്യൻ രാജ്യങ്ങളിൽ ഒരു അന്യമതക്കാരന് മുസ്ലീം ആകാം. എന്നാൽ ഒരു മുസ്ലീം ക്രിസ്ത്യാനിയോ ഹിന്ദുവോ ആയാൽ അവനെ പീഡിപ്പിക്കുന്നു. ഈ രീതി ഏകപക്ഷീയമാണ്.’

‘ഏതായാലും ഇന്ത്യയെ വെട്ടിപ്പിളർന്ന് പാക്കിസ്ഥാൻ എന്നൊരു പ്രത്യേകരാജ്യം ഉണ്ടാക്കിയത് ഖേദകരമായിപ്പോയി. ഇന്ത്യൻ മണ്ണിന്റെ മക്കളാണു നാമെല്ലാം. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഒരുപോലെ ഇന്ത്യയെ സ്നേഹിക്കണം. ഇന്ത്യയുടെ ഐക്യത്തി നുവേണ്ടി പ്രവർത്തിക്കുകയും വേണം.’

അപ്പോഴേക്കും അവർ കുടിയൻതൊമ്മന്റെ വീടിനോടടുത്തിരുന്നു. തൊമ്മന്റെ വീടിന്റെ മുമ്പിലൂടെയാണ് ഇടമണ്ണിലേക്കുള്ള നടപ്പാത. ഇരുളിന്റെയും നിലാവിന്റെയും ശകലങ്ങൾ പാതയിലുടനീളം ചിതറിക്കിടന്നിരുന്നു.

തൊമ്മന്റെ വീട്ടിൽനിന്നുമുയർന്ന വേദനയുടെ ഞരക്കം മത്തായിച്ചന്റെ കാതുകളിൽ പതിച്ചു. കയറിച്ചെന്നു കാര്യമെന്തെന്നന്വേഷിക്കുന്നത് അപകടമാണെന്നു മത്തായിച്ചനറിയാമായിരുന്നു.

തൊട്ടടുത്ത ജാനകിയുടെ വീട്ടിലന്വേഷിച്ചു.

‘തൊമ്മൻമാപ്പള ജ്വരമായി കെടക്കുവാ. നെഞ്ചിനാത്തു വേദനേം.’

മത്തായിച്ചൻ ആലോചിച്ചു നിന്നു.

‘സാറാമ്മേ, നമുക്കൊന്നു പ്രാർത്ഥിച്ചേച്ചു പോരാം.’

‘അയ്യോ, കുടിയൻതൊമ്മന്റെ വീട്ടിലോ. അച്ചായനെ അടിച്ചു ചോരയൊലിപ്പിച്ചോന്റെ വീട്ടിലോ....വർഷം നാലു കഴിഞ്ഞു. എന്നിട്ടും പിച്ചാത്തി കൊണ്ട് ഇടിച്ച പാടു മാഞ്ഞിട്ടില്ല.’

‘വേദനേടെ കരച്ചിലാ.’

‘ഉറങ്ങിക്കിടക്കുന്ന പുലിയെ വിളിച്ചുണർത്തണോ?’

‘മാലാഖയെ അയച്ച് സിംഹത്തിന്റെ വായടച്ച ദൈവം.’

വീണ്ടുമവർ നടപ്പാതയിൽ സങ്കോചത്തോടെ നിന്നു.

മത്തായിച്ചൻ ആദ്യത്തെ ചുവടുവച്ചു. സാറാമ്മയുടെ നെഞ്ചിൽ ചെണ്ട കൊട്ടുന്ന ശബ്ദം.

സന്ദർശകരെ കണ്ടപ്പോൾ ത്രേസ്യാമ്മയുടെ മുഖത്ത് ഭയത്തിന്റെ വരകൾ പടർന്നു.

സാറാമ്മ അല്പസമയം ത്രേസ്യാമ്മയുമായി സംസാരിച്ചു.

മത്തായിച്ചൻ വേദപുസ്തകം തുറന്നു. നൂറ്റിയിരുപത്തൊന്നാം സങ്കീർത്തനം വായിച്ചു. ആദ്യം സാറാമ്മ പ്രാർത്ഥിച്ചു. പിന്നെ മത്തായിച്ചൻ.

തൊമ്മച്ചൻ ഒരക്ഷരം മിണ്ടിയില്ല.

പടികളിറങ്ങിയപ്പോൾ സാറാമ്മ ആശ്വസിച്ചു. ‘ഏതായാലും തല്ലു കിട്ടിയില്ല. ചീത്തയും കേട്ടില്ല.’

'അതൊരു വിജയം തന്നെ.'

രാത്രിയിൽ തൊമ്മച്ചൻ ചിന്താധീനനായി. 'ഞാൻ റോഡിന്റെ നടുവിൽ അടിച്ചുവീഴ്ത്തിയ മത്തായി ഉപദേശി. ഇപ്പോൾ എന്റെ രോഗശമനത്തിനുവേണ്ടി പ്രാർത്ഥിച്ചിട്ടു പോയിരിക്കുന്നു!'

നേരം വെളുത്തപ്പോൾ ത്രേസ്യാമ്മയെ വിളിച്ചു. 'എടീ എങ്കിലും ആ മത്തായുദേശി....ആളത്ര മോശമല്ല. അയാളെന്റെ രോഗം മാറി സുഖമാകാൻ പ്രാർത്ഥിച്ചിരിക്കുന്നു.'

'ഞാമ്പണ്ടേ പറഞ്ഞതല്ലേ അങ്ങേര് ദൈവദാസനാണെന്ന്.'

'ഞാൻ ദീനമായി ഒരു മാസമായി കെടക്കുവാ. ജനിച്ചുവളർന്ന പള്ളീലെ ആൾക്കാർ തിരിഞ്ഞുനോക്കീട്ടില്ല. അവർക്കു കുടിയൻതൊമ്മനെ പേടിയാ....അല്ലേലും പാവപ്പെട്ടോന്റെ വീട്ടിലെന്തിനാ വരുന്നത്?'

'ദീനക്കാരന്റെ വീട്ടിക്കയറിയാൽ ദീനം പകരത്തില്ലേ? പക്ഷെ, മത്തായി ഉപദേശിക്ക് ദീനം പകരുന്നതു പ്രശ്നമല്ല. ആത്മാക്കളെ ആശ്വസിപ്പിക്കുന്നതാ അങ്ങേർക്കു കാര്യം.'

തൊമ്മച്ചൻ വീണ്ടും ചിന്താധീനനായി.

രണ്ടാഴ്ച കഴിഞ്ഞ് മത്തായിച്ചനും സാറാമ്മയും തൊമ്മച്ചന്റെ വീട്ടിൽ വീണ്ടും വന്നു.

സന്ധ്യ ഇരുളിന്റെ പുതപ്പിട്ടു കഴിഞ്ഞിരുന്നു. തൊമ്മച്ചന്റെ കറുത്തു കരിവാളിച്ച ചുണ്ടുകളിൽ ബീഡി കത്തിയെരിഞ്ഞു. കുശലപ്രശ്നങ്ങൾക്കുശേഷം മത്തായിച്ചൻ കാര്യത്തിലേക്കു കടന്നു.

'തൊമ്മച്ചാ, ഇനി തൊമ്മച്ചനെന്നാ ദൈവഭാഗത്തേക്കു വരുന്നത്?'

തൊമ്മച്ചനു ചോദ്യം ഇഷ്ടപ്പെട്ടില്ല.

'ഞാൻ പിന്നെ ആരുടെ ഭാഗത്താ? പിശാചിൻെറ ഭാഗത്താണോ?'

'കള്ളുകുടിയും അടിപിടിയും ഒക്കെ പ്ശാചിന്റെ പ്രവൃത്തികളാ.'

'ഞങ്ങടെ അച്ചന്മാർ ഒരെണ്ണം എന്നോട് ഇങ്ങനൊന്നും പറഞ്ഞിട്ടില്ല. എന്റെ ബന്ധുക്കൾതന്നെ എത്ര പുരോഹിതന്മാർ ഉണ്ടെന്ന് ഉപദേശിക്കറിയാമോ?'

'പുരോഹിതന്മാർ തന്നെ ചിലർ ബീഡിവലിക്കുന്നവരും വെറ്റില മുറുക്കുന്നവരും ശീമമദ്യം കുടിക്കുന്നവരുമാ. പിന്നെങ്ങനെ അവർ തൊമ്മച്ചനെ ഗുണദോഷിക്കും?'

തൊമ്മച്ചൻ ഒന്നു ചുമച്ചു.

'തൊമ്മച്ചാ നിങ്ങൾ രക്ഷിക്കപ്പെട്ടതാണോ?'

'ഞാൻ പിന്നെ ശിക്ഷിക്കപ്പെട്ടിരിക്കയാണോ?' കോപത്തിന്റെ സ്വരത്തിൽ കൈചൂണ്ടിക്കൊണ്ട് ചോദിച്ചു.

മത്തായിച്ചൻ മൗനമായി തൊമ്മച്ചനെ നോക്കി.

'ഹേയ്....ഊദേശി എന്താ എന്നെ ഇത്ര സൂക്ഷിച്ചുനോക്കുന്നത്? ഞാനും കുമ്പസാരിക്കുന്നുണ്ട്. കേട്ടോ.'

'കുമ്പസാരോം കൈമുത്തലുമൊന്നും മനുഷ്യനെ രക്ഷിക്കയില്ല....ഓട്ടനാഴിക്കു പൂണു കെട്ടിയതുപോലേയുള്ളൂ. മനഃപരിവർത്തനമുണ്ടാകാതെ ചടങ്ങുകളിൽ പങ്കുകൊണ്ടതുകൊണ്ടായില്ല. ആത്മാവിനാൽ ജനിക്കാത്തവൻ പാപിയാണ്'.

താൻ ഒരു പാപിയാണെന്നു തൊമ്മച്ചനറിയാമായിരുന്നു. പക്ഷേ അക്കാര്യം ആദ്യമായിട്ടാണ് ഒരാൾ മുഖത്തുനോക്കി പറയുന്നത്.

'പെന്തക്കോസുകാരു മാത്രമേ സ്വർഗ്ഗത്തിപ്പോത്തൊളളോ?'

'അങ്ങനെ ഞാൻ പറേന്നില്ല'.

'പിന്നെന്തിനാ പെന്തക്കോസ്സിൽ ആളിനെപിടിച്ചു ചേർക്കുന്നത്?'

'തൊമ്മച്ചാ, പാരമ്പര്യസഭകൾ അധഃപതിച്ചുകഴിഞ്ഞു. പാരമ്പര്യസഭകൾക്ക് പണ്ഡിതന്മാർ ധാരാളമുണ്ട്. പക്ഷേ, വേദപുസ്തകത്തിൽ ശരിയായ വിശ്വാസമില്ലാത്ത പണ്ഡിതന്മാരാ. മനുഷ്യൻ കൊരങ്ങു മൂത്തുണ്ടായതാണെന്നു പഠിപ്പിക്കുന്നോരും ഉണ്ട്.'

'എല്ലാരും അങ്ങനാന്നു പറയാനൊക്കുമോ?'

'അങ്ങനെ ഞാൻ കുറ്റം പറേന്നില്ല. എന്നാൽ നിങ്ങടെ പള്ളികളിലേക്കൊന്നു നോക്ക്. ഹിന്ദുക്കളുടെ അമ്പലങ്ങളിലുള്ളതിനേക്കാൾ ബിംബങ്ങളുണ്ട്. പത്തുകല്പനകൾ പറയുന്നത് ആരാധനയ്ക്കായി ആകാശത്തിലും ഭൂമിയിലുമുള്ള യാതൊന്നിൻെറയും വിഗ്രഹം ഉണ്ടാക്കരുതെന്നും അവയുടെ മുമ്പിൽ കുമ്പിടരുതെന്നുമാണ്. സ്വർണ്ണവും വെള്ളിയും ഞങ്ങൾക്കില്ല എന്നു പ്രസ്താവിച്ച പത്രോസപ്പോസ്തൊലന്റെ അനുയായികളെന്നഭിമാനിക്കുന്ന പുരോഹിതശ്രേഷ്ഠന്മാർ സ്വർണ്ണവടിയുടെയും സ്വർണ്ണക്കുരിശിന്റെയും സ്വർണ്ണസിംഹാസനത്തിന്റെയും ആർഭാടത്തിൽ മയങ്ങിക്കഴിയുന്നു. ദൈവമൊഴികെ മറ്റാർക്കും പാപങ്ങളെ മോചിക്കാൻ അനുവാദമില്ലെന്നു വചനം പറേന്നു. വേദപുസ്തകത്തിൽ യേശുക്രിസ്തു മാത്രമേ നിന്റെ പാപങ്ങൾ ഞാൻ മോചിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുള്ളൂ. അപ്പൊസ്തൊലന്മാരും കന്യാമറിയവും ആരും പാപങ്ങൾ മോചിച്ചുകൊടുത്തിട്ടില്ല.'

'ശരിയോ?'

'ശര്യാ, വചനം വായിച്ചുനോക്ക്....എന്നാൽ ഇന്നു ചില പുരോഹിതന്മാർ പാപങ്ങൾ ക്ഷമിക്കുവാൻ തങ്ങൾക്കധികാരമുണ്ടെന്ന് അവകാശപ്പെടുകയും മനുഷ്യരെക്കൊണ്ട് അവരുടെ മുമ്പിൽ പാപം ഏറ്റുപറയിക്കയും ചെയ്യുന്നു. യഥാർത്ഥത്തിൽ, നേരിട്ട് ദൈവത്തോടാണു പാപം ഏറ്റുപറയേണ്ടത്. ലക്ഷക്കണക്കിനാളുകൾ പട്ടിണി കിടക്കുന്ന ഈ രാജ്യത്ത് മെത്രാനെ വാഴിക്കാനും കബറടക്കാനും സഭ ലക്ഷക്കണക്കിനു രൂപ ദുർവ്യയം ചെയ്യുന്നു. ബിംബങ്ങൾ പ്രതിഷ്ഠിക്കാനും കുരിശുതൊട്ടികൾ സ്ഥാപിക്കാനും ഓടിച്ചാടി നടക്കുന്ന ഇവർക്ക് പാപികളെ രക്ഷിക്കുന്ന സുവിശേഷം പ്രസംഗിക്കാൻ നേരമില്ല. ജനത്തെ പരിശുദ്ധാത്മാവിന്റെയും കൃപാവരങ്ങളുടെയും അനുഭവത്തിലേക്കു നടത്തുന്നതിനുപകരം, മൂറോൻ തൈലം നെറ്റിയിൽ പുരട്ടി പരിശുദ്ധാത്മാവിനെ നൽകിയെന്നവകാശപ്പെടുന്നു. ഭക്തിയുടെ വേഷമുണ്ട്—ശക്തിയില്ല.'

'ഇതൊന്നും ശുദ്ധീകരിച്ചെടുക്കാനൊക്കത്തില്ലെന്നാണോ ഊദേശി പറേന്നത്?'

'ദൈവത്തെക്കൊണ്ട് സകലോം സുസാധ്യം. പക്ഷേ, പുരോഹിതവർഗ്ഗം വിനയപ്പെടണം. പാരമ്പര്യത്തെ പിടിച്ച പിടി ഒരിക്കലും വിടുകില്ലെന്നുള്ള മർക്കടമുഷ്ടി ഉപേക്ഷിച്ചിട്ട് അനാചാരങ്ങൾ തൂത്തെറിയണം. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തൊലികസഭയുടെ അനുഭവത്തിലേക്കു മടങ്ങിവരണം....അങ്ങനെ ശുദ്ധീകരിക്കപ്പെട്ടാൽ, വിട്ടുപോന്ന കത്തോലിക്കാസഭയിൽ മടങ്ങിച്ചെല്ലാൻ ഞാൻ തയ്യാറാണ്. കത്തോലിക്കാസഭയുടെ ഉള്ളറയിൽ അങ്ങനെയൊരു ശുദ്ധീകരണം ഉണ്ടാവാൻ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.'

'ഈ പെന്തക്കോസ്തുസഭകൾക്കെന്തുണ്ട് പ്രത്യേകത?'

'പെന്തക്കോസ്തു കൂട്ടായ്മകളുടെ സവിശേഷതയറിയണമെങ്കിൽ ഞങ്ങളുടെ നാലഞ്ചു യോഗങ്ങളിൽ സംബന്ധിക്കണം. ഒന്നു പരീക്ഷിച്ചുനോക്ക്.'

'ഞാൻ വെളീനിന്ന് കേട്ടിട്ടുണ്ട്. ബഹളം. സർവ്വത്രബഹളം. തമ്പേറു തല്ലിപ്പൊട്ടിക്കയാ.'

'തൊമ്മച്ചാ, ബഹളമല്ല, ആത്മീയസന്തോഷമാ. ഈ ക്രിസ്തീയ ജീവിതം ഒരു നദിയാണ്—പരിശുദ്ധാത്മാവിന്റെ നദി. ക്രിസ്ത്യാനിയതിൽ നീന്തിക്കുളിക്കുന്നവനാ. ഒരു നദിയിൽ കാലറ്റം വെള്ളമുള്ള ഭാഗമുണ്ട്. മുട്ടറ്റമുള്ളടമുണ്ട്. കഴുത്തറ്റമുള്ളടമുണ്ട്. തലയറ്റമുള്ളടമുണ്ട്. തലയറ്റം വെള്ളമുള്ള ഭാഗത്ത് നീന്താനാ എനിക്കിഷ്ടം. പരിശുദ്ധാത്മപൂർണ്ണമായ ആരാധന ഞങ്ങളുടെ കൂട്ടായ്മകളിലുണ്ട്. അതിൽ മുങ്ങിക്കുളിക്കുന്ന എളിയ ഒരു സുവിശേഷകനാണ് ഞാൻ. സഭകളും മതങ്ങളും പലതുണ്ട്. പക്ഷേ എല്ലാവർക്കും സത്യപ്രകാശം കിട്ടിയിട്ടില്ല—കിട്ടിയവർ അതു നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മിന്നാമിനുങ്ങിൻെറ വെട്ടത്തിൽ പലരും തപ്പിത്തടയുന്നു. കാലറ്റം വെള്ളത്തിൽ മുങ്ങിക്കുളിക്കാൻ വൃഥാ പ്രയത്നം ചെയ്യുന്നു....നിങ്ങടെ പള്ളികളിൽ ആരാധനാസ്വാതന്ത്ര്യം ഇല്ല. ശബ്ദമുയർത്തി ഒരു സ്തോത്രം പറയാൻപോലും സ്വാതന്ത്ര്യമില്ല.'

'ഈ പെന്തക്കോസു സഭകൾ വിദേശരാജ്യത്തുനിന്നും ഇറക്കുമതി ചെയ്തതല്ലേ?'

'ദൈവത്തിന് വിദേശിയെന്നും സ്വദേശിയെന്നും ഇല്ല. ഇന്ത്യ ദ്രാവിഡ മതം ആചരിച്ചിരുന്ന ഒരു രാജ്യമായിരുന്നു. വിദേശീയരായ ആര്യന്മാർ അടിച്ചേല്പിച്ച ബ്രാഹ്മണമേധാവിത്വമാണ് ഇപ്പോഴത്തെ ഹിന്ദുമതം. ഇസ്ലാം മതത്തിന്റെ വേരും വിദേശത്താണല്ലോ. ഇന്ത്യയിലെ ക്രൈസ്തവസഭകളെല്ലാം വിദേശരാജ്യത്തുനിന്നും ഇറക്കുമതി ചെയ്തതാണല്ലോ. തോമസപ്പൊസ്തൊലൻ ഒരു വിദേശിയായിരുന്നു. അല്ലേ!...ഇന്ത്യയിൽ 1905–ൽ ഒരു പരിശുദ്ധാത്മപകർച്ച ഉണ്ടായതായും അന്ന് പൂനായിലെ മുക്തി ആശ്രമത്തിലെ പണ്ഡിത് രമാഭായി പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതായും സഭാചരിത്രത്തിലുണ്ട്. ആദ്യമായി ഇന്ത്യയിൽ പെന്തക്കോസ്തനുഭവം പ്രാപിച്ചത് ഒരു ഹിന്ദുവായിരുന്നു.'

നേരം എട്ടുമണിയായപ്പോൾ ത്രേസ്യാമ്മയും സാറാമ്മയും അടുക്കളയിലേക്കു പോയി. തൊമ്മച്ചനും മത്തായിച്ചനും മാത്രം ഇറയത്തു ശേഷിച്ചു. തൊമ്മച്ചന്റെ ചോദ്യങ്ങൾ കൂടുതൽ വ്യക്തിപരമായി.

'ഊദേശീ, നിങ്ങൾ ബീഡി വലിക്കുന്നവർക്കു സഭയിൽ അംഗത്വം കൊടുക്കാറില്ല. എനിക്കാണെങ്കിൽ ദിവസം പത്തിരുപതു ബീഡിയെങ്കിലും വേണം.'

'വിഷമുള്ള പുകയും കറയും ശ്വാസകോശത്തിൽ കയറ്റുന്നത് അതിക്രമമല്ലേ? ക്യാൻസറും ആസ്മായും ചുമയും....എത്രയെത്ര രോഗങ്ങൾ ഉണ്ടാക്കുന്ന ശീലം. ദൈവം തന്ന ശരീരത്തെ ഇഞ്ചിഞ്ചായി നശിപ്പിക്കുന്ന ശീലം. ശരീരത്തെ നശിപ്പിക്കുന്ന ഒരാൾ അന്ത്യന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. തീർച്ച....പുകയില പൊടിച്ചുണ്ടാക്കിയ മൂക്കുപ്പൊടി വലിച്ചുവലിച്ച് എത്രപേർ തൊണ്ടയ്ക്കും അന്നനാളത്തിനും ശ്വാസകോശങ്ങൾക്കും രോഗങ്ങൾ വരുത്തുന്നുണ്ടെന്നറിയാമോ? എത്രപേർ വലിച്ചുവലിച്ച് ശ്വാസംമുട്ടി ചാകുന്നു? ഇതൊക്കെ ഡോക്ടർമാർ പത്രങ്ങളിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതുന്ന കാര്യങ്ങളാ.'

'ബീഡി വലിക്കരുതെന്നു വേദപുസ്തകം പറേന്നോ?'

'വേദപുസ്തകം എഴുതിയ കാലത്തു ബീഡിവലി ഇല്ലായിരുന്നു. അതു കൊണ്ട് പുകവലിയെപ്പറ്റി ഒന്നും പറേന്നില്ല. എന്നാൽ റോമർ പന്ത്രണ്ടാം അദ്ധ്യായത്തിൽ പറയുന്നത്, നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ എന്നാണ്. ബീഡി യുടെ കറപിടിച്ച, ദുർഗന്ധം വമിക്കുന്ന, വിഷം കയറ്റിയ ശരീരം എങ്ങനെ ദൈവമുമ്പിൽ വിശുദ്ധമാകും?'

'എന്നുംവെച്ച് സഭേന്ന് മുടക്കണോ?'

'മുടക്കണം. യെശയ്യാ പ്രവചനം അമ്പത്തഞ്ചാം അദ്ധ്യായത്തിൽ പ്ര വാചകൻ ഗുണദോഷിക്കുന്നത് അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തി വരു ത്താത്തതിന് നമ്മുടെ പ്രയത്നഫലവും ചെലവിടരുതെന്നാണ്. ബീഡി എത്ര വലിച്ചാലും, മദ്യം എത്ര കുടിച്ചാലും, വെറ്റില എത്ര മുറുക്കിയാലും തൃപ്തിവരുന്നില്ല. വീണ്ടും വീണ്ടും വലിക്കണം. കുടിക്കണം. മുറുക്കണം. ക്രിസ്തുവിന്റെ അടിമയായ ഒരു സത്യക്രിസ്ത്യാനി ഒരു ദുഃസ്വഭാവത്തിനും അടിമയാകരുത്. ആഹാരമല്ലാത്തതിനും തൃപ്തി വരുത്താത്തതിനും എന്തിനാ പണം പാഴ്ച്ചെലവു ചെയ്യുന്നത്?'

'ഓ, എന്നാ പണച്ചെലവാ?'

'പിള്ളാർക്ക് ആഹാരം വാങ്ങികൊടുക്കേണ്ട കാശെടുത്തല്ലേ പുകച്ചു കളേന്നത്?'

'വ്വ്'

'ചിന്തിക്കൂ തൊമ്മച്ചാ, തൊമ്മച്ചൻ പുകവലി എന്ന ദുശീലത്തിനടിമ യാകുമ്പോൾ തൊമ്മച്ചന്റെ മക്കൾ മദ്യപാനികളാകാൻ അതൊരു പ്രേര ണയല്ലേ? അപ്പന്റെ കാൽച്ചുവടുകളിൽ മക്കളും!'

'ബീഡി വലിക്കുന്നോർ നരകത്തിപ്പോകുമെന്നാണോ ഊദേശി പറേ ന്നത്?'

'ഒരാൾ നരകത്തിപ്പോകുമോ സ്വർഗ്ഗത്തിപ്പോകുമോന്നു വിധി പറയാൻ ഞാൻ ദൈവംതമ്പുരാനല്ലല്ലോ. പക്ഷേ ഒരു കാര്യം. പുകവലിക്കാരന്റെ വായിൽ ഇപ്പോഴേ നരകത്തിന്റെ ഒരു നാറ്റമുണ്ട്.'

തൊമ്മച്ചൻ ഒന്നു ചിരിച്ചു. മത്തായിച്ചനും ചിരിച്ചു. ഇരുവരുടേയും ഹൃദ യങ്ങൾ കൂടുതൽ അടുത്തുവരുന്ന ലക്ഷണം.

'ഊദേശീ, എനിക്കു നല്ലൊരു ഭാര്യയും രണ്ടുമൂന്നു മക്കളുമുണ്ട്. ഞാൻ ചത്തുകഴിഞ്ഞ് എന്റെ ആത്മാവിന് നിത്യശാന്തി കിട്ടാൻ അവർ പ്രാർത്ഥി ക്കും. അതുപോരേ?'

കൈയിലിരുന്ന വേദപുസ്തകം തുറന്നു. മത്തായിച്ചൻെറ കൈവിര ലുകൾ രണ്ടു കൊരിന്ത്യർ അഞ്ചാമദ്ധ്യായത്തിലേക്കു ചലിച്ചു:

അവനവൻ ശരീരത്തിലിരിക്കുമ്പോൾ
ചെയ്തത്, നല്ലതാകിലും തീയതാകിലും
അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്
നാം എല്ലാവരും
ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ
വെളിപ്പെടേണ്ടതാകുന്നു.

തദനന്തരം യിരമ്യാപ്രവചനം മുപ്പത്തൊന്നാം അദ്ധ്യായത്തിലെ ചില വാക്യശകലങ്ങൾ വായിച്ചു:

അപ്പന്മാർ പച്ചമുന്തിരിങ്ങ തിന്നു
മക്കളുടെ പല്ലു പുളിച്ചു എന്നു നിങ്ങൾ

ഇനി പറകയില്ല.
ഓരോരുത്തൻ താന്താന്റെ അകൃത്യം
നിമിത്തമത്രേ മരിക്കുന്നത്.

വാക്യാർത്ഥം വിശദീകരിച്ചു: 'അവനവൻ ശരീരത്തിൽ ജീവനോടിരിക്കുമ്പോൾ ചെയ്ത നന്മയ്ക്കും തിന്മയ്ക്കും അവനു പകരം കിട്ടും. ദുഷ്ടനുവേണ്ടി, അവൻ മരിച്ചുകഴിഞ്ഞ് എത്ര പ്രാർത്ഥിച്ചാലും മോക്ഷം കിട്ടുകയില്ല.'

തൊമ്മച്ചൻ തർക്കത്തിന്റെ ശൈലി സ്വീകരിച്ചു: 'ഊദേശി പറേന്നത് അബദ്ധം. ദൈവം കരുണയുള്ളവനല്ലേ? ഒരു മനുഷ്യനുവേണ്ടി മക്കളോ ബന്ധുക്കളോ പ്രാർത്ഥിച്ചാൽ ദൈവം കേക്കാതിരിക്കുമോ?'

'ദൈവം കരുണയുള്ളവനാ. പക്ഷേ ദൈവം നീതിയുള്ളവനുംകൂടിയാ. ദുഷ്ടതപ്രവർത്തിച്ചു ജീവിച്ച ഒരാളിന്, ബന്ധുക്കൾ പ്രാർത്ഥി ച്ചതുകൊണ്ടു മാത്രം നിത്യശാന്തി കിട്ടുന്നെങ്കിൽ ദൈവം നീതിയുള്ളവനല്ല. പ്രാർത്ഥിക്കാൻ ബന്ധുമിത്രാദികളില്ലാത്തോർ നരകത്തിലും!! തൊമ്മച്ചൻ മരിക്കുന്നതിനുമുമ്പേ തൊമ്മച്ചന്റെ ഭാര്യയും മക്കളും മരിച്ചാൽ പിന്നെ തൊമ്മച്ചന്റെ നിത്യശാന്തിക്കുവേണ്ടി ആരു പ്രാർത്ഥിക്കാനാ?'

'അങ്ങനെ ഞാൻ മരിച്ചാൽ എന്റെ ആത്മാവ് ശുദ്ധീകരണസ്ഥലത്തൂടെ കടന്നുപോകും.'

'തൊമ്മച്ചാ, മരിച്ചവരുടെ ആത്മാവ് ശുദ്ധീകരണസ്ഥലത്തൂടെ കടന്നുപോകുമെന്ന് ഒരൊറ്റവാക്യംപോലും വേദപുസ്തകത്തിലില്ല. ജീവിച്ചിരിക്കുമ്പോൾ തന്നെ നാം നമ്മുടെ ശരീരാത്മദേഹികളെ ശുദ്ധീകരിക്കണം. മരിച്ചുകഴിഞ്ഞ് അവസരം കിട്ടുകയില്ല. ആത്മാവ് ശുദ്ധീകരണസ്ഥലത്തൂടെ കടന്നുപോകും എന്ന അന്ധവിശ്വാസം സഭയിൽ കടന്നത് അഞ്ചാം നൂറ്റാണ്ടിനുശേഷമാണ്. ഗ്രീക്കു മതത്തിൽ നിന്നും കടമെടുത്ത ഒരാശയമാണിത്. കന്യാമറിയാമിൽകൂടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും സഭയുടെ അന്ധകാരയുഗത്തിൽ നുഴഞ്ഞുകയറിയ ദുരാചാരമാ. യോഹന്നാൻ പതിനാലാം അദ്ധ്യായം പതിമൂന്നാം വാക്യം പറയുന്നത് നമ്മുടെപ്രാർത്ഥന യേശുവിന്റെ നാമത്തിൽ മാത്രം ആയിരിക്കണമെന്നാ. ഒന്നു തിമൊഥെയോസ് രണ്ടാമദ്ധ്യായം അഞ്ചാംവാക്യം പറയുന്നത് ദൈവത്തിനും മനുഷ്യർക്കും ഇടയിൽ യേശുക്രിസ്തു എന്ന ഏകമദ്ധ്യസ്ഥൻ മാത്രമേ ഉള്ളെന്നാ.'

'മാതാവു പറഞ്ഞാൽ പുത്രൻ കേക്കത്തില്ലേ?'

'വചനം പറേന്നതാണ് അടിസ്ഥാനം. മാതാവിൽകൂടി പുത്രനെ സമീപിക്കയല്ല—പകരം, പുത്രനിൽകൂടി പിതാവായ ദൈവത്തെ സമീപിക്കയാണു വേണ്ടത്.'

എതിർമൊഴിയില്ലാതെ തൊമ്മച്ചൻ വിഷയം മാറ്റി: 'ഊദേശീ, ഇന്നു പെന്തക്കോസുകാരുടെ പാട്ടിന്റേം പ്രാർത്ഥനേടേം കയ്യടിയേടേം ശബ്ദകോലാഹലംകൊണ്ടു നാട്ടിലാർക്കും കെടന്നുറങ്ങാനൊക്കത്തില്ല—നിങ്ങടെ ദൈവം വയസ്സനായി വരികയാന്നോ, നിങ്ങടെ ദൈവത്തിന്റെ കേൾവിശക്തി കുറഞ്ഞുവരികയാന്നോ?'

ഒന്നു ചിരിച്ചിട്ടാണു മറുപടി നൽകിയത്: 'തൊമ്മച്ചാ, പെരുവെള്ളത്തിന്റെ ഇരമ്പൽപോലത്തെ ധ്വനിയിൽ ദൈവത്തെ സ്തുതിക്കുന്ന ദൂതന്മാരെപ്പറ്റി വെളിപാടു പുസ്തകത്തിൽ പലവട്ടം പറഞ്ഞിട്ടുണ്ട്. പഴയ സുറിയാനി ക്രിസ്ത്യാനികളുടെ പരസ്യാരാധനയിൽ കൈയടിക്കുവീൻ എന്ന് പുരോഹിതൻ മൂന്നു പ്രാവശ്യം പറയാറുണ്ടായിരുന്നു. പഴയനിയമകാലത്ത് കാഹളം ഊതി ഉച്ചസ്വരത്തിലാ ദൈവത്തെ സ്തുതിച്ചത്. മാർ തീത്തോസ്

മൂന്നാം മാർതോമാ മെത്രാപ്പോലീത്ത 1873-ൽ പ്രസംഗിച്ചപ്പോൾ പലരും ആത്മാവിൽ നൃത്തം ചെയ്തതായി സഭാചരിത്രത്തിലുണ്ട്. സാധു കൊച്ചൂഞ്ഞുപദേശി മഹായോഗങ്ങളിൽ നൃത്തം ചെയ്തിട്ടുണ്ട്.'

'അപ്പളീ ബഹളത്തിൽ മാത്രമേ ദൈവം പ്രസാദിക്കത്തൊള്ളോ?'

'അങ്ങനെ ഞാൻ പറയുന്നില്ല....മൗനമായി ആരാധിക്കേണ്ട സമയമുണ്ട്; ശബ്ദം ഉയർത്തി ആരാധിക്കേണ്ട സമയമുണ്ട്. ആരാധന തുടങ്ങുന്നതു മുതൽ തീരുന്നതുവരെ ബഹളം മാത്രമാകാനും പാടില്ല. ധ്യാനത്തോടെ, സാവധാനത്തിൽ അർത്ഥം ഗ്രഹിച്ചു പാടേണ്ട പാട്ടുകൾ വെള്ളച്ചാട്ടം പോലെ വേഗതകൂട്ടിപ്പാടി അലവലാതിയാക്കാനും പാടില്ല.'

'ഞാനിന്നാളിൽ ഒരു പെന്തക്കോസ്തുപള്ളിയുടെ മുമ്പിലുള്ള റോഡിൽ നിങ്ങളുടെ ആരാധന കേട്ടോണ്ടു നിന്നു. പാട്ടു തുടങ്ങി ഒരടി പാടിക്കഴിഞ്ഞപ്പം മുതൽ പാട്ടിന്റെ പോക്ക് വിമാനത്തിന്റെ സ്പീഡിലാ. എനിക്ക് അവർ പാടുന്ന വിഷയം ഒരക്ഷരം പിടികിട്ടിയില്ല.'

'അക്കാര്യത്തിൽ ഞാൻ തൊമ്മച്ചനോടു യോജിക്കുന്നു. ഞാൻ ശുശ്രൂഷിക്കുന്ന സഭകളിൽ പാട്ടുപാടി കയറുപൊട്ടിച്ചു ചാടാൻ ഞാൻ അനുവദിക്കാറില്ല. ദൈവത്തിന്റെ ആത്മാവ് സുബോധത്തിന്റെ ആത്മാവാണ്. കേൾക്കുന്നവർക്ക് വാക്കുകളും അർത്ഥവും പിടികിട്ടുന്ന രീതിയിൽ പാടാൻ ഞാൻ വിശ്വാസികളെ ശീലിപ്പിക്കുന്നു. അർത്ഥം ഗ്രഹിച്ച് ധ്യാനിച്ച് സാവധാനത്തിൽ പാടിയശേഷം ഓരോ പാട്ടിന്റെയും അവസാനത്തിൽ അവനവന്റെ ഹൃദയപ്രേരണയനുസരിച്ച് സ്തോത്രാർച്ചനകളും സന്തോഷപ്രകടനങ്ങളും നടത്താൻ ഞാൻ പരിശീലിപ്പിക്കുന്നുണ്ട്. എന്നാൽ, ആരാധനയ്ക്ക് സ്വാതന്ത്ര്യം അനുവദിക്കുമ്പോൾ ചിലർ വികാരത്തിന് അധീനരായി കയറുപൊട്ടിച്ചെന്നിരിക്കും. ആരാധനയെ പട്ടാളച്ചിട്ടയിൽ നിയന്ത്രിക്കാൻ സാധ്യമല്ല. അതിന്റെ ആവശ്യവും ഇല്ല. അങ്ങനെ നിയന്ത്രിച്ചാൽ നിങ്ങടെ പള്ളികളിലേപ്പോലെ ഞങ്ങടെ ആരാധനയും യാന്ത്രികമാകും. ചിലപ്പോൾ പാട്ടുകൾപാടി പകുതിയാകുന്നതിനു മുമ്പേ വിശ്വാസികൾ നിയന്ത്രിക്കാനാവാത്ത ആത്മീയസന്തോഷത്തിലാകുന്നു. ഞങ്ങൾ പാട്ടുനിർത്തി ആത്മാവിൽ ആരാധിച്ചു തുടങ്ങും.'

'ആരാധനക്കാര്യം പോട്ടെ. ഉപദേശിയേയും ഭാര്യേയും ചെങ്ങന്നൂർകത്തോലിക്കാ പള്ളിയിൽനിന്നും മുടക്കിയതാണെന്നു കേട്ടു.'

'പെന്തക്കോസ്തു വിശ്വാസത്തിൽ ചേർന്നുകഴിഞ്ഞപ്പോൾ വൈരാഗ്യത്തിന് മുടക്കിയതാ. അല്ലാതെ മുടക്കിയ ശേഷം പെന്തക്കോസിൽ ചേർന്നതല്ല.'

'എപ്പഴായാലും മുടക്കു കിട്ടിയതല്ലേ?'

'ആത്മീയ നവോത്ഥാനനേതാവായ മാർട്ടിൻ ലൂഥറെ പോപ്പ് മുടക്കിയതല്ലേ? ഏ. ഡി.1054-ൽ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാൻ, കിഴക്കൻ സഭകളെയെല്ലാം മുടക്കിയതല്ലേ? റോമൻ കത്തോലിക്കാസഭ യാക്കോബാസഭക്കാരെയെല്ലാം ഒരു കാലത്ത് മഹറോൻ ചൊല്ലി മുടക്കിയതല്ലേ? 1653-ൽ ഒരു വിഭാഗം കൂനൻകുരിശുസത്യം ചെയ്തല്ലേ മുടക്കപ്പെട്ടത്? 1911-ൽ യാക്കോബായിലെ വട്ടശ്ശേരിൽ മെത്രാപ്പോലീത്തയെ അന്ത്യോഖ്യായിലെ പാത്രിയർക്കീസ് മുടക്കി. 1923-ൽ തിരുവിതാംകൂർകോടതി മുടക്കു ശരിവച്ചു. ഇതൊക്കെ ചരിത്രമാണ്. അങ്ങനെയെങ്കിൽ ചെങ്ങന്നൂർപള്ളിക്കാർ എന്നെ മുടക്കിയതിൽ കൊഴപ്പമൊന്നും വരാനില്ലല്ലോ.'

ത്രേസ്യാമ്മ ഭക്ഷണം മേശപ്പുറത്തു കൊണ്ടുവച്ചു. ഒന്നിച്ച് അത്താഴം കഴിക്കണമെന്നു തൊമ്മച്ചൻ നിർബന്ധിച്ചു. സഭാകാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടാണവർ ഭക്ഷിച്ചത്.

'ഉപദേശിക്ക് ഇത്രയേറെ അറിവ് എങ്ങനെ കിട്ടി?'

'തൊമ്മച്ചാ, ഞാൻ ധാരാളം ക്രിസ്തീയപുസ്തകങ്ങൾ വായിക്കാറുണ്ട്. കൂടാതെ, കത്തോലിക്കാസഭയുടെ അന്ധവിശ്വാസങ്ങളെപ്പറ്റി സിലോൺ പെന്തക്കോസ്തു നേതാവായ പാസ്റ്റർപോൾ ബൈബിൾ ക്ലാസ്സ് നടത്തിയപ്പോൾ ഞാനും സംബന്ധിച്ചിരുന്നു.'

'ഉപദേശീ, പോളു പറഞ്ഞാലും തേളു പറഞ്ഞാലും ഞങ്ങടെ സഭയ്ക്കല്ലേ പാരമ്പര്യം. ഇന്നലത്തെ മഴയിൽ കുരുത്ത തകരയല്ലേ നിങ്ങടെ പെന്തക്കോസു സഭ?'

'ചത്ത പാരമ്പര്യവാദത്തിനെന്തു വില? പത്രോസപ്പൊസ്തോലൻ സ്ഥാപിച്ചതാണു തങ്ങളുടെസഭയെന്ന് ചിലർ അവകാശപ്പെടുന്നു. പക്ഷേ പത്രോസും ഒന്നാംനൂറ്റാണ്ടിലെ സഭയും വിലയേറിയതായി കരുതിയിരുന്ന അനുഭവങ്ങളൊന്നുമിവർക്കില്ല.'

'ഇല്ലെന്നൂദേശിയെങ്ങനറിഞ്ഞു?'

'വചനം പഠിച്ചപ്പളറിഞ്ഞു. പത്രോസ് പരിശുദ്ധാത്മാവിൽ നിറയുകയും അത്ഭുതരോഗശാന്തിക്കായി പ്രാർത്ഥിക്കയും ചെയ്തിരുന്നു. ഇന്നു ഞങ്ങളിതൊക്കെ ചെയ്യുമ്പോൾ പലരും പറേന്നത് ഞങ്ങൾക്കു ഭൂതംകേറിയെന്നാണ്. ഒന്നാം നൂറ്റാണ്ടിലെ സഭ മാനസാന്തരം, വീണ്ടുംജനനം, സ്നാനം, വിശുദ്ധി, പരിശുദ്ധാത്മാവ്, കൃപാവരങ്ങൾ, ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പ്, പുനരാഗമനം ഇവയിലെല്ലാം വിശ്വസിച്ചിരുന്നു. ഞങ്ങൾക്ക് ഒന്നാം നൂറ്റാണ്ടിലെ സഭയുമായി അനുഭവത്തിന്റെ കാര്യത്തിൽ പാരമ്പര്യബന്ധമുണ്ട്.'

നേരം നന്നാ ഇരുട്ടിക്കഴിഞ്ഞിരുന്നു. മത്തായിച്ചൻ യാത്ര പറയാൻ ഭാവിച്ചു. തൊമ്മച്ചൻ കൂടുതൽ സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു.

മത്തായിച്ചൻ ചർച്ചയുടെ ഗതിയും ശൈലിയും മാറ്റിക്കൊണ്ടു പറഞ്ഞു: 'തൊമ്മച്ചാ, ചോദിച്ച ചോദ്യത്തിനുത്തരം നൽകിയില്ലല്ലോ?'

'എന്തോ ചോദ്യമാ?'

'തൊമ്മച്ചൻ ഇനി എന്നാ ദൈവഭാഗത്തു വരുന്നതെന്ന്?'

തൊമ്മച്ചൻ ഒന്നു ചിരിച്ചു. 'ഊദേശീ, നാലുതരം കള്ളുകുടിയന്മാരുണ്ട്. വല്ലപ്പോഴും കുടിയന്മാർ. ഇടയ്ക്കിടെ കുടിയന്മാർ. ചക്കാത്തിനു കുടിയന്മാർ. മുഴുക്കുടിയന്മാർ....ഞാനാരടേം കള്ള് ചക്കാത്തിന് കുടിച്ചിട്ടില്ല. അദ്ധ്വാനിച്ചുണ്ടാക്കിയ ചക്രം കൊടുത്തേ കുടിച്ചിട്ടുള്ളൂ.'

മത്തായിച്ചൻ മൂളിക്കേട്ടു.

'ഞാൻ നാലാംതരത്തിലുള്ള കുടിയനാ—മുഴുക്കുടിയൻ. എന്നെ രക്ഷിക്കാൻ ഒരു ദൈവത്തിനും കഴിയത്തില്ല.'

'ഞാനുമൊരു മുഴുക്കുടിയനായിരുന്നു.'

'ഊദേശീ, ഞാനൊത്തിരിപ്പേരെ അടിച്ചിട്ടൊണ്ട്. തൊഴിച്ചിട്ടൊണ്ട്. പത്തുപന്ത്രണ്ടുകൊല്ലംമുമ്പ് ഒരുത്തനെ തൊഴിച്ചു. ചോര കമട്ടി.'

'ഞാനും തൊഴിച്ചിട്ടുണ്ട്. സ്വന്തം ഭാര്യയെപ്പോലും. കുക്കുസായിപ്പിനെ തൊഴിക്കാൻപോയ വഴി ദൈവം എന്നെ പിടിച്ചു.'

മത്തായിച്ചൻ ഭൂതകാലത്തിന്റെ കെട്ടുകളഴിച്ചു. പതിനെട്ടു വർഷംമുമ്പ് കുക്കുസായിപ്പിന്റെ പന്തലിൽ വച്ച് യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ച സംഭവം വിശദീകരിച്ചു.

പകുതി വലിച്ചുതീർന്ന ബീഡി തൊമ്മച്ചൻ മുറ്റത്തെറിഞ്ഞു.

'ഞാനൊരിക്കൽ ഊദേശിയെ ഉപദ്രവിച്ചു. എനിക്കു മാപ്പുതരുമോ?'

'ഞാനതൊക്കെ പണ്ടേ ക്ഷമിച്ചതാ. മാത്രമല്ല, തൊമ്മച്ചനുവേണ്ടി നാലു വർഷമായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.'

'ഊദേശി ക്ഷമിച്ചുകാണും. പക്ഷേ എൻെറ ക്രൂരത ദൈവം ക്ഷമിക്കുമോ?'

'ഞാൻ ക്ഷമിക്കുന്നതിനുമുമ്പേ ദൈവം ക്ഷമിച്ചിട്ടുണ്ട്. ദൈവം മനുഷ്യനേക്കാൾ നല്ലവനാ.'

തൊമ്മച്ചൻ മൗനമവലംബിച്ചു.

'എന്നെ അടിക്കാൻ തൊമ്മച്ചനെ പ്രേരിപ്പിച്ചത് നിങ്ങടെ വയറ്റിൽ കിടന്ന മദ്യമാണ്. ഈ മദ്യപാനം ഉപേക്ഷിക്കണം.'

'വ്വ്—'

'സോദോമിലെ മുന്തിരിവള്ളിയാ ഇത്. മഹാസർപ്പത്തിൻെറ വിഷം.'

'ഉം—'

അകലെ സഹ്യപർവ്വതത്തിൻെറ അടിവാരത്തിൽ ഊളന്മാർ ഓലിയിട്ടു. വെള്ളിമല തോട്ടത്തിൽനിന്നും തണുത്ത ശ്വാസവുമായി വന്ന കാറ്റ് വരാന്തയിൽ തൂക്കിയിട്ടിരുന്ന പനമ്പുമറയിൽ തട്ടിയുരസ്സി കടന്നുപോയി. ദൈവാത്മാവിന്റെ ഇളംകാറ്റ് തൊമ്മച്ചൻെറ ഹൃദയഭിത്തികളിൽ മന്ദമായി ഉരസ്സുന്നുണ്ടായിരുന്നു.

♦ ♦ ♦

പിറ്റേമാസം പുനലൂർ പേപ്പർമില്ലിനു സമീപത്തുവച്ച് ഒരാഴ്ചത്തേക്കു നടത്തിയ ഐക്യ പെന്തക്കോസ്തു മഹായോഗത്തിൽ, ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭയുടെ പ്രതിനിധിയായി വിളക്കുടി മത്തായിച്ചനും ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ പ്രതിനിധിയായി പി. എം. ഫിലിപ്പും, അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പ്രതിനിധിയായി പി. ഡി. തോമസും പ്രസംഗിച്ചു. മഹായോഗത്തിന്റെ ഫലമായി പത്തുപേർ മാനസാന്തരപ്പെട്ടു.

യോഗസമാപനദിനമായ ഞായറാഴ്ച രാവിലെ സൂര്യകിരണങ്ങളാൽ പ്രശോഭിതമായ പുനലൂർ കടവ് നീതീകരിക്കപ്പെട്ട പത്തു പാപികളെ സ്വീകരിക്കുവാൻ തയ്യാറായി. ഓളങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചലിച്ച് വെള്ളവസ്ത്രധാരികളായ ജനങ്ങൾക്ക് സ്വാഗതമരുളി.

ശങ്കരമംഗലം കുരുവിളസാർ പ്രാർത്ഥിച്ചു. കരയിൽ നിൽക്കുന്ന വിശ്വാസികളുടെ നനഞ്ഞ കണ്ണുകളെ സാക്ഷിനിർത്തിക്കൊണ്ട്, തൊമ്മച്ചനും ബാക്കി ഒമ്പതുപേരും പാസ്റ്റർ റ്റി. ജി. ഉമ്മന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു.

തൊട്ടു താഴെയുള്ള കടവിൽ കുളിച്ചുകൊണ്ടുനിന്ന കുട്ടികൾ അന്യോന്യം വെള്ളത്തിൽ മുക്കി സ്നാനം നടത്തുകയാണ്. മുകളിലത്തെ കടവിലെ പെന്തക്കോസ്തു സ്നാനത്തെ അനുകരിക്കുകയാണവർ! ജോണിയുടെ മിഴിയും മനസ്സും താഴത്തെ കടവിലേക്കോടി.

കുട്ടികൾക്കു വെറുമൊരു കളി. തൊമ്മച്ചന് ജീവിതത്തിലെ പുതിയൊരദ്ധ്യായം.

ഒരധികാരക്കൈമാറ്റമായിരുന്നു അത്. ബ്രിട്ടീഷുകാരും ഇന്ത്യാക്കാരും തമ്മിൽ തലേമാസം നടത്തിയതുപോലെ—ഇന്ത്യയുടെ ഭരണം വിദേശിയരിൽനിന്നു സ്വദേശിയരിലേക്കു കൈമാറിയതുപോലെ —തൊമ്മച്ചന്റെ ജീവിതനൗകയുടെ നിയന്ത്രണാധികാരം സാത്താനിൽനിന്നും യേശുക്രിസ്തു

വിലേക്കു കൈമാറ്റപ്പെട്ടു.

സ്നാനശുശ്രൂഷ കഴിഞ്ഞ് ജാഥയായി തമ്പേറടിച്ചുപാട്ടുപാടി മടങ്ങുന്ന വിശ്വാസികളെ കണ്ടുകൊണ്ട് വെള്ളിമല കവലയിലെ പലചരക്കുവ്യാപാരി കുഞ്ഞപ്പൻ അഭിപ്രായപ്രകടനം നടത്തി.

കുടിയൻ തൊമ്മനെ കുടിപ്പിച്ചു.

ഉപദേശിമാർ കുടിപ്പിച്ചു. മൂക്കുമുട്ടെ കുടിപ്പിച്ചു.

കല്ലടയാറ്റിലെ കലക്കവെള്ളം വയറുനിറയെ!

ആദ്യം മുങ്ങിക്കുളി, പിന്നെ മുക്കിക്കുടി.

കേട്ടുനിന്ന ജോസഫ് മുതലാളിയും കാവ്യശൈലിയിലാണ് കുടിയൻതൊമ്മന്റെ പുതിയ കാൽവയ്പിനോട് പ്രതികരിച്ചത്.

ഉണങ്ങിയ പാപിയായി കുടിയൻതൊമ്മൻ പോയി
നനഞ്ഞ പാപിയായി വെള്ളത്തിൽ താണു
കുതിർന്ന പാപിയായി കരയിൽ കയറി
പാടുന്ന പാപിയായി തിരികെ വന്നു.

തൊമ്മച്ചനിപ്പോൾ പാപിയല്ലെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചുകൊടുക്കാൻ ജോസഫ് മുതലാളി കൂട്ടാക്കിയില്ല.

# പതിനാല്

ഇടമൺ വിദ്യാലയത്തിൽ തടിച്ചുകൂടിയ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ശോകസ്വരത്തിലാണ് പ്രധാനാദ്ധ്യാപകൻ കൊച്ചോയിസാർ അഭിസംബോധന ചെയ്തത്: ‘ഇന്ന് 1950 ജനുവരി മുപ്പതാം തീയതി ആണല്ലോ. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വെടിവെച്ചു കൊല്ലപ്പെട്ടിട്ട് രണ്ടുവർഷം തികയുകയാണ്. അദ്ദേഹത്തെ സ്മരിക്കുവാൻവേണ്ടിയാണ് നാമിവിടെ കൂടിയിരിക്കുന്നത്.

കൊച്ചോയിസാർ പറഞ്ഞവസാനിപ്പിക്കും മുമ്പേ ജോണിയും ചങ്ങാതി തങ്കച്ചനും കെട്ടിടത്തിൻെറ പുറകിലെ വാതിലിൽകൂടി ഒളിച്ചു വെളിയിൽ കടന്നു. അകലെയുള്ള പറമ്പിൽ ചെന്ന് ഓലപ്പന്തു കളിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

നടപ്പാതയിലൂടെ അവർ ഇടത്തോട്ടു തിരിഞ്ഞു. പൊടുന്നനെ, മരുതിമൂട്ടിൽ പാപ്പിച്ചേട്ടൻ മദ്യസേവ കഴിഞ്ഞ് അസഭ്യം പുലമ്പിക്കൊണ്ടുവരുന്നു. ജോണിയും ചങ്ങാതിയും ഇടവഴിയുടെ പാർശ്വത്തിലുള്ള കോലിഞ്ചിക്കാട്ടിലേക്കു പതുങ്ങിക്കയറി.

ജോണി ചാക്കുസഞ്ചിയിൽനിന്നും നോട്ടുബുക്കും പെൻസിലുമെടുത്തു. പാപ്പിച്ചേട്ടന്റെ മദ്യംപുരണ്ട വായിൽനിന്നു വീണ അശ്ലീലപദങ്ങൾ ഓരോന്നായി കുറിച്ചിട്ടു. മദ്യത്തിന്റെ ചൂടുള്ള വാക്കുകൾ. കഠാരിക്കൊപ്പം മൂർച്ചയുള്ള വാചകങ്ങൾ.

പാപ്പിച്ചേട്ടന്റെ പ്രജ്ഞയറ്റ മനസ്സ് അശ്ലീലഭാഷയിൽനിന്ന് വേദപുസ്തകഭാഷയിലേക്കു കടന്നു:

പാമ്പുകൾക്ക് മാ–മാ–മാളമുണ്ട്
പറവകൾക്ക് ആ–ആ–ആകാശമുണ്ട്
എന്നാലും മരുതിമൂട്ടിൽ പാ–പാപ്പിക്ക്
തൊള്ളി കള്ളു കിട്ടുന്നില്ല

ഇവിടടുത്തെങ്ങും കള്ളുഷാപ്പില്ല
കട്ടുണ്ടാക്കുന്ന വാറ്റുചാരായമേ
എനിക്കു കി-കി-കിട്ടുന്നുള്ളു.

പാപ്പിച്ചേട്ടൻ വന്നടുത്തപ്പോഴേക്കും കോലിഞ്ചിക്കാട്ടിൽനിന്നും അടക്കിയ ചിരിയുടെ ശബ്ദമുയർന്നു.

'ആ-ആരടാ ഇഞ്ചിക്കാട്ടിൽ! എ-എ-എറങ്ങിവാടാ.'

ജോണിയും തങ്കച്ചനും ഓടി രക്ഷപ്പെടാൻ ശ്രമിച്ചു.

'നിക്കിനെടാ അവിടെ. ഓടിയാൽ നിന്റെയൊക്കെ മു-മു-മു-മുട്ടു തല്ലിയൊടിക്കും.'

വിറച്ചുകൊണ്ടവർ ഇടവഴിയിലിറങ്ങിനിന്നു. കള്ളന്മാർ പോലീസിന്റെ മുമ്പിലെന്നപോലെ.

' നീ-നീ-നീയെന്തിനാടാ ചിരിച്ചത്?'

'ചുമ്മാതാ' വിറച്ചുകൊണ്ട് തങ്കച്ചൻ പറഞ്ഞു.

'ചുമ്മാതെ ചിരിക്കേണ്ടാടാ....ഇന്നാ നിന്റെ തലേൽ ഞാ-ഞാ-ഞാനൊരു കല്ലു പിടിച്ചുവെയ്ക്കാം....ചുമ്മിക്കൊണ്ടു ചിരിച്ചാമതി കഴുതേ.' തങ്കച്ചൻ കരയാൻ ഭാവിച്ചു. പാപ്പിച്ചേട്ടൻ ചുവന്ന ദൃഷ്ടി ജോണിയിൽ പതിപ്പിച്ചു.

'നീ പെന്തിക്കൂസിലെ മത്തായൂദേശിയുടെ മകനല്ലേടാ.'

'ആന്നു.'

'എടാ നിന്റപ്പൻ കള്ളയൂദേശിയാ. നിന്റപ്പനിന്നാളി ചന്തേൽ പ്രസംഗിക്കുന്നതു കേട്ടു. നി-നി-നി-നിങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിൽ സൂക്ഷിക്കണമെന്ന്.'

ജോണി മിണ്ടിയില്ല.

'എടാ പട്ടീ, നിന്റപ്പനോടു ചെ-ചെന്നു പറ....എന്റെ നിക്ഷേപം എന്റെ വയറ്റിലാണെന്ന്. വയറു നെറച്ചു ചാരായം കെടപ്പുണ്ടെന്നു ചെന്നുപറ....കേട്ടോടാ.'

ജോണി നിശബ്ദനായി നിന്നു.

'എന്തോന്നിനാടാ നീയിവിടെ നിൽക്കുന്നേ—ഓടിയ്ക്കോ!'

പുറകിൽനിന്ന് പാപ്പിച്ചേട്ടൻ വിളിച്ചുപറയുന്നതവരുടെ കാതുകളിൽ പതിച്ചു:

യോനാ കടലാനയുടെ വയറ്റിൽ
മൂന്നു രാവും മൂന്നു പകലും ഇരുന്നപോലെ
ഈ മരുതിമൂട്ടി പാപ്പി കള്ളുഷാപ്പിൽ
മൂന്നു രാവും മൂന്നു പകലും ഇരിക്കും.

നേരം വെളുത്തു. ജോണി നേരത്തേ വിദ്യാലയത്തിലെത്തി. ആദ്യമായി പാപ്പിച്ചേട്ടൻ വിളിച്ചുപറഞ്ഞ വേദപുസ്തക സാഹിത്യം കുറിച്ചിട്ടിരുന്ന കടലാസ് ചങ്ങാതികളെ വായിച്ചുകേൾപ്പിച്ചു.

ക്ലാസ്സിൽ കൂട്ടച്ചിരി.

ജോണി പോക്കറ്റിലേക്കു വീണ്ടും കൈയിറക്കി പുതിയ ഒരു കടലാസുകഷണം കൂടി വെളിയിലെടുത്തു. പാപ്പിച്ചേട്ടൻ അട്ടഹസിച്ച അശ്ലീലപദങ്ങളായിരുന്നു അതിൽ. തല മരവിപ്പിക്കുന്ന ആദ്യത്തെ അശ്ലീലപദം ജോണിയുടെ നാവുച്ചരിച്ചു.

പെട്ടെന്ന് മുമ്പിലത്തെ ബഞ്ചിലിരുന്ന ജോയിക്കുട്ടി ക്ലാസ്സിനു വെളിയി

ലിറങ്ങാൻ തുടങ്ങി. ജോണിക്കമർഷം തോന്നി.

'നീയെന്താടാ ജോയിക്കുട്ടീ ഇറങ്ങിപ്പോന്നത്?'

'എന്റപ്പൻ മാർതോമ്മായിലെ പുരോഹിതനാണെന്നു നിങ്ങൾക്കറിയാമല്ലോ. അപ്പച്ചൻ പള്ളീൽ പ്രസംഗിക്കുമ്പം പറയും കള്ളം പറേന്നോരും ചീത്ത പറേന്നോരും നരകത്തിപ്പോവുമെന്ന്. എനിക്കു നിങ്ങടെ ചീത്തയൊന്നും കേക്കണ്ട.'

'എടാ മണ്ടച്ചാരേ, എന്റപ്പച്ചനും ഉപദേശിയാ. ഞാൻ അപ്പച്ചൻ പ്രസംഗിക്കുന്നതൊന്നും വകവെയ്ക്കത്തില്ല. നീ വല്യ ഭക്തിയൊന്നും ചമയണ്ടാ.'

'ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഞാൻ ചീത്തക്കടലാസു വായിക്കത്തില്ല.'

തങ്കച്ചനും ഗോവിന്ദനും ജോയിക്കുട്ടിയുടെ കൈകളിൽ ബലമായി പിടിച്ചു ബഞ്ചിൽകിടത്തി. ജോണി ചീത്തവാക്കുകൾ ഓരോന്നായി ജോയിക്കുട്ടിയുടെ ചെവിയിൽ ഉച്ചരിച്ചു. ചെവി തുളയ്ക്കുന്ന ശബ്ദത്തിൽ.

പിടിവിട്ടപ്പോൾ കണ്ണീരൊലിപ്പിച്ചുകൊണ്ടു ജോയിക്കുട്ടി മുന്നറിയിപ്പു നല്കി: 'ഞാൻ കൊച്ചോയിസാറിനോടു പറയാൻ പോവ്വാ....നിങ്ങളെയെല്ലാം അടി കൊള്ളിക്കും.'

ജോണി ഉടുപ്പിന്റെ കൈ മടക്കിക്കയറ്റി. മുഷ്ടിചുരുട്ടി: 'എടാ നീ സാറിനോടുപറഞ്ഞ് ഞങ്ങളെ അടികൊള്ളിച്ചാൽ ഇടിച്ചു നിന്റെ ചങ്കു കലക്കും! ചൊണയോണ്ടേ പറേടാ....'

കൊച്ചോയിസാർ ക്ലാസ്സിൽ വന്നപ്പോൾ ജോയിക്കുട്ടി മൗനമായിരുന്നതേയുള്ളു.

കൊച്ചോയിസാർ അഞ്ചാംക്ലാസ്സിലെ സാമാന്യവിജ്ഞാനം പഠിപ്പിക്കുന്ന അദ്ധ്യാപകനാണ്—വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനെന്ന ചുമതലയ്ക്കു പുറമേ. അദ്ദേഹം തിരുവിതാംകൂർ-കൊച്ചി സംയോജനത്തെപ്പറ്റി പഠിപ്പിക്കാൻ പടം ബോർഡിൽ വരച്ചു.

'കഴിഞ്ഞ വർഷംവരെ തിരുവിതാംകൂർ, കൊച്ചി എന്ന് രണ്ടു രാജ്യങ്ങൾ ഇന്ത്യയുടെ തെക്കേ കോണിലുണ്ടായിരുന്നു. 1949 ജൂലൈ ഒന്നാം തീയതി അവ രണ്ടും കൂടെ ഒന്നിച്ച് തിരുക്കൊച്ചി എന്ന പേരിൽ ഒരു രാജ്യമായി. നാം താമസിക്കുന്ന പുനലൂർ-ഇടമൺ പ്രദേശം തിരുക്കൊച്ചിയുടെ തെക്കുകിഴക്കു ഭാഗത്തുള്ള ഒരു ഭൂവിഭാഗമാണ്.'

ജോണിയുടെ ശ്രദ്ധ അശ്ലീലമെഴുതിയിട്ട കടലാസ് കൊച്ചോയിസാറിന്റെ കണ്ണുവെട്ടിച്ചു വായിച്ചാസ്വദിക്കുന്നതിലായിരുന്നു. ബഞ്ചിലിരുന്നവരുടെ ചിരിയുടെ കടിഞ്ഞാൺ ഇടയ്ക്കിടെ പൊട്ടി.

കൊച്ചോയിസാർ ജോണിയെ കടലാസു സഹിതം പിടിച്ചു. കൈയിലും തുടയിലും ആവർത്തിച്ചാവർത്തിച്ച് ചൂരൽപ്രയോഗം നടത്തി.

അദ്ദേഹം ആജ്ഞാപിച്ചു: 'ഇറങ്ങിപ്പൊയ്ക്കോ. നിന്റെ രക്ഷകർത്താവിനെ വിളിച്ചോണ്ടു വാ....നിന്റെ ചിരീം കളീം ഞാൻ നിറുത്തിയേക്കാം.'

പിറ്റേന്ന് മത്തായിച്ചൻ ജോണിയേയും കൊണ്ട് വിദ്യാലയത്തി ലേക്കു തിരിച്ചു. മത്തായിച്ചൻെറ മനസ്സ് കടലായിക്കഴിഞ്ഞിരുന്നു.

ഓഫീസിനു മുമ്പിലുള്ള വരാന്തയിൽ കാത്തുനിന്നു. പുക വലിച്ചുകൊണ്ട് കൊച്ചോയിസാർ തല നീട്ടി.

'നിങ്ങളെന്തിനാ വന്നത്?'

'ഞാനിവന്റെ രക്ഷകർത്താവാ. ഇവൻ ചെയ്ത തെറ്റിന് മാപ്പു ചോദി

ക്കാൻ വന്നതാ.'

മത്തായിച്ചൻെറ വട്ടക്കഴുത്തുള്ള ഉടുപ്പും, കൈയിലിരുന്ന വേദപുസ്തകവും നീണ്ട കാലൻകുടയും അദ്ദേഹം സൂക്ഷിച്ചൊന്നു നോക്കി.

'നിങ്ങളാരാ—ഉപദേശിയാന്നോ?'

'അതേ, സുവിശേഷകനാ'

' 'സി. എം. എസ്സിലെ ഉപദേശിയാന്നോ?'

'അല്ല.'

'മാർതോമ്മായിലെ ആയിരിക്കും.'

'അല്ല. പെന്തക്കോസ്തിലെ ഉപദേശിയാ. ഇൻഡ്യാ പൂർണ്ണസുവിശേഷ ദൈവസഭയിലെ....'

'ഭൂ—നിങ്ങടെയൊക്കെ പൂർണ്ണത. എന്തൊരു പൂർണ്ണത!' അദ്ദേഹം വരാന്തയിലേക്ക് കാർക്കിച്ചൊരു തുപ്പ്.

ബീഡിക്കുറ്റി വലിച്ചെറിഞ്ഞുകൊണ്ട് വീണ്ടും അട്ടഹസിച്ചു: 'ഹും—പെന്തക്കോസ്! പെന്തക്കോസിലെ ഊദേശി. നീയൊക്കെ കള്ളന്മാരാ. പൂർണ്ണ കള്ളന്മാർ!'

'എന്റെ പൊന്നുസാറേ, എന്നെ അങ്ങനെ തെറ്റിദ്ധരിക്കരുതേ. ഞാൻ കള്ളനല്ല. ദൈവം വിളിച്ചിറക്കിയ ഉപദേശിയാ.'

'കൊള്ളാം. ദൈവം വിളിച്ചെന്ന്. നീയൊക്കെ ഞങ്ങടെ സഭയിലെ അംഗങ്ങളെ വശത്താക്കി, കലക്കവെള്ളത്തിൽ മുക്കി നിങ്ങടെ സഭേൽ ചേർക്കുന്നു. ഒരു തലയ്ക്ക് ആയിരം ഡോളർവീതം അമേരിക്കേന്നു വരുത്തുന്നു. കഴിഞ്ഞ വർഷം ഞങ്ങടെ സഭേന്ന് മൂന്നുപേരെ പെന്തക്കോസുകാര് മുക്കിയെടുത്തു. ഞങ്ങടെ സഭാംഗങ്ങളെ മോഷ്ടിക്കുന്ന കുറുക്കന്മാരാ നിങ്ങള്.'

വിറപൂണ്ട കൈകൾ തൊഴുതുപിടിച്ചുകൊണ്ടു മത്തായിച്ചൻ പറഞ്ഞു: 'സാറേ, എനിക്ക് അമേരിക്കേന്ന് ഒരു ചക്രോം കിട്ടീട്ടില്ല. ആരുടേം ഒന്നും അപഹരിച്ചിട്ടില്ല. ബഹുമാനപ്പെട്ട സാറിനെ ആരോ തെറ്റിദ്ധരിപ്പിച്ചതാ.'

'കള്ളം. പച്ചക്കള്ളം. പൂർണ്ണകള്ളം.'

മത്തായിച്ചൻ കൊച്ചോയിസാറിന്റെ മുഖത്തു നോക്കിനിന്നു.

'നിങ്ങടെ മോൻ അല്പം വഷളാ കേട്ടോ. തുളസിക്കു മണവും മുള്ളിനു മുനയും മുളയ്ക്കുമ്പോഴേ ഉണ്ട്.'

കുറെനേരം മൗനമായി നിന്നിട്ട് മത്തായിച്ചൻ അപേക്ഷിച്ചു: 'അവൻ ചെയ്ത തെറ്റ് അവനോടു ക്ഷമിക്കണേ സാറേ,'

'ക്ഷമിക്കാൻ ഞാനാരാ ദൈവമാണോ?'

'സാറേ!'

'ഇവനോടൊക്കെ എങ്ങനെ ക്ഷമിക്കും? കേവലം പന്ത്രണ്ടു വയസ്സുള്ള നിങ്ങടെ മോൻ പറേന്ന ചീത്തവർത്തമാനം! നിങ്ങടെ മോൻ പറേന്നത് പൂർണസുവിശേഷമാണോ, അതോ പൂർണ്ണതെറിയാണോ?'

'സാറേ, ഇന്നലെ രാത്രി ഞാനവന് ആവശ്യത്തിന് അടികൊടുത്തിട്ടുണ്ട്.'

'തെറിക്കുത്തരം മുറിപ്പത്തല്.'

'മുറിപ്പത്തലുകൊണ്ടല്ല സാറെ, നീണ്ട മുഴുപ്പത്തലുകൊണ്ടാ അടികൊടുത്തത്.'

'അടിച്ചാൽമാത്രം പോരാ. പിള്ളാരെ ചൊവ്വേനേരെ വളർത്താൻ പഠിക്കണം. കേട്ടോടോ...പൂർണ്ണൻ മത്തായിച്ചാ.'

'പൊന്നുസാറേ, വളർത്താത്തതിന്റെ കൊഴപ്പമല്ല. വീട്ടിൽ പ്രാർത്ഥന യുണ്ട്. പാട്ടുണ്ട്. വേദപുസ്തകവായനയുണ്ട്. ജോണിക്കു നാലു സഹോ ദരിമാരുണ്ട്. അവരൊക്കെ പൈങ്കിളി സ്വഭാവക്കാരാ. പക്ഷേ, എന്റെ മകന്റെ തല തിരിഞ്ഞുപോയി....എന്തു ചെയ്യാം—ഇപ്രാവശ്യം സാറൊന്നു ക്ഷമിച്ചു തരൂ. ഇനി മേലിൽ ഇവൻ ഇങ്ങനെയൊന്നും ചെയ്യില്ല.'

'മേലിൽ ഇങ്ങനെ ചെയ്യത്തില്ലെന്നു നിങ്ങളെങ്ങനറിഞ്ഞു? നിങ്ങൾ ജോത്സ്യനാന്നോ—പ്രവാചകനാന്നോ?'

'പൊന്നു സാറേ!'

'വേണ്ടാ. ഇവനെയൊന്നും എന്റെ പള്ളിക്കൂടത്തിൽ പഠിപ്പിക്കയില്ല. പൂർണ്ണന്മാരുടെ മക്കളെ ഈ സ്കൂളിനു വേണ്ടാ.'

കൊച്ചോയിസാർ തിരിഞ്ഞു നടന്നു. അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരുന്നുവെന്ന് മത്തായിച്ചനറിയാമായിരുന്നു.

കൊച്ചോയിസാർ അംഗമായിരിക്കുന്ന പുനലൂർ സി.എസ്.ഐ. ഇടവ കയിലെ ഏതാനും പേരെ തലേവർഷം ഒരു സിലോൺ പെന്തക്കോസ്തു നേതാവ് സ്നാനപ്പെടുത്തി പെന്തക്കോസ്തുസഭയിൽ ചേർത്തതിന്റെ വൈരാഗ്യം മത്തായിച്ചനോടു വീട്ടുകയായിരുന്നു.

വീട്ടിൽ സാറാമ്മ വിവരം പ്രതീക്ഷിച്ചിരിക്കയായിരുന്നു.

'എന്റെ ദൈവമേ, ഈ ചെറുക്കനെക്കൊണ്ടു നാണംകെട്ടല്ലോ?'

'ശര്യാ. രണ്ടുവർഷം മുമ്പുവരെ ഞാൻ സത്രമുക്കിലെ കുടിയൻ തൊമ്മച്ചൻ മാനസാന്തരപ്പെടാൻ പ്രാർത്ഥിക്കയായിരുന്നു. ഇനീ എന്റെ സ്വന്തമകൻ ഗുണപ്പെടാൻ പ്രാർത്ഥിക്കേണ്ടിവന്നിരിക്കുന്നു. നാണക്കേട്!'

'ഉപദേശിമാരുടെ മക്കൾ പിഴച്ചാൽ ആർക്കും സഹതാപമില്ല.' സാറാ മ്മയുടെ കണ്ണു നിറഞ്ഞു.

'ദൈവം നമുക്കു തുണ. ചതഞ്ഞ ഓട അവൻ ഒടിക്കില്ല. അടുത്ത വർഷം വേറെ സ്കൂളിൽ ചേർക്കാം.'

സഭയിലെ അംഗങ്ങളും മത്തായിച്ചനു തുണനിന്നു. മുരുപ്പേൽ വർഗീസും വേദമണി സഹോദരനും വീട്ടിലെത്തി ജോണിക്കുവേണ്ടി പ്രാർത്ഥിച്ചു.

# പതിനഞ്ച്

രണ്ടു പഴഞ്ചൻ കുടകളുമായി കുട നന്നാക്കുകാരൻ വാസുപിള്ളയുടെ വീട്ടുമുറ്റത്തെത്തിയപ്പോൾ ആ വർഷം മേഞ്ഞിട്ടില്ലാത്ത മേൽക്കൂര മത്താ യിച്ചന്റെ കണ്ണിൽപ്പെട്ടു. രണ്ടു മുറികളുള്ള പുല്ലുമേഞ്ഞ ഒരു വീട്.

ഒന്നു രണ്ടു മണിക്കൂർമുമ്പു പെയ്തടങ്ങിയ മഴയുടെ തണുത്ത തുള്ളി കൾ ഇടയ്ക്കിടെ മേൽക്കൂരയുടെ സുഷിരങ്ങളിൽക്കൂടി ചാണകം മെഴു കിയ തറയിൽ വീഴുന്നതും മത്തായിച്ചൻ ശ്രദ്ധിച്ചു. പനി ബാധിച്ച രണ്ടു പെൺമക്കൾ നിലത്തു വിരിച്ച ചാക്കിൽ കിടന്നുറങ്ങുന്നു. ബാക്കി ഏഴു മക്കൾ ഒരു മണ്ണെണ്ണവിളക്കിന്റെ അരികിൽ, മെടഞ്ഞ ഓലയുടെ പുറത്തി രിക്കുന്നു.

വേവിച്ച കപ്പയുടെയും ചുട്ട മത്സ്യത്തിന്റെയും രൂക്ഷഗന്ധം മൂക്കിൽ തട്ടിയപ്പോൾ മത്തായിച്ചൻ രണ്ടുമൂന്നു വട്ടം ചുമച്ചു.

വാസുപിള്ള ഇടമുറിയാതെ ചുമയ്ക്കുന്നുണ്ടായിരുന്നു.
കട്ടിലില്ല.
പുതപ്പില്ല.
തലയിണയില്ല.
ഇരിക്കാനവിടെ കസേരയുമില്ല.
ഒരു തടിക്കുരണ്ടി മാത്രം തറയിലൊരു കോണിൽ കിടപ്പുണ്ട്.
'നാളെ വൈകിട്ട്.' കുട വാങ്ങിക്കൊണ്ട് വാസുപിള്ള പറഞ്ഞു.
'കൂലി എന്തോ കൊണ്ടുവരണം?'
'നാലണ, ഉപദേശിയായതുകൊണ്ട് രണ്ടണ മതി.'

വീട്ടിലെത്തി വാസുപിള്ളയുടെ ചെറ്റക്കുടിലിനെപ്പറ്റി ഒരു ദൃക്സാക്ഷി വിവരണം നൽകി. ഒരു കട്ടിലും ഒരു ബെഞ്ചും രണ്ടു പായും തലയിണയും വാസുപിള്ളയ്ക്കു ദാനം ചെയ്യാനാണ് മത്തായിച്ചന്റെ താത്പര്യം.

ജോണി എതിർത്തു.

ബാലനെങ്കിലും പ്രായപൂർത്തിയായ ഒരാളിന്റെ ഗൗരവത്തിലും സ്വരത്തിലുമാണവൻ പ്രതിഷേധിച്ചത്.

'നമ്മുടെ വീട്ടിലെ സാമാനങ്ങളെല്ലാം വല്ലോർക്കും പെറുക്കിക്കൊടുത്താൽ നമ്മുക്കു പിന്നെന്തൊണ്ട്?'

'മോനേ, അത്യാവശ്യമുള്ളതെല്ലാം നമ്മക്കുണ്ട്.'

'അത്യാവശ്യമുള്ളതോ! വെള്ളിമല സൂപ്രണ്ടിന്റെ മോന്റെ കൂട്ട് ഒരു മുച്ചാടൻ സൈക്കിളു വാങ്ങിച്ചുതരാൻ ഞാനപ്പച്ചനോട് എത്ര നാളുകൊണ്ടു കെഞ്ചി....എന്നിട്ടും വാങ്ങിച്ചു തന്നില്ല.'

'നെനക്കു ഞാനൊരു റബ്ബറുപന്ത് വാങ്ങി തന്നില്ലേ മോനേ?'

'എനിക്കു പന്തുവേണ്ടാ. സൈക്കിളു മതി.'

'അതിനു പത്തുമുപ്പതു രൂപായാകും. നമ്മക്കതിനു കാശില്ല.'

'വാസുപിള്ളയ്ക്കു കൊടുക്കാനിരിക്കുന്ന കട്ടിലും ബെഞ്ചും ആർക്കെങ്കിലും വിറ്റാൽ സൈക്കിളു വാങ്ങാൻ കാശുകിട്ടും.'

'സൈക്കിൾ ഒരാവശ്യമല്ല, ആർഭാടമാണ്. പാവപ്പെട്ട വാസുപിള്ളയുടെ കുടുംബത്തിന് കട്ടിലും പായും ഒരാർഭാടമല്ല, ഒരത്യാവശ്യമാണ്.'

സ്വന്തം ആവശ്യങ്ങൾക്കും ആർഭാടങ്ങൾക്കും സംതൃപ്തി വരുത്താതെ അന്യരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്ന ക്രിസ്തീയ ആദർശത്തോട് ജോണിയ്ക്ക് പുച്ഛമാണു തോന്നിയത്.

പിതാവ് ഒരു പെന്തക്കോസ്തു ഭക്തനായതുകൊണ്ടാണ് കൂടെ പഠിക്കുന്ന ചില ചങ്ങാതികളെപ്പോലെ വിലപിടിച്ച വസ്ത്രങ്ങളോ കളിപ്പാട്ടങ്ങളോ തനിക്കില്ലാത്തതെന്നു ജോണിക്കു തോന്നി. ചില സഹപാഠികളുടെ തിളങ്ങുന്ന മോതിരങ്ങൾ അവനെ മോഹിപ്പിച്ചിട്ടുണ്ട്. സിൽക്കുടുപ്പുകളും അവനെ പ്രലോഭിപ്പിച്ചിട്ടുണ്ട്.

ഒരു പെന്തക്കോസ്തുപദേശിയുടെ മകനാണു താനെന്ന വസ്തുത ഏറ്റവും അടുത്ത സുഹൃത്തുക്കളോടു മാത്രമേ ജോണി പറയാറുള്ളൂ. അതും വളരെ വിമ്മിട്ടത്തോടെ! പലേടത്തും ആ വസ്തുത മറച്ചുവയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്.

താൻ ഒരിക്കലും ഒരു പെന്തക്കോസ്തുകാരനാവുകയില്ലെന്ന് സുഹൃത്തുക്കളോട് ജോണി ഊന്നിപ്പറയാറുണ്ട്.

സാറാമ്മ മത്തായിച്ചന്റെ ഔദാര്യത്തെ ഭാഗികമായി അംഗീകരിച്ചു: 'പായും തലയിണേം കൊടുക്കാം. കട്ടിലും ബഞ്ചും വേണ്ടാ.'

'നമുക്കാവശ്യത്തിന് കട്ടിലും കസേരേമുണ്ട്. ആ ക്ഷയരോഗീം കുഞ്ഞുങ്ങളും കെടക്കുന്നതു നനഞ്ഞ ചാക്കേലാ.'

'നമ്മക്കും കുഞ്ഞുങ്ങളില്ലേ?'

'നമ്മക്കു ബാക്കി രണ്ടു കട്ടിലും രണ്ടു ബഞ്ചുമുണ്ട്. അതുമതി. നമ്മടെ വീട് കെട്ടിമേഞ്ഞതാ. നിലത്തു കെടന്നാലും വെള്ളം ചോർന്നു ദേഹത്തു വീഴത്തില്ല. വാസുപിള്ളയ്ക്ക് ഒമ്പതു മക്കളാ.'

'നമ്മക്ക് പ്രാർത്ഥിച്ച് ആശ്വാസവാക്കുകൾ പറഞ്ഞിട്ടു പോരാം.'

'ആശ്വസിപ്പിക്കുന്ന വാക്കുകൾ മാത്രം പോരാ. ആശ്വസിപ്പിക്കുന്ന പ്രവൃത്തികളും വേണം.'

'എന്നാലും?....സ്വന്തം വീട്ടിലെ കതകു പിഴുത് അന്യന്റെ വീട്ടിൽ വയ്ക്കണോ?'

'നമ്മക്കു സ്വന്തമായി ഒന്നുമില്ല. എല്ലാം ദൈവം തന്നതാ.'

സാറാമ്മയ്ക്കു കാര്യം ബോധ്യപ്പെട്ടു.

പിറ്റേന്നു വൈകിട്ട് കട്ടിലും ബഞ്ചും, പായും, തലയിണയും കാളവണ്ടിയിൽനിന്നും ചെറ്റക്കുടിലിന്റെ മുമ്പിൽ ഇറക്കിവച്ചപ്പോൾ വാസുപിള്ളയുടെ കണ്ണിൽ കൃതജ്ഞത തുളുമ്പി.

യാത്ര പറയുമ്പോൾ നന്നാക്കിയ രണ്ടു കുട ഏല്പിച്ചു കൊണ്ടു പറഞ്ഞു. 'മത്തായൂദേശീ, ഇതു നന്നാക്കിയതിനു കൂലിയൊന്നും തരണ്ടാ. ഈ പാവപ്പെട്ട എന്റെ സ്നേഹപ്രകടനമായി കരുതിയാലും.'

മത്തായിച്ചൻ വാസുപിള്ളയെ സൂക്ഷിച്ചുനോക്കി—വാസുപിള്ള മത്തായിച്ചനെയും. കണ്ണുകളന്യോന്യം ആശയവിനിമയം നടത്തി.

ഒരു ഹിന്ദുവിന്റെയും ഒരു ക്രിസ്ത്യാനിയുടെയും കണ്ണുകൾ സ്നേഹപാശത്താൽ ബന്ധിതമായ അനർഘനിമിഷമായിരുന്നു അത്.

നന്നാക്കിയെടുത്ത കുടകൾ വീട്ടിൽ കൊണ്ടുവന്ന് പനമ്പുതട്ടിയിൽ തൂക്കി. അടുത്ത മഴ പെയ്യുന്നതിനുമുമ്പേ മത്തായിച്ചനെ തേടി ഒരു കത്ത് മുളക്കുഴനിന്നുമെത്തി. 1950 ജൂൺമാസത്തിൽ മത്തായിച്ചൻ തൂവയൂർ സഭയുടെ പാസ്റ്ററായി സ്ഥലം മാറണമെന്ന് കത്തിൽ നിർദേശിച്ചിരിക്കുന്നു.

♦ ♦ ♦

മാതാവിന്റെ ശവകുടീരം ഒരുനോക്കുകൂടി കണ്ടിട്ട് മത്തായിച്ചനും സാറാമ്മയും അഞ്ചു മക്കളോടൊപ്പം ബസ്സിൽ തൂവയൂരേക്ക് യാത്ര തിരിച്ചു. വീട്ടുസാമാനം നിറച്ച കാളവണ്ടികളിൽ ഇടമൺ സഭയിലെ ഏതാനും അംഗങ്ങൾ അനുയാത്ര ചെയ്തു.

കാലത്തിനുവന്ന മാറ്റത്തെപ്പറ്റിയാണ് മത്തായിച്ചൻ ചിന്തിച്ചത്. യാത്ര കാളവണ്ടിയിൽനിന്നു ബസ്സിലേക്ക്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ടു മൂന്നു വർഷം തികഞ്ഞിട്ടില്ല.

നാട്ടിലാകെ പുരോഗതിയുടെ പൊട്ടും കുറിയും.

റോഡരികിൽ പുതിയ വ്യാപാരശാലകൾ.

അവിടവിടെ പാലംപണി.

പുതിയ റോഡുകൾ. പുതിയ വാഹനങ്ങൾ.

ബസ്സ് അടൂർ മൈതാനത്തിനു മുമ്പിൽ നിന്നപ്പോഴാണ് മൈലുകൾ നീണ്ടുനിന്ന ചിന്തയ്ക്കു വിരാമമിട്ടത്.

സെന്റ് പീറ്റർ കത്തോലിക്കാ പള്ളിയിൽ പെരുന്നാൾ പൊടിപൂരമായി നടക്കുകയാണ്. മൈതാനത്തിനു മുമ്പിലൂടെ ഒരു വലിയ പുരുഷാരം നീങ്ങു

ന്നതു മത്തായിച്ചൻ ശ്രദ്ധിച്ചു.

പുരോഹിതശ്രേഷ്ഠരുടെ അകമ്പടിയോടുകൂടി, ഭക്തിഗീതങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിൽ, അലങ്കരിച്ച മോട്ടോർ വാഹനങ്ങളുടെയിടയിലൂടെ, തിളങ്ങുന്ന ഒരു സ്വർണ്ണക്കുരിശും കന്യകാമറിയത്തിന്റെ മനോഹരമായ ചിത്രവും എഴുന്നെള്ളിച്ചു തുടങ്ങി.

അവിടത്തെ കോലാഹലം ജോണിയെ ആകർഷിച്ചു.

കൂട്ടമണികളുടെ നാദപ്പൊലിമയും മുത്തുക്കുടകളുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവലയവും ആകാശം പിളർക്കുന്ന കമ്പക്കെട്ടും പിറ്റേന്നു നടക്കാനിരിക്കുന്ന പ്രത്യേക കുർബ്ബാനയെപ്പറ്റി ജനങ്ങൾക്കു മുന്നറിയിപ്പു നൽകി.

മത്തായിച്ചനു ലജ്ജയും ദുഃഖവും തോന്നി.

മെഴുകുതിരി കത്തിക്കലും കൂദാശകളും തകൃതിയായി നടക്കുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമില്ലാത്ത വെറും ചടങ്ങുകൾ.

ആദിമസഭയിൽ ആരാധനയ്ക്കു ശക്തിനൽകിയത് ആത്മാർത്ഥമായ സ്തുതിസ്തോത്രങ്ങളും അനുതാപത്തിന്റെ കണ്ണുനീരും പരിശുദ്ധാത്മാവിന്റെ നിറവുമായിരുന്നു. ഇവിടെ ഇപ്പോൾ ശക്തിക്കുവേണ്ടി ആകാശം പിളർക്കുന്ന കമ്പക്കെട്ടുകളെയും ഇടതോരാതെ ശബ്ദിക്കുന്ന മാലപ്പടക്കങ്ങളെയും ആശ്രയിക്കേണ്ടി വരുന്നു. പള്ളിക്കാർ ദൈവത്തിന്റെ പേരിൽ പണം ദുർവ്യയം ചെയ്യുന്നു. ചുറ്റുമുള്ള കുടിലുകളിലിരുന്ന് ചടങ്ങുകൾ ശ്രദ്ധിക്കുന്ന പാവങ്ങളുടെ വയറുകൾ വിശന്ന് ഒട്ടിയിരുന്നു.

ജോണിയോടു സംസാരിച്ചുകൊണ്ടാണ് മത്തായിച്ചൻ രംഗം വീക്ഷിച്ചത്. ജോണിയുടെ മുമ്പിൽ മത്തായിച്ചന്റെ ചെറുപ്പകാലം അദ്ദേഹം അയവിറക്കി: ‘മോനേ, ഞാനും ഒരു കാലത്ത് ഇതുപോലെ അന്ധാചാരങ്ങളിൽ കുടുങ്ങിയിരുന്നു. പുണ്യവാളന്മാരുടെയും യേശുക്രിസ്തുവിന്റെയും പ്രതിമകൾ എഴുന്നെള്ളിച്ചിട്ടുണ്ട്. എന്നാൽ കുക്കുസായിപ്പിന്റെ പന്തലിൽവച്ച് ദൈവം എനിക്കു വെളിച്ചം തന്നു. കർമ്മങ്ങളിൽ കൂടിയല്ല, വിശ്വാസത്താൽ ദൈവമകനായിത്തീരാൻ ഭാഗ്യം ലഭിച്ചു. നമ്മുടെ തെങ്ങുവിള തറവാട്ടുകാർ ഇപ്പഴും ഇത്തരം ചത്ത ചടങ്ങുകളിൽ കുരുങ്ങിക്കിടക്കുന്നു.’

ജോണി ഒന്നും മിണ്ടിയില്ല. തന്റെ മുമ്പിലൂടെ കടന്നുപോയ പ്രതിമകളും പുരുഷാരത്തിന്റെ കോലാഹലവും അന്തരീക്ഷത്തെ ഞെട്ടിപ്പിച്ച വെടിക്കെട്ടുകളുമാണവനെ ആകർഷിച്ചത്. തന്റെ പിതാവ് പെന്തക്കോസ്തു സഭക്കാരനായതുകൊണ്ട് ഇത്തരം ആഘോഷാദികളിൽ പങ്കെടുക്കുവാൻ അവനു സാധിക്കുന്നില്ലല്ലോ എന്നതിൽ കുണ്ഠിതമാണു ജോണിക്കു തോന്നിയത്. തെങ്ങുവിള തറവാട്ടുകാരെപ്പറ്റി അവനു കമ്പവും തറവാടിന്റെ പാരമ്പര്യസിദ്ധമായ വിശ്വാസാചാരങ്ങളെ വലിച്ചെറിഞ്ഞ തന്റെ പിതാവിനോട് അവജ്ഞയുമുണ്ടായി.

കാൽനടയായി അവർ തൂവയൂരേക്കു തിരിച്ചു. നെല്ലിമുകളിൽ എത്തി. റോഡരികിലുള്ള പപ്പുപിള്ളയുടെ കാപ്പിക്കടയിൽനിന്നും പരിപ്പുവടയും പഴവും തണുത്ത വെള്ളവും വാങ്ങിക്കഴിച്ചു.

പപ്പുപിള്ള വിരൽ ചൂണ്ടി: ‘ദാ ആ പറമ്പു കണ്ടോ?’

‘കണ്ടു.’

‘അത് നെല്ലിമൂട്ടിൽ മുതലാളിമാരുടെ തറവാടു സ്വത്താ. അവിടെയാണ് മാർത്താണ്ഡവർമ്മ മഹാരാജാവ് ശത്രുക്കളിൽ നിന്നു രക്ഷപ്പെടാൻ വേഷംമാറി ഓടിയപ്പോൾ വന്നു കയറിയത്.’

‘ഓഹോ!’

'അതൊരു ചരിത്രം തന്നെ. മഹാരാജാവ് ഓടിപ്പോയവഴി ആ വീട്ടിൽ കയറി അവിടത്തെ വല്യമ്മച്ചിയോട് ക്ഷീണം തീർക്കാൻ ഇച്ചിരി വെള്ളം ചോദിച്ചു. ആരോ വഴിയാത്രക്കാരനാണെന്നാ വല്യമ്മച്ചി വിചാരിച്ചത്. എങ്കിലും അവർ പശുവിനെ കറന്ന് പാലു കൊടുത്തു. ക്ഷീണംമാറ്റി രാജാവ് സ്ഥലംവിട്ടു. പിന്നീട് അദ്ദേഹം രാജ്യഭരണം ഏറ്റെടുത്തപ്പം ആ വല്യമ്മച്ചിക്ക് ധാരാളം ഭൂസ്വത്തുക്കളും പണവും സമ്മാനിച്ചു. പാലു നൽകിയതിന്റെ നന്ദി കാണിക്കാൻ.'

മത്തായിച്ചൻ സാറാമ്മയെയും കുഞ്ഞുങ്ങളെയും നോക്കിപ്പറഞ്ഞു: 'രാജാവ് ഒരു വല്യമ്മച്ചിയെ ഇങ്ങനെ പ്രതിഫലംനൽകി ബഹുമാനിച്ചെങ്കിൽ സ്വർഗ്ഗസ്ഥനായ ദൈവം തന്റെ കുഞ്ഞുങ്ങൾക്ക് അവരുടെ ഓരോ പ്രവർത്തിക്കും പ്രതിഫലം സമ്മാനിക്കുന്ന ദിവസം വരും.'

സാറാമ്മ പ്രതിവചിച്ചു: 'യേശുക്രിസ്തു വീണ്ടും വരാറായി. നല്ല പ്രവൃത്തികൾക്കു പ്രതിഫലം വീതിക്കുന്ന നാൾ അടുത്തു.'

'ചീത്ത പ്രവൃത്തികൾക്കും കൂലി കിട്ടും....നിത്യ നരകം.' മദ്യപാനിയായ പപ്പുപിള്ളയുടെ ചുവന്നു കലങ്ങിയ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് മത്തായിച്ചൻ പറഞ്ഞു.

പപ്പുപിള്ളയോടുള്ള സുവിശേഷം മത്തായിച്ചൻ പരോക്ഷമായി അറിയിച്ചുകഴിഞ്ഞു.

ദിവസം ഒരാളോടെങ്കിലും സുവിശേഷം പ്രസ്താവിക്കും എന്ന് വർഷങ്ങൾക്കുമുമ്പ് മത്തായിച്ചൻ പ്രതിജ്ഞ ചെയ്തതാണ്. യാത്രക്കിടയിലും അതു പാലിച്ചു. ചുരുങ്ങിയ വാക്കുകളിലെങ്കിലും.

# പതിനാറ്

**ക**ച്ചവടക്കാരൻ ലാഭത്തെപ്പറ്റി ചിന്തിക്കുന്നു.

കൃഷിക്കാരൻ അടുത്ത വിളവെടുപ്പിനെപ്പറ്റി.

ജോലിക്കാരൻ ഉദ്യോഗക്കയറ്റത്തെപ്പറ്റി.

ഉപദേശിമാർക്കും ചിന്തിക്കാം. സ്വപ്നം കാണാം. അത് മനുഷ്യന്റെ ജന്മാവകാശമാണ്.

മക്കളെ കെട്ടിക്കുന്ന കാര്യം.

കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന കാര്യം.

വീടും വയലും വാങ്ങുന്ന കാര്യം.

സ്തോത്രകാഴ്ച വാങ്ങുന്ന കാര്യം.

തെങ്ങുവിള മത്തായിച്ചനും ചിന്തകളുണ്ടായിരുന്നു. സ്വപ്നങ്ങളും ആകാശക്കോട്ടകളും!

തൂവയൂർ എന്ന സ്ഥലത്തുള്ള ശുശ്രൂഷ എങ്ങനെ ദൈവനാമ മഹത്വത്തിനുവേണ്ടി പ്രയോജനപ്പെടുത്തണം....സഭയെ എങ്ങനെ നടണം, നനയ്ക്കണം, വളർത്തിയെടുക്കണം....

അടുത്ത ഉണർവ്വുയോഗത്തിൽ രക്ഷിക്കപ്പെടാനിരിക്കുന്ന ആത്മാക്കളുടെ സംഖ്യ കൈവിരലുകളിലെണ്ണിക്കൊണ്ടദ്ദേഹം തൂവയൂർ സഭാമന്ദിരത്തിലൂടെ നടക്കാറുണ്ട്. സഭയുടെ അതിരുകൾ തെക്കോട്ടും വടക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നീട്ടിനീട്ടി അദ്ദേഹം മനോരഥ സഞ്ചാരം ചെയ്തു.

മത്തായിച്ചനെപ്പോലെ സ്വപ്നങ്ങളുള്ള രണ്ടുപേരുകൂടി തൂവയൂർ സഭയിലുണ്ടായിരുന്നു—പുതുശ്ശേരി ശിമോച്ചനും വിളയിൽ ഉമ്മച്ചനും.

മൂവരുമൊന്നിച്ച് ചിന്തിച്ചു....സ്വപ്നം കണ്ടു....പ്രവർത്തിച്ചു.

സത്യസുവിശേഷം പ്രചരിപ്പിക്കുന്നതിനുവേണ്ടി വിവിധ സഭകളിലുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് രണ്ടാഴ്ചത്തെ വേദപഠനം ക്രമീകരിച്ചു. വേദാദ്ധ്യാപകനായി തിരുവനന്തപുരത്തുനിന്നും പാസ്റ്റർ എം.സി. ജോർജ്ശാസ്ത്രി വന്നെത്തി.

അവസാന രാത്രിയിലെ പഠനവിഷയം പാരമ്പര്യ സഭകളിലെ ദുരുപദേശങ്ങൾ ആയിരുന്നു. കത്തോലിക്കനായ കോരുതുമാപ്പിളയുടെ ചോദ്യങ്ങൾ ചർച്ചയ്ക്കുശിരുകൂട്ടി.

'പാസ്റ്ററേ, നിങ്ങൾ കന്യകാമറിയത്തെ വണങ്ങാത്തതെന്താണ്? സ്ത്രീകളിൽ വച്ച് ഏറ്റവും ഭാഗ്യവതിയെന്നല്ലേ മാതാവിനെപ്പറ്റി വേദപുസ്തകം പറേന്നത്?'

'ഭാഗ്യവതി എന്ന പദംതന്നെ മാതാവിന് ദിവ്യത്വമില്ലെന്നു തെളിയിക്കുന്നു. ദൈവത്തിന് ഭാഗ്യത്തിന്റെ ആവശ്യമില്ലല്ലോ. യേശുവിന്റെ ശിഷ്യന്മാരോ, യേശുവിന്റെ സന്നിധിയിൽ രോഗസൗഖ്യത്തിനായും പ്രശ്നനിവാരണങ്ങൾക്കായും വന്ന ജനങ്ങളോ മദ്ധ്യസ്ഥതയ്ക്ക് മറിയയെ ഉപയോഗിച്ചിട്ടില്ല. യാദൃച്ഛികമായി കാനാവിലെ കല്യാണവിരുന്നിൽവച്ച് യേശുവിനോട് മറിയ ഒരു യാചന നടത്തിയതൊഴിച്ച് മറ്റൊരിടത്തും മറിയയെ ഇടനിലക്കാരിയായി കാണുന്നില്ല.'

'മറിയയ്ക്ക് സ്ഥാനമുണ്ടെന്നല്ലേ ആ സംഭവം വ്യക്തമാക്കുന്നത്?'

'സ്വന്തഗ്രാമത്തിൽ നടന്ന വിവാഹമായിരുന്നതുകൊണ്ട് മറിയയും സംബന്ധിച്ചു. വിരുന്നു സമയത്ത് മുന്തിരിച്ചാറ് തീർന്നുപോയി. ആദ്യം ആ വിവരം പാചകത്തിന്റെ നേതൃത്വം വഹിച്ച സ്ത്രീകൾ അറിഞ്ഞു കാണും. അക്കൂട്ടത്തിൽ മറിയയും അറിഞ്ഞു. പെട്ടെന്ന് മറിയ യേശുവിനെ വിവരം ധരിപ്പിച്ചു എന്നു മാത്രം.'

'ഏതായാലും മദ്ധ്യസ്ഥയായി മാതാവിനെ യേശു അംഗീകരിച്ചല്ലോ!'

'ഒരിക്കലുമില്ല. ഭാവിയിൽ എന്തൊക്കെ സംഭവിക്കുമെന്നതിനെപ്പറ്റി യേശുവിന് ദൂരദർശനം ഉണ്ടല്ലോ. പില്ക്കാലത്ത് മറിയയെ ആരാധിക്കുന്ന ദുരാചാരം സഭയിൽ നുഴഞ്ഞുകയറുമെന്ന് യേശു മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടായിരിക്കാം മാതാവിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ട്—സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്?—എന്ന് യേശു മറുപടി പറഞ്ഞത്. യോഹന്നാൻ രണ്ടാം അദ്ധ്യായം വായിച്ചുനോക്ക്.'

യോഹന്നാന്റെ സുവിശേഷം കണ്ടുപിടിക്കുവാൻ കോരുതുമാപ്പിള ബദ്ധപ്പെടുന്നതു മനസ്സിലാക്കിയ മഹത്വംചാക്കോച്ചൻ പ്രസ്തുത അദ്ധ്യായം എടുത്തു വായിച്ചു.

ജോർജ്ശാസ്ത്രി വിശദീകരിച്ചു: 'അതായത്, യേശുവിന്റെ ആത്മീയ ശുശ്രൂഷയോടുള്ള ബന്ധത്തിൽ മറിയയ്ക്ക് ദൈവം പ്രത്യേക ദൗത്യങ്ങൾ കൊടുത്തില്ല എന്ന് ഇവിടെ വ്യക്തമാകുന്നു. യേശുവിനു ജന്മം നൽകി ഉണ്ണിയേശുവിനെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ വളർത്തിക്കൊണ്ടു വരിക എന്ന വലിയ ഒരു ദൗത്യം മറിയയ്ക്ക് നൽകി. അത് മറിയ ഭംഗിയായി നിർവ്വഹിച്ചു. അല്ലാതെ യേശുവിനും മനുഷ്യർക്കും ഇടയിൽ മാതാവിനെ മദ്ധ്യസ്ഥ ആക്കിയില്ല.'

'യേശുക്രിസ്തു മാതാവിനെ സ്ത്രീയേ എന്നു പരുക്കൻരീതിയിൽ വിളി

ച്ചതെന്തുകൊണ്ടെന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്?' കോരുതു മാപ്പിളയുടെ അയൽവാസി അന്തോണിസാർ ജിജ്ഞാസാപൂർവ്വം ആരാഞ്ഞു.

'അന്നത്തെ യഹൂദന്മാരുടെ സമ്പ്രദായമനുസരിച്ച് സ്ത്രീയേ എന്നുള്ളത് ബഹുമാനപൂർവ്വം കുടുംബാംഗങ്ങളെ പരാമർശിച്ച് ഉപയോഗിക്കാവുന്ന സംബോധനയാണ്.'

'ഓഹോ, പിടികിട്ടി....എന്നാലും മറിയയിൽ പാപമില്ലാഞ്ഞതുകൊണ്ടല്ലേ മാലാഖയുടെ സന്ദർശനം ഉണ്ടായത്?'

'മാലാഖ മറിയയെ സംബോധന ചെയ്തത് കൃപ ലഭിച്ചവളേ എന്നാണ്. കാരണം, ഒരു സാധാരണ വ്യക്തിയെപ്പോലെ മറിയയ്ക്കും ദൈവകൃപ, ദൈവകാരുണ്യം ആവശ്യമായിരുന്നു. മറിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഒരു കീർത്തനം പാടിയതായി ലൂക്കോസ് ഒന്നാംഅദ്ധ്യായത്തിൽ കാണുന്നു.'

ഇപ്രാവശ്യം അധികം ബദ്ധപ്പെടാതെ കോരുതു മാപ്പിള പ്രസ്തുത അദ്ധ്യായം കണ്ടുപിടിച്ചു.

'നോക്കുക. മറിയയുടെ സ്തുതിഗീതത്തിൽ—രക്ഷിതാവായ ദൈവമേ, അവന്റെനാമം പരിശുദ്ധംതന്നെ—എന്ന് മറിയ പാടുന്നു. എല്ലാ മനുഷ്യരെയുംപോലെ മറിയയ്ക്കും ഒരു രക്ഷിതാവിന്റെ ആവശ്യം ഉണ്ടായിരുന്നു. മറിയ ദൈവത്തെ പാപരക്ഷകനായി അംഗീകരിക്കുന്നു. ദൈവം മാത്രം പരിശുദ്ധനെന്നും മറിയ സമ്മതിക്കുന്നു. മുപ്പത്തിയെട്ടാം വാകൃത്തിൽ—'ഞാൻ കർത്താവിന്റെ ദാസി'—എന്നും മറിയ സമ്മതിക്കുന്നു. ആദാമ്യ പാപത്തിന്റെ തീണ്ടലേല്ക്കാതെ പരിശുദ്ധാത്മാവിനാൽ ജനിച്ച യേശു മാത്രമാണ് പരിശുദ്ധൻ.'

'പക്ഷേ...'

'ക്ഷമിക്കണം, പറഞ്ഞുതീർന്നില്ല...മറിയ മനുഷ്യകുലത്തിൽ ജനിച്ച ഒരു വന്ദ്യമഹിള ആയിരുന്നു. മനുഷ്യജന്മം ലഭിക്കുന്നവർ പാപികളാണ്. മറിയ കൃപയാൽ വിശുദ്ധ എങ്കിലും സാക്ഷാൽ പാപി ആയിരുന്നു. സന്മാർഗ്ഗി എങ്കിലും പാപി....ഒരു പാപി മറ്റൊരു പാപിയുടെ മദ്ധ്യസ്ഥ ആകാൻ സാധ്യമല്ല. കടബാധ്യതയുള്ള ഒരാൾ മറ്റൊരു കടക്കാരനുവേണ്ടി ജാമ്യം നിൽക്കാൻ തുനിയുകയില്ലല്ലോ. മറിയ ഉയിർത്തെഴുന്നേറ്റു എന്ന അഭ്യൂഹം ഔദ്യോഗികപ്രമാണമായി കത്തോലിക്കാ സഭ അംഗീകരിച്ചത് കേവലം നാലുവർഷം മുമ്പായിരുന്നു. 1950 നവംബറിലാണ് പോപ്പ് പയസ് പന്ത്രണ്ടാമൻ മറിയയുടെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും പ്രമാണമായി എഴുതിച്ചേർത്തത്. മറിയ മരിച്ചുകഴിഞ്ഞ് 1900 വർഷങ്ങൾക്കുശേഷം. നൂറ്റാണ്ടുകളിലെ കെട്ടുകഥകൾക്ക് അദ്ദേഹം വഴങ്ങി ഔദ്യോഗികമായ അംഗീകാരം നൽകുകയായിരുന്നു. ഇതൊക്കെ പത്രത്തിൽ വന്ന വാർത്തകളാണ്. തെറ്റു സമ്മതിക്കാൻ മനസ്സില്ല. പ്രമാണങ്ങൾ എഴുതിച്ചേർത്തുചേർത്ത് കെട്ടുകഥകൾ സത്യമാക്കിയെടുക്കാനുള്ള ശ്രമം. വിഫലശ്രമങ്ങൾ. ദൈവം കോപിക്കുന്ന ശ്രമങ്ങൾ.'

'സ്ത്രീകളല്ലേ പുരുഷന്മാരേക്കാൾ കരുണയുള്ളവർ?'

'കോരുതേ, ഇതു മനസ്സിലാക്ക്....കാൽവറിയിൽ മരിച്ച് മഹാകാരുണ്യം കാട്ടിയ യേശുവിനെ സമീപിക്കാൻ നമുക്ക് മറ്റാരുടെയും ഒത്താശ വേണ്ടാ. പതിനാറാം നൂറ്റാണ്ടിൽ പോപ്പ് പയസ് നാലാമനാണ് കന്യമറിയാമിനോടുള്ള പ്രാർത്ഥനകൾ സഭയിൽ നടപ്പാക്കാൻ അനുവദിച്ചത്. ഇതുപോലെ നിങ്ങളുടെ സഭയിൽ കടന്നുകൂടിയിട്ടുള്ള അനേക ദുരാചാരങ്ങൾ പാസ്റ്റർ

കെ.ഇ.ഏബ്രഹാം എഴുതിയ 'മഹതിയാം ബാബിലോൺ' എന്ന പുസ്തകത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.'

'അതിന്റെ ഒരു കോപ്പി എനിക്കു തരാമോ?'

'തീർച്ചയായും. തപാലിൽ അയച്ചു തരാം....പുസ്തകത്തിലെ ചില കാര്യങ്ങൾ ഞാൻ തന്നെ പറയാം....'

'ആട്ടെ.'

'യേശു ക്രൂശിൽ മരിക്കുന്നതിനു മുമ്പ് മാതാവിന്റെ പരിരക്ഷണം യേശു തന്നെ യോഹന്നാനെ ഏല്പിച്ചു. വാർദ്ധകൃത്തിലേക്കു പ്രവേശിക്കുന്ന മറിയയ്ക്ക് ശിഷ്യന്മാരുടെ സഹായം ആവശ്യമായിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അനേക ജനങ്ങളോടൊപ്പം യെരുശലേമിലെ മാളിക മുറിയിൽ മറിയയും കാത്തിരുന്നു പ്രാർത്ഥിച്ചു, പരിശുദ്ധാത്മാവിനെ പ്രാപിച്ചു. സാധാരണ മനുഷ്യരെപ്പോലെ മറിയയ്ക്കും പ്രാർത്ഥനയും പരിശുദ്ധാത്മാവും ആവശ്യമായിരുന്നു. അല്ലാതെ ആരുടേയും പ്രാർത്ഥനയ്ക്കു മറുപടി നൽകുന്ന സിദ്ധികളൊന്നും മാതാവിനെ യേശു ഏല്പിച്ചില്ല. ഒരു പെൺദൈവം വേണമെന്ന് ഏതോ കുബുദ്ധികൾക്കു തോന്നിയതുകൊണ്ടാണ് മറിയ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തെന്ന കള്ളക്കഥ പില്ക്കാലത്ത് പ്രചരിപ്പിച്ചത്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അപ്പൊസ്തൊലന്മാരും എഴുതിയ ഇരുപത്തിമൂന്നു പുസ്തകങ്ങൾ ബൈബിളിന്റെ പുതിയനിയമത്തിലുണ്ട്. ഈ പുസ്തകങ്ങളിലൊന്നും മറിയയെ പ്രകീർത്തിച്ച് ഒരു വാക്യം പോലും ഇല്ല.'

കോരുതുമാപ്പിള മൗനമായി ശ്രദ്ധിച്ചു. അല്പം ജീരകവെള്ളം കുടിച്ച ശേഷം ജോർജ്ശാസ്ത്രി തുടർന്നു.

'കിഴക്കുനിന്നും വിദ്വാന്മാർ ബെത്‌ലഹേമിൽ ചെന്നപ്പോൾ ഉണ്ണിയേശുവിനെ മാത്രമാണ് നമസ്ക്കരിച്ചത്. മൂലഭാഷയിൽനിന്നുള്ള പഴയ വിവർത്തനങ്ങളിലെല്ലാം—ശിശുവിനെ അമ്മയായ മറിയയോടു കൂടി കണ്ടു, വീണു അവനെ നമസ്ക്കരിച്ചു—എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.'

മത്തായിച്ചൻ മത്തായി രണ്ടാമദ്ധ്യായം പതിനൊന്നാം വാക്യം പെട്ടെന്ന് വായിച്ചുകേൾപ്പിച്ചശേഷം പറഞ്ഞു: 'അവനെ, അവനെ മാത്രം നമസ്കരിച്ചു.'

ജോർജ്ശാസ്ത്രി ആശയം പൂർത്തീകരിച്ചു: 'എന്നാൽ പാശ്ചാത്യരാജ്യങ്ങളിലെ ചില ബൈബിൾ വിവർത്തനങ്ങളിൽ—ശിശുവിനെ അമ്മയായ മറിയയോടു കൂടി കണ്ടു, വീണു നമസ്കരിച്ചു—എന്ന് തിരുത്തിയിട്ടുണ്ട്. നോക്കുക, എത്ര ലജ്ജാകരം! മറിയയെയും നമസ്കരിച്ചു എന്നു തെളിയിക്കാൻ സഭാനേതാക്കളുടെ സമ്മർദ്ദത്തോടെ ചില വിവർത്തകർ 'അവനെ' എന്ന പദം മാറ്റിക്കളഞ്ഞിരിക്കുന്നു. അതുപോലെ പത്തു കല്പനകളിലെ 'ഒരു വിഗ്രഹവും ഉണ്ടാക്കരുത്' എന്ന കല്പന വിട്ടുകളഞ്ഞിട്ടുള്ള ഒരു ബൈബിളും പാശ്ചാത്യരാജ്യങ്ങളിൽ ഇറങ്ങിയിട്ടുണ്ട്. പാരമ്പര്യസഭകളുടെ വിഗ്രഹാരാധന ന്യായീകരിക്കുവാനുള്ള തന്ത്രങ്ങളാണിവ.'

'മറിയത്തോടു നിങ്ങൾക്കിത്ര വിരോധമെന്താ?'

'വിരോധമൊന്നുമില്ല. മറിയയെ ഞങ്ങൾ ആദരിക്കുന്നു, എന്നാൽ ആരാധിക്കുന്നില്ല. മറിയ വിശുദ്ധയാണ്, എന്നാൽ പരിശുദ്ധയല്ല. ദൈവം മാത്രം പരിശുദ്ധൻ. മനുഷ്യരെ ആരെയും ഞങ്ങൾ ആരാധിക്കയില്ല. അപ്പൊസ്തൊലപ്രവൃത്തി പത്താം അദ്ധ്യായം വായിച്ചു പഠിക്കുക. ഒരു മനുഷ്യൻ അപ്പൊ

സ്തൊലനെ നമസ്കരിക്കുവാൻ സാഷ്ടാംഗം വീണു. പത്രോസ് അയാളെ വിലക്കി. പിടിച്ചെഴുന്നേല്പിച്ചു. മനുഷ്യനെ നമസ്കരിക്കരുതെന്നു ഗുണ ദോഷിച്ചു.'

മത്തായിച്ചൻ ഇടയ്ക്കുകയറി: 'ഇന്നത്തെ മതനേതാക്കളായിരുന്നെങ്കിൽ ആരാധന സന്തോഷപൂർവ്വം സ്വീകരിക്കുമായിരുന്നു.'

കോരുതുമാപ്പിള ഒന്നു ചിരിച്ചു.

'യോഹന്നാൻ ശ്ലീഹ ഒരിക്കൽ ഒരു മാലാഖയുടെ കാല്ക്കൽ വീണു. മാലാഖ യോഹന്നാനെ ശാസിച്ചു. ദൈവത്തെ മാത്രമേ നമസ്കരിക്കാവൂ എന്നുപദേശിച്ചു. ഈ സംഭവം വെളിപാടു പുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.'

ജോർജ്ശാസ്ത്രി നൽകിയ വസ്തുതകളുടെ മുമ്പിൽ പാരമ്പര്യസഭ കളുടെ ഉപദേശങ്ങൾ തകർക്കപ്പെട്ടു കഴിഞ്ഞു എന്നു മനസ്സിലാക്കിയ ചിലർ പതിനൊന്നുമണിയോടുകൂടി പുറകിലത്തെ വാതിലിൽകൂടി സ്ഥലം വിട്ടു.

'സത്യസുവിശേഷം പഠിപ്പിക്കാമെന്നു പറഞ്ഞ് ഞങ്ങളെ വിളിച്ചുവരു ത്തിയിട്ട് ഞങ്ങടെ മാതൃസഭയെ കുറ്റം പറയുകയാണോ? ഇതാണോ നിങ്ങടെ സുവിശേഷം?' പിരിഞ്ഞുപോകുന്നതിനിടയിൽ ഒരാൾ ഗർജ്ജിച്ചു.

അയാൾ വാതിലിൽ എത്തിയപ്പോൾ ജോർജ്ശാസ്ത്രി ശബ്ദമുയർത്തി പറഞ്ഞു: 'സ്നേഹിതാ നിങ്ങൾ വീട്ടിൽചെന്ന് ചിന്തിക്കാൻ വേണ്ടി ഒരുകാര്യംകൂടെ പറയുകയാണ്. സർവ്വശക്തനും സർവ്വവ്യാപിയും സർവ്വ ജ്ഞാനിയുമായ ഒരാൾക്കു മാത്രമേ നമ്മുടെ പ്രാർത്ഥനകൾ കേൾക്കാൻ കഴിവുള്ളൂ. ദൈവം മാത്രമാണ് സർവ്വശക്തനും സർവ്വവ്യാപിയും സർവ്വ ജ്ഞാനിയും. കന്യമറിയയ്ക്കും പുണ്യവാളന്മാർക്കും ഈ വിശേഷതകളി ല്ല. ലോകത്തിൽ പല രാജ്യങ്ങളിൽ ഇരുന്നു പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന കേൾക്കാൻ മറിയത്തിനു സാധ്യമല്ല. കാരണം മറിയ സർവ്വ വ്യാപിയല്ല. വാക്കുകൾ കൊണ്ട് ഉച്ചരിക്കാനാവാത്ത ഹൃദയത്തിലെ മൗന മായ പ്രാർത്ഥനകൾ പിടിച്ചെടുക്കാനുള്ള കഴിവും മറിയത്തിനില്ല—കാരണം മറിയ സർവ്വജ്ഞാനിയല്ല. നിങ്ങൾ കന്യമറിയത്തോട് മദ്ധ്യസ്ഥതയ്ക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ മറിയ ഇതൊന്നും കേൾക്കുന്നില്ല. വെറുതെ മുറ്റത്തെ കൊന്നത്തെങ്ങിന്റെ മൂട്ടിൽ ചെന്നുനിന്ന് തെങ്ങിനോടു പ്രാർത്ഥി ക്കുന്നതുപോലെ മാത്രമാണ് മറിയയോടും പുണ്യവാളന്മാരോടും ഉള്ള പ്രാർത്ഥന. തെങ്ങിന് കേൾക്കാൻ കഴിവില്ല. മറിയയ്ക്കും ഇല്ല.'

അയാൾ തിരിഞ്ഞുനിന്നു പറഞ്ഞു: 'മറിയയും, മരിച്ച പുണ്യവാളന്മാരും ഒന്നുകിൽ സ്വർഗ്ഗത്തിലാണ്. അല്ലെങ്കിൽ പറുദീസയിൽ. അവർക്ക് നമ്മുടെ പ്രാർത്ഥന കേൾക്കാൻ സർവ്വജ്ഞാനം ലഭിച്ചു കഴിഞ്ഞു.'

'ഒരിക്കലും ഇല്ല. സ്വർഗ്ഗത്തിലെ മാലാഖമാർ പോലും സർവ്വജ്ഞാനി കളും സർവ്വശക്തരും സർവ്വവ്യാപികളും അല്ല. ദൈവം കല്പിച്ചേല്പ്പി ക്കുന്ന ചില ഉത്തരവാദിത്വങ്ങൾ ചെയ്യുവാനുള്ള കഴിവുമാത്രമേ മാലാഖ മാർക്കുള്ളൂ. അവർക്കാർക്കും സർവ്വലോകരുടെയും പ്രാർത്ഥനകേൾക്കാ നുള്ള കഴിവില്ല. അവർക്കെല്ലാം പരിമിതികൾ ഉണ്ട്. വിശുദ്ധന്മാർ എല്ലാ വരും ഒരിക്കൽ സ്വർഗ്ഗത്തിൽ വസിക്കേണ്ടവരാണ്. എന്നാൽ, അന്ന് അവർ ദൈവങ്ങളോ കുട്ടി ദൈവങ്ങളോ ആകുകയില്ല. മരണമില്ലാത്ത ശരീരം ഒരി ക്കൽ വിശുദ്ധന്മാർക്കു ലഭിക്കും. എന്നാൽ, അപ്പോഴും അവർ ദൈവങ്ങളോ കുട്ടിദൈവങ്ങളോ ആകുകയില്ല. സർവ്വജ്ഞാനികൾ ആകുകയില്ല. തീർച്ച

യായും വിശുദ്ധയായ മറിയ ഇപ്പോൾ പറുദീസയിൽ വിശ്രമിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവിടെ അവർ ദിവ്യസന്തോഷം കണ്ടും കേട്ടും നിത്യത ചെലവഴിക്കുന്നു. എന്നാൽ ഭൂമിയിലെ മനുഷ്യരുടെ പ്രാർത്ഥന കേട്ട് മദ്ധ്യസ്ഥത ചെയ്യാനുള്ള സിദ്ധികൾ അവർക്കില്ല.'

കോരുതുമാപ്പിളയെയും അന്തോണിസാറിനെയും നോക്കിക്കൊണ്ട് ജോർജ്ശാസ്ത്രി പറഞ്ഞു: 'മനഃപൂർവ്വം ദുഷിക്കുകയല്ല. സത്യസുവിശേഷം പഠിപ്പിക്കുമ്പോൾ ദുരുപദേശങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതത്യാവശ്യമാണ്.'

'പാസ്റ്റർ വിഷമിക്കണ്ടാ. വസ്തുതകൾ മനസ്സിലാക്കാൻ ഞങ്ങൾ ക്കു താല്പര്യമുണ്ട്—നേരം പാതിരാ അടുത്തെങ്കിലും.'

'അന്തോണിസാറേ, വേദപുസ്തകത്തിൽ പാരമ്പര്യ സഭകൾ കാണിച്ചിട്ടുള്ള കൃത്രിമങ്ങൾക്ക് ഇനിയും ഉദാഹരണങ്ങൾ തരാം—എത്രവേണമെങ്കിലും.'

'പാസ്റ്റർ എല്ലാം പറഞ്ഞു തീർത്തിട്ടേ പോകാവൂ.'

'അലക്സാണ്ടർ ചക്രവർത്തിയുടെ പിൻഗാമികൾ ഈജിപ്റ്റിൽവച്ച് യഹൂദന്മാരുടെ വേദപുസ്തകം അഥവാ പഴയനിയമം എബ്രായഭാഷയിൽനിന്ന് ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യിച്ചു. അതിൽ നേരത്തെ ഉൾപ്പെടുത്തിയിട്ടില്ലാത്ത പതിനാലു പുസ്തകങ്ങൾ കൂട്ടിച്ചേർത്തു. അവ അപ്പോക്രിഫ ഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. സത്യവിശ്വാസികൾ ഒരിക്കലും ഈ പതിനാലു പുസ്തകങ്ങളെ വേദപുസ്തകത്തിന്റെ ഭാഗങ്ങളായി അംഗീകരിച്ചിട്ടില്ല. എന്നാൽ കത്തോലിക്ക ബൈബിളുകളിൽ ഇവയും അംഗീകൃതഗ്രന്ഥങ്ങളായി ചേർത്തിട്ടുണ്ട്. പാരമ്പര്യ സഭകളിലെ ചില അനാചാരങ്ങളെ പിന്താങ്ങുന്ന ചില പ്രസ്താവനകൾ അപ്പോക്രിഫഗ്രന്ഥങ്ങളിലുണ്ട്. മറിമായം ചേർന്ന ഈ ബൈബിൾ ഇന്ത്യയിലും പ്രസിദ്ധീകരിക്കാൻ പാരമ്പര്യ സഭാ കേന്ദ്രങ്ങളിൽ ആലോചനകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, പെന്തക്കോസ്തർ ഒരിക്കലും ആ ബൈബിൾ സ്വീകരിക്കുകയില്ല.'

'ദൈവവചനത്തോടു തൊട്ടുകളിക്കുന്നവർക്കു ശാപമുണ്ട്....യഹൂദന്മാരുടെ പഴയനിയമത്തിൽ ഇന്നുവരെ ഈ പതിനാലുപുസ്തകങ്ങൾ ചേർത്തിട്ടില്ല.' മഹത്വംചാക്കോച്ചൻ ഇടയ്ക്കുകയറി പറഞ്ഞു.

'ശര്യാ ചാക്കോച്ചാ....നവോത്ഥാനനേതാക്കൾ പതിനാറാംനൂറ്റാണ്ടിൽ അപ്പോക്രിഫ ഗ്രന്ഥങ്ങൾ ബൈബിളിൽനിന്നു നീക്കിക്കളയണമെന്ന് പോപ്പിനോട് ആവശ്യപ്പെട്ടതാണ്. ഫലമുണ്ടായില്ല.'

അന്തോണിസാർ കൈ ഉയർത്തി.

'ചോദിച്ചാലും.'

'നവോത്ഥാനപ്രസ്ഥാനം ഞങ്ങടെ കത്തോലിക്കാസഭ പിളർന്നുണ്ടായതല്ലേ?'

'ശരി'

'നിങ്ങടെ സഭകളുടെ അടിസ്ഥാനം ഒരു വിവാഹ മോചനക്കേസ് ആയിരുന്നല്ലോ! ഇംഗ്ളണ്ടിൽ ഏതോ ഒരു രാജാവിന്റെ വിവാഹമോചനം ഞങ്ങടെ പോപ്പ് അംഗീകരിച്ചില്ല. അതിന്റെ പിണക്കം തീർക്കാൻ ആ രാജാവ് ഞങ്ങടെ സഭ തല്ലിപ്പിളർത്തി പ്രൊട്ടസ്റ്റന്റു സഭകൾ രൂപീകരിച്ചതല്ലേ?'

'ഇതാരു പറഞ്ഞു?'

'അച്ചൻപട്ടത്തിനു പഠിക്കുന്ന എന്റെ അനന്തരവൻ.'

'വസ്തുതകൾ വളച്ചുകെട്ടിയുണ്ടാക്കിയ അറിവാണത്....ഞാൻ ബൈബിൾസ്കൂളിൽ പഠിക്കുന്ന കാലത്ത് ഇതേപ്പറ്റി ഉപന്യാസം എഴുതി

യിട്ടുണ്ട്. ഇംഗ്ളണ്ടിലെ ഹെൻട്രി എട്ടാമൻ എന്ന രാജാവ് അദ്ദേഹത്തിന്റെ വിവാഹമോചന വിഷയത്തിൽ പോപ്പുമായി പിണങ്ങിയ കാര്യം ശരിയാണ്. 1535–ൽ റോമൻ കത്തോലിക്ക സഭയുമായുള്ള ബന്ധം അദ്ദേഹം വിച്ഛേദിച്ചു. തന്മൂലം ഇംഗ്ളണ്ടിൽ കത്തോലിക്ക സഭയ്ക്ക് ശക്തിക്ഷയമുണ്ടായി. രാജാവിന്റെ പിന്തുണ ലഭിച്ചതുകൊണ്ട് പ്രൊട്ടസ്റ്റന്റുസഭകൾ ഇംഗ്ളണ്ടിൽ അല്പം വളരാൻ ഇടയായി എന്നതും സത്യം തന്നെ. എന്നാൽ നവോത്ഥാനപ്രസ്ഥാനത്തിന്റെ ഫലമായി ആദ്യത്തെ പ്രൊട്ടസ്റ്റന്റുസഭകൾ ഉണ്ടായത് ജർമ്മനിയിലാണ്.'

'അതേയോ?'

'അതെ. ജർമ്മൻ മതപണ്ഡിതനായ മാർട്ടിൻ ലൂഥറാണിതിനു നേതൃത്വം വഹിച്ചത്. 1513 മുതൽ അദ്ദേഹം റോമൻ കത്തോലിക്ക സഭയുടെ ദുരുപദേശങ്ങൾ അച്ചടിച്ചു പ്രചരിപ്പിച്ചുതുടങ്ങി. യൂറോപ്പിലാകെ ആയിരങ്ങൾ ലൂഥറിനെ അനുകൂലിച്ച് പ്രൊട്ടസ്റ്റന്റു സഭകൾ രൂപീകരിച്ചു. ഇതാണ് പ്രൊട്ടസ്റ്റന്റു സഭകളുടെ ഉത്ഭവചരിത്രം; അല്ലാതെ വിവാഹമോചനപ്രശ്നമല്ല. പ്രൊട്ടസ്റ്റന്റുസഭകളുടെ ഉത്ഭവത്തിനുശേഷം പത്തുവർഷം കഴിഞ്ഞാണ് വിവാഹമോചനപ്രശ്നം ഉണ്ടായത്; ഇരുപത്തിരണ്ടുവർഷം കഴിഞ്ഞാണ് രാജാവ് കത്തോലിക്കാ സഭയുമായുള്ള ബന്ധം പൂർണ്ണമായി വിച്ഛേദിച്ചത്'.

'എന്നാലും ലൂഥർ മാതൃസഭ വിട്ടതു തെറ്റല്ലേ?'

'സത്യം പ്രചരിപ്പിച്ചതിനു മാതൃസഭ അദ്ദേഹത്തെ വളരെ പീഡിപ്പിച്ചു. വളരെക്കാലം ഒളിവിൽ പാർക്കേണ്ടിവന്നു. ബൈബിളിനു പ്രചാരം ലഭിച്ചാൽ, പൊതുജനങ്ങൾ സത്യസുവിശേഷം മനസ്സിലാക്കി കത്തോലിക്കസഭ വിട്ടുകളയുമെന്ന് നേതാക്കൾക്ക് ഭയമുണ്ടായിരുന്നു. അതിനാൽ, ബൈബിൾ സാധാരണക്കാരന്റെ ഭാഷയിലേക്കു വിവർത്തനം ചെയ്ത ജോൺവിക്ലിഫിനെ സഭ മരണയോഗ്യനായി വിധിച്ചു. ജീവൻ ഭയന്ന് നാടു വിട്ടോടിയ വിക്ലിഫ് രോഗിയായി മരിച്ചു. എന്നിട്ടും സഭാനേതാക്കളുടെ വൈരം തീർന്നില്ല. അദ്ദേഹത്തിൻെറ ശവം തുരന്നെടുത്ത് ചുട്ടു ചാമ്പലാക്കി.'

'അതേതായാലും കഷ്ടമായിപ്പോയി.'

'സാറേ, വേറെയുമുണ്ട് ക്രൂരത! പിന്നീട് ടിൻഡെയിൽ എന്ന ഭക്തൻ രഹസ്യമായി ബൈബിൾ വിവർത്തനം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. കത്തോലിക്ക നേതാക്കൾ കണ്ടുകിട്ടിയ കോപ്പികൾ ചുട്ടുകരിച്ചുകളഞ്ഞു. പോപ്പ് നിയമിച്ചാക്കിയ വില്യം വാറം എന്ന ബിഷപ്പാണ് ഈ ക്രൂരതയുടെ പിന്നിൽ പ്രവർത്തിച്ചത്. സഭയുടെ ദുരുപദേശങ്ങൾ ലഘുലേഖകളിൽകൂടി പുറത്തുകൊണ്ടുവന്ന ടിൻഡെയിലിനെ ഒടുവിൽ ഒരു തൂണിൽ കെട്ടിയിട്ട് കഴുത്തു ഞെരിച്ചു കൊന്നു.'

'കഷ്ടം, കഷ്ടം!'

'കഷ്ടം തന്നെ. അന്ന് ബൈബിൾ ഒരു നിരോധിതഗ്രന്ഥമായിരുന്നു. പുരോഹിതന്മാർക്കു മാത്രമേ ബൈബിൾ വായിക്കാനും വ്യാഖ്യാനിക്കാനും അനുവാദമുണ്ടായിരുന്നുള്ളൂ. പുരോഹിതവർഗ്ഗത്തിന്റെ വളച്ചൊടിച്ച വ്യാഖ്യാനം സഭാജനങ്ങളുടെ മേൽ അടിച്ചേല്പ്പിക്കുകയായിരുന്നു പതിവ്.'

അന്തോണിസാറിന്റെ മുഖത്തു പ്രകടമായ ജാള്യത ജോർജ്ശാസ്ത്രി ശ്രദ്ധിച്ചു: 'സാറെ, വേദപുസ്തകത്തിലെ പുതിയനിയമം വായിച്ചു നോക്കൂ. നിങ്ങളെ പഠിപ്പിച്ചുവച്ചിരിക്കുന്ന ഉപദേശങ്ങൾ വെറും വ്യാജമാണെന്നു മനസ്സിലാകും.'

കോരുതുമാപ്പിളയും അന്തോണിസാറും അന്യോന്യം ഒന്നു നോക്കി.

'ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യസേവനങ്ങളും കൂടുതലും കത്തോലിക്കാസഭയല്ലേ ചെയ്യുന്നത്?'

'ശരി. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പുരോഹിതന്മാരെ ഞങ്ങൾ ആദരിക്കുന്നു. എന്നാൽ സൽക്കർമ്മങ്ങൾ ചെയ്തതുകൊണ്ടുമാത്രം ആയില്ല. സത്യവിശ്വാസസംഹിതയും സ്വീകരിച്ചേ പറ്റൂ.'

'പെന്തക്കോസ്തുകാർ സമൂഹത്തിന് എന്തു ഗുണം ചെയ്യുന്നു?'

സന്ധ്യയ്ക്കു തുടങ്ങിയതാണ് ജോർജ്ശാസ്ത്രിയുടെ വേദപഠനം. ഇനി സംസാരിക്കാൻ ശക്തിയില്ലദ്ദേഹത്തിന്. ശബ്ദം പുറത്തുവിടാൻ ബദ്ധപ്പെട്ടുകൊണ്ട് അദ്ദേഹം മത്തായിച്ചനെ ഒന്നു നോക്കി.

മറുപടി പറഞ്ഞതു മത്തായിച്ചനാണ്.

'അന്തോണിസാറെ, വ്യക്തിപരമായി ചെയ്യാവുന്ന സഹായങ്ങൾ ഞങ്ങൾ പാവപ്പെട്ടവർക്കു ചെയ്യുന്നുണ്ട്. ഭൂലോകമാസകലമുള്ള പെന്തക്കോസ്തുകാർ പൊതുവെ കർഷകരും തൊഴിലാളികളും ആണ്. ധനവാന്മാർ വിരലിലെണ്ണാൻ മാത്രം. കേരളത്തിലാണെങ്കിൽ ഒരു നല്ലവിഭാഗം പാവപ്പെട്ടവരാണ്. നിങ്ങളുടെ സഭയ്ക്ക് ലോകത്തെമ്പാടുംകൂടി കോടാനുകോടി അംഗങ്ങളുണ്ട്. ഇപ്പോൾ പെന്തക്കോസ്തു പ്രസ്ഥാനത്തിന് ലോകത്തെമ്പാടുംകൂടി പത്തുലക്ഷം അംഗങ്ങൾപോലും കാണുകയില്ലെന്നുതോന്നുന്നു. നിങ്ങൾ ചെയ്യുന്ന രീതിയിലുള്ള വിപുലമായ കാര്യങ്ങൾ ചെയ്യാനുള്ള ശേഷി ഞങ്ങൾക്കില്ല. എങ്കിലും ചെറിയ തോതിലുള്ള അനാഥശാലകളും വിദ്യാലയങ്ങളും ആശുപത്രികളും ഞങ്ങൾക്കുമുണ്ട്.'

'സമൂഹത്തോടു നമുക്കു കടപ്പാടുണ്ട്!'

'തീർച്ചയായും ഉണ്ട്....നിങ്ങൾ പാവപ്പെട്ടവനു പുരമേഞ്ഞുകൊടുക്കുകയും കറവപ്പശുവിനെ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ആ പുരയ്ക്കകത്തു താമസിക്കുന്നവരോട് യഥാർത്ഥ മോക്ഷത്തിനുള്ള മാർഗ്ഗം യേശുക്രിസ്തുവാണെന്ന സത്യം പറഞ്ഞുകൊടുക്കാറുണ്ടോ?'

'മത്തായൂദേശീ, താങ്കൾ പറയുന്നത് സാമൂഹ്യസേവനം ചെയ്യുന്ന ഞങ്ങളുടെ കന്യാസ്ത്രീകളും പുരോഹിതന്മാരും നരകത്തിൽ പോകുമെന്നാണോ?'

'അക്കാര്യം തീരുമാനിക്കാൻ ഞാനാര്? ദയാപരനായ ദൈവം വിധിക്കട്ടെ....എന്നാൽ പൊതുജനം സത്യസുവിശേഷത്തിലേക്കു നീങ്ങുന്നതിനു തടസ്സംനില്ക്കുന്ന പുരോഹിതവർഗ്ഗം കുറ്റക്കാരാണ്.'

'ഉപദേശീ, നിങ്ങൾക്ക് നിങ്ങടെ സ്വന്തം സഭാപ്രസ്ഥാനത്തെ വളർത്തണമെന്നല്ലാതെ മറ്റെന്തെങ്കിലും ലക്ഷ്യമുണ്ടോ? ഈ സഭാപ്രേമം നല്ലതാണോ?'

'സാറേ, നിങ്ങളാണ് അന്ധരായ സഭാപ്രേമികൾ. കാരണം, തെറ്റായാലും ശരിയായാലും സഭ പറേന്നതു മാത്രമേ നിങ്ങൾ അനുസരിക്കയുള്ളു. അന്ധാചാരങ്ങൾ തൂത്തെറിയാൻ നിങ്ങൾക്കു മനസ്സില്ല.'

'നിങ്ങൾ പ്രസ്ഥാനത്തെ മാത്രം ഉയർത്തുന്നു.'

'ഞങ്ങൾ യേശുക്രിസ്തുവിനെ ഉയർത്തിക്കാണിക്കുകയാണു ചെയ്യുന്നത്—യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു; രോഗികളെ സൗഖ്യമാക്കുന്നു; പരിശുദ്ധാത്മാവിനെ നൽകുന്നു; രാജാവായി വേഗം വരുന്നു—ഇതാണ് പെന്തക്കോസ്തു സന്ദേശം. ഈ സന്ദേശം നിങ്ങൾ പൂർണ്ണമായി വിശ്വസിക്കുകയും അനാചാരങ്ങളെ തൂത്തെറിയുകയും ചെയ്താൽ കത്തോലിക്കാ

സഭയിലേക്ക് തിരികെ വരാൻ ഞാൻ തയ്യാറാണ്. ഒരു സഭയെയല്ല. ഒരു സന്ദേശത്തെ വളർത്താനാണു ഞങ്ങൾ ശ്രമിക്കുന്നത്.'

സാറാമ്മ കൊണ്ടുവന്ന വടയും കാപ്പിയും കഴിച്ചശേഷം വേദപഠിതാക്കൾ ഓരോരുത്തരായി യാത്രപറഞ്ഞു.

കോരുതുമാപ്പിളയും അന്തോണിസാറും ജോർജുശാസ്ത്രിയെ ചുംബിച്ചു. ഹൃദയങ്ങൾ അടുത്തുകഴിഞ്ഞ പ്രതീതി.

നടപ്പാതയിലെത്തിയ അന്തോണിസാർ പുറകിലോട്ടു നോക്കി: 'പാസ്റ്ററേ, ഞാൻ നാളെ മുതൽ പുതിയനിയമം ശ്രദ്ധിച്ചു വായിക്കാം. മനസ്സിലാകുന്ന സത്യങ്ങൾ അനുസരിക്കും.'

'സത്യം നിങ്ങളെ സ്വതന്ത്രരാക്കും.' ജോർജ്ശാസ്ത്രി ഇടറിയ ശബ്ദത്തിൽ പറഞ്ഞു.

♦ ♦ ♦

ജോണിയെ തൂവയൂർ സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ ചേർത്തിട്ടു മടങ്ങിവന്നപ്പോൾ സാറാമ്മ മത്തായിച്ചനോടു ചോദിച്ചു: 'നമ്മടെ റോസമ്മ—അവൾക്കൊരു കല്യാണം നടക്കണ്ടേ?'

'ദൈവം അവൾക്കുവേണ്ടി ഒരു വരനെ നോക്കിവെച്ചിട്ടുണ്ട്.'

'കൊച്ചിന് ഇരുപതു വയസ്സാകാറായി. വാര്യാപുരത്തു വന്ന വർഷം ജനിച്ചതാ അവള്. ഇനീ എത്രനാളാ വീട്ടിൽ നിറുത്തുന്നത്?'

'ദൈവത്തിനിഷ്ടമുള്ള സമയത്ത് അവടെ കല്യാണം നടക്കും. നമ്മളു ധൃതി പിടിച്ചാലൊക്കത്തില്ല. ഏതായാലും നമ്മുടെ യേശുകർത്താവു വീണ്ടും വരാറായി. അവളെ കെട്ടിക്കുന്നതിനുമുമ്പേ യേശുകർത്താവു വരികയില്ലെന്നാർക്കു പറയാൻ കഴിയും?'

റോസമ്മ നീണ്ട വടിവൊത്ത ഒരു ശരീരത്തിന്റെ ഉടമയാണ്. തിളങ്ങുന്ന കണ്ണുകൾ. ഇരുനിറം. നീണ്ട പുരികങ്ങൾ. രൂപഭംഗി വഴിഞ്ഞൊഴുകുന്ന നെറ്റിത്തടം. പ്രകാശം സ്ഫുരിക്കുന്ന ശാന്തവദനം. തോളിനു രണ്ടടി താഴെ വരെ കിടക്കുന്ന കാർകൂന്തൽ.

മുടിയിൽ മുല്ലപ്പൂവില്ല.
കഴുത്തിൽ കനകമില്ല.
കാതിൽ കമ്മലില്ല.
കാലിൽ ചിലങ്കയില്ല.
നെറ്റിയിൽ സിന്ദൂരക്കുറിയില്ല.

അവളാരെയും ഏറുകണ്ണിട്ടു നോക്കാറില്ല. ഇളകിയ മണ്ണിൽ ആനയെപ്പോലെ നടക്കാറുമില്ല.

എങ്കിലും അവൾ സുന്ദരിയായിരുന്നു. ജന്മസിദ്ധമായ സൗന്ദര്യം. ദൈവം നൽകിയ സൗന്ദര്യം.

പക്ഷേ, അവൾ പഠിക്കാൻ സമർത്ഥയല്ലായിരുന്നു. പത്താംക്ലാസ്സിൽ രണ്ടുതവണ തോറ്റു—നാലു വർഷത്തിനു മുമ്പ്. അന്നു വിദ്യാഭ്യാസം നിർത്തി.

അയലത്തു താമസിക്കുന്ന ചെല്ലമ്മയാശാട്ടി റോസമ്മയെ ചോദ്യം ചെയ്തു: 'കുഞ്ഞേ നീയെന്താ ഇച്ചിരി ചിന്തൂരവും കൺമഷിയും തേയ്ക്കാത്തത്? നിന്റെ മുഖം കണ്ടിട്ട് ഒലത്താത്ത കപ്പേടെകൂട്ടിരിക്കുന്നു.'

'ഞങ്ങളു ദൈവമക്കളാ. സിനിമാനടികടെ വേഷമല്ല ദൈവമക്കൾക്ക്.'

'കുഞ്ഞേ, കൊറേ ചിന്തൂരോം കൺമഷീം പുരട്ടിയതുകൊണ്ട് നരക

ത്തിലെങ്ങും പോകത്തില്ല. കല്ലിലും വെള്ളത്തിലും പൊടിയിലുമെല്ലാം ഈശ്വരനുണ്ടെന്നാ ഞങ്ങടെ ശ്രീനാരായണഗുരുദേവൻ പറഞ്ഞിരിക്കുന്നത്. അപ്പോൾ ചിന്തൂരത്തിലും കൺമഷിയിലും എല്ലാം ദൈവമുണ്ട്.'

'ദൈവം എന്റെ ഹൃദയത്തിലൊണ്ട്—ആ സൗന്ദര്യം മതിയെനിക്ക്.'

മത്തായിച്ചൻ വിചാരിച്ചതുപോലെ യേശുക്രിസ്തു വന്നില്ല. പക്ഷേ, റോസമ്മയ്ക്ക് ചെറുക്കന്മാർ വന്നു. ഒപ്പം കല്യാണാലോചനയ്ക്കായി ദല്ലാളന്മാരും.

ബാവാച്ചനാണ് ആദ്യത്തെ യുവാവ്. രണ്ടാംലോകമഹായുദ്ധസേവനം കഴിഞ്ഞു മടങ്ങിയെത്തിയ ഒരുസുമുഖൻ. അയാൾ റോസമ്മയെ നോട്ടമിട്ടു.

പലവട്ടം റോഡിൽവച്ച് നോട്ടംകൊണ്ട് റോസമ്മയുടെ ശ്രദ്ധയെ ആകർഷിക്കാൻ ശ്രമിച്ചു. പക്ഷേ റോസമ്മ ഗൗനിച്ചില്ല.

ഒടുവിൽ റോസമ്മയോടു നേരിൽ സംസാരിക്കാൻ തീരുമാനിച്ചു.

റോസമ്മ ഒരു തുണിസഞ്ചിയിൽ പലചരക്കുസാധനങ്ങൾ വാങ്ങി വീട്ടിലേക്കു മടങ്ങുകയായിരുന്നു. വൃക്ഷത്തിന്റെ പുറകിൽ മറഞ്ഞുനിന്ന ബാവാച്ചൻ റോസമ്മയെ ദൂരെവച്ചുതന്നെ കണ്ടു. റോഡിലിറങ്ങി എതിരേ നടന്നു. ഇരുവരും തമ്മിലടുത്തു. കൈയിൽ സിഗററ്റ് പുകയുന്നുണ്ടായിരുന്നു.

'റോസമ്മേ, എനിക്കൊരു കാര്യം പറയാനുണ്ട്. ഒന്നു നില്ക്ക്.'

റോസമ്മ നിന്നില്ല. വാ തുറന്നില്ല—വേഗതകൂട്ടി നടന്നകന്നു.

ബാവാച്ചൻ സിഗററ്റു പാതയോരത്തേക്കു വലിച്ചെറിഞ്ഞു.

കത്തിയെരിഞ്ഞ സിഗററ്റ് മാത്രമല്ല ബാവാച്ചൻ ഉപേക്ഷിച്ചത്. ഒപ്പം റോസമ്മയെ സ്വന്തമാക്കാനുള്ള മോഹവും!

♦ ♦ ♦

കുക്കുസായിപ്പും കുടുംബവും, ദ്വിഭാഷി മാലക്കര തോമാച്ചനോടൊത്ത് തൂവയൂർ ദൈവസഭാമന്ദിരത്തിലാഗതരായിട്ടുണ്ട്.

1929-ൽ, ഇരുപത്തൊന്നു വർഷംമുമ്പ്, തന്റെ രോഗംപിടിച്ച കണ്ണിൽ സ്പർശിച്ചു കുക്കുസായിപ്പു പ്രാർത്ഥിച്ചതും താൻ മാനസാന്തരപ്പെട്ടതുമായ രംഗം മത്തായിച്ചൻ തൂവയൂർ വിശ്വാസികളോട് വിവരിച്ചുതുടങ്ങി. മത്തായിച്ചനെ വികാരം കീഴടക്കി. ഒരു ശിശുവിനെപ്പോലെ അദ്ദേഹം വിങ്ങിക്കരഞ്ഞു. പറഞ്ഞു തുടങ്ങിയതു തീർക്കാതെ കസേരയിൽ ചെന്നിരുന്നു.

ഈറൻ കണ്ണുകളുമായി യാത്രപറയാനെഴുന്നേറ്റുനിന്ന കുക്കുസായിപ്പിനെ മത്തായിച്ചൻ സൂക്ഷിച്ചുനോക്കി.

പഴയ കാഞ്ചനച്ഛവി പരത്തുന്ന മുടി നിശ്ശേഷം കൊഴിഞ്ഞുപോയിരിക്കുന്നു. പകരം, ചെവിപ്പുറകിൽ നരച്ച നാലഞ്ചു മുടി.

മാർദ്ദവമേറിയിരുന്ന ത്വക്കിന് ഇന്നു ചുളുക്കം.

പല്ലുകൾക്ക് പഴയതുപോലെ തിളക്കമില്ല. മുൻനിരയിൽ രണ്ടു പല്ലുകൾ നഷ്ടമായിട്ടുണ്ട്.

അന്നത്തെ ഗംഭീര വാഗ്ധോരണിയില്ല. പകരം തൊണ്ടയിടർച്ചയോടുകൂടിയ പരുക്കൻ ശബ്ദം.

എഴുപതുവയസ്സുള്ള ഒരു വൃദ്ധൻ. ഇനി സുവിശേഷം പ്രസംഗിച്ചുനടക്കാൻ പ്രായവും ശരീരവും ശബ്ദവും തന്നെ അനുവദിക്കില്ല.

കുക്കുസായിപ്പ് ഭക്ഷണം കഴിഞ്ഞ് കാറിൽ കയറിയപ്പോൾ മത്തായിച്ചൻ ദ്വിഭാഷി മുഖേന പറഞ്ഞു: 'അങ്ങ് വിശ്രമിക്കാൻ സമയമായി. സ്വന്തം നാട്ടിൽ മടങ്ങിയെത്തി വിശ്രമിച്ചാലും.'

'എന്റെ സ്വന്തനാട് അമേരിക്കയല്ല—സ്വർഗ്ഗമാണ്. ഇനീ നിങ്ങളെയെല്ലാം ഞാൻ പറുദീസയിൽവച്ച് കാണും.' അദ്ദേഹത്തിന്റെ ശബ്ദം ഗദ്ഗദത്തിൽ അവസാനിച്ചു.

കാറ് മറയുവോളം മത്തായിച്ചനും സഭാംഗങ്ങളും നോക്കിനിന്നു. ഇനിയൊരിക്കലും കുക്കുസായിപ്പിനെ ഈ ഭൂമിയിൽവച്ച് കാണാൻ സാധ്യമല്ലല്ലോ എന്ന വസ്തുതയാണവരെ വേദനിപ്പിച്ചത്.

വളരെ ജോലിത്തിരക്കുള്ള കുക്കുസായിപ്പ്. അമേരിക്കയിലേക്കു മടങ്ങുന്നതിനുമുമ്പേ തൂവയൂർ സഭാജനങ്ങളോടു യാത്രചോദിക്കാൻ വന്നല്ലോ എന്ന വസ്തുത ഓർത്തപ്പോൾ ചിലരുടെ കണ്ണുകൾ വീണ്ടും ചുടുനീർ പൊഴിച്ചു.

അന്നു വൈകിട്ട് അത്താഴം കഴിക്കാനിരുന്നപ്പോൾ ജോണിയുടെ മുഖം വിളറിയിരുന്നു. ഊണുകഴിഞ്ഞ് റോസമ്മ ജോണിയെ ചുറ്റിപ്പറ്റി നിന്നു. ഒടുവിൽ ജോണി കാര്യം തുറന്നുപറഞ്ഞു.

ഉച്ചയ്ക്ക് കുക്കുസായിപ്പിനും അതിഥികൾക്കും ഇറച്ചിയും മുട്ടയും മീനുംകൂട്ടി വിഭവസമൃദ്ധമായ ഊണുനൽകി. അതിഥികളെ ഊട്ടിക്കഴിഞ്ഞപ്പോൾ ഭക്ഷണം അധികം ശേഷിച്ചിരുന്നില്ല. ചോറും കാച്ചിയ മോരും രണ്ടു മുട്ടക്കഷണങ്ങളും മാത്രം. കുടുംബാംഗങ്ങൾ അവ വീതിച്ചപ്പോൾ ആനവായിൽ അമ്പഴങ്ങാപോലെ.

അതിന്റെ പ്രതിഷേധമാണ് ജോണിയുടെ മുഖം വിളിച്ചറിയിച്ചത്.

അവൾ ജോണിയുടെ നീരസം ശമിപ്പിക്കാൻ ശ്രമിച്ചു: 'എടാ കൊച്ചനേ, വിരുന്നുകാരെ സൽക്കരിക്കയെന്നത് ദൈവദാസന്മാരുടെ കടമയാ. അതിൽ നമ്മൾ മുഷിയരുത്. അപ്പച്ചനും അമ്മച്ചീം നമ്മളെ ഒരിക്കലും പട്ടിണി കെടത്തീട്ടില്ല. പിന്നെ, എറച്ചീം മൊട്ടേം അതിഥികൾക്ക് കൊടുക്കുന്നതുപോലെ നമ്മക്കു തരാൻ നമ്മടെ വീട്ടിൽ സൗകര്യമില്ല.'

ജോണി അടങ്ങിയില്ല: 'ഈ പെന്തക്കോസു സഭേലായതുകൊണ്ടാ നമ്മക്ക് ഇത്രേം ദുരിശിച്ച് ആഹാരം കഴിക്കേണ്ടിവരുന്നത്. അപ്പച്ചൻ ചെങ്ങന്നൂർ തെങ്ങുവിളതറവാട്ടിൽ കെടന്നിരുന്നെങ്കിൽ മൂന്നുനേരോം എറച്ചീം മൊട്ടേം നെയ്യും പാലുംകൂട്ടി ആഹാരം കഴിക്കാമാരുന്നു.'

'കുഞ്ഞേ നീയങ്ങനെ പറയാതിരിയെടാ. നമ്മടെ അപ്പച്ചൻ പെന്തക്കോസിലായതുകൊണ്ട് എത്രയോ പാപികൾ മാനസാന്തരപ്പെടാനെടയായി. അപ്പച്ചൻ പോന്നടത്തെല്ലാം സഭവളർന്നു വർദ്ധിക്കുന്നു.'

'ഓഹോ, സഭ വളരുന്നു. സ്വന്തം വയറു നെറയ്ക്കാതാന്നോ സഭേവളർത്തുന്നത്. നോക്ക്. അപ്പച്ചന്റെ ശരീരം ഒന്നിനൊന്ന് ക്ഷീണിച്ചു കൊറിഞ്ഞി വരുന്നു....സഭയ്ക്കുവേണ്ടി അദ്ധ്വാനിച്ച്....എനിക്കീ സഭേം വേണ്ടാ. സഭക്കാരേം വേണ്ടാ.'

'നീയിതു കേക്കു ചെറുക്കാ....പെന്തക്കോസ്തു പ്രസ്ഥാനം തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. പെന്തക്കോസ്തുസഭകൾക്ക് അംഗസംഖ്യ വളരെ കുറവാ. കുടുംബബന്ധങ്ങളും സമുദായമൈത്രിയും ഉദ്യോഗവും നഷ്ടപ്പെടുത്തി ഈ പുതിയ പ്രസ്ഥാനത്തിൽ ചേരാൻ പണവും പ്രതാപവുമുള്ളവരാരും തയ്യാറാകുന്നില്ല. അതുകൊണ്ട് പെന്തക്കോസ്തു സഭാംഗങ്ങൾ ഒട്ടുമുക്കാലും സാമ്പത്തികമായി സാധാരണക്കാരാ. ഉപദേശിമാരെ തീറ്റിപ്പോറ്റാൻ കഴിവുള്ള സഭകൾ വളരെകുറവാ.'

'എനിക്കീ ചരിത്രമൊന്നും കേക്കണ്ടാ.'

'എന്നാലും നീ കേക്ക്. പണ്ടൊരിക്കൽ ഒരു ബന്ധുവിന്റെ കല്യാണസ

ദ്യയിൽ ക്ഷണം കിട്ടിയതനുസരിച്ച് റാന്നീക്കാരൻ ജോസഫൂദേശി സംബന്ധിച്ചു. പെന്തിക്കോസ്തുകാരൻ ഞങ്ങടെ കല്യാണത്തിനുവരണ്ടാ എന്ന് അട്ടഹസിച്ചുകൊണ്ട് അദ്ദേഹത്തെ ആ കുടുംബത്തിലെ ഒരു മൂത്ത കാരണവൻ ആട്ടിപ്പുറത്താക്കി....പെന്തിക്കോ സ്തുകാർക്ക് ശവക്കോട്ടയ്ക്ക് സ്ഥലം വില്ക്കരുതെന്ന് പണ്ടൊക്കെ പാരമ്പര്യപള്ളിക്കാർ ആജ്ഞകൊടുത്തിരുന്നു. അതുകൊണ്ട് പണ്ട് വാര്യാപുരത്തുകാർ പത്തുപതിനഞ്ചു മൈൽ ശവം ചുമന്ന് ചെങ്ങന്നൂർ ശവക്കോട്ടയിലായിരുന്നു കുഴിച്ചിട്ടിരുന്നത്. പലരുടെയും ശവങ്ങൾ വീട്ടുപറമ്പിൽതന്നെ കുഴിച്ചിടേണ്ടിവന്നു.'

'നാണക്കേട്—കഷ്ടപ്പാട്.'

'അതെ, സത്യം പിൻപറ്റുമ്പോൾ കഷ്ടം സഹിച്ചേ പറ്റൂ.... പണ്ടൊരിക്കൽ ഞാൻ പരീക്ഷയിൽ തോറ്റപ്പം കണക്കുസാർ എന്നെ അടിക്കാൻ ക്ലാസ്സിന്റെ മുമ്പിൽ എഴുന്നേല്പിച്ചു നിർത്തി. ഞാൻ കരയാൻ തുടങ്ങി. എടീ നീ മലയാളത്തിൽ കരയാതെ പെന്തിക്കോസ്തുകാരുടെ മറുഭാഷേൽ കരയാമെങ്കിൽ നിന്നെ അടിക്കത്തില്ലെന്ന് സാർ പരിഹസിച്ചു. കുട്ടികളെല്ലാംകൂടി കൂട്ടച്ചിരി'.

'ഇച്ചരിത്രങ്ങളൊക്കെ എത്രപ്രാവശ്യം വെളമ്പീട്ടൊള്ളതാ. കേട്ടുകേട്ടു മടുത്തു.'

ജോണി ഉറങ്ങുന്നതുവരെ, അപ്പൊസ്തലന്മാർ സുവിശേഷത്തിനുവേണ്ടി സഹിച്ച ദുഃഖദുരിതാപമാനങ്ങളെപ്പറ്റി റോസമ്മ വിശദീകരിച്ചുകൊണ്ടിരുന്നു.

♦ ♦ ♦

ക്രിസ്മസ് അവധിക്ക് മാവേലിക്കര ജോർജ് ഉപദേശിയും മകൻ അവറാച്ചനുംകൂടി മത്തായിച്ചന്റെ ഭവനത്തിലെത്തി.

അവറാച്ചന് റോസമ്മയെ തൃപ്തിയായി.

രണ്ടാഴ്ച കഴിഞ്ഞ് ജോർജുപദേശി വീണ്ടും മത്തായിച്ചനെ സന്ദർശിച്ചു. വന്നതിന്റെ താല്പര്യം അറിയിച്ചു.

'വിവാഹത്തിന് ഞങ്ങക്കും ചെറുക്കനും താത്പര്യം.'

'സ്തോത്രം. ഞങ്ങൾക്കും താത്പര്യമാ.'

എന്തോ ഗൗരവമായ വിഷയം സംസാരിക്കാൻ തയ്യാറെടുക്കുന്ന രീതിയിൽ ജോർജുപദേശി രണ്ടുമൂന്നുവട്ടം മെല്ലെ ചുമച്ചു. കണ്ഠശുദ്ധി വരുത്തി.

'എന്നാല്....കേട്ടോ....നമ്മളിതുവരെ സ്ത്രീധനത്തിന്റെ കാര്യം സംസാരിച്ചില്ലല്ലോ?'

സ്ത്രീധനം.

സ്ത്രീധനം.

മത്തായിച്ചൻ അല്പസമയം ചിന്തിച്ചിരുന്നു. വീണ്ടും ആ വാക്ക് ഹൃദയത്തിൽ മുഴങ്ങി.

സ്ത്രീധനം!

തല ചൊറിഞ്ഞുകൊണ്ടു മത്തായിച്ചൻ പറഞ്ഞു: 'സ്ത്രീധനമോ! അവൾതന്നെ ഒരു ധനമാ. പൈങ്കിളിസ്വഭാവം. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച പെൺകുട്ടി.'

'എൻെറ മോനും രക്ഷിക്കപ്പെട്ടോനാ.'

'സ്തോത്രം.'

'ആരോഗ്യവാൻ. കണ്ടാൽ കൊള്ളാവുന്ന ചെറുക്കൻ. അവന് ആരും അയ്യായിരം രൂപാ സ്ത്രീധനം തരും. മത്തായിച്ചനായതുകൊണ്ട് രണ്ടായിരം രൂപാ തന്നാമതി.'

രണ്ടായിരം—ആ സംഖ്യ മത്തായിച്ചനെ ഞെട്ടിച്ചു...രണ്ടായിരം!

'ജോർജുപദേശിക്കെന്തിനാ രണ്ടായിരം രൂപാ. നിങ്ങളു പണക്കാരല്ലേ? മക്കളെല്ലാം ഉദ്യോഗക്കാരല്ലേ?'

'പണക്കാരോ അല്ലയോ എന്നതല്ല പ്രശ്നം....നിങ്ങടെ മൂത്ത മോൾ റോസമ്മ ഒരു കുടുംബജീവിതം തുടങ്ങുമ്പോൾ അവൾക്കൊരു സമ്മാന മായി രണ്ടായിരം രൂപാ കൊടുക്കുന്നതൊട്ടും അധികപ്പറ്റല്ല. അവർക്ക് വീടു പണിതൊടങ്ങാനൊള്ള കാശാകട്ടെ.'

'ഉപദേശിക്കെന്തിനാ വീട്?'

'എന്താ ഞങ്ങൾക്കൊന്നും വീടുവേണ്ടേ?'

'ആറേഴുമുറിയുള്ള വല്യ വീട്ടിലല്ലേ ഇപ്പോൾ താമസം! പുത്തൻ വീടല്ലേ!'

'ഉവ്വ്'

'ചെറുക്കനു ജോലി ജർമനിയിലായതുകൊണ്ട് ഇനി നാട്ടിലെന്തിനാ വീടു പണീന്നത്?'

ഉത്തരംമുട്ടിയ രീതിയിൽ നിന്നിട്ട് ചോദിച്ചു: 'എൻെറ മോനപ്പോൾ ര ണ്ടായിരം രൂപാ സ്ത്രീധനം വാങ്ങാൻ അർഹതയില്ലേ?'

'അർഹതയൊണ്ട്. പക്ഷേ എന്റെ കയ്യില് പണമില്ല.'

'പണമില്ലെന്നോ! മത്തായിച്ചൻ ചെങ്ങന്നൂർ തെങ്ങുവിള തറവാട്ടുകാ രനല്ലേ? നിങ്ങളൊക്കെ പണക്കാരാണെന്നാ ഞാങ്കേട്ടത്.'

'സുവിശേഷവേലയ്ക്കിറങ്ങിയപ്പം തെങ്ങുവിള തറവാടു മൊത്തം എഴുതിവിറ്റു ദൈവവേലയ്ക്കു ദാനം ചെയ്തു.'

ജോർജുപദേശിയുടെ മുഖത്ത് അത്ഭുതത്തിന്റെ വരകൾ പടർന്നു.

'വീട്ടുസാമാനങ്ങൾ വിറ്റു സ്ത്രീധനം തരാമായിരുന്നു. പക്ഷേ അവ യെല്ലാം പഴഞ്ചനായി. പത്തിരുപതു വർഷംമുമ്പ് വാര്യാപുരത്തുവച്ചു വാങ്ങി ച്ചതാ മരസ്സാമാനങ്ങൾ മിക്കതും.'

'മത്തായിച്ചനെ എല്ലാവർക്കും വിശ്വാസമല്ലേ?'

'വ്വ്'

'ആരോടെങ്കിലും കടം വാങ്ങി രണ്ടായിരം രൂപാ അടുപ്പിച്ചാ മതി. മത്തായിച്ചൻ ചോദിച്ചാൽ ആരും തരും.'

തെല്ലിട മൗനത്തിനുശേഷം മത്തായിച്ചൻ ആരാഞ്ഞു: 'ജോർജുപദേ ശിക്കെന്നെ വിശ്വാസമാണോ?'

'തീർച്ചയായും.'

'എന്നാലൊരുപകാരം ചെയ്താട്ടെ. എന്റെ മോൻ ജോണി ഇപ്പം പള്ളി ക്കൂടത്തിൽ പോകുവാ. അവൻ പഠിച്ചു പാസ്സായി ഒരു ജോലി കിട്ടുന്ന കാലത്ത് കൊറെ രൂപാ സ്വരൂപിച്ചുതരാം. സ്ത്രീധനം തന്നുവീട്ടാം. തല്ക്കാലം ക്ഷമിച്ചാട്ടെ. എല്ലാർക്കും എന്നെ വിശ്വാസമാണെങ്കിൽ ജോർജു പദേശിക്കും എന്നെ വിശ്വാസമായിരിക്കുമല്ലോ. നമ്മൾ രണ്ടും പെന്തക്കോ സ്തുകാർ. രണ്ടുപേരും ഉപദേശിമാർ.'

'അയ്യോ ജോണിയോ? അവനിപ്പം വയസ്സെത്രാ?'

'പതിമൂന്നു വയസ്സു തൊടങ്ങി.'

'ഹ-ഹ-ഹ കൊള്ളാം. അവൻ പഠിച്ചു പാസ്സായി ജോലി കിട്ടുമ്പോഴേക്കും ഇനി എത്ര കാലം പിടിക്കും. ഏഴെട്ടുവർഷം! അതിനുമുമ്പേ നമ്മുടെ കർത്താവായ യേശു വരും. ലോകാവസാനം സമീപിച്ചിരിക്കുന്നു. തന്റെ ഭക്തന്മാർ സ്വർഗ്ഗത്തിപ്പോകാറായി. നാശത്തിന്റെ തീ വരാറായി.... ചെറുക്കനു വല്ലോം സ്ത്രീധനം കൊടുക്കുന്നെങ്കിൽ അതിപ്പോഴേ കിട്ടണം.'

മത്തായിച്ചനു കോപം വന്നു. പക്ഷെ, അതടക്കിക്കൊണ്ടദ്ദേഹം പ്രതിവചിച്ചു: 'ജോർജുപദേശീ, യേശുക്രിസ്തു ഇത്രവേഗം വരുമെങ്കിൽ രണ്ടായിരം രൂപാ ഞാൻ തന്നാലും വീടുപണി തീരുന്നതിനുമുമ്പേ യേശു വന്നാലോ? സ്ത്രീധനത്തുക എണ്ണിക്കൊണ്ടിരിക്കുമ്പം ലോകം അവസാനിച്ചാലോ? നൂറുരൂപാനോട്ടെല്ലാം ചാമ്പലാകത്തില്ലേ?'

ജോർജുപദേശിയുടെ ദ്രവ്യാഗ്രഹത്തിനു നല്ലൊരടി! പിന്നെ അധികനേരം അദ്ദേഹം അവിടെ ഇരുന്നില്ല.

റോസമ്മ സൽസ്വഭാവിയാണ്. വിവാഹം നടന്നാലെന്താ? ഇല്ലെങ്കിലെന്താ....?

# പതിനേഴ്

'**എ**ന്തടാ, ചുമയും തുപ്പും! വയസ്സനായോ?' തെങ്ങിൻതോപ്പിൽ പന്തുകളിച്ചുകൊണ്ടിരിക്കുമ്പോൾ ഗോപി ജോണിയോടു ചോദിച്ചു.

'ജലദോഷമാണെന്നു തോന്നുന്നു.'

ഗോപി പോക്കറ്റിൽനിന്നും ഒരു ബീഡിയെടുത്തു. തീപ്പെട്ടിയുരസ്സിയപ്പോഴുണ്ടായ രൂക്ഷമായ ഗന്ധം ജോണിയുടെ മൂക്കിൽ തട്ടി.

'നോക്കടാ, ചൂടുപുക വായിൽക്കൂടിയെടുത്ത് മൂക്കിക്കൂടി വെളിയിലേക്കു തള്ളണം. കഫോം ജലദോഷോം ഝടാന്നു മാറും.'

'വീട്ടിച്ചെല്ലുമ്പം ബീഡി നാറത്തില്ലേ?'

'പുകച്ചുകഴിഞ്ഞ് തുളസീടെ എല വായിലിട്ടു ചവച്ചുതുപ്പണം. നാറ്റം പോകും. ആരും അറിയത്തില്ല.'

ഇളകിമറിഞ്ഞ മനഃസാക്ഷിയെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ജോണി ബീഡി കത്തിച്ച് പുകച്ചുതുടങ്ങി. അതിന്റെ സ്വാദ് അവനിഷ്ടപ്പെട്ടു. മൂക്കിലൂടെ തീവണ്ടിപ്പുകപോലെ കുറെ ധൂമപടലം വെളിയിലേക്ക്. ബാക്കി വായിലൂടെ രക്ഷപ്പെട്ടു.

പഞ്ഞിപോലെ മൃദുലമായ വായുസഞ്ചികളെ പുകകൊണ്ടു കറ പിടിപ്പിക്കുന്നത് ആരോഗ്യത്തിനു നല്ലതല്ലെന്നവൻ പിതാവിൽനിന്നും അദ്ധ്യാപകരിൽനിന്നും പലവട്ടം കേട്ടിട്ടുള്ളതാണ്.

സഭയുടെ മേൽ—മാതാപിതാക്കളുടെ മേൽ മറ്റൊരപമാനം കൂടെ ക്ഷണിച്ചുവരുത്തുകയാണു ജോണി. ബീഡിയുടെ പാടുകൾ ചുണ്ടിൽ.... അവയേക്കാൾ കറുത്ത പാടുകൾ മനഃസാക്ഷിയിൽ.

ആ വർഷം അവസാനിച്ചത് ഒരു സന്തോഷവാർത്തയോടുകൂടിയാണ്. റോസമ്മയെ സ്ത്രീധനം കൂടാതെ വിവാഹം കഴിക്കാൻ മലബാറിൽ താമസിക്കുന്ന രാജൻ സമ്മതിച്ചു. ഒരു സുവിശേഷകനാണു പ്രതിശ്രുതവരൻ—സഞ്ചാരപ്രസംഗി. അതിലേറെ മത്തായിച്ചനെ സന്തോഷിപ്പിക്കാൻ മറ്റെന്താ

ണുള്ളത്! രാജൻ എന്ന പേരിനോട് 'സുവിശേഷകൻ' എന്ന വിശേഷണ പദംകൂടി ചേർത്താണ് കല്യാണക്കുറി അച്ചടിച്ചത്.

മുഹൂർത്തം നോക്കാതെ ആർഭാടരഹിതമായ രീതിയിൽ വിവാഹം നടന്നു.

നവദമ്പതികൾ മലബാറിലേക്കു തിരിച്ചപ്പോൾ മത്തായിച്ചനും തൂവയൂർ സഭയോട് വിടവാങ്ങാൻ സമയമടുത്തിരുന്നു. 1952 ജൂൺ മാസം മുതൽ മത്തായിച്ചനെ ഏഴംകുളം സഭയുടെ ഇടയനായി നിയമിച്ചുകൊണ്ട് മുഖ്യസ്ഥാനത്തുനിന്നും വന്ന കത്ത് മത്തായിച്ചന്റെ കൈവശമുണ്ട്. സ്ഥലംമാറ്റ വിവരം സാറാമ്മയുടെ മുഖത്തുണ്ടാക്കിയ ഭാവവ്യത്യാസം മത്തായിച്ചൻ ശ്രദ്ധിച്ചു.

'ഇത്ര പെട്ടെന്നാണോ സ്ഥലംമാറ്റം?'

'അതെന്താ സാറാമ്മേ?'

'ഇവിടെ വന്നിട്ട് രണ്ടുവർഷമല്ലാ ആയൊള്ളോ.'

'ദൈവം അയയ്ക്കുന്നിടത്തൊക്കെ പോകണം. ഒരു സ്ഥലത്തുതന്നെയിരുന്നു വേരുപിടിക്കരുത്.'

'എന്നാലും—ഇവിടെവന്നിട്ട് ഒന്നു ശ്വാസംവിടാൻ സമയം കിട്ടിയില്ലല്ലോ.'

'പറക്കുന്ന പക്ഷിക്ക് ഇരിക്കുന്ന കൊമ്പൊരിക്കലും സ്ഥിരമല്ല.'

ഭർത്താവിന്റെ ഇഷ്ടമായിരുന്നു സാറാമ്മയുടെ ഇഷ്ടം.

ഭർത്താവ് ദൈവദാസനാണ്.

അദ്ദേഹത്തിന്റെ ഇഷ്ടം ദൈവേഷ്ടം.

എത്ര ജോലിത്തിരക്കിലായാലും, സന്ധ്യ കഴിയുമ്പോൾ കുടുംബാംഗങ്ങളോടൊത്ത് കുശലം പറയാനും പാട്ടുപാടി പ്രാർത്ഥിക്കുവാനും മത്തായിച്ചൻ പതിവായി സമയംനീക്കിവച്ചിരുന്നു. പകൽ നടന്ന ചെറുതും വലുതുമായ സംഭവങ്ങളെല്ലാം അവരൊന്നിച്ച് അയവിറക്കും.

സ്ഥലംമാറ്റവാർത്ത നീരസത്തോടെയാണ് ജോണി സ്വീകരിച്ചത്. തൂവയൂർ വിദ്യാലയത്തിൽവച്ച് സമ്പാദിച്ച ചങ്ങാതികളെ വിട്ടുപിരിയുന്നതിലുള്ള പ്രതിഷേധമാണ് മനസ്സിനെ കലുഷമാക്കിയത്.

സ്ഥലം മാറിപ്പോകാനുള്ള തീരുമാനമെടുത്തുകൊണ്ട് മത്തായിച്ചനും സാറാമ്മയും പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ജോണിയുടെ മുഖത്ത് കോപത്തിന്റെ തീ കത്തി. ആ തീയുണ്ടാക്കിയ വാട്ടവും വിളർച്ചയും പ്രാർത്ഥന തീർന്നപ്പോഴും മുഖത്തു കാണാനുണ്ടായിരുന്നു.

ഏഴംകുളത്തു ചെല്ലുമ്പോൾ നല്ല ചങ്ങാതികളെ ദൈവം നൽകുമെന്ന് മത്തായിച്ചൻ ജോണിയെ ആശ്വസിപ്പിച്ചു.

ജോണിക്കു നല്ല ചങ്ങാതികളെ വേണ്ടാ.

വാ തോരാതെ അശ്ലീലം പറയുന്നവർ. ബീഡിപ്പുക ഇഷ്ടപ്പെടുന്നവർ. പെൺകുട്ടികളെ ഏറുകണ്ണിട്ടു നോക്കുന്നവർ. നാട്ടിലെ കുമാരീകുമാരന്മാരെപ്പറ്റി കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവർ. അത്തരം കൂട്ടുകാരെയാണവനിഷ്ടം. പെന്തക്കോസ്തരായ യുവാക്കളെ അവനു പുച്ഛമാണ്. തന്റെ പിതാവു ശുശ്രൂഷിക്കുന്ന പെന്തക്കോസ്തുമന്ദിരത്തിലെ തുള്ളലിനെപ്പറ്റിയും തമ്പേറടിയുടെ ബഹളത്തെപ്പറ്റിയും സഹപാഠികൾ പരിഹസിക്കുമ്പോൾ—ഒരു പെന്തക്കോസ്തുഭവനത്തിൽ ജനിക്കാനിടയായ വിധിയെ അവൻ ശപിച്ചിരുന്നു.

അന്നൊരിക്കൽ സ്കൂളിലുണ്ടായ ഒരു അനുഭവത്തെപ്പറ്റി ജോണി കൂടെക്കൂടെ സഹോദരിമാരോട് പരാതിപ്പെടുമായിരുന്നു.

വർഷാവസാനപരീക്ഷയുടെ തലേമാസം. രാവിലെ ദേശീയഗാനാലാപനത്തിനുശേഷം വിദ്യാർത്ഥികൾ മൊത്തം ക്ലാസ് മുറികൾക്കു മുമ്പിലുള്ള നീണ്ടവരാന്തയിൽ ഇറങ്ങി നില്ക്കുവാൻ അദ്ധ്യാപകർ ആവശ്യപ്പെട്ടു. പ്രധാന അദ്ധ്യാപകൻ ഉത്തമൻനായർസാർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യാൻ തയ്യാറായി.

അന്നത്തെ പ്രധാനപത്രവാർത്ത വിവരിച്ചുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്. ഉത്തരകൊറിയയും ദക്ഷിണകൊറിയയും തമ്മിലുള്ള യുദ്ധം ഒരു ആണവയുദ്ധമായി പരിണമിക്കാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. റഷ്യയും ചൈനയും ഉത്തരകൊറിയയുടെ പക്ഷത്ത്. അമേരിക്കയും സഖ്യകക്ഷികളും ഐക്യരാഷ്ട്രസംഘടനയും ദക്ഷിണകൊറിയയുടെ പക്ഷത്ത്. 1950–ൽ തുടങ്ങിയ യുദ്ധം രണ്ടുവർഷത്തിനുള്ളിൽ ലക്ഷക്കണക്കിന് ആളുകളുടെ ജീവൻ അപഹരിച്ചതായും യുദ്ധക്കെടുതികൾ അനുഭവിക്കുന്നവരെ ശുശ്രൂഷിക്കാനായി ഐക്യരാഷ്ട്രസംഘടനയോടു സഹകരിച്ച് ഇന്ത്യ വൈദ്യസഹായസംഘങ്ങളെ കൊറിയൻ ഉപഭൂഖണ്ഡത്തിൽ എത്തിച്ചതായും അദ്ദേഹം എടുത്തുപറഞ്ഞു.

'നിങ്ങളിൽ എത്രപേർ ദിവസവും പത്രം വായിക്കാറുണ്ട്?' അദ്ദേഹം ചോദിച്ചു. രണ്ടുമൂന്നുപേർ കൈകൾ ഉയർത്തി.

'എല്ലാവരും ദിനപ്പത്രം വായിച്ച് ലോകവിജ്ഞാനം വർദ്ധിപ്പിക്കണം.' ഉപദേശത്തിൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയുണ്ടായിരുന്നു.

എന്നിട്ട് അദ്ദേഹത്തിന്റെ കൈയിൽ കരുതിയിരുന്ന വലിയ ഒരു ചിത്രം വിരിച്ചുയർത്തികാണിച്ചു. ഒരു ടെലിവിഷന്റെ ചിത്രം.

'അമേരിക്കയിൽ ഇപ്പോൾ പത്തുലക്ഷം ഭവനങ്ങളിൽ ടെലിവിഷൻ ഉണ്ട്. അതുകൊണ്ട് ലോകവാർത്തകളും ശാസ്ത്രീയജ്ഞാനവും ഒരു അമേരിക്കൻ പൗരന് പെട്ടെന്നു ലഭിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യവും വികസിച്ച് ശാസ്ത്രയുഗത്തിൽ പ്രവേശിക്കണമെങ്കിൽ നിങ്ങൾ നന്നായി പഠിക്കണം. വായിക്കണം. നൂറ്റാണ്ടുകൾക്ക് മുമ്പ് നമ്മുടെ രാജ്യം ഗണിതശാസ്ത്രത്തിലും വാനശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും മുൻപന്തിയിലായിരുന്നു. ഇപ്പോഴത്തെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കണം. ഇന്ത്യയുടെ ഭാവി ചെറുപ്പക്കാരായ നിങ്ങളുടെ കൈകളിലാണ്.'

ഉത്തമൻനായർസാറിന്റെ ശബ്ദവും സാന്നിദ്ധ്യവും വിദ്യാർത്ഥികൾക്ക് ഉത്തേജനം പകർന്നു. ആദ്യമായിട്ടാണ് വിദ്യാർത്ഥികൾ ഒരു ടെലവിഷന്റെ ചിത്രം കാണുന്നത്. 'കഴിഞ്ഞമാസം തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽവച്ച് ആ യന്ത്രത്തെ എന്റെ സ്വന്തകൈകൊണ്ടു തൊടാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു.' അദ്ദേഹം അഭിമാനപൂർവ്വം കൂട്ടിച്ചേർത്തു.

അദ്ദേഹം പ്രധാനവിഷയത്തിലേക്കു കടന്നു.

'പ്രിയപ്പെട്ട വിദ്യാർത്ഥികളെ, തിരുക്കൊച്ചി വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശാനുസരണം ഞങ്ങൾ ഒരു പ്രത്യേക സ്ഥിതിവിവരകണക്ക് തയ്യാറാക്കിക്കൊണ്ടിരിക്കയാണ്. ഓരോ സ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികൾ ഏതേതു മതത്തിന്റെ, സമുദായത്തിന്റെ, സഭയുടെ അംഗങ്ങൾ ആണ് എന്ന വിവരമാണ് സർക്കാർ പ്രധാനമായി ആവശ്യപ്പെട്ടിരിക്കുന്നത്. മാതാപിതാക്കളുടെ തൊഴിൽ വിവരങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്.'

ഭംഗിയായി അറ്റം ഒതുക്കിയ താടിയിൽ തടവിക്കൊണ്ട് അദ്ദേഹം ചോദിച്ചു: ‘നമ്മുടെ സ്കൂളിൽ എത്ര ഹൈന്ദവ വിദ്യാർത്ഥികൾ ഉണ്ട്?’

പത്തുമുന്നൂറുപേർ തികഞ്ഞ അഭിമാനത്തിന്റെ തിളക്കത്തോടെ കൈ പൊക്കി—ചിലർ ചന്ദനക്കുറി ചാർത്തിയ നെറ്റി ഉയർത്തിക്കൊണ്ട്. പ്രധാനാദ്ധ്യാപകൻ അവരുടെ എണ്ണം കുറിച്ചിട്ടു.

‘മുസ്ലീങ്ങൾ?’

പത്തൻപതുപേർ കൈകൾ ഉയർത്തി—ചുറുചുറുക്കോടെ. ആൺകുട്ടികളിൽ ചിലർ മൊട്ടത്തലയന്മാർ ആയിരുന്നു. പെൺകുട്ടികളിൽ ചിലർ ഇടതുകൈകൊണ്ട് പച്ചനിറമുള്ള ശിരോവസ്ത്രം വലിച്ച് കയറ്റിക്കൊണ്ടാണ് വലതുകൈ ഉയർത്തിയത്.

‘ഇനി ക്രിസ്ത്യാനികൾ?’

ജോണി ഉൾപ്പെടെ ഏകദേശം നൂറുപേർ പുഞ്ചിരിയോടെ കരങ്ങൾ ഉയർത്തി.

അതിനുശേഷം ഉത്തമൻനായർ സാർ ഓരോ മതത്തിന്റെയും ഉപവിഭാഗങ്ങളിൽപ്പെടുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിത്തുടങ്ങി.

ഹിന്ദുക്കളിൽ—ബ്രാഹ്മണർ, നായന്മാർ, പിന്നോക്കസമുദായക്കാർ.

ക്രിസ്ത്യാനികളിൽ—കത്തോലിക്കർ, ഓർത്തഡോക്സുകാർ, സി.എസ്.ഐ.ക്കാർ, മാർത്തോമ്മാക്കാർ.

ഒടുവിൽ ചോദിച്ചു: ‘എത്ര പെന്തക്കോസ്തുകാർ ഉണ്ടിവിടെ?’

ആറേഴുനിമിഷത്തേക്ക് പൂർണ നിശബ്ദത.

അതുകഴിഞ്ഞ് ആൺകുട്ടികൾ നിന്ന ഭാഗത്തുനിന്ന് ഒരു കൂട്ടച്ചിരി. പെന്തക്കോസ്തുകാരെ കാണാൻ പെൺകുട്ടികൾ ചുറ്റുവട്ടം കണ്ണോടിച്ചു—പരിഹാസഭാവത്തിൽ. ഒട്ടേറെ അദ്ധ്യാപകരുടെ നോട്ടത്തിലും പുച്ഛഭാവം നിഴലിച്ചിരുന്നു.

ആഭരണം ധരിച്ചിട്ടില്ലാത്ത രണ്ടുമൂന്ന് പെൺകുട്ടികൾ സങ്കോചത്തോടെ കൈകൾ ഉയർത്തി. കുറേപ്പേർ അവരെ നോക്കി അടക്കിച്ചിരിക്കുന്നുണ്ടായിരുന്നു.

ജോണി മടിച്ചു. കൈകൾ കൂട്ടിത്തിരുമ്മി.

പെട്ടെന്ന് ആൺകുട്ടികൾ വിളിച്ചുപറഞ്ഞു: ‘സാർ,ജോണി.... ജോണീ മത്തായി....പെന്തക്കോസ്തുകാരനാണേ.’

ജോണി മനസ്സില്ലാമനസ്സോടെ സാവധാനത്തിൽ കൈ ഉയർത്തിയ ശേഷം പെട്ടെന്ന് കൈ താഴ്ത്തിയപ്പോൾ അവന്റെ കഴുത്തിലെ ഞരമ്പുകൾ ഒന്നുരണ്ടുവട്ടം തുടിച്ചു. മുഖത്ത് മഞ്ഞളിപ്പ് പടരുന്നത് വ്യക്തമായി കാണാമായിരുന്നു.

വീണ്ടും കൂട്ടച്ചിരി. പാരമ്പര്യക്രിസ്ത്യാനികളായ കുട്ടികളുടെ ചിരിയാണ് ഉയർന്നുകേട്ടത്.

പെട്ടെന്നാണ് പ്രധാനാദ്ധ്യാപകന്റെ മുഖഭാവം മാറിയത്. ഏറ്റവും ഉച്ചത്തിൽ ചിരി ഉയർന്ന ഭാഗത്തുനിന്ന കുട്ടികളെ നോട്ടമിട്ടുകൊണ്ട് താക്കീതിന്റെ സ്വരത്തിൽ അദ്ദേഹം സംസാരിച്ചുതുടങ്ങി: ‘ന്യൂനപക്ഷങ്ങളെ ആദരിക്കുക നമ്മുടെ സംസ്കാരത്തിന്റെ വിശേഷതയാണ്. ചിരിച്ചുകൂവിയല്ല അവരെ ആദരിക്കേണ്ടത്. വ്യത്യസ്തതയുള്ള മതങ്ങളും സഭകളും വിശ്വാസസംഹിതകളും ഇന്ത്യയുടെ സമ്പത്താണ്. ഭൂരിപക്ഷമതവിഭാഗത്തിൽ ഉൾപ്പെടാത്തവരെ ഒരു കാണ്ടാമൃഗത്തെ നോക്കുന്ന രീതിയിൽ നോക്കരുത്.

ഇംഗ്ലണ്ടിൽ ചെന്നാൽ ഹിന്ദുക്കൾ ന്യൂനപക്ഷം. സിലോണിൽ ചെന്നാൽ മുസ്ലീങ്ങൾ ന്യൂനപക്ഷം. റോമിൽ ചെന്നാൽ കത്തോലിക്കർ ഭൂരിപക്ഷം. അമേരിക്കയിൽ പെന്തക്കോസ്തുകാർക്ക് സംഖ്യാബലം. ഇതൊക്കെ മറന്നുകൊണ്ട് നാം പെരുമാറാൻ പാടില്ല. നിങ്ങളുടെ ചിരി അസഹിഷ്ണുതയുടെ പ്രകാശനം മാത്രമാണ്. നിങ്ങൾ ഭാവിയിൽ ഇന്ത്യ എന്ന മഹാരാജ്യത്തെ നയിക്കേണ്ടവരാണ്. കാടത്തം ഉപേക്ഷിക്കണം.'

വിദ്യാർത്ഥികൾ മൗനമായി. എന്നാൽ വിരലിൽ എണ്ണാവുന്നത്രമാത്രം സംഖ്യാബലമുള്ള പെന്തക്കോസ്തുകാർ രാജ്യത്തിന്റെ സമ്പത്താണെന്നുള്ള പ്രധാനാദ്ധ്യാപകന്റെ ആശയം ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുള്ള വിഷയമാണെന്ന് അവരുടെ മുഖഭാവങ്ങൾ വ്യക്തമാക്കി.

തല അല്പം കുനിച്ച് ക്ലാസ്സിലേക്ക് നടക്കുമ്പോഴും ജോണിയുടെ മുഖത്തെ മഞ്ഞളിപ്പ് മാഞ്ഞുതുടങ്ങിയിട്ടില്ലായിരുന്നു.

പിറ്റേദിവസം കൂട്ടുകാരൻ മോനിച്ചൻ പെന്തെക്കോസ്തുകാരെപ്പറ്റി ഒരു പാട്ടെഴുതി ജോണിയെ പാടി കേൾപ്പിച്ചു:

സോദരരേ, കൂട്ടുകാരേ, പെന്തെക്കോസ്തിൽ ചേരണം.
നെരങ്ങി നെരങ്ങി പരമ്പുകീറാം
തുള്ളിത്തുള്ളി തൂണുവീഴ്ത്താം
അന്യഭാഷ, മറുഭാഷ, ബഹുഭാഷ
ചൊല്ലിക്കൊണ്ട്, ചൊല്ലിക്കൊണ്ട്
വായിലെ നാറ്റം പോക്കാം.

വീട്ടിലെത്തിയപ്പോൾ ജോണി പരിഹാസഗാനത്തെപ്പറ്റി കുഞ്ഞമ്മയോട് ദുഃഖം പ്രകടിപ്പിച്ചു. യേശുവിനുവേണ്ടി അപമാനം സഹിക്കുന്നവർക്ക് സ്വർഗ്ഗത്തിൽവച്ച് പ്രതിഫലം ലഭിക്കുമെന്നവൾ അവനെ ഓർമ്മിപ്പിച്ചു.

ജോണി സ്വർഗ്ഗത്തെപ്പറ്റി ചിന്തിക്കാൻ ആഗ്രഹിച്ചിട്ടുണ്ടോ?

♦ ♦ ♦

ഏഴംകുളം നാൽക്കവലയ്ക്ക് ഒരു മൈൽ കിഴക്കുള്ള പട്ടാഴിമുക്കിൽ മത്തായിച്ചനും കുടുംബവും ബസ്സിൽ വന്നിറങ്ങി. തെക്കോട്ടു നടന്നു.

പട്ടാഴിയാറു കടന്നുവരുന്ന ഇളംകാറ്റിന്റെ തലോടലുകളും താരാട്ടുമേറ്റു വിരാജിക്കുന്ന ഭൂപ്രദേശം അവിടെ ആരംഭിക്കുകയാണ്.

പ്ലാവിള തറവാട്ടുപറമ്പിലെ തലമൂത്ത വരിക്കപ്ലാവുകൾ ഇളം ചക്കകളെ മാറോടണച്ച് മറ്റു വൃക്ഷങ്ങൾക്കുപരി തലയുയർത്തിനില്ക്കുന്ന ദൃശ്യം മത്തായിച്ചനെ ഹഠാദാകർഷിച്ചു.

വല്യത്തച്ചന്റെ വിദ്യാലയം കടന്ന് ഒന്നര മൈൽ നടന്നപ്പോൾ അവർ കല്ലേത്തുമുക്കിലെത്തി.

നേരേ കിഴക്കോട്ടുതിരിഞ്ഞു. നടപ്പാതയുടെ ഇരുപാർശ്വങ്ങളിലും പൂചൂടിനില്ക്കുന്ന സസ്യങ്ങൾ. വേലിപ്പരത്തിയുടെയും വെട്ടിപ്പഴത്തിന്റെയും ഗന്ധം മൂക്കിലടിച്ചു.

വീണ്ടും കാൽമൈൽ നടന്നപ്പോൾ തെക്കുവശത്ത് വിളയിൽ കുടുംബാംഗങ്ങളുടെ നാലഞ്ചുവീടുകൾ കാണായ്‌വന്നു. വടക്കു വശത്ത് ഗുമസ്തൻകുറുപ്പിന്റെ റബ്ബർതോട്ടവും. തോട്ടത്തിന്റെ മദ്ധ്യത്തിൽ ഓടുമേഞ്ഞ മുൻവശംമാത്രം കുമ്മായംപൂശിയ ഒരു കെട്ടിടം. ഏഴംകുളം സഭാംഗങ്ങൾ മത്തായിച്ചനും കുടുംബത്തിനും താമസിക്കാൻ വാടകയ്ക്കെടുത്ത കെട്ടിടമാണത്.

സൂര്യൻ അങ്ങകലെ അറേബ്യൻ സമുദ്രത്തിൽ അന്തിയുറങ്ങാനുള്ള തയ്യാറെടുപ്പിലാണ്. മത്തായിച്ചന്റെ കണ്ണുകൾ ചുറ്റുവട്ടം സഞ്ചരിച്ചു.

ആകാശത്തിൽ വരിവരിയായി പക്ഷികൾ താവളങ്ങളിലേക്കു മടങ്ങുന്നു. തൊട്ടുപടിഞ്ഞാറുള്ള കുളഞ്ഞിവേലിൽ കുടുംബക്കാരുടെ കന്നുകാലികൾ അച്ചടക്കബോധത്തോടെ തൊഴുത്തിൽ വന്നു കയറുന്നു.

പെട്ടെന്നദ്ദേഹത്തിന്റെ ദൃഷ്ടികൾ വരാന്തയിലെ കുമ്മായംതേച്ച ഭിത്തിയിൽ തറഞ്ഞു. അനിഷ്ടശൈലിയിലാരാഞ്ഞു: ‘ഈ ഭിത്തികളിങ്ങനെ വൃത്തികേടാക്കിയവരാരാ?’

ഏഴംകുളം സഭാംഗങ്ങളിൽ പ്രായംകൂടിയ ദർശനംദാനിയേൽ സാറാണ് ഉത്തരം പറഞ്ഞത് : ‘പാസ്റ്ററേ, ഈ വീട് കൊറേ നാളായി ആളുതാമസമില്ലാതെ കെടക്കുവാ. വഴിയേ പോന്ന പിള്ളാരുടെ വേലയാ. ഇതിലേ പോന്ന ചെറുപ്പക്കാർ കരികൊണ്ട് അവർക്കു തോന്നുന്നതൊക്കെ എഴുതിവെക്കും.’

‘കഷ്ടം. ലോകത്തിലെ ചീത്തവാക്കുകളെല്ലാം ഭിത്തിയേലൊണ്ട്.’

അദ്ദേഹം പറഞ്ഞതു ശരിയാണ്. രാഷ്ട്രീയ മുദ്രാവാക്യങ്ങൾ, നാടൻപാട്ടുകൾ, അശ്ലീലസാഹിത്യം—എല്ലാം ഉണ്ട്. നാട്ടിലെ പൂവാലന്മാരുടെ പ്രണയകഥകൾ, ചട്ടമ്പികളുടെ രഹസ്യവേഴ്ചകൾ ഇവയുടെയെല്ലാം ഹ്രസ്വവിവരങ്ങൾ. അന്യോന്യം വിരോധം പ്രകടിപ്പിക്കുന്നതും ഈ ഭിത്തികളിലാണ്. എതിരാളിയെപ്പറ്റിയുള്ള അപവാദങ്ങൾ വലിയ അക്ഷരത്തിലവിടെ കുറിച്ചിടും.

മത്തായിച്ചൻ ഭിത്തിയിൽനിന്നും കണ്ണുമാറ്റി. തന്റെ അനുഭവസാക്ഷ്യം ദാനിയേൽസാറിനോട് വിവരിച്ചുതുടങ്ങി.

‘ചെറുപ്പകാലത്ത് ഇത്തരം ചീത്തകൾ മാത്രമേ എന്റെ വായിലുണ്ടായിരുന്നുള്ളൂ. എന്റെ തൊണ്ട തുറന്ന ശവക്കുഴിയായിരുന്നു. എന്നാൽ ഏകദേശം ഇരുപത്തിനാലു വർഷം മുമ്പ് കുക്കുസായിപ്പിന്റെ പന്തലിൽവച്ച്, ദൈവം എന്റെ നാവിനെ ശുദ്ധീകരിച്ചു.’

‘സ്തോത്രം പാസ്റ്ററേ, എന്റെ അനുഭവോം ഇതു തന്നെയായിരുന്നു. എന്നാൽ കഴിഞ്ഞവർഷം പി.ഡി. മോസ്സസ് എന്നു പേരുള്ള ഒരുപദേശി ഇവിടെ വന്നു കാത്തിരിപ്പുയോഗം നടത്തി. യോഗമദ്ധ്യേ ഞാനെന്റെ ഹൃദയം യേശുവിനുവേണ്ടി സമർപ്പിച്ചു.’

കൂട്ടം വിട്ടുവന്ന ഒരു കാക്ക ശോകസ്വരത്തിൽ കരഞ്ഞുകൊണ്ടുപറന്നുപോയി. കാറ്റു പന്താടുന്ന മേഘങ്ങളുടെ വിടവിലൂടെ ചന്ദ്രൻ ഒളിഞ്ഞുനോക്കി. പരിശുദ്ധാത്മാവിന്റെ കൊടിയ കാറ്റ് മത്തായിച്ചന്റെ മൃദുല വികാരങ്ങളെയും പന്താടിത്തുടങ്ങി.

‘ദാനിയേൽസാറേ, ചെലച്ചുപറന്ന ആ കാക്കയെപ്പോലെ ഞാനും കൂട്ടംവിട്ടവനായിരുന്നു. ദൈവം രക്ഷിച്ചു.’

പിറ്റേന്നു വെളുപ്പിന് ഗുമസ്തന്റെ റബ്ബർമരങ്ങൾ ടാപ്പുചെയ്യാൻ വന്ന മാധവനാണവരെ ഉണർത്തിയത്.

റബ്ബർമരത്തിന്റെ പട്ടയിലൂടെ ഒഴുകുന്ന വെളുത്ത കറനോക്കിക്കൊണ്ട് മത്തായിച്ചൻ പറഞ്ഞു: ‘ഇതു കനാൻ ദേശം പോലിരിക്കുന്നു—പാലും തേനും ഒഴുകുന്നിടം.’

‘പാലേ ഒള്ളൂ. തേനില്ല.’ മാധവൻ പ്രതിവചിച്ചു.

‘തേനിനേക്കാൾ മധുരമായ വചനം ഉണ്ടിവിടെ. ദൈവവചനം. സമയം കിട്ടുമ്പോൾ വന്നാമതി, ഞാൻ വായിച്ചുകേൾപ്പിക്കാം. നല്ല തേൻകട്ട. ആത്മാ

വിനു മധുരം നൽകുന്ന തേൻകട്ട. റബ്ബറുപാലുപോലെ ഒഴുകി വരുന്ന പരിശുദ്ധാത്മാവും ഉണ്ടിവിടെ. ചിരട്ടയിലേക്ക് ദൈവം ഒഴുക്കിത്തരും. ഹൃദയമെന്ന ചിരട്ടയിലേക്ക്.'

'ആട്ടെ ചിരട്ടയുംകൊണ്ടു വരാം.'

'ചിരട്ട തുറന്നുവയ്ക്കണം. അതിനുള്ളിലെ അഴുക്ക് കഴുകിമാറ്റണം. പാപക്കറയുടെ അഴുക്ക്.'

രാവിലെ ജോണിയെ നെടുമൺ വിദ്യാലയത്തിൽ ഏഴാംക്ലാസ്സിൽ ചേർത്തതിനുശേഷം മത്തായിച്ചൻ ഒരു കൊട്ട കുമ്മായം വാങ്ങി. പുതിയ വീടിന്റെ വൃത്തികെട്ട ഭിത്തികളിൽ വെള്ളപൂശി.

'ഇനി ഈ വീടിനു വിശ്വാസഭവനമെന്ന പേര് യോജിക്കും.' സാറാമ്മ അഭിപ്രായപ്പെട്ടു.

ഞായറാഴ്ച എത്ര പെട്ടെന്നാണു വന്നണഞ്ഞത്! റബ്ബർവ്യാപാരിയായ ബഥേലിൽ ചാക്കോച്ചന്റെ വീട്ടിൽവെച്ചാണ് ആരാധന. പുതിയതായി ആരംഭിച്ച സഭയായതിനാൽ ആരാധനാമന്ദിരം പണിയുന്നതിനെപ്പറ്റിയുള്ള ആലോചന തുടങ്ങിയിട്ടേ ഉള്ളു.

പ്രാർത്ഥനയ്ക്കുശേഷം ചെറുവള്ളിമൂല യോഹന്നാൻ സഹോദരൻ ആരാധനാഗീതം നയിച്ചു. കുമരംവിള ലൂക്കോസുമൂപ്പൻ തമ്പേറടിച്ചു. പതവെട്ടിയോസേഫ് പാട്ടിന്റെ ചരട് പലേടത്തും പൊട്ടിച്ചെങ്കിലും യോഹന്നാൻ സഹോദരൻ ഈണം വീണ്ടെടുത്തു.

പകൽ മുഴുവൻ റബ്ബറിനു കാന കുഴിക്കുന്ന യോസേഫിന് മറ്റൊരു തൊഴിലും വശമാണ്. റബ്ബർപാൽ ഉറയൊഴിക്കുമ്പോൾ പത വെട്ടിമാറ്റാനുള്ള തകരപ്പാളിയുടെ നിർമ്മാണത്തിൽ അതിവിദഗ്ദ്ധനാണയാൾ. അങ്ങനെ കിട്ടിയ പേരാണ് പതവെട്ടി യോസേഫ്.

സഭ പൊതുവെ ആത്മീയമായി മന്ദാവസ്ഥയിലാണെന്ന് മത്തായിച്ചനനുഭവപ്പെട്ടു. സാക്ഷ്യം പ്രസ്താവിച്ചവരിൽ പലരും പണ്ട് അഷ്ടമുടി ഉമ്മച്ചൻ പുത്തൻവീട്ടിൽ മാമ്മച്ചന്റെ വീട്ടിൽവച്ചു കാത്തിരിപ്പുയോഗം നടത്തിയകാലത്ത് ദേശത്തുണ്ടായ ആത്മീയ ഉണർവ്വിനെപ്പറ്റി വിവരിച്ചതല്ലാതെ പുതിയ അനുഭവങ്ങളെപ്പറ്റി ഒന്നും പറഞ്ഞില്ല —പറയാനുണ്ടായിരുന്നില്ല.

ചിലർ ഉറക്കം തൂങ്ങുന്നു.

വേറെ ചിലർ ഉറക്കത്തിനുവേണ്ടി ദാഹിക്കുന്നു.

ഒരാൾ സാക്ഷ്യം പ്രസ്താവിച്ചിരുന്നതിനുശേഷം ഒന്നുരണ്ടു മിനിട്ടുകൾക്കുശേഷമാണ് അടുത്തയാൾ എഴുന്നേല്ക്കുന്നത്.

ഉത്സാഹമില്ല.

തിടുക്കമില്ല.

ചിലർ സാക്ഷ്യം പറയണമോ വേണ്ടയോ എന്നാലോചിച്ചിരിക്കുന്നതുപോലെ തോന്നി. വേറെ ചിലർ മറ്റാർക്കോവേണ്ടി ഒരു കടമ നിർവഹിക്കുന്നുവെന്ന ഭാവേന വിമ്മിട്ടത്തോടെ പ്രസ്താവിച്ചു. എല്ലാവരും തേങ്ങയുടയ്ക്കുമ്പോൾ ഞാനൊരു ചിരട്ടയെങ്കിലും ഉടയ്ക്കണമല്ലോ എന്ന ചിന്തയിൽ ബന്ധനം മാത്തച്ചൻ ഇടയ്ക്കൊരു സ്തോത്രം മുഴക്കി. അല്പം ഉണർവ്വുള്ള സാക്ഷ്യം, 'മറുഭാഷമറിയ' എന്ന അപരനാമത്തിലറിയപ്പെടുന്ന കിളിക്കോട്ടു മറിയ സഹോദരിയുടേതു മാത്രമാണ്.

സാധാരണയായി ഒരു പാട്ടോടുകൂടി മറുഭാഷമറിയ എഴുന്നേല്ക്കുന്നു. പാട്ടവസാനിക്കുന്നതിനുമുമ്പേ അന്യഭാഷാഭാഷണത്തിലേക്കു പ്രവേശിക്കു

ന്നു. ഒന്നുരണ്ടു മിനിട്ട് വാതോരാതെ അന്യഭാഷയിൽ സംസാരിക്കും. അതിനുശേഷം ദീർഘമായി ഒന്നു ശ്വസിച്ച് നാക്കിന് വിശ്രമം നല്കിയശേഷം തലേആഴ്ച ദൈവം നടത്തിയ കൃപകളെ സ്മരിച്ചുകൊണ്ട് സാക്ഷ്യം പ്രസ്താവിച്ചുതുടങ്ങും. സന്ദർഭവിവേചനം കൂടാതെ ഓരോ വാചകത്തിലും രണ്ടുംമൂന്നും ഹല്ലേലുയ്യാസ്തോത്രങ്ങൾ ഉച്ചരിച്ചുതള്ളാറുണ്ടെങ്കിലും, മറുഭാഷമറിയ ആത്മാർത്ഥതയും ഉറച്ച വിശ്വാസവുമുള്ള സഹോദരിയാണെന്ന് അവിടെയുള്ളവർക്കെല്ലാം അറിയാം. ഒടുവിൽ പഴകിമഞ്ഞച്ച നേര്യതിന്റെ തുമ്പെടുത്ത് കണ്ണുനീർ തുടച്ചുകൊണ്ട് സാക്ഷ്യം ഉപസംഹരിക്കുമ്പോൾ അന്യഭാഷയുടെ മർമ്മരശബ്ദം ചുണ്ടിൽനിന്നും വീണ്ടും ബഹിർഗമിച്ചുകൊണ്ടിരിക്കും.

പഴയ ചില അനുഭവങ്ങൾ അയവിറക്കിക്കൊണ്ടാണ് മറിയ സാക്ഷ്യം ആരംഭിച്ചത്: 'പത്തുവർഷം മുമ്പ് എന്നെ ഒരു പാമ്പുകടിച്ചു—സ്തോത്രം. എന്നാൽ വിഷഹാരിയുടെ അടുത്തുപോയില്ല. ദൈവം സൗഖ്യമാക്കി. സ്തോത്രം. നാലഞ്ചുവർഷം മുമ്പ് ഒരു പശു എന്നെ തൊഴിച്ചു താഴെയിട്ടു— സ്തോത്രം. ഹലേലുയ്യാ.... എന്റെ നേരെ ഈശാനമൂലൻ ഒത്തിരി അടിച്ചുകയറി. എന്നാൽ ഇന്നും എനിക്ക് ജോലി ചെയ്യുവാൻ ആരോഗ്യമുണ്ട്. ഗ്ലോറി. പ്രെയിസ് ദ ലോറി.'

സാക്ഷ്യം പകുതിയായപ്പോൾ മറുഭാഷമറിയ അവരുടെ പ്രത്യാശ ഇങ്ങനെ പ്രകടമാക്കി: 'ഒരു സുദിനത്തില് ഞാൻ രോഗമില്ലാത്ത ശരീരമുള്ളവളാകും. മരണമില്ലാത്ത സ്വർഗ്ഗത്തിൽ ഞാൻ—ഈ എളിയ മറിയയാകുന്ന ഞാൻ—പ്രവേശിക്കും. അന്ന് എന്റെ ശരീരം പോസ്പിസിൽ സായിപ്പിന്റെ മദാമ്മയുടെ തൊലി പോലെ വെളുത്തു പ്രകാശിക്കും. മയേഴ്സ് മദാമ്മയുടെ വെളുത്ത മുഖം പോലെ തെളങ്ങും. സ്തോത്രം. സ്തോത്രം.'

ചിലർ ചിരിക്കാൻ ഭാവിച്ചു. മത്തായിച്ചന് വിദ്യാവിഹീനയായ മറിയ സഹോദരിയുടെ ആത്മാർത്ഥമായ പ്രത്യാശയിൽ മതിപ്പുതോന്നി.

തലേമാസം പൂർണ്ണസുവിശേഷദൈവസഭയുടെ മിഷനറിവനിതകളായ പോസ്പിസിൽ മദാമ്മയും മയേഴ്സ് മദാമ്മയും തെക്കേപ്പറമ്പിൽ ചാണ്ടിക്കുഞ്ഞിന്റെ വീട്ടുമുറ്റത്ത് ക്രിസ്തീയ ചലച്ചിത്രപ്രദർശനം നടത്തുകയുണ്ടായി. മദാമ്മമാരുടെ വെളുത്ത പഞ്ഞിപോലെയുള്ള ശരീരം മറുഭാഷമറിയയെ നന്നാ ആകർഷിച്ചു. വെളുത്തു തിളങ്ങുന്ന ശരീരം അവരുടെ ശിശുസഹജമായ പ്രത്യാശയുടെ ഭാഗമായിക്കഴിഞ്ഞു.

സഭയിലെ ഓരോ അംഗവും കൃഷിയിൽനിന്നും ഉദ്യോഗത്തിൽനിന്നും ലഭിക്കുന്ന ആദായത്തിന്റെ പത്തിലൊന്ന് സഭാപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണം എന്ന സഭയുടെ വ്യവസ്ഥ സഭാസെക്രട്ടറി ഒരിക്കൽ വിജ്ഞാപനം ചെയ്തശേഷം മറുഭാഷമറിയ പറഞ്ഞ സാക്ഷ്യവാചകം പലരും ഓർക്കാറുണ്ട്—'എല്ലാരും ദൈവത്തിന് പത്തിലൊന്ന് കൊടുക്കണോന്ന് സബാനിയമം പറേന്നു. ഈ പാവപ്പെട്ട മറിയയാകുന്ന എനിക്ക് കൃഷിയില്ല, ഉദ്യോഗമില്ല; ഞാൻ പണക്കാരിയായിരുന്നെങ്കിൽ ദൈവത്തിന് പത്തിലൊന്നല്ല, നൂറിലൊന്ന് കൊടുക്കാൻ മടികാണിക്കയില്ല!'

ചെറുപ്പക്കാർ അടക്കിച്ചിരിച്ചു.

മറുഭാഷമറിയ സാക്ഷ്യം പ്രസ്താവിച്ചുകഴിഞ്ഞപ്പോൾ മത്തായിച്ചൻ മുറിയിലാകെ ഒന്നു കണ്ണോടിച്ചു. സാക്ഷ്യം പ്രസ്താവിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികളെ പലരും ശ്രദ്ധിക്കുന്നില്ല.

ചിലർ വേദവാക്യങ്ങൾ തപ്പുകയാണ്.

മൂപ്പന്മാർ പ്രബോധനക്കുറിപ്പു തയ്യാറാക്കുന്നു.

വാക്യങ്ങളും കുറിപ്പുകളും വീട്ടിൽവച്ച് ധ്യാനിച്ചു കരുതിക്കൊണ്ടുവരണമെന്ന് മത്തായിച്ചന് നിർബന്ധമുണ്ടായിരുന്നു.

പെട്ടെന്ന് മത്തായിച്ചന്റെ ദൃഷ്ടി പതവെട്ടി യോസേഫ് ഇരിക്കുന്ന പുൽപ്പായിൽ പതിഞ്ഞു. പുൽപ്പായുടെ ഇഴകൾ മിക്കവാറും നഷ്ടമായിരുന്നു—എലി കരണ്ടതുപോലെ തോന്നി.

പതിവായി സാക്ഷ്യം പറയുന്ന അയാൾ സാക്ഷ്യാവസാനത്തിൽ ഒരു വേദവാക്യംകൂടി വായിച്ചതിനുശേഷമേ ഇരിക്കയുള്ളൂ. വായിക്കാൻ കണ്ടുപിടിച്ച വാക്യത്തിന്റെ പേജിൽ, ഒരിഞ്ചു നീളത്തിൽ പുൽപ്പായുടെ ഒരിഴ മുറിച്ച് അടയാളം വയ്ക്കും. ഓരോ ഞായറാഴ്ചയും ഓരോ ഇഴ! യോസേഫിന്റെ വേദപുസ്തകം നിറച്ചും ഇത്തരം ഇഴകളാണ്. അയാളിരിക്കുന്ന പുൽപ്പായ്ക്ക് ഒരു വർഷത്തിലേറെ ആയുസ്സുണ്ടാകാനിടയില്ല.

ചായലോടുമലയിൽ പാറ പൊട്ടിക്കുന്നവരുടെ ഇരുമ്പുചുറ്റികയുടെ ശബ്ദം ഇടയ്ക്കിടെ ഉയർന്നുകൊണ്ടിരുന്നു. ഞായറാഴ്ചയും വിശ്രമമില്ലാതെ ശബ്ദിക്കുന്ന ചുറ്റികകൾ!

ഒരുദാഹരണത്തോടുകൂടിയാണ് മത്തായിച്ചൻ പ്രസംഗം ആരംഭിച്ചത്.

'എന്റെ സ്വദേശമായ ചെങ്ങന്നൂരിനടുത്ത് വരട്ടാറ് എന്നറിയപ്പെടുന്ന ഒരു കൊച്ചു നദിയുണ്ട്. പ്രസിദ്ധമായ പമ്പാനദി കോഴഞ്ചേരി ആറന്മുള മാലക്കര വഴി ആറാട്ടുപുഴ പ്രവേശിക്കുമ്പോൾ നദിയിൽനിന്നും ഒരു ചെറിയ ശാഖ വടക്കോട്ടൊഴുകുന്നു. അതു പിന്നീടു പടിഞ്ഞാറോട്ടൊഴുകുന്നു. രണ്ടു മൈൽ അങ്ങനെ വേർപിരിഞ്ഞൊഴുകിയശേഷം വീണ്ടും തെക്കോട്ടൊഴുകി പമ്പാനദിയോടു ചേരുന്നു. വടക്കുപടിഞ്ഞാറോട്ട് ഒഴുകുന്ന ഈ ഉപശാഖയ്ക്കാണ് വരട്ടാറെന്നു പേര്. ഈ പേരു കിട്ടാൻ ഒരു പ്രത്യേക കാരണമുണ്ട്. വേനൽക്കാലത്ത് ഈ ശാഖ വറ്റിവരണ്ടുപോകുന്നു. നമ്മുടെ അവസ്ഥ ഇങ്ങനെ ആയിരിക്കരുത്. വല്ലപ്പോഴും മാത്രമല്ല ഉണർവ്വിന്റെയും പരിശുദ്ധാത്മാവിന്റെയും അനുഭവം ഉണ്ടാകേണ്ടത്. ലോകം നമ്മെ വരട്ടു പെന്തക്കോസ്തുകാരെന്നു വിളിക്കാനിടവരരുത്. വേരറ്റ മരവും നീരറ്റ നദിയും ദൈവത്തിന് അനിഷ്ടകാര്യങ്ങളാകുന്നു.'

ഉപക്രമവാക്കുകൾ സഭയിൽ ചിലരുടെ ഓർമ്മ അവരുടെ പൂർവ്വസ്ഥലങ്ങളിലേക്കു തിരിച്ചുവിട്ടു. ചെങ്ങന്നൂർ—പുത്തൻകാവ്—മുളക്കുഴ പ്രദേശങ്ങളിലെ തെക്കേപ്പറമ്പ്, അയിരൂക്കുഴി, പള്ളിക്കത്തെക്കേൽ, പുല്ലാഞ്ഞിക്കാലാ, പുതിയ വീട്ടിൽ കുടുംബശാഖകളായിരുന്നു ഏഴംകുളം വാസികളിൽ പലരും.

പ്രസംഗം അവസാനിച്ചപ്പോഴേക്കും ആരാധനാമുറിയിൽ ഒരു വലിയ ആത്മീയമഴയ്ക്കുള്ള മേഘങ്ങൾ ഉരുണ്ടുകൂടിക്കഴിഞ്ഞിരുന്നു.

# പതിനെട്ട്

ആ മേഘങ്ങൾ ദിവസങ്ങൾക്കുള്ളിൽ പെയ്തുതുടങ്ങി.

പിറ്റേ ഞായറാഴ്ച സഭയിൽ ഉണർവ്വിന്റെഗന്ധം കലർന്ന ഗാനങ്ങളു

യർന്നു. അച്ചടിച്ച ഒന്നോ രണ്ടോ പാട്ടുപുസ്തകങ്ങൾ മാത്രം. സ്വന്തം കൈപ്പടയിൽ പാട്ടുകളെഴുതിയ ചെറിയ നോട്ടുബുക്കുകളായിരുന്നു പലർക്കും. കൂടുതലാളുകളും ഓർമ്മയിൽനിന്ന്, ഹൃദയങ്ങളെ ദൈവമുമ്പിൽ ഏകാഗ്രമാക്കിക്കൊണ്ടു പാടി.

ദൈവവും മനുഷ്യനും ഗാനങ്ങളിലൂടെ ഏകത്ര സമ്മേളിച്ചു. ഗാനശുശ്രൂഷ പകുതിയായപ്പോൾ തമ്പേറടിയുടെ മുഴക്കം വർദ്ധിച്ചു.

പാട്ടു മുറുകി.

കയ്യടിയുടെ വേഗം കൂടി.

കണ്ണുകളിൽ ചുടുനീർ തുളുമ്പി.

കൊടിത്തോപ്പിൽ തങ്കമ്മ സഹോദരി അന്യഭാഷയിൽ പ്രവചിച്ചു; ആമേൻജോർജുകുട്ടി വ്യാഖ്യാനിച്ചു. ഒമേഗാതോമാച്ചൻ അന്യഭാഷയിൽ പാട്ടുതുടങ്ങി. ഷെക്കെനാചാക്കോച്ചൻ അങ്ങോട്ടുമിങ്ങോട്ടും നടന്ന് പലരുടേയും തലയിൽ കൈവച്ച് വിടുതലിനുവേണ്ടി പ്രാർത്ഥിച്ചു.

പെട്ടെന്ന് മദ്ധ്യവയസ്ക്കയായ ഒരു സ്ത്രീ കരയാനും അലറാനും ഇടയ്ക്കിടെ താറാവിനെപ്പോലെ ശബ്ദമുണ്ടാക്കാനും തുടങ്ങി. കണ്ണുനീരില്ലാത്ത കരച്ചിൽ. വായിൽനിന്ന് നുരയും പതയും! തല ആഞ്ഞുകുലക്കി. നീണ്ട മുടി വിശറിപോലെ വിരിച്ചാട്ടിയശേഷം വിഭ്രമത്തിന്റെ ശബ്ദങ്ങൾ പുറപ്പെടുവിച്ചുതുടങ്ങി.

പതവെട്ടി യോസേഫിന്റെ സഹോദരിയാണവൾ. ആദ്യമായിട്ടാണ് ഏഴംകുളം സഭയിൽ വരുന്നത്. പേര് കൊച്ചുസാറാ.

പെട്ടെന്ന് ഷെക്കെനാചാക്കോച്ചൻ കൊച്ചുസാറായുടെ അടുത്തേക്കു നീങ്ങി. അവരുടെ തലയിൽ കൈവച്ചു: 'യേശുവിന്റെ അധികാരമുള്ള നാമത്തിൽ നിന്നിലുള്ള ദുർശക്തികളെ ശാസിക്കുന്നു. ഈ സഹോദരിയെ പീഡിപ്പിക്കുന്ന ശക്തിയേ, വിട്ടുപോകൂ. ഉടനെ പോകൂ.'

'ഇല്ല, ഇല്ല, പോകത്തില്ല. ഞങ്ങൾ നാലുപേരാണ്. ഒരിക്കലും പോകത്തില്ല.' കൊച്ചുസാറാ കട്ടായം പറഞ്ഞു.

പൊടുന്നനെ മത്തായിച്ചൻ എഴുന്നേറ്റുനിന്നു. സഭയോട് ഏകസ്വരത്തിൽ 'ജയം ജയം'എന്ന പാട്ടുപാടാൻ ആവശ്യപ്പെട്ടു.

ജയം ജയം ഹല്ലേലുയ്യാ
ജയം ജയം എപ്പോഴും
യേശുനാഥ നാമത്തിന്
ജയം ജയം എപ്പോഴും

അല്പനേരം പാട്ടുപാടി ദൈവത്തെ ആരാധിച്ചശേഷം മത്തായിച്ചൻ കൊച്ചുസാറായുടെ സമീപത്തേക്കു നീങ്ങി. തൊട്ടുപുറകേ യാഗപീഠംപൊടിയച്ചനും. മത്തായിച്ചന്റെയും പൊടിയച്ചന്റെയും കരങ്ങൾ കൊച്ചുസാറായുടെ തലയിൽ സ്പർശിച്ചു. മത്തായിച്ചൻ ഉയരത്തിലേക്ക് കണ്ണുകൾ ഉയർത്തി.

രാജകല്പനയുടെ ധ്വനിയുള്ള പ്രാർത്ഥന ഉയർന്നു. ഏകസ്വരത്തിൽ സഭ ഹലേലുയ്യാ മുഴക്കി:

രണ്ടായിരം വർഷം മുമ്പ്
കന്യകയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിൽ ഉല്പാദിതനായി
ഗോശാലയിൽ ജനിച്ച്
അത്ഭുതപ്രവൃത്തികൾ ചെയ്ത്
കുരുടരെയും മുടന്തരെയും സൗഖ്യമാക്കിയ....
മരിച്ചവരെ ഉയിർപ്പിച്ച....

കാൽവറിയിൽ മരിച്ച്, അടക്കപ്പെട്ട്
മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ വാണരുളുന്ന
ക്രിസ്തുയേശുവിന്റെ പാവന നാമത്തിൽ
പിതാവും ദൈവവുമായ യഹോവേ ഞങ്ങൾ അപേക്ഷിക്കുന്നു
ഈ സഹോദരിയുടെ ബന്ധനങ്ങൾ അഴിയപ്പെടട്ടെ!

കൊച്ചുസാറാ ശാന്തമായശേഷം, സഭയിൽ സന്ദർശകരായി വന്നവരുടെ ജിജ്ഞാസ ശമിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ട് മത്തായിച്ചൻ പറഞ്ഞു: 'ആദ്യ മായി ഈ സഭയിൽ വന്നവരോടായി ഒന്നുരണ്ടു കാര്യങ്ങൾ പറയാനുള്ള സ്വാതന്ത്ര്യം ഞാൻ എടുക്കുകയാണ്. അല്പം മുമ്പ് കൊച്ചുസാറാ സഹോ ദരിയിൽ കണ്ട പെരുമാറ്റം ഒന്നുരണ്ടുകാരണങ്ങളാൽ ഉണ്ടാകാം. ചിലപ്പോൾ ഇത് മാനസികരോഗത്തിന്റെ ലക്ഷണമാകാം. അല്ലെങ്കിൽ സാത്താന്യബാ ധകൊണ്ടും ഇത്തരം പെരുമാറ്റങ്ങൾ ഉണ്ടാകാം. ദൈവാത്മാവിന്റെ ശക്തി യോഗങ്ങളിൽ ശക്തിയായി വ്യാപരിക്കുമ്പോൾ പൈശാചിക ശക്തികൾ വിഭ്രമിച്ചിളകിയെന്നിരിക്കും. സ്വന്തശരീരം ചതച്ചുമുറിച്ച് മലകളിൽ അല ഞ്ഞുനടന്ന ഒരു മനുഷ്യൻ യേശുവിനെ കണ്ടപ്പോൾ അലറിവിളിച്ച സംഭ വവും യേശുക്രിസ്തു അയാളിൽ കുടിയേറിയിരുന്ന അശുദ്ധാത്മാക്കളെ ശാസിച്ചുപുറത്താക്കിയതും സുവിശേഷങ്ങളിൽ നാം വായിച്ചിട്ടുണ്ടല്ലോ.'

'ആമേൻ'. ഭക്തൻമാത്തുക്കുട്ടി വിശദീകരണത്തെ അനുകൂലിച്ചു.

'കൊച്ചുസാറായ്ക്ക് ഭൂതബാധയുണ്ടെന്ന് ഞാൻ ബലമായി വിശ്വസി ക്കുന്നു. ഞങ്ങൾ നാലുപേരുണ്ട് എന്ന് കൊച്ചുസാറ അല്പം മുമ്പ് വിളിച്ചു പറഞ്ഞല്ലോ. നാലു ദുഷ്ടശക്തികൾ ഈ സഹോദരിയെ പീഡിപ്പിക്കുന്നു ണ്ട്. അടുത്തദിവസങ്ങളിൽ സഭ ഉപവസിച്ചു പ്രാർത്ഥിച്ചാൽ കൊച്ചുസാറാ യുടെ പൈശാചിക ബന്ധനത്തെ ദൈവം പൊട്ടിച്ചുകളയും. ഏഴു ഭൂത ങ്ങൾ പീഡിപ്പിച്ചിരുന്ന മഗ്ദലക്കാരത്തി മറിയയെ യേശുക്രിസ്തു സൗഖ്യ മാക്കിയ സംഭവം നാം പുതിയനിയമത്തിൽ വായിച്ചിട്ടുണ്ടല്ലോ. അടുത്ത ആഴ്ച നമുക്ക് മൂന്നുദിവസം ഉപവാസപ്രാർത്ഥന നടത്തണം!'

'ആമേൻ! ആമേൻ!' സഭ ഏകസ്വരത്തിൽ സമ്മതം മൂളി.

കൊച്ചുസാറായുടെ മുഖം വികസിച്ചു. മുൻപരിചയമില്ലാത്ത ഒരു ഉപ ദേശി. അല്പസ്വല്പം പരിചയം മാത്രമുള്ള കുറെ വിശ്വാസികൾ. ഇവർ ആഹാരം വെടിഞ്ഞ് അവരുടെ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തീരു മാനിച്ചിരിക്കുന്നു!

സങ്കീർത്തനം വായനയ്ക്കുശേഷം യോഗം തുടർന്നു.

പഴയതുപോലെ പൊഴിഞ്ഞ സാക്ഷ്യങ്ങളല്ല.

ആദ്യം ചായലോടുജോൺ ഉശിരോടെ എഴുന്നേറ്റു സാക്ഷ്യം പ്രസ്താ വിച്ചു. തൊട്ടുപുറകേ ബഥേലിൽ ചിന്നമ്മ—സിലോൺ പെന്തെക്കോസ്തു സുവിശേഷകൻ ഐക്കരകുര്യൻ എഴുതിയ ഒരു പാട്ടുപാടിക്കൊണ്ട്:

വാഴ്ത്തിടും ഞാനെന്റെ രക്ഷകനെ എന്നും
സ്തോത്രം ചെയ്യും തന്റെ വൻകൃപയ്ക്കായ്
ശത്രുവിൻ ശക്തികൾ ഏശാതെ എന്നെയീ
ആഴ്ചമുഴുവനും കാത്തതിനാൽ....

ചിന്നമ്മ ഇരുന്നതും ഉല്പത്തി അമ്മിണി തിടുക്കത്തിൽ എഴുന്നേറ്റതും ഒരേ നിമിഷം സംഭവിച്ചു.—അതേ പാട്ടിന്റെ മറ്റൊരു ചരണം പാടിക്കൊണ്ട്:

ആഴ്ചവട്ടത്തിന്റെ ഒന്നാംദിനം നിന്നെ

ആദ്യപിതാക്കന്മാർ വാഴ്ത്തിയപോൽ
ഇമ്പമോടിന്നിതാ നിൻമക്കളൊന്നിച്ചു
തുമ്പമെന്യേ നിന്നെ കുമ്പിടുന്നു....

തേവോട്ട് അന്നമ്മക്കൊച്ചമ്മ അവരുടെ അനുഭവത്തോടു ചേർന്ന ഒരു വേദവാക്യം വായിച്ചശേഷം സാക്ഷ്യം പറയാൻ തുടങ്ങി. എന്നാൽ, തലേ ആഴ്ച ദൈവം ചെയ്ത ഉപകാരങ്ങൾ നന്ദിപൂർവ്വം വിവരിച്ചുതുടങ്ങിയപ്പോൾ വികാരം അവരെ കീഴടക്കി—പൂർത്തിയാക്കാതെ ഇരുന്നു.

പിന്നീട് എഴുന്നേറ്റത് വെളിപാടുമേരിക്കുട്ടി. സ്തോത്രംകുഞ്ഞച്ചനും പുറപ്പാടുപാപ്പച്ചനും ആവർത്തനംതങ്കച്ചനും അവരുടെ അനുഭവങ്ങൾ നാലഞ്ചുവാചകങ്ങളിൽ ഒതുക്കി.

ഭക്തൻമാത്തുക്കുട്ടി കണ്ണുപൂട്ടി ധ്യാനിച്ചുകൊണ്ടാണ് എഴുന്നേറ്റതും സാക്ഷ്യം പറഞ്ഞുതുടങ്ങിയതും. ഇടതുവശത്തുനിന്നും ശബ്ദംകേട്ട് കണ്ണു തുറന്നുനോക്കിയപ്പോഴാണ് സഹോദരിമാർ ഇരിക്കുന്ന കോണിൽ പെണ്ണമ്മക്കൊച്ചമ്മയും സാക്ഷ്യം പറഞ്ഞുതുടങ്ങിയെന്ന് മനസ്സിലാക്കിയത്. വണ്ടിക്കു ബ്രേക്ക് ചവിട്ടുന്ന വേഗതയിൽ അയാൾ സാക്ഷ്യം നിർത്തി. ഇടംവലം നോക്കാതെ കുനിഞ്ഞിരുന്നു.

ആൺകുട്ടികൾ ചിരിയടക്കാൻ ആവുന്നത്ര ശ്രമിച്ചെങ്കിലും പറ്റിയില്ല. ജോണി മൂപ്പന്മാരുടെ കണ്ണുവെട്ടിച്ച് തൊട്ടടുത്തിരുന്ന തമ്പിയുടെ ചെവിയിൽ എന്തൊക്കെയോ മന്ത്രിക്കുന്നുണ്ടായിരുന്നു.

റാഹേലമ്മ സാക്ഷിപറഞ്ഞു തുടങ്ങിയപ്പോൾ പതിനൊന്നുമണി ആയിക്കഴിഞ്ഞിരുന്നു പെട്ടെന്ന്, കേഴ്‌വിശക്തി കുറവുള്ള ഏലിയാക്കൊച്ചമ്മ എഴുന്നേറ്റു—റാഹേലമ്മയെ മറികടന്ന് സാക്ഷ്യം തുടങ്ങി. റാഹേലമ്മ വെടിപൊട്ടിക്കുന്ന ശബ്ദത്തിൽ, ഒരു ഹാലേലുയ്യാ മുഴക്കി. തൊട്ടുപുറകേ ഒരു സ്തോത്രവും. ഇടതുവശത്തുനിന്നും ശബ്ദംകേട്ട് തിരിഞ്ഞു നോക്കിയപ്പോഴാണ് ഏലിയാക്കൊച്ചമ്മയ്ക്ക് അബദ്ധം മനസ്സിലായത്.

പെൺകുട്ടികൾ കൈപ്പടം വായിൽപൊത്തി ചിരിച്ചു.

ആരാധനയിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകഴിയുമ്പോൾ ഉണ്ടാകുന്ന ഇത്തരം ക്രമഭംഗങ്ങൾ പരിഹരിക്കാനാവാത്തതും അവഗണിച്ചുതള്ളേണ്ടതുമായ നിസ്സാരപ്രശ്നങ്ങളായിട്ടാണ് മത്തായിച്ചൻ കരുതുന്നത്. എങ്കിൽതന്നെ, യോഗം അലങ്കോലപ്പെടാൻ സാധ്യതയുണ്ടെന്നു മനസ്സിലാക്കിയാൽ, ഉടനെ മത്തായിച്ചൻ എഴുന്നേറ്റുനിന്ന് സാക്ഷ്യശുശ്രൂഷയെ നിയന്ത്രിച്ചു നയിക്കാറുണ്ട്.

രണ്ടുമൂന്നുകാര്യങ്ങളിൽ മത്തായിച്ചനു നിർബന്ധമുണ്ടായിരുന്നു:
യോഗങ്ങൾ പട്ടാളച്ചിട്ടയിലാകരുത്
ആരാധനകൾ യാന്ത്രികമാകരുത്
എന്നാൽ, നാഥനില്ലാകളരിയും ആകരുത്.

അവസാനം എഴുന്നേറ്റത് ദിനവൃത്താന്തംദീനാമ്മയാണ്. ചിലർ അവരെ സഭയിലെ ദിനപ്പത്രമായി കരുതുന്നു. നാട്ടിൽ നടക്കുന്ന വൃത്താന്തങ്ങൾ, പ്രത്യേകിച്ച് കുടുംബങ്ങളിലെ രഹസ്യങ്ങൾ, അവർക്കു കാണാപ്പാഠമാണ്. പരകാര്യങ്ങളിൽ ഇടപെടാൻ പ്രത്യേകം താല്പര്യമുള്ള ഒരു മഹിള.

ദീനാമ്മ ദീനക്കാരിയായിരുന്നു. നുണയുടെ രോഗാണുക്കൾ കീഴടക്കിയവൾ. വ്യാജത്തിന്റെ ബന്ധനം. അപവാദത്തിന്റെ വൈറസുകൾ. പാതാളഗോപുരങ്ങളുടെ കടാക്ഷമുള്ള ബാക്ടീരിയങ്ങൾ ഏറെനാൾ അവരെ പീഡി

പ്പിച്ചിരുന്നു.

ആരെക്കുറിച്ചോ അപവാദം പ്രചരിപ്പിച്ചതിന്റെ പേരിൽ സഭയുടെ മുൻപാസ്റ്റർ അവരെ ശിക്ഷിച്ചതാണ്—മൂന്നുമാസത്തേക്ക് സഭയിൽ സാക്ഷ്യം പറയരുത്. പരാതികൂടാതെ അവർ ശിക്ഷ ഏറ്റെടുത്തു. മത്തായിച്ചൻ ഏഴംകുളംസഭയിൽ വരുന്നതിന് പത്തുമാസം മുമ്പ് ശിക്ഷയുടെ കാലാവധി തീർന്നു. പശ്ചാത്താപത്തിനുശേഷം ആദ്യമായി സാക്ഷ്യം പറയാൻ എഴുന്നേറ്റപ്പോൾ അവർ സഭയെ വായിച്ചുകേൾപ്പിച്ച വേദഭാഗം ഇന്നും മിക്കവരും ഓർക്കുന്നുണ്ട്—സങ്കീർത്തനം 39.

നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ
ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും
ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ
എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു.

പഴയ പാസ്റ്റർ ദീനാമ്മയിലുണ്ടായ മാറ്റത്തിൽ സന്തോഷിച്ചു. അവരെ പ്രാദേശിക സഹോദരിസംഘത്തിന്റെ സെക്രട്ടറിയാക്കി ആദരിച്ചു. ഇപ്പോൾ നാട്ടിലും പരിസരപ്രദേശങ്ങളിലും നടക്കുന്ന യോഗങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ, പാപികളുടെ മാനസ്സാന്തരവൃത്താന്തങ്ങൾ, രോഗശാന്തിവിവരങ്ങൾ ഇവയൊക്കെ ശേഖരിച്ച് പ്രാദേശികസഭയിലെ വിശ്വാസികൾക്കു കൈമാറുന്നു. പലരേയും ദൂരെ നടക്കുന്ന യോഗങ്ങൾക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

പണ്ടു വായിച്ച മുപ്പത്തൊൻപതാം സങ്കീർത്തനം വായിച്ചുകൊണ്ടാണ് ദീനാമ്മ സാക്ഷ്യം ആരംഭിച്ചത്. അവരുടെ സാക്ഷ്യം ഉപസംഹരിച്ചപ്പോഴേക്കും പ്രബോധനത്തിനുള്ള സമയം ആയിക്കഴിഞ്ഞിരുന്നു.

സ്തോത്രകാഴ്ച ശേഖരണത്തിനുശേഷം മൂപ്പന്മാർ ഉത്സാഹത്തിമിർപ്പോടെ പ്രബോധിപ്പിച്ചുതുടങ്ങി. ആദ്യം ദർശനംദാനിയേൽ. പിന്നെ കൈതപ്പറമ്പു മത്തായി. ഒടുവിൽ വിലാപംബേബിച്ചൻ.

മിക്കപ്പോഴും പഴയനിയമത്തിലെ 'വിലാപങ്ങൾ' എന്ന പുസ്തകത്തിലെ അദ്ധ്യായങ്ങൾ വ്യാഖ്യാനിച്ചു പ്രബോധിപ്പിക്കുന്ന അദ്ദേഹം ഇന്ന് പുതിയനിയമത്തിലെ റോമാലേഖനത്തിലെ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്.

സന്ദർശകനായി വന്ന കല്ലേത്തുവിളയിൽ കോശി യോഗം കഴിഞ്ഞ് അഭിപ്രായപ്പെട്ടു: 'ഉപദേശീ, ഏതായാലും ഇവിടിരുന്നിട്ട് ആർക്കും ഉറക്കം വരുന്നില്ല. നിങ്ങളു പെന്തെക്കോസ്തുകാർ രസംകൊല്ലികൾ ആണെന്നാ ഞാൻ കേട്ടിട്ടുള്ളത്. സന്തോഷം തരുന്ന ഒന്നിലും നിങ്ങൾ പങ്കുകൊള്ളാറില്ല. നിങ്ങൾക്കു ചീട്ടുകളിയില്ല. ചൂതുകളിയില്ല. ബീഡിവലി ഇല്ല. നാടകമില്ല. സിനിമ ഇല്ല. ആരെങ്കിലും അല്പം സന്തോഷത്തിന് ഒരു നാടകം കാണാൻ പോയാൽ നിങ്ങൾ അവരെ കുറ്റംപറയും....പക്ഷേ ഞാൻ കണ്ടിട്ട് നിങ്ങളുടെ യോഗം നല്ല രസമാ. ബഹുരസം! ബോറടിക്കത്തില്ല.'

'ഞങ്ങൾ രസംകൊല്ലികൾ അല്ല കോശീ, രസം സൃഷ്ടിക്കുന്നവരാ....ആത്മീയരസം. കർത്താവിൽ എപ്പോഴും സന്തോഷിക്കുന്ന രസം. കൊല്ലുന്ന രസമല്ല—ജീവിപ്പിക്കുന്ന രസം.'

'ശര്യാ. ഞങ്ങടെ പള്ളീൽ പലരും ഉറക്കംതൂങ്ങിയിരിക്കുന്നത് സ്ഥിരം കാഴ്ചയാ. പെന്തെക്കോസ്തുപള്ളീൽ ആർക്കും ഉറക്കം വരത്തില്ല....നിങ്ങളുടെ കൂട്ടത്തിൽ എല്ലാം ഉണ്ട്. ഇല്ലാത്തതൊന്നും ഇല്ല—ദൈവം ഉണ്ട്.

യേശു ഉണ്ട്. പരിശുദ്ധാത്മാവുണ്ട്. ഭൂതങ്ങളുമുണ്ട്! ഒന്നിനും കുറവില്ല.'

'പക്ഷേ, ഞങ്ങടെകൂട്ടത്തിൽ ഭൂതങ്ങൾക്കു സ്വസ്ഥത കിട്ടില്ല. ഇളകിയോടും'

കോശി പറഞ്ഞ വാക്കുകളെപ്പറ്റി ചിന്തിച്ചുകൊണ്ടാണ് മത്തായിച്ചൻ വീട്ടിലേക്കു നടന്നത്.

നിങ്ങളുടെ കൂട്ടത്തിൽ എല്ലാം ഉണ്ട്. ഇല്ലാത്തതൊന്നും ഇല്ല. ഒന്നിനും കുറവില്ല.

ശരി!

പെന്തക്കോസ്താരാധനയിൽ ഒന്നിനും കുറവില്ല. എല്ലാം ഉണ്ട്.

പാട്ടുണ്ട്. പ്രാർത്ഥനയുണ്ട്; പ്രബോധനോം പ്രസംഗോം ഉണ്ട്.

തമ്പേറുണ്ട്, തംബുരുവുണ്ട്.

ചിരിയുണ്ട്, കരച്ചിലുണ്ട്. അനുതാപത്തിന്റെ കരച്ചിൽ. സന്തോഷത്തിന്റെ കണ്ണുനീർ. മാനസാന്തരത്തിന്റെ ഏങ്ങലടികൾ.

ശാന്തതയുണ്ട്, ബഹളവുമുണ്ട്; ശാസനയുണ്ട്.

അനക്കമുണ്ട്. ഇളക്കമുണ്ട്; രസമുണ്ട്. ഉശിരുണ്ട്. ഉയിരുണ്ട്. ആത്മാവുണ്ട്. ആത്മനാഥനുണ്ട്.

ശിക്ഷയുണ്ട്....രക്ഷയും.

ക്രിസ്മസ് ദിവസം സന്ധ്യ കഴിഞ്ഞപ്പോൾ സഭാപ്രമാണികൾ മത്തായിച്ചന്റെ വസതിയിൽ ഒന്നിച്ചുകൂടി.

ഒമ്പതേക്കർമലമുകളിൽനിന്നും ഉക്കന്റെ കൂവലുയർന്നു. ഇടയ്ക്കിടെ ഞാറപ്പക്ഷികളുടെ ചിലപ്പ്. കാറ്റിന്റെ ഹുങ്കാരം.

മുറ്റത്ത് ജോണിയും ശേബായും വെള്ളംനിറച്ച കിണ്ണത്തിൽ മണ്ണെണ്ണ വിളക്ക് കൊളുത്തിവച്ചു. കൂട്ടമായി പറന്നുവന്ന ഈയലുകൾ വിളക്കിനു ചുറ്റും ചിറകടിച്ചു നൃത്തംചെയ്തു. അടുത്ത നിമിഷത്തിൽ ചിറകുകരിഞ്ഞു വെള്ളത്തിൽ വീണു.

'പതിവില്ലാതെ മഴ പെയ്യാനായിരിക്കും ഈയലിളകുന്നത്.' ഒരു സഭാപ്രമാണി അഭിപ്രായപ്പെട്ടു.

സാറാമ്മ ഒരു പാത്രം നിറയെ വരിക്കച്ചക്കയുടെ ചുളയുമായി ഉമ്മറത്തെത്തി. തേനൊലിക്കുന്ന വരിക്കച്ചുള വായിലിട്ടുകൊണ്ടു മത്തായിച്ചനും പ്രമാണികളും ചർച്ചയിലേക്കു കടന്നു. മത്തായിച്ചൻ ആരംഭമിട്ടു.

'നമ്മുടെ ആരാധനാമുറിയിലെ ഇരിപ്പിടസംവിധാനത്തെപ്പറ്റി ചില കാര്യങ്ങൾ പറയാനാ ഞാൻ നിങ്ങളെ വിളിച്ചത്.'

ആരും ഒന്നും മിണ്ടിയില്ല.

'ആറുമാസംമുമ്പ് ഈ സഭേൽ വന്ന ദിവസംമുതൽ ഞാൻ പറയാനാഗ്രഹിച്ചിരുന്ന ചില കാര്യങ്ങളാ—'

'പറയാനുള്ളതു തുറന്നുപറഞ്ഞാലും.' ബഥേലിൽ ചാക്കോച്ചൻ സമ്മതം നൽകി. മറ്റു പ്രമാണികളും തലകുലുക്കി.

'നമ്മുടെ ആരാധനാമുറിയിൽ ഓരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങൾ പാടില്ല.'

മത്തായിച്ചൻ സൂചിപ്പിച്ചതെന്തെന്ന് പ്രമാണികൾക്കു മനസ്സിലായി.

സഭയിൽ പാരമ്പര്യമുള്ള സുറിയാനിക്രിസ്ത്യാനികൾക്കും അവശജാതികളിൽനിന്നു വന്ന പുതുക്രിസ്ത്യാനികൾക്കും പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളാണ്.

ആരാധനാമുറിയുടെ ഏറ്റവും പിറകിൽ കീറിപ്പൊളിഞ്ഞ ഒരു പരമ്പു വിരിച്ചിട്ടുണ്ട്. താഴ്ന്ന ജാതിക്കാരായ സ്ത്രീപുരുഷന്മാർ ഈ പരമ്പിന്റെ ഇടത്തും വലത്തും ഇരിക്കുന്നു. തൊട്ടുമുമ്പിൽ മനോഹരമായ കുറെ തഴപ്പായ്കൾ. സുറിയാനിസഹോദരിമാർ അവയിലിരിക്കുന്നു.

പ്രസംഗമേശയുടെ വലതുവശത്ത് അഴകുള്ള ഒരു പുൽപ്പായ്. സുറിയാനി സഹോദരന്മാർ അതിലാണിരിക്കുന്നത്. ഇടതുവശത്ത് കീറി മുഷിഞ്ഞ ഒരു തഴപ്പായ്. അതിലാണ് മോശമൂപ്പനും യേശുദാസനുമിരിക്കുന്നത്—ഇരുവരും അവശജാതിക്കാർ.

പ്രസംഗമേശയുടെ തൊട്ടുപുറകിൽ മനോഹരമായ ഒരു മെത്തപ്പായ്—സഭാപാസ്റ്റർ ഇരിക്കുന്നതതിലാണ്.

ഹല്ലേലൂയ്യാവർഗീസ് ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: 'പാസ്റ്ററേ, എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ടെന്നല്ലേ യേശു പറഞ്ഞത്?'

'അതിനെന്താ?'

'സ്വർഗ്ഗത്തിൽ താഴ്ന്ന ജാതിക്കാർക്കും പ്രത്യേകം വാസസ്ഥലമായിരിക്കും.'

മത്തായിച്ചൻ ഒന്നു ചിരിച്ചു.

ആവർത്തനംതങ്കച്ചൻ കൂട്ടിച്ചേർത്തു: 'അണ്ണാൻ കൊമ്പത്തും ആമ കിണറ്റിലും!'

'അതുകൊണ്ട്?'

'സ്ഥാനം മാറ്റരുത്. അവനവൻ ഇരിക്കേണ്ടടത്തേ ഇരിക്കാവൂ.'

മത്തായിച്ചൻ സ്നേഹാർദ്രമായ സ്വരത്തിൽ ഇരുവരുടെയും വാദഗതിയെ എതിർത്തു: 'ദൈവത്തിന് ആമയെന്നും അണ്ണാനെന്നും ഇല്ല. എല്ലാവരും ദൈവമക്കൾ. സ്വർഗ്ഗത്തിലെ വാസസ്ഥലങ്ങൾ ജാതിയും നിറവും അനുസരിച്ചല്ല, നാം ദൈവത്തിനുവേണ്ടി ചെയ്ത നല്ല പ്രവൃത്തികളനുസരിച്ചാ വീതിക്കുന്നത്.'

'പിന്നെ ദൈവമെന്തിനാ പല ജാതികളെ സൃഷ്ടിച്ചത്?'

'ഇതൊന്നും ദൈവം സൃഷ്ടിച്ചതല്ല. മറ്റു രാജ്യങ്ങളിലൊന്നും പെലേനും നായരും നമ്പൂതിരീം ഒന്നുമില്ല. മറ്റുള്ളവരെ ചൂഷണം ചെയ്യാൻ നമ്മുടെ പൂർവ്വികർ മനപ്പൂർവ്വം വേർതിരിച്ചതാണ് ഉയർന്ന ജാതിയെന്നും താഴ്ന്ന ജാതിയെന്നും. എല്ലാവരിലും ഒരു രക്തമാണ്. മനുഷ്യരക്തം. എല്ലാവരും ഒരപ്പന്റെ മക്കൾ.'

'മനുഷ്യരെ കണ്ടാൽ അങ്ങനെ തോന്നത്തില്ലല്ലോ.'

'മനുഷ്യരെ ചൂഷണം ചെയ്ത ബ്രാഹ്മണരും, സുറിയാനിക്രി സ്ത്യാനികളും, ഉയർന്ന ജാതികളിൽ ഉൾപ്പെട്ടവരെന്ന് സ്വയം അവകാശപ്പെടുന്ന മറ്റു ജാതിക്കാരും ക്രമേണ തടിച്ചുരുണ്ട് വെളുത്തു ചുവന്നു—മെച്ചമായ ആഹാരവും ജീവിതസാഹചര്യങ്ങളും അവർക്കു ലഭിച്ചതുകൊണ്ട്. തരംതാഴ്ത്തിയ കൂട്ടരെ അടിമപ്പണി ചെയ്യിച്ചു. കപ്പയും മത്തിയും കൊടുത്ത് മൃഗങ്ങളെപ്പോലെ വെയിലത്തും മഴയത്തും പണി ചെയ്യിച്ചു. അവരുടെ ശരീരം നൂറ്റാണ്ടുകളായി ശോഷിച്ചുകൊണ്ടിരുന്നു. എല്ലു കുറുകി നിറംമങ്ങി മെലിഞ്ഞുമെലിഞ്ഞ് രക്തമയമില്ലാതെ വിളറി അവശനിലയിലായിക്കൊണ്ടിരുന്നു. അവശർ എന്ന പേരും ചാർത്തി. സത്യത്തിൽ എല്ലാവരും ഒരുജാതി—മനുഷ്യജാതി. ഇപ്പോൾ നെഹ്റു മന്ത്രിസഭയും ക്രൈസ്തവസംഘടനകളും

പിന്നോക്ക ജാതിക്കാർക്ക് സൗജന്യവിദ്യാഭ്യാസം നൽകി, ഉയർന്ന തൊഴിലുകളിൽ പ്രവേശിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്ത് അവരെ ഉദ്ധരിച്ചുകൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ സവർണർ അവർണരിൽനിന്നും പണ്ടുകാലത്ത് കവർന്നെടുത്ത അവകാശങ്ങൾ തിരികെ കൊടുക്കുകയാണിത്. അല്ലാതെ ഔദാര്യമൊന്നുമല്ല.'

പ്രമാണികൾ മൗനമായി.

യെശയ്യാപ്രവചനം അമ്പത്താറാം അദ്ധ്യായം ആറും ഏഴും വാക്യങ്ങളും അപ്പൊസ്തൊല പ്രവൃത്തി പത്താം അദ്ധ്യായം മുപ്പത്തിനാലു വരെയുള്ള വാക്യങ്ങളും വായിച്ച് ജാതിവിവേചനം വിശ്വാസികൾക്കു പറ്റിയതല്ലെന്ന് മത്തായിച്ചൻ മനസ്സിലാക്കിക്കൊടുത്തു.

പിറ്റേമാസം എല്ലാവർക്കും ഒരേ രീതിയിലുള്ള പുൽപ്പായ്കൾ വാങ്ങി. ആരാധനാമുറിയിൽ വിരിച്ചു: 'ഇതു സ്വർഗ്ഗംപോലിരിക്കുന്നു. എല്ലാരും തുല്യർ.' മത്തായിച്ചൻ സന്തോഷം പ്രകടമാക്കി.

അന്ന് സുറിയാനിയായ മാത്തുക്കുട്ടിയും മോശപ്പെലേനും ഒരേ പായിലാണിരുന്നത്.

♦ ♦ ♦

മനോരമ പത്രത്തിലെ വലിയ തലക്കെട്ട് മത്തായിച്ചനെ ആകർഷിച്ചു.

'1954 ജൂൺ 28: ഇന്ത്യയുടെ വിദേശനയത്തിലെ നാഴികക്കല്ല്.'

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഒരു പ്രസ്താവനയാണ് തലക്കെട്ടായി ഉപയോഗിച്ചിരുന്നത്.

ഇന്ത്യൻ പ്രധാനമന്ത്രിയും ചൈനീസ് പ്രധാനമന്ത്രി ചു. എൻ. ലായിയും ഡൽഹിയിൽവച്ച് പഞ്ചശീലക്കരാറിൽ ഒപ്പുവച്ചതിനെപ്പറ്റിയായിരുന്നു വാർത്ത.

മത്തായിച്ചൻ ചിന്തയിലാണ്ടു: ഐക്യത്തെപ്പറ്റി—ഭിന്നതയെപ്പറ്റി—സ്നേഹത്തെപ്പറ്റി എല്ലാം ചിന്തിച്ചു.

അപ്പോഴാണ് മാത്തുക്കുട്ടി സഹോദരൻ പടിഞ്ഞാറേ മുറ്റത്തുകൂടെ കയറിവന്നത്.

മണ്ണിന്റെ ഗന്ധവും വിയർപ്പിന്റെ നാറ്റവും അയാൾക്കുണ്ടായിരുന്നു. പ്രഭാതംമുതൽ പ്രദോഷംവരെ മണ്ണിനോടു പടവെട്ടുന്ന ഒരു കൃഷിക്കാരൻ.

ചവിട്ടുകല്ലിൽ വച്ചിരുന്ന കിണ്ടിയിലെ വെള്ളം ഒഴിച്ച് കാലിലെ മണ്ണുകഴുകിയശേഷം അയാൾ വരാന്തയിൽ കയറി. മത്തായിച്ചൻ നീണ്ട ചിന്തയിൽ നിന്നുണർന്നു.

'ഇന്നത്തെ പത്രം കണ്ടോ, മാത്തുക്കുട്ടി സഹോദരാ?'

'ഞങ്ങളു കൃഷിക്കാർക്കു പത്രം വായിക്കാനാണോ നേരം!'

'ഇന്ത്യയും ചൈനയും അന്യോന്യം ആദരിക്കുമെന്നു കാണിച്ചുകൊണ്ടുള്ള അഞ്ചു നിബന്ധനകളിൽ ഒപ്പുവച്ചിരിക്കുന്നു!'

'ഓഹോ....ഒപ്പു വെച്ചാലെന്താ, ഇല്ലെങ്കിലെന്താ! നമ്മളു കൃഷിക്കാര്. എല്ലു മുറിയേ പണിചെയ്താലേ പല്ലു മുറിയേ തിന്നാനൊക്കൂ.'

'എന്നാലും ഇതൊരു രസമായിരിക്കുന്നു, നിരീശ്വര രാഷ്ട്രമായ ചൈനയും മതവിശ്വാസികളുടെ രാഷ്ട്രമായ ഇന്ത്യയും സ്നേഹക്കരാറിൽ ഒപ്പുവയ്ക്കുന്നു!'

'ഈ മൈത്രിയൊക്കെ എത്രനാള് നിലനില്ക്കുമെന്ന് ദൈവംതമ്പുരാൻ

മാത്രം അറിയുന്നു.'

'ഏതായാലും അവർ ഒരു മേശയ്ക്കു ചുറ്റുമിരുന്നു സംസാരിക്കുന്നു.... യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്ന ക്രൈസ്തവസഭകൾക്ക് അത്രപോലും അന്യോന്യം സ്നേഹം പ്രദർശിപ്പിക്കുവാൻ കഴിയുന്നില്ലെന്നുള്ളത് എത്ര ലജ്ജാകരം.'

'ശര്യാപാസ്റ്ററേ. കത്തോലിക്കനും യാക്കോബാക്കാരനും മാർത്തോമ്മാക്കാരനും സി.എസ്.ഐ.ക്കാരനും ബ്രദറുകാരനും പെന്തക്കോസ്തുകാരനും എല്ലാവരും സ്വന്തം വരമ്പുകൾക്കുള്ളിൽ നിന്നു പ്രവർത്തിക്കുന്നു. അന്യോന്യം സഹകരിക്കുന്നില്ല. പലരും പെന്തക്കോസ്തുകാരെ വെറുക്കുന്നു....അല്ല, യോജിച്ചു പ്രവർത്തിക്കാനൊക്കത്തുമില്ല. പാരമ്പര്യസഭകളിൽ ശുദ്ധീകരണം നടത്താതെ നമുക്കവരോടു യോജിക്കാനൊക്കുമോ?'

മറുപടി പറയാതെ മത്തായിച്ചൻ ചിന്താധീനനായി.

തെക്കേമലയിൽ കല്ലേത്തുമ്മച്ചന്റെ വീട്ടിൽ നിന്നുമുയർന്ന സന്ധ്യാഗാനങ്ങൾ മാധവൻപിള്ളയുടെ തെങ്ങിൻതോപ്പു താണ്ടി മത്തായിച്ചന്റെ കർണ്ണപുടങ്ങളിൽ പതിച്ചു. മങ്ങാട്ടുമലയിലെ വൃക്ഷലതാദികളിൽനിന്നുയർന്ന തണുത്ത കാറ്റ് ആദിച്ചൻപാറയെ തഴുകിക്കൊണ്ട് ഏഴേക്കർ കുന്നിൻനിരകളെ ലക്ഷ്യമാക്കിപാഞ്ഞു.

പ്രകൃതിയുടെ ഇടമുറിയാത്ത ശബ്ദവീചികൾ മത്തായിച്ചന്റെ ഹൃദയത്തിൽ അവ്യക്ത വികാരങ്ങളിളക്കിവിട്ടു. ഉലപോലെ മത്തായിച്ചൻ ഒന്നുച്ഛ്വസിച്ചശേഷം മാത്തുക്കുട്ടിയുടെ ചോദ്യത്തിനുത്തരം നൽകി.

'നമ്മക്കവരോട് എല്ലാ കാര്യത്തിനും യോജിക്കാനൊക്കത്തില്ലായിരിക്കാം. പക്ഷേ, നമ്മക്കവരെ സ്നേഹിക്കാം.'

'ശര്യാ, ശര്യാ.'

തിരുവോണദിവസം വൈകിട്ട് മത്തായിച്ചന്റെ പരിശ്രമഫലമായി ഒരൈക്യ പരസ്യയോഗം ഏഴംകുളം കവലയിൽവച്ചു നടത്താൻ തീരുമാനിച്ചു.

യോഗസ്ഥലവും സമയവും വിജ്ഞാപനം ചെയ്തുകൊണ്ട് മത്തായിച്ചൻതന്നെ പണം ചെലവാക്കി നോട്ടീസ് അച്ചടിപ്പിച്ച് വിതരണം ചെയ്തു. പരസ്യയോഗത്തിൽ ഉച്ചഭാഷിണി ഉണ്ടായിരിക്കുമെന്ന് നോട്ടീസിന്റെ അടിയിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ അച്ചടിച്ചിരുന്നു. പണ്ട് ഇടമണ്ണുവച്ച് കുക്കുസായിപ്പിന്റെ ഉച്ചഭാഷിണി ഗ്രാമവാസികളെ മൊത്തം ആകർഷിച്ചുകൊണ്ടുവന്ന അനുഭവം മനസ്സിൽ വച്ചുകൊണ്ടാണ് ഉച്ചഭാഷിണിയുടെ കാര്യംകൂടെ നോട്ടീസിൽ ചേർക്കാൻ മത്തായിച്ചൻ നിർദ്ദേശം നൽകിയത്.

പെന്തക്കോസ്തുകാരുടെ പ്രതിനിധിയെന്ന നിലയിൽ കുമ്പനാട്ടുനിന്നും പാസ്റ്റർ കെ.ജെ. ശാമുവേൽ പ്രസംഗിച്ചു. മാർതോമ്മാ ഇടവകക്കാർ ഇരവിപേരൂർനിന്ന് ശങ്കരമംഗലം ജേക്കബ് അച്ചനെ കൊണ്ടുവന്നു. സി.എസ്.ഐ. പ്രാദേശിക ഇടവകയിൽനിന്ന് മിഷൻവീട്ടിൽ മത്തായിസാർ. യാക്കോബായ സഭയിൽനിന്ന് പുതുപ്പള്ളി നൈനാൻ ഉപദേശി. കത്തോലിക്കാ സഭയുടെ പ്രതിനിധിയായി വാളകത്തുനിന്ന് ഫാദർ തോമസ് കുമ്പുക്കാട്ട്.

ഒരു കാര്യത്തിൽ പ്രസംഗകരെല്ലാം യോജിച്ചു—യേശുക്രിസ്തു മഹാബലിയാണ്; കാൽവറിയിലെ പരമയാഗം; അവൻ പാപികളെ രക്ഷിക്കുന്നു.

'ഈ പരസ്യയോഗത്തിൽ പങ്കുകൊണ്ട എല്ലാവരേയും അനുഗ്രഹിക്കണമേ' എന്ന വാചകത്തോടുകൂടിയാണ് കത്തോലിക്ക പള്ളിപ്രമാണി കുഞ്ചാ

ക്കോമാപ്പിള ഉപസംഹാരപ്രാർത്ഥന അവസാനിപ്പിച്ചത്.

ദൈവത്തിന്റെ അനുഗ്രഹവലയത്തിനുള്ളിൽ അവിടെ വന്നുകൂടിയ എല്ലാ സഭാവിഭാഗക്കാരേയും അദ്ദേഹം ഉൾപ്പെടുത്തിയപ്പോൾ ചിലരുടെയുള്ളിൽ സ്നേഹത്തിന്റെ വികാരങ്ങളുയർന്നു.

ചിലർ ആശ്ചര്യപ്പെട്ടു. ചിലർ കുപിതരായി.

പിറ്റേ ആഴ്ച, എല്ലാ സഭാവിഭാഗക്കാരെയും കോർത്തിണക്കിക്കൊണ്ട് നിർദ്ധനരായ വിധവകളെ സഹായിക്കാൻ ഒരു ക്ഷേമനിധി ആരംഭിച്ചു. യാക്കോബായ സഭയിലെ പുരോഹിതനാണ് മുൻകൈ എടുത്തത്.

പുരോഹിതനോടൊത്ത് ക്ഷേമനിധിയിലേക്കുള്ള പണപ്പിരിവിന് മത്തായിച്ചൻ വീടുകൾ കയറിയിറങ്ങിയപ്പോൾ കണ്ടവരൊക്കെ ആശ്ചര്യപ്പെട്ടു. മത്തായിച്ചൻ പറഞ്ഞു: 'നിങ്ങളൊക്കെയെന്തിനാ ആശ്ചര്യപ്പെടുന്നത്? ഞാനൊരുറച്ച പെന്തെക്കോസ്തുവിശ്വാസിയാണ്. എന്നാൽ സഹകരിക്കാവുന്ന രംഗങ്ങളിൽ മറ്റു സഭക്കാരുമായി സഹകരിക്കാൻ ഞാൻ തയ്യാറാ. ക്രിസ്തുവിന്റെ സ്നേഹം സഭയുടെ വരമ്പുകളെ മറികടക്കുന്നു.'

ഇടയ്ക്കു മഴ ചാറിയപ്പോൾ പുരോഹിതൻ മത്തായിച്ചന്റെ കുടക്കീഴിൽ കയറിനടന്നു.

ഒരു കുപ്പായധാരി.

ഒരു ജുബ്ബാധാരി.

ഒരേ കുടക്കീഴിൽ ഒത്തു നടക്കുന്നു.

രംഗം കണ്ടുനിന്ന ചിലരിൽ ദൈവസ്നേഹം ആളിക്കത്തി.

♦ ♦ ♦

വൈകിട്ട് മത്തായിച്ചൻ പ്രാർത്ഥിക്കുവാനായി ഉൾമുറിയിൽ കയറിയപ്പോൾ ഇറയത്ത് ആരോ നടന്നുകയറുന്ന ശബ്ദം കേട്ടു. കതകു തുറന്നപ്പോൾ ആദ്യം സംസാരിച്ചത് ഇറയത്തു പുഞ്ചിരിച്ചുകൊണ്ടു നില്ക്കുന്ന കത്തോലിക്ക പള്ളിപ്രമാണി കുഞ്ചാക്കോമാപ്പിളയാണ്.

'എന്താ ഉപദേശീ, പതിവില്ലാതെ എന്നെ കണ്ടപ്പോൾ അത്ഭുതപ്പെട്ടു പോയോ?'

'എന്തോ അത്ഭുതപ്പെടാനാ? മാസങ്ങൾമുമ്പ് തിരുവോണദിവസം ഒന്നിച്ച് പരസ്യയോഗം നടത്തിയതു മുതൽ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്വാ.'

'എന്താ, ഞാൻ ചത്തുപോകാൻ പ്രാർത്ഥിക്കുവാരുന്നോ?' ചിരിച്ചു കൊണ്ടു ചോദിച്ചു.

'അതെ, അന്ധവിശ്വാസങ്ങൾ ചാകണം. സത്യം ജയിക്കണം.'

'നിങ്ങൾക്കീ ഉപദേശം പറയാനും മറ്റു സഭകളെ കുറ്റം പറയാനുമേ നേരമുള്ളോ?'

'വൈദ്യനോടു ചികിത്സിക്കരുതെന്നു പറയാനൊക്കുമോ? പ്രധാനമന്ത്രിമാർ രാഷ്ട്രീയം പറയാതിരിക്കാനൊക്കുമോ? ഞാൻ ഉപദേശിയാ....ഉപദേശിച്ചേ പറ്റൂ.'

ഇരുവരും കുടുകുടെ ചിരിച്ചു. ചിരി തീരുന്നതിനു മുമ്പേ അയൽവാസി ദർശനംദാനിയേൽസാർ ഇറയത്തുവന്നെത്തി. വന്നകാര്യം കുഞ്ചാക്കോ മാപ്പിള അറിയിച്ചു.

'കഴിഞ്ഞ രണ്ടു ഞേറാഴ്ചേം നിങ്ങടെ ആരാധനാ മന്ദിരത്തിന്റെ അയ

ലത്തെ വീട്ടിലിരുന്ന് ഞാൻ നിങ്ങടെ പ്രസംഗം കേട്ടു.'

'ഓഹോ, ലാഭക്കച്ചോടം....സ്തോത്രകാഴ്ച ഇടാതെ എന്റെ പ്രസംഗം ചക്കാത്തിനു കേക്കാമല്ലോ.'

'നഷ്ടക്കച്ചോടമാ—ഉപദേശീടെ പ്രസംഗം കേട്ടതുമുതൽ എന്റെ മാതൃസഭയ്ക്ക് എന്തോ തകരാറുപറ്റിയിരിക്കുന്നു എന്നെനിക്കു തോന്നുന്നു.'

'നിങ്ങളുടെ മാതൃസഭ ബൈബിളിനോടുകൂടെ ഒത്തിരി ദുരാചാരങ്ങൾ തിരുകിച്ചേർത്തു. അതാ പറ്റിയ തകരാറ്. നിങ്ങൾ സത്യം അന്വേഷിച്ച് അനുസരിക്കണം.'

'അനുസരിക്കാൻ തയ്യാറുള്ളതുകൊണ്ടാ ഈ സന്ധ്യാ നേരത്തും ഉപദേശിയെ കാണാൻ വന്നിരിക്കുന്നത്.'

മത്തായിച്ചൻ ഉൾമുറിയിൽനിന്നും പുറംചട്ടനശിച്ച ഒരു ബൈബിളും ഒന്നുരണ്ട് ക്രൈസ്തവസഭാചരിത്രഗ്രന്ഥങ്ങളും കൊണ്ടുവന്നു. അവയിലൊരു പുസ്തകത്തിന്റെ താളുകൾ മറിച്ചുകൊണ്ടു പറഞ്ഞു: 'ഇതിലെ ചരിത്രവസ്തുതകൾ നിങ്ങൾ ശ്രദ്ധിക്കണം.'

'എത്ര വേണോങ്കിലും ശ്രദ്ധിക്കാം.'

'എന്നാൽ കേൾക്ക്. മൂന്നാം നൂറ്റാണ്ടുവരെ റോമിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നു. അന്നുവരെ നല്ല ത്യാഗബുദ്ധിയുള്ളവർ മാത്രമേ ക്രിസ്ത്യാനി എന്ന പേരെടുക്കാൻ ധൈര്യപ്പെട്ടിരുന്നുള്ളു. എന്നാൽ നാലാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുമതം ദേശീയമതമായി പ്രഖ്യാപിച്ചു. അതോടെ റോമൻ പൗരന്മാർ കൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു.'

'അക്കൂട്ടത്തിൽ മാനസാന്തരപ്പെടാത്ത ജനലക്ഷങ്ങൾ ക്രിസ്ത്യാനികളായി.' ദൈവസഭയിലെ സണ്ടേസ്ക്കൂൾ അദ്ധ്യാപകൻകൂടിയായ ദർശനം ദാനിയേൽസാർ കൂട്ടിച്ചേർത്തു.

'അതെ, മനഃപരിവർത്തനമില്ലാതെ മതപരിവർത്തനം നടത്തുകയായിരുന്നു. ക്രിസ്തുമതം രാജകീയ മതമായതോടെ രാജാവിനെ പ്രീണിപ്പിക്കുവാൻ ധനവാന്മാരും ഉന്നത ഉദ്യോഗസ്ഥന്മാരും ക്രിസ്തുമതം സ്വീകരിച്ചു. അതോടെ റോമാക്കാരുടെ അനാചാരങ്ങൾ പലതും പുത്തൻ കുപ്പായമണിഞ്ഞ് സഭയിലേക്ക് ഇരച്ചുകയറി....റോമാക്കാരുടെ ത്രിമൂർത്തികളിലൊന്ന് ഒരു സ്ത്രീയായിരുന്നു. ക്രൈസ്തവസഭ തൽസ്ഥാനത്ത് മറിയയെ മദ്ധ്യസ്ഥയാക്കി ദേവപദവിയിലേക്കുയർത്തി. റോമൻ മന്ത്രവാദികളുടെ മന്ത്രവടി പോപ്പിന്റെ അംശവടിയായി. മരിച്ചവരുടെ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തുകൂടി കടന്നുപോകും എന്ന ഗ്രീക്കു ചിന്താഗതി കത്തോലിക്കരുടെ ബസ്പൂർക്കാനയായി പ്രത്യക്ഷപ്പെട്ടു. മരിച്ച യുദ്ധവീരന്മാരുടെ അസ്ഥികളെ വണങ്ങിയിരുന്ന പതിവ് ക്രൈസ്തവസഭയുടെ തിരുശേഷിപ്പുവണക്കമായി. രക്തസാക്ഷികളോടുള്ള പ്രാർത്ഥനയും കുരിശുവണക്കവും ആരംഭിച്ചു.'

'ഞങ്ങൾ കുരിശിനെ വണങ്ങുന്നില്ല. കുരിശിലൂടെ ക്രിസ്തുവിനെയാ വണങ്ങുന്നത്.'

മത്തായിച്ചൻ ബൈബിൾ തുറന്ന് രണ്ടു രാജാക്കന്മാർ പതിനെട്ടാം അദ്ധ്യായം നാലാം വാക്യം വായിച്ചുകേൾപ്പിച്ചു. യഹൂദരാജാവായ ഹിസ്ക്കിയാവ് ദൈവിക അരുളപ്പാട് ലഭിച്ചതനുസരിച്ച് വിഗ്രഹങ്ങളെ നീക്കി മോശെ നിർമ്മിച്ച പിച്ചള സർപ്പത്തെപ്പോലും തകർത്തുകളഞ്ഞ സംഭവം വിശദീക

രിച്ചു. ആരാധനയോടുള്ള ബന്ധത്തിൽ ഒരു പ്രതീകം പോലും നിർമ്മിച്ചു പ്രതിഷ്ഠിക്കരുതെന്ന് മത്തായിച്ചൻ ഊന്നിപ്പറഞ്ഞു. ആഭരണഭ്രമം വിഗ്രഹാരാധനയിലേക്ക് നയിക്കാനിടയുള്ളതുകൊണ്ട് യിസ്രയേൽജനത ആഭരണങ്ങൾ നീക്കിക്കളയണമെന്ന് മോശെ കല്പിച്ചതും അന്നു മുതൽ യിസ്രയേൽജനത ആഭരണം ധരിച്ചില്ല എന്ന വസ്തുതയും പുറപ്പാടുപുസ്തകം മുപ്പത്തിമൂന്നാം അദ്ധ്യായം വായിച്ചുകൊണ്ട് ചർച്ച ചെയ്തു.

വേറൊരു വിഷയത്തിലേക്കു ശ്രദ്ധ തിരിച്ചുവിടാൻ ആഗ്രഹിച്ചുകൊണ്ട് മത്തായിച്ചൻ ചോദിച്ചു: 'കുഞ്ചാക്കോച്ചൻ കൊന്തജപം നടത്താറുണ്ടോ?'

'കഴിഞ്ഞാഴ്ചയും നടത്തി.'

'കൊന്തയിൽ ആകെ എത്ര മണികളുണ്ട്?'

'അൻപത്തിമൂന്ന്. ചില ജപമാലകളിൽ അൻപത്തൊൻപത്... നൂറ്റിയറുപത്താറു മണികൾ വരെയുള്ള കൊന്തകൾ കണ്ടിട്ടുണ്ട്.'

'കന്യാമറിയത്തിനുവേണ്ടി എത്ര മണികൾ?'

'മിക്കവാറും എല്ലാ മണികളും വിശുദ്ധമാതാവിനുവേണ്ടി.'

'കൊന്തജപത്തിൽ മറിയത്തോടുള്ള പ്രാർത്ഥനകളും സ്തുതികളും—മറിയയെപ്പറ്റിയുള്ള പരാമർശനങ്ങളും—എല്ലാംകൂടി എത്ര ഉണ്ടാവും?'

'എണ്ണി നോക്കിയിട്ടില്ല.'

'ഊഹം?'

'കുറഞ്ഞത് നൂറ്റൻപത്.... ഇരുനൂറുവരെ ജപിക്കുന്നതും കേട്ടിട്ടുണ്ട്.'

'യേശുക്രിസ്തുവിനോടു ബന്ധപ്പെടുത്തി എത്ര?'

'പണ്ടത്തെ പതിപ്പുകളിൽ പത്തുപതിനഞ്ച്. ഇപ്പോൾ പത്തുനാല്പതു കാണും.'

'സ്വർഗ്ഗസ്ഥനായ പിതാവിനെപ്പറ്റിയോ?'

'പത്തുപതിനഞ്ച്. കൂടിയാൽ പത്തുമുപ്പത്.'

ദർശനം ദാനിയേൽസാർ ഇടയ്ക്കുകയറി: 'നിങ്ങൾ യേശു ക്രിസ്തുവിനേക്കാൾ കൂടുതൽ മറിയയ്ക്കു സ്ഥാനം കൊടുത്തിരിക്കുന്നു. പിതാവായ ദൈവത്തേയും പുറംപോക്കിൽ മാറ്റിനിർത്തിയിരിക്കുന്നു....മനസ്സിലായോ?'

'കുറെയൊക്കെ മനസ്സിലാക്കി വരുന്നു.'

'പരിഷ്കരിച്ച ചില പതിപ്പുകളിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ കൂട്ടിക്കൂട്ടി വരുന്നു. പുതിയതായി തിരുകിച്ചേർത്ത സ്തുതികൾ...പണ്ടുപറ്റിയ അബദ്ധം മനസ്സിലാക്കിവരുന്നതു കൊണ്ട്!! മറിയം പോർട്ടുഗലിലെ ഫാത്തിമാ ഗ്രാമത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന അവകാശവാദത്തിനുശേഷം ചില പതിപ്പുകളിൽ മറിയത്തെപ്പറ്റിയുള്ള പരാമർശങ്ങൾ കൂടുതൽ തിരുകിച്ചേർത്തിട്ടുണ്ട്. മറിമായങ്ങളെ ചോദ്യം ചെയ്യാൻ വിശ്വാസികൾക്കു കരുത്തില്ല. വിശ്വാസികൾ ഒട്ടുമുക്കാലും ബൈബിൾ ശ്രദ്ധിച്ചു വായിക്കാത്തവരാണ്. അതുകൊണ്ട് മറിമായങ്ങൾ കലരുന്നത് അവർ മനസ്സിലാക്കുന്നില്ല. ബൈബിളിലെ പുതിയനിയമം വിശ്വാസിയുടെ ഉരകല്ലാണ്. അതു ശ്രദ്ധിച്ചുവായിക്കുന്നവർ അബദ്ധങ്ങൾ സ്വീകരിക്കയില്ല.'

മത്തായിച്ചൻ ചർച്ച വീണ്ടും ഏറ്റെടുത്തു: 'ദൈവസഭയിൽ രാജാവും പ്രജയും ഇല്ല. എല്ലാവരും സഹോദരന്മാർ. എന്നാൽ നിങ്ങടെ പോപ്പ് വത്തിക്കാനിൽ ചെല്ലുന്നവരെക്കൊണ്ട് അദ്ദേഹത്തിന്റെ പാദം തൊട്ടുമുത്തിക്കയും മറ്റും ചെയ്യുന്നു. ഇതൊക്കെ മനുഷ്യപൂജയല്ലാതെ മറ്റെന്താണ്? പത്രോസിന്റെ സിംഹാസനത്തിലാണ് അദ്ദേഹം ഇരിക്കുന്നതെന്ന് അവകാശപ്പെടുന്നു.

എന്നാൽ പോപ്പിന്റെ ആദ്യത്തെ സിംഹാസനത്തിൽ ഹെർക്കുലീസ്ദേവന്റെ പേര് കൊത്തിവെച്ചിട്ടുള്ളതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതോ ഗ്രീക്കുകാരിൽനിന്നും തട്ടിയെടുത്ത കസേരയാണിത്.'

'നേരോ?'

'അതെ.' കൈയ്യിലിരിക്കുന്ന ക്രൈസ്തവസഭാചരിത്രഗ്രന്ഥത്തിന്റെ താളുകൾ മറിച്ചുകൊണ്ട് മത്തായിച്ചൻ പറഞ്ഞു.

'കുഞ്ചാക്കോച്ചാ, നിങ്ങൾ പോപ്പിന്റെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്നോ?'

'തീർച്ചയായും. അദ്ദേഹത്തിന് തെറ്റുപറ്റുകയില്ലെന്നാണ് സഭ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നത്.'

'എന്നാപ്പിന്നെ ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞ ഗലീലിയോ എന്ന ശാസ്ത്രജ്ഞനെ പോപ്പ് ജയിലിലിട്ട് പീഡിപ്പിച്ചതെന്തിനാ? പോപ്പിനു തെറ്റു പറ്റിയില്ലേ?'

'എന്നാലും പുരോഹിതശ്രേഷ്ഠന്മാരെ നാം ബഹുമാനിക്കേണ്ടതല്ലേ? സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ യേശു പുരോഹിതന്മാർക്കു കൊടുത്തിരിക്കയല്ലേ?'

'അർഹിക്കുന്ന ബഹുമാനം കൊടുക്കണം. എന്നാൽ പുരോഹിതപൂജ പാടില്ല. നിങ്ങൾ പുരോഹിതന്റെ മുമ്പിൽ പാപങ്ങൾ ഏറ്റുപറയുന്നു. ജനങ്ങളുടെ രഹസ്യപാപങ്ങൾ പുരോഹിതൻ പുറത്താക്കുമോ എന്നൊരു ഭയം നൂറ്റാണ്ടുകളായി ജനങ്ങളെ ഭരിച്ചിരുന്നു. ഈ ഭയം ക്രമേണ പുരോഹിതശ്രേഷ്ഠന്മാരെ പൂജിക്കുവാൻ ജനത്തിനു പ്രേരണനൽകി. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്നു പറഞ്ഞാൽ സഭയെ പരിപാലനം ചെയ്യാനും സുവിശേഷം പ്രസംഗിക്കാനും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാനും മറ്റുമുള്ള കൃപമാത്രമാണ്. പുരോഹിതവർഗ്ഗം യേശു ഉദ്ദേശിക്കാത്ത അർത്ഥം ബൈബിൾ വാക്യങ്ങൾക്കു നൽകി സ്വയം ദിവ്യന്മാരായി ചമയുകയാണ്.'

മത്തായിച്ചന്റെ പഴയ ബൈബിൾ കുഞ്ചാക്കോ മാപ്പിളയ്ക്കു സമ്മാനിച്ചുകൊണ്ടു പറഞ്ഞു: 'കുഞ്ചാക്കോച്ചാ, ഇന്നു രാത്രി തന്നെ നിങ്ങൾ അപ്പൊസ്തൊലപ്രവർത്തികൾ പതിനാലാം അദ്ധ്യായം വായിച്ചുനോക്കണം. അപ്പൊസ്തൊലനായ ബർന്നബാസിനെയും പൗലൊസിനെയും ആരാധിക്കുവാൻ പൂമാലകളുമായി ജനം ഒന്നിച്ചുകൂടി. അവർ വസ്ത്രംകീറി നിലവിളിച്ചുകൊണ്ട് ജനത്തെ തടഞ്ഞു. ആകാശഭൂമികളെ സൃഷ്ടിച്ച ദൈവത്തെ മാത്രമേ വണങ്ങാവൂ എന്നറിയിച്ചു.'

'ഉപദേശീ, മരിച്ച മെത്രാന്മാരുടെ കബറുകളിൽ ചെന്നുള്ള പ്രാർത്ഥനകൾക്കു മറുപടി ലഭിക്കാറുണ്ടല്ലോ. ഞങ്ങൾ ചെയ്യുന്നതു തെറ്റാണെങ്കിൽ പ്രാർത്ഥനകൾക്കെങ്ങനാ മറുപടി ലഭിക്കുന്നത്?'

'ദയാപരനായ നമ്മുടെ ദൈവം മനുഷ്യന്റെ വീഴ്ചകൾ മറന്ന് യാചനകൾക്കു മറുപടി നൽകിയെന്നിരിക്കും....പിന്നെ എല്ലാ മറുപടിയും ദൈവത്തിൽനിന്നായിരിക്കണമെന്നില്ല. ചാത്തൻസേവക്കാരുടെ പ്രാർത്ഥനയ്ക്കും മറുപടി കിട്ടുന്നുണ്ട്. സാത്താന് സർവ്വശക്തിയില്ലെങ്കിലും ശക്തിയുണ്ട്. ജനത്തെ വഞ്ചിച്ച് സാത്താന്റെ സാമ്രാജ്യം വികസിപ്പിച്ചെടുക്കാൻ ചെകുത്താൻമാർ അനേകരുടെ പ്രാർത്ഥനകൾക്കു മറുപടി നൽകാറുണ്ട്. ഇന്ന് പുണ്യസ്ഥലങ്ങളിലെ കബറിടങ്ങളിലുള്ള സന്ദർശനങ്ങൾ സാത്താന്റെ കോട്ടയും മതനേതാക്കളുടെ കൊള്ളലാഭവും വർദ്ധിപ്പിക്കാനുള്ള പരിപാടി

കളാ. ഇത്തരം സ്ഥലപൂജയിൽനിന്നു കിട്ടുന്ന അനുഗ്രഹങ്ങൾ നിലനില്ക്കു കയില്ല. യഥാർത്ഥ സമാധാനം തീർത്ഥാടകർക്കു കിട്ടുകയുമില്ല.'

നേരം നന്നാ ഇരുട്ടിക്കഴിഞ്ഞു. സാറാമ്മ ലഘുഭക്ഷണവുമായി ഇറ യത്തുവന്നു.

അല്പം ഇടറിയ ശബ്ദത്തിൽ കുഞ്ചാക്കോമാപ്പിള ചോദിച്ചു: 'മത്തായൂ ദേശീ, വ്യക്തിപരമായ ഒരു ചോദ്യം ചോദിക്കുന്നതിൽ പരിഭവിക്കുമോ?'

'ഒരിക്കലുമില്ല.'

'ഞങ്ങളുടെ പുരോഹിതന്മാർ വിവാഹം കഴിക്കുന്നില്ല. കുടുംബജീവിതം ആത്മീകജീവിതത്തിനു തടസ്സമല്ലേ?'

'എനിക്കിതുവരെ അങ്ങനെ തോന്നിയിട്ടില്ല. സാറാമ്മ എന്റെ ആത്മിക പ്രവർത്തനങ്ങൾക്ക് വലിയ സഹായിയാണ്.'

പലഹാരപ്പാത്രത്തിൽനിന്നും എടുത്ത ഉഴുന്നുവടകൾ കൊടുത്തുകൊണ്ട് മത്തായിച്ചൻ തുടർന്നു: 'ബൈബിളിൽ മോശെ ഉൾപ്പെടെയുള്ള പ്രവാചക ന്മാരെല്ലാം വിവാഹിതരായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ മിക്കവരും കുടുംബസ്ഥന്മാരായിരുന്നു. എന്നാൽ ദൂരയാത്ര ചെയ്ത ശിഷ്യന്മാർ കുടും ബാംഗങ്ങളെയെല്ലാം സ്വന്തനാട്ടിൽ വിട്ടിട്ടാണ് പോയത്.'

'കുടുംബപരിപാലനത്തിന് സമയം കളയാതെ മുഴുസമയവും ദൈവരാ ജ്യത്തിനുവേണ്ടി വേർതിരിക്കുന്നതല്ലേ നല്ലത്.'

'പൗലൊസ്ശ്ലീഹാ അത്തരം ത്യാഗിയായിരുന്നു. എന്നാൽ സഭയുടെ പ്രമാണം വിവാഹത്തെ വിലക്കാൻ പാടില്ല. ഓരോ പുരോഹിതന്റെയും സ്വാത ന്ത്ര്യത്തിനു വിട്ടുകൊടുക്കേണ്ട വിഷയമാണത്. ആദ്യ നൂറ്റാണ്ടുകളിലൊന്നും മേലദ്ധ്യക്ഷന്മാരുടെയിടയിൽ ബ്രഹ്മചര്യം അടിച്ചേല്പിച്ചിരുന്നില്ല. സഭയുടെ അദ്ധ്യക്ഷൻ ഏകഭാര്യയുടെ ഭർത്താവായിരിക്കണമെന്ന് പൗലൊസ് ശ്ലീഹ ഒന്നുതിമോഥെയോസ് മൂന്നാം അദ്ധ്യായത്തിൽ പറയുന്നു. അതായത് സഭാ ദ്ധ്യക്ഷന്മാർ വിവാഹമോചനം നേടി പല ഭാര്യമാരെ സ്വീകരിക്കരുതെ ന്നർത്ഥം. സഭാദ്ധ്യക്ഷന്മാർ വിവാഹം കഴിക്കുന്നതിനെ പൗലൊസ് ശ്ലീഹ അനുകൂലിച്ചിരുന്നുവെന്നു വ്യക്തം.'

'ഉപദേശീ, അവസാനം ഒരു ചോദ്യംകൂടി!'

'ചോദിച്ചോളൂ.'

'നിങ്ങളിത്രവല്യ ബൈബിൾഭക്തന്മാരെന്ന് വീമ്പടിച്ചിട്ട് നിങ്ങടെ ഒരു വല്യ പ്രവാചകനുപദേശിയെ ഇന്നാളിൽ വ്യഭിചാരക്കുറ്റത്തിനു പിടിച്ച കാര്യം നാടെല്ലാം പാട്ടായിരുന്നല്ലോ.'

'മനുഷ്യൻ ഉയരുകയും വീഴുകയും ചെയ്യും. നമ്മുടെ ഭക്തി മനുഷ്യനെ ആശ്രയിച്ചല്ല....യേശുക്രിസ്തുവിന്റെ മഹത്വത്തെ ആശ്രയിച്ചാണിരിക്കുന്ന ത്.'

'മനുഷ്യൻ കപടഭക്തിക്കാരനായാലോ?'

'കാപട്യക്കാരെ ശാസിച്ചു ശിക്ഷിക്കണം. പിന്നെ, പെന്തക്കോസ്തിൽ മാത്രമല്ല, എല്ലാ സഭകളിലുമുള്ള നേതാക്കന്മാർക്ക് വീഴ്ചകളുണ്ടായിട്ടുണ്ട്.'

'തെളിയിക്കാമോ?'

മത്തായിച്ചൻ ക്രൈസ്തവസഭാചരിത്രഗ്രന്ഥം വീണ്ടും തുറന്നു.

'കുഞ്ചാക്കോച്ചാ, തെളിവു ചോദിച്ചതുകൊണ്ടു പറകയാ. ഈ പുസ്ത കത്തിന്റെ മൂന്നാം അദ്ധ്യായത്തിലുള്ള ചില ചരിത്രവസ്തുതകളാണ്. എ. ഡി. 904-ൽ സ്ഥാനാരോഹണം ചെയ്ത പോപ്പ് സെർജിയസ് മൂന്നാമന്

രഹസ്യഭാര്യയുണ്ടായിരുന്നു. ഈ രഹസ്യ ഭാര്യയിലുണ്ടായ സന്താനം പില്ക്കാലത്ത് പോപ്പായി അവരോധിക്കപ്പെട്ടു. എ.ഡി. 914-ൽ സ്ഥാനാരോഹണം ചെയ്ത പോപ്പ് ജോൺ പത്താമന് പല രഹസ്യഭാര്യമാരുണ്ടായിരുന്നു. ഇവരിൽ ഒരുത്തിയുമായി വേഴ്ചയിലിരിക്കുമ്പോൾ അവളുടെ ഭർത്താവ് അദ്ദേഹത്തെ കുത്തിക്കൊന്നു. എ.ഡി. 1032-ലെ പോപ്പായിരുന്ന ബനഡിക്റ്റ് ഒമ്പതാമൻ പന്ത്രണ്ടാമത്തെ വയസിലാണ് തൽസ്ഥാനത്ത് അവരോധിതനായത്. അദ്ദേഹം പലരെ കൊലപ്പെടുത്തുകയും ചെയ്തു—ഇരുപത്തഞ്ചാം വയസ്സിൽ അദ്ദേഹത്തെ നാടു കടത്തി....നമ്മുടെ നാട്ടിലും വ്യഭിചാരക്കുറ്റത്തിനു പിടിക്കപ്പെട്ട കത്തോലിക്കാ പുരോഹിതന്മാരുണ്ട്. പരനിന്ദ എനിക്കിഷ്ടമല്ലാത്തതിനാൽ പേരു പറയുന്നില്ല....എല്ലാ സഭകളിലും ദുഷിച്ച നേതാക്കന്മാരുണ്ടായിട്ടുണ്ട്. സത്യവിശ്വാസം ഏതെന്നു തീർച്ചപ്പെടുത്തേണ്ടത് നേതാക്കന്മാരുടെ വീഴ്ചതാഴ്ചകളെ അടിസ്ഥാനപ്പെടുത്തിയല്ല, പിന്നെയോ, ബൈബിളിലെ ഉപദേശപ്രമാണങ്ങളുടെ വെളിച്ചത്തിലാണ്.'

'മഹാന്മാരുടെ നീണ്ട പാരമ്പര്യത്തെ അംഗീകരിക്കയല്ലേ വേണ്ടത്. ഇടയ്ക്കിടെ തെറ്റു ചെയ്തവർ ഉണ്ടെങ്കിലും.'

'നന്മ ചെയ്ത പുരോഹിതശ്രേഷ്ഠന്മാരെ ഞാൻ ആദരിക്കുന്നു. എന്നാൽ, കണ്ണി നഷ്ടപ്പെടാത്ത പാരമ്പര്യത്തിന്റെ ബലമുള്ള ശൃംഖലയാണ് നിങ്ങളുടെ പൗരോഹിത്യം എന്ന് നിങ്ങടെ സഭ അവകാശപ്പെടുന്നു.'

'ശര്യാ. രണ്ടായിരം വർഷത്തെ പുരോഹിതവംശ പരമ്പര!'

'കുഞ്ചാക്കോച്ചാ, മാനസാന്തരപ്പെടാത്ത കൊലപാതകന്മാരും വ്യഭിചാരികളും വഴി കൈമാറിയ പൗരോഹിത്യത്തിന്റെ പാരമ്പര്യശൃംഖല പൊട്ടിക്കഴിഞ്ഞു. പണ്ടേ പൊട്ടിക്കഴിഞ്ഞു.'

'അപ്പോൾ ഉപദേശിയുടെ പൗരോഹിത്യം എവിടെനിന്നു കിട്ടി?'

'ഞങ്ങൾ ഇതിന് പൗരോഹിത്യം എന്നല്ല പറയുന്നത്, പകരം ശുശ്രൂഷ എന്നാണ്. ഒരു വ്യക്തി മാനസ്സാന്തരപ്പെട്ട് ദൈവവചനം പഠിച്ച് സ്വയം ദൈവവേലയ്ക്കുവേണ്ടി സമർപ്പിക്കുമ്പോൾ, ആ വ്യക്തിയെ ദൈവംതന്നെ വ്യക്തിപരമായി ഒരു ശുശ്രൂഷയ്ക്കുവേണ്ടി അഭിഷേകം ചെയ്തനുഗ്രഹിക്കുന്നു. ആ ദൈവവിളിയെ ഞങ്ങളുടെ സഭയിലെ മേലദ്ധ്യക്ഷന്മാർ അംഗീകരിച്ച് ആ വ്യക്തിയെ ശുശ്രൂഷയ്ക്കുവേണ്ടി പ്രാർത്ഥിച്ചു നിയോഗിക്കുന്നു. അല്ലാതെ കുക്കുസായിപ്പുവഴിയും മറ്റുമേലദ്ധ്യക്ഷന്മാർവഴിയും ഒന്നും കിട്ടിയതല്ല എന്റെ ശുശ്രൂഷ. പാരമ്പര്യം വഴി കൈമാറേണ്ട ഒന്നല്ല പൗരോഹിത്യം. ദൈവവിളി ഇല്ലാത്ത ഒരാളെ മേലദ്ധ്യക്ഷന്മാർ തൈലം പുരട്ടി കുപ്പായമിടീച്ച് നിയോഗിച്ചാലും അത് ദൈവിക നിയമനമല്ല.'

കാലൻകുട കക്ഷത്തിൽ വച്ചുകൊണ്ട് കുഞ്ചാക്കോമാപ്പിള യാത്ര പറഞ്ഞപ്പോൾ മത്തായിച്ചൻ ചിരിച്ചുകൊണ്ട് നിർദ്ദേശിച്ചു: 'കുഞ്ചാക്കോച്ചൻ ഇനീ അയലത്ത് ഒളിച്ചിരുന്ന് പെന്തക്കോസ്തുമന്ദിരത്തിലെ പ്രസംഗം കേൾക്കരുത്. ധൈര്യമായി ഞങ്ങടെ മന്ദിരത്തിനുള്ളിൽ വന്നു കേൾക്കണം.'

അനുകൂലഭാവത്തിൽ ഒന്നു നോക്കിയിട്ട് അയാൾ നടന്നകന്നു.

# പത്തൊൻപത്

സ്കൂൾവർഷം തുടങ്ങി. ഒപ്പം നനഞ്ഞ ചിറകുകളുമായി ഇടവപ്പാതി

യും.

ആകാശം മഴക്കാറിന്റെ പുതപ്പണിഞ്ഞു. കാലവർഷത്തിന്റെ കൂലംകുത്തിയൊഴുക്ക്!

മരുതിയോട്ടുമല കാറ്റിൽ വിറച്ചുനിന്നു. കല്ലേത്തുതോട് കര കവിഞ്ഞൊഴുകി.

ആകാശത്തെ ഞെട്ടിക്കുന്ന ഇടി. കണ്ണഞ്ചിക്കുന്ന കൊള്ളിയാൻ.

പനയോലക്കുടകളുമായി വയസ്സന്മാർ ചന്തയിലേക്ക്. ശീലക്കുടകളുമായി കുട്ടികൾ വിദ്യാലയങ്ങളിലേക്ക്.

പല ക്ലാസ്സുകളിലും തോറ്റിട്ടുള്ള ജോണി പറക്കോട് ഗോവിന്ദപ്പിള്ള സ്മാരകവിദ്യാലയത്തിൽ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്നു. പതിനേഴു വയസ്സുകാരനായ അവൻ ക്ലാസ്സിലെ ഏറ്റവും പ്രായംകൂടിയ വിദ്യാർത്ഥിയാണ്. ചിലർ ജോണിക്ക് 'വല്യപ്പച്ചൻ' എന്ന പേരു നൽകി. വേറെ ചിലർ 'തൈക്കിളവൻ' എന്നു വിളിച്ചു.

ക്ലാസ്സിൽ നേരത്തേ എത്തിയ തമ്പി, ജോണിയേയും കൂട്ടിക്കൊണ്ടു വിദ്യാലയത്തിനു തൊട്ടടുത്തുള്ള തെങ്ങിൻതോപ്പിലേക്കു നടന്നു. അവിടെ തെങ്ങുചെത്തുകാരൻ കേശവൻ ഇളംകള്ള് കുടങ്ങളിൽ ശേഖരിച്ചുകൊണ്ടിരുന്നു.

ജോണിയും തമ്പിയും കേശവനുമായി സൗഹൃദസംഭാഷണം തുടങ്ങി. സംഭാഷണം അവസാനിച്ചത് മദ്യപാനത്തിൽ.

ജോണി മദ്യപിച്ചു—മത്തായി ഉപദേശിയുടെ മകൻ ജോണി.

മദ്യം പ്രവർത്തിച്ചു—രക്തത്തിൽ, തലച്ചോറിൽ കണ്ണുകളിൽ.

ജോണിയും സഹപാഠി രവീന്ദ്രനും തമ്മിൽ വാക്കേറ്റമായി. വാക്കേറ്റം അസഭ്യവർഷത്തിലേക്കു കടന്നു. ഒടുവിലത് അടിപിടിയായി. കൂർത്ത ഒരു കല്ലുകഷണംകൊണ്ട് ജോണി രവീന്ദ്രന്റെ മുതുകിൽ കുത്തി. പതിനേഴുകാരൻ ജോണിയുടെ കുത്തേറ്റ് പതിനഞ്ചുകാരൻ രവീന്ദ്രൻ പുളഞ്ഞു. മുതുകിൽ നിന്ന് രക്തം വാർന്നു.

ഒരു ചൂരലൊടിയുവോളം പ്രഹരിച്ചശേഷം പ്രധാനാദ്ധ്യാപകൻ ജോണിയെ വിദ്യാലയത്തിൽനിന്നും ഇറക്കിവിട്ടു.

വീട്ടിലെത്തിയപ്പോൾ മത്തായിച്ചനും സാറാമ്മയും മാറിമാറി അടിച്ചു.

വിദ്യാലയത്തിനടുത്തുള്ള മാടക്കടയിൽ ജോണിയുടെ പ്രശ്നം സംസാരവിഷയമായി. കേട്ടവരൊക്കെ മൂക്കത്തു വിരൽവച്ചു.

'ഒരു ക്രിസ്ത്യാനിയുടെ മകൻ ഒരു ഹിന്ദുവിന്റെ മകനെ കുത്തിമുറിവേല്പിച്ചിരിക്കുന്നു. പ്രശ്നം വർഗീയ ലഹളയിൽ ചെന്നവസാനിക്കുമോ?' തട്ടുകടക്കാരൻ ലൂക്കോസിന്റെ വാക്കുകളിൽ അമ്പരപ്പുണ്ടായിരുന്നു.

'വടക്ക് ഡൽഹിയിൽ ഹിന്ദു-മുസ്ലീം ലഹള. നമ്മുടെ കൊച്ചു ഗ്രാമത്തിൽ ഹിന്ദു-ക്രിസ്ത്യാനി കലാപം നടക്കുമോ?' കേട്ടുനിന്ന മണ്ണിൽ കുഞ്ഞുവർഗീസിന്റെ ശബ്ദത്തിലും ഭയമുണ്ടായിരുന്നു.

'ഓ, അങ്ങനൊന്നും വരത്തില്ല. പെന്തക്കോസ്തുകാരനു കൂട്ടു നില്ക്കാൻ ആരേയും കിട്ടത്തില്ല. പെന്തക്കോസ്തുകാരനു തല്ലു കിട്ടിയാൽ പാരമ്പര്യ ക്രിസ്ത്യാനികൾ കൈകെട്ടി നോക്കിനിന്നു രസിക്കും. മത്തായ്യൂദേശിക്കും കൂട്ടർക്കും തല്ലു കിട്ടും—അവിടംകൊണ്ട് പ്രശ്നം തീരും. നമ്മക്കൊന്നും ഒരു കൊഴപ്പോം വരത്തില്ല.' കുറെനാളായി ഉള്ളിൽ തികട്ടിനിന്ന പെന്തക്കോസ്തുവിരോധം പുറത്തു വിട്ടുകൊണ്ട് സോഡാക്കാരൻ കുഞ്ഞച്ചൻ അഭിപ്രായം പ്രകടിപ്പിച്ചു.

'രവീന്ദ്രന്റെ കാരണവന്മാർ എല്ലാരും ക്രിസ്ത്യാനികളോട് വിദ്വേഷം വച്ചു പുലർത്തുന്നവരാ. മാപ്പളവർഗ്ഗത്തെ ഉപദ്രവിക്കാൻ കാരണം നോക്കി ഇരിക്കുന്ന കുറെ കരപ്രമാണികൾ.' കുഞ്ഞുവർഗീസിന്റെ വാക്കുകളിൽ ഉൽക്കണ്ഠയുടെ ചൂടുണ്ടായിരുന്നു.

മത്തായിച്ചനും സാറാമ്മയും അസ്വസ്ഥരായിക്കഴിഞ്ഞിരുന്നു: 'മകന്റെ പ്രവൃത്തിമൂലം ഹിന്ദുക്കൾ പെന്തക്കോസ്തുമന്ദിരം ചുട്ടു നശിപ്പിക്കാൻ ഇടവരുമോ.' നെഞ്ചത്തു കൈവച്ചുകൊണ്ട് സാറാമ്മ ഇതു പറയുമ്പോൾ അവരുടെ ഹൃദയം വേദനകൊണ്ട് വലിഞ്ഞു മുറുകുകയായിരുന്നു.

'നെഞ്ചത്തു കൈവയ്ക്കാതെ സ്വർഗ്ഗത്തിലേക്കു കൈ ഉയർത്തി പ്രാർത്ഥിക്കൂ.' മത്തായിച്ചൻ സാറാമ്മയെ വിലക്കിക്കൊണ്ടു പറഞ്ഞു.

മത്തായിച്ചൻ അകത്തെ മുറിയിൽ കയറി.

മുട്ടിന്മേൽ ഇരുന്നു. മുകളിലേക്കു നോക്കി.

കൈകൾ ഉയർത്തി. സ്തോത്രം പറഞ്ഞുകൊണ്ട്.

ഇടയ്ക്കിടെ കൈകൾ മലർത്തി. ഭിക്ഷക്കാരൻ ദാനം സ്വീകരിക്കാൻ കൈ മലർത്തി നീട്ടുന്ന രീതിയിൽ. കവിൾത്തടം വഴി താഴോട്ട് ഒഴുകിയ ചുടുനീർ കൈവെള്ളയിൽ ഇറ്റിറ്റ് വീണുകൊണ്ടിരുന്നു.

തെങ്ങുവിള മത്തായിച്ചൻ പർവ്വതത്തിലേക്ക് തന്റെ കണ്ണുകൾ ഉയർത്തി. സഹായം വരുന്ന പർവ്വതത്തിലേക്ക്.

രണ്ടു പതിറ്റാണ്ടു മുമ്പ് പുത്തൻകാവിൽ ഒരു പന്തലിൽവച്ച് കുക്കുസായിപ്പിന്റെ മുമ്പിൽ നിന്നുകൊണ്ട് രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൃഷ്ടിപതിപ്പിച്ച അതേ പർവ്വതത്തിലേക്ക്.

സാറാമ്മ വരാന്തയിൽ പ്രാർത്ഥിച്ചുകൊണ്ടുനിന്നു.

പെട്ടെന്ന് മത്തായിച്ചന് തന്റെ ബോധം നിലയ്ക്കുന്നതുപോലെ തോന്നി. കാലുകളുടെ ബലവും ക്ഷയിക്കുന്നു. അദ്ദേഹം കമിഴ്ന്നുവീണു.

മനസ്സിൽ അപൂർവ്വമായ കാഴ്ചകൾ പ്രത്യക്ഷപ്പെടുന്നു. സൂര്യോദയത്തിൽ മങ്ങിമങ്ങി മറയുന്ന നക്ഷത്രങ്ങളെപ്പോലെ അവ അപ്രത്യക്ഷമാകുന്നു.

ഒരു വെള്ളസിംഹാസനം. ചുറ്റും മാലാഖമാർ

മദ്ധ്യത്തിൽ തേജസ്സിന്മേൽ തേജസ്സണിഞ്ഞ ഒരു ദിവ്യരൂപം

വലതുഭാഗത്ത് ക്രൂശിന്റെ നിഴലിൽ ഒരു മഹാപുരുഷൻ

ഭയപ്പെടേണ്ട എന്ന ശബ്ദം അവിടെ മുഴങ്ങുന്നു....

ഞാൻ ആദ്യനും അന്ത്യനുമാകുന്നു എന്നൊരു പ്രഖ്യാപനവും!

അല്പം മുമ്പ് മനസ്സിൽ കണ്ട പർവ്വതം—അത് വലുതായി മഹാപർവ്വതമായിതീരുന്നു. പർവ്വതശിഖരങ്ങളിൽ പുകപൊങ്ങുന്നു. കട്ടപ്പുക.

പർവ്വതത്തിന്റെ മുകളിൽ ചുറ്റുവട്ടം മേഘപാളികൾ ഉരുണ്ടുകൂടുന്നു. കറുത്ത മേഘപാളികൾ.

ആദ്യം പർവ്വതത്തിൽ തീ കത്തുന്നു. പിന്നെ പെരുമഴ. കത്തിയ തീ കെട്ടടങ്ങുന്നു. ആകാശത്തിൽ സൂര്യകിരണങ്ങൾ മിന്നിത്തെളിയുന്നു. അകലെ ഒരു മഴവില്ല്. ഇത്ര മനോഹരമായ ഒരു മഴവില്ല് മുമ്പൊരിക്കലും കണ്ടിട്ടില്ല.

മഴവില്ലിനെ തൊട്ടുപുണരാൻ കൈ നീട്ടിയതും ആത്മവിവശതയിൽ നിന്ന് ഞെട്ടി ഉണർന്നതും ഒരേ നിമിഷത്തിൽ.

പ്രാർത്ഥന കഴിഞ്ഞ് തെല്ലുവികസിച്ച മുഖത്തോടെ പുറത്തുവന്നു.

നാലുമണി കഴിഞ്ഞ് മത്തായിച്ചൻ രവീന്ദ്രന്റെ വീട്ടിലേക്കു തിരിച്ചു. കൂടെ

ജോണിയും. ബൈബിൾ നെഞ്ചോടു ചേർത്തുവച്ചുകൊണ്ടാണ് പടികൾ കയറിയത്. ഇടയ്ക്കിടെ മടിച്ചുനിന്നുകൊണ്ട്.

രവീന്ദ്രന്റെ പിതാവ് ശങ്കരക്കുറുപ്പ് വരാന്തയിലിരുപ്പുണ്ട്. തൊട്ടടുത്ത് മുഖം വാടിയ രവീന്ദ്രനും. മത്തായിച്ചനെയും ജോണിയെയും കണ്ടപ്പോൾ ശങ്കരക്കുറുപ്പിന്റെ മുഖത്ത് കോപത്തിന്റെ വിഷം കട്ടപിടിച്ചു. കാടുപിടിച്ച് മൂക്കുപ്പൊടി പറ്റിയിരിക്കുന്ന അയാളുടെ നാസാരന്ധ്രങ്ങൾ രണ്ടുമൂന്നുവട്ടം തുടിച്ചു.

ഇരിക്കാൻ പറഞ്ഞില്ല. മത്തായിച്ചൻ വരാന്തയിൽ നിന്നു. കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അന്യോന്യം അംഗപ്രത്യംഗം ഒന്നു നോക്കി.

മത്തായിച്ചനാരംഭമിട്ടു: 'കുറുപ്പു ചേട്ടാ....'

കണ്ഠത്തിൽ എന്തോ തടഞ്ഞു. മുഖം കടുപ്പിച്ചിരിക്കുന്ന ശങ്കരക്കുറുപ്പിന്റെ മുമ്പിൽ നാവ് അനക്കാൻ ശക്തിയില്ലെന്നു തോന്നി. ശങ്കരക്കുറുപ്പ് മുഖം വെട്ടിത്തിരിച്ചു.

വീണ്ടും സംസാരിക്കാൻ ശ്രമിച്ചു. 'കുറുപ്പുചേട്ടാ, എന്റെ മോൻ ചെയ്ത തെറ്റിനു ക്ഷമ ചോദിക്കാനാ ഞാൻ വന്നിരിക്കുന്നത്.

ശങ്കരക്കുറുപ്പ് മത്തായിച്ചന്റെ നേരെ പെട്ടെന്ന് മുഖം തിരിച്ചു. കണ്ണനക്കാതെ അല്പനേരം നോക്കി.

'ചേട്ടാ, ക്ഷമിച്ചുതരണേ.'

ശങ്കരക്കുറുപ്പ് നിശ്ചേഷ്ടനായി. മഴപെയ്തുനീങ്ങിയ ഇടവപ്പാതിയാകാശം പോലെ അയാളുടെ മുഖം തെളിഞ്ഞുവരുന്നതു കാണാമായിരുന്നു.

'ആട്ടെ, ഞാൻ ക്ഷമിച്ചിരിക്കുന്നു. ഉപദേശി വെഷമിക്കണ്ടാ.'

'കാലുപിടിച്ചു ക്ഷമ ചോദിക്കാനാ ഞാൻ വന്നിരിക്കുന്നത്.'

'ഓ, കാലും കയ്യും ഒന്നും പിടിക്കണ്ടാ. ഇതു നിങ്ങളു ചെയ്ത തെറ്റല്ല. നിങ്ങടെ മോൻ ചെയ്ത തെറ്റാ.'

'ഞാൻ പത്തലെടുത്ത് അവനെ ഒത്തിരി അടിച്ചു. നോക്കിയാട്ട് അവന്റെ കാലും കയ്യും തുടയും. ചുവന്നു തെണുത്ത പാടുകൾ.'

ശങ്കരക്കുറുപ്പ് ജോണിയെ സൂക്ഷിച്ചൊന്നു നോക്കി.

'ചേട്ടാ, തീർന്നില്ല. വീട്ടിൽചെന്ന് ഇനീം അടികൊടുക്കുന്നുണ്ട്.'

'വേണ്ടാ, ഇനീം അവനെ അടിക്കരുത്. ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു.'

പ്രതീക്ഷിക്കാത്ത ഉത്തരം. മഴവില്ലിന്റെ പ്രസാദം മുഖത്തുവീണപോലെ മത്തായിച്ചൻ ഒന്നു പുഞ്ചിരിച്ചു. കണ്ണുകൾ തുളുമ്പുന്നുണ്ടായിരുന്നു.

"ഉപദേശിയുടെ പേരെന്താ?'

"തെങ്ങുവിള മത്തായി.'

'നാടെവിടാ?'

'ചെങ്ങന്നൂർ.'

'ഇരിക്കൂ മത്തായിമാപ്പളേ, കാപ്പികുടിച്ചിട്ടു പോയാ മതി.'

'അയ്യോ ക്ഷമിക്കണം. നേരം ഇരുട്ടുന്നതിനു മുമ്പേ വീട്ടിലെത്തണം. ഇരിക്കാനും കുടിക്കാനും നേരമില്ല.'

'പെട്ടെന്ന് ഒരു കരിയ്ക്കുവെട്ടിത്തരാം.'

'അതിനും സമയമില്ല. ഇനി ഒരിക്കൽ വരാം. വൈകിട്ട് എനിക്കൊരു പ്രാർത്ഥനായോഗത്തിനു പോവണം.'

മലപോലെ വന്ന പ്രശ്നത്തെ മലരുപോലെ മാറ്റിത്തന്ന ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് മത്തായിച്ചൻ വീടുവരെ നടന്നത്.

പതിവുപോലെ മത്തായിച്ചനും കുടുംബവും അത്താഴം കഴിഞ്ഞ് പ്രാർത്ഥനയ്ക്കിരുന്നു. കുഞ്ഞമ്മ പാട്ടുതുടങ്ങി. എസ്ഥേർ പുതിയ നിയമത്തിൽനിന്ന് ഒരദ്ധ്യായം വായിച്ചു; ശേബായും സാറാമ്മയും പഴയനിയമത്തിൽനിന്നും. ജോണി സങ്കീർത്തനം വായിച്ചു. പ്രാർത്ഥനയ്ക്കുവേണ്ടി കുടുംബാംഗങ്ങൾ കണ്ണടച്ചു. മത്തായിച്ചന്റെ കരം ജോണിയുടെ തോളിൽ തഴുകി. കണ്ണുനീരോടെ ജോണിക്കു വേണ്ടി പ്രാർത്ഥിച്ചു. പ്രത്യേക വികാരങ്ങളൊന്നുമില്ലാതെ അവൻ പുൽപ്പായിലിരുന്നു—ഇടയ്ക്കിടെ കണ്ണു തുറന്നുകൊണ്ട്.

പ്രധാനാദ്ധ്യാപകനും കരുണകാണിക്കും എന്ന പ്രതീക്ഷയിൽ രാവിലെ മത്തായിച്ചൻ അദ്ദേഹത്തിന്റെ ഭവനത്തിലെത്തി.

അവിടെയും പ്രതീക്ഷ സഫലമായി.

ജോണി വിദ്യാലയത്തിലെ ഓരോ ക്ലാസ്സും കയറിയിറങ്ങി തന്റെ ക്രൂരകൃത്യത്തിനു ക്ഷമാപണം നടത്തി—പ്രധാനാദ്ധ്യാപകൻ ജോണിക്കു നിശ്ചയിച്ച ശിക്ഷയായിരുന്നു അത്.

ജോണി പഠനം തുടർന്നു.

ഇടമൺ പ്രദേശത്തുവച്ചേ ശിഥിലമായിത്തുടങ്ങിയ മത്തായിച്ചന്റെ ആകാശക്കോട്ടകൾ നിശ്ശേഷം തകർന്നുകഴിഞ്ഞു. പൊലിഞ്ഞുപോയ സ്വപ്നത്തെപ്പോലെ മകന്റെ ഭാവിയെപ്പറ്റിയുള്ള ആഗ്രഹങ്ങൾ അപ്രത്യക്ഷമായതായി തോന്നി.

ഗുണദോഷങ്ങൾ ചേമ്പിലയിൽവീണ വെള്ളം പോലെ.

തകർന്ന കോട്ടകൾ പുനർനിർമ്മാണം നടത്താൻ കഴിവുള്ള ഒരാളേ ഉള്ളൂ—ജോണി. ചേതസ്സറ്റ ഹൃദയത്തിന്റെ അടിത്തട്ടിൽ ഒരാഗ്രഹം വാടിക്കരിയാതെ കിടക്കുന്നു.

ജോണി നന്നായി വരും.

പഠനം പൂർത്തിയാക്കും.

ഒരു ജോലി നേടും.

ഇളയ പെൺകുഞ്ഞുങ്ങളെ കെട്ടിച്ചുവിടും.

ദൈവവിളിയുണ്ടെങ്കിൽ ഒരു സുവിശേഷകനാകും.

♦ ♦ ♦

മഴക്കാലം കഴിഞ്ഞു. ചായലോടുമലയിലും കല്ലേത്തുകാവിലും കൂടങ്ങളുടെയും ചുറ്റികകളുടെയും ശബ്ദമുയർന്നു. പാറപൊട്ടിക്കുന്ന യത്നത്തിലാണ് ഒരുകൂട്ടം കൂലിപ്പണിക്കാർ.

മോട്ടോർവാഹനങ്ങൾ അധികം തീണ്ടിയിട്ടില്ലാത്ത ആ പ്രദേശത്തിലൂടെ ലോറികൾ വരുമ്പോൾ കുട്ടികൾ കൗതുകപൂർവ്വം റോഡരികിൽ കൂട്ടമായി ഒന്നിച്ചുകൂടിയിരുന്നു.

പാറക്കഷണങ്ങളുമായി ഒരു ലോറി അടൂരേക്ക്. മറ്റൊരു ലോറി ചായലോടിന്റെ കിഴക്കേക്കോണിൽ പ്രാഥമിക വിദ്യാലയം പണിയുന്ന പുരയിടത്തിലേക്ക്.

കുമ്മായവണ്ടികളും വെട്ടുകല്ലു ചുമക്കുന്ന സ്ത്രീകളും ചായലോട്ടേക്കു നീങ്ങി. ഒപ്പം, പറക്കോട്ടു കിട്ടുക്കുറുപ്പിന്റെ ആനകൾ തടിയും വലിച്ചുകൊണ്ട്.

പരസ്യയോഗപ്രസംഗം കഴിഞ്ഞശേഷം കണ്ണുനിറയെ പൊടിയുമായിട്ടാണ് മത്തായിച്ചൻ വീട്ടിൽ എത്തിയത്.

കിളിക്കോടു മുതൽ പട്ടാഴി വരെയുള്ള റോഡിലൂടെ കാറും ലോറിയും

പോകുമ്പോൾ മനുഷ്യനെ മൂടിക്കൊണ്ടു പൊടി ഉയരും. പണ്ടാലസാറിന്റെ വില്ലുവണ്ടിച്ചക്രങ്ങളുടെ പാടുകൾ റോഡുനീളെ കാണാം.

സാറാമ്മ ഉപ്പുമാങ്ങാ തിന്നുകൊണ്ടിരിക്കയാണ്.

മത്തായിച്ചൻ ഭരണിയുടെ വിസ്താരമുള്ള വായിൽ തവിയിട്ട് ഉപ്പൊലിക്കുന്ന ഒരു മാങ്ങാ കോരിയെടുത്തു. അതിന്റെ ഉപ്പും പുളിയും ആസ്വദിച്ചുകൊണ്ടു പറഞ്ഞു: ‘സാറാമ്മേ മാറ്റമുണ്ട്.’

‘എന്ത്, സ്ഥലംമാറ്റമോ?’

‘അതേ.’

‘എങ്ങോട്ടാ?’

‘പാമ്പാടിയിലേക്ക്.’

‘അതെവിടാ?’

‘കോട്ടയത്തിനടുത്ത്.’

‘അപ്പം അങ്ങു വടക്കാണല്ലോ.’

‘കിഴക്ക് ഇടമണ്ണ് സുവിശേഷവേല ചെയ്തു. ഇനീ വടക്കു പാമ്പാടീൽ.’

‘പടിഞ്ഞാറും തെക്കും ഇനി എന്നാ പോന്നേ?’

‘ദൈവം വിടുന്ന കാലത്തു പോകാം.’

മുഖ്യസ്ഥാനത്തുനിന്നും വന്ന സ്ഥലംമാറ്റ നിയമനക്കത്ത് കൈയിൽ പിടിച്ചുകൊണ്ട് മത്തായിച്ചൻ മുറ്റത്തു കസേരയിട്ടിരുന്നു. ഗിരിസദനക്കാരുടെ പറങ്കിമാവിൻതോട്ടത്തിലേക്കു നോക്കികൊണ്ട്.

തമിഴ്നാട്ടിൽനിന്നും പാണ്ടികൾ വന്ന് പറങ്കിവനം തെളിക്കുകയാണ്. തടികൾ വെട്ടി കഷണങ്ങളായി മുറിച്ച് കുഴിയിൽ അടുക്കുന്നു. അതിന്റെ മുകളിൽ ചവറും മണ്ണും ഇട്ടു മൂടുന്നു. ഒരു വശത്തുള്ള ദ്വാരത്തിലൂടെ മൺകൂനയ്ക്കു തീ കൊളുത്തുന്നു. ഒരു ദിവസത്തോളം തടിക്കഷണങ്ങൾ നീറിപ്പുകയുന്നു. കനലാകുമ്പോൾ വെള്ളം തളിക്കുന്നു. കനലുകൾ തണുത്തു കരിയായി രൂപാന്തരപ്പെടുന്നു. അവ തമിഴ്നാട്ടിലേക്ക് ലോറികളിലയയ്ക്കുന്നു. അവിടെ അവ ഭക്ഷണം പാകം ചെയ്യാനുള്ള ഇന്ധനമാകുന്നു.

പതിവുപോലെ മൺകൂനകളിൽ പുക ഉയർന്നു. ഒപ്പം മത്തായിച്ചന്റെ ഹൃദയത്തിൽ വികാരങ്ങളും.

കൃതജ്ഞതയുടെ വികാരങ്ങൾ, സംതൃപ്തിയുടെ വികാരങ്ങൾ.

ഇരുപത്തേഴുവർഷം മുമ്പ് ചെങ്ങന്നൂർ പുത്തൻകാവിൽ ഒരു പന്തലിലാരംഭിച്ച തന്റെ ക്രിസ്തീയജീവിതം ഇത്രത്തോളം വിജയകരമായി തുടരുവാൻ ദൈവം തുണച്ചിരിക്കുന്നു. അപവാദങ്ങളും, അടിയും ഇടിയും, വാദപ്രതിവാദങ്ങളും മറികടന്നുകൊണ്ട്, അനേകരെ മാനസാന്തരത്തിലേക്കും നിത്യ ജീവനിലേക്കും ആകർഷിച്ചെടുക്കാൻ മത്തായിച്ചനു കഴിഞ്ഞിട്ടുണ്ട്.

ഈ മഹാസേവനത്തിനു തന്നെ ശക്തനാക്കിയ ദൈവകൃപയെ സ്മരിക്കയാണ്.

# ഇരുപത്

**തി**രുക്കൊച്ചിയുടെ നെല്ലറയായ കുട്ടനാടൻ വയലുകൾ കടന്ന് കോട്ടയം വഴി പാമ്പാടിമുക്കിൽ വന്നിറങ്ങിയ മത്തായിച്ചനും കുടുംബവും ദൈവസ

ഭയുടെ വിശ്വാസഭവനത്തിലേക്കു നടന്നു.

മധുരനീർക്കുടങ്ങളുമേന്തി സ്വാഗതമരുളി നില്ക്കുന്ന കേരവൃക്ഷങ്ങൾ റോഡിന്റെ ഇരു പാർശ്വങ്ങളിലും കാണായ്‌വന്നു.

തൊട്ടു പുറകേ വേഗം നടന്നു വന്ന രണ്ടു ചെറുപ്പക്കാർ മത്തായിച്ചന്റെ ശീലക്കുടയിലും തകരപ്പെട്ടിയിലും മാറി മാറി നോക്കി.

നീണ്ടു വളഞ്ഞ കാലുള്ള ആ കുട മത്തായിച്ചന്റെ സന്തത സഹചാരിയാണ്. ബഹുവിധസഹായി ആയതുകൊണ്ടുതന്നെയാണ് ജീവിതത്തിൽ ഇത് ഇത്ര പ്രാധാന്യം നേടിയെടുത്തത്.

മഴ നനയാതെ, വെയിലുകൊള്ളാതെ നടക്കാം.

ഭവന സന്ദർശനത്തിനു പോകുമ്പോൾ കടിക്കുന്ന പട്ടികൾ മുമ്പിൽ ചാടിവീഴാറുണ്ട്. നീണ്ട കുട ഓങ്ങുമ്പോൾ നായ്ക്കൾ വിരണ്ടോടും.

സന്ധ്യയ്ക്കു വയലിറമ്പത്തൂടെ നടക്കുമ്പോൾ കുടക്കാൽ ആഞ്ഞു കുത്തി നടക്കാറുണ്ട്. വല്ല ക്ഷുദ്രജീവികളും പുല്ലിനിടയിലുണ്ടെങ്കിൽ ഓടിയൊളിക്കും.

പരോപകാരം ചെയ്യാൻ കുട നല്ലൊരുപാധിയാണ്. മഴ പെയ്യുമ്പോൾ ഒരാളിനെക്കൂടി അകത്തു കയറ്റും. സഭാംഗങ്ങളെ വഴിയിൽവച്ചു കാണുമ്പോൾ കുടയ്ക്കുള്ളിലവരേക്കൂടി കയറ്റിനിർത്തി തണലിൽ നിന്ന് ഏറെനേരം കുശലം പറഞ്ഞശേഷമേ വിടുകയുള്ളൂ.

ബസ്സിനു കൈ കാണിക്കാനും ശീലക്കുട ഉപയോഗിക്കാറുണ്ട്. കുട ഉയർത്തിയാൽ മതി. ഏതു ഡ്രൈവറും ശ്രദ്ധിക്കും.

പെന്തക്കോസ്തിലെ ഉപദേശിയാണെന്നറിഞ്ഞപ്പോൾ ചെറുപ്പക്കാരുടെ മുഖത്ത് പുച്ഛഭാവം. നേരിയ വിദേശത്തുണികൊണ്ടു നിർമ്മിച്ച ഉടുപ്പിന്റെ പോക്കറ്റിൽ നിന്നും കലാപരമായി വലിച്ചെടുത്ത സിഗരട്ടു കത്തിച്ചുകൊണ്ട് ഒരു ചെറുപ്പക്കാരനാരാഞ്ഞു:

'ഉപദേശി എവിടുത്തുകാരനാ?'

'ഞങ്ങൾ ചെങ്ങന്നൂർക്കാരാ. ഇപ്പം ഏഴംകുളത്തുനിന്നു വരുന്നു.'

തോട്ടക്കാരനെപ്പോലെ വളരെ പണിപ്പെട്ടു വളർത്തിയെടുത്തതെന്നു തോന്നിക്കുന്ന താടിമീശയിൽ തടവിക്കൊണ്ടവൻ മുന്നറിയിപ്പു നൽകി: 'സൂക്ഷിച്ചോണം. ഇതു പാമ്പാടിയാ. പാമ്പ് ആടുന്ന സ്ഥലമാ.'

എന്നിട്ട് പരിഹാസദ്യോതകമായൊരു ചിരി!

'ഞങ്ങക്ക് പാമ്പിനെ പേടിയില്ല.'

'അതെന്താ?'

'കണ്ടില്ലേ, നീണ്ട ശീലക്കുട. ഒരടി കൊടുക്കും.'

'ഇവിടത്തെ പാമ്പ് അങ്ങനെ അടിച്ചാലൊന്നും ചാവത്തില്ല.'

'യേശുക്രിസ്തു പഴയ പാമ്പായ സാത്താനെ തകർത്തിരിക്കുന്നു. പിന്നെ ഇടമണ്ണുവച്ച് പത്തടി നീളമുള്ള ഒരു പെരുമ്പാമ്പിനെ അവിടത്തുകാർ അടിച്ചുകൊല്ലുന്നതു ഞാൻ കണ്ടതാ. പാമ്പിനെ എനിക്കു പേടിയില്ല.'

'ഊദേശി, ഇവിടെ പാമ്പു മാത്രമല്ല ആടുന്നത്. ഇവിടത്തെ പെന്തക്കോസ്തുകാരും ആടും പാടും തുള്ളും. പാമ്പാട്ടി മകുടിയൂതുമ്പോൾ മൂർഖൻപാമ്പ് ആടിത്തുടങ്ങും. തമ്പേറടി കേക്കുമ്പം ഇവിടത്തെ പെന്തക്കോസ്തുകാരും ആടിപ്പാടി മറുഭാഷ തുടങ്ങുന്നു.'

'കുഞ്ഞേ, പത്തിരുപത്തേഴു വർഷമായി ഞാനൊരു പെന്തക്കോസ്തു വിശ്വാസിയാ. എനിക്കിതൊക്കെ അറിയാം.'

പിന്നൊന്നും പറയാതെ മുണ്ടുമടക്കിക്കുത്തിക്കൊണ്ട് കോളേജ് കുമാരന്മാർ നടന്നകന്നു.

ഒരു മാസം കഴിഞ്ഞ് പാമ്പാടികവലയിലുള്ള തുണിക്കടയിൽ കയറിയപ്പോൾ ഉടമസ്ഥൻ ബാവാറാവുത്തരുടെ സംസാരം കേട്ടപ്പോഴാണ് പാമ്പിന്റെ വിഷപ്പല്ലിന്റെ മൂർച്ച മത്തായിച്ചനനുഭവപ്പെട്ടത്.

'നിങ്ങളെവിടുത്തുകാരനാ?' റാവുത്തർ ആരാഞ്ഞു.

'ചെങ്ങന്നൂർകാരൻ?'

'ഓ, മാപ്പിളമാരുടെ ദേശം?'

'അതേ.'

'നിങ്ങളെന്തു ചെയ്യുന്നു?'

'ഞാനിവിടത്തെ പെന്തക്കോസ്തുസഭേലെ പാസ്റ്ററാ.'

'അപ്പം സുഖമായല്ലോ. ജോലി ചെയ്യാതെ ചോറുണ്ണാമല്ലോ, അള്ളാഹൂ അക്ബർ!'

വിഷമുള്ള് തുളച്ചിറങ്ങുന്നതുപോലെ തോന്നി. നിമിഷങ്ങൾ നീണ്ടുനിന്ന മൗനത്തിനുശേഷം മത്തായിച്ചൻ മറുപടി പറഞ്ഞു: 'റാവുത്തരേ, നിങ്ങൾ പറഞ്ഞതു ശരിയല്ല. ഞാനും ജോലിചെയ്യുന്നു! സുവിശേഷ വേല.'

'ഓഹോ, ഉപദേശിജോലി!! അതെന്തോ ജോലിയാ? വായിൽ വെറുതെ കിടക്കുന്ന നാക്കുകൊണ്ട് ഞേയറാഴ്ച ഒരു പ്രസംഗം തട്ടിവിടണം. അതാന്നോ ജോലി?? ആറു ദിവസം കയ്യും കെട്ടിയിരുന്നു സുഖിക്കണം. ഏഴാം ദിവസം വാചകക്കസർത്തു നടത്തണം. സബക്കാരുടെ നേർച്ചകാഴ്ചേം പണവും കീശയിലാക്കണം.'

കടയിലിരുന്ന സെബാസ്റ്റ്യൻമാപ്പള കൂട്ടിച്ചേർത്തു: 'യേശു അഞ്ചപ്പോം രണ്ടു മീനുംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതുപോലെ അഞ്ചു പ്രസംഗോം വേണം, രണ്ടു പാട്ടും വേണം. ചെല്ലുന്നേടത്തൊക്കെ അതു മാറ്റീം മറിച്ചും പ്രസംഗിക്കണം. പാട്ടുപാടി മനുഷ്യരെ എളക്കണം. കഴുത്തിനു ചുറ്റും നാക്കുണ്ടായാൽ മതി. ഊദേശിവേല സുഖമാ.'

മത്തായിച്ചൻ നീണ്ട ഒരു മറുപടിക്കുവേണ്ടി തയ്യാറായി.

'നിങ്ങളു വിചാരിക്കുമ്പോലെ അത്ര എളുപ്പമല്ല ഉപദേശിപ്പണി.'

'ഉം.' ബാവാറാവുത്തർ മൂളി.

'ങ്റ്.' സെബാസ്റ്റ്യൻമാപ്പള തൊണ്ട മുരളി.

'ഒരാഴ്ച എന്തുമ്മാത്രം ജോലിയുണ്ടെന്നു ഞാമ്പറയാം....'

'ഞമ്മളു കോട്ടോളാം.' റാവുത്തർ സമ്മതം നൽകി.

'തിങ്കളാഴ്ച രാവിലെ എഴുന്നേല്ക്കും. രണ്ടുമണിക്കൂർ പ്രാർത്ഥിക്കും. അതു കഴിഞ്ഞ് സഭയിൽ ദീനക്കാരു വല്ലോരുമുണ്ടെങ്കിൽ വീട്ടിപ്പോയി പ്രാർത്ഥിക്കും.'

'നിങ്ങളു പ്രാർത്ഥിക്കുന്നോരെല്ലാം സൗഖ്യമായാൽപ്പിന്നെ ആശുപത്രികളൊക്കെ അടച്ചുപൂട്ടേണ്ടിവരുമോ?' സെബാസ്റ്റ്യൻമാപ്പിളയുടെ ആ ചോദ്യത്തിന് പരിഹാസത്തിന്റെ ഛായയുണ്ടായിരുന്നു.

ഒന്നു പുഞ്ചിരിച്ചുകൊണ്ടു മത്തായിച്ചൻ തുടർന്നു: 'സഭാംഗങ്ങൾ പലരും താമസിക്കുന്നത് രണ്ടും മൂന്നും മൈലകലെയുള്ള കുഗ്രാമങ്ങളിലാ. വണ്ടീം ബസ്സും ചെല്ലാത്തിടങ്ങളിൽ. കുന്നും മലയും കയറിയിറങ്ങണം. ചൊവ്വാഴ്ച പകൽ മുഴുവൻ ഉപവാസപ്രാർത്ഥനയാ. എല്ലാ ചൊവ്വാഴ്ചേം വൈകിട്ട് ഏതെങ്കിലുമൊരു വീട്ടില് കൂട്ടായ്മയോഗം ഉണ്ടായിരിക്കും.'

'അള്ളാഹൂ...അത്രേമേ ഒള്ളോ?' റാവുത്തർ ചോദിച്ചു.

'പറഞ്ഞുതീർന്നില്ല. ബുധനാഴ്ച പകൽ വീട്ടുജോലികൾ ചെയ്യും. അലക്കിയ വസ്ത്രങ്ങൾ തേച്ചുവയ്ക്കും. പലചരക്കുസാധനങ്ങൾ വാങ്ങിച്ചോണ്ടു വരും. പിന്നെ വൈകിട്ട് ബൈബിൾക്ലാസ്സിൽ പഠിപ്പിക്കണം. വ്യാഴാഴ്ച പരസ്യയോഗത്തിനു പോകണം. വെള്ളിയാഴ്ച പകല് മദ്ധ്യസ്ഥപ്രാർത്ഥന —ഇന്നാട്ടിലെ പാപികളുടെ പേരുകൾ ഓരോന്നായി എടുത്തുപറഞ്ഞ് അവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന നടത്തും.'

'എനിക്കുവേണ്ടീം പ്രാർത്ഥിക്കുമോ?' സെബാസ്റ്റ്യൻ മാപ്പിള പുച്ഛസ്വരത്തിൽ ചോദിച്ചു.

മറുപടി പറയാതെ മത്തായിച്ചൻ തുടർന്നു: 'ശനിയാഴ്ച പകൽ ഭവനസന്ദർശനം നടത്തണം. വൈകിട്ട് യുവജനയോഗം. ഉപക്രമ പ്രസംഗവും ഉപസംഹാരപ്രസംഗവും ഞാൻ തന്നെ നടത്തണം. ഞായറാഴ്ച രാവിലെ ആരാധിക്കുന്ന ചായിപ്പ് വൃത്തിയാക്കി പായ്‌വിരിക്കണം. ഒരു മണിക്കൂർ പിള്ളാരെ വേദപുസ്തകം പഠിപ്പിക്കണം. അതുകഴിഞ്ഞ് പ്രായമുള്ളവർക്കുവേണ്ടി ആരാധന നടത്തണം. പലപ്പോഴും പാട്ടുകൾ നയിക്കണം. ഒരു മണിക്കൂർ പ്രസംഗിക്കണം. മിക്കവാറും എല്ലാ ഇടയോഗങ്ങളിലും ഞാൻ പ്രസംഗിക്കേണ്ടി വരുന്നു. പ്രസംഗത്തിന് ആശയം കിട്ടാൻ ധ്യാനിക്കണം, പുസ്തകങ്ങൾ വായിക്കണം, ഇതിനിടെ സഭയിലെ അംഗങ്ങൾക്കുണ്ടാവുന്ന മിക്കവാറും എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യണം. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കണം. മരിച്ചോരെ കുഴിച്ചിടണം. കല്യാണങ്ങൾ നടത്തിക്കൊടുക്കണം. സ്നാനപ്പെടുത്തണം....'

'ഇപ്പഴും നിങ്ങൾ കലക്കവെള്ളത്തിലാന്നോ മുക്കുന്നത്? സെബാസ്റ്റ്യൻ മാപ്പിള ഇടയ്ക്കുകയറി ചോദിച്ചു.

മത്തായിച്ചൻ മറുപടി പറയാതെ വീണ്ടും തുടർന്നു: 'ആഴ്ചയിലൊരിക്കൽ സഭേലെ വരവുചെലവു കണക്കു പരിശോധിക്കണം. ഇടയ്ക്കിടെ കൺവൻഷൻ യോഗങ്ങൾക്കുവേണ്ടി ക്രമീകരണം ചെയ്യണം. അതിഥികളെ സൽക്കരിക്കണം. ഇതിനെല്ലാം പുറമേ എന്റെ സ്വന്തം കുടുംബത്തിന്റെ മേൽനോട്ടം വഹിക്കണം.'

'അള്ളാഹൂ....അക്ബർ!'

ദീർഘമായി ഒന്നു ശ്വസിച്ചശേഷം മത്തായിച്ചൻ വീണ്ടും ബാവാ റാവുത്തരെ നോക്കിപ്പറഞ്ഞു: 'ചുരുക്കിപ്പറഞ്ഞാൽ റാവുത്തരേക്കാൾ കൂടുതൽ ഞാൻ ജോലി ചെയ്യുന്നു. റാവുത്തർക്ക് വെള്ളിയാഴ്ചേം ഞേറാഴ്ചേം തുണിക്കട തുറക്കണ്ടാ. ആഴ്ചേൽ രണ്ടു ദിവസം ഒഴിവൊണ്ട്. എനിക്കാന്നേൽ എല്ലാ ദിവസോം അദ്ധ്വാനമൊണ്ട്. നാക്കുകൊണ്ടു മാത്രമല്ല ഞാൻ ജോലി ചെയ്യുന്നത്. കാലുകൊണ്ടും കൈകൊണ്ടും തലച്ചോറുകൊണ്ടും ചെയ്യുന്നു.'

സുവിശേഷവേല ഇത്രമാത്രം ഭാരിച്ച ഉത്തരവാദിത്വമുള്ള ഒരു ജോലിയാണെന്ന് ബാവാറാവുത്തർ ആദ്യമായിട്ടാണു മനസ്സിലാക്കുന്നത്.

'എന്റെ പടച്ചോനെ! റാവുത്തർ ബഹുമാനപൂർവ്വം ഉച്ചരിച്ചു.

'നിങ്ങളിങ്ങനെ എപ്പഴും പ്രാർത്ഥനേം പാട്ടുമായി കഴിഞ്ഞാൽ നിങ്ങളുടെ ജീവിതത്തിലെന്തോ സന്തോഷമുണ്ട്? മനുഷ്യനായാൽ കുറെ രസം വേണം മത്തായൂദേശീ.' സെബാസ്റ്റ്യൻമാപ്പിള അഭിപ്രായപ്പെട്ടു.

'നിങ്ങടെ രസമൊന്നു കേൾക്കട്ടെ!'

'രസമോ? ഇടയ്ക്കിടെ സിനിമാ കാണും. മാസത്തിലൊരിക്കലെങ്കിലും

നാടകം കാണും. പിന്നെ തിരുനക്കര മൈതാനത്ത് നൃത്ത പരിപാടികൾ വരുമ്പം മുടങ്ങാതെ പോയിക്കാണും. ചിരിയരങ്ങുകൾക്കും പോകും.'

'സെബാസ്റ്റ്യൻ മാപ്പിളേ, നിങ്ങടെ രസവും സന്തോഷവും നിലനില്ക്കുകയില്ല. വയസ്സനായി പല്ലുകൊഴിഞ്ഞ് ആരോഗ്യം നശിക്കുമ്പോൾ സിനിമായും നാടകവും തരുന്ന സന്തോഷം തീരും. അന്യസ്ത്രീകളുടെ ശരീരത്തിന്റെ വടിവും സൗന്ദര്യവും ആസ്വദിച്ച് നിങ്ങൾ സന്തോഷം കണ്ടെത്തുന്നു—സിനിമാതാരങ്ങളുടെയും നൃത്തക്കാരികളുടെയും സൗന്ദര്യം നഷ്ടമാകുമ്പോൾ ലോകം അവരെ ചവറ്റുകുപ്പയിലെറിയും. അവരുടെ വാക്കുകളോ പ്രവൃത്തികളോ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കാനോ മരണത്തെ നേരിടാനോ ആരേയും സഹായിക്കയില്ല....എന്നാൽ ഞങ്ങളുടെ സന്തോഷം നിത്യതയോളം നിലനില്ക്കുന്ന സന്തോഷമാണ്. കാരണം ഞങ്ങടെ ആഹ്ലാദകേന്ദ്രം സൗന്ദര്യമോ പണമോ ജഡികസുഖങ്ങളോ ഒന്നുമല്ല. ദൈവമാണ് ഞങ്ങടെ ആഹ്ലാദത്തിന്റെ ഉറവ. ആ ഉറവ വറ്റുകയില്ല.'

'ദൈവമാണ് നിങ്ങടെ ഉറവ എന്നൊക്കെ നിങ്ങൾ വീമ്പടിക്കുന്നു. നിങ്ങടെ മക്കൾക്ക് കോളജുവിദ്യാഭ്യാസത്തിന്റെ സമയം ആകുമ്പോൾ ഞങ്ങടെ സഭക്കാർ പണിതുയർത്തിയ കോളജുകളിൽ നിങ്ങൾക്ക് പ്രവേശനം വേണം. രോഗികളാകുമ്പോൾ ഞങ്ങടെ സഭ പണിത ആശുപത്രികൾ നിങ്ങൾക്കു വേണം. എന്താ വിദ്യാഭ്യാസത്തിന്റെ കാര്യോം ആശുപത്രിക്കാര്യോം വരുമ്പോൾ നിങ്ങടെ ഉറവ വറ്റിപ്പോകുന്നത്? നിങ്ങടെ പിള്ളാരെ പഠിപ്പിക്കാൻ നിങ്ങളെന്താ കോളജുകൾ പണിയാത്തത്?'

'ക്രിസ്ത്യാനികൾ ഹിന്ദുക്കളുടെ കോളജുകളിൽ പഠിക്കുന്നില്ലേ? ഹിന്ദുക്കൾ ക്രിസ്ത്യാനികളുടെ കോളജുകളിൽ പഠിക്കുന്നില്ലേ? നിരീശ്വരവാദികളുടെ മക്കൾ ദൈവവിശ്വാസികൾ പണിയിച്ച സ്ഥാപനങ്ങളിൽ പഠിക്കുന്നു. ജോലി ചെയ്യുന്നു. തമിഴർ ഹിന്ദിക്കാരുടെ ആശുപത്രികളിൽ പോകുന്നല്ലോ. ഇന്ത്യയിൽ ജനിച്ച ഏതൊരു പൗരനും തന്റെ മക്കളെ ഏതു കോളജിൽ വിട്ടു പഠിപ്പിക്കാനും അവകാശമുണ്ട്. ഏതാശുപത്രിയിലും ചികിത്സ തേടാം.'

♦ ♦ ♦

പാമ്പാടിസഭ വളർച്ചയുടെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങി. ആരാധനാമന്ദിരം പണിയിക്കാൻ കുറെ പണവും പിരിച്ചെടുത്തു.

പണമായി. പക്ഷേ സ്ഥലമെവിടെ?

പെന്തക്കോസ്തർക്കു പള്ളിപണിയാൻ സ്ഥലം വില്ക്കരുതെന്നാണ് പാരമ്പര്യ സഭാപ്രമാണികൾ ചുറ്റുപാടുമുള്ള ക്രിസ്ത്യാനികൾക്കു നിർദ്ദേശം നൽകിയിരിക്കുന്നത്.

മത്തായിച്ചനെ കണ്ടപ്പോൾ ബാവാറാവുത്തർ ചോദിച്ചു: 'പള്ളിവെയ്ക്കാൻ പെന്തക്കോസുകാര് സ്ഥലം തെരേന്നെന്നു കേട്ടു.'

'ശരിയാ. പത്തോ ഇരുപതോ സെന്റു സ്ഥലം കിട്ടിയാക്കൊള്ളാം.'

'എനിക്കു കൊറെ പുരേടം വില്ക്കാനുണ്ട്.'

'എവിടാ വസ്തു?' വിടർന്ന പുഞ്ചിരിയോടെ ചോദിച്ചു.

'ദാ നോക്കൂ തെക്കോട്ട്. ആ റോഡേ പോകണം. പത്തുകൊല്ലം മുമ്പ് ഒരു നായരിൽനിന്നും വാങ്ങിയ വസ്തുവാ.'

'തേടിയവള്ളി കാലിൽ ചുറ്റിയിരിക്കുന്നു!'

'സെന്റിനു പതിനഞ്ചു രൂപാ വെച്ചു തന്നാമതി. പടച്ചോനുവേണ്ടി പള്ളി

വെക്കാനാണല്ലോ.'

'ആട്ടെ. ആലോചിച്ചിട്ടു പറയാം.'

റാവുത്തരുടെ മുഖം വിടർന്നു.

പറമ്പു വാങ്ങിക്കുന്ന വിഷയം മത്തായിച്ചൻ സഭയിലവതരിപ്പിച്ചു.

'പാസ്റ്ററേ, സ്ഥലമെവിടാ?' മലയമറ്റത്തു വർഗ്ഗീസ് ആരാഞ്ഞു.

'ബാവാറാവുത്തരുടെ കടയുടെ തെക്ക്.'

ഉണ്ണിസഹോദരന്റെ മുഖത്ത് അത്ഭുതത്തിന്റെയും പ്രതിഷേധത്തിന്റെയും സമ്മിശ്രഭാവങ്ങൾ പ്രകടമായി. 'അതു ചെകുത്താന്റെ വരത്തുപോക്കുള്ള സ്ഥലമാ. രണ്ടുമൂന്നു പേരവിടെയൊരു പ്ലാവേൽ തൂങ്ങിച്ചത്തതാ.'

പൊടിയച്ചൻ സഹോദരൻ പിന്താങ്ങി. 'കഴിഞ്ഞയിടേലാ ഒരു പശു മാട നടിച്ചു ചത്തത്. വെറുതേ കിട്ടിയാലും നമുക്കാ വസ്തു വേണ്ടാ.'

'ബാവാറാവുത്തർ എല്ലാ വേലേം പഠിച്ച പുള്ളിയാ. ആരും വാങ്ങാ ത്ത പറമ്പിന് നൂറ്റമ്പതു രൂപാ കിട്ടിയാലതു ലാഭമല്ലേ!' ഉണ്ണിസഹോദരൻ കൂട്ടി ച്ചേർത്തു.

സഭാംഗങ്ങളുടെ ചിന്ത ഭൂതകാലത്തിലേക്കോടി. വസ്തുവിനു ശാപമു ണ്ടെന്ന് കുറെ വർഷംമുമ്പ് രാമൻകണിയാൻ പ്രശ്നംവച്ചു കണ്ടുപിടിച്ച കാര്യം തോമസ് സഹോദരൻ ഓർമ്മിപ്പിച്ചു. ശാപപരിഹാരത്തിനായി ബാവാ റാവുത്തർ ആദ്യം ഇസ്ലാം മതസ്ഥരായ ചിലരെക്കൊണ്ട് വെള്ളം ഓതി ഒഴി പ്പിച്ചു. ഫലമുണ്ടായില്ലെന്നു കണ്ടപ്പോൾ ഒരു മന്ത്രവാദിയെ വരുത്തി മന്ത്രവും തുള്ളലും നടത്തിയ കാര്യവും നാട്ടുകാർ മറന്നിട്ടില്ല....മന്ത്രവാദിയുടെ മുഖം ചുവന്നു. കൃഷ്ണമണി മേലോട്ടു തള്ളിക്കയറി. ബാവാറാവുത്തർ മുറു ക്കാൻ വായിൽ വച്ചുകൊടുത്തു. അതുചവച്ചരച്ചു പറമ്പിന്റെ നാലുദിക്കിലും തുപ്പിയിട്ടു മടങ്ങിവന്നു—പറമ്പിന്റെ ശാപം തുപ്പി മാറ്റുകയായിരുന്നു. ഒടു വിൽ ശുദ്ധജലം കൈയിൽ കോരി വൃക്ഷശിഖരങ്ങളിൽ തളിച്ചു.

പിന്നീടു നടന്ന സംഭവങ്ങളും നാട്ടുകാർ മറന്നിട്ടില്ല. മന്ത്രപൂജാദികൾക്കു ശേഷം രണ്ടാമത്തെ ആഴ്ച അവിടെ പുല്ലുതിന്നാൻ കെട്ടിയിരുന്ന ഒരു കറവപശു ചത്തുകിടക്കുന്നതു കണ്ടു.

ആ വസ്തു ആരുടെയെങ്കിലും തലയിൽ പിടിച്ചുവയ്ക്കാൻ തക്കം നോക്കി യിരിക്കുമ്പോഴാണ് മത്തായിച്ചൻ വലയിൽവന്നു വീണത്.

സഭാംഗങ്ങളുടെ പ്രതിഷേധത്തിലടങ്ങിയ വികാരം വ്യക്തമായി മനസ്സി ലാക്കിക്കൊണ്ടുതന്നെ മത്തായിച്ചൻ ഉണ്ണിസഹോദരനെ നോക്കി: 'ദൈവമ ക്കളെ പിശാചിന് ഒന്നും ചെയ്യാനൊക്കത്തില്ല.'

'മനുഷ്യനും കന്നാലീം ചാവുന്നതോ?'

'സാത്താനുണ്ടെന്നുള്ളതു സത്യംതന്നെ. പക്ഷേ നാട്ടിൽ കേൾക്കുന്ന പിശാചുകഥകളിൽ ഒത്തിരി അന്ധവിശ്വാസവും അതിശയോക്തിയുമുണ്ട്. പശു കയറു കുരുങ്ങി ചത്തതായിരിക്കാം.'

'ഉരിയ കൊടുത്ത് ഊപ്പ വാങ്ങാതെ നാഴി കൊടുത്തു നല്ലതു വാങ്ങരു തോ?'

'ആ പറമ്പു വാങ്ങി മന്ദിരം പണിയുന്നതുകൊണ്ട് നമ്മക്കാർക്കും ഒരു ദോഷോം ഉണ്ടാകത്തില്ലെന്ന് ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ഞാൻ പറേ ന്നു. ഇത്രയും ലാഭത്തിനു വേറെ വസ്തു കിട്ടത്തില്ല.'

ഒരു മണിക്കൂറോളം നീണ്ടുനിന്ന ചർച്ചയ്ക്കുശേഷം പറമ്പു വാങ്ങാൻ സഭാംഗങ്ങൾ തീരുമാനമെടുത്തു.

ദിവസങ്ങൾക്കുള്ളിൽ മന്ദിരം പറമ്പിലുയർന്നപ്പോൾ പാമ്പാടി ദൈവസഭാംഗങ്ങൾ നെടുനാൾ ലാളിച്ച ഒരാഗ്രഹം സഫലമാകയായിരുന്നു.

പിന്നെ ബാവാറാവുത്തർക്ക് മത്തായിച്ചനെ പേടിയായിരുന്നു. പിശാചിന്റെ വരത്തുപോക്കുള്ള പറമ്പിൽ പള്ളിവെച്ച് ധൈര്യമായി ആരാധന നടത്തുന്നു. രാത്രിയാമങ്ങളിൽ പോലും മത്തായിച്ചൻ തനിയേ മന്ദിരത്തിലിരുന്നു ധ്യാനിക്കുന്നതു കണ്ട് ബാവാറാവുത്തർ അത്ഭുതപ്പെട്ടിട്ടുണ്ട്.

സാത്താനെ വെല്ലുവിളിക്കുന്ന മത്തായി ഉപദേശിക്ക് റാവുത്തർ ഒരു പുതിയ പേരുമിട്ടു—ചെകുത്താനെക്കൊല്ലി ഉപദേശി!

♦ ♦ ♦

അർദ്ധരാത്രി കഴിഞ്ഞപ്പോൾ പുരയിടത്തിന്റെ തെക്കേ കോണിൽ പട്ടി തുടർച്ചയായി കുരയ്ക്കുന്നതു കേട്ട് സാറാമ്മ മത്തായിച്ചനെ ഉണർത്താൻ ശ്രമിച്ചു.

'വല്ല കാടനോ മുള്ളനോ ആരിക്കും. കോഴിയെ പിടിക്കാൻ വന്നതാ. കോഴിക്കൂടടച്ചിട്ടൊണ്ടോ?'

'ഒണ്ട്'

'എന്നാ നീ പേടിക്കാതെ കെടന്നൊറങ്ങ്.'

സാറാമ്മ ഉറങ്ങാൻ ശ്രമിച്ചു. തിരിഞ്ഞും മറിഞ്ഞും കിടന്നു.

മഞ്ഞുതുള്ളികളിൽ നീരാട്ടു കഴിഞ്ഞ വൃക്ഷലതാദികൾ പ്രഭാതത്തിന്റെ പുതുവസ്ത്രമണിഞ്ഞിളകി. നിദ്രയിലായിരുന്ന ഗ്രാമം ഉണർന്നെഴുന്നേറ്റു.

ഇടത്തേ കൈവെള്ളയിൽ നിറച്ച ഉമിക്കരിയിൽ ചൂണ്ടുവിരൽ മുക്കി പല്ലു തേച്ചുകൊണ്ട് രാത്രിയിൽ പട്ടി കുരച്ച സ്ഥാനത്തേക്കു മത്തായിച്ചനും സാറാമ്മയും നടന്നു. തെക്കേ കോണിൽ പുതുമണ്ണിളകിക്കിടക്കുന്നതു കണ്ടപ്പോൾ ജിജ്ഞാസ വർദ്ധിച്ചു.

ചുറ്റും നോക്കി. പറമ്പിനപ്പുറമുള്ള വീടുകളുടെ മുറ്റത്ത് കരിയിലി കത്തിച്ച് കുടുംബാംഗങ്ങൾ തീ കായുന്നു.

മത്തായിച്ചൻ തൂമ്പയുമായി വന്നു. ഒരു മൺകലത്തിന്റെ കോണിലാണ് തൂമ്പാ ചെന്നു കൊണ്ടത്.

കലത്തിനുള്ളിൽ രണ്ടു കോഴിത്തലകൾ.

നാലഞ്ചു ചെമ്പരത്തിപ്പൂ.

രക്തം പുരണ്ട ഒരുപിടി കാന്താരി.

ചാരായത്തിന്റെ രൂക്ഷഗന്ധം....

സൂക്ഷ്മപരിശോധന നടത്തി. കലത്തിനുള്ളിലെ ഒരു തുണ്ടുകടലാസിൽ മത്തായി ഉപദേശി, ബലരാമൻ എന്നീ രണ്ടു പേരുകൾ എഴുതിയിരിക്കുന്നു.

ഒരു കമ്പുകൊണ്ട് മത്തായിച്ചൻ കോഴിത്തലയിൽ തൊട്ടു. സാറാമ്മ ഓക്കാനിച്ചു. 'ഇതെന്നാ അച്ചാ.'

'ഇതിനാ കൂടോത്രമെന്നു പറേന്നത്.'

'നമ്മക്കാരാ കൂടോത്രം ചെയ്യാൻ?'

'നോക്ക്, കടലാസുകഷണം.'

'രണ്ടു പേരുകൾ. എനിക്കൊന്നും പിടികിട്ടുന്നില്ല.'

'എനിക്കു പിടികിട്ടി....ബലരാമനെ മാനസാന്തരപ്പെടുത്തി പെന്തക്കോസ്തിലാക്കീട്ട് രണ്ടാഴ്ചയായിരിക്കുന്നു. അവനെ തിരികെ ഹിന്ദുമതത്തിലേക്കു കൊണ്ടുപോകാൻ കൂടോത്രം ചെയ്തതാ.'

'അച്ചായന്റെ പേരെന്തിനാ എഴുതി വെച്ചേക്കുന്നത്.'

'എനിക്കു ദോഷം വരാനാ. ബലരാമൻ ക്രിസ്തുമതം ഉപേക്ഷിക്കണം. അല്ലാത്തപക്ഷം മത്തായി ഉപദേശിചാകണം—ഇതായിരിക്കും അവരുടെ മോഹം. ബലരാമന്റെ മാതാപിതാക്കൾ പണം കൊടുത്തു ചെയ്യിച്ചതാ.'

'ഇതച്ചായനെങ്ങനറിഞ്ഞു?'

'ഊഹിച്ചെടുത്തു. പണ്ട് ശാരോൻ സഭയിലെ പി.ജെ. തോമാച്ചന്റെ പിതാവ് അയ്യാപിള്ള സാർ ക്രിസ്തുമതം സ്വീകരിച്ച കാലത്ത് ഹിന്ദുക്കൾ കൊറേപ്പേർ ചേർന്ന് അദ്ദേഹത്തെ കൊല്ലാൻ കൂടോത്രം ചെയ്തതാ. ഒടുവിൽ, കൂടോത്രംചെയ്ത കണിയാന്റെ ഏകമകൾ പിറ്റേമാസം ശ്വാസംമുട്ടി മരിച്ചുവീണു.'

പ്രകൃതിയുടെ കുളിര് ശരീരത്തെ വിറപ്പിച്ചു. ചോരപുരണ്ട കോഴിത്തല സാറാമ്മയുടെ മനസ്സിനെയും.

'ഓടിച്ചെന്നു വേദപുസ്തകമെടുത്തോണ്ടു വാ.'

പാമ്പിനെ കാണുമ്പോൾ വടി തപ്പിക്കൊണ്ടു വരുന്ന വേഗത്തിൽ സാറാമ്മ പുസ്തകമെടുത്തുകൊണ്ടുവന്നു.

'തൊണ്ണൂറ്റൊന്നാം സങ്കീർത്തനമെടുത്തു വായിച്ചാട്ടെ.'

ഇടറിയ സ്വരത്തിൽ സാറാമ്മ വായന തുടങ്ങി. തീരാറായപ്പോഴേക്കും ശബ്ദം കൂടുതൽ ബലിഷ്ഠമായി...മത്തായിച്ചൻ കുനിഞ്ഞ് മൺകലമെടുത്തു. ഒരേറ്. കലവും ഉള്ളിലെ സാധനങ്ങളും തൊട്ടടുത്ത കുപ്പക്കുഴിയിൽ വീണു. മത്തായിച്ചൻ വിജയഭേരി മുഴക്കി:

യേശുവിന്റെ നാമത്തിൽ ജയം
സാത്താനെ ഭർത്സിക്കുന്നു.
ദൈവമക്കൾക്കു കൂടോത്രം ഫലിക്കത്തില്ല.

വിജയഭേരി പ്രാർത്ഥനയായി മാറി: 'ദൈവമേ ഈ നീചകൃത്യം ചെയ്തവരുടെ പാപങ്ങൾ ക്ഷമിക്കണമേ. അവർ അനുതപിച്ചു മാനസ്സാന്തരപ്പെടുവാൻ ഇടയാകണേ. അവരെയും അവരുടെ മക്കളെയും ക്രിസ്തുവിന്റെ പ്രിയമക്കൾ ആക്കണമേ.'

അകലെ നെൽപാടങ്ങളിൽ കുളിർകാറ്റടിച്ചു. ഇളം വെയിലിന്റെ സുതാര്യതയിൽ പ്രകൃതി പ്രഭാതസ്നാനം നടത്തുകയായിരുന്നു.

♦ ♦ ♦

1956 നവംബർ. കേരളപ്പിറവി ദിനം. തിരുക്കൊച്ചിയും മലബാറും യോജിച്ച്, മലയാളം സംസാരിക്കുന്ന ഒന്നേകാൽ കോടി ജനങ്ങളുടേതായ ഒരു സംസ്ഥാനമുണ്ടാകുന്നു. വടക്ക് കാസർകോടുമുതൽ തെക്ക് പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരളസംസ്ഥാനം.

ജനം ആവേശം പൂണ്ടു. വർണ്ണശബളമായ തോരണങ്ങളുയർത്തിക്കൊണ്ട് യുവാക്കൾ ആഘോഷങ്ങൾക്കു തയ്യാറെടുത്തു. ഐക്യത്തിന്റെ സന്ദേശമുൾക്കൊള്ളുന്ന ഈരടികളുയർന്നു.

പോരുവിൻ യുവാക്കളെ
ചേരുവിൻ സഖാക്കളെ
ചോരയെങ്കിൽ ചോരയാലീ
കേരളം വരയ്ക്കുവിൻ.

ദേശീയപതാകയും വീശി വിദ്യാർത്ഥികൾ ജാഥയായി നടന്നു.

മാലപ്പടക്കങ്ങൾ പൊട്ടി.

ഞായറാഴ്ചത്തെ മത്തായിച്ചന്റെ പ്രസംഗം കേരളപ്പിറവിയോടു ബന്ധ

പ്പെടുത്തിയുള്ളതായിരുന്നു. ദൈവം മനുഷ്യന്റെ ഭാഷ കലക്കിയ വസ്തുത ഉല്പത്തി പതിനൊന്നാമദ്ധ്യായത്തിൽ നിന്നുദ്ധരിച്ചുകൊണ്ട് മത്തായിച്ചൻ പ്രസംഗിച്ചു. യേശുക്രിസ്തു ഭൂമിയിലേക്ക് വീണ്ടും വരുമ്പോൾ സ്ഥാപിക്കാനിരിക്കുന്ന സഹസ്രാബ്ദഭൂമിയിൽ മനുഷ്യരെല്ലാം ഒരേ ഭാഷ സംസാരിക്കുമെന്ന് ഭവ്യതയോടും ഉചിതമായ ഭാവചേഷ്ടകളോടുമദ്ദേഹം ചൂണ്ടിക്കാട്ടി.

പാമ്പാടി വിദ്യാലയത്തിന്റെ വരാന്തയിൽനിന്നും കേരളപ്പിറവിയുടെ വർണ്ണശബളമായ കടലാസുതോരണങ്ങൾ അഴിച്ചുമാറ്റുന്നതിനു മുമ്പേ ക്രിസ്മസ് പരീക്ഷ വന്നണഞ്ഞു.

പതിനെട്ടു വയസ്സുള്ള, നല്ല തണ്ടും തടിയുമുള്ള ജോണിയോട് അല്പം സങ്കോചഭാവത്തിലാണ് എഴുന്നേറ്റു നില്ക്കാൻ കൃശഗാത്രനായ ദാനിയേൽസാർ ആജ്ഞാപിച്ചത്.

ജോണി അനുസരിച്ചില്ല.

'എഴുന്നേറ്റു നില്ക്കാനാ നിന്നോടു പറഞ്ഞത്.'

ജോണി ഒട്ടും ഗൗനിച്ചില്ല.

'എഴുന്നേറ്റു നിന്നില്ലെങ്കിൽ ഞാനിപ്പം ഹെഡ്മാസ്റ്റർസാറിനെ വിളിച്ചോണ്ടു വരും.'

അല്പം വിമ്മിട്ടത്തോടവൻ എഴുന്നേറ്റു നിന്നു.

'എന്തെടാ നിന്റെ പോക്കറ്റിൽ?'

'ഒന്നുമില്ല.'

'എടാ, കള്ളംപറയാതെടാ. ഞാനെല്ലാം കണ്ടു. ഇങ്ങു താടാ കുറിപ്പ്.'

ജോണി കൂസാതെ ക്ലാസ്സുവിട്ടിറങ്ങാൻ തയ്യാറായി. ദാനിയേൽസാർ വാതിൽക്കൽ എത്തി ജോണിയെ തടഞ്ഞു.

സ്വതവേ മുൻകോപിയായ ജോണി മുഷ്ടി ചുരുട്ടി: 'ഇയ്യാളു സാറൊക്കെയാ, പക്ഷേ....സൂക്ഷിച്ചോ. വഴീന്നു മാറി നില്ക്ക്.'

ദാനിയേൽസാർ അപകടം മനസ്സിലാക്കി ഒഴിഞ്ഞു മാറി.

'വൈകിട്ടു പള്ളിക്കൂടം വിടട്ടെ. ഇയ്യാളെ ഞാൻ വഴീവെച്ചു കണ്ടോളാം.' ഒരു മുന്നറിയിപ്പോടുകൂടി ജോണി നടന്നകന്നു.

സാധാരണ പോകുന്ന വഴിയേ വീട്ടിലേക്കു പോകാതെ, വേറൊരു വഴിയേയാണ് ദാനിയേൽസാർ മടങ്ങിയത്.

ജോണിയെ വിദ്യാലയത്തിൽനിന്നും എന്നെന്നേക്കുമായി പിരിച്ചുവിട്ടിരിക്കുന്നുവെന്നു കാണിച്ചുകൊണ്ടുള്ള കത്തുമായി പ്രധാനാദ്ധ്യാപകന്റെ ശിപായി വീട്ടിലെത്തിയപ്പോഴും ജോണി അവിടെ വന്നെത്തിയിട്ടില്ല.

ശാന്തമായി ഓടുന്ന കപ്പലിനെ ഇടിച്ചുതകർക്കുന്ന ഒരു മഞ്ഞുകട്ടിപോലെയായിരുന്നു ആ കത്ത്.

മകനെ ശിക്ഷിക്കാൻ നീണ്ട ഒരു വടിയും തയ്യാറാക്കി നിൽക്കയാണ് മത്തായിച്ചൻ. പതിനെട്ടു വയസ്സുള്ള ഒരു മകനെ കൊച്ചു പിള്ളാരെപ്പോലെ ഇനി അടിക്കാനൊക്കുമോ? പ്രാർത്ഥനതുടരുകയാണുവേണ്ടതെന്നു സാറാമ്മ അഭിപ്രായപ്പെട്ടു.

മത്തായിച്ചൻ വടി താഴെയിട്ടു.

നാട്ടിൽ സ്വാധീനമുള്ള പലരേക്കൊണ്ട് ജോണിയെ വിദ്യാലയത്തിൽ തിരിച്ചെടുക്കാൻ ശുപാർശ ചെയ്യിച്ചു. അവർക്കെല്ലാം പ്രധാനാദ്ധ്യാപകൻ നൽകിയ മറുപടി ഒന്നു തന്നെയായിരുന്നു: 'എന്റെ വിദ്യാലയത്തിലെ ഒരദ്ധ്യാപകനെ മർദ്ദിക്കാനുദ്യമിച്ച ഒരു വിദ്യാർത്ഥിയെ ഞങ്ങൾക്കു വേണ്ടാ.

ഇന്ത്യൻ പ്രധാനമന്ത്രി വന്നു പറഞ്ഞാലും ഞാനവനെ എന്റെ പള്ളിക്കൂടത്തിൽ ഇനി കയറ്റത്തില്ല.'

കോട്ടമുറിയിൽ വക്കച്ചന്റെയും കുറുന്തോണ്ടിവിളയിൽ ചാണ്ടിച്ച ന്റെയും പ്രതികരണത്തിൽ എന്തുണ്ട് അതിശയിക്കാൻ??

ഇരുതോണികളിൽ കാലു ചവിട്ടിയിരിക്കയാണ് ചാണ്ടിച്ചൻ. അയാൾക്ക് ദൈവത്തെയും വേണം, മാമ്മോനെയും വേണം.

പഞ്ചായത്തോഫീസിലെ ഉദ്യോഗസ്ഥനായ ചാണ്ടിച്ചൻ കൈക്കൂലി വാങ്ങിയതിന് സർക്കാർ അയാൾക്ക് ശിക്ഷ നൽകിയിട്ട് മാസങ്ങളായി.

സഭയും അയാളെ ശിക്ഷിച്ചു: മേലിൽ കൈക്കൂലി വാങ്ങില്ലെന്നു പരസ്യമായി പ്രതിജ്ഞ ചെയ്തശേഷമേ അയാൾ സഭയിൽ സംസാരിക്കാൻ പാടൂള്ളൂ.

വക്കച്ചൻ രഹസ്യമായി ബീഡി വലിച്ച കുറ്റത്തിന് മത്തായിച്ചൻ അയാളെ ശാസിച്ചു നിർത്തിയിരിക്കയാണ്. യഥാസ്ഥാനപ്പെടുന്നതുവരെ സഭയിൽ സാക്ഷി പറയാനോ കാര്യാലോചനായോഗങ്ങളിൽ അഭിപ്രായം പറയാനോ പാടില്ലെന്ന് താക്കീതു നൽകിയിട്ട് ആഴ്ചകളേ ആയുള്ളൂ.

ഇരുവരുടെയും വീടുകൾ പലവട്ടം സന്ദർശിച്ച് അവരെ അനുതാപത്തി ലേക്കു നയിക്കുവാൻ മത്തായിച്ചൻ ശ്രമിച്ചതാണ്. പക്ഷേ, സഭയുടെ മുമ്പിൽ, ഇടയന്റെ മുമ്പിൽ എങ്ങനെ തലകുനിക്കും? അഭിമാനത്തിന്റെ കാര്യമല്ലേ?

സഭ നൽകിയ ശിക്ഷയിൽ കുപിതരായിരുന്ന അവർ സഭയോടും ഇട യനോടും പ്രതികാരം വീട്ടാൻ തക്കം നോക്കിയിരിക്കയായിരുന്നു. മൗനമായി സഭയിലിരിക്കാറുള്ള അവർ ആ ഞായറാഴ്ച ആരാധന കഴിഞ്ഞപ്പോൾ ശ ബ്ദമുയർത്തി.

'സ്വന്തം മകനെ നേരെ ചൊവ്വേ വളർത്താനറിയാൻ വയ്യാത്ത മത്തായൂ ദേശി രാജിവയ്ക്കണം' വക്കച്ചൻ അഭിപ്രായപ്രകടനം നടത്തി.

'ഈ ഉപദേശിയെ താങ്ങിനിറുത്തുന്ന സഭാപ്രമാണിമാരെ സഭാ കമ്മി റ്റിയിൽനിന്നു പിരിച്ചുവിടണം. ജോണിയെ വിസ്തരിച്ചു സഭേൽനിന്നു മുടക്കി തൂത്തെറിയണം' ചാണ്ടിച്ചൻ ഗർജ്ജിച്ചു.

മലയമറ്റത്തു വർഗ്ഗീസ് അട്ടഹാസക്കാരെ ശാന്തസ്വരത്തിൽ നേരിട്ടു: 'വക്കച്ചാ, ചാണ്ടിച്ചാ, മത്തായി ഉപദേശി രാജിവയ്ക്കേണ്ട ആവശ്യമില്ല. അദ്ദേഹം കുഞ്ഞുങ്ങളെ ചൊവ്വേനേരേയാ വളർത്തുന്നത് എന്ന കാര്യം അ യലോക്കക്കാരെല്ലാം സമ്മതിക്കും. മത്തായൂദേശിയും ഭാര്യയും പെൺകു ഞ്ഞുങ്ങളും മാതൃകാ ജീവിതമുള്ളവരാണ്. സണ്ടേസ്ക്കൂളിനും യോഗങ്ങ ൾക്കും ജോണിയെ തുടർച്ചയായി അവർ കൊണ്ടുവരുന്നു. അവൻ നന്നായി വരാൻ കഴിയുന്നതെല്ലാം മാതാപിതാക്കളും സഭയും ചെയ്യുന്നു. എന്നിട്ടും അവൻ വഷളായിപ്പോയതിൽ ഉപദേശിയെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല.'

വേങ്ങമൂട്ടിൽ കീവർച്ചൻ ഇടയ്ക്കു കയറി: 'യേശുവിനോടൊത്ത് മൂന്നര വർഷം തോളുരുമ്മി നടന്ന യൂദാ പെഴച്ചുപോയി. യിസ്ഹാ ക്കിന്റെ മോൻ ഏശാവ് പെഴച്ചുപോയി. യേശുവും യിസ്ഹാക്കും രാജിവയ്ക്കണമെന്ന് അ ക്കാലത്താരും പറഞ്ഞില്ല. മത്തായി ഉപദേശിയെ ക്ഷീണിപ്പിക്കാമെന്നൊന്നും നിങ്ങളു വിചാരിക്കണ്ടാ....'

അംബ്രയിൽ ചാക്കോച്ചൻ കീവർച്ചന്റെ ആശയത്തെ പൂരിപ്പിച്ചു: 'സഭ യുടെ ഇടയന് പ്രശ്നമുണ്ടാകുമ്പോൾ അദ്ദേഹത്തെ താങ്ങി ആശ്വസിപ്പി

ക്കേണ്ടത് പ്രമാണികളുടെ കടമയാ.'

കാക്കനാട്ടു സ്ഖറിയാച്ചന്റെ വാദഗതി വക്കച്ചനെയും ചാണ്ടിച്ച നെയും നിശ്ശബ്ദരാക്കി: 'ജോണി മാനസാന്തരപ്പെട്ടവനല്ല. സഭയുടെ അംഗവുമല്ല. സഭയിൽ അംഗമല്ലാത്തവനെ എങ്ങനെ മുടക്കും? അവൻ നേർവഴി തിരിയാൻ പക്വതയുള്ള നാം പ്രാർത്ഥിക്കയാണു വേണ്ടത്.'

അന്ന് വാടിയ മുഖത്തോടെയാണ് മത്തായിച്ചനും സാറാമ്മയും വിശ്വാസഭവനത്തിലേക്കു മടങ്ങിയത്. പതിവുപോലെ മത്തായിച്ചൻ വേദപുസ്തകത്തെ ആശ്രയിച്ചു. യെശയ്യാപ്രവചനം നാല്പത്തിമൂന്നാം അദ്ധ്യായത്തിലെ ചില വാക്യങ്ങളിലദ്ദേഹം കണ്ണുറപ്പിച്ചിരുന്നു.

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു
ഭയപ്പെടേണ്ടാ
നീ എനിക്കുള്ളവൻ തന്നെ
നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ
അവ നിന്റെ മീതെ കവിയുകയില്ല
നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല
അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല.

♦ ♦ ♦

ഏതു പ്രശ്നത്തിന്റെ മുമ്പിലും ഹൃദയം പതറാതെ ദൈവത്തിന്റെ സർവ്വജ്ഞാനത്തിൽ ഉറച്ചുവിശ്വസിക്കുന്ന മത്തായിച്ചൻ പാമ്പാടി യുടെ ഒരു കോണിൽ. ഏതു നിസ്സാരപ്രശ്നത്തിന്റെ മുമ്പിലും പതറിപ്പോകുന്ന ഹൃദയത്തിന്റെ ഉടമയായ ബാവാറാവുത്തർ മറ്റൊരു കോണിൽ.

ഈ രണ്ടു വ്യക്തികൾ ദുഃഖവെള്ളിയാഴ്ച രാവിലെ പാമ്പാടി കവലയിൽവച്ചു കണ്ടപ്പോൾ ബാവാറാവുത്തരുടെ മുഖം ഇരുണ്ടിരിക്കുന്നതു മത്തായിച്ചൻ ശ്രദ്ധിച്ചു.

'എന്തുപറ്റി റാവുത്തരേ?'

'അള്ളാഹു നമ്മോടു കോപിച്ചിരിക്വാ'

'അതെന്തവാ?'

'എന്തോ പറയാനാ, ഞമ്മടെ മോള് നബീസാ ശവക്കോട്ടയുടെ താഴത്തെ പാതയിലൂടെ നടക്കുമ്പോൾ നെനയാത്തപ്പം ഒരലർച്ച കേട്ടു. ബോധംകെട്ടു വീണു. പ്ശാചാണെന്നാ അവളോർത്തത്.'

'പേടി കിട്ടിയതാ, അല്ലേ?'

'അതേ, പുല്ലു തിന്നാൻ ആരോ കെട്ടിയേച്ചു പോയ ആട്ടിൻകുട്ടി കയറിൽ കുരുങ്ങി അലച്ചതാ. ഏതായാലും കൊച്ച് പിച്ചും പേയും പറേന്നു. രാത്രീല് ഉറക്കോമില്ല.'

'എത്ര ദെവസമായി തൊടങ്ങീട്ട്?'

'ഒരാഴ്ചയാകാറായി. കൊച്ചിന്റെ ദേഹം മെലിഞ്ഞു വരുന്നു. പടച്ചോൻ കൈവിടില്ലെന്നറിയാം. ഞാൻ ഭക്ഷണംപോലും കഴിക്കാതെ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്വാ. കൊച്ചിന്റെ തല തണുക്കാൻ കൊയമ്പും പെരട്ടീട്ടൊണ്ട്.'

'കൊറവുണ്ടോ?'

'ഒരു കൊറവുമില്ല; കടുത്ത മനോരോഗമാ. അടുത്ത വർഷം അവളുടെ നിക്കാഹു നടത്താനിരുന്നതാ.'

'ദൈവത്തോടു പ്രാർത്ഥിക്കാം. ദൈവം വിടുവിക്കും.'

'ശരിയാണുപദേശി. ഞാൻ മുഹമ്മദുനബി ജനിച്ച സ്ഥലം സന്ദർശിക്കാനിരിക്കയാ. നബിയുടെ കാൽ ചവിട്ടിയ സ്ഥലത്തു കുമ്പിട്ടുകൊണ്ടുള്ള പ്രാർത്ഥന അള്ളാഹു കേൾക്കാതിരിക്കില്ല.'

'റാവുത്തരേ, നബിയേക്കാൾ വലിയ ഒരാളിനെ എനിക്കറിയാം. അടുത്തുള്ള ഒരാൾ. ദൂരെയെങ്ങും പോകണ്ടാ.'

'അതാരാ?'

'യേശുക്രിസ്തു. സൗഖ്യദായകൻ.'

'യേശുക്രിസ്തുവോ?....കൊള്ളാം. അദ്ദേഹം ക്രിസ്ത്യാനികളുടെ ദൈവമല്ലേ? ഞങ്ങൾക്ക് യേശു എന്തോ ചെയ്യാനാ?'

'യേശു ഒരു മതത്തിന്റെയും വകയല്ല. ലോകത്തിന്റെ വകയാ. യേശുവിന്റെ നാമത്തിൽ പിതാവായ ദൈവത്തോട് ആരു പ്രാർത്ഥിച്ചാലും ഉത്തരം കിട്ടും. നബി മരിച്ചടക്കപ്പെട്ടു. യേശുവും മരിച്ചടക്കപ്പെട്ടു. എന്നാൽ യേശു മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റു.'

'എന്റെ മോളല്പം പച്ചമരുന്നു കഴിക്കുന്നുണ്ട്. നിങ്ങൾ പെന്തക്കോസ്തുകാർ മരുന്നു കഴിക്കുന്നോർക്കു വേണ്ടി പ്രാർത്ഥിക്കുമോ?'

'മരുന്നു കഴിക്കുന്നോരേം കഴിക്കാത്തോരേം സൗഖ്യമാക്കാൻ യേശുവിനു കഴിയും.'

ബാവാറാവുത്തർക്ക് മത്തായി ഉപദേശിയിലുള്ള ദൈവികശക്തിയിൽ വിശ്വാസമുണ്ട്. സാത്താൻ കയറിയിറങ്ങുന്ന പറമ്പിൽ സാത്താനെയും മന്ത്രവാദിയെയും വെല്ലുവിളിച്ച് പള്ളിവച്ചാരാധിക്കുന്ന മത്തായിച്ചന് ചെകുത്താൻ കൊല്ലിയെന്ന് പേരിട്ട കാര്യമയാളോർത്തു.

'റാവുത്തരേ, ഞാൻ വന്നൊന്നു പ്രാർത്ഥിച്ചിട്ടുപോരാം.'

'രഹസ്യമായിരിക്കണം. ക്രിസ്ത്യാനികളെ വിളിച്ചു പ്രാർത്ഥിപ്പിച്ചെന്നറിഞ്ഞാല് ഞമ്മടെ ജാതിക്കാർ കൊഴപ്പമുണ്ടാക്കും.'

സന്ധ്യ കഴിഞ്ഞപ്പോൾ മത്തായിച്ചൻ ഏതാനും സഭാംഗങ്ങളുമായി ബാവാറാവുത്തരുടെ വീട്ടിലെത്തി.

പച്ചമരുന്നുകളുടെ ഗന്ധം മൂക്കിൽ തട്ടി. നബീസാ ഭയവിഹ്വലമായ മുഖത്തോടെ കട്ടിലിൽ കിടക്കുന്നു. അവളുടെ സ്വർണമൂക്കുത്തി മണ്ണെണ്ണവിളക്കിന്റെ പ്രകാശത്തിൽ വെട്ടിത്തിളങ്ങി.

മത്തായിച്ചൻ വേദപുസ്തകം വായിച്ച് സൗഖ്യദാതാവായ യേശുവിനെപ്പറ്റി നബീസാബീവിയോടും ബാവാറാവുത്തരോടും തലയിൽ പച്ചമൂടുപടമിട്ട ഉമ്മയോടും സംസാരിച്ചു. തദനന്തരം സഭാംഗങ്ങൾ ഏകസ്വരത്തിൽ സൗഖ്യദാതാവിനെ പ്രകീർത്തിച്ചു ഗാനാലാപനമാരംഭിച്ചു.

രോഗികൾക്കു നല്ല വൈദ്യനാകുന്നേശു താൻ
പല രോഗികൾ തൻനാമത്തിൽ
ആശ്വാസം പ്രാപിച്ചു.

അവാച്യമായ ഒരു നിർവൃതിയുടെ പ്രകാശം നബീസയുടെ മുഖത്തു കാണപ്പെട്ടു. ഭീതിയുടെ വികാരമൊന്നടങ്ങിയ പ്രതീതി.

മത്തായിച്ചൻ മാതാപിതാക്കളെ ആശ്വസിപ്പിച്ചു: 'യേശുവിന്റെ ശക്തി കുഞ്ഞിനെ തൊടുകയാണ്.'

ഗാനാലാപനം തുടർന്നു. രോഗിയുടെ കണ്ണിൽ ജലകണങ്ങൾ തുളുമ്പി വരുന്നത് കൂടിനിന്നവർ ശ്രദ്ധിച്ചു. സാറാമ്മ കട്ടിലിനോടു ചേർന്നുനിന്ന് നബീസയുടെ തലയിൽ സ്പർശിച്ചു. അവളുടെ കവിൾചുഴികളിൽ പ്രത്യാശയുടെ കിരണങ്ങൾ പടർന്നു.

മത്തായിച്ചൻ ശബ്ദമുയർത്തി: 'യേശുവിന്റെ നാമത്തിൽ സൗഖ്യമാകുക. ഭയത്തിന്റെ ചിന്തകളെ യേശുവിന്റെ നാമത്തിൽ ഭർത്സിക്കുന്നു. ഭയത്തിന്റെ വികാരങ്ങളെ കണ്ണുനീർ കഴുകിക്കളയട്ടെ.'

ചുറ്റും നിന്നവർ സ്തോത്രാർച്ചനകൾ നടത്തി.

നബീസാ നെടുതായി ഒന്നു നിശ്വസിച്ചു.

പ്രാർത്ഥനയ്ക്കുശേഷം ഉമ്മ നൽകിയ ലഘുഭക്ഷണം കഴിച്ചശേഷം മത്തായിച്ചനും സഹവിശ്വാസികളും മടങ്ങി.

പകുതി വഴിയായപ്പോൾ ഉണ്ണിസഹോദരനാരാഞ്ഞു: 'മത്തായിച്ചാ, റാവുത്തരുടെ വീട്ടിൽ പച്ചമരുന്നിന്റെ മണം. ഈ മരുന്നും പ്രാർത്ഥനേംകൂടെ യോജിക്കുമോ?'

'ഉണ്ണിസഹോദരാ, മരുന്നു കഴിക്കുന്നതു നല്ല മാതൃകയല്ലെന്ന് വേദപുസ്തകത്തിലെങ്ങും പറേന്നില്ല.'

'പിന്നെ മരുന്നു കഴിക്കുന്നോരെ പെന്തക്കോസ്തുകാർ കുറ്റം പറേന്നതെന്തിനാ?'

'ദൈവത്തിന് രോഗശാന്തി നൽകാൻ കഴിവുണ്ടെന്ന വസ്തുത നമ്മുടെ വിശ്വാസപ്രമാണത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതല്ലാതെ, മരുന്നു കഴിക്കരുതെന്ന് നമുക്ക് ഉപദേശപ്രമാണമില്ല.'

'ചിലർ മരുന്നു കഴിക്കുന്നോരെ സഭേൽനിന്നു മുടക്കു കല്പിച്ചു പുറത്താക്കുമെന്നു ഭീഷണിപ്പെടുത്തിയിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ടല്ലോ?'

'ശരിയായിരിക്കാം. പെന്തക്കോസ്തുപ്രസ്ഥാനത്തിൽ ഒന്നോ രണ്ടോ വിഭാഗങ്ങൾ മരുന്നു വിലക്കുന്നുണ്ട്. അവർ ഒരു ന്യൂനപക്ഷം മാത്രം.'

'ചിലർ അത്ഭുത രോഗശാന്തി പ്രാപിക്കുമ്പോൾ മേലിൽ മരുന്നു കഴിക്കത്തില്ലെന്ന് പ്രതിജ്ഞയെടുക്കാറുണ്ടല്ലോ.'

'സ്വയം എടുക്കുന്ന തീരുമാനമാണത്. സഭയുടെ ഉപദേശപ്രമാണം അങ്ങനെയൊരു പ്രതിജ്ഞയെടുക്കാനാരേം നിർബന്ധിച്ചിട്ടില്ല. ദൈവം ഏലിയാവിന് മരുഭൂമിയിൽവെച്ച് അത്ഭുതകരമായി അപ്പവും വെള്ളവും നൽകി. അതുകൊണ്ടിനി ആരും ഗോതമ്പുകൃഷി ചെയ്യരുതെന്നോ അപ്പം ചുടരുതെന്നോ കിണറു കുഴിക്കരുതെന്നോ ദൈവം പ്രതിജ്ഞയെടുപ്പിച്ചില്ല. യേശു അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു. അതുകൊണ്ടിനി മൂന്നുനേരവും സ്വർഗ്ഗത്തിൽനിന്നും അപ്പം പ്രാർത്ഥിച്ചിറക്കണമെന്നുണ്ടോ?'

'മരുന്നു കഴിച്ചാൽ എല്ലാ രോഗങ്ങൾക്കും സൗഖ്യം കിട്ടുന്നില്ലല്ലോ.'

'ചെലരുടെ പാപങ്ങളെ ശിക്ഷിക്കാൻ ദൈവം രോഗം അനുവദിക്കാറുണ്ട്. അങ്ങനെ വരുന്ന രോഗങ്ങൾ മരുന്നുകൊണ്ടു മാറത്തില്ല. ദൈവത്തിനു മാത്രമേ മാറ്റാൻ കഴിയൂ. രോഗി അനുതപിച്ചേ പറ്റൂ.'

'മാറാതെ കെടക്കുന്ന രോഗങ്ങളെല്ലാം ദൈവശിക്ഷയാണോ?'

'ഒരിക്കലുമല്ല. ചുരുക്കം ചിലതു മാത്രം ദൈവശിക്ഷയാ. കല്പനാലംഘനത്താൽ ശാപത്തിനിരയായ ആദാമിന്റെ ശരീരവും രക്തവുമാണ് മനുഷ്യവർഗ്ഗത്തിനെല്ലാം! ഈ ശരീരം പൊതുവേ പാപത്തിനും രോഗത്തിനും അടിമയാണ്. അല്ലാതെ ഓരോ വ്യക്തിയും ചെയ്യുന്ന പ്രത്യേകം പാപത്തിന്റെ ശിക്ഷയല്ല രോഗം.'

'മത്തായിച്ചനു രോഗം വന്നാൽ മരുന്നു കുടിക്കുമോ?'

'മനുഷ്യനുവേണ്ടി ദൈവം സൃഷ്ടിച്ച പദാർത്ഥങ്ങൾ രോഗത്തിനുപയോഗിക്കുന്നതുകൊണ്ട് എന്തെങ്കിലും തെറ്റുള്ളതായി എനിക്കു തോന്നുന്നില്ല. ദൈവം ഗിലെയാദു പർവ്വതത്തെ ഔഷധസസ്യങ്ങളാൽ നിറച്ചിരി

ക്കുന്നതായി യിരെമ്യാപ്രവചനം എട്ടാം അദ്ധ്യായത്തിലും നാല്പത്താറാം അദ്ധ്യായത്തിലും സൂചനയുണ്ട്. അവിടെ നല്ല വൈദ്യന്മാരുണ്ടായിരുന്നതായി വചനം പറയുന്നു. നല്ലവണ്ണം ചികിത്സിക്കണമെന്ന് പുറപ്പാട് ഇരുപത്തൊന്നാം അദ്ധ്യായം കല്പിക്കുന്നു. ദീനക്കാർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമുണ്ടന്ന് യേശുക്രിസ്തു പറഞ്ഞ കാര്യം മത്തായി ഒമ്പതാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എനിക്കു രോഗം വന്നാൽ ഞാൻ പ്രാർത്ഥിക്കുകയും മരുന്നു കഴിക്കുകയും ചെയ്യും.'

'ദൈവം ഹിസ്കിയാവിന്റെ മാറാരോഗം സൗഖ്യമാക്കിയതായി വചനത്തിലുണ്ടല്ലോ.'

'അതേ, ദൈവം ഹിസ്കിയാവിനെ സൗഖ്യമാക്കിയപ്പോൾ പ്രവാചകൻ അത്തിപ്പഴക്കട്ട ഹിസ്കിയാവിന്റെ മുറിവിന്മേൽ ഇട്ടതായി രണ്ടു രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്നു. അത്തിപ്പഴക്കട്ടയ്ക്ക് ഔഷധഗുണമുണ്ട്. രോഗശാന്തിക്കായി ഭൗതിക മാദ്ധ്യമങ്ങൾ ഉപയോഗിക്കാൻ ദൈവംതന്നെ അനുവാദം നൽകിയതിനു തെളിവാണിത്. ഇത് ഒരത്ഭുത രോഗശാന്തിയാണ്. എങ്കിലും ഭൗതികവസ്തു ഉപയോഗിക്കപ്പെട്ടു.'

'ദൈവം തന്റെ വചനത്തെ അയച്ച് യാതൊരു ഭൗതികവസ്തുവും കൂടാതെ സൗഖ്യം നൽകിയിട്ടുണ്ടല്ലോ.'

'ശരിയാ. രണ്ടു രീതിയിലും സൗഖ്യം നൽകാൻ ദൈവത്തിനു കഴിയും. ലൂക്കോസ് രണ്ടാം അദ്ധ്യായത്തിൽ കള്ളന്മാരുടെ പിടിയിലകപ്പെട്ട മനുഷ്യന്റെ മുറിവുകളെ നല്ല ശമര്യാക്കാരൻ എണ്ണയും വീഞ്ഞും പകർന്നു കെട്ടിയതായി കാണുന്നു. എണ്ണയും വീഞ്ഞും ഔഷധമായിട്ടാണുപയോഗിച്ചത്. തിമൊഥെയോസിന് ദഹനക്കേടിന്റെ അസുഖമുണ്ടായപ്പോൾ അല്പം വീഞ്ഞുകൂടി കുടിച്ചുകൊള്ളാൻ പൗലോസ് അപ്പൊസ്തൊലൻ അനുവാദം നൽകിയതായി ഒന്നു തിമൊഥെയോസ് അഞ്ചാം അദ്ധ്യായത്തിൽ കാണുന്നു.'

'അപ്പോൾ മദ്യംകുടിക്കാൻ ദൈവം അനുവദിക്കുമോ?'

'ലഹരി പിടിച്ച വീഞ്ഞല്ല അത്. മദ്യപാനം നടത്താൻ പ്രോത്സാഹിപ്പിച്ചതല്ല. ദഹനക്കേടു ശമിപ്പിക്കാൻ മുന്തിരിച്ചാറ് മുഖ്യഘടകമായി നിർമ്മിച്ചിരുന്ന ഒരുതരം അരിഷ്ടമാണ് വീഞ്ഞ് എന്ന പദംകൊണ്ടു സൂചിപ്പിക്കുന്നതെന്നും വേദപണ്ഡിതർ പറേന്നു. അതെങ്ങനായാലും രോഗശമനത്തിനു വേണ്ടി ഇവിടെ ഒരു ഭൗതികവസ്തു ചെറിയ അളവിൽ ഉപയോഗിക്കാൻ പൗലൊസ് അനുവദിച്ചിരിക്കുന്നു.'

'മരുന്നു കുടിക്കുന്നതു പാപമാണെന്ന് ചിലര് പറേന്നതു ഞാൻ കേട്ടിട്ടൊണ്ട്.'

'ഉണ്ണിസഹോദരാ, മരുന്നു പാപമാണെങ്കിൽ, മരുന്നു കുത്തിവെച്ചു പല്ലെടുക്കുന്നതും വെള്ളെഴുത്തുകണ്ണാടി വെയ്ക്കുന്നതും ടൂത്തുപേസ്റ്റുകൊണ്ടു പല്ലു തേയ്ക്കുന്നതും ഒക്കെ പാപമാണെന്നു വരും.'

'അതെങ്ങനാ?'

'പല്ലുകളുടെ വിടവിലിരിക്കുന്ന രോഗാണുക്കളെ കൊല്ലാനുള്ള മരുന്നാ ടൂത്ത്പേസ്റ്റ്. മരുന്നു പാപമാണെങ്കിൽ ഡോക്ടർമാരും നെഴ്സമ്മാരും പാപികളാണ്. അവർ ആശുപത്രീൽ ചെയ്യുന്ന ശുശ്രൂഷയും കടുത്ത പാപപ്രവൃത്തികളാണ്. അതുകൊണ്ട് പെന്തക്കോസ്തിലാരും ആശുപത്രീൽ ഉദ്യോഗം സ്വീകരിക്കാൻ പാടില്ലെന്നു വരും. അല്ല,

മരുന്നുചെയ്യുന്നതു പാപമാണെങ്കിൽ മരത്തിൽനിന്നു വീണു കാലൊടിഞ്ഞ ഒരാളെപ്പോലും ആശുപത്രീൽ കൊണ്ടുപോകരുത്.'

ഉണ്ണിസഹോദരൻ മത്തായിച്ചന്റെ ചിന്താഗതിയെ തിരുത്താൻ ശ്രമിച്ചു: 'കാലൊടിയുന്നത് ഒരു രോഗമല്ല—ഒരപകടമാണ്. അപകടത്തിന് ആശുപത്രീൽ പോകുന്നതുകൊണ്ടു തെറ്റില്ല.'

മത്തായിച്ചൻ തന്റെ അഭിപ്രായത്തെ ഉറപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: 'സഹോദരാ, എല്ലാ രോഗങ്ങളും അപകടങ്ങളാ. പെട്ടെന്ന് ചുറ്റുപാടിൽനിന്നും രോഗാണുക്കൾ നമ്മുടെ ശരീരത്തിൽ കയറുന്നു. ഉടൻതന്നെ നമ്മുടെ രക്തത്തിലുള്ള ശ്വേതാണുക്കൾ രോഗാണുക്കളുമായി ഏറ്റുമുട്ടുന്നു. ശ്വേതാണു ജയിച്ചാൽ നമ്മക്കു രോഗം ഉണ്ടാകുന്നില്ല. രോഗാണു ജയിച്ചാൽ രോഗം പിടിപെടുന്നു.'

'ഈ ശാസ്ത്രമൊക്കെ മത്തായിച്ചനെങ്ങനറിഞ്ഞു?'

'പിള്ളാരുടെ പാഠപുസ്തകങ്ങളിൽ ഇതൊക്കെ വിവരിക്കുന്നുണ്ട്.'

ഉണ്ണിസഹോദരൻ വീണ്ടും ചർച്ച വേദപുസ്തകത്തിലേക്കു തിരിച്ചുവിട്ടു: 'മത്തായിച്ചാ, വൈദ്യന്മാരെ ആശ്രയിച്ചതിന് ഒരു രാജാവിനെ ദൈവം ശിക്ഷിച്ചില്ലേ?'

'ശരി. ആസാരാജാവിനെ. രണ്ടു ദിനവൃത്താന്തം പതിനാറാം അദ്ധ്യായം വായിച്ചുനോക്ക്. ആസാ എല്ലാ കാര്യങ്ങൾക്കും മനുഷ്യനെ ആശ്രയിച്ചു; ദൈവത്തെ പുറമ്പോക്കിലെറിഞ്ഞു. മരുന്നു കഴിച്ചതല്ല അദ്ദേഹത്തിന്റെ തെറ്റ്. വൈദ്യന്മാരെ ദൈവത്തേക്കാളധികം ആശ്രയിച്ചതാണു തെറ്റ്. അന്നത്തെ വിജാതീയ വൈദ്യന്മാർ പലരും മന്ത്രചികിത്സയും ഭൂതസേവയും നടത്തിയിരുന്നു. അങ്ങനെയുള്ള വൈദ്യന്മാരെ ആശ്രയിക്കുന്നത് പാപമാണ്.... രഥങ്ങളെയും കുതിരകളെയും ആശ്രയിക്കുന്നവരെ സങ്കീർത്തന ക്കാരൻ ശാസിക്കുന്നു. അതുകൊണ്ട് ആരും രഥങ്ങളെയും കുതിരകളെയും ഉപയോഗിക്കരുതെന്നർത്ഥമാകുന്നില്ല. ദൈവത്തേക്കാളധികം അവയെ ആശ്രയിക്കരുതെന്നു മാത്രം. ദൈവം എന്റെ കണ്ണിനെ കുക്കുസായിപ്പിന്റെ പന്തലിൽ വച്ചു സൗഖ്യമാക്കി. എന്റെ ഭാര്യയുടെ ഉദരരോഗത്തെയും സൗഖ്യമാക്കി. ദൈവം അത്ഭുതം പ്രവർത്തിക്കുന്നവനാണ്. പക്ഷേ, അതുകൊണ്ട് മരുന്നുപയോഗിക്കുന്നവരെ ഞാൻ കുറ്റം പറയില്ല.'

സംഭാഷണം ശ്രദ്ധിച്ചുകൊണ്ടു നടന്ന മലയമറ്റത്തു വർഗ്ഗീസ്: 'പാസ്റ്ററു പറേന്നത് ഭൗതികവസ്തുക്കൾ നാം ഉപയോഗിക്കുമ്പോഴും നമ്മുടെ ആശ്രയം ദൈവത്തിലായിരിക്കണമെന്നാ, അല്ലേ?'

'അതേ. ആഹാരത്തിനായി നാം കപ്പയിടുന്നു. വിത്തു വിതയ്ക്കുന്നു. എങ്കിലും നമ്മുടെ ആശ്രയം ദൈവത്തിലായിരിക്കണം. ക്രൂശിലെ മരണത്തിൽ നമ്മുടെ സകല പ്രശ്നങ്ങൾക്കും പരിഹാരമുണ്ട്. ദൈവം രോഗത്തിനു മാത്രമല്ല മതിയായവൻ. നമ്മുടെ സാമ്പത്തികവും ശാരീരികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങൾക്കും മതിയായവനാണ്. ദൈവം സാമ്പത്തികാവശ്യങ്ങൾക്കു മതിയായവനാണ് എന്നതുകൊണ്ട് ഇനി ബാങ്കിൽനിന്നും പണം കടം വാങ്ങുകയില്ലെന്നോ ബാങ്കിൽ പണം നിക്ഷേപിക്കയില്ലെന്നോ ഒരാൾ പ്രതിജ്ഞയെടുക്കേണ്ട ആവശ്യമില്ല. ദൈവം രോഗശാന്തി നൽകിയതുകൊണ്ട് ഇനി ആശുപത്രീൽ പോകയില്ലെന്നു പ്രതിജ്ഞയെടുക്കേണ്ട ആവശ്യവും ഇല്ല. ദൈവത്തെ പരീക്ഷിക്കരുത്.'

അല്പനേരം ചിന്തിച്ചുനിന്നശേഷം അദ്ദേഹം വീണ്ടുമാരാഞ്ഞു: 'നബീസാബീവിയുടെ അസുഖത്തെപ്പറ്റി പാസ്റ്ററെന്തു പറേന്നു?'

'കൊച്ചിന് മാനസികരോഗമാ. ഔഷധംകൊണ്ടു വല്യ പ്രയോജനമില്ല. എന്നാൽ വൈദ്യന്മാർ കൊടുത്ത മരുന്നു കഴിക്കുന്നോണ്ടു കൊഴപ്പമില്ല. പെൺകുട്ടിയുടെ പേടിമാറ്റി ധൈര്യം വീണ്ടെടുക്കണം. അതിന് ദൈവീകശക്തിപോലെ മറ്റൊന്നുമില്ല....വേറൊരുതരം രോഗവുമുണ്ട്—സാത്താന്യ ബാധയാലുണ്ടാകുന്ന വ്യാധികൾ. ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ അവ മാറിക്കിട്ടത്തില്ല.'

സംസാരം സഭാകാര്യങ്ങളിലേക്ക് തിരിച്ചുവിട്ടുകൊണ്ട് ഉണ്ണി സഹോദരൻ ചോദിച്ചു: 'പാസ്റ്ററേ, നമ്മുടെ പെന്തക്കോസ്തർ വിശുദ്ധജീവിതം നയിക്കാൻ വളരെ ശ്രമിച്ചിട്ടും ചിലർ നമ്മെ കപടഭക്തിക്കാരെന്നു വിളിക്കുന്നതെന്തിനാ?'

അല്പനേരം ചിന്തിച്ചശേഷം മത്തായിച്ചൻ പ്രതിവചിച്ചു: 'വേദപ്രമാണങ്ങൾ ഉരുവിട്ടശേഷം അതനുസരിച്ചു ജീവിച്ചില്ലെങ്കിൽ മനുഷ്യർ നമ്മെ കപടഭക്തിക്കാരെന്നു വിളിക്കും. നാം സൂക്ഷിച്ചു ജീവിക്കണം.'

'എത്ര സൂക്ഷിച്ചിട്ടും നമ്മെ പുച്ഛിക്കുന്നുണ്ടല്ലോ!'

'അതിന് കാരണങ്ങൾ പലതാണ്. ഒന്നാമത്, മനുഷ്യരാരും പൂർണ്ണരല്ല. വീഴ്ചതാഴ്ചകൾ പെന്തക്കോസ്തർക്കും ഉണ്ടാകാം. മറ്റുള്ളവർ അത് ഊതിവീർപ്പിച്ച് വലുതാക്കിക്കാണിക്കുന്നുവെന്നു മാത്രം.'

അതുവരെ മിണ്ടാതെ നടന്ന ഉപവാസംകുഞ്ഞച്ചൻ കൂട്ടിച്ചേർത്തു: 'പാരമ്പര്യസഭയിൽ അംഗത്വമുള്ളവരിൽ അമ്പതുപേർ കള്ളുകുടിച്ചാലും ആരും വലിയ വിഷയമാക്കുന്നില്ല. എന്നാൽ, പെന്തക്കോസ്തുസഭയിൽ വല്ലപ്പോഴും വരുന്ന ഒരാൾ, അംഗത്വംപോലും ഇല്ലാത്ത ഒരാൾ മദ്യം കഴിച്ചാൽ വലിയ കുപ്രചാരണം നടക്കും.'

ഉണ്ണിസഹോദരൻ തലയിൽ ചൊറിഞ്ഞുകൊണ്ടംഗീകരിച്ചു: 'ശര്യാ കഴിഞ്ഞവർഷം കൊച്ചിയിൽ ഒരു യുവാവ് രാത്രിയിൽ ഒരു തുണിക്കട കുത്തിത്തുറന്ന് മോഷണം നടത്തി. പോലീസു പിടിച്ചു. പത്രവാർത്തയിൽ അവൻ ഒരു പെന്തക്കോസ്തുകാരന്റെ മകനാണെന്ന് എടുത്തുപറഞ്ഞിരുന്നു. എന്നാൽ, ദിവസേന എത്രയെത്ര ക്രിസ്ത്യാനികൾ മോഷ്ടിക്കുന്നു! അവർ യാക്കോബക്കാരെന്നോ, മാർതോമാക്കാരെന്നോ, കത്തോലിക്കരെന്നോ പത്രം എടുത്തു പറയാറില്ല. മറ്റു മതക്കാരും മോഷ്ടിക്കുന്നില്ലേ? അവർ നായരാണെന്നോ ഈഴവനാണെന്നോ ആശാരിയാണെന്നോ പത്രവാർത്തകളിൽ പറയാറില്ല. പാരമ്പര്യസഭകളിലെ മെത്രാന്മാരുടെ ആരാധകരാണ് പത്രങ്ങളിലെ എഡിറ്റർമാർ പലരും. പെന്തക്കോസ്തുകാരെ ഇടിച്ചു താഴ്ത്തികാണിക്കുന്നതിൽ അവർക്കു താൽപര്യം കാണും.'

മത്തായിച്ചനും ശരിവച്ചു: 'നമ്മുടെ കുഞ്ഞുങ്ങൾ നന്നായി വരുന്നതിലുള്ള അസൂയയും മനുഷ്യേർക്കുണ്ട്. പെന്തക്കോസ്തരുടെ പുതിയ തലമുറ വിദേശത്ത് ജോലി കണ്ടുപിടിച്ച് സാമ്പത്തികമായി ഉയർന്നുവരുന്നു. പലർക്കും ഇതിൽ കണ്ണുകടിയുണ്ട്. നമ്മെ കരിതേച്ചുകാണിക്കാൻ നാട്ടുകാർ ശ്രമിക്കും. നമ്മുടെ പെൺപിള്ളാർ നല്ലയൊരു സാരി ധരിച്ചുകൊണ്ട് വെളിയിലിറങ്ങിയാൽ വലിയ ഒച്ചപ്പാടാണ്.'

'അസൂയ, അസൂയ.' മലയമറ്റത്തു വർഗീസ് കൂട്ടിച്ചേർത്തു.

നീണ്ട ചർച്ച അവസാനിക്കുന്നതിനു മുമ്പേ അവർ ഉണ്ണിസഹോദരന്റെ വീട്ടുപടിക്കലെത്തി. അന്യോന്യം യാത്രപറഞ്ഞു പിരിഞ്ഞു.

രാവിലെ മത്തായിച്ചൻ കിടക്കയിൽനിന്നെഴുന്നേറ്റപ്പോളാദ്യം കണ്ടത് തുർക്കിത്തൊപ്പി ധരിച്ച ബാവാറാവുത്തരെയാണ്. ഒറ്റശ്വാസത്തിലയാൾ

പറഞ്ഞു: 'ഉപദേശീ, ഇന്നലെ രാത്രി കൊച്ച് നന്നായി ഉറങ്ങി. പിച്ചും പേയും പറഞ്ഞില്ല.'

'സ്തോത്രം. യേശു അവളെ സൗഖ്യമാക്കിയിരിക്കയാ.'

'അങ്ങനാ എനിക്കും തോന്നുന്നത്. ഉപദേശി ഇന്നു വൈകിട്ടും അത്രടം വരെ വരണം. പാട്ടും പ്രാർത്ഥനേം നടത്തിത്തരണം.'

തുടർന്നുള്ള രാത്രികളിൽ ബാവാറാവുത്തരുടെ വീട് പെന്തക്കോസ്തു പ്രാർത്ഥനാലയമായി.

ശനിയാഴ്ച ഉച്ചകഴിഞ്ഞ് ബാവാറാവുത്തരും അയാളുടെ തുണിക്കടയിലെ കണക്കെഴുത്തുകാരൻ മാധവൻ നമ്പൂതിരിയും വിശ്വാസ ഭവനത്തിലെത്തി. ഏറെ നേരം നാട്ടുവർത്തമാനങ്ങൾ അന്യോന്യം കൈമാറിയതിനുശേഷം സംസാരം മതവിഷയങ്ങളിലേക്കു കടന്നു.

ബാവാറാവുത്തർ ആരംഭമിട്ടു: 'മത്തായ്യൂദേശീ, യേശുക്രിസ്തുമാത്രമേ രക്ഷകനായിട്ടുള്ളൂ എന്നാണല്ലോ ഊദേശി വിശ്വസിക്കുന്നത്. യഥാർത്ഥ രക്ഷകനെ എങ്ങനെ തിരിച്ചറിയും?'

'ഒരു വൃക്ഷത്തെ അതിന്റെ ഫലംകൊണ്ടു തിരിച്ചറിയണം. പൂർണ്ണ വിശുദ്ധനായി ജീവിച്ച ഒരൊറ്റ അവതാരമേ ഉണ്ടായിട്ടുള്ളൂ. മറ്റെല്ലാ പ്രവാചകന്മാരും അവതാര പുരുഷന്മാരും ജഡമോഹത്തിന്റെ രംഗത്ത് ഒരിക്കലെങ്കിലും പരാജയപ്പെട്ടിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ശരീരാത്മദേഹികൾ ഒരിക്കൽപ്പോലും മോഹത്തിന് വഴങ്ങിയിട്ടില്ല. ഒരിക്കൽപോലും യേശുവിന് പിതാവായ ദൈവത്തോട് പാപക്ഷമ യാചിക്കേണ്ടിവന്നിട്ടില്ല.'

'ഞങ്ങടെ മുഹമ്മദുനബിയും യേശുവിനെ പ്രവാചകനായി അംഗീകരിച്ചിട്ടുണ്ട്.'

'ശരിയാണ്. മുഹമ്മദുനബി മക്കയിൽ വ്യാപാരി ആയിരുന്ന കാലത്ത് അവിടെ കുടിയേറി പാർത്തിരുന്ന യഹൂദന്മാരുമായി ദൈനംദിന ബന്ധം പുലർത്തിയിരുന്നു. യഹൂദന്മാരുടെ മതഗ്രന്ഥമായ പഴയനിയമത്തിൽനിന്നുമാണ് നബിയ്ക്ക് ഏകദൈവവിശ്വാസത്തിലുള്ള അടിയുറച്ച തീക്ഷ്ണത ലഭിച്ചത്. യഹൂദമതഗ്രന്ഥത്തിൽ ലോകത്തെ മൊത്തം രക്ഷിക്കാനായി ഒരു മശീഹാ ജനിക്കുമെന്ന് പ്രവചനം ഉണ്ട്. ഈ വസ്തുത നബി നന്നായി മനസ്സിലാക്കിയതുകൊണ്ടാണ് യേശു മശീഹായെ അദ്ദേഹം അംഗീകരിച്ചത്. നിങ്ങടെ ഖുറാൻ യേശുവിനെ സത്യപ്രവാചകനായി വിവരിക്കുന്നുണ്ട്.

'ഒവ്വ്, ഒവ്വ്.'

'റാവുത്തരേ, മനുഷ്യനെ രക്ഷിക്കാനെന്നു പറഞ്ഞ് ലോകചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട അനേക അവതാരങ്ങൾ, പ്രവാചകന്മാർ കാമക്രോധമദമാത്സര്യങ്ങൾക്ക് അടിമകളായിരുന്നു. ചിലർ സ്വന്തസുഖം മാത്രം നോക്കി.'

'ഊദേശീ, ഞാൻ യേശുക്രിസ്തുവിനെ സത്യപ്രവാചകനായി അംഗീകരിക്കുന്നു.'

'യേശുവിനെ സത്യപ്രവാചകനായി അംഗീകരിക്കുന്നവർ യേശുവിന്റെ വാക്കുകളെയും സത്യമായി അംഗീകരിക്കണം.'

'അതു ശരിയാ.'

'ബൈബിളിൽ യോഹന്നാൻ പതിന്നാലാം അദ്ധ്യായത്തിൽ യേശു ഇങ്ങനെ പറയുന്നു—ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. എന്നിൽക്കൂടിയല്ലാതെ ആരും പിതാവായ ദൈവത്തിന്റെ അടുക്കൽ എത്തുന്നില്ല—ഒന്നുകിൽ യേശുപറഞ്ഞ വചനം അംഗീകരിക്കണം. അല്ലെങ്കിൽ

യേശു പ്രസ്താവിച്ചത് വെറും പൊങ്ങച്ചമാണെന്ന് സമ്മതിക്കണം.'

മാധവൻ നമ്പൂതിരിയുടെ മുഖത്ത് ജിജ്ഞാസയുടെ വരകൾ പടർന്നു: 'മാത്തായ്യുപദേശീ, പുനർജന്മത്തിലൂടെ മോക്ഷം ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.'

'നമ്പൂതിരീ, മതവിശ്വാസത്തെ വ്രണപ്പെടുത്തണമെന്നെനിക്കാഗ്രഹമില്ല. എന്നാൽ താങ്കളെ ഞാൻ ആത്മാർത്ഥമായി സ്നേഹിക്കുന്നതുകൊണ്ട് എന്റെ വിശ്വാസം തുറന്നുപറയാൻ ഞാൻ ധൈര്യപ്പെടുകയാണ്.'

'എല്ലാ വിശ്വാസസംഹിതകളും കേൾക്കാൻ എനിക്കിഷ്ടമാ.'

'ബൈബിളിലെ പുതിയനിയമത്തിലെ സുവിശേഷം മനുഷ്യൻ ചിന്തിച്ച്, ആലോചിച്ച്, സത്യാന്വേഷണം നടത്തി മനുഷ്യന്റെ തലച്ചോറിൽ ചമച്ചെടുത്ത ഒരു ധാർമിക സംഹിതയല്ല; പിന്നയോ അത് ദൈവം ക്രിസ്തുവിലൂടെ പ്രഖ്യാപിച്ച വെളിപാടാണ്.'

'ഉം....'

'ചില സിദ്ധാന്തപ്രകാരം യഥാർത്ഥ മോക്ഷം എൺപത്തിനാലുലക്ഷം ജനനമരണങ്ങൾക്കപ്പുറത്താണ്. എന്നിട്ടും മനുഷ്യന്റെ ആത്മാവ് ഒടുവിൽ പരമാത്മാവിൽ ലയിക്കുകയാണ്! മനുഷ്യന് എത്തും പിടിയുമില്ലാതെ മോക്ഷം അങ്ങകലെയാണ്! ഒരു ചക്രത്തിന്റെ അന്തമില്ലാത്ത കറക്കം പോലെ! എന്നാൽ യേശുക്രിസ്തു ക്രൂശിലെ കള്ളനോട് പറഞ്ഞു—ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും. എത്ര പ്രാവശ്യം ജനിച്ചു മരിച്ചാലും പാപം മായുകയില്ല. പാപമോചനത്തിന് ദൈവം നൽകിയ ഒരു വഴിയേ ഉള്ളൂ. നമ്മുടെ പാപത്തിന്റെ ശിക്ഷ യേശുക്രിസ്തു ക്രൂശിൽ സഹിച്ചു എന്നു വിശ്വസിച്ചുകൊണ്ട് പിതാവായ ദൈവത്തോട് പാപം ഏറ്റു പറയുക. ആ നിമിഷത്തിൽ അവന് മോക്ഷം ലഭിച്ചുകഴിഞ്ഞു. അവൻ മരിച്ചാലുടൻ അവന്റെ ആത്മാവ് പറുദീസയിലാകുന്നു....പ്രപഞ്ചത്തിന്റെ ഭാവി വണ്ടിച്ചക്രത്തിന്റെ കറക്കംപോലെയാണെങ്കിൽ ദുഷ്ടതയെ നശിപ്പിച്ചാലും വീണ്ടും കറങ്ങിക്കറങ്ങി ദുഷ്ടത പ്രത്യക്ഷപ്പെടും. ഒരിക്കലും ഭൂമിക്ക് വിടുതൽ ഉണ്ടാകയില്ല. എന്നാൽ ബൈബിൾ പറേന്നത് ദുഷ്ടതയെ എന്നെന്നേക്കുമായി സംഹരിച്ചിട്ട് ഈ ഭൂമിയിൽ നിത്യസമാധാനം സ്ഥാപിക്കും എന്നാണ്.'

'പുണ്യപ്രവൃത്തികൊണ്ട് മോക്ഷം കിട്ടുകയില്ലേ?'

'മനുഷ്യന്റെ സ്വന്തം പ്രവൃത്തികൊണ്ട് മോക്ഷം കിട്ടുകയില്ല. മനുഷ്യന്റെ നന്മയ്ക്ക് അവനെത്തന്നെ രക്ഷിക്കാൻ കഴിവുണ്ടെങ്കിൽ യേശു ഭൂമിയിൽ അവതരിച്ചു മരിക്കേണ്ട ആവശ്യമില്ലായിരുന്നു. മനുഷ്യന്റെ പുണ്യകർമ്മം ദൈവമുമ്പിൽ കറ പുരണ്ട തുണിപോലെയെന്ന് ബൈബിൾ പറയുന്നു. മനുഷ്യൻ പാപിയാണ്. എന്നാൽ യേശുവിൽക്കൂടി പാപിയായ മനുഷ്യൻ നീതീകരിക്കപ്പെടുന്നു. അങ്ങനെ നീതീകരിക്കപ്പെട്ടശേഷം ചെയ്യുന്ന പുണ്യകർമ്മങ്ങൾക്ക് സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ പ്രതിഫലം ലഭിക്കും.'

'ഉപദേശി എപ്പോഴും ബൈബിൾ ഉദ്ധരിച്ചാ വിശ്വാസം തെളിയിക്കുന്നത്....ഞാൻ ബൈബിളിൽ വിശ്വസിക്കുന്നില്ലെങ്കിലോ?'

'നമ്പൂതിരീ, നിങ്ങളുടെ പൂർവ്വപിതാക്കൾ ഒരു കാലത്ത് ഏകദൈവത്തിൽ വിശ്വസിച്ചിരുന്നു. ബിംബങ്ങളെ വണങ്ങിയിരുന്നില്ല. നിങ്ങളുടെ വേദങ്ങളിലും ഉപനിഷത്തുകളിലും മതസൂക്തങ്ങളിലും മനുഷ്യനെ രക്ഷിക്കുവാൻ പ്രജാപതിയാഗമായി ഒരു ദിവ്യ പുരുഷൻ വെളിപ്പെടും എന്ന് പ്രവചിച്ചിട്ടുണ്ട്. ആ പുരുഷന്റെ ലക്ഷണങ്ങൾ ഒത്ത വ്യക്തി യേശുക്രിസ്തു മാത്രം....കുരിശിൽ

യാഗമായ യേശുക്രിസ്തു!'

'അങ്ങനെയോ?'

'അതെ, പ്രജാപതിയാഗത്തെപ്പറ്റി പല പുസ്തകങ്ങളും ക്രൈസ്തവ പുസ്തകക്കടകളിൽ കിട്ടും.'

'ക്രിസ്ത്യാനികളുടെ മൂത്ത പണ്ഡിതന്മാർ പോലും ഇത്തരം കുടുസ്സായ കാര്യങ്ങൾ പ്രസ്താവിച്ചു കേട്ടിട്ടില്ല.'

'ചില ക്രൈസ്തവ മതനേതാക്കൾ മറ്റുള്ളവരുടെ വിദ്വേഷം പേടിച്ചു യഥാർത്ഥ രക്ഷാമാർഗ്ഗം കാണിച്ചു കൊടുക്കില്ല. യഥാർത്ഥ മനുഷ്യസ്നേഹി പൊതുജന പ്രീതി നോക്കാതെ സത്യം പ്രഖ്യാപിക്കണം.'

'ഇത്ര വലിയ ഒരു ദൈവം ഇത്ര സങ്കുചിതമായ ഒരു മോക്ഷപദ്ധതി—രക്ഷാമാർഗ്ഗം—നിർദ്ദേശിക്കുമെന്നു തോന്നുന്നുണ്ടോ?'

'നമ്പൂതിരീ, ഞാൻ പറേന്നതെല്ലാം താങ്കൾ അംഗീകരിക്കണമെന്നില്ല. താങ്കൾ സത്യം അന്വേഷിക്കുക. വേദങ്ങളും ഉപനിഷത്തുക്കളും ഖുറാനും ഒക്കെ വായിച്ചുനോക്കണം. യേശുക്രിസ്തുവിന്റെ സുവിശേഷം അടങ്ങുന്ന പുതിയനിയമവും വായിക്കണം.'

'ആട്ടെ.'

'ദൈവമേ സത്യം എനിക്കു മനസ്സിലാക്കിത്തരണമേ എന്ന് തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. അപ്പോൾ ദൈവം മനസ്സാക്ഷിയിൽക്കൂടി നിങ്ങളോടു സംസാരിക്കുന്നതു മാത്രം അംഗീകരിക്കുക.'

ചായ കുടിച്ചശേഷം ബാവാറാവുത്തരും മാധവൻ നമ്പൂതിരിയും യാത്ര പറഞ്ഞു.

മത്തായിച്ചൻ നമ്പൂതിരിയുടെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു: 'ഞാൻ വിശ്വസിക്കുന്നത് നമ്പൂതിരി അംഗീകരിച്ചാലും ഇല്ലെങ്കിലും—ഞാൻ താങ്കളെ എന്റെ സ്വന്തം സഹോദരനെപ്പോലെ സ്നേഹിക്കുന്നു.'

'ഉപദേശിയെ ഞാനും സ്നേഹിക്കുന്നു. ഞാൻ പുതിയൊരു വീട്‌വെയ്ക്കാനിരിക്കുകയാ. ഉപദേശി ആദ്യം വന്ന് വീടിന്റെ ഐശ്വര്യത്തിനുവേണ്ടി ഒന്നു പ്രാർത്ഥിക്കണം.'

'ആട്ടെ, ഞാനേറ്റു. എന്നാൽ ഞാൻ വരണോങ്കിൽ മുഹൂർത്തം നോക്കാതെ പ്രാർത്ഥിച്ചു കയറാൻ അനുവാദം തരണം.'

പെട്ടെന്ന് നമ്പൂതിരി ഒന്നു നിന്നു: 'അതെന്താ അങ്ങനെ പറയാൻ?'

'ദൈവം എല്ലാ സമയത്തെയും സൃഷ്ടിച്ചവനാ. ദോഷയാമവും നല്ലയാമവും ഇല്ല. യഥാർത്ഥദൈവത്തെ സേവിക്കുന്ന ഒരാൾ ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറുകളിൽ ഏതു സമയത്തും പ്രാർത്ഥനയോടെ കാര്യങ്ങൾ ചെയ്യും; നക്ഷത്രഗ്രഹങ്ങളുടെ ഗതിയോ സ്ഥാനമോ അതിനു ബാധകമല്ല. നക്ഷത്രഗ്രഹങ്ങളെ സൃഷ്ടിച്ച ദൈവം നമ്മിൽ പ്രസാദിക്കുന്നുണ്ടോ.... അതുമാത്രം ചിന്തിച്ചാൽ മതി.... അന്ധവിശ്വാസച്ചങ്ങലയെ പൊട്ടിക്കണം.

'ചങ്ങലയോ? രാഹുകാലവും ശകുനവുമൊക്കെ!'

'അതെ. ചങ്ങല. ബന്ധനം. ഒരു ചെറുക്കനും പെണ്ണിനും തമ്മിൽ എല്ലാ കാര്യങ്ങളിലും യോജിപ്പുണ്ടെങ്കിലും ജാതകം ഒത്തു കിട്ടിയില്ലെങ്കിൽ അവർ വിവാഹിതരാകാൻ അനുവദിക്കുന്നില്ല....ഒള്ള കാര്യം ഞാൻ തൊറന്നു പറയാം. ഒരാൾ ജനിക്കുന്ന സമയം നക്ഷത്രഗ്രഹങ്ങൾ എവിടെ നിന്നാലും ഒരു ചുക്കും വരാനില്ല. സത്യമതം മനുഷ്യനു സ്വാതന്ത്ര്യം നൽകും. ചങ്ങലയിൽ കുരുക്കിയിടില്ല.'

'സത്യമതം ഏതെന്ന് എങ്ങനെ അറിയാൻ സാധിക്കും?'

'സത്യമതം സ്രഷ്ടാവിനു പകരം സൃഷ്ടിയെ വണങ്ങാൻ മനുഷ്യനെ പ്രേരിപ്പിക്കയില്ല. സൂര്യചന്ദ്രനക്ഷത്രാദികളെ, വൃക്ഷസസ്യാദികളെ, നദിയെ, നരനെ വണങ്ങുകയില്ല. നക്ഷത്രഫലം തേടി ജ്യോത്സ്യനെ സമീപിക്കുമ്പോൾ സൃഷ്ടാവിൽനിന്ന് ദൈവസൃഷ്ടികളായ നക്ഷത്രങ്ങളിലേക്കും ഗ്രഹങ്ങളിലേക്കും നമ്മുടെ ഭക്തിയും വിശ്വാസവും തിരിച്ചുവിടുകയാണ്.ദൈവത്തെ കോപിപ്പിക്കുന്ന കാര്യമാണിത്.'

'ഉപദേശിയുടെ അഭിപ്രായം.! പക്ഷേ എനിക്കതിൽ യോജിപ്പില്ല.'

'ഒരു ബന്ധു മരിച്ചാൽ നിങ്ങൾക്ക് പതിനാറുദിവസം പുലയാണ്.'

'അതേ. ചത്താലും പ്രസവിച്ചാലും പുല.'

'പുലദോഷം.! പിന്നെ പതിനാറു ദിവസത്തേക്ക് ക്ഷേത്രത്തിൽ പുരുഷനും സ്ത്രീയ്ക്കും പ്രവേശനമില്ല. അങ്ങനെയല്ലേ നമ്പൂതിരീ?'

'ശരിയാണുപദേശീ, ബ്രാഹ്മണനു പത്തുദിവസം പുലയുടെ കാലാവധി. വൈശ്യനു പന്ത്രണ്ട്. ശൂദ്രനു പതിനഞ്ച്. അവശജാതിക്കാരനു പതിനാറ്. വിധിപ്രകാരം ഗണപതിഹോമവും നടത്തും.'

'സത്യമതം മനുഷ്യനെ അനുഗ്രഹിക്കാൻ അവധി പ്രഖ്യാപിക്കുമോ? ബ്രാഹ്മണനെയും ശൂദ്രനെയും രണ്ടുവിധത്തിൽ കാണുമോ? ദൈവത്തിന് വർണ്ണവിവേചനമുണ്ടോ? ജാതിഭേദമുണ്ടോ?'

'പുലമോചനത്തിന് നിശ്ചിതകാലം കർമ്മങ്ങൾ ചെയ്യുക നൂറ്റാണ്ടുകളായി ഞങ്ങൾ ചെയ്യുന്ന ചടങ്ങാണ്. അതിലെന്താ തെറ്റ്?'

'കാലപ്പഴക്കം കൊണ്ട് തെറ്റ് ശരിയാകില്ല. മനുഷ്യന്റെ ആരാധന സ്വീകരിക്കാൻ പതിനാറു ദിവസം അവധി പറയുന്ന ദൈവം സത്യദൈവമാണോ? സർവ്വശക്തനാണോ? തീർത്ഥാടന കേന്ദ്രങ്ങളിൽ സ്ത്രീകളെ വിലക്കുന്ന ദൈവം സത്യദൈവം ആണോ? തൊടരുത്, അടുക്കരുത് എന്നൊക്കെ വിലക്കു കല്പിച്ച് സ്ത്രീയെ മാറ്റി നിർത്തുന്ന മതം സത്യമതമോ?'

'ചില പ്രത്യേക പുണ്യസ്ഥലങ്ങളിൽ മാത്രമേ അങ്ങനെ ഞങ്ങൾ ചെയ്യാറുള്ളൂ. കൂടാതെ സ്ത്രീകൾ അശുദ്ധമായിരിക്കുന്ന വേളകളിൽ മാത്രം നാലോ അഞ്ചോ ദിവസങ്ങളിലേക്കു മാത്രമുള്ള വിലക്ക്.'

'സ്ത്രീ ഒരു വർഷത്തിലെ മുന്നൂറ്ററുപത്തഞ്ചു ദിവസങ്ങളിലും ശുദ്ധിയുള്ളവളാണ്. അവൾ ദൈവത്തിന്റെ വിശേഷസൃഷ്ടിയാണ്. ക്രൈസ്തവ സഭയുടെ ഒന്നാം ദിവസം മുതൽ സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചുകൂടി ആരാധിച്ചു. യേശുവും ശിഷ്യന്മാരും മരിച്ചവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആശ്വാസം നൽകി. മരിച്ചവരെ ഉയിർപ്പിച്ചു. ഒരു ഭവനത്തിനും പുലദോഷം കല്പിച്ചില്ല. പുലമോചനത്തിന് ആരെക്കൊണ്ടും കർമ്മങ്ങൾ ചെയ്യിച്ചിട്ടില്ല. പണം ദുർവ്യയം ചെയ്യിച്ചിട്ടില്ല. ഒരിക്കൽ രക്തസ്രാവരോഗം മൂലം ശക്തിക്ഷയിച്ച ഒരു സ്ത്രീ യേശുവിന്റെ വസ്ത്രത്തിൽ തൊട്ടു. ഉടനെ അവൾ സൗഖ്യം പ്രാപിച്ചു. യേശു ഒരു സ്ത്രീയ്ക്കും വിലക്കു കല്പിച്ചില്ല. യേശുക്രിസ്തുവിന്റെ സുവിശേഷം സത്യമാണ്. അത് മനുഷ്യനെ സ്വതന്ത്രമാക്കും.'

♦ ♦ ♦

ഞായറാഴ്ച ബാവാറാവുത്തരും ഉമ്മയും ആരോഗ്യവതിയായ നബീസാബീവിയും പെന്തക്കോസ്തു മന്ദിരത്തിലെ ആരാധനയ്ക്കുവേണ്ടി തിരിച്ചപ്പോൾ റാവുത്തരുടെ പോക്കറ്റിൽ നൂറ്റമ്പതു രൂപയുണ്ടായിരുന്നു. ആരും

വാങ്ങാനില്ലാതെ, ചെകുത്താൻ കയറിക്കിടന്ന വസ്തു വിറ്റ് പെന്തക്കോസ്തരിൽനിന്നും തലേവർഷം നേടിയ ആ പണം അയാളുടെ മനസ്സാക്ഷിയെ കുത്തിനോവിച്ചുകൊണ്ടിരുന്നു. ദൈവ മക്കളെ കബളിപ്പിക്കുവാൻ നടത്തിയ ശ്രമത്തിനു മാപ്പുചോദിച്ചുകൊണ്ടാണ് പത്തുരൂപയുടെ പതിനഞ്ചു നോട്ടുകൾ റാവുത്തർ മത്തായിച്ചനെ ഏല്പിച്ചത്.

രംഗം കണ്ടുനിന്ന വക്കച്ചനും ചാണ്ടിച്ചനും വിസ്മയഭരിതരായി.

ആരാധന പകുതിയായപ്പോൾ ബാവാറാവുത്തർ എഴുന്നേറ്റുനിന്ന് യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചുകൊണ്ട് സാക്ഷ്യം പ്രസ്താവിച്ചു. യേശുക്രിസ്തു തന്റെ മകളെ സൗഖ്യമാക്കിയതിനാൽ ഇനി മക്കത്തേക്ക് തീർത്ഥയാത്രയ്ക്ക് പോകുന്നില്ലെന്നും, തീർത്ഥാടനത്തിനുവേണ്ടി സ്വരൂപിച്ചുവച്ച പണം അയലത്തെ തളർവാതരോഗിയായ ശ്രീനിവാസൻ നായർക്ക് ഒരു വീടുവയ്ക്കാൻ സംഭാവനയായി നൽകാൻ ആഗ്രഹിക്കുന്നതായും അറിയിച്ചു.

അടുത്ത നിമിഷം വക്കച്ചൻ എഴുന്നേറ്റു. രഹസ്യമായി ബീഡിവലിച്ച കുറ്റം സഭയുടെ മുമ്പാകെ ഏറ്റുപറഞ്ഞു. തൊട്ടുപുറകെ ചാണ്ടിച്ചനും! മേലിൽ കൈക്കൂലി വാങ്ങുകയില്ലെന്നുള്ള പ്രതിജ്ഞയുമായി.

ബാവാറാവുത്തരുടെ വരവും, വക്കച്ചന്റെയും ചാണ്ടിച്ചന്റെയും മടങ്ങിവരവും സഭ സ്തോത്രശബ്ദം മുഴക്കി ആഘോഷിച്ചു. മത്തായിച്ചന്റെ കണ്ണുകളിൽനിന്ന് സന്തോഷത്തിന്റെ രണ്ടു മുത്തുകൾ നിലത്തു വീണു.

റാവുത്തരുടെ ബന്ധുക്കൾ ഇളകിക്കഴിഞ്ഞിരുന്നു. ഒരു ഇസ്ലാം മതസ്ഥൻ ക്രിസ്ത്യാനിയാകാൻ പോകുന്നുവെന്ന വസ്തുത എങ്ങനെ സഹിക്കും!

ആരാധനയ്ക്കുശേഷം വീട്ടിലേയ്ക്കു നടന്ന മത്തായിച്ചനെയും സഭാംഗങ്ങളെയും ബാവാറാവുത്തരുടെ അനുജൻ അഹമ്മദുകുഞ്ഞ് നേരിട്ടു. കോപം അതിന്റെ ഫണം വിരിച്ചു.

ബാവാറാവുത്തർ പതറിയില്ല. തല ഉയർത്തി പറഞ്ഞു: 'എടേ, മയ്യത്താകാറായ എന്റെ മോളെ സൗഖ്യമാക്കിയ യേശുവിനുവേണ്ടി ജീവിക്കാൻ പോവ്വാ ഞാൻ. യേശുവിനെപ്പോലെ ഒരു പ്രവാചകൻ ഇല്ല. അവൻ പ്രവാചകൻ മാത്രമല്ല. ദൈവപുത്രനുമാണ്.'

കോപംകൊണ്ടു തുള്ളിവന്ന അഹമ്മദുകുഞ്ഞിന് സ്വന്തം ജ്യേഷ്ഠന്റെ അനുഭവസാക്ഷ്യത്തെ എതിർക്കാൻ വാക്കുകളില്ലായിരുന്നു.

കിട്ടിയ അവസരം പാഴാക്കാതെ മത്തായിച്ചൻ അയാളെ നോക്കിപ്പറഞ്ഞു: 'അഹമ്മദുകുഞ്ഞേ, യേശുക്രിസ്തു വീണ്ടും വരാറായി.'

'അതിനു ഞാനെന്തോ വേണം?'

'പറയാം....രക്ഷായുഗം അവസാനിക്കാറായി. ലോകാവസാനം സമീപിച്ചിരിക്കുന്നു. ലോകം അർദ്ധരാത്രിയോടു സമീപിച്ചിരിക്കുന്നു. താങ്കളും മാനസാന്തരപ്പെടണം. കർത്താവായ യേശുക്രിസ്തുവിന്റെ ആർപ്പുവിളി കേൾക്കാറായി. അർദ്ധരാത്രിയിലെ ആർപ്പുവിളിയെപ്പറ്റി വേദപുസ്തകത്തിൽ പറേ....'

വാചകം പൂർത്തിയാക്കാൻ അനുവദിക്കാതെ അഹമ്മദുകുഞ്ഞ് പുച്ഛസ്വരത്തിൽ പറഞ്ഞു: 'ഓ ഹോ! മാനസാന്തരം! നിങ്ങടെ കർത്താവ് അർദ്ധരാത്രിയിലല്ലേ വരുന്നത്? ഞാൻ അർദ്ധരാത്രിക്കു മാനസാന്തരപ്പെട്ടോളാം. ഇപ്പം നിങ്ങളു നിങ്ങടെ കാര്യം നോക്ക്.'

'നിങ്ങൾ 11:59-നു മരിച്ചാലോ?

അയാൾ മറുപടി പറയാതെ ജ്യേഷ്ഠനെയും മത്തായിച്ചനെയും ക്രുദ്ധിച്ചൊന്നു നോക്കിയിട്ട് പിന്നെക്കണ്ടോളാമെന്ന ഭാവത്തിൽ നടന്നകന്നു.

എതിർപ്പു വകവയ്ക്കാതെ മാക്കൽസിദ്ധന്റെ നേതൃത്വത്തിൽ റാവുത്തരുടെ വീട്ടിൽ കാത്തിരുപ്പുയോഗം ക്രമീകരിച്ചു. അവസാനരാത്രിയിൽ അയൽവാസികളായ മുസ്ലീംകൾ വരാന്തയിലേയ്ക്കു കല്ലേറു തുടങ്ങി. പരുക്കേറ്റവരുടെ കൂട്ടത്തിൽ സാറാമ്മയും ഉണ്ടായിരുന്നു. രാത്രിയിൽതന്നെ ഒരു ടാക്സിയിൽ പരുക്കേറ്റവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർ പോലീസിനെ വിവരം ധരിപ്പിച്ചു. പോലീസുകാർ ആശുപത്രിയിൽ എത്തിയപ്പോൾ മത്തായിച്ചനും അവിടെ ഉണ്ടായിരുന്നു.

'പരാതി എഴുതിത്തരണം. കേസ് ഫയൽ ചെയ്യാം. അക്രമികളുടെ നേതാവ് മുഹമ്മദ്‌ലത്തീഫിനെ അറസ്റ്റുചെയ്യാം.' സബ് ഇൻസ്പെക്ടർ രാമൻനായർ ആശ്വസിപ്പിച്ചു.

'ലത്തീഫിനെ കഴിഞ്ഞവർഷം മറ്റൊരു അടിപിടിക്കേസിൽ പിടിച്ചതാ. ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം.' ഹെഡ് കോൺസ്റ്റബിൾ തൊമ്മൻ വർഗ്ഗീസ് വാക്കുകൊടുത്തു.

'വേണ്ടാ സാർ. ഞങ്ങൾ കഴിഞ്ഞ രാത്രിയിൽത്തന്നെ കേസു കൊടുത്തിട്ടുണ്ട്. സ്വർഗ്ഗീയകോടതിയുടെ മുമ്പിൽ. വിധി ദൈവത്തിന് വിട്ടുകൊടുത്തുകഴിഞ്ഞു. ഒരു കുറ്റത്തിന് ഞങ്ങൾ രണ്ടു സ്ഥലത്ത് രണ്ടുപ്രാവശ്യം കേസു ഫയൽ ചെയ്യാറില്ല.'

പോലീസുകാർ കണ്ണിൽ കണ്ണിൽ നോക്കി.

ഞായറാഴ്ച സാക്ഷ്യം പ്രസ്താവിച്ചപ്പോൾ സാറാമ്മ നിത്യതയുമായി ബന്ധപ്പെടുത്തിയാണ് മുറിവിനെ വീക്ഷിച്ചത്: 'അപ്പൊസ്തൊലന്മാർ ക്രിസ്തുവിനുവേണ്ടി വഹിച്ച മുറിവുകൾ കാണിച്ച് പ്രതിഫലം വാങ്ങുമ്പോൾ എനിക്കും കാണിക്കാനൊരു ചെറിയ മുറിവുണ്ട്.'

പെന്തക്കോസ്തുപ്രസ്ഥാനത്തിന്റെ ആരംഭകാലത്തു കുഴിക്കാലാ പുന്നമൂട്ടിൽ കുഞ്ഞുസാറിന്റെ വീട്ടിൽവച്ച് പെന്തക്കോസ്തുകാർ യോഗം നടത്തിക്കൊണ്ടിരുന്നപ്പോൾ പാരമ്പര്യസഭക്കാർ കല്ലേറു നടത്തിയതിന്റെ ഫലമായി ഒരു സഹോദരി കൊല്ലപ്പെട്ട സംഭവം മത്തായിച്ചൻ സഭയിൽ വിവരിച്ചു. കല്ലെറിഞ്ഞവരിൽ പ്രധാനിയുടെ ഒരു മകൻ പിറ്റേവർഷം ഇടിവെട്ടേറ്റു മരിച്ച സംഭവവും മത്തായിച്ചൻ വിശദീകരിച്ചു. വിശ്വാസികൾ ധൈര്യപ്പെട്ടു.

# ഇരുപത്തിയൊന്ന്

**വി**ദ്യാലയങ്ങൾ അടച്ചിട്ട് ഒരാഴ്ച കഴിഞ്ഞതേയുള്ളൂ. മണർകാടു കവലയ്ക്കു സമീപം ബുധനാഴ്ച രാത്രിയിൽ ഒരു ഐക്യസുവിശേഷവിഹിത സഭാമഹായോഗം ആരംഭിക്കുന്നതറിഞ്ഞ് സന്ധ്യയായപ്പോൾ മത്തായിച്ചൻ ജോണിയോടൊത്ത് മണർകാട്ടേക്കു തിരിച്ചു.

മീനച്ചൂടിന്റെ അതിപ്രസരം അദ്ദേഹത്തെ ക്ഷീണിതനാക്കിയിരുന്നെങ്കിലും, തൂവെള്ള നേര്യതു ധരിച്ച സഹോദരികളും വേദപുസ്തകം കൈയിലേന്തിയ സഹോദരന്മാരും നെല്ലു കണ്ട കോഴിയെപ്പോലെ പന്തലിലേക്കു നടന്നുകയറുന്നതു കണ്ടപ്പോൾ ആ ശരീരം വീണ്ടും ഓജസ്സുറ്റതായി.

ഏഴെട്ടു പ്രസംഗകർ സദസ്സിലുണ്ട്. പാസ്റ്റർ പി.കെ. ചാക്കോ സദസ്സിലിരുന്ന സുവിശേഷകരെ പരിചയപ്പെടുത്തി.

പി.ഡി. ജോൺസൺ, റ്റി.പി. വർഗീസ്, പി.എ.വി. സാം, കെ.ജി. തോമസ്, മാത്യു ശാമുവേൽ, ജോർജ് വർഗീസ്.

രണ്ടു വസ്തുതകൾ മത്തായിച്ചനെ സന്തോഷിപ്പിച്ചു. ഒന്ന്, പ്രസംഗകർ പലരും യുവാക്കളായിരുന്നു. രണ്ട്, വിവിധ പെന്തക്കോസ്തു സംഘടനകളിലെ പ്രവർത്തകരാണവർ. ബ്രദറൺസഭയിലെ പ്രമുഖ നേതാവായ കെ. ജി. തോമസ് സുസ്മേരവദനനായി സദസ്സിലിരിക്കുന്നതു കണ്ടപ്പോൾ അദ്ദേഹം പുളകിതനായി.

ഗാനശുശ്രൂഷയ്ക്കിടയിൽ ഉറക്കത്തിലേക്ക് ചായുന്ന ജോണിയുടെ നേരേ മത്തായിച്ചൻ നാലഞ്ചുവട്ടം കണ്ണുരുട്ടി.

ബ്രദറൺ സഭയിലെ പ്രവർത്തകർ, പെന്തക്കോസ്തരുടെ യോഗത്തിലിരിക്കുന്നതു കണ്ടപ്പോൾ മത്തായിച്ചന്റെ സമീപമിരുന്ന മലയമറ്റത്ത് വർഗീസ് സഹോദരൻ അത്ഭുതം പ്രകടിപ്പിച്ചു. 'ഇത് ആകാശം ഇടിഞ്ഞുവീണപോലെ അത്ഭുതമായിരിക്കുന്നു. നമ്മുടെ പരിശുദ്ധാത്മാഭിഷേകാനുഭവത്തിനെതിരായി പുസ്തകമെഴുതുന്ന ബ്രദറൺ നേതാക്കൾ നമ്മുടെ യോഗത്തിൽ പ്രസംഗിക്കുന്നോ?'

'കീവർച്ചാ, വിശ്വാസത്താലുള്ള പാപമോചനം യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുന്നവരെല്ലാം അന്യോന്യം സഹകരിച്ചുതുടങ്ങിയിരിക്കുന്നു.'

പാസ്റ്റർ ജോൺസൻ പ്രസംഗവേദിയിലേക്കു പ്രവേശിച്ചു. യുവത്വം പ്രസരിക്കുന്ന ശബ്ദവും ശരീരവും. പ്രസംഗവിഷയം: യേശുക്രിസ്തു ഏക രക്ഷാമാർഗ്ഗം

'സ്നേഹിതരേ, നിങ്ങൾ ചരിത്രം പരിശോധിക്കുവിൻ. സമാധാനത്തിനു വേണ്ടി മനുഷ്യൻ പലവിധ സിദ്ധാന്തങ്ങളും, വ്യവസ്ഥിതികളും പരീക്ഷിച്ചുനോക്കി. എല്ലാം പരാജയപ്പെട്ടു. രാജഭരണം പരീക്ഷിച്ചു—ഫലം രക്തച്ചൊരിച്ചിൽ. കുടിയാൻ ജന്മി സമ്പ്രദായവും ദിവാൻ ഭരണവും മുതലാളിത്തവും പരീക്ഷിച്ചു നോക്കി—ഫലം ചൂഷണം. ഇപ്പോഴിതാ ലോകമെങ്ങും കമ്മ്യൂണിസം പടർന്നു പന്തലിക്കുന്നു. ഒരിക്കൽ അതും പരാജയപ്പെടും.'

ജനം ഹല്ലേലുയ്യാ മുഴക്കി അദ്ദേഹത്തെ പിന്താങ്ങി.

'യേശുവിനെ സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ ഹൃദയത്തിലെ ശൂന്യത മാറുന്നു. അവന് യഥാർത്ഥ സമാധാനം ലഭിക്കുന്നു.'

കേഴ്വിക്കാരുടെ മുഖത്ത് ദിവ്യസമാധാനം നിഴലിട്ടുതുടങ്ങി.

തുടർന്നദ്ദേഹം വിഗ്രഹാരാധനയെ ശാസിച്ചു: 'ദൈവത്തെ വിഗ്രഹങ്ങളിലൂടെ ധ്യാനിക്കുവാൻ പാടില്ല. ദൈവത്തിന്റെ വ്യക്തിത്വത്തെ മൃഗങ്ങൾ, മനുഷ്യൻ എന്നിവയുടെ രൂപത്തിലാക്കി ബിംബങ്ങൾ വാർത്തെടുക്കുന്ന പ്രവണതയെ പൗലോസ് അപ്പൊസ്തൊലൻ റോമർ ഒന്നാം അദ്ധ്യായത്തിൽ ശാസിക്കുന്നു. ബിംബാരാധകർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്ന് വെളിപാടു പുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായം മുന്നറിയിപ്പു നൽകുന്നു. പത്തു ബിംബങ്ങളുള്ള പള്ളി അഞ്ചു ബിംബങ്ങളുള്ള പള്ളിയായി മാറ്റിയാൽ ശരിയായ മാനസാന്തരമായില്ല. അഞ്ചുകുപ്പി കള്ളു കുടിക്കുന്നവൻ രണ്ടുകുപ്പിയാക്കി കുറച്ചാൽ യഥാർത്ഥ മാനസാന്തരമായില്ല.'

കേൾവിക്കാർ ചിരിച്ചു.

തൊട്ടടുത്തുള്ള പലചരക്കുകടയുടെ മുമ്പിൽ ശ്രദ്ധിച്ചു കൊണ്ടു നിന്നവരെ നോക്കി പാസ്റ്റർ ജോൺസൻ പ്രസ്താവിച്ചു: 'അസത്യത്തിൽ നിന്നും സത്യത്തിലേക്കു നയിക്കേണമേ എന്ന് ഭാരതത്തിലെ മഹർഷിവര്യന്മാർ

പ്രാർത്ഥിച്ചു. ഇതാ യഥാർത്ഥ സത്യമായ യേശുക്രിസ്തു! അവനെ വണങ്ങുവിൻ. നിങ്ങൾ ആരാധിക്കുന്ന പത്തു ദൈവങ്ങൾ ഉണ്ടെങ്കിൽ പതിനൊന്നാമത്തെ ദൈവമായി യേശുക്രിസ്തുവിനെ അംഗീകരിച്ചാരാധിച്ചതുകൊണ്ടായില്ല. പല അവതാരങ്ങളുടെ കൂട്ടത്തിൽ ക്രിസ്തുവിന്റെ ഫോട്ടോകൂടി വച്ച് ആരാധിച്ചാൽ യേശുക്രിസ്തുവിനെ തരംതാഴ്ത്തുകയാണ്. പിതാവായ ദൈവം സ്വർഗ്ഗത്തിൽനിന്നും അയച്ച ഏകപുത്രൻ ക്രിസ്തു മാത്രമാണ്. അവന് അർഹിക്കുന്ന സ്ഥാനം കൊടുപ്പിൻ.'

റോഡരികിലുള്ളവർ കൂടുതൽ ശ്രദ്ധാലുക്കളായി.

'സ്നേഹിതരേ, ചിലർ എന്നോടു വാദിച്ചിട്ടുണ്ട്. യേശുക്രിസ്തു മാത്രമേ രക്ഷകനുള്ളെങ്കിൽ ക്രിസ്തു ഭൂമിയിൽ ജനിക്കുന്നതിനുമുമ്പ് ജനിച്ചു മരിച്ച തലമുറകളുടെ സ്ഥിതി എന്താകും! അവരൊക്കെ നരകത്തിൽ പോകുമെന്നു പറയുന്നതു ഭോഷത്വമല്ലേ? യേശുക്രിസ്തുവിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ ഇന്നും ലോകത്തിലുണ്ടല്ലോ. അവർക്കൊന്നും രക്ഷയില്ലെന്നു പറയുന്നതു ന്യായമാണോ എന്ന്!....അങ്ങനെ മുട്ടാത്തർക്കം പറയുന്നവരോടു ഞാനൊരു കാര്യം ചോദിക്കട്ടെ—കടലിൽവീണ് മരണവെപ്രാളപ്പെടുന്ന ഒരാൾക്ക് രക്ഷപ്പെടാൻ ഒരു കയർ താഴ്ത്തിക്കൊടുത്താൽ എനിക്കുമുമ്പ് കടലിൽവീണ പലർക്കും കയർ കിട്ടിയിട്ടില്ലല്ലോ, അതുകൊണ്ട് ഞാൻ മാത്രം കയറിൽ തൂങ്ങി രക്ഷപ്പെടുകയില്ലെന്നു തർക്കിച്ചു കിടക്കുമോ....പറയൂ.... ക്രിസ്തുവിനെപ്പറ്റി കേട്ടിട്ടില്ലാത്തവരുടെ കാര്യം ദയാപരനായ ദൈവം ന്യായമായി തീർത്തുകൊള്ളും. ഇന്നു ജീവിക്കുന്ന നമ്മുടെ കാര്യം നമുക്കു നോക്കാം—കിട്ടിയ കയറിൽ തൂങ്ങി രക്ഷപ്പെടുവിൻ. ഈ രാത്രിയിലെ എന്റെ പ്രസംഗത്തിലൂടെ യഥാർത്ഥ രക്ഷാമാർഗ്ഗം നിങ്ങൾ കേട്ടിരിക്കുന്നു. ഒരു സത്യാന്വേഷണം നടത്താൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്.'

പ്രസംഗത്തിനിടയിൽ അദ്ദേഹം തിരുവനന്തപുരത്തിനു തെക്കുള്ള പ്രദേശങ്ങളെപ്പറ്റി സംസാരിച്ചു. മദ്ധ്യകേരളത്തിൽ ധാരാളം സുവിശേഷപ്രവർത്തകരുള്ളപ്പോൾ തെക്കൻ പ്രദേശങ്ങളിൽ വിരലിലെണ്ണാൻ പോലും പ്രവർത്തകരില്ലെന്നദ്ദേഹം അറിയിച്ചു. സുവിശേഷം കേട്ടിട്ടില്ലാത്ത ജനലക്ഷങ്ങളുടെ ആത്മാക്കളെപ്പറ്റിയുള്ള ഭാരം ആ വാക്കുകളിലുണ്ടായിരുന്നു.

നെയ്യാറ്റിൻകരയും കന്യാകുമാരിയും നിങ്ങളെ മാടിവിളിക്കുന്നു എന്ന ആഹ്വാനത്തോടുകൂടിയാണ് പ്രസംഗം ഉപസംഹരിച്ചത്.

സ്ഥലപ്പേരു കേട്ടപ്പോഴേ മത്തായിച്ചന്റെ മനസ്സ് പുറകോട്ടു പാഞ്ഞു. ഇരുപത്തിയെട്ടു വർഷം മുമ്പ്—1929-ൽ കുക്കുസായിപ്പ് പുത്തൻകാവിൽ പ്രസംഗിച്ച രാത്രി. സായിപ്പ് ചില സുവിശേഷകന്മാരെ തെക്കൻ പ്രദേശത്തേയ്ക്ക് ആഹ്വാനം ചെയ്ത രാത്രി. അന്നു രാത്രി മത്തായിച്ചൻ തീരുമാനിച്ചതാണ് തെക്കൻപ്രദേശത്തേക്ക് സുവിശേഷകനായി പോകണമെന്ന്.

ഇന്നേവരെ ആ പ്രതിജ്ഞ പാലിക്കുവാൻ സാധിച്ചിട്ടില്ല. രാത്രിയിൽ കിടക്കയിൽ കിടന്നു ധ്യാനിച്ചുകൊണ്ട് ദൈവാത്മാവുന്നയിച്ച ചോദ്യത്തിന് മത്തായിച്ചൻ മറുപടി നൽകി. 'ദൈവമേ ഞാൻ പോകാം.'

പാമ്പാടിസഭ മത്തായിച്ചനെ നിരുത്സാഹപ്പെടുത്തി.

'പാസ്റ്ററേ, ഇവിടെ വന്നിട്ട് ഒരു വർഷമായതേ ഉള്ളൂ. ഇത്ര പെട്ടെന്ന് മാറിപ്പോകേണ്ട ആവശ്യമില്ല.' കുഞ്ഞൂഞ്ഞുസഹോദരൻ ഖേദം പ്രകടിപ്പിച്ചു.

'പാമ്പാടിദേശം സുവിശേഷം കേട്ടു കഴിഞ്ഞു. നെയ്യാറ്റിൻകരദേശം കേൾക്കേണ്ടതുപോലെ കേട്ടിട്ടില്ല.' മത്തായിച്ചൻ പ്രതിവചിച്ചു.

ആയുസ്സിന്റെ സായംസന്ധ്യയിലേക്കടുത്ത മത്തായിച്ചന്റെ നരച്ച മുടിയിൽ നോക്കിക്കൊണ്ട് മലയമറ്റത്ത് വർഗീസ് സഹോദരൻ പറഞ്ഞു: 'പാസ്റ്റർക്ക് വയസ്സ് അമ്പത്തേഴായില്ലേ? തെക്കൻനാട്ടിൽ കിടന്നു കഷ്ടപ്പെടണോ? അവിടെ കൂട്ടുസഹോദരന്മാർ കുറവാ.'

'സാരമില്ല. ദൈവം കൂട്ടിനുണ്ട്.'

'തെക്കോട്ട് പണ്ട് സായിപ്പു കുറെ ഉപദേശിമാരെ പറഞ്ഞയച്ചതല്ലിയോ? അവരൊക്കെ എന്തിയേ?'

'കഷ്ടതയും പട്ടിണിയും വന്നപ്പം പേടിച്ചു തിരികെ പോന്നു.... എല്ലാവരുടേം ജോലി ഒരുത്തന്റേം ജോലിയല്ല. മൂന്നു പെണ്ണുള്ള വീട്ടിൽ മുറ്റം തൂക്കാൻ ആളില്ലെന്നു കേട്ടിട്ടില്ലേ? ഒരാൾ ഉത്തരവാദിത്വമായി തെക്കൻനാട്ടിലെ വേല ഏറ്റെടുത്തേ പറ്റൂ.'

'പാസ്റ്റർക്കു പേടിയില്ലേ?'

'എന്തിനാ പേടി! വലിയ കാര്യങ്ങൾ നേടാൻ വലിയ കാര്യങ്ങൾ നഷ്ടമാക്കണം.'

'പട്ടിണി—?'

'വാ കീറിയ ദൈവം ഇരയും കൽപ്പിച്ചിട്ടുണ്ട്.'

'പാസ്റ്ററേ, പാമ്പാടിസഭ വളർന്നു വരുന്നു. സഭയുടെ ആദായോം വർദ്ധിച്ചു. ഇതെല്ലാം ത്യജിച്ച് തെക്കോട്ടു പോകണോ?'

'ജയിക്കുന്നതിനുമുമ്പേ ത്യജിക്കണം. ക്രൂശില്ലാതെ ഉയിർപ്പില്ല.'

'നെയ്യാറ്റിൻകര മദ്ധ്യകേരളത്തേക്കാൾ വളരെ വ്യത്യസ്തമാ. തമിഴന്മാർ ഒത്തിരിയുണ്ട്. ഭാഷേം ആഹാരോം ഒക്കെ വ്യത്യസ്തമാ.'

'സ്വർഗ്ഗത്തേക്കാൾ എത്രയോ വ്യത്യസ്തമാണ് ഭൂമി—എങ്കിലും യേശുക്രിസ്തു ഭൂമിയിലേക്കു വരാൻ തയ്യാറായി.'

മത്തായിച്ചൻ നെയ്യാറ്റിൻകരയിലേക്കു മാറിപ്പോകാൻ താല്പര്യം കാണിച്ചുകൊണ്ട് ദൈവസഭയുടെ മുഖ്യസ്ഥാനത്തേക്ക് എഴുതി. മുഖ്യസ്ഥാനത്തുനിന്നു ലഭിച്ച നിയമനക്കത്തിൽ നെയ്യാറ്റിൻകരയിലുള്ള ഏക പൂർണ്ണസുവിശേഷ ദൈവസഭാവിശ്വാസിയായ ഗണേഷ്നാടാരുടെ മേൽവിലാസവും ഉണ്ടായിരുന്നു.

♦ ♦ ♦

പത്തൊൻപതു വർഷം മുമ്പ് ഇടമൺസഭയിലേക്ക് സ്ഥലംമാറിപ്പോയ ദിവസം മത്തായിച്ചനോർത്തു—നാലുകാളവണ്ടി നിറയെ സാമാനങ്ങളുമായി.

ഇന്ന് സാമാനവണ്ടികൾ നെയ്യാറ്റിൻകരയിലേക്കു പുറപ്പെട്ടില്ല.

മരസാമാനങ്ങൾ ചിലത് ദാനം ചെയ്തു. ശേഷിക്കുന്നവ പഴഞ്ചനായിക്കഴിഞ്ഞു. ആടുന്ന മരസാമാനങ്ങളുമായി നൂറ്റിമുപ്പതു മൈൽ അകലത്തിലേക്ക് കാളവണ്ടി വിടുന്നതിന്റെ ഭോഷത്തം മത്തായിച്ചനറിയാമായിരുന്നു—സാമാനങ്ങളുടെ വിലയേക്കാളധികം വണ്ടിക്കൂലിയാകും.

ഭാരംകുറഞ്ഞ ഒരു വീഞ്ഞപ്പെട്ടിയിൽ അത്യാവശ്യ പുസ്തകങ്ങൾ നിറച്ച് മത്തായിച്ചനെടുത്തു. വെങ്കലപ്പാത്രങ്ങൾ സാറാമ്മ ഒരു ചാക്കിലാക്കി. ജോണി തലയിണകളും പായ്കളും പുതപ്പുകളും അടുക്കിനു കെട്ടി. കുഞ്ഞമ്മയും ശേബായും എസ്ഥേറും ഓരോ തകരപ്പെട്ടിക്കുള്ളിൽ വസ്ത്രങ്ങളും പലവ്യഞ്ജനങ്ങളും ഒതുക്കി വെച്ചു. പഴയ പുസ്തകങ്ങൾ പാമ്പാടി സഭയിലെ യുവാക്കൾക്കു കൊടുത്തു.

തെക്കൻപ്രദേശത്തേക്കു പോകാനുള്ള മത്തായിച്ചന്റെ തീരുമാനം കുടുംബത്തെ അറിയിച്ചപ്പോഴേ ജോണിക്കു പ്രതിഷേധമായിരുന്നു. ബസ്സിൽ കയറിയപ്പോൾ അവന്റെ മുഖം ആ പ്രതിഷേധം വിളംബരം ചെയ്തു.

ബസ്സു നീങ്ങി. ടിക്കറ്റിന് പലരും അഞ്ചുപൈസാത്തുട്ടുകളും പത്തു പൈസാത്തുട്ടുകളും എണ്ണിക്കൊടുക്കുന്നതു കണ്ടപ്പോൾ മത്തായിച്ചൻ ഭൂതകാലം അയവിറക്കി. ചെറുപ്പകാലത്ത് കാശും ചക്രവുമായിരുന്നു. പതിനാറുകാശ് ഒരു ചക്രം. ഇരുപത്തെട്ടുചക്രം ഒരു രൂപാ.

പിന്നീട് അണയും രൂപയുമായി. പതിനാറണ ഒരു രൂപാ. ഏഴംകുളത്തുനിന്നും പാമ്പാടിയിൽ വന്നപ്പോൾ ബസ്സുകൂലി അണയായിട്ടാണു കൊടുത്തത്.

ഇപ്പോൾ അതും മാറിക്കഴിഞ്ഞിരിക്കുന്നു. പകരം നയാപൈസയും രൂപയും. നൂറുപൈസാ ഒരു രൂപാ.

നാണയങ്ങൾ മാത്രമല്ല—മറ്റുപലതും മാറിക്കഴിഞ്ഞു, മാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ചിന്തിച്ചുകൊണ്ടാണ് മത്തായിച്ചനിരുന്നത്.

ബസ്സിന്റെ ചക്രങ്ങൾ നേരേ മുമ്പോട്ട്—മത്തായിച്ചന്റെ മനസ്സ് മുമ്പോട്ടും പിമ്പോട്ടും. കഴിഞ്ഞ കാലത്തിന്റെ നോക്കെത്താത്ത അറുതികളിലേക്ക്—വീണ്ടും വർത്തമാനകാലത്തിലേക്ക്—ഇടയ്ക്കിടെ ഭാവിയിലേക്ക്.

ബസ്സ് മുമ്പോട്ടു പോകുന്തോറും സ്ഥലങ്ങൾ മാറുന്നു! മനുഷ്യരും മാറി മാറി വരുന്നു എന്ന കാര്യം മത്തായിച്ചനോർത്തു. പഴയവർ പോകുന്നു. പുതിയവർ വരുന്നു. ജനിക്കുന്നു. മരിക്കുന്നു.

രാഷ്ട്രീയസ്ഥിതിഗതികൾ മാറുന്നു. പ്രവർത്തനശൈലികൾ മാറുന്നു. മുദ്രാവാക്യങ്ങൾ മാറുന്നു. മന്ത്രിസഭകൾ തകരുന്നു. രാജാക്കന്മാർ തളരുന്നു.

പനമ്പള്ളി മന്ത്രിസഭ തകർന്നു.

എ.ജെ. ജോൺ മന്ത്രിസഭ തകർന്നു.

ചിത്തിര തിരുനാൾ രാജാവ് എന്നേക്കുമായി രാജപ്രമുഖസ്ഥാനത്തുനിന്നും വിരമിച്ചു. ചോരകൊണ്ടു ചരിത്രമെഴുതിയ ഇന്ത്യൻ രാജത്വങ്ങൾ ഓരോന്നായി താഴെ വീണു. സിംഹം കാളയെപ്പോലെ പുല്ലു തിന്നുന്നു. കിരീടം മാറ്റി രാജാക്കന്മാരെ തകിടം മറിക്കുമെന്ന വേദവാക്യം മത്തായിച്ചനോർത്തു.

രാജ്യങ്ങളും സംസ്ഥാനങ്ങളും പുത്തൻ കുപ്പായമണിയുന്നു.

തിരുവിതാംകൂറു മാറി.

കൊച്ചി മാറി.

രണ്ടുംകൂടി ചേർന്ന് തിരുക്കൊച്ചിയായി.

ഇപ്പോൾ മലബാർകൂടി ചേർന്ന് അത് കേരളമായിരിക്കുന്നു.

വ്യക്തികൾ ഇവിടെയും എവിടെയും മാറിമറിയുന്നു. വാഴുന്നതും താഴുന്നതും വണ്ടിച്ചക്രം പോലെ. സ്ത്രീ പ്രസവിച്ച മനുഷ്യൻ ഒരിടത്തും പ്രബലനാകുന്നില്ല.

ഹിറ്റ്ലർ ലോകത്തെ മുഴുവൻ അടക്കി വാഴാൻ മോഹിച്ചു. സഫലമാകുന്നതിനു മുമ്പേ കൊല്ലപ്പെട്ടു. സ്റ്റാലിൻ റഷ്യയെ കിടുകിടെ വിറപ്പിച്ചു. ഇപ്പോൾ ചലനമറ്റു ശവക്കുഴിയിലുണ്ട്. ഇവിടെ തിരുവിതാംകൂറിൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ വെട്ടേറ്റു. പല്ലുപോയ പാമ്പിനെപ്പോലെ നാടുവിട്ടോടി.

ഗാന്ധിജി കൊല്ലപ്പെട്ടു.

പട്ടേൽ—ഉരുക്കുമനുഷ്യൻ—മരിച്ചു.

സുഭാഷ് ചന്ദ്രബോസിനെ കാണാനില്ല.

വാഗ്ധോരണിയുടെ വെടിയുണ്ടകളാൽ പ്രസംഗവേദികളെ പ്രകമ്പനം കൊള്ളിച്ച ആത്മീയനേതാക്കൾ മിന്നിമറയുന്നു.

ഏബ്രഹാം മെത്രാപ്പോലീത്ത കാലം ചെയ്തു.

സാധു കൊച്ചുകുഞ്ഞുപദേശി അന്തരിച്ചു.

കെ. വി. സൈമൺസാർ നിര്യാതനായി.

കെ. സി. ചെറിയാൻ കർത്താവിൽ നിദ്ര പ്രാപിച്ചു.

സാധു സുന്ദരസിംഗിനെ കാണാനില്ല.

ഭൂമിയിലെ മനുഷ്യജീവിതം ഒരു വൃക്ഷം പോലെയാണെന്നു മത്തായിച്ചനു തോന്നി.

പച്ച ഇലകൾ. ജീവൻതുടിക്കുന്ന തണ്ടുകൾ.

തളിർക്കുന്നു. വളരുന്നു. ശിഖരങ്ങൾ പൊട്ടിവിടരുന്നു.

തല പൊക്കി ആകാശത്തെ വെല്ലുവിളിക്കുന്നു.

പൂക്കുന്നു. കായ്ക്കുന്നു.

പിന്നീടവ വാടുന്നു. ശുഷ്ക്കിക്കുന്നു.

തലതാഴ്ത്തി താളടിയാകുന്നു.

വളർച്ചയും തളർച്ചയും വിളർച്ചയും!

നീണ്ട വർഷങ്ങൾ. നശ്വരമായ ലോകം. മാറ്റങ്ങളുടെ ഘോഷയാത്രയ്ക്കുള്ളിൽ എന്തെല്ലാം അണിനിരക്കുന്നു.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം അധോഗതിയിൽ. ഇന്ത്യ ആ സാമ്രാജ്യത്തിൽനിന്നും വിമുക്തയായി.

പുതിയ രാഷ്ട്രീയ സംഘടനകൾ. പഴയതിനോടു വെറുപ്പ്. അരിവാളിന്റെയും കാളയുടെയും ചിഹ്നങ്ങൾ കയ്യാലകളിൽനിന്നു മാഞ്ഞിട്ടില്ല. വീണ്ടും പുതിയ തിരഞ്ഞെടുപ്പുകൾ. പുതിയ ചിഹ്നങ്ങൾ. പുതിയ ചുവരെഴുത്തുകൾ.

ശാസ്ത്രവും സാങ്കേതികജ്ഞാനവും വളർന്നു വികസിക്കുന്നതനുസരിച്ച് ജീവിതശൈലികളും മാറുന്നു.

കാളവണ്ടിയാത്ര മാറി.

തീവണ്ടിയായി.

മൂക്കുള്ള മോട്ടോർ വണ്ടികളായി.

മൂക്കില്ലാത്ത നീണ്ട ബസ്സുകളായി.

സൈക്കിളായി, മോട്ടോർ സൈക്കിളായി.

വിമാനമായി.

മത്തായിച്ചനും മാറിത്തുടങ്ങി. മാറിക്കൊണ്ടിരിക്കുന്നു....അല്ല, മാറിക്കഴിഞ്ഞു....പഴയ മത്തായിച്ചനല്ല.

വീരശൂരപരാക്രമിയായ മത്തായി.

തെങ്ങുവിള മത്തായി കുടിയനായി.

ദേവസ്യായുടെ കടയിലെ പറ്റുവരവുകാരനായി.

പെന്തക്കോസ്തുകാരുടെ ശത്രുവായി.

കുക്കുസായിപ്പിന്റെ ശിഷ്യനായി.

പെന്തക്കോസ്തുകാരുടെ മിത്രമായി. ഉപദേശിയായി.

അപ്പനായി. അമ്മായിയപ്പനായി. വയസ്സനായി.

ഇപ്പോൾ രോഗിയുമായി.

കാലിൽ ഒന്നുരണ്ടു വ്രണങ്ങൾ. കൂടെക്കൂടെ മൂത്രവാർച്ച. പ്രമേഹത്തിന്റെ ലക്ഷണങ്ങൾ! ചെറുപ്പകാലത്ത് ശരീരത്തിന് ഇരുനിറമായിരുന്നു. ഇപ്പോൾ ഷഷ്ടിപൂർത്തിയോടടുത്തപ്പോൾ ചുളുക്കം ബാധിച്ച ത്വക്ക് കറുത്തുവരുന്നു. അണപ്പല്ലുകൾ കൊഴിഞ്ഞുതുടങ്ങി. കണ്ണടകൂടാതെ വേദപുസ്തകം വായിക്കാനും വയ്യ.

നെയ്യാറ്റിൻകര എത്തിയപ്പോൾ സന്ധ്യയാകാറായി. തമിഴ്നാടിനോട് അധികം ദൂരെയല്ലാതെ കിടക്കുന്ന കേരളത്തിന്റെ തെക്കൻപ്രദേശം. ബസ്സിൽനിന്നിറങ്ങി. കവലയിൽ നിന്ന ഒരു ബാലൻ പെട്ടെന്ന് മത്തായിച്ചന്റെ സമീപത്തേക്ക് നടന്നുനീങ്ങി. തമിഴുകലർന്ന മലയാളത്തിൽ ചോദിച്ചു: 'സാർ, ഉങ്കൾ പേര് എന്തവാ?'

'എന്റെ പേര് മത്തായിച്ചനെന്നാ.'

'ഉങ്കൾ എങ്കെ പോരിംഗെ സാർ?'

അർത്ഥം ഊഹിച്ചെടുത്തുകൊണ്ട് മത്തായിച്ചൻ പ്രതിവചിച്ചു: 'ഞാൻ ഗണേശ്നാടാരുടെ വീട്ടിൽ പോകുവാ. വഴി അറിഞ്ഞൂടാ.'

'നാൻ താൻ ഗണേശ് നാടാരുടെ മകൻ. അപ്പാ ഉങ്കളെ വീട്ടുക്ക് കൂട്ടിക്കോണ്ടുവരുവാൻ എന്നെ അയച്ചതാ.'

'അപ്പടിയാ! സ്തോത്രം.'

മത്തായിച്ചന്റെ മുഖത്ത് പ്രകാശം സ്ഫുരിച്ചു.

മത്തായിച്ചൻ രണ്ടാഴ്ചമുമ്പേ താൻ നെയ്യാറ്റിൻകരയ്ക്കു ചെല്ലുന്ന ദിവസം കത്തുമൂലം ഗണേശ്നാടാരെ അറിയിച്ചിരുന്നു. അദ്ദേഹത്തെ പ്രതീക്ഷിച്ച് നാടാരുടെ മകൻ കവലയിൽ നില്ക്കുകയായിരുന്നു.

അരമൈൽ നടന്നപ്പോൾ ബാലൻ കൈ ചൂണ്ടി: 'അത് ഞങ്കടെ വീടാ.'

'ആണ്ടവരെ സ്തോത്തരിച്ചുകൊള്ളുന്നു.' വീട്ടുമുറ്റത്തേക്കോടിവന്ന് മദ്ധ്യവയസ്കനായ ഗണേഷ് നാടാർ സ്വാഗതമരുളി.

' ദൈവത്തിനു സോത്തിരം.' മത്തായിച്ചൻ ആഹ്ളാദസമേതം അല്പം തമിഴ് ചേർത്ത് പ്രത്യഭിവാദനം നടത്തി.

അന്യോന്യം വിശുദ്ധചുംബനം നൽകി.

'യാത്ര എപ്പടിയിരുന്തു?'

'സുഖമായിരുന്നു. പാമ്പാടീന്ന് രാവിലെ തിരിച്ചതാ'.

'കാൽവറിയെ പുകഴുംകൾ. ഞങ്കളു രാവിലെ മുതലുക്കു നിങ്കളെ കാത്തിരിക്കുവാരുന്തു.'

അടുക്കളയിലേക്കു നോക്കിയശേഷം ഗണേഷ്നാടാർ ക്ഷണം നൽകി: 'എന്റെ ഭാര്യ ഉങ്കളുക്കു ശാപ്പാട് ഉണ്ടാക്കി വച്ചിരിക്കുന്തു.'

ഭക്ഷണത്തിനു ശേഷം പനമ്പുകൊണ്ടു മറച്ച വരാന്തയിലേക്കു ചൂണ്ടി: 'പായ് അങ്കെ ഉണ്ട്. ഉങ്കളുകളെല്ലാം കുളിക്കണം; പിന്നെ ഉറങ്ങിക്കൊണ്ടാലും.' മത്തായിച്ചനും കുടുംബത്തിനും മനസ്സിലാകാൻ വേണ്ടി കൂടുതൽ മലയാളപദങ്ങൾ ചേർത്താണ് ഗണേഷ് നാടാർ സംസാരിച്ചത്.

രണ്ടു മുറികളും വിശാലമായ ഒരു വരാന്തയുമുള്ള വീടാണത്. ഗണേഷ്നാടാർക്ക് എട്ടു മക്കളും. മറ്റു സൗകര്യമുണ്ടാകുന്നതുവരെ നാടാരുടെ വീട്ടിൽ താമസിക്കാനാണ് മത്തായിച്ചന്റെ പദ്ധതി.

♦ ♦ ♦

അഗസ്ത്യകൂടത്തിലുത്ഭവിച്ച്, തെക്കൻ പ്രദേശങ്ങളെ കീറിമുറിച്ച്, നെയ്യാറ്റിൻകരയിലൂടെയൊഴുകി പൂവ്വാറിനു സമീപം കടലിൽ ലയിക്കുന്ന നദി. ചരിത്രപ്രസിദ്ധിയാർജ്ജിച്ച നെയ്യാർ!

ആ നദിയുടെ തലോടലേറ്റ്, കാറ്റിന്റെ ഹൂംകാരം കേട്ട്, സുവിശേഷമറിയിച്ചു നടക്കുന്ന ഒരു കുടുംബം.

അമ്പത്തേഴുകാരനായ മത്തായിച്ചൻ. കൃശഗാത്രിയായ ഭാര്യ സാറാമ്മ. പത്തൊൻപതുകാരനായ മകൻ ജോണി. ഇരുപത്തിനാലുവയസ്സായിട്ടും വിവാഹിതയായിട്ടില്ലാത്ത കുഞ്ഞമ്മ. പതിനേഴുകാരികളായ ഇരട്ടപെൺകിടാങ്ങൾ—ശേബായും എസ്ഥേറും.

പ്രായം മധുരപ്പതിനേഴ്. പക്ഷേ, ജീവിതം കയ്പും മധുരവും ഇടകലർന്നത്.

ആറംഗങ്ങളുള്ള മത്തായിച്ചന്റെ കുടുംബത്തെ പോറ്റിപ്പുലർത്താൻ പത്തംഗങ്ങളുള്ള ഗണേഷ്നാടാരുടെ കുടുംബത്തിന് സാധിക്കുമോ?

കുടുംബത്തെ പോറ്റാൻ ഒരു തൊഴിൽകൂടി ചെയ്യാൻ മത്തായിച്ചൻ തയ്യാറായി—പുസ്തകങ്ങൾ ബയന്റുചെയ്യുന്ന തൊഴിൽ. കൂടാതെ ഇരുപതുസെന്റു സ്ഥലം പാട്ടത്തിനെടുത്തു—പച്ചക്കറികൃഷി ചെയ്യാനും കപ്പയിടാനും.

സാറാമ്മ തടസ്സം പറഞ്ഞു: 'നമ്മളു സുവിശേഷവേലയ്ക്കു വന്നവരല്ലേ? പയറും ചേമ്പും നടാൻ വന്നവരാണോ?'

'അപ്പൊസ്തൊലനായ പൗലൊസ് ഉപജീവനത്തിനായി കൂടാരപ്പണി ചെയ്തു. ഞാനും അല്പം ജോലിചെയ്താൽ കൊഴപ്പമില്ല. അർദ്ധപട്ടിണിക്കാരായ നമ്മുടെ സഭാംഗങ്ങളുടെ തലേൽ നമ്മുടെ കുടുംബത്തിന്റെ ഭാരം കൂടി തള്ളിക്കേറ്ററുത്. തൊഴുതുണ്ണുന്ന ചോറിനെക്കാൾ ഉഴുതുണ്ണുന്ന ചോറാനല്ലത്.'

പലരും പഴയ പുസ്തകങ്ങളുമായി മത്തായിച്ചനെ സമീപിച്ചു. ഇടയ്ക്കിടെ പഴയ വേദപുസ്തകങ്ങളും പരസ്യാരാധനാക്രമഗ്രന്ഥങ്ങ ളും തമിഴ് പാട്ടുപുസ്തകങ്ങളും ഹൈന്ദവപുരാണങ്ങളും കിട്ടിത്തുടങ്ങി. കട്ടിയുള്ള നൂലുകൊണ്ട് കുത്തിക്കെട്ടി, മേനിയുള്ള തുകൽ പശയിൽ മുക്കിയൊട്ടിച്ച്, പുതിയ പുസ്തകമാക്കി തിരികെ ഏല്പിക്കും. ആദ്യത്തെ മാസം ആകെ മുപ്പതുരൂപാ പ്രതിഫലം കിട്ടി.

വരുമാനത്തുകയുടെ ഒരു ഭാഗം കൊടുത്ത് ഒരു തമ്പേറും ചിഞ്ചിലും വാങ്ങി. താളമേളാദികളോടുകൂടി ദൈവനാമത്തിനു മഹത്വം കരേറ്റാൻ!

ബാക്കി പണം കൊടുത്ത് അരിയും അത്യാവശ്യ പാചകസാധനങ്ങളും വാങ്ങി—മത്തായിച്ചനുവേണ്ടി ഗോതമ്പും. പ്രമേഹരോഗിയായ അദ്ദേഹം നെല്ലരിച്ചോറ് വളരെ കുറച്ചുവരികയാണ്.

പച്ചക്കറികൃഷിയായാലും പുസ്തകപ്പണിയായാലും പകൽ പന്ത്രണ്ടു മണി കഴിഞ്ഞാൽ, പിന്നെ യാതൊരു തൊഴിലും മത്തായിച്ചൻ ചെയ്യുകയില്ല. പ്രാർത്ഥന, ഭവനസന്ദർശനം, ആളാംപ്രതി സുവിശേഷവേല—ആത്മീയകാര്യങ്ങൾ മാത്രം.

പുസ്തകപ്പണി ചെയ്യുമ്പോൾ അന്നമ്മ മാമ്മൻ എഴുതിയ ഗാനമാലപിക്കുന്നതൊരു പതിവായിത്തീർന്നു.

ഞെരുക്കത്തിനപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണീർ കുടിച്ചെന്നാലും

ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും....
യാത്രചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധംചെയ്യും ഞാനേശുവിനായ്
ജീവൻ വച്ചിടും രക്ഷകനായ്
അന്ത്യശ്വാസം വരേയും.

മുമ്പിലിരിക്കുന്ന ചില തമിഴ്ഗ്രന്ഥങ്ങൾപോലെ ജീവിതവും ചിലപ്പോൾ മത്തായിച്ചനു ദുർഗ്രഹമായി തോന്നി. ജീവിതത്തിലെ പലതിന്റെയും അർത്ഥം മനസ്സിലാകുന്നില്ല.

എന്തുകൊണ്ട് ജോണി മാനസാന്തരപ്പെടുന്നില്ല?
എന്തുകൊണ്ട് പെൺകുട്ടികളുടെ വിവാഹം നടക്കുന്നില്ല?
എന്തുകൊണ്ട് പ്രമേഹരോഗിയായി?
എന്തുകൊണ്ട് പട്ടിണി ഉണ്ടാകുന്നു?
എന്തുകൊണ്ട് പരിഹാസം ചുറ്റിലും അലയടിക്കുന്നു?

ഇന്ത്യ സ്വതന്ത്രമായതോടുകൂടി ഓരോ പൗരന്റെയും അഭ്യുന്നതിക്കു വേണ്ടി ചെയ്യാവുന്നതിന്റെ പരമാവധി സഹായം നെഹ്രുവിൻെറ കേന്ദ്രമന്ത്രിസഭ ചെയ്തു തുടങ്ങി.

ഹരിജനങ്ങൾക്ക് ആനുകൂല്യങ്ങൾ—പക്ഷേ തെങ്ങുവിള മത്തായിച്ചൻ ഹരിജനങ്ങളുടെ കൂട്ടത്തിലുൾപ്പെടുന്നില്ല....അദ്ദേഹം സുറിയാനി ക്രിസ്ത്യാനിയാണ്.

അദ്ധ്യാപകർക്കു ശമ്പളക്കൂടുതൽ—പക്ഷേ, മത്തായിച്ചനതു കിട്ടുകയില്ല....അദ്ദേഹം ഒരദ്ധ്യാപകനല്ല.

അംഗഹീനർക്ക് വീടുവയ്ക്കാൻ വൻതുക—പക്ഷേ അതും മത്തായിച്ചനു കിട്ടുകയില്ല....അദ്ദേഹത്തിനു കൈയ്യും കാലുമുണ്ട്. കണ്ണും മൂക്കുമുണ്ട്. ഒന്നിനും കേടില്ല.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത സന്നദ്ധഭടന്മാർക്ക് ആനുകൂല്യങ്ങൾ—പക്ഷേ, മത്തായിച്ചൻ സമരത്തിനു പോയില്ല... അന്ന് ഇടമൺപ്രദേശത്ത് സുവിശേഷവേലയായിരുന്നു.

ധനവാന്മാർക്കും ആനുകൂല്യങ്ങൾ. റബ്ബർതോട്ടം വച്ചുപിടിപ്പിക്കാനും വ്യവസായം തുടങ്ങാനും സർക്കാർ പണം വായ്പ നൽകുന്നു—പക്ഷേ, മത്തായിച്ചൻ ധനവാനല്ല.

അതേ, ധനവാനല്ല.
ദരിദ്രനല്ല.
ഭിക്ഷക്കാരനല്ല.
പണ്ഡിതനല്ല.
പാമരനല്ല.

മന്ത്രിസഭ കടാക്ഷിക്കുന്ന ഒരു സംഘത്തിലും സംഘടനയിലും ഉൾപ്പെടുന്നില്ല—അദ്ദേഹം ഒരു ഉപദേശിയാണ്. സിന്ദാബാദ് വിളിക്കുന്നവരെ മാത്രമേ മന്ത്രിസഭ കടാക്ഷിക്കാറുള്ളൂ. മത്തായിച്ചൻ ഉപദേശിഐക്യം സിന്ദാബാദ് വിളിച്ചിട്ടില്ല.

എങ്കിലും ധനവാനെപ്പോലെ തനിക്കു വയറുണ്ട്.
ദരിദ്രനെപ്പോലെ വായുണ്ട്.

അംഗഹീനനെപ്പോലെ വിശപ്പുണ്ട്.
അദ്ധ്യാപകനെപ്പോലെ ദാഹമുണ്ട്.
സന്നദ്ധഭടനെപ്പോലെ വയറ്റിൽ ആഹാരം ചെല്ലണം.
ഹരിജനത്തെപ്പോലെ തലയിലെണ്ണ വേണം.
ദേഹത്തു വസ്ത്രം വേണം.
വസ്ത്രം കഴുകാൻ സോപ്പും കാരോം വേണം.

ക്രമേണ എല്ലാ പ്രശ്നങ്ങളുടെയും ഉത്തരം വേദപുസ്തകത്തിൽ കണ്ടെത്താൻ പഠിച്ചു.

പട്ടിണി—പത്രോസും പൗലോസും പലവട്ടം പട്ടിണി സഹിച്ചു.
രോഗം—പൗലോസിന് ജഡത്തിൽ ഒരു ശൂലം ഉണ്ടായിരുന്നു.
കഷ്ടത—അതു ലാഭമാണ്. തേച്ച രത്നത്തിന് തെളിവുകൂടും.

# ഇരുപത്തിരണ്ട്

**വി**തച്ചു.
കൊയ്തു.
പക്ഷേ കളപ്പുരയിൽ കൂട്ടിവച്ചില്ല.

ഇരുപതുസെന്റു സ്ഥലത്തുനിന്നും ലഭിച്ച കാർഷികവിളകളുടെ പകുതി ചന്തയിൽ വിറ്റു. കിട്ടിയ തുക തൃശൂർനിന്നും ഉണർവുപ്രാസംഗികരായ വി. കെ ഏബ്രഹാമിനെയും എ.ഐ. ജോസഫിനെയും ക്ഷണിച്ചുവരുത്തി യോഗങ്ങൾ നടത്തുന്നതിനുള്ള ചെലവിനുവേണ്ടി നീക്കിവെച്ചു. ഒരു ഭാഗം അർദ്ധപട്ടിണിക്കാരനായ ബഞ്ചമിൻ നാടാരുടെ കുടുംബത്തിനു കൊടുത്തു. ബാക്കിയേ മത്തായിച്ചനും കുടുംബവും അനുഭവിച്ചുള്ളൂ.

ഔദാര്യത്തെ ജോണി ചോദ്യംചെയ്തപ്പോൾ മത്തായിച്ചൻ പറഞ്ഞു: 'മോനേ, ആനയ്ക്കൊരു കാലം വന്നാൽ പൂനയ്ക്കുമൊരു കാലം വരണം. നമ്മക്കു ഗുണംവരുമ്പം അയലത്തുകാർക്കും വരണം'.

കൃഷി മത്തായിച്ചന്റെ പട്ടിണിയെ അകറ്റിനിർത്തിയില്ല. കാരണം, അടുത്തയിടെ മത്തായിച്ചനും കുടുംബവും ഒരു വാടകവീട്ടിലേക്ക് താമസം മാറ്റി. സഭയിൽനിന്നും സ്തോത്രകാഴ്ചയായി ലഭിക്കുന്ന പണത്തിന്റെ ഒരു ഭാഗം വാടകയ്ക്കുവേണ്ടി നീക്കിവയ്ക്കണം. കൂടാതെ പുസ്തകപ്പണിയിൽനിന്നും ലഭിക്കുന്ന ആദായം നന്നേ കുറഞ്ഞു.

നെയ്യാറ്റിൻകരയിലുള്ള പല ഹൈന്ദവ—ക്രൈസ്തവ കുടുംബങ്ങൾ പെന്തക്കോസ്തു വിശ്വാസത്തിലേക്കാകർഷിക്കപ്പെട്ടു. അതോടുകൂടി ഹൈന്ദവരിൽനിന്നും പാരമ്പര്യ ക്രൈസ്തവസഭകളിൽനിന്നും എതിർപ്പുകൾ വർദ്ധിച്ചു. ആരുടെയും പുസ്തകങ്ങൾ മത്തായി ഉപദേശിയെക്കൊണ്ട് ബയന്റു ചെയ്യിക്കരുതെന്ന് എതിരാളികൾ നിർദ്ദേശം നൽകി.

അയലത്തുള്ള വർക്കിമാപ്പിളയുടെ കിണറ്റിലെ വെള്ളംപോലും മത്തായിച്ചനു വിലക്കപ്പെട്ടിരുന്നു. കാൽമൈൽ അകലെയുള്ള ഹമീദുറാവുത്തരുടെ കിണറ്റിൽനിന്നാണ് സാറാമ്മ വെള്ളം കൊണ്ടുവരുന്നത്.

മത്തായിച്ചനു പരാതിയില്ലായിരുന്നു. 'അന്നവിചാരം മുന്നവിചാരമാകരുത്. എന്റെ സഭയിൽ പലരും മുഴുപ്പട്ടിണിക്കാരാ. നമ്മക്ക് അരപ്പട്ടിണിയേ ഉള്ളൂ. കുഞ്ഞുങ്ങളെ ഇതുവരെ പട്ടിണി കെടത്തീട്ടില്ല. സ്തോത്രം.' മത്താ

യിച്ചൻ സാറാമ്മയെ ആശ്വസിപ്പിച്ചു.

ചൊവ്വാഴ്ച രാവിലെ പ്രാർത്ഥനയും കഞ്ഞികുടിയും കഴിഞ്ഞ് വേദപുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് അപരിചിതനായ ഒരു യുവാവ് പടികടന്നുവന്നു. ഒരു കത്ത് മത്തായിച്ചനെ ഏല്പിച്ചുകൊണ്ടു പറഞ്ഞു: 'ഇത് ഡോക്ടർ ജയിംസ്ജോസഫ് അവർകൾ തന്നയച്ചതാണ്. ഉപദേശി ഇന്നു വൈകിട്ട് അവിടംവരെ ഒന്നു ചെല്ലണോന്നു പറഞ്ഞു.'

കത്തു തുറന്നു. മുകളിൽ, കത്തെഴുതിയ ആളിന്റെ പൂർണ്ണമായ പേര് അച്ചടിച്ചിട്ടുണ്ട്: പാസ്റ്റർ ഡോക്ടർ ജയിംസ് ചെറിയാൻ ജോസഫ്. പേരിനോടു ചേർത്തിരുന്ന ബിരുദത്തിൽ ഇംഗ്ലീഷ് ഭാഷയിലെ മിക്കവാറും എല്ലാ അക്ഷരങ്ങളും ഉണ്ടായിരുന്നു.

മത്തായിച്ചൻ ജോസഫിൻെറ വീട്ടിലേക്കു തിരിച്ചു. കവലയോടടുത്തപ്പോൾ ഒരു വലിയ ജാഥ തന്റെ നേരെ വരുന്നത് അദ്ദേഹം ശ്രദ്ധിച്ചു.

മുമ്പിൽ ഒരു ജീപ്പിൽ മന്നത്തുപത്മനാഭപിള്ള. തൊട്ടു പുറകിൽ ഖദർ വസ്ത്രധാരികളായ ഒരു സംഘം രാഷ്ട്രീയനേതാക്കൾ. മൂന്നാം നിരയിൽ അഞ്ഞൂറോളം യുവാക്കൾ. അടുത്തു വന്നപ്പോൾ മുദ്രാവാക്യങ്ങൾ കൂടുതൽ വ്യക്തമായി.

ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ തകരട്ടെ.

കരിംകാലി കമ്മ്യൂണിസ്റ്റ് മന്ത്രിമാർ താഴെയിറങ്ങട്ടെ.

ചിലരുടെ കൈകളിൽ ത്രിവർണ്ണപതാക. സ്ഫോടകാത്മകമായ അന്തരീക്ഷം. വിപ്ലവഗാനത്തിന്റെ ഈരടികൾ.

അറബിക്കടലിൻ തീരത്ത്
ഫ്ളോറിയെന്നൊരു ഗർഭിണിയെ
വെടിവെച്ചുകൊന്ന സർക്കാരേ
ഓരോ തുള്ളിച്ചോരയ്ക്കും
പകരം ഞങ്ങൾ ചോദിക്കും.

ചെറിയതുറയിൽ പോലീസിന്റെ വെടിയേറ്റു മരിച്ച പൂർണ്ണഗർഭിണിയായിരുന്ന ഫ്ളോറി എന്ന സ്ത്രീയെ അവർ രക്തസാക്ഷിയാക്കിയിരിക്കയാണ്. അങ്കമാലി പോലീസ് സ്റ്റേഷനു മുമ്പിൽ നടന്ന വെടിവെയ്പിൽ കൊല്ലപ്പെട്ടവരെയും രക്തസാക്ഷികളാക്കിയിരിക്കയാണ്.

അങ്കമാലി കല്ലറയിൽ
നമ്മുടെ സോദരരാണല്ലോ
കല്ലറയാണേ കട്ടായം
പകരം ഞങ്ങൾ ചോദിക്കും.

ജാഥയെ അഭിമുഖീകരിച്ചു നടക്കുന്ന മത്തായി ഉപദേശിയെ കണ്ടപ്പോൾ, മുമ്പിൽനിന്ന ഒരു നേതാവ് പല്ലില്ലാത്ത മോണകാട്ടി ഒരു ഗാന്ധിച്ചിരി ചിരിച്ചു. വേദപുസ്തകം പിടിച്ചുവരുന്ന മത്തായിച്ചനെ പരിഹാസ ദൃഷ്ടികളോടെയാണ് യുവാക്കൾ പലരും വീക്ഷിച്ചത്.

പുള്ളിയുടുപ്പിട്ട ഒരു യുവാവു ചോദിച്ചു: 'ഉപദേശീ, ജാഥയിൽ ചേരുന്നില്ലേ? കമ്മ്യൂണിസ്റ്റുകാരെ താഴെയിറക്കാൻ?'

'എനിക്കാരേം താഴെയിറക്കണ്ട. കമ്മ്യൂണിസ്റ്റുകാരെ എറക്കണ്ട. കോൺഗ്രസ്സുകാരേം എറക്കണ്ടാ.'

'പോതക്കേടു പറയാതിരി ഊദേശീ. കമ്മ്യൂണിസ്റ്റുകാർ രാജ്യത്തിന്റെ ശത്രുക്കളാ. താഴെയിറക്കണം.'

'ഓ—മനുഷ്യരാരും എന്റെ ശത്രുക്കളല്ല. എന്റെ ശത്രു സാത്താൻ മാത്രം. പാപത്തോടു മാത്രമേ എനിക്കു സമരമുള്ളൂ. മുതലാളിയും തൊഴിലാളിയും പാപികൾ.'

'എന്നാല് ജാഥേലോട്ടു ശടേന്നു കേറി നില്ക്കുപദേശീ....പാപത്തോടു നമുക്കു സമരം ചെയ്യാം.'

'അതിനു ജാഥ വേണ്ട, മുദ്രാവാക്യം വേണ്ടാ....സുവിശേഷം മതി.'

മറുപടി എന്തോ പറയാൻ യുവാവ് വാ തുറന്നപ്പോൾ ശബ്ദത്തെ മറികടന്നുകൊണ്ട് ഉച്ചഭാഷിണിയിൽ കൂടി ആർ. ശങ്കറിന്റെ പ്രസ്താവന കേട്ടു.

'മാന്യരേ, ഇപ്പോൾ വിമോചനസമരത്തിന്റെ സാരഥികൾ നമ്മോടു പ്രസംഗിക്കുന്നതായിരിക്കും.' ജാഥ കവലയുടെ ഒരു വശത്തു വട്ടമിട്ടുനിന്നു. ജീപ്പിൽ ഘടിപ്പിച്ചിരുന്ന ഉച്ചഭാഷിണിയുടെ മുമ്പിലേക്ക് മന്നത്തുപത്മനാഭൻ നീങ്ങി. ഒന്നു ചുമച്ചു; കണ്ഠശുദ്ധി വരുത്തി.

'പ്രിയപ്പെട്ട നാട്ടുകാരേ, ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് പന്ത്രണ്ടു വർഷമാകാറായി. ഇത്രയുംകാലം ഇവിടെ ക്രമസമാധാനമുണ്ടായിരുന്നു. ഇപ്പോഴിതാ ശങ്കരൻനമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ ഭരണമേറ്റതു മുതൽ ഇവിടെ അക്രമത്തിന്റെ തേർവാഴ്ച നടക്കുന്നു....1957-ൽ അധികാരത്തിൽ വന്ന നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ കഴിഞ്ഞ രണ്ടുവർഷം ഭരിച്ചിട്ട് എന്തു ഗുണമുണ്ടായി? ഈ മന്ത്രിസഭ ഇനീ ഭരിച്ചാൽ ഇവിടെ മതസ്വാതന്ത്ര്യം ഇല്ലാതാവും. നമ്മുടെ കോളേജുകൾ ഈ രക്തരാക്ഷസന്മാർ കൈയടക്കും.'

സംഹാരതാണ്ഡവത്തിനുള്ള പുറപ്പാടിന്റെ രീതിയിൽ ജനം മുഷ്ടി ഉയർത്തി. ജനം ആർത്തുവിളിച്ചു.

അരിവാൾ പാർട്ടി തകരട്ടെ
ചോരക്കൊടികൾ കീറട്ടെ
വിദ്യാർത്ഥി ഐക്യം സിന്ദാബാദ്
ഇന്ത്യൻ നാഷണൽ കോൺഗ്രസ് കീ-ജെയ്

കാക്കി നിക്കർ ധരിച്ച പോലീസുകാർ ലാത്തി ചുഴറ്റി ജനത്തെ അക്രമാസക്തരാകാതെ ഒതുക്കിനിർത്തി.

മത്തായിച്ചൻ നടന്നു—ജയിംസ് ജോസഫിന്റെ വീടിനെ ലക്ഷ്യമാക്കി.

നെയ്യാറ്റിൻകരയിൽ പുതിയ താമസക്കാരനായ പാസ്റ്റർ ജയിംസിനെപ്പറ്റി മത്തായിച്ചൻ നേരത്തേ കേട്ടിട്ടുണ്ട്. പണ്ടയാൾ ഒരു പെന്തക്കോസ്തു വിശ്വാസിയായിരുന്നു. അഞ്ചുകൊല്ലം മുമ്പ് അമേരിക്കയിൽ പോയ അദ്ദേഹം വേദശാസ്ത്രത്തിൽ ഒന്നിനു പിറകേ ഒന്നായി തപാൽവഴി ബിരുദങ്ങൾ നേടിയ ശേഷമാണ് മടങ്ങിയെത്തിയത്. ചില പ്രസ്ഥാനങ്ങൾക്ക് സംഭാവന നൽകി നേടിയ ബിരുദങ്ങൾ! രണ്ടു ഡോക്ടറേറ്റുബിരുദങ്ങൾ ലഭിച്ചിട്ടുണ്ട്. ഒന്ന് ആരും കേട്ടിട്ടില്ലാത്ത ഒരു സംഘടന നൽകിയ ഓണററി ഡോക്ടറേറ്റ്. മറ്റേത് ഒരു ആഴ്ചപ്പതിപ്പിൽ കണ്ട പരസ്യത്തിന്റെ അടിസ്ഥാനത്തിൽ എഴുത്തുകുത്തു നടത്തി ലഭിച്ച മെയിൽ ഓർഡർ ഡോക്ടറേറ്റ്. വ്യാജ ഡോക്ടറേറ്റുകൾ ആയതുകൊണ്ട് ഡോക്ടറേറ്റുകിട്ടിയ വിഷയത്തിൽ ഒരു ജോലി നൽകാൻ അമേരിക്കയിലെ ഒരു സ്ഥാപനവും മുന്നോട്ടുവന്നിട്ടില്ല.

ന്യൂയോർക്കു സംസ്ഥാനത്തിലാണ് അദ്ദേഹം അഞ്ചുവർഷവും താമസിച്ചത്. എന്നാൽ കിട്ടിയിരിക്കുന്ന ബിരുദങ്ങൾ ആയിരം മൈൽ അകലെയുള്ള അലബാമയിൽ നിന്നും മൂവായിരം മൈൽ അകലെയുള്ള കാലിഫോർണിയയിൽനിന്നുമാണ് എന്ന വസ്തുത ചിന്തിക്കുന്നവരിൽ ആശ്ചര്യ

മുളവാക്കുന്നു. ന്യൂയോർക്കിൽ ഒരു അക്കൗണ്ടിംഗ് ഓഫീസിലാണ് അദ്ദേഹം ജോലി ചെയ്തത്. പക്ഷേ കിട്ടിയിരിക്കുന്ന ഡോക്ടറേറ്റുകൾ വേദശാസ്ത്ര ത്തിലും സോഷ്യോളജിയിലും!!!

നിശ്ചിതമായ ഫീസ് ഈടാക്കി ഡോക്ടറേറ്റുബിരുദം നൽകുന്ന കള്ള ക്കമ്പനികൾ പലതും അദ്ദേഹത്തിന്റെ പരിചയത്തിലുണ്ട്. ഈ കമ്പനികൾ വഴി അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുറെ ബന്ധുക്കൾക്കും ഡോക്ട റേറ്റുബിരുദങ്ങൾ ഒപ്പിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അവരിൽ ആർക്കും ഇന്നേവരെ അവർക്കു ഡോക്ടറേറ്റു കിട്ടിയ വിഷയത്തിൽ ഒരു അംഗീകൃ തസ്ഥാപനത്തിൽ ജോലി കിട്ടിയിട്ടില്ല. തെറ്റുകൂടാതെ ഇംഗ്ലീഷോ മലയാ ളമോ എഴുതാൻ കഴിവില്ലാത്തവരാണ് അവരിൽ മിക്കവരും. നാട്ടിൽ കോള ജുവിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ ചില ബന്ധുക്കൾ അമേരിക്ക സന്ദർശിച്ച് ഒന്നുരണ്ടു വർഷത്തിനുള്ളിൽ ഡോക്ടറേറ്റുമായി ട്ടാണ് മടങ്ങിയെത്തുന്നത്.

ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരരുത് എന്നത് ദൈവവചനത്തിലെ കൽപ്പനയാണ്. അർഹിക്കാത്ത ബിരുദങ്ങൾ തേടുന്നതും, അർഹിക്കാത്ത ബഹുമതികൾ സ്വന്തമാക്കുന്നതും, വ്യാജഡിഗ്രികൾ ഉപയോഗിച്ച് പൊതു ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുന്നതും കല്പനാലംഘനങ്ങളായി മത്തായിച്ചൻ കരുതുന്നു. ജയിംസ്ജോസഫിനെപ്പറ്റി ആദ്യം കേട്ട പ്പോൾത്തന്നെ അദ്ദേഹത്തെപ്പറ്റി മത്തായിച്ചനു ദുഃഖം തോന്നി.

പണ്ടത്തെപ്പേര് ഇടിച്ചെറിയാ ഔസേപ്പുകുട്ടി എന്നായിരുന്നു. മറുനാ ട്ടിൽ വച്ച് പേരിനു പാശ്ചാത്യച്ഛായ നൽകി—ഇടിച്ചെറിയാ ചെറിയാനായി— ഔസേപ്പുകുട്ടി ജോസഫ് ആയി. സായിപ്പന്മാർക്ക് പേരുവിളി കൂടുതൽ സുഗമമാക്കാൻ ജയിംസ് എന്ന ഓമനപ്പേരുകൂടി ചേർത്തു. അങ്ങനെ പാസ്റ്റർ ജയിംസ് ചെറിയാൻ ജോസഫ് എന്ന പുതിയ നാമധേയത്തിലാണദ്ദേഹം അറിയപ്പെടുന്നത്.

ഇപ്പോൾ അദ്ദേഹം അമേരിക്കയിലെ ഒരു ക്രൈസ്തവ സഭയുടെ പ്രതി നിധിയായി, 'ഭാരതീയ സ്വതന്ത്ര പുതിയനിയമ കൂട്ടായ്മ' എന്നപേരിൽ ഒരു പുതിയ സഭാസംഘടന രൂപീകരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്.

അദ്ദേഹത്തിന്റെ സഭയുടെ പേരിനു മാത്രമല്ല പുതുമയുള്ളത്. വിശ്വാ സപ്രമാണങ്ങൾക്കും പുതുമയുണ്ട്.

പാസ്റ്റർ ജയിംസിന്റെ സഭ നരകത്തിൽ വിശ്വസിക്കുന്നില്ല. നീതിമാ ന്മാർക്ക് സ്വർഗ്ഗമുണ്ട്. പക്ഷേ ദുഷ്ടനു നരകമില്ല.

ക്രിസ്തുവിന്റെ ശാരീരിക പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നില്ല. അവന്റെ ആത്മാവു മാത്രം ഉയിർത്തെഴുന്നേറ്റു.

ക്രിസ്തുവിന്റെ ദൈവത്വത്തിലും വിശ്വാസമില്ല. കേവലം ഒരു നല്ല മനുഷ്യനായിരുന്നു ക്രിസ്തു. അതിമാനുഷൻ!

വീട്ടിലിരുന്ന് മദ്യപിക്കുന്നതിൽ തെറ്റില്ല. കള്ളുഷാപ്പിൽ പോകാതിരു ന്നാൽ മതി.

പുകവലിക്കാരെയും മദ്യപാനികളെയും അദ്ദേഹത്തിന്റെ സ്വതന്ത്രസഭ അംഗങ്ങളായി അംഗീകരിക്കുന്നു.

പരിശുദ്ധാത്മാവിലും അന്യഭാഷാ ഭാഷണത്തിലും പുതിയ സഭ യ്ക്കു വിശ്വാസമുണ്ട്. പക്ഷേ ഹൃദയം ആത്മാവിനാൽ നിറയുമ്പോഴുണ്ടാകുന്ന അന്യഭാഷയല്ല. ഉപദേശിമാർ എന്തൊക്കെയോ അജ്ഞാതവാക്കുകൾ പ്രാർ

ത്ഥനാവേളയിൽ വിശ്വാസികൾക്കു ചൊല്ലിക്കൊടുക്കുന്നു. ഓരോ വിശ്വാസിയും അതേറ്റു ചൊല്ലുന്നു. സ്വന്തം ഇഷ്ടപ്രകാരം എപ്പോൾ വേണമെങ്കിലും വാക്കുകൾ ആലോചിച്ചു നിർമ്മിച്ചെടുത്ത് ഉച്ചരിക്കാം. ഹൃദയവും നാവുമായി ബന്ധം വേണമെന്നില്ല. ബുദ്ധിയും നാവുമായിട്ടാണു ബന്ധം.

പാസ്റ്റർ ജയിംസ് പരിശുദ്ധാത്മപൂർണ്ണനാകുമ്പോൾ ഫ്രഞ്ചുഭാഷയാണു സംസാരിക്കുന്നതെന്ന് അദ്ദേഹം തന്നെ അഭിമാനപൂർവ്വം പറയാറുണ്ട്. പക്ഷേ, അദ്ദേഹം അമേരിക്കയിൽവച്ച് അല്പം ഫ്രഞ്ചുഭാഷ പഠിച്ചതാണ് എന്ന സത്യം നാട്ടിലാരും അറിഞ്ഞിട്ടില്ല.

അദ്ദേഹത്തിന് രോഗശാന്തിവരം ഉണ്ടെന്ന് കൺവെൻഷൻ പരസ്യങ്ങളിൽ അച്ചടിച്ചു പ്രചരിപ്പിക്കാറുണ്ട്. രോഗികളുടെ കുറുകിയ കാലിന്റെ നീളം വർദ്ധിപ്പിച്ചെടുക്കാൻ പ്രത്യേക വരമുണ്ടെന്ന് അവകാശപ്പെടാറുണ്ട്.

സ്ത്രീകളുടെ കാല് വലിച്ചുനീട്ടാനാണ് ജെയിംസ് ജോസഫിന് കൂടുതൽ ഉത്സാഹമെന്ന് പൊതുജനങ്ങളുടെയിടയിൽ ഒരു സംസാരമുണ്ട്.
ഊതിവീഴ്ത്തൽ എന്നൊരു ചടങ്ങും അദ്ദേഹം ക്രമീകരിക്കുന്ന യോഗങ്ങളിൽ ഉണ്ട്. പ്രസംഗത്തിനിടയിൽ അദ്ദേഹം നീട്ടി ഊതും. ഉച്ചഭാഷിണി അത് കൊടുങ്കാറ്റായി മാറ്റുന്നു. കേഴ്വിക്കാരിൽ ഒരുകൂട്ടം മലർന്നു വീഴുന്നു. വീണവരെ അദ്ദേഹംതന്നെ കൈപിടിച്ച് എഴുന്നേല്പിക്കുന്നു. വീണ്ടും അവരെതന്നെ ഊതുന്നു. വീണ്ടും അവർ വീഴുന്നു. അദ്ദേഹത്തിൻെറ കഴിവുകളിൽ ഒരുകൂട്ടം കേഴ്വിക്കാർക്ക് മതിപ്പുതോന്നുന്നു.

വീഴാത്തവരെ ഉന്തുകയും തള്ളുകയും ചെയ്യുന്നു. കൈവിരലുകൾകൊണ്ട് അവരുടെ നെറ്റിയിൽ പെട്ടെന്നു തട്ടുന്നു. കൊട്ടുന്നു. ഒടുവിൽ അവരും വീഴുന്നു.

സ്ത്രീകൾ വീണുകിടക്കുന്ന സ്ഥാനത്തേക്ക് കൂടക്കൂടെ അദ്ദേഹം നടന്നു നീങ്ങാറുണ്ട്. ഇരുമ്പുകഷണം കാന്തത്തിലേക്ക് ആകർഷിക്കപ്പെടുന്നപോലെ.

പണ്ട് ഒന്നുരണ്ടുവട്ടം കുക്കുസായിപ്പിന്റെ യോഗങ്ങളിൽ ചിലർ ആത്മവിവശതയിൽ കമിഴ്ന്നുവീണ് സ്തോത്രാർച്ചനകൾ നടത്തുന്നതും മറ്റുചിലർ മൗനമായി കിടക്കുന്നതും മത്തായിച്ചൻ കണ്ടിട്ടുണ്ട്. എന്നാൽ, അവരെ ഉപദേശിമാർ പിടിച്ചെഴുന്നേല്പിച്ചശേഷം വീണ്ടും പ്രാർത്ഥിച്ച് വീഴ്ത്തുന്നതു കണ്ടിട്ടില്ല. ഇത്തരം അനുഭവങ്ങൾ യോഗങ്ങളുടെ സ്ഥിരം പരിപാടിയായി മാറ്റിയെടുക്കുന്നതും കണ്ടിട്ടില്ല.

പാസ്റ്റർ ജയിംസ് ജോസഫ് ബൈബിൾ കൈകാര്യംചെയ്യുന്ന രീതിയും വിമർശനവിഷയമായിട്ടുണ്ട്. അദ്ദേഹത്തിന് ബൈബിൾ ഒരു കളിപ്പന്തുപോലെയാണ്. പ്രസംഗം ചൂടാകുമ്പോൾ ചിലപ്പോൾ അദ്ദേഹം ബൈബിൾ വളയ്ക്കുകയും ഒടിക്കുകയും ചുരുട്ടുകയും മേശപ്പുറത്തേക്ക് എറിയുകയും ചെയ്യുന്നു. കോഴിക്കച്ചവടക്കാരൻ പിടക്കോഴികളെ ചിറകിൽതൂക്കി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതുപോലെ ബൈബിളിന്റെ പുറംചട്ടകൾ കൈയിൽ തൂക്കി അകത്തെ താളുകൾ താഴേക്കിട്ടു പറത്തിക്കൊണ്ട് വേദിയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ചാടി നടന്ന് യേശുക്രിസ്തുവിന്റെ മഹത്വം വിളിച്ചോതുന്നതും അദ്ദേഹത്തിന്റെ പ്രസംഗശൈലിയുടെ ഭാഗമാണ്. ഇപ്രകാരം ഉലാത്തുമ്പോൾ ചിലപ്പോൾ പ്രസംഗക്കുറിപ്പുകൾ പഴുത്തുണങ്ങിയ പ്ലാവില കൊഴിയുന്നതുപോലെ പ്രസംഗപീഠത്തിനു ചുറ്റും ചിതറിപ്പറന്നു വീഴുന്നു. ദൈവവചനത്തിൽ ഉറച്ചു നില്ക്കണം എന്ന ആശയം വ്യക്തമാക്കാൻ വേണ്ടി

അദ്ദേഹം ഒരിക്കൽ ബൈബിൾ നിലത്തിട്ടശേഷം കേഴ്‌വിക്കാരിൽ ഒരാളെ വിളിച്ച് ബൈബിളിന്റെ പുറത്ത് കാൽചവിട്ടി ഉറച്ചു നിൽക്കാൻ ആജ്ഞാപിച്ച സംഭവവും സഭാമണ്ഡലത്തിൽ ഒച്ചപ്പാടുണ്ടാക്കി.

ആത്മവിവശതയിൽ ആകുന്നവർ ആ അവസ്ഥയിൽ കിടന്ന് ദൈവത്തെ ആരാധിക്കട്ടെ. ദിവ്യദർശനങ്ങൾ ആസ്വദിക്കട്ടെ. അവരെ ഉണർത്തി എന്തിന് ഈ പ്രഹസനങ്ങൾ നടത്തുന്നു? പ്രസംഗിക്കുന്നവർ യാതൊരു ആദരവും കൂടാതെയാണോ വേദപുസ്തകം കൈകാര്യം ചെയ്യേണ്ടത്? പ്രസംഗം പന്തുകളിയാണോ? വിദേശ ങ്ങളിൽ നിന്നു വരുന്ന ചില പ്രവാചകന്മാരോട് മത്തായിച്ചൻ ചോദിക്കാറുള്ള വിഷയമാണിത്.

പാസ്റ്റർ ജയിംസ് ജോസഫിന്റെ സഭയുടെ പേരിന് സ്വതന്ത്രം എന്ന വിശേഷണമുണ്ടെങ്കിലും അമേരിക്കയിലെ ഒരു സഭയുമായി സ്ഥായിയായ ബന്ധമുണ്ട്. ഈ ബന്ധത്തിൻെറ കണ്ണികളെ കൂട്ടിയിണക്കുന്നത് അമേരിക്കൻ ഡോളറാണ്.

മത്തായിച്ചനെ കണ്ടപ്പോൾ അദ്ദേഹം പാശ്ചാത്യ മാതൃകയിൽ ഹസ്തദാനം നൽകി. മുപ്പത്തിരണ്ടു പല്ലുകളെ സാക്ഷിനിർത്തിക്കൊണ്ടൊന്നു ചിരിച്ചപ്പോൾ രണ്ടു സ്വർണ്ണപല്ലുകൾ മത്തായിച്ചന്റെ ദൃഷ്ടിയിൽ പെട്ടു. ചിരിയുടെ വെട്ടം മങ്ങുന്നതിനുമുമ്പേ അദ്ദേഹം കസേര ചൂണ്ടിക്കാണിച്ചു.

അല്പം സങ്കോചത്തോടെ, സ്വർണ്ണക്കസവു പിടിപ്പിച്ച കുഷ്യനിട്ട കസേരയിലിരുന്നു. ഒന്നുരണ്ടിടത്ത് തുന്നിത്തയ്ച്ച ജുബ്ബ ധരിച്ച താൻ ആ കസേരയിലിരിക്കുന്നതിലെന്തോ പൊരുത്തക്കേടുണ്ടെന്നു മത്തായിച്ചനാദ്യം തോന്നി. തന്റെ വസ്ത്രം അല്പം പഴഞ്ചനെങ്കിലും നന്നായി അലക്കി ശുചിയാക്കിയതാണെന്നുള്ള വസ്തുത അദ്ദേഹത്തിനു ധൈര്യം നൽകി.

കഷ്ടതയുടെ തീച്ചൂളയിൽ ഊതിയൂതി സ്ഫുടംചെയ്ത ജീവിതം. അതിൻെറ പരിശുദ്ധി മത്തായിച്ചന്റെ മുഖത്തു കാണാനുണ്ട്.

'ദൈവത്തിനു സ്തോത്രം.' മത്തായിച്ചൻ വന്ദനം പറഞ്ഞു.

'പ്രയിസ് ദ ലോർഡ്. ഗ്ലാഡ് റ്റു മീറ്റ് യൂ.' ഇംഗ്ലീഷിലാണ് പാസ്റ്റർ ജയിംസ് പ്രത്യഭിവാദനം നടത്തിയത്.

'കണ്ടതിൽ എനിക്കും വളരെ സന്തോഷമുണ്ട്. സാറിന്റെ സ്വന്തസ്ഥലം എവിടാ?'

'ജനിച്ചു വളർന്നതു കോഴഞ്ചേരിയിൽ. കഴിഞ്ഞ അഞ്ചുവർഷം അമേരിക്കേലായിരുന്നു. മലയാളം മറന്നുപോയി. ഇടയ്ക്കിടെ ഇംഗ്ലീഷ് പദങ്ങൾ വരുന്നത് ക്ഷമിക്കണം.'

'ഓ, സാരമില്ല. ഞാൻ ചെങ്ങന്നൂരിൽ കുക്കുസായിപ്പിന്റെ ശിഷ്യനായി പ്രവർത്തിച്ചിട്ടുണ്ട്. അല്പം ഇംഗ്ലീഷ് എനിക്കും വശമുണ്ട്.'

'ഓഹോ. വെരിഗുഡ്. കുക്കുസായിപ്പിന്റെ സഭേലെ മിനിസ്റ്ററാ ഉപദേശി. അല്ലേ?'

'അതേ.'

'ഞാനും അങ്ങനെ കേട്ടു. ഉപദേശിയെ നേരിൽ കാണാൻ ആഗ്രഹിച്ചാണ് കത്തുകൊടുത്തയച്ചത്. എവിടാ ഇപ്പം താമസം?'

'ഇവിടെ വന്നിട്ട് രണ്ടുവർഷമായി. ആദ്യവർഷം ഗണേഷ്നാടാർ എന്ന വിശ്വാസിയുടെകൂടെ താമസിച്ചു. ഇപ്പോൾ ഒരു വാടകവീട്ടിൽ.

മുപ്പതു വയസ്സു തോന്നിക്കുന്ന ഒരു സ്ത്രീ ചായയുമായി മുമ്പിലെത്തി.

'ഇതെന്റെ വൈഫാ. വിവാഹം കഴിഞ്ഞിട്ട് പതിനഞ്ചു വർഷമായി.

ഐ ഹാവ് റ്റൂ ചിൽഡ്രൻ.'

മത്തായിച്ചൻ മിസ്സിസ്സ് ജയിംസ് ജോസഫിനെ ആകപ്പാടെ ഒന്നു നോക്കി.

സ്വർണ്ണക്കസവു പിടിപ്പിച്ച കാഞ്ചീപുരം സാരി.

അരയിഞ്ചു വീതിയിൽ സ്വർണ്ണഫ്രെയ്മുള്ള കണ്ണട. കണ്ണിന് അസുഖമുണ്ടായിട്ടു വച്ചതല്ല—ഒരു ഭംഗിക്കുവേണ്ടി മാത്രം.

സ്വർണ്ണ ഗിൽറ്റിട്ട ചെരുപ്പ്.

കണ്ണാടി പോലത്തെ ബ്ലൗസ്.

കവിളിൽ സിന്ദൂരം. കണ്ണിൽ മഷി.

അരയിഞ്ചു വീതിയുള്ള സ്വർണ്ണവളയിൽ ഘടിപ്പിച്ച ഒരു വാച്ച് കൈയിൽ കെട്ടിയിട്ടുണ്ട്. യഥാർത്ഥത്തിൽ അതൊരു സ്വർണ്ണവള; എന്നാൽ ആരെങ്കിലും വിമർശിച്ചാൽ വാച്ചിൻെറ ചെയിനാണെന്നു പറഞ്ഞു രക്ഷപെടാം.

മുഖത്ത് ഒരു സിനിമാനടിയുടെ പുഞ്ചിരി. ചിരിച്ചപ്പോൾ മുൻനിരയിലെ സ്വർണ്ണപ്പല്ലുകൾ തിളങ്ങി.

മിസ്സിസ്സ് ജയിംസ് ചായക്കപ്പു മുമ്പിൽ വച്ചു.

അവൾക്ക് കഴുത്തിൽ മാലയില്ല.

ചെവിയിൽ കമ്മലില്ല.

വിരലിൽ മോതിരമില്ല.

പക്ഷേ, കനകക്കട്ടിയുടെ പ്രഭയെ വെല്ലുന്ന തിളക്കം കണ്ണടയിൽനിന്നും വാച്ചിൽനിന്നും പല്ലുകളിൽനിന്നും പ്രതിഫലിച്ചു.

കത്തിച്ച മാലപ്പടക്കംപോലെ അവൾ ചിരിക്കയും സംസാരിക്കയും ചെയ്തു.

'കള്ളപ്പെന്തക്കോസ്തുകാരി.' മത്തായിച്ചൻെറ ഹൃദയത്തിൽ ശാപവാക്കുകൾ തിളച്ചുപൊങ്ങി.

'പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ ലാളിത്യവും വസ്ത്രധാരണത്തിലുള്ള മാതൃകയും പണയംവെച്ച കള്ളി. അഹങ്കാരി.' വീണ്ടും വീണ്ടും മനസ്സിൽ ശപിച്ചു.

ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ പാസ്റ്റർ ജയിംസ് ഒന്നു ചിരിച്ചു. എന്തോ പറയാൻ വരുന്നതിന്റെ തുടക്കമായിരുന്നു ചിരി.

'മത്തായുപദേശീ, കുഴിത്തുറ എന്ന സ്ഥലത്ത് ഞങ്ങടെ ഭാരതീയ സ്വതന്ത്ര പുതിയനിയമ കൂട്ടായ്മയുടെ ഒരു ശാഖ ആരംഭിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുകയാ. അതിന് ഉപദേശിയെപ്പോലൊള്ള നല്ല മനുഷ്യരുടെ ഹെൽപ്പുകൂടി വേണം.'

'അതെന്താ അങ്ങനെ പറയാൻ?'

'യൂ സീ, ഉപദേശിയെ ഞങ്ങടെ സഭയിലെ ഒരു പാസ്റ്ററായി കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. കുഴിത്തുറയിൽ ഒരു പുതിയ സഭ തുടങ്ങാൻ....ഉപദേശി ഞങ്ങടെ സഭയിൽ ചേരണം.'

മത്തായിച്ചന്റെ ചുണ്ടുകൾ എന്തു മറുപടിയാണു നിർമ്മിക്കാൻ പോകുന്നതെന്നദ്ദേഹം സസൂക്ഷ്മം വീക്ഷിച്ചു.

'എന്താ ഉപദേശീ, ഒന്നും മിണ്ടാത്തത്?'

'സാറേ. കഴിഞ്ഞ മുപ്പതു വർഷമായി ഞാൻ ഇൻഡ്യാ പൂർണ്ണസുവിശേഷദൈവസഭയിൽ ഉറച്ചു നില്ക്കുന്നു. ഈ സഭ വിട്ടുമാറാൻ താല്പര്യമില്ല.'

'ദാറ്റ് ഈസ് നോട്ട് വൈസ്....കുക്കുസായിപ്പ് നാടു വിട്ടിട്ട് ഒമ്പതു വർഷമായി. ഇനീ അങ്ങേരുടെ സഭേൽ നിന്നിട്ടെന്തോ നേടാനാ?'

'നേട്ടോം കോട്ടോം ഒന്നും നോക്കിയല്ല. ഉണ്ട ചോറിനു നന്ദി കാണിക്കണ്ടേ? സായിപ്പു മരിച്ചെങ്കിലും അദ്ദേഹം വിതച്ച കൃഷി നഷ്ടമായിട്ടില്ല.'

'ഹൊറിബിൾ—ഉപദേശി വിചാരിക്കുന്നത് കുക്കുസായിപ്പിന്റെ സഭ എന്നും നിലനില്ക്കുമെന്നാണോ? ഒരിക്കലുമില്ല, ഉണ്ണൂണ്ണിസാറിന്റെ സഭ അംഗസംഖ്യയിൽ വലുതായിവരുന്നു. ഒരുകാലത്ത് ഉണ്ണൂണ്ണിസാറിന്റെ സഭ കുക്കുസായിപ്പിന്റെ സഭയെ വിഴുങ്ങും.'

'ഒരിക്കലുമില്ല. ദൈവമക്കൾ അന്യോന്യം വിഴുങ്ങുകയില്ല. ഉണ്ണൂണ്ണിസാറിന്റെ സഭ വലുതാകുന്നതിൽ ഞങ്ങൾക്കാർക്കും അസൂയ ഇല്ല. കുക്കുസായിപ്പ് സ്വർഗ്ഗത്തിലിരുന്നു സന്തോഷിക്കയേയുള്ളൂ. യോഹന്നാൻസ്നാപകൻ പറഞ്ഞത് എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവൻ എന്നാണ്. എന്നെങ്കിലും ഒരുകാലത്ത് ഉണ്ണൂണ്ണിസാറിന്റെ സഭയും കുക്കുസായിപ്പിന്റെ സഭയും എ.സി.ശാമുവേലിന്റെ സഭയും മറ്റു പെന്തക്കോസ്തു സംഘടനകളും യോജിക്കും. അത് അന്യോന്യം വിഴുങ്ങുകയായിരിക്കുകയില്ല. സ്നേഹത്തിൽ ലയിക്കുകയായിരിക്കും. ഇതാണെന്റെ ആഗ്രഹം.'

'അബദ്ധം. അതൊരിക്കലും സംഭവിക്കില്ല. നെവർ.'

'എന്റെ ആയുഷ്ക്കാലത്ത് അത് സാദ്ധ്യമല്ലായിരിക്കാം. അടുത്ത തലമുറയിൽ അതു സംഭവിക്കാം.'

'ഉപദേശി പറേന്നത് സഭ ഒരിക്കലും—ഒരിക്കലും വിട്ടുപോകയില്ലെന്നാണോ?'

'ഞാൻ ചത്താലും ഈ സഭ വിടുകയില്ല.'

'അങ്ങനെ ഒരു പ്രത്യേക സഭയോട് സ്നേഹം നല്ലതല്ല, യേശുവിൽമാത്രം ഉറച്ചു നില്ക്കണം. സഭയിൽ ഉറയ്ക്കരുത്. യൂ അണ്ടർസ്റ്റാൻഡ്? ....പിന്നെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സഭകളാണ് ഇന്ന് ലോകത്തിൽ വളരുന്നത്. കേന്ദ്രീകൃത സഭകൾക്ക് വലിയ വളർച്ച ഉണ്ടാകുന്നില്ല.'

'അതു ശരിയായിരിക്കും സാറേ.'

'എന്റെ സഭ സ്വതന്ത്രമാണ്.'

'സ്വതന്ത്രമായ ഒരു സഭയോടൊത്തു ഞാൻ പ്രവർത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദൈവാത്മാവ് അക്കാര്യം എൻെറ ഹൃദയത്തോടു സംസാരിക്കും. നിങ്ങളു നിർബന്ധിക്കണ്ടാ.'

'സോറി, നിർബന്ധിക്കയല്ല.'

'സാറെ, വളരെ ഗൗരവമുള്ള ഒരു കാരണത്തിന്റെയോ, പാവനമായ ഒരാദർശത്തിന്റെയോ, അല്ലെങ്കിൽ വിശ്വാസപ്രമാണത്തോടുള്ള ബന്ധത്തിൽ കാതലായ അഭിപ്രായഭിന്നതയുടെയോ പേരിൽ ഒരു സഭയിൽനിന്നു മറ്റൊരു സഭയിലേക്കു മാറാം. ശരിയായ കാരണങ്ങളില്ലാതെ സഭ മാറുന്നത് രാഷ്ട്രീയ രംഗത്തെ കാലുമാറ്റത്തെക്കാൾ മ്ലേച്ഛമാണ്.'

'മറ്റേതെങ്കിലും കാരണത്താൽ സഭ മാറാമോ?'

അല്പം ചിന്തിച്ചിട്ട് മത്തായിച്ചൻ തുടർന്നു.

'ദൈവം ഒരാളെ ഏല്പിച്ച ഒരു ശുശ്രൂഷ നിർവഹിക്കാൻ അയാൾ അംഗമായിരിക്കുന്ന സഭയിൽ സ്വാതന്ത്ര്യമില്ലെങ്കിൽ, അല്ലെങ്കിൽ മാതൃസഭയിൽനിന്നും തുടർച്ചയായി അസൂയ നിറഞ്ഞ പെരുമാറ്റമുണ്ടായാൽ, ചിലപ്പോൾ ശ്വാസംവിടാൻവേണ്ടി വേറൊരുസഭയിലേക്കു മാറേണ്ടിവരും. മാതൃ

സഭയിൽ തന്നെ ഉറച്ചുനിന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ ആവുന്നത്ര ശ്രമിക്കണം. അതിനുള്ള എല്ലാ വഴികളും അടഞ്ഞാൽ സഭ മാറാം.'

'ഉപദേശീ, എന്റെ സഭേലോട്ടു മാറുന്നതിൽ അയോഗ്യമായി ഒന്നുമില്ല. കാരണം എന്റെ സഭേം ഉപദേശിയുടെ സഭേം തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല.'

'അതുകൊണ്ടുതന്നാ ഞാൻ സഭ മാറുന്നില്ലെന്നു പറഞ്ഞത്. നമ്മുടെ സഭകൾ തമ്മിൽ വ്യത്യാസമില്ലെങ്കിൽ പിന്നെന്തിനാ എന്റെ സഭ വിട്ട് സാറിന്റെ സഭേലോട്ടു ഞാൻ ചേരുന്നത്?'

പാസ്റ്റർ ജയിംസിന് ഉത്തരം മുട്ടി.

അല്പനേരത്തെ നിശ്ശബ്ദതയുടെ വിടവിനുശേഷം സംസാരം തുടർന്നു.

'ഉപദേശീ, കുക്കുസായിപ്പു സ്ഥാപിച്ച സഭേൽ ഉറച്ചുനില്ക്കുമെന്നൊന്നും ശാഠ്യം പിടിക്കരുത്. ഏതു സഭേൽ നിന്നാലും ദൈവത്തിനിഷ്ടമാ. യൂ സീ!'

'എങ്കിൽ ഞാനിപ്പം നിൽക്കുന്ന സഭേൽതന്നെ നിന്നോളാം.'

പാസ്റ്റർ ജയിംസിന് വീണ്ടും ഉത്തരംമുട്ടി. എങ്കിലും മത്തായിച്ചനെ പ്രലോഭിപ്പിക്കുവാനുള്ള ശ്രമം അദ്ദേഹം ഉപേക്ഷിച്ചില്ല.

'ഉപദേശി ഒരുകാര്യം പറ. ചർച്ച് വളർത്തിയെടുക്കാൻ ശ്രമിക്കുന്നതുകൊണ്ട് എന്തെങ്കിലും തെറ്റുണ്ടോ?'

'തെറ്റൊന്നുമില്ല. പക്ഷേ സഭയുടെ ലക്ഷ്യം പാപികളെ നേടുകയായിരിക്കണം—ഉപദേശിമാരെ നേടുകയല്ല. ഒരു സഭയിൽ ഉറച്ചു നില്ക്കുന്നവരെ മറ്റൊരു സഭേലോട്ടു കൊത്തിവിളിച്ചോണ്ടു പോകുന്നതല്ല സുവിശേഷവേല. സാറിന്റെ സഭ ദുരുപദേശങ്ങളുള്ള സഭയാ. അതു വളരാൻ പാടില്ല.'

'യൂ ലിസൺ. എന്റെ സഭേൽ ചേർന്നാൽ അമ്പതുരൂപാ ശമ്പളം. താമസിക്കാൻ നല്ലൊരു വീട്. ആരാധിക്കാൻ മന്ദിരവും വെച്ചുതരാം. ഉപദേശിയുടെ പട്ടിണീം പ്രയാസോം ഒക്കെ തീരും.'

'എന്റെ പട്ടിണീം പ്രയാസോം ഒന്നും ഞാൻ വകവയ്ക്കുന്നില്ല. ചത്ത മത്സ്യം ഒഴുക്കിൽ ഒഴുകുന്നു. ജീവനുള്ള മത്സ്യം ഒഴുക്കിനെതിരെ നീന്തുന്നു.'

'ഒന്നു ചിന്തിച്ചു നോക്ക്. ഉപദേശി കുക്കുസായിപ്പിന്റെ സഭേല് പത്തുമുപ്പതു വർഷം വേലചെയ്തു. എന്തോ ഗുണമുണ്ടായി? ഇപ്പഴും നിങ്ങൾ അരപ്പട്ടിണിക്കാരൻ. ഇപ്പഴും നിങ്ങൾ ഉമിക്കരികൊണ്ടു പല്ലുതേയ്ക്കുന്നു. എന്തോ പുരോഗതി ഉണ്ടായി?'

'പുരോഗതിയോ? ഗുണമോ? അനേകം ആത്മാക്കളെ നേടി. കുടിയന്മാർ വിശ്വാസികളായി. പാപികൾ രക്ഷിക്കപ്പെട്ടു....പിന്നെ പട്ടിണിയുടെ കാര്യം. സ്വർഗ്ഗത്തിച്ചെല്ലുമ്പം പട്ടിണിയൊക്കെ മാറും.'

'ഇതു കേക്കുപദേശീ. ഞാനീ ഭൂമിയിൽ വെച്ചുതന്നെ നിങ്ങടെ പട്ടിണിയൊക്കെ മാറ്റിത്തരാം. ഉപദേശിയെ തിരുവനന്തപുരം—നെയ്യാറ്റിൻകര ജില്ലകളുടെ മുഖ്യ പാസ്റ്ററായി നിയമിക്കാം. എന്താ, കൊച്ചുകാര്യമാണോ? എന്റെ സഭേൽ ചേരുന്ന ദിവസംതന്നെ ജില്ലാ പാസ്റ്ററായി പ്രമോഷൻ തരാം. തിങ്ക് എബൗട്ട് ഇറ്റ്.'

'എനിക്കീ ലോകത്തിലെ പ്രൊമോഷനൊന്നും വേണ്ടാ. ഞാൻ പ്രമേഹരോഗിയാ. വയസ്സ് അമ്പത്തോൻപതായി. സ്വർഗ്ഗത്തിലേക്കു പ്രൊമോഷൻ കിട്ടാറായി.'

പാസ്റ്റർ ജെയിംസ് ഒന്നു ചിരിച്ചു. ഒരു രാഷ്ട്രീയനേതാവിന്റെ ചാക്കി

ടീൽ ചിരിയായിരുന്നു അത്.

ഒരു സംശയവും അവശേഷിക്കാത്ത മറുപടികൾ നൽകി മത്തായിച്ചൻ പാസ്റ്റർ ജയിംസ് ജോസഫിന്റെ സഭാപരിവർജ്ജന പ്രലോഭനത്തെ പരാജയപ്പെടുത്തി.

പാസ്റ്റർ ജയിംസിന്റെ മുഖത്ത് ഇച്ഛാഭംഗത്തിന്റെ നിഴൽ പടർന്നു.

മടക്കയാത്രയിൽ, പാസ്റ്റർ ജയിംസിനെയും ഉപദേശിമാരെ ചാക്കിടാൻ അയാളെപ്പോലെ ദുരുപദേശം പ്രചരിപ്പിച്ചു നടക്കുന്ന നേതാക്കളേയും മനസ്സിൽ ശപിച്ചു. ദൈവത്തിന്റെ ജനത്തെ പണയം വയ്ക്കുന്ന വാണിഭക്കാർ. ഉപദേശിമാരെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന കച്ചവടക്കാർ. അവരുടെ പിടിയിൽ ചെന്നുവീഴുന്ന അശക്തരായ വിശ്വാസികൾ! വെള്ളത്തിൽ ഒതളങ്ങാപോലെ അങ്ങോട്ടുമിങ്ങോട്ടും ഒഴുകുകയും പൊങ്ങുകയും താഴുകയും ചെയ്യുന്നവർ!

തലേമാസം പ്രസംഗത്തിനാധാരമായി ഉപയോഗിച്ച ഒരു വേദഭാഗത്തിലേക്കു ചിന്തപോയി. യെശയ്യാ പ്രവചനം ഒമ്പതാം അദ്ധ്യായത്തിലെ അവസാന വാക്യങ്ങളിലേക്ക്:

ഒരുത്തനും തന്റെ സഹോദരനെ
ആദരിക്കുന്നില്ല.
ഒരുത്തൻ വലത്തുഭാഗം കടിച്ചുപറിച്ചിട്ടും
വിശന്നിരിക്കും.
ഇടത്തുഭാഗവും തിന്നും; തൃപ്തി വരികയില്ല.
ഓരോരുത്തൻ താന്താന്റെ ഭുജത്തിന്റെ
മാംസം തിന്നുകളയുന്നു.

സഭയെന്ന ഏകശരീരത്തിലെ അംഗങ്ങൾ അന്യോന്യം ചാക്കിടീൽ നടത്തുന്നു. അപവദിക്കുന്നു.

ചിന്ത മുറുകിയപ്പോൾ നെഞ്ചിനകത്തു ഭാരം തോന്നി.

വീടിനോടടുത്തപ്പോൾ, കോൺഗ്രസ് ജാഥ അണിനിരന്നതിന്റെ തൊട്ടടുത്ത നാല്ക്കവലയിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഒരുപറ്റം കമ്മ്യൂണിസ്റ്റുകാർ കൂടിയിരിക്കുന്നത് മത്തായിച്ചൻ ശ്രദ്ധിച്ചു:

കോൺഗ്രസ് പാർട്ടിക്കു സമ്മാനം
ശവപ്പെട്ടി തന്നെ സമ്മാനം
തൊഴിലാളിവർഗ്ഗത്തെ ചൂഷണംചെയ്യും
മുതലാളിവർഗ്ഗം നശിക്കട്ടെ!

# ഇരുപത്തിമൂന്ന്

**പൊ**ടുന്നനെ ഒരു മോറിസ് കാർ കവലയിൽ വന്നു നിന്നു.

'മത്തായൂദേശീ, ഗുഡ്മോർണിംഗ്.' കാറിലിരുന്ന സുമുഖൻ വന്ദനം പറഞ്ഞു.

'ഓ....ഇതാരാ? പാസ്റ്റർ ജെയിംസ് ജോസഫോ?'

'എസ്, എങ്ങോട്ടു പോന്നു?'

'ഇതെന്റെ സ്നേഹിതൻ നഥാനിയേലുപദേശിയാ. ഞങ്ങള് തിരുവനന്തോരം വരെ പോകുവാ.'

'ഞാനും അങ്ങോട്ടാ. ഗെറ്റ് ഇൻ.'

അവർ തിടുക്കത്തിൽ കാറിന്റെ പിൻസീറ്റിൽ കയറിയിരുന്നു.

മത്തായിച്ചൻ പാസ്റ്റർ ജെയിംസിനെ നഥാനിയേലുപദേശിക്കു പരിചയപ്പെടുത്തി: 'ഇത് പാസ്റ്റർ ജയിംസ് ചെറിയാൻ ജോസഫാ. ഇദ്ദേഹം 'ഭാരതീയ സ്വതന്ത്ര പുതിയനിയമ കൂട്ടായ്മ' എന്ന പ്രസ്ഥാനത്തിന്റെ തലവനാ.'

പാസ്റ്റർ ജെയിംസ് ഇടയ്ക്കു കയറി തിരുത്തി: 'സോറി, മത്തായൂദേശീ. ഞാനിപ്പോൾ പഴയ അമേരിക്കൻ സഭേടെ നേതാവല്ല. യൂറോപ്യൻ സഭയായ 'അന്ത്യകാല ബൈബിൾ സഭ' എന്ന പുതിയ പ്രസ്ഥാനത്തിന്റെ പ്രതിനിധിയും തലവനുമാ. ഗോഡ് ഈസ് ബ്ലസിംഗ് അസ്.'

രണ്ടുമാസമേ ആയുള്ളൂ മത്തായിച്ചൻ അദ്ദേഹത്തെ പരിചയപ്പെട്ടിട്ട്. പാസ്റ്റർ ജയിംസിന്റെ സഭാമാറ്റത്തിന്റെ വിവരം കേട്ടപ്പോൾ മനസ്സിൽ ചിരിപൊട്ടി. വൈകിട്ട് വീട്ടിലെത്തിയപ്പോഴും ജയിംസ് ജോസഫിന്റെ പുതിയ യൂറോപ്യൻസഭയും യൂറോപ്യൻ കാറും മത്തായിച്ചന്റെ ചിന്തയെ മഥിച്ചുകൊണ്ടിരുന്നു. സഭാമാറ്റം. കാലുമാറ്റം?

മത്തായിച്ചന്റെ സഭയിലും മാറ്റങ്ങളുണ്ടായി. മാറ്റത്തിന്റെ നാന്ദി കുറിച്ചത് മത്തായിച്ചനാരംഭിച്ച സംഗീതക്ലാസ്സായിരുന്നു.

മത്തായിച്ചനാദ്യം ഓരോ അടിയും പാടും. അർത്ഥം വിശദീകരിച്ചുകൊടുക്കും. യുവാക്കൾ ഏറ്റുപാടും. തമ്പേറും ചിഞ്ചിലും സംഗീതത്തിനു ഭാവോർജ്ജം കൂട്ടുന്നു. ഇടയ്ക്കിടെ വേദപുസ്തകത്തിലെ അദ്ധ്യായങ്ങൾ വായിച്ച് യേശുക്രിസ്തുവിൽകൂടിയുള്ള രക്ഷയെപ്പറ്റി വിശദീകരിച്ചുകൊടുക്കും. മിക്ക ഗാനങ്ങളുടെയും കേന്ദ്രവിഷയങ്ങൾ പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും.

'നമ്മക്ക് സംഗീതവിദ്വാന്മാരുടെ വീണയും വാദ്യോപകരണങ്ങളുമില്ല. പകരം, പത്തു കമ്പിയുള്ള വീണയുണ്ട്.' കൈവിരലുകളെ ഉദ്ദേശിച്ചാണ് മത്തായിച്ചനതു പറഞ്ഞത്.

കൈയടിച്ചു യുവാക്കൾ പാടും. പാട്ടു പകുതിയാകുമ്പോഴേ സിരകളിലാകെ ദൈവസ്നേഹത്തിന്റെ വിശിഷ്ടാനുഭൂതി വ്യാപിക്കും.

ചിലർ അനുതപിച്ചു. ചിലർ മാനസാന്തരപ്പെട്ടു. ജോഷ്വാമാപ്പിളയുടെ മകൻ പാപ്പൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു.

ജോണിയേയും ഗായകസംഘത്തിലുൾപ്പെടുത്തി. പക്ഷേ, അവന് കൈയടിക്കാനും കണ്ണടച്ചു ധ്യാനിച്ചു പാടാനും ലജ്ജയായിരുന്നു. ജോണിയുടെ നാവും ചുണ്ടുകളും ഏറെക്കുറെ ഗാനങ്ങളിൽ പങ്കുചേർന്നു.

മനസ്സോ?...!

തന്റെ മകൻ ഹസ്സനും ക്രൈസ്തവഗാനങ്ങളാലപിച്ച് യേശുക്രിസ്തുവിനെ ധ്യാനിക്കുന്നുവെന്ന വാർത്ത ഹമീദുറാവുത്തരുടെ കാതുകളിലെത്തി. വഴിയിൽവച്ചദ്ദേഹം മത്തായിച്ചനെ നേരിട്ടു.

'ഊദേശീ, ഇതു സംഗീതക്ലാസ്സൊന്നുമല്ല, പെന്തക്കോസിൽ ആളിനെ ചേർക്കാനുള്ള വേലയാ. സംഗീതം പഠിപ്പിച്ചു പഠിപ്പിച്ചു ഞങ്ങടെ പിള്ളാരേ സ്നാനപ്പെടുത്തി മതം മാറ്റാനാ, അല്ലേ? മേലാൽ എന്റെ മോനെ പാട്ടുപാടാൻ വിളിച്ചേക്കരുത്.'

അവിടംകൊണ്ടും നിന്നില്ല: 'ഇനീ മേലാൽ ഊദേശീം പൊണ്ടാട്ടീം എന്റെ കെണറ്റീന്ന് വെള്ളം കോര്യേക്കരുത്.'

♦ ♦ ♦

സഭയിലുണ്ടായ മാറ്റത്തിന്റെ തരംഗങ്ങൾ നിശ്ചലമാകാൻ അനുവദിച്ചു കൂടല്ലോ. തുടരെതുടരെ കുറെ ധ്യാനയോഗങ്ങൾ നടത്താൻ തീരുമാനിച്ചു. പ്രത്യേക ധ്യാനയോഗങ്ങൾ ക്രമീകരിക്കുന്നതിനു മുമ്പേ സഭയ്ക്കുള്ളിൽ ഒരു ശുദ്ധീകരണം നടത്തുക പതിവായിരുന്നു. ചില്ലറ പ്രശ്നങ്ങളായിരിക്കാം. എന്നാൽ, അവ പരിഹരിക്കാതെ മുന്നോട്ടു പോയാൽ പരിശുദ്ധാത്മപ്രവാഹത്തിന് തടസ്സമുണ്ടാകുമല്ലോ.

രണ്ടു മാസങ്ങൾ മുമ്പ് കൺവൻഷൻ ഫണ്ടുപിരിവിനെ ചുറ്റിപ്പറ്റി ഒന്നുരണ്ടു വിശ്വാസികൾ തമ്മിൽ പരസ്യമായി വാക്കുതർക്കമുണ്ടായ സംഭവം മത്തായിച്ചനെ വേദനിപ്പിച്ചിരുന്നു.

ഞായറാഴ്ച ആരാധന കഴിഞ്ഞ് വിശ്വാസികൾ വട്ടംകൂടി നിന്നാണ് അനുരഞ്ജന ശുശ്രൂഷ നടത്തിയത്. വാഗ്വാദത്തിലേർപ്പെട്ട പാറപ്പുറത്തു മാത്തനും കല്ലുവിള തൊമ്മിയും അന്യോന്യം ക്ഷമ ചോദിച്ചു രമ്യതയിലായി.

ജോഷ്വാമാപ്പിള കൂടിനിന്നവരെ നോക്കി: 'ഒരു വലിയ ആത്മികാനുഗ്രഹത്തിനുവേണ്ടി നാം തയ്യാറായിരിക്കുന്നു. ഇനി പ്രാർത്ഥിച്ചാൽ മതി.'

'ഏകമനസ്സോടെ പ്രാർത്ഥിക്കുമ്പോൾ ദൈവം ഇന്നാട്ടിലെ സാത്താന്യ കോട്ടകൾക്കെതിരെ വിജയം തരും.' മാവുവിളയിൽ അമ്മിണി സഹോദരിയുടെ വാക്കുകളിൽ വലിയ പ്രതീക്ഷയുണ്ടായിരുന്നു. 'മാത്രമല്ല, പാപികൾ മാനസ്സാന്തരപ്പെടുന്നതിനെതിരെ സാത്താൻ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തടങ്കൽപാറകൾ പൊട്ടിച്ചിതറുകയും ചെയ്യും.'

'ശര്യാ അമ്മിണീ, നാം മുട്ടിപ്പായി പ്രാർത്ഥിക്കുമ്പം സാത്താൻ പമ്പ കടക്കും.'

മത്തായിച്ചൻ ജോഷ്വാമാപ്പിളയെ നോക്കി ഒന്നു പുഞ്ചിരിച്ചു. 'പമ്പ കടത്തിയതുകൊണ്ടായില്ല സഹോദരാ.'

സാറാമ്മ പൂരിപ്പിച്ചു. 'പമ്പാനദിയുടെ മറുകരയുള്ളവർ എന്തുചെയ്യും? അപ്പുറത്ത് ഗ്രാമങ്ങളിലുള്ളവർ എന്തു ചെയ്യും? ഏറ്റുമാനൂർക്കാരും കോട്ടയംകാരും ഒക്കെ എന്തു ചെയ്യും? അവരെയൊക്കെ സാത്താൻ ശല്യപ്പെടുത്തുകയില്ലേ...ഓടിക്കയാണെങ്കിൽ കൊറെക്കൂടി ദൂരോട്ടോടിക്കണം.'

എല്ലാവരും ചിരിച്ചു.

'സാറാമ്മകൊച്ചമ്മേ, എന്നാൽ പിന്നെ തൊടുപുഴ കടത്താം. അല്ലെങ്കിൽ പെരിയാറു വരെ പിശാചിനെ ഓടിക്കാം.'

'എന്നാൽ കാവേരി കടത്തി കർണാടകത്തിലേക്കു ചാടിക്കരുതോ?'

ഹൈസ്ക്കൂളിൽ പഠിക്കുന്ന തമ്പിയും ഇടയ്ക്കു കയറി. 'ജോഷ്വാച്ചേട്ടാ, അതുപോരാ. ആലപ്പുഴ വഴി അറേബ്യൻ സമുദ്രം വരെ ഓടിക്കണം.'

ശേബായാണ് പിന്നെ സംസാരിച്ചത്. 'അതും പോരാ, നൈൽ നദി വഴി അറ്റ്ലാന്റിക് സമുദ്രത്തിന്റെ മറുകര വരെ ഓടിക്കണം.' ഭൂമിശാസ്ത്രത്തിന് സ്കൂളിൽ ഏറ്റവുംകൂടുതൽ മാർക്കു വാങ്ങുന്നത് ശേബായാണ്.

തമ്പി തിരിച്ചടിച്ചു. 'അതൊരിക്കലും പാടില്ല. അവൻ സായിപ്പന്മാർക്ക് ഏടാകൂടം സൃഷ്ടിക്കും. നമ്മുടെ കുക്കുസായിപ്പിന്റെ നാട്ടുകാർക്ക്.'

മത്തായിച്ചനാണ് അവസാനവാക്കു പറഞ്ഞത്. 'ശരി. ശരി. സാത്താനെ നമ്മക്ക് നരകം വരെ ഓടിക്കാം. തിരിഞ്ഞു നില്ക്കാൻ ഇടം കൊടുക്കാതെ. പക്ഷേ, സംഗതി നടക്കണമെങ്കിൽ നിങ്ങൾ ചെറുപ്പക്കാർ എല്ലാരും ധ്യാന

യോഗങ്ങൾക്കു വരണം. ഒരൊറ്റ യോഗോം മുടക്കരുത്.'

എല്ലാവരും കുടുകുടെ ചിരിച്ച് സമ്മതം നൽകി.

'കുഞ്ഞുങ്ങളേ, ഒരു കാര്യം ഓർക്കണം. സാത്താനെ പമ്പകടത്തുന്നതും സമുദ്രം കടത്തുന്നതും ഒന്നും കുഞ്ഞുകളി അല്ല. അതൊക്കെ നടക്കണമെങ്കിൽ നിങ്ങൾ വിദ്യാലയങ്ങളിൽ വളരെ വിശുദ്ധിയോടുകൂടി പെരുമാറണം. വളരെ പ്രാർത്ഥിച്ചുവേണം യോഗങ്ങൾക്കു വരാൻ.'

എല്ലാവരും തലകുലുക്കി.

ജോഷ്വാ മാപ്പിളയുടെ വീട്ടിൽവച്ചുതന്നെ ധ്യാനയോഗങ്ങൾ നടത്താനാണു തീരുമാനം. തിരുവല്ലായിൽ നിന്നു കുടിയേറിയ കുടുംബമാണ് അദ്ദേഹത്തിന്റേത്. പുതിയ വിശ്വാസികൾ പലരും തിരുവല്ലാക്കാരാണ്. തമിഴ് ചുവയില്ലാത്ത മലയാളം സംസാരിക്കുന്നവർ.

അയലത്ത് ഉറങ്ങുന്നവരെ തമ്പേറുകൊട്ടി ശല്യപ്പെടുത്തരുതെന്നു കരുതി തിങ്കളാഴ്ച രാത്രിയിലെ ധ്യാനയോഗത്തിൽ തമ്പേർ ഒഴിവാക്കി. തുടർച്ചയായ ഉപയോഗംകൊണ്ട് പലർക്കും തമ്പേറിനോട് വൈകാരികമായ ഒരടുപ്പം തോന്നിയിരുന്നു. അവരുടെ നിരാശ മാറ്റിയെടുക്കാൻ ശ്രമിച്ചുകൊണ്ടാണ് മത്തായിച്ചൻ മുഖവുര പറഞ്ഞത്: 'പത്തു കമ്പിയുള്ള വീണ ഇഷ്ടംപോലെ ഉപയോഗിച്ചുകൊള്ളുക.' പത്തു കൈവിരലുകളെ ഉദ്ദേശിച്ചാണതു പറഞ്ഞത്.

'നാം കൈയ്യടിച്ചു പാടുമ്പോൾ ഓരോ കൊട്ടും ദൈവമുമ്പിൽ സമർപ്പിക്കുന്ന ഓരോ സമ്മാനമായി കരുതി ഭക്തിപൂർവ്വം കൈ കൊട്ടണം.' മുഖവുര ഗുണദോഷമായി: 'നാട്ടുകാരുടെ ചെവി പൊട്ടിക്കുകയല്ല നമ്മുടെ ലക്ഷ്യം. നമ്മുടെയിടയിൽ ആത്മിക ഉണർവ്വുണ്ടെന്നു കാണിക്കാൻവേണ്ടി ആരും ആനക്കൊട്ടുകൊട്ടി തൊണ്ടവലിച്ചു കീറേണ്ട ആവശ്യമില്ല. ആരാധന ഒരു പ്രഹസനം അല്ല, യാഗാർപ്പണം ആണ്. യാഗം അർപ്പിക്കുമ്പോൾ വികാരം ഉണ്ടാകും. അത് സ്വാഭാവികമായിരിക്കണം. അല്ലാതെ മനഃപൂർവ്വം കരുതിക്കൂട്ടി ഉണ്ടാക്കുന്ന ഉണർവ്വ് യഥാർത്ഥ ഉണർവ്വല്ല.'

യോഗങ്ങളിൽ പുതിയ പാട്ടുകൾ മാത്രമല്ല, പഴയ പാട്ടുകളും പാടണമെന്ന് മത്തായിച്ചനു നിർബന്ധമുണ്ടായിരുന്നു: 'പൂർവ്വപിതാക്കൾക്കു ലഭിച്ച ദൈവിക സന്ദേശങ്ങൾ അവർ എഴുതിയ ഗാനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ ഗാനങ്ങൾ അവഗണിക്കുന്നത് ദൈവം അവരിലൂടെ നൽകിയ സന്ദേശങ്ങളെ അവഗണിക്കുകയാണ്. അവരുടെ അനുഭവങ്ങളെയും നിഷേധിക്കുന്നതിനു തുല്യമാണ്. സഭയ്ക്ക് അത് തീരാനഷ്ടമായിരിക്കും.'

'ഇന്നേക്ക് നൂറ്റിരണ്ടു വർഷങ്ങൾ മുമ്പ്—1857ൽ—ജനിച്ച, സി.എം.എസ്. സഭയിലെ പുരോഹിതനായിരുന്ന ആത്മോപകാരി കോശി അച്ചൻ രചിച്ച ഒരു ഗാനം ആദ്യമായി നമുക്കു പാടാം.' മത്തായിച്ചൻ പ്രസ്താവിച്ചു.

യേശുമഹേശനെ ഞാൻ ചിന്തിപ്പതെൻ
ഉള്ളത്തിനാനന്ദമേ

ചൊവ്വാഴ്ചത്തേക്കുള്ള ഗൃഹപാഠങ്ങൾ തയ്യാറാക്കുന്ന അയലത്തെ കുട്ടികൾക്ക് പ്രയാസമുണ്ടാക്കാതിരിക്കാൻ ശബ്ദം നന്നാ താഴ്ത്തിയാണ് ഗണേഷ് നാടാർ പാട്ടുനയിച്ചതും വിശ്വാസികൾ പാടിയതും.

പാറശ്ശാല പട്ടണത്തിൽ താമസിക്കുന്ന വിദ്വാൻ വേണുമേനോൻ, കേരള സർവ്വകലാശാല തിരുവനന്തപുരത്തുവച്ചു സംഘടിപ്പിച്ച ഒരു ചർച്ചായോഗത്തിൽ പങ്കുകൊണ്ടശേഷം സൈക്കിളിൽ മടങ്ങുകയായിരുന്നു. പാറശ്ശാല

സരസ്വതീവിലാസം സംസ്കൃതസ്ക്കൂളിലെ അദ്ധ്യാപകനായ അദ്ദേഹം ഒന്നാം റാങ്കിലാണ് വിദ്വാൻപരീക്ഷ പാസ്സായത്.

വേണുമേനോൻ ആത്മാർത്ഥതയുള്ള ഒരു സത്യാന്വേഷിയാണ്. ഹിന്ദുക്കളുടെ മതപ്രസംഗങ്ങൾ ഒന്നും അദ്ദേഹം മുടക്കാറില്ല. ഇടയ്ക്കിടെ മുസ്ലിംകളുടെ ആദ്ധ്യാത്മിക യോഗങ്ങൾ മോസ്ക്കിനു വെളിയിലിരുന്ന് ശ്രദ്ധിക്കാറുണ്ട്. കത്തോലിക്കരുടെ പള്ളിപ്രതിഷ്ഠകളോടനുബന്ധിച്ചു നടക്കുന്ന കഥാപ്രസംഗങ്ങളോടും വലിയ കമ്പമാണ്. യാക്കോബായക്കാരുടെ പള്ളിപ്പെരുനാളുകൾക്ക് പലവട്ടം പോയിട്ടുണ്ട്.

ഒരുവർഷം മുമ്പാണ് പരുമല പെരുനാളിനു പോയത്. ഉച്ചഭാഷിണിയിൽകൂടി വന്നുകൊണ്ടിരുന്ന കുർബ്ബാനയും തിരുമേനിമാരുടെ അത്ഭുതപ്രവൃത്തികളെപ്പറ്റിയുള്ള പ്രസംഗങ്ങളും പള്ളിയങ്കണത്തിലിരുന്ന് ശ്രദ്ധിക്കയുണ്ടായി. വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ വിശ്വാസികൾ പാടിയ പരുമല തിരുമേനിയുടെ സ്തുതികൾ ആണ് ഏറ്റവും ആകർഷണീയമായി തോന്നിയത്. കുറെ ദിവ്യന്മാരുടെ ഫോട്ടോകൾ വാങ്ങിയാണ് മടങ്ങിയത്.

പിന്നീടൊരിക്കൽ പാറശ്ശാല കത്തോലിക്കാപള്ളിയിൽ വച്ച് ഒരു പുണ്യവാളന്റെ തിരുസ്വരൂപം വെഞ്ചരിക്കുന്നത് ശ്രദ്ധാപൂർവ്വം കണ്ടുനിന്നു. തിരുസ്വരൂപത്തിന്റെ മുമ്പിൽ നേർച്ചകാഴ്ചകളും അർപ്പിക്കയുണ്ടായി.

നാട്ടിൽ നടക്കുന്ന കലാപരിപാടികൾക്ക് അദ്ദേഹം സമയത്തിനു മുമ്പേ ചെന്ന് ഇരിപ്പിടം ഉറപ്പിക്കും. രാഷ്ട്രീയയോഗങ്ങളിൽ കേഴ്വിക്കാരുടെ മുൻപന്തിയിൽ കാണും. മുക്തി, നിർവ്വാണം, മരണാനന്തര ജീവിതം ഇത്യാദി വിഷയങ്ങളെപ്പറ്റി ആരെങ്കിലും സംസാരിച്ചാൽ അദ്ദേഹം ചെവി കൂർപ്പിക്കും.

സത്യം തേടുന്ന കർണ്ണങ്ങൾ
സ്വർഗ്ഗം തേടുന്ന കണ്ണുകൾ
അർത്ഥം തേടുന്ന മനസ്സ്
പുണ്യം തേടുന്ന ഹൃദയം

മരുതിവിള കവലയിൽ എത്തി. സൈക്കിൾ ചവിട്ടി വേണുമേനോന്റെ കാലുകൾ കുഴഞ്ഞിരുന്നു. റോഡരികിൽ കണ്ട ആൽത്തറയുടെ സമീപം അല്പനേരം വിശ്രമിച്ചു. കാലുകളുടെ പെരുപ്പുമാറ്റി. അവിടെ ഒരു അരയാൽ വളർന്നു പന്തലിച്ചു നില്പുണ്ട്. പണ്ട് മുത്തച്ഛന്റെ ദേഹത്തു ചാരി നിന്നുകൊണ്ട് ആ വൃക്ഷത്തെ നമസ്ക്കരിച്ചതോർത്തു. തൊട്ടുതൊഴുത ശേഷം യാത്ര തുടരാം എന്നാലോചിച്ചു. പെട്ടെന്ന്, ശനിയാഴ്ചകളിൽ മാത്രമേ അനുഗ്രഹപ്രാപ്തിക്കായി അരയാൽവൃക്ഷത്തെ സ്പർശിക്കാവൂ എന്ന് പുരാണങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളതോർത്തു.

"ഇന്നു തിങ്കളാഴ്ചയാണ്. പറ്റിയ ദിവസമല്ല.' സ്വയം മന്ത്രിച്ചു കൊണ്ട് മുന്നോട്ടുവച്ച കാൽ പിൻവലിച്ചു.

യാത്ര പുനരാരംഭിച്ചപ്പോൾ, രണ്ടു വർഷം മുമ്പ് ബീഹാറിൽ പോയി ശ്രീബുദ്ധനു ബോധോദയം ലഭിച്ച സ്ഥാനത്തു നില്ക്കുന്ന ബോധിവൃക്ഷത്തിന്റെ മുമ്പിൽ നമസ്കാരകർമ്മങ്ങൾ നടത്തിയ രംഗം ഓർമ്മ വന്നു. ബുദ്ധന്റെ ഒരു പ്രതിമയുമായിട്ടാണ് മടങ്ങിയെത്തിയത്. ദുഃഖനിവാരണത്തിനുള്ള ബുദ്ധന്റെ അഷ്ടാംഗമാർഗ്ഗം അദ്ദേഹം നന്നായി പഠിച്ചു മനസ്സിലാക്കിയിട്ടുണ്ട്.

മരുതിവിള കഴിഞ്ഞപ്പോൾ ചിന്ത തിരുവനന്തപുരത്തേക്കോടി. പകൽ നടന്ന ചർച്ചായോഗത്തിൽ ഏതാനും പ്രൊഫസർമാർ വായിച്ച പ്രബന്ധങ്ങൾ അയവിറക്കിക്കൊണ്ടാണ് യാത്ര തുടർന്നത്. പ്രബന്ധങ്ങളിലെ ചിന്താ

വിഷയം: ശാസ്ത്രം എങ്ങോട്ട്? ലോകം എങ്ങോട്ട്? മനുഷ്യൻ എങ്ങോട്ട്?

രണ്ടുവർഷം മുമ്പ്—1957ൽ—റഷ്യ ബഹിരാകാശത്തേക്ക് സ്പുട്നിക്ക് എന്ന ഒരു കൃത്രിമോപഗ്രഹം വിക്ഷേപിച്ചു. അന്നുമുത ൽ റഷ്യയും അമേരിക്കയും തമ്മിൽ കിടമത്സരം. അതിന്റെ പശ്ചാത്തലത്തിലാണ് ആദ്യത്തെ പ്രബന്ധം എഴുതിയിരിക്കുന്നത്. റഷ്യയും അമേരിക്കയും അയച്ച റോക്കറ്റുകൾ ചന്ദ്രന്റെ ഭ്രമണപഥത്തിൽ സഞ്ചരിച്ചു കഴിഞ്ഞു. അമേരിക്കയുടെ ബഹിരാകാശവാഹനത്തിൽ പറന്നുയർന്ന രണ്ടു കുരങ്ങുകൾ ജീവനോടെ ഭൂമിയിൽ മടങ്ങിയെത്തിയിരിക്കുന്നു. മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുകയാണു ലക്ഷ്യം. മനുഷ്യനന്മയ്ക്കുവേണ്ടിയെന്നു പറഞ്ഞ് ഇതൊക്കെ ചെയ്യുന്നു. അപ്പോൾ തന്നെ ദീർഘദൂര മിസൈലുകൾ അയച്ച് ആണവായുധങ്ങൾ പ്രയോഗിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും വൻശക്തികൾ ഗവേഷണം നടത്തുകയാണ്. പ്രബന്ധകർത്താവ് ചൂണ്ടിക്കാട്ടി.

രണ്ടാമത്തെ പ്രബന്ധത്തിനും മനുഷ്യന്റെ ഭാവിയെപ്പറ്റി ശുഭാപ്തി വിശ്വാസം ഇല്ലായിരുന്നു എന്ന കാര്യം വേണുമേനോൻ ഓർമ്മിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഹൃദയ ശസ്ത്രക്രിയ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽകോളജിൽവച്ച് വിജയകരമായി നിർവ്വഹിച്ച സന്തോഷവാർത്ത ഒരുവശത്ത്. മറുവശത്ത് ദുഃഖവാർത്ത! പഞ്ചശീലകരാർ ലംഘിച്ചുകൊണ്ട് ചൈന ഹിമാലയൻ അതിർത്തി കടന്നാക്രമിച്ച് ഇന്ത്യയുടെ ഭൂവിഭാഗങ്ങൾ കൈയടക്കിയിരിക്കുന്നു. ഒരുവശത്ത് സ്ത്രീ ആദരിക്കപ്പെടുന്നു. ഇന്ദിരാഗാന്ധിയെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തിരിക്കുന്നു. ഒരിക്കൽ ഇന്ദിര പ്രധാനമന്ത്രിയാകുമെന്ന പ്രതീക്ഷ. മറുവശത്ത്, വൻ നഗരങ്ങളിൽ പുതിയ പുതിയ വേശ്യാലയങ്ങൾ. അവയ്ക്കു നേരെ കേന്ദ്രസർക്കാർ കണ്ണടയ്ക്കുന്നു.

അവസാനത്തെ പ്രബന്ധം അടുത്തയിടെ ഡൽഹിയിൽ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ ടെലവിഷൻ കേന്ദ്രത്തെ രാജ്യത്തിന്റെ നേട്ടങ്ങളിലൊന്നായി എടുത്തുകാണിച്ചു. ടെലവിഷൻ കുട്ടികളിലേക്ക് എന്തെല്ലാം മലിനവികാരങ്ങൾ കടത്തിവിടും! ഗാനഗന്ധർവ്വന്മാർ അവിഹിത ലൈംഗികമോഹങ്ങൾ കലർന്ന ഗാനങ്ങൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്ത് ഇന്ത്യയുടെ അന്തരീക്ഷത്തെ മലിനപ്പെടുത്തിയിരിക്കുന്നു. ഇനി ടെലവിഷൻ ഇന്ത്യയെ കൂടുതൽ മലിനമാക്കുമോ? പ്രബന്ധകാരൻ ഉന്നയിച്ച പ്രശ്നങ്ങളാണ്.

ആധുനിക തലമുറയിലെ വിരോധാഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു നടത്തിയ ചർച്ചായോഗം! മിക്കവരും ഭാവിയെപ്പറ്റി ഉല്ക്കണ്ഠാകുലരായിരുന്നു.

നേട്ടങ്ങളുണ്ടാക്കുന്ന കോട്ടങ്ങൾ
വളർച്ചയുണ്ടാക്കുന്ന തളർച്ചകൾ

'എന്റെ പിഞ്ചുകുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ ഇന്ത്യയുടെ സ്ഥിതി എന്തായിരിക്കും?'

ഭാവിയെപ്പറ്റി ഉള്ളിൽ ചോദ്യങ്ങളുയർത്തി സൈക്കിൾ ചവിട്ടി. പെട്ടെന്ന് വഴിയോരത്ത് ഒരേ നിരയിൽ കുറെ വീടുകൾ കണ്ടു. ഏതാനും മാസങ്ങൾ മുമ്പ് ഭൂദാനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് വിനോബാഭാവെ കേരളത്തിൽ പദയാത്ര നടത്തി. തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെ. ഇരുപത്തെണ്ണായിരം ഏക്കർ ഭൂമി ദാനമായി സ്വീകരിച്ചു. നെയ്യാറ്റിൻകരയിലെ ചില ജന്മികളും ഭൂമി ദാനം ചെയ്തു. ആ പറമ്പുകളിൽ സാധുക്കൾക്കു വേണ്ടി

വച്ച വീടുകളാണവ.

ആ വീടുകൾ കടന്നുകഴിഞ്ഞപ്പോഴേക്കും നെയ്യാറ്റിൻകര പട്ടണത്തിൽ എത്തിക്കഴിഞ്ഞിരുന്നു. റോഡരികിലുള്ള ഒരു വീട്ടിൽനിന്നും കൈ കൊട്ടിക്കൊണ്ടുള്ള പാട്ടിന്റെ ശബ്ദം.

'ഏതോ കലാപരിപാടി ആയിരിക്കും.' മനസ്സിൽ ഊഹിച്ചു.

അല്പനേരം മടിച്ചുനിന്നു. എന്നിട്ട് വീട്ടുമുറ്റത്തേക്ക് സൈക്കിൾ ഉരുട്ടി നീക്കി. നടുമുറ്റത്ത് ഇഴക്കയറുകൊണ്ട് വലിച്ചുകെട്ടിയ അയയിൽ ഉണങ്ങാനിട്ടിരുന്ന തുണികൾ വകഞ്ഞുമാറ്റിക്കൊണ്ട്. നീലത്തിന്റെയും കഞ്ഞിപ്പശയുടെയും ഗന്ധം മൂക്കിൽതട്ടി. ഭിത്തിയോടു ചേർന്നു വളർന്നു നിന്നിരുന്ന കർപ്പൂര തുളസിയുടെ സമീപം സൈക്കിൾ ചാരിവച്ചു. അനക്കംകേട്ട് തുളസിയുടെ കീഴിൽ സ്ഥിരതാമസക്കാരായ കൊച്ചുപ്രാണികൾ അങ്ങോട്ടുമിങ്ങോട്ടും ഓടി ഒളിച്ചു.

കുറെ റബ്ബർ ചെരിപ്പുകൾ തിണ്ണയിൽ കിടപ്പുണ്ട്. തന്റെ തോൽചെരിപ്പ് ഊരിവയ്ക്കാൻ വേണുമേനോൻ കുനിയുന്നതുകണ്ട് തിണ്ണയിൽ പാട്ടും പ്രാർത്ഥനയും ആസ്വദിച്ചുകിടന്നിരുന്ന പാണ്ടൻനായ് ഒന്നു മുറുമുറുത്തു.

വേണുമേനോന്റെ വെള്ള ഖദർഷർട്ട് വിയർപ്പുകൊണ്ട് നനഞ്ഞിരുന്നു. തലയുടെ നേർനടുവിൽ പകുത്തെടുത്തുചീകിയ തഴച്ചമുടി. ചീപ്പിനെ നൂറു ശതമാനവും അനുസരിക്കുന്ന മുടിയിൽ തലോടിക്കൊണ്ട് ശബ്ദുണ്ടാക്കാതെ മുറിയിൽ കയറി. പുറകിൽ തടിക്കസേരയിൽ ചെന്നിരുന്നു. കൈയ്യിലിരുന്ന ഫ്ളാഷ്‌ലൈറ്റ് കസേരയുടെ കീഴിൽ വച്ചു. ജനാലപ്പടിയിൽ ഇരുന്ന ഒരു കരിമ്പൂച്ചയാണ് അദ്ദേഹത്തെ ആദ്യംനോക്കിയത്.

വിശാലവും സജീവവുമായ മുറി. അവിടെ നടക്കുന്നത് അപരിചിതമായ ഒരു പരിപാടിയായി തോന്നി. ഇരിപ്പുറയ്ക്കാൻ കുറേനേരം വേണ്ടിവന്നു. കഴുത്തനക്കാതെ കണ്ണുകൾ ചുറ്റുവട്ടം അയച്ചു. മിക്കവരും സിമന്റു തറയിൽ വിരിച്ച തഴപ്പായ്കളിലാണിരിക്കുന്നത്. കുറെപ്പേർ നീണ്ട രണ്ടു ബഞ്ചുകളിൽ. സ്ത്രീകൾ ഇടത്ത്. പുരുഷന്മാർ വലത്ത്.

പെട്ടെന്നൊരു സംശയം. ആരാധനാഗാനങ്ങളാണ് ഇവർ പാടുന്നത്— എന്നാൽ ആരെയാണ് ആരാധിക്കുന്നത്? മുമ്പിൽ ദൈവങ്ങളില്ല. ദേവന്മാരോ ദേവികളോ ഇല്ല. പുണ്യവാളന്മാരും ഇല്ല.

ഫോട്ടോകളില്ല, കല്ലിൽ കൊത്തിയ രൂപങ്ങളില്ല.

കൃഷ്ണനില്ല, ക്രിസ്തുവില്ല, കന്യമറിയാമുമില്ല.

ഇവർ എങ്ങനെയാണ് പ്രാർത്ഥന നടത്തുന്നത്?

എണ്ണയില്ല, തിരിയില്ല, കുരിശില്ല, നിലവിളക്കുമില്ല.

ഇടയ്ക്കിടെ പാട്ടുകൾ. പ്രാർത്ഥനകൾ. ചിലർ വേദവാക്യങ്ങൾ വിളിച്ചുപറയുന്നു. മറ്റു ചിലർ അടുത്തിരിക്കുന്നവരുടെ തലയിൽ കൈവച്ച് ധൈര്യം നൽകുന്ന വാക്കുകൾ പറയുന്നു. പ്രാർത്ഥനക്കാരുടെ കൈകൾ ഉയരുന്നതനുസരിച്ച് ജനാലപ്പടിയിലിരുന്ന കരിമ്പൂച്ചയുടെ കഴുത്തും വെള്ളിക്കണ്ണുകളും ഇടത്തോട്ടും വലത്തോട്ടും ചലിക്കുന്നു. ഉയരുന്നു. കൈകൾ താഴുമ്പോൾ പൂച്ചയുടെ കഴുത്തു താഴുന്നു. തിരിയുന്നു...ആട്ടുകല്ലിലെ കുഴവിപോലെ.

ശ്രീബുദ്ധനു കിട്ടിയ ബോധോദയത്തിലാണോ ഇവർ?

പാട്ടുകളിലെയും പ്രാർത്ഥനകളിലെയും വാക്കുകൾ ശ്രദ്ധിച്ചു. ക്രിസ്ത്യാനികളുടെ യോഗമാണെന്നു മനസ്സിലായി.

മുറിയിലെ ഓരോ ചലനവും വീണ്ടും ശ്രദ്ധിച്ചു. ഓരോരുത്തരും അവരവരുടെ ഹൃദയത്തിന്റെ പ്രേരണയനുസരിച്ച് പാടുന്നു. പ്രാർത്ഥിക്കുന്നു. കരയുന്നു. പുഞ്ചിരിക്കുന്നു.

ചിലർ മുട്ടുമടക്കിയിരുന്നുകൊണ്ട്, വേറെ ചിലർ മുട്ടിന്മേൽ നിന്നുകൊണ്ട്. ചിലർ തലപൊക്കി, വേറെ ചിലർ തലകുനിച്ച്. ചിലർ കണ്ണുകൾ പൂട്ടിക്കൊണ്ട്, മറ്റു ചിലർ കണ്ണുകൾ മേൽക്കൂരയിലേക്ക് ഉയർത്തിക്കൊണ്ട്. ചിലർ തല ഇടത്തോട്ടും വലത്തോട്ടും പയ്യെ അനക്കിക്കൊണ്ട്, വേറെ ചിലർ തല മുകളിലേക്കും താഴോട്ടും മന്ദംമന്ദം ചലിപ്പിച്ചുകൊണ്ട്. കുറെപ്പേരുടെ കൈവിരലുകൾ വിറയ്ക്കുന്നു. കാറ്റിലാടുന്ന പുളിയിലപോലെ. നാലഞ്ചു പേർ ഞാനിപ്പം മാനത്തു വലിഞ്ഞുകേറും എന്ന മട്ടിൽ. രണ്ടുമൂന്നു പേർ മാനത്തു കേറിപ്പറ്റിക്കഴിഞ്ഞിരിക്കുന്നു എന്ന വിജയഭാവത്തിൽ. ചിലരുടെ ചുണ്ടുകൾ അനങ്ങുന്നു. ശബ്ദം പുറത്തുവരുന്നില്ലതാനും. ഒന്നുരണ്ടുപേർ അവ്യക്തമായ വാക്കുകൾ ഉച്ചരിക്കുന്നു. അർത്ഥം പിടികിട്ടുന്നില്ല.

പണ്ട് കോളജിൽ പഠിച്ചകാലത്ത് സത്യാന്വേഷണത്തിനായി കത്തോലിക്ക, ഓർത്തഡോക്സ്, മാർതോമ പള്ളികൾ സന്ദർശിച്ചതോർത്തു. അന്നു കണ്ട ആരാധനകൾ ആദി മുതൽ അന്തം വരെ പട്ടാളച്ചിട്ടയിലായിരുന്നു. അച്ചടിച്ച ചൊല്ലുകൾ. കാണാതെ പഠിച്ച പ്രാർത്ഥനകൾ. അനക്കവും നീക്കവും നോട്ടവും പുരോഹിതന്റെ നിയന്ത്രണത്തിൽ. ശബ്ദം മുതൽ ഉച്ചാരണംവരെ നിയന്ത്രിക്കപ്പെടുന്ന അന്തരീക്ഷം. ഒരു പരിധിവിട്ട് ആരും ഒന്നും ചെയ്യുന്നില്ല. അന്ന് സംബന്ധിച്ച പള്ളിയാരാധനകളിൽ പാട്ടുകളെ നിയന്ത്രിക്കുന്നത് ഭിത്തികളിൽ തൂക്കിയിട്ടിരുന്ന വലിയ ക്ലോക്കുകളുടെ മിനിട്ടുസൂചികളായിരുന്നു. എല്ലാം കൃത്യസമയത്തു തുടങ്ങും, അവസാനിക്കും. ഒരു പാട്ടു തുടങ്ങിയാൽ കൃത്യമായി ചരണങ്ങളും അനുചരണങ്ങളും ആലപിക്കും. ഒരു പാട്ട് ഒരു പ്രാവശ്യം മാത്രം.

ഇവിടെയോ? ഇവരോ?

ചിലപ്പോൾ ഒരു പാട്ടു തന്നെ രണ്ടും മൂന്നും തവണ പാടുന്നു. കരിമ്പു കഷണം ചപ്പുന്നതുപോലെ. ഓറഞ്ച് ഉറിഞ്ചിക്കുടിക്കുന്നതുപോലെ. തേൻകട്ട നുകരുന്നതുപോലെ. പഴുത്ത മാങ്ങ വീണ്ടുംവീണ്ടും ഇറുമ്മി ആസ്വദിക്കുന്നതുപോലെ.

കൊതി ശമിക്കുന്നതുവരെ ആസ്വദിക്കുന്നു. ആർത്തിയോടെ വീണ്ടും വീണ്ടും പാടുന്നു.

പണ്ടു പോയിട്ടുള്ള പള്ളികളിലെ മിക്ക പാട്ടുകൾക്കും ചൊല്ലുകൾക്കും വിദേശഭാഷകളുടെ ചുവയുണ്ട്—ലത്തീൻ, ഗ്രീക്ക്, സിറിയൻ രാഗങ്ങൾ. നാട്ടുകാരുടെ അഭിരുചിയ്ക്ക് ഇണങ്ങാത്ത ശ്രുതികളും ആരോഹാവരോഹണങ്ങളും. വിദേശീയരുടെ അനുഭവ പശ്ചാത്തലത്തിൽ രചിച്ചത്. വിവർത്തനത്തിന്റെ കല്ലുകടി.

വേണുമേനോൻ സംഗീതം പഠിച്ച ആളാണ്.

ഇവിടത്തെ പാട്ടുകളോ?

തനി നാടൻ ഗാനങ്ങൾ. നാടൻ അനുഭവങ്ങൾ. രാഗവും താളവും തികച്ചും ഭാരതീയം.

കർണ്ണാനന്ദകരമായി പാടാം.

ഹൃദയാനന്ദകരമായും പാടാം.

ഇവർ ഹൃദയത്തിന്റെ ആനന്ദത്തിനാണ് മുൻതൂക്കം കൊടുത്തിരിക്കു

ന്നത്.

ഇവർ ഒരേ അച്ചിൽ വാർത്തെടുത്തവരല്ല. ഇവിടെ പാട്ടുകളെയും പ്രാർത്ഥനകളെയും ഏതോ ഒരമാനുഷികശക്തി നിയന്ത്രിക്കുന്ന പ്രതീതി. പട്ടാളച്ചിട്ടയില്ല; എന്നാൽ അലങ്കോലമല്ലതാനും. ഇഹലോകത്തെ പാടെ മറന്ന് പരലോകത്തെ ആശ്ലേഷിച്ചുകൊണ്ട് പാടുന്നു. ആത്മചുംബനംപോലെയുള്ള പ്രാർത്ഥനകൾ. പ്രാർത്ഥനകളിലെ ഓരോ വാക്കും ഉപയോഗിച്ച് അനന്തലോകത്തിലെ ഏതോ ശക്തിയുമായി ബന്ധം ഉറപ്പിക്കുന്ന രീതി. ബഹിരാകാശത്തിൽനിന്ന് സന്ദേശങ്ങൾ പിടിച്ചെടുക്കുകയാണോ ഇവർ!

റഷ്യൻ റോക്കറ്റുകൾ ചന്ദ്രന്റെ ഭ്രമണപഥത്തിൽ സഞ്ചരിച്ചതുപോലെ അനന്തലോകങ്ങളുടെ ഭ്രമണപഥങ്ങളിലൂടെ വ്യോമയാനം നടത്തുകയാണോ?

കരയുന്നവരുടെ മുഖത്തുപോലും ഒരു സംതൃപ്തിയുണ്ട്—ഭാരം ഇറക്കിവച്ചവരുടെ മുഖത്തുള്ള ആനന്ദവും സംതൃപ്തിയും. ചന്ദ്രലോകത്തിലെ ഭാരംതോന്നാത്ത അന്തരീക്ഷത്തിലാണോ ഇവർ! ഈ ഭാരക്കുറവുകൊണ്ടാണോ കാറ്റിലാടുന്ന രീതിയിൽ ശരീരം ചലിപ്പിക്കുന്നത്? പന്തുപോലെ കുതിയ്ക്കുന്നത്?

കുറെക്കഴിഞ്ഞപ്പോൾ ഉള്ളിൽ ഒരു കിരുകിരുപ്പ്. നെഞ്ചിൽ ഒരു പെരുപ്പ്. ഇറങ്ങിപ്പോയാലെന്തെന്ന് വേണുമേനോനു പെട്ടെന്നു തോന്നി. എന്നാൽ സ്വാഭാവികമായ ജിജ്ഞാസ തടസ്സം നിന്നു.

സമയം മുന്നോട്ടു പോയതറിഞ്ഞില്ല. അരമണിക്കൂറായി മുറിയിൽ കയറിയിരുന്നിട്ട്.

പാട്ടുകളും പ്രാർത്ഥനകളും ഒന്നിനൊന്ന് കൂടുതൽ ശക്തമായി വരികയാണ്. ഗാനങ്ങൾ കൃതജ്ഞതയുടെയും അനുതാപത്തിന്റെയും കണ്ണുനീരിൽ പൊതിയപ്പെടുന്നു. പ്രാർത്ഥനകളിലെ ഓരോ വാക്കും തന്റെ ഹൃദയത്തിൽ ബലപ്രയോഗം നടത്തുന്നതുപോലെ തോന്നി.

വേണുമേനോന്റെ കാലുകൾ സ്തോത്രഗാനങ്ങൾക്കൊത്ത് അനങ്ങിത്തുടങ്ങിയത് ആദ്യം അദ്ദേഹം അറിഞ്ഞില്ല. കൈവിരലുകൾ കസേരത്തണ്ടിൽ അനക്കിയും ഇഴച്ചും താളംപിടിക്കാൻ തുടങ്ങി. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരനുഭൂതി.

'ഇവർ പ്രാർത്ഥിക്കുന്ന ശക്തിയുമായി എനിക്കും സംസാരിക്കാൻ കഴിയുമോ? ഇവർ മറുലോകത്തിൽനിന്ന് ഒപ്പിയെടുക്കുന്ന സന്തോഷം എനിക്കും പിടിച്ചെടുക്കാൻ പറ്റുമോ?'

ആഗ്രഹം മനസ്സിലുദിച്ചതും കാന്തംപോലെ അദ്ദേഹത്തെ ഒരു പ്രകാശവലയം ആകർഷിച്ചതും ഒന്നിച്ചു സംഭവിച്ചു.

ഹൃദയത്തിൽ വീണ്ടും ഒരനക്കം. ശ്വാസകോശങ്ങളിൽ ഒരു പതപ്പ്. നാക്കിനു ചൂട്. പെട്ടെന്ന് കണ്ണുകളിൽ പൊടിഞ്ഞ രണ്ടുമൂന്നു തുള്ളികൾ കൈലേസുകൊണ്ട് തുടച്ചുമാറ്റി.

നാലഞ്ചുവർഷം മുമ്പ് മുത്തച്ഛൻ മരിച്ചപ്പോൾ ആ രംഗം വീക്ഷിച്ചുകൊണ്ട് വേണുമേനോൻ മുറിയിലുണ്ടായിരുന്നു. പക്ഷേ കരഞ്ഞില്ല—കരയാൻ ആഗ്രഹിച്ചെങ്കിലും. തന്നെ വളരെ സ്നേഹിച്ചിരുന്ന മുത്തച്ഛൻ. താൻ വളരെ സ്നേഹിച്ചിരുന്ന മുത്തച്ഛൻ.അദ്ദേഹം മരിച്ച ദിവസം സ്ത്രീകളെല്ലാവരും കരഞ്ഞു. കുറെ പുരുഷന്മാരും.

മൃതദേഹം വച്ച ചിതയ്ക്ക് അമ്മാവൻ തീ കൊളുത്തിയ രംഗവും ഓർമ

യിലെത്തി. ദുഃഖമുണ്ടായിരുന്നു. പക്ഷേ കണ്ണുനീർ വന്നില്ല.

കൊച്ചുകുട്ടിയായിരുന്നപ്പോൾ കരയുമായിരുന്നു. പ്രായപൂർത്തിയായ പുരുഷനായപ്പോൾ ഹൃദയം കഠിനമായതാണോ കരയാൻപറ്റാത്തതിന്റെ കാരണം—സ്വയം ചോദിച്ചിട്ടുണ്ട്. കരയാൻ സഹായിക്കുന്ന ഞരമ്പുകളെ ആരോ ബന്ധിച്ചിരിക്കയാണോ!

ഇപ്പോൾ, വർഷങ്ങൾക്കുശേഷം കരച്ചിൽ വരുന്നു. കരയാൻ സാധിക്കുന്നു. പ്രത്യേകം ഒരു സുഖം തോന്നി. കരയുന്നത് ആരും കാണരുതല്ലോ! മുഖം കൂടുതൽകുനിച്ചു.

അപരിചിതമായ സ്ഥലം. അപരിചിതരായ ആളുകൾ. കരയുന്നതിലുള്ള അനൗചിത്യം ഓർത്തപ്പോൾ സങ്കോചം തോന്നി. ചെറിയ ഒരു പരിഭ്രമം. ഇറങ്ങിപ്പോയാലെന്ത്? ആലോചിച്ചു. സ്വാഭാവികമായ ജിജ്ഞാസ വീണ്ടും തടസ്സംനിന്നു.

ആരാധന മുന്നോട്ടു പോകുന്തോറും വേണുമേനോന്റെ ഹൃദയത്തിലുണ്ടായ സുഖം വർദ്ധിച്ചു വരുന്നു. ഏതോ ഒരു ദിവ്യമായ സമാധാനം ഹൃദയത്തിലൂടെ ഒഴുകുന്നു.

ഒടുവിൽ, സ്തോത്രാർച്ചനകളുടെ അകമ്പടിയോടെ മത്തായിച്ചൻ പ്രസംഗിക്കാൻ എഴുന്നേറ്റു നിന്നു.

'എന്താ പേര്? മുമ്പു കണ്ടിട്ടില്ലല്ലോ.' ആമുഖം പറയാൻ തുടങ്ങിയപ്പോൾ മത്തായിച്ചൻ വേണുമേനോനെ നോക്കി ചോദിച്ചു.

'വേണുമേനോൻ. പാറശാല സ്കൂളിലെ അദ്ധ്യാപകനാ.' കൈകൂപ്പി മത്തായിച്ചനെ ഒന്നു തൊഴുതുകൊണ്ടാണു പറഞ്ഞത്.

'എന്റെ പേര് മത്തായി ഉപദേശി....സ്വാഗതം....യോഗം കഴിഞ്ഞ് കൂടുതൽ പരിചയപ്പെടാൻ ആഗ്രഹിക്കുന്നു.'

വേണുമേനോൻ തലകുലുക്കി. പത്തുമുപ്പതുപേർ മുറിയിലുണ്ട്. പത്തറുപതു കണ്ണുകൾ വേണുമേനോനിൽ പതിഞ്ഞു. വേണുമേനോന് വീണ്ടും സങ്കോചം.

മത്തായിച്ചൻ പ്രസംഗത്തിനാധാരമായി യോഹന്നാൻ എഴുതിയ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽനിന്നും ഒരു വാക്യം വായിച്ചു. യേശു നിക്കോദെമോസിനോടു പറഞ്ഞ വാക്കുകൾ.

'ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു.
പുതുതായി ജനിച്ചില്ല എങ്കിൽ
ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല.'

'നിക്കോദെമോസ് ഒരു പേടിത്തൊണ്ടൻ ആയിരുന്നു. വിമർശനം ഭയന്ന് രാത്രിയിലാണ് അദ്ദേഹം രഹസ്യമായി യേശുക്രിസ്തുവിനെ കാണാൻ വന്നത്. എങ്കിലും യേശു അദ്ദേഹത്തിന്റെ സത്യാന്വേഷണ താൽപര്യത്തെ അംഗീകരിച്ചു.'

മുറിയിലിരുന്നവർ ഒന്നു ചിരിച്ചു.

പ്രസംഗം അരമണിക്കൂർ തുടർന്നു. സമാപനഗാനം കഴിഞ്ഞപ്പോൾ മണി പത്ത് കഴിഞ്ഞിരുന്നു.

മത്തായിച്ചൻ ആശീർവ്വാദം പറഞ്ഞുതീർക്കുകയും വേണുമേനോൻ കസേരക്കീഴിൽനിന്ന് ഫ്ളാഷ്ലൈറ്റ് എടുത്തുകൊണ്ട് സ്ഥലംവിടാൻ തയ്യാറാവുകയും ഒന്നിച്ചു നടന്നു.

മത്തായിച്ചൻ തലപൊക്കി. 'എന്താ യോഗത്തിനു വന്നിട്ട് ഒരു ചായ

കുടിക്കാതെ പോകാൻ തുനിയുന്നത്?'

'ഞാൻ യോഗത്തിനു വന്നതല്ല. ഈ വഴിയേ പോയപ്പോൾ വെറുതെ ഇങ്ങോട്ടു കയറിയെന്നേ ഉള്ളൂ.'

'സഹോദരിമാർ ചായ തയ്യാറാക്കുന്നു.'

'ഇരിക്കാൻ ആഗ്രഹമുണ്ട്....പക്ഷേ....'

'പക്ഷേന്നു പറയാൻ?'

'ഞാൻ എല്ലാ മതക്കാരുടെയും യോഗങ്ങൾക്കു പോയിട്ടുണ്ട്. പക്ഷേ ഇവിടിരുന്നപ്പോൾ വല്ലാത്ത ഒരനുഭൂതി. ഒരു കിരുകിരുപ്പ്. മുമ്പെങ്ങും ഇങ്ങനെ ഉണ്ടായിട്ടില്ല. ഇവിടെ നടന്നതൊന്നും എനിക്കു പിടികിട്ടുന്നില്ല. എന്റെ മനസ്സിനും ശരീരത്തിനും ഒരു ഭാരക്കുറവുപോലെ തോന്നുന്നു.'

'പേടിക്കാനൊന്നുമില്ല. ഞങ്ങൾ ഉപദ്രവകാരികൾ അല്ല. മാജിക്കും മന്ത്രോം സേവയും ഒന്നും ഞങ്ങൾക്കില്ല. ഞങ്ങൾ ആരാധിക്കുന്ന ദൈവം താങ്കളെ തൊട്ടതാണ്. ആത്മാർത്ഥമായി സത്യം അന്വേഷിക്കുന്നവരെ തിരിച്ചറിഞ്ഞു കടാക്ഷിക്കുന്ന ദൈവം. മനുഷ്യന്റെ ഭാരം ചുമന്നൊഴിക്കുന്ന ദൈവം.'

'നിങ്ങൾ ആരെ ആരാധിക്കുന്നു?'

'ഏകസത്യദൈവത്തെ. ഞാനാകുന്നവൻ ഞാനാകുന്നു എന്ന് അരുൾചെയ്ത ദൈവത്തെ.'

'പ്രസംഗോം പാട്ടും കേട്ടപ്പോൾ അതൊക്കെ അല്പം മനസ്സിലായി. എന്നാൽ നിങ്ങളുടെ മുമ്പിൽ രൂപങ്ങളൊന്നും കാണുന്നില്ല. ക്രിസ്തുഭഗവാന്റെ പടവും കാണുന്നില്ല.'

'ഞങ്ങടെ ദൈവം ഫോട്ടോ എടുക്കാനും പടം വരയ്ക്കാനും ഇരുന്നുതരുന്ന ദൈവം അല്ല. ഞങ്ങടെ ദൈവത്തെ കല്ലിലും തടിയിലും ഒതുക്കിവയ്ക്കാൻ സാധ്യമല്ല. സർവ്വരാജ്യങ്ങളിലേക്കും സുവിശേഷവുമായി പോകുന്നതിനുമുമ്പ് ക്രിസ്തുവിന്റെ രൂപം കൃത്യമായി പ്രതിഫലിപ്പിക്കുന്ന ഒരു പടംവരയ്ക്കാനോ പ്രതിമ നിർമ്മിക്കാനോ ക്രിസ്തു ആരോടും ആവശ്യപ്പെട്ടില്ല. പടംവരയ്ക്കാനും പ്രതിമ നിർമ്മിക്കാനും ക്രിസ്തു ശിഷ്യന്മാരെ അഭ്യസിപ്പിച്ചില്ല. പ്രാർത്ഥിക്കാനും വചനം പ്രസംഗിക്കാനും പാവങ്ങളെ സന്ദർശിച്ചു സഹായിക്കാനുമാണ് തമ്പുരാൻ അവരെ നന്നായി പഠിപ്പിച്ചത്. പടങ്ങൾ കൊണ്ടും പ്രതിമകൾ കൊണ്ടും പ്രയോജനം ഉണ്ടെങ്കിൽ, തമ്പുരാനെ മുഖാമുഖം കണ്ടിട്ടുള്ള ശിഷ്യന്മാരെക്കൊണ്ട് ആദ്യത്തെ ക്രൈസ്തവ പ്രതിമകൾ യേശു നിർമ്മിപ്പിക്കുമായിരുന്നു; പടങ്ങൾ വരപ്പിക്കുമായിരുന്നു. പകരം, കാത്തിരുന്നു പരിശുദ്ധാത്മാവിനെ പ്രാപിക്കാനാണ് യേശു ആജ്ഞാപിച്ചത്. യേശുക്രിസ്തു മനുഷ്യനെ സ്നേഹിക്കുന്നു—മനുഷ്യനെക്കൊണ്ട് വൃഥാപ്രയത്നങ്ങൾ ചെയ്യിക്കുന്നവനല്ല യേശു. യേശു മനുഷ്യനെ ചതിക്കയില്ല. പടങ്ങളും കലാശില്പങ്ങളും ഉപയോഗിച്ച് ചിലപ്പോൾ ഞങ്ങൾ വേദപഠനം നടത്തുകയും സണ്ടേസ്ക്കൂളിൽ പഠിപ്പിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ആരാധിക്കുമ്പോൾ ഞങ്ങൾ അവയൊന്നും മുമ്പിൽ വയ്ക്കാറില്ല.'

'എണ്ണയും തിരിയും മെഴുകുതിരിയും ഒന്നും കാണുന്നില്ലല്ലോ.'

'വെട്ടം കാണാൻ തിരികത്തിക്കുകയും വിളക്കുകൊളുത്തുകയും ചെയ്യുന്നു. എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കാൻ അതൊന്നും ചെയ്യാറില്ല. വിളക്കിന്റെ കരിയും തിരിയുടെ പുകയും അല്ല ഞങ്ങൾ ദൈവത്തിനു സമർപ്പിക്കുന്നത്. പകരം ഉള്ളിലെ സ്തോത്രവും കണ്ണിലെ തുള്ളിയും.'

'മുമ്പിൽ ഒന്നും കാണാതെ ശൂന്യതയെ ആരാധിക്കാനൊക്കുമോ?'

'ശൂന്യതയെ അല്ല. എല്ലാറ്റിനേം നിർമ്മിച്ച സ്രഷ്ടാവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടാണ് ഞങ്ങൾ ആരാധിക്കുന്നത്. തമ്പുരാന്റെ തേജസ്സിനെ, ഉൾക്കണ്ണുകൊണ്ട് ആസ്വദിച്ചുകൊണ്ട്. ഞങ്ങൾ സൃഷ്ടിയെ ആരാധിക്കുകയില്ല. സ്രഷ്ടാവിനെ മാത്രം. സൃഷ്ടിയിൽ കണ്ണുപതിപ്പിച്ചുകൊണ്ടും ഞങ്ങൾ ആരാധിക്കുകയില്ല. വൃക്ഷങ്ങൾ, നദികൾ, നക്ഷത്രങ്ങൾ, ഇവയിലൊന്നും ശ്രദ്ധപതിപ്പിച്ച് ഞങ്ങൾ ആരാധിക്കയില്ല. മനുഷ്യരെ ആരെയും മുമ്പിൽ നിർത്തി ആരാധിക്കയില്ല—പരമവിശുദ്ധൻ ആയാൽപോലും. ഒരു മനുഷ്യന്റെയും കൈ മുത്തുകയുമില്ല—പുണ്യവാളൻ ആയാൽപോലും.'

'പ്രപഞ്ചസൃഷ്ടികളിൽ ഈശ്വരന്റെ പ്രതിച്ഛായ ഇല്ലേ?'

'പ്രപഞ്ചസൃഷ്ടികളെപ്പറ്റി ഞങ്ങൾ നന്ദിയുള്ളവരാണ്. പക്ഷേ ആരാധന ദൈവത്തിനു മാത്രം. മനുഷ്യൻ എന്തിനെ വണങ്ങുന്നുവോ, ആരുടെ മുമ്പിൽ മുട്ടു കുത്തുന്നുവോ, ആരോടു പ്രാർത്ഥിക്കുന്നുവോ അവയെല്ലാം, അവരെല്ലാം ക്രമേണ കുട്ടിദൈവങ്ങളാകും....ഭൂമിദേവി, ആകാശദേവൻ എന്നൊക്കെ!'

'തിന്മയ്ക്കെതിരെ പോരാടിയവരോ? അവർ ആരാധ്യരല്ലേ?'

'തിന്മയ്ക്കെതിരെ യുദ്ധം ചെയ്തു വിജയിച്ച ധീരന്മാർ ബൈബിൾ ചരിത്രത്തിലുണ്ട്. ദാവീദും ഗിദയോനും ബൈബിളിലെ മികച്ച പടനായകന്മാർ ആയിരുന്നു. എന്നാൽ അവരെ ആരെയും ഞങ്ങൾ ദേവന്മാരുടെ സ്ഥാനത്തേക്ക് ഉയർത്തി ആരാധിച്ചിട്ടില്ല. അവരുടെ ജീവചരിത്രങ്ങൾ ഞങ്ങൾ പഠിക്കുന്നു. ആ നല്ല മാതൃകകൾ പിന്തുടരാൻ ശ്രമിക്കുന്നു. അത്രമാത്രം.'

ജോഷ്വാമാപ്പിള ഇടയ്ക്കു കയറി: 'ലോകത്തിലെ പള്ളികളിൽ കത്തിച്ചുകളയുന്ന മെഴുകുതിരിയും കുന്തുരുക്കവും ലാഭിച്ചാൽ രണ്ടു പട്ടിണിരാജ്യങ്ങളിലെ പാവപ്പെട്ടവർക്ക് രണ്ടുമൂന്നു മാസങ്ങളിലേക്ക് ആഹാരം കൊടുക്കാം. ദൈവത്തെ പ്രസാദിപ്പിക്കാനാണെന്നു പറഞ്ഞ് കടലിൽ തേങ്ങാ എറിഞ്ഞും കളത്തിൽ പൂക്കൾ വിതറിയും നഷ്ടമാക്കുന്ന പണം ലാഭിച്ചാൽ ലക്ഷക്കണക്കിനാളുകൾക്ക് ഉടുതുണിയ്ക്ക് വകയാകും. ഒരു പെൻസിലുമുറി പോലും നഷ്ടപ്പെടുത്തരുതെന്നല്ലേ ഗാന്ധിജി പഠിപ്പിച്ചിരിക്കുന്നത്!'

'അന്തരീക്ഷം മലിനമാക്കുകയും കഷ്ടപ്പെട്ടു വിളയിച്ച കാർഷികോല്പന്നങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ചടങ്ങുകൾ. ഇതിനൊക്കെ കളയുന്ന പണം ഞങ്ങൾ സുവിശേഷവേലയ്ക്കു കൊടുക്കും. അല്ലെങ്കിൽ ഞങ്ങടെ കുഞ്ഞുങ്ങൾക്ക് ആഹാരം വാങ്ങിക്കൊടുക്കാൻ ഉപയോഗിക്കും. ഇതിനൊക്കെ ചെലവാക്കുന്ന സമയം ഉപയോഗിച്ച് ഞങ്ങൾ പാവപ്പെട്ടവന്റെ കുടിലുകൾ സന്ദർശിച്ച് അവർക്ക് ആശ്വാസം നൽകുകയും രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്യും.' മത്തായിച്ചൻ കൂട്ടിച്ചേർത്തു.

ഈ കേൾക്കുന്ന പുതിയ ആശയങ്ങൾ വേണുമേനോന് ഇഷ്ടപ്പെട്ടെന്ന് അദ്ദേഹത്തിന്റെ മുഖഭാവം വ്യക്തമാക്കി.

'നിങ്ങൾ ഏതു സഭക്കാരാ?'

'പെന്തക്കോസ്തുകാർ. ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവർ.'

'ഓ, കേട്ടിട്ടൊണ്ട്. ആദ്യമായിട്ടാ നിങ്ങടെ ഒരു കലാപരിപാടിയ്ക്കു സംബന്ധിക്കുന്നത്.'

വിശ്വാസികൾ കണ്ണിൽ കണ്ണിൽ നോക്കി.

'ഇതു കലാപരിപാടിയൊന്നുമല്ല സാർ. ഞങ്ങൾ പ്രാക്ടീസു ചെയ്ത്

അവതരിപ്പിക്കുന്നതല്ല. ഞങ്ങൾ ഇതിനെ ആത്മിക കൂട്ടായ്മ എന്നു വിളിക്കുന്നു.'

'കണ്ടപ്പോൾ മനസ്സിലായി. നിങ്ങടെ പാട്ടിനും പ്രാർത്ഥനയ്ക്കും ഒരു സ്വാഭാവികതയുണ്ട്.'

'നിങ്ങളെ കണ്ടിട്ട് ഒരു സത്യാന്വേഷി ആണെന്നു തോന്നുന്നു.'

'അതേ, ഞാൻ ഒരു സത്യാന്വേഷിയാണ്. ജീവിതം മൊത്തം ഒരു സത്യാന്വേഷി ആയിരിക്കുക—അതാണെന്റെ ആഗ്രഹം.'

'ക്ഷമിക്കണം സാർ, നിങ്ങടെ ആഗ്രഹം യുക്തിക്കു ചേർന്നതല്ല.'

'അതെന്താ അങ്ങനെ പറയാൻ.'

'സത്യാന്വേഷണം നല്ലത്. പക്ഷേ ജീവിതകാലം മുഴുവൻ അന്വേഷകൻ ആകരുത്.'

'കാര്യം വ്യക്തമാകുന്നില്ല.'

'വ്യക്തമാക്കാം....ജീവിതകാലം മുഴുവൻ സത്യാനുഗമി, സത്യം അനുസരിക്കുന്നവൻ ആകാനാ ആഗ്രഹിക്കേണ്ടത്. സ്റ്റാൻഡിൽ വച്ചിരിക്കുന്ന ഒരു സൈക്കിളിന്റെ ചക്രം ദിവസം മുഴുവനും പിടിച്ചുകറക്കിക്കൊണ്ടിരിക്കുന്നതു ഭോഷത്വമല്ലേ?'

'തീർച്ചയായും.'

'ചക്രം അതിവേഗം കറങ്ങുന്നു. ബദ്ധപ്പെടുന്നു. പക്ഷേ സൈക്കിൾ മുമ്പോട്ടു നീങ്ങുന്നില്ല. എങ്ങും പോകുന്നില്ല....സത്യം കണ്ടുപിടിച്ച് സത്യാന്വേഷണം അവസാനിപ്പിക്കാനാണ് നിങ്ങൾ ആഗ്രഹിക്കേണ്ടത്. അന്വേഷിച്ചന്വേഷിച്ച് കിടന്നുകറങ്ങരുത്. നിങ്ങളുടെ ലക്ഷ്യം സത്യാന്വേഷണം മാത്രം ആയിരിക്കരുത്. പിന്നെയോ സത്യം കണ്ടുപിടിക്കുക എന്നതായിരിക്കണം. സത്യം കണ്ടെത്തുന്ന നിമിഷത്തിൽ അന്വേഷണം അവസാനിക്കണം. അനുഗമനം ആരംഭിക്കയും വേണം.'

'അന്വേഷിക്കാതെ കണ്ടെത്താനൊക്കുമോ?'

'ജീവിതം മൊത്തം കൊച്ചിയിൽ പോകുന്നവഴി കണ്ടുപിടിക്കാൻ ശ്രമിക്കയില്ലല്ലോ. വഴി പെട്ടെന്നു കണ്ടുപിടിച്ച് സ്ഥലത്ത് എത്താനല്ലേ ശ്രമിക്കേണ്ടത്? ഒരിടത്ത് സത്യം കണ്ടില്ലെങ്കിൽ പിന്നെ അവിടെ ചാടുകറക്കി സമയം പാഴാക്കരുത്. നമ്മുടെ സത്യാന്വേഷണത്തിന്റെ കഥയേക്കാൾ, സത്യം കണ്ടുപിടിക്കുകയും സത്യം അനുസരിക്കുകയും സത്യത്തെ അനുഗമിക്കുകയും ചെയ്ത കഥയാണ് നാം അടുത്ത തലമുറയ്ക്കുവേണ്ടി കൈമാറേണ്ടത്.'

'ശരി. ഉപദേശി പറയുന്നതിന്റെ മർമ്മം എനിക്കു പിടികിട്ടുന്നു. പക്ഷേ, നൂറ്റാണ്ടുകളിലെ സത്യാന്വേഷണത്തിന്റെ കഥകളല്ലേ മതഗ്രന്ഥങ്ങൾ. സത്യം കണ്ടുപിടിക്കുക അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ!'

'വളരെ എളുപ്പം. സത്യം വളരെ ലളിതം. സത്യം വളരെ അടുത്താണ്, ഒട്ടും ദൂരെയല്ല. മനസ്സ് വിനയപൂർവ്വം തുറന്നുവയ്ക്കണമെന്നു മാത്രം.'

'ഞാൻ പത്തിരുപതു വർഷങ്ങളായി വായിക്കുന്നു. പഠിക്കുന്നു. ഇപ്പഴും എത്തും പിടിയും കിട്ടുന്നില്ല—സത്യം എന്തെന്ന്.'

'പാപിയായ മനുഷ്യൻ നൂറ്റാണ്ടുകളായി സത്യം കണ്ടുപിടിക്കാൻ സ്വയം ശ്രമിച്ചുകൊണ്ടിരുന്നു. തലപുകഞ്ഞ് ആലോചിച്ചുകൊണ്ടിരുന്നു. കാമക്രോധമദമാത്സര്യങ്ങൾക്ക് അടിമയായ മനുഷ്യന്റെ തലച്ചോറ് രക്ഷാമാർഗ്ഗങ്ങൾക്കുവേണ്ടി പലപല അഭിപ്രായങ്ങളും തത്വശാസ്ത്രങ്ങളും എഴുതിയെഴുതി കൽപ്പലകകളും ചുരുളുകളും കടലാസുതുണ്ടുകളും നിറച്ചുകൊണ്ടിരുന്നു.

എന്നിട്ടും സത്യം അകലെ. മനുഷ്യന്റെ തലച്ചോറ് അവനെ കൂടുതൽ കുഴ ച്ചിലിൽ കൊണ്ടു ചാടിച്ചു.'

'ശരി തന്നെ. എന്റെ ചിന്തയും ഊരാക്കുടുക്കിലാണെന്ന് എനിക്കു തന്നെ തോന്നാറുണ്ട്.'

'ശര്യാ സാറേ. അതിനു കാരണമുണ്ട്. യഥാർത്ഥത്തിൽ സത്യം ചിന്തയുടെ ഫലമല്ല, തലച്ചോറിന്റെ ഉല്പന്നമല്ല. സത്യം ഒരു വെളിപാടാ ണ്. സത്യമൂർത്തിയായ ദൈവം സത്യം എന്തെന്ന് മനുഷ്യനു വെളിപ്പെടു ത്തുന്നു. ഒരു യന്ത്രത്തെ നിർമ്മിച്ച എൻജിനീയർ ആ യന്ത്രത്തെപ്പറ്റിയുള്ള സത്യം നമുക്കു മനസ്സിലാക്കിത്തരുന്നു. അതിനുവേണ്ടി നാം തലപുകഞ്ഞ് ആലോചിക്കേണ്ടതില്ലല്ലോ. മനസ്സിനുള്ളിലെ ഇരുട്ട് നാം മാറ്റിക്കൊടുക്കു മ്പോൾ സത്യം ഉള്ളിൽ തെളിഞ്ഞുവരും. ദൈവപുത്രനായ ക്രിസ്തു ഭൂമി യിൽ അവതരിച്ചു സത്യം വെളിപ്പെടുത്തി. ക്രിസ്തു ഇരുളുമാറ്റി വെളിച്ചം നൽകിക്കഴിഞ്ഞു.'

'തമസോ മാ ജ്യോതിർഗമയ.'

'അതേ വേണു സാറേ, ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്കു നയിക്കണ മേ. ഭാരതത്തിലെ മഹർഷിമാരുടെ പ്രാർത്ഥനയായിരുന്നു ഇത്. നൂറ്റാണ്ടു കളിലെ പ്രാർത്ഥന.'

പാപത്തിന്റെ ഇരുട്ട്.

മോഹത്തിന്റെ കൂരിരുട്ട്.

മരണഭീതിയുടെ അന്ധതമസ്സ്.

'യേശുക്രിസ്തു പ്രഖ്യാപിച്ചു—ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. നിങ്ങളുടെ മഹർഷിമാരുടെ പ്രാർത്ഥനയുടെ മറുപടി യേശുക്രിസ്തുവിൽ ലഭിച്ചുകഴിഞ്ഞു. ഒന്നുകിൽ യേശുക്രിസ്തു വെറും പൊങ്ങച്ചം പറഞ്ഞതാ ണ്. അല്ലെങ്കിൽ ക്രിസ്തു പറഞ്ഞത് സത്യം. രണ്ടിൽ ഒന്ന് സമ്മതിച്ചേ പറ്റൂ. സമ്മതിച്ചാൽ മാത്രം പോരാ. വെളിച്ചം കയറണമെങ്കിൽ അന്ധവി ശ്വാസങ്ങളുടെ ചപ്പും ചവറും തൂത്തു മാറ്റണം.' സണ്ടേസ്കൂൾ അദ്ധ്യാപി കയായ വൽസമ്മ കൂട്ടിച്ചേർത്തു.

'വെറും പൊങ്ങച്ചമാണെന്നു ഞാൻ ഒരിക്കലും പറയുകയില്ല....അസ തോ മ സത് ഗമയ; മൃത്യോർമാ അമൃതം ഗമയാ.'

'അതേ, അസത്യത്തിൽനിന്നു സത്യത്തിലേക്കു നയിക്കണമേ. മരണ ത്തിൽനിന്നു നിത്യജീവങ്കലേക്കു നയിക്കണമേ! പണ്ടു കാലത്തെ ആചാര്യ ന്മാർ നൂറ്റാണ്ടുകളായി പ്രാർത്ഥിച്ചതാണല്ലോ. അതിനും യേശുക്രിസ്തു മറു പടി നൽകിക്കഴിഞ്ഞു. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന അവകാശപ്രഖ്യാപനത്തിലൂടെ! മരിച്ച്, അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തു മരണത്തിൽനിന്ന് നിത്യജീവനിലേക്കു പ്രവേശി ക്കാനുള്ള വഴി തുറന്നു. വത്സമ്മ സഹോദരി പറഞ്ഞതുപോലെ—ഒന്നുകിൽ യേശു സത്യംപറഞ്ഞു എന്ന് സമ്മതിക്കണം. അല്ലെങ്കിൽ പൊങ്ങച്ചം പറഞ്ഞ താണെന്നു പറയേണ്ടി വരും.'

'വിനയത്തിന്റെ മൂർത്തിയായ ക്രിസ്തു പൊങ്ങച്ചം പറഞ്ഞെന്നു എനിക്ക് പറയാനൊക്കുമോ ഉപദേശീ....ഇതൊക്കെ ആയാലും, ഉപേദശി ഞങ്ങടെ വേദങ്ങൾ നന്നായി പഠിച്ചിട്ടുണ്ടെന്നു തോന്നുന്നു.'

'പഠിച്ചിട്ടൊന്നുമില്ല. പാമ്പാടിയിൽവച്ച് എനിക്കു നല്ല ഒരു സ്നേഹി തൻ ഉണ്ടായിരുന്നു. മാധവൻ നമ്പൂതിരി. ഹൈന്ദവവേദങ്ങൾ അദ്ദേഹം

എനിക്കു വിശദീകരിച്ചു തരുമായിരുന്നു. ഞങ്ങൾ ഒത്തിരി തർക്കിക്കുമായി രുന്നു.നല്ല ഒരു മനുഷ്യനാഅദ്ദേഹം.'

ജോഷ്വാമാപ്പിളയുടെ ഭാര്യ ശാന്തമ്മക്കൊച്ചമ്മയും വൽസമ്മ സഹോദ രിയും ചേർന്ന് ലഘുഭക്ഷണം വിളമ്പി. ഒപ്പം ചായയും.

ചായക്കപ്പ് വേണുമേനോന്റെ മുമ്പിലേക്കു നീക്കിവച്ചുകൊണ്ട് ജോഷ്വാ മാപ്പിളയുടെ സഹോദരൻ ഐസക് മാപ്പിള ചർച്ച പുനരാരംഭിച്ചു: 'അല്പം മുമ്പ് മത്തായി ഉപദേശി പറഞ്ഞല്ലോ സത്യം വളരെ ലളിതമാണെന്ന്. അദ്ദേഹം പറഞ്ഞത് ശരിയാണ്. വേണുസാറിന് സമ്മതമെങ്കിൽ ദൈവം വെളിപ്പെടുത്തിയ സത്യം ഒറ്റ ശ്വാസത്തിൽ ഞാൻ പറഞ്ഞുതരാം.'

'രണ്ടു ശ്വാസത്തിലായാലും കുഴപ്പമില്ല, ചേട്ടാ!'

എല്ലാവരും ചിരിച്ചു.

ഐസക് മാപ്പിള പറയുന്നതു കേൾക്കാൻ എല്ലാവരും ചെവി കൂർപ്പി ച്ചു.

'സർവ്വശക്തനായ ദൈവം പ്രപഞ്ചത്തെയും സകല ചരാചരങ്ങളെയും തമ്പുരാന്റെ വാക്കുകൊണ്ടു സൃഷ്ടിച്ചു. ഒടുവിൽ ദൈവം മനുഷ്യനെ വിശേ ഷസൃഷ്ടിയായി ഉണ്ടാക്കി....എന്നാൽ മനുഷ്യൻ പാപം ചെയ്തു. അങ്ങനെ രോഗവും ശാപവും മരണവും ലോകത്തിൽ പ്രവേശിച്ചു. നൂറ്റാണ്ടുകളായി മനുഷ്യൻ പാപശാന്തിയ്ക്കായി കർമ്മങ്ങൾ ചെയ്തുചെയ്ത് പരാജയപ്പെ ട്ടു. മനുഷ്യന്റെ നന്മപ്രവൃത്തികളിൽപോലും പാപത്തിന്റെ ലാഞ്ഛനയും സ്വാർത്ഥതയും ഉണ്ടായിരുന്നു....എന്നാൽ സ്നേഹമൂർത്തിയായ ദൈവം മനു ഷ്യരക്ഷക്കായി സ്വർഗ്ഗസിംഹാസനത്തിൽനിന്ന് യേശുക്രിസ്തുവിനെ ലോക ത്തിലേക്ക് അയച്ചു. ക്രിസ്തു ഗോശാലയിൽ ജനിച്ചു....പൂർണവിശുദ്ധനായി മുപ്പത്തിമൂന്നു വർഷങ്ങൾ ഭൂമിയിൽ ജീവിച്ചു. മനുഷ്യരുടെ പാപങ്ങൾ ക്ഷമി ച്ചുകൊണ്ട്, രോഗങ്ങൾ സൗഖ്യമാക്കിക്കൊണ്ട്, മരിച്ചവരെ ഉയിർപ്പിച്ചുകൊണ്ട് പിതാവായ ദൈവം ഏല്പിച്ച ശുശ്രൂഷ ക്രിസ്തു നിർവ്വഹിച്ചു.'

വേണുമേനോൻ പുഞ്ചിരിച്ചുകൊണ്ട് തടസ്സപ്പെടുത്തി: 'ഒറ്റ ശ്വാസത്തിനു പറയാമെന്നു പറഞ്ഞിട്ട് ഇപ്പം ശ്വാസം എത്രയായി?'

എല്ലാവരും ചിരിച്ചു. ഐസക്ക് മാപ്പിള തുടർന്നു:

'ഒടുവിൽ മനുഷ്യവർഗ്ഗത്തിന്റെ മൊത്തം പാപത്തിന്റെ പ്രായശ്ചിത്ത മായി കാൽവറിയിലെ ക്രൂശിൽ ക്രിസ്തു തന്റെ ജീവൻ അർപ്പിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു.... മനുഷ്യൻ ഇന്നലെ ചെയ്തതും ഇന്നുചെയ്യുന്നതും ഇനി ചെയ്യാനിരിക്കുന്നതുമായ എല്ലാ പാപ ങ്ങളുടെയും കയ്പുകാടിയുടെ പാനപാത്രം ക്രിസ്തു നമുക്കുവേണ്ടി ക്രൂശിൽവച്ചു കുടിച്ചുതീർത്തു. പിതാവായ ദൈവം ഊനമില്ലാത്ത കുഞ്ഞാ ടാകുന്ന ക്രിസ്തുവിന്റെ യാഗത്തിൽ പ്രസാദിച്ചു. ക്രിസ്തുവിൽ വിശ്വസി ക്കുന്ന ഏവർക്കും നിത്യജീവൻ—രക്ഷ, മുക്തി—ഉറപ്പാക്കി. ക്രിസ്തു കാൽവ റിയിൽ ചൊരിഞ്ഞ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരാൾ മരിക്കുമ്പോൾ ആ വ്യക്തിയുടെ ആത്മാവ് പറുദീസയിൽ പ്രവേശിക്കുന്നു. ദൈവം നിശ്ച യിച്ച ദിവസം ആ വ്യക്തിയുടെ ശരീരം ഉയിർത്തെഴുന്നേൽക്കും....ക്രിസ്തു വിൽ വീണ്ടെടുക്കപ്പെട്ട എല്ലാവരും നിത്യസൗഭാഗ്യത്തിൽ വസിക്കും. പിന്നെ ദുഃഖമില്ല, രോഗമില്ല, മരണമില്ല. യുദ്ധമില്ല, വേദനയില്ല. ഇതാണ് സുവിശേ ഷം. ഇതാണു സത്യം. ഇതാണ് വെളിപാട്. ഇത് യുക്തിവിരുദ്ധമല്ല, എന്നാൽ യുക്തിക്ക് അതീതമാണ്....'

'പറഞ്ഞുതീർക്കാൻ പത്തുപന്ത്രണ്ടു ശ്വാസവും നാലഞ്ചു ചുമയും മൂന്നാലു തൊണ്ടമുരളും വേണ്ടിവന്നല്ലോ ചേട്ടാ!'

എല്ലാവരും വീണ്ടും ചിരിച്ചു.

'ചേട്ടന്റെ രത്നച്ചുരുക്കത്തിന് കഴമ്പുണ്ടെന്നു തോന്നുന്നു.'

'എന്റെ രത്നച്ചുരുക്കമല്ല. കഴിഞ്ഞയിടെ പുനലൂർനിന്നും വയലിൽ കുഞ്ഞാണ്ടിസാർ ഇവിടെവന്ന് പ്രസംഗം നടത്തി. അദ്ദേഹം 'സുവിശേഷ ധ്വനി' എന്ന മാസികയുടെ മാനേജിംഗ് എഡിറ്റർ ആയിരുന്നു. അദ്ദേഹം വേദപുസ്തകത്തിലെ സത്യങ്ങൾ മൊത്തം ചുരുക്കം വാചകങ്ങളിൽ കേൾവിക്കാർക്കു പറഞ്ഞു തന്നു. അദ്ദേഹം പറഞ്ഞ രത്നച്ചുരുക്കം ഞാൻ കൂടക്കൂടെ അയവിറക്കാറുണ്ട്.'

'ചേട്ടൻ പറഞ്ഞ രത്നച്ചുരുക്കത്തിലെ ക്രിസ്തുവിനെ എനിക്കിഷ്ടമാണ്. ക്രിസ്തുഭഗവാനെ ഒരു ഗുരുവായി, പ്രവാചകനായി ഞാൻ അംഗീകരിക്കുന്നു.'

മത്തായിച്ചൻ വിശദീകരിച്ചു: 'വേണുസാർ, യേശുക്രിസ്തു കേവലം ഒരു ഗുരു മാത്രമല്ല, തമ്പുരാൻ രക്ഷകനാണ്. പാപത്തിന്റെ ചേറ്റുകുഴിയിൽ കിടക്കുന്ന ഒരാളിന് നന്മയുടെ മാർഗ്ഗം ഉപദേശിച്ചുകൊടുക്കുന്നവനാണ് ഗുരു. അതായത് മുങ്ങിച്ചാകാൻ തുടങ്ങുന്ന ഒരാളിന് രക്ഷപെടാനുള്ള മാർഗ്ഗങ്ങൾ കരയിൽനിന്ന് പറഞ്ഞു കൊടുക്കുന്ന ആൾ—തത്വശാസ്ത്രം ഓതിക്കൊടുക്കുന്ന പൂജ്യൻ. യേശുവോ? വെള്ളത്തിൽ ചാടി ആ ഹതഭാഗ്യനെ കരയിൽ വലിച്ചു കയറ്റി രക്ഷിക്കുന്നവൻ. ഇതാണ് ഗുരുവും രക്ഷകനും തമ്മിലുള്ള വ്യത്യാസം. ക്രിസ്തു രക്ഷിതാവാണ്. ക്രൂശിലെ ബലിയിലൂടെ ക്രിസ്തു മനുഷ്യനെ രക്ഷിക്കാൻ വേദനയുടെ കടലിൽ ചാടി. മനുഷ്യവർഗ്ഗത്തെ കരയിൽ കയറ്റി. കാൽവറിയിലെ ആ ബലിയെ സർവ്വാത്മനാ അംഗീകരിക്കുന്നവന് മുക്തി ലഭിച്ചുകഴിഞ്ഞു.'

'ഉപദേശി പറേന്നത് പിടികിട്ടുന്നുണ്ട്.'

'കടഭാരം ഉള്ളവനോട് ഇനി കടം വാങ്ങരുതെന്ന് ഉപദേശിക്കുന്നവനാണ് ഗുരു—പ്രവാചകൻ! രക്ഷകനോ? ഇന്നലെവരെയുള്ള നിന്റെ കടം വീട്ടിയിരിക്കുന്നു, ഇനി കടം വാങ്ങരുത് എന്ന് ഉപദേശിച്ച് അവനെ കടത്തിൽനിന്നും വിമുക്തനാക്കുന്നവൻ. മുക്തിനേടണമെങ്കിൽ ഇനി പാപം ചെയ്യരുത്, സൽക്കർമ്മങ്ങൾ ചെയ്യണം എന്നു പറയുന്നവൻ ഗുരു. രക്ഷിതാവോ? നിന്റെ പാപം കാൽവറിയിലെ ക്രൂശിൽ എന്റെ സ്വന്തം ജീവൻ നൽകി ഞാൻ വീട്ടിയിരിക്കുന്നു. ഇനി പാപം ചെയ്യരുത്, തുടർന്ന് സൽകർമ്മങ്ങൾ ചെയ്യണം എന്നുപദേശിക്കുന്നുവൻ....പാപമില്ലാത്ത ഒരു പൂർണ്ണനു മാത്രമേ പാപത്തിനുവേണ്ടി പരമയാഗമാകാൻ സാധിക്കയുള്ളൂ. ആ പൂർണ്ണൻ, പൂർണമനുഷ്യൻ, പൂർണ ദൈവം ക്രിസ്തു മാത്രമാണ്.'

'ഉപദേശീ, നിങ്ങൾ പറയുന്ന വശം എനിക്കു പിടികിട്ടുന്നുണ്ട്. എതിർവശവും പറയാനുണ്ട്. എന്നാൽ, നിങ്ങൾ ആരാധിച്ചപ്പോൾ എന്റെ ഹൃദയത്തിലൂടെ തഴുകിയൊഴുകിയ ദിവ്യസമാധാനത്തിന്റെ മുമ്പിൽ എതിർന്യായങ്ങളും മനുഷ്യയുക്തിയും അസ്ഥാനത്താണ്. അതുകൊണ്ടാണ് ഞാൻ തർക്കിക്കാതെ ഇത്രയും നേരം നിങ്ങളുടെ വാക്കുകൾ ശ്രദ്ധിച്ചത്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു സന്തോഷാനുഭവം എന്റെ ഹൃദയത്തിന് ഈ രാത്രിയിൽ ഉണ്ടായിരിക്കുന്നു. അക്കാര്യം എനിക്കു നിഷേധിക്കാൻ സാധ്യമല്ല. അതുകൊണ്ട് എന്റെ തലച്ചോറിന്റെ വഴിയേ പോകാതെ, എന്റെ ഹൃദയ

ത്തിന്റെ വഴിയേ പോകാനാണ് എന്റെ ആഗ്രഹം.'

'എങ്കിൽ നാളെ രാത്രിയിലും വരണം.'

'തീർച്ചയായും.'

'അടുത്ത മാസം നെയ്യാറ്റിൻകരയിൽ ഒരു കൺവൻഷൻ നടക്കുന്നുണ്ട്—മാർത്തോമ്മാ സഭക്കാരുടെ. തമിഴ്നാടുകാരനായ സാമുവൽ ഗണേഷായിരിക്കും പ്രസംഗിക്കുന്നത്. ഞങ്ങൾ പോകുന്നുണ്ട്. സാറും വരണം.' യേശുക്രിസ്തുവിനെപ്പറ്റിയുള്ള സുവിശേഷഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള 'പുതിയനിയമ'ത്തിന്റെ ഒരു കോപ്പി സമ്മാനിച്ചുകൊണ്ട് മത്തായിച്ചൻ ക്ഷണം നൽകി.

'അതിനും വരാം.'

'അതിനുമുമ്പേ പുതിയനിയമം വായിച്ചുതീർക്കണം.'

'ഇന്നു രാത്രി തന്നെ വായിച്ചുതുടങ്ങും. ഞാൻ ക്രൈസ്തവഗ്രന്ഥങ്ങൾ കുറെ വായിച്ചിട്ടുണ്ട്.'

'ഏതൊക്കെ ഗ്രന്ഥങ്ങൾ?'

'പ്രീ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരിക്കുമ്പോൾ എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചത് ഒരു പുരോഹിതനായിരുന്നു. അദ്ദേഹം പോർട്ടുഗലിലെ ഫാത്തിമാ ഗ്രാമത്തിലേക്ക് ഒരു തീർത്ഥാടനം നടത്തി. 1917–ൽ കന്യാമറിയം പ്രത്യക്ഷപ്പെട്ട ഗ്രാമം. അദ്ദേഹത്തിന്റെ യാത്രാപര്യടന ഗ്രന്ഥത്തിന്റെ ഒരു കോപ്പി എനിക്കു സമ്മാനമായി തന്നു. കൂട്ടുദ്യോഗസ്ഥരായ ചില അദ്ധ്യാപകർ പുണ്യവാളന്മാർവഴിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ മേന്മകൾ വിവരിക്കുന്ന പുസ്തകങ്ങൾ തന്നിട്ടുണ്ട്.'

'മറ്റു പുസ്തകങ്ങൾ?'

'എന്റെ അയലത്ത് ഒരു പുരോഹിതനുണ്ട്. അദ്ദേഹം കന്യാമറിയത്തിന്റെ അത്ഭുതപ്രവൃത്തികൾ വിവരിക്കുന്ന ഒന്നുരണ്ടു കാവ്യങ്ങൾ നൽകിയിട്ടുണ്ട്. വാഴ്ത്തപ്പെട്ട പട്ടക്കാരുടെ പടങ്ങളും ഇഷ്ടംപോലെ ലഭിച്ചിട്ടുണ്ട്. ഞാൻ തന്നെ കുറെ ക്രൈസ്തവ തത്വശാസ്ത്രഗ്രന്ഥങ്ങൾ വാങ്ങി വായിച്ചിട്ടുണ്ട്. തോമസ് റമ്പാൻ എഴുതിയ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനം എന്ന കൃതിയും വീട്ടിലുണ്ട്.'

'വ്യാഖ്യാനം പോരാ. മൂലകൃതിതന്നെ വായിക്കണം. പുതിയനിയമം. ക്രിസ്തുവിനോടുകൂടെ തോളുരുമ്മി നടന്ന ശിഷ്യന്മാർ എഴുതിയ സുവിശേഷങ്ങൾ. മനുഷ്യരുടെ വ്യാഖ്യാനങ്ങൾ തിരുകിച്ചേർക്കാത്ത പുതിയനിയമം. പുതിയനിയമം തത്വശാസ്ത്രമൊന്നുമല്ല. വെളിപാടാണ്. യേശുക്രിസ്തുവിനെപ്പറ്റി എഴുതിയ ദൃക്സാക്ഷി വിവരണങ്ങൾ. നിങ്ങൾ കേൾക്കുന്ന ഈ മറിയ—പുണ്യവാള പ്രത്യക്ഷതകളെല്ലാം സാത്താന്റെ തന്ത്രങ്ങളാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുകളയാനുള്ള പൈശാചിക പ്രഹസനങ്ങൾ. നിരപരാധികളും വിവേകശൂന്യരുമായ മനുഷ്യരെ ഉപയോഗിച്ച് സാത്താൻ പ്രചരിപ്പിക്കുന്ന നുണകൾ.'

'ആട്ടെ. വായിച്ചുതീർക്കാം. ആദ്യമായിട്ടാണ് 'പുതിയനിയമ'ത്തി ന്റെ ഒരു കോപ്പി ലഭിക്കുന്നത്.'

വേണുമേനോൻ വീട്ടിലേക്കു മടങ്ങുമ്പോൾ സൈക്കിൾ ഒഴുകിനീങ്ങുന്നതുപോലെ തോന്നി.

ഒറ്റയടിപാതയിലൂടെ സൈക്കിളിന്റെ ബെല്ലടിച്ചുകൊണ്ട് വീട്ടുപറമ്പി

ലെത്തിയപ്പോൾ കോഴിക്കൂട്ടിൽ നീണ്ട കൊക്കരക്കോ ശബ്ദം. പാതിരാത്രി കഴിഞ്ഞിരുന്നു. ഭാര്യ ഉറക്കത്തിൽവീണിരുന്നു.

പെട്ടെന്നാണ് രണ്ടു ഞാറപ്പക്ഷികൾ പറമ്പിലൂടെ ചെലച്ചുപറക്കുന്ന ശബ്ദം കേട്ടത്. ഞാറപ്പക്ഷി വീടിനടുത്തുകൂടെ ചെലച്ചു പറന്നാൽ വീട്ടിലോ അടുത്ത ബന്ധുക്കളുടെ വീട്ടിലോ മരണം നടക്കും എന്നാണ് നാട്ടുകാരുടെ വിശ്വാസം. കുട്ടിക്കാലത്ത് അമ്മൂമ്മയിൽ നിന്നാണ് ഈ വിശ്വാസം ആദ്യമായി കേട്ടത്. അന്നു മുതൽ ഞാറപ്പക്ഷികളുടെ ശബ്ദം കേട്ടാൽ പിന്നെ കുറെ മണിക്കൂറുകളിലേക്ക് വേണുമേനോന്റെ ഉള്ളിൽ ഭയം ഉറഞ്ഞുകൂടിക്കൊണ്ടിരിക്കും.

'എന്റെ ഹൃദയത്തിനെന്തുപറ്റി? ഇപ്പോൾ ഭയം തോന്നുന്നില്ലല്ലോ!' തന്നോടു തന്നെ ചോദിച്ചു.

പിറ്റേന്നു വൈകിട്ട് സമയത്തിനു മുമ്പേ വേണുമേനോൻ ജോഷ്വാമാപ്പിളയുടെ വീട്ടിലെത്തി. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലെ ഒരു ഭാഗമായിരുന്നു മത്തായിച്ചന്റെ പ്രസംഗവിഷയം—മത്തായി അഞ്ചാം അദ്ധ്യായം മൂന്നാം വാക്യം: 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ.'

'ആത്മിക കാര്യങ്ങളിലുള്ള നമ്മുടെ ദരിദ്രാവസ്ഥ, പാപ്പരത്തം ദൈവമുമ്പിൽ നാം ഏറ്റുപറയണം. നമ്മുടെ പഠിപ്പും അറിവും വെറും പൂജ്യമായി കാണുന്ന താഴ്മയുള്ള ഹൃദയം നമുക്കുണ്ടാകണം. ദരിദ്രനു വിശപ്പുണ്ട്, ദാഹമുണ്ട്. ആത്മികകാര്യങ്ങൾക്കുവേണ്ടി നമുക്കും ദാഹം വേണം. വിശപ്പുണ്ടാകണം. അപ്പോൾ കരയുന്ന കുഞ്ഞിന് മാതാവ് പാലു കൊടുക്കുന്നതുപോലെ ദൈവം സ്വർഗ്ഗീയ സമാധാനം നമുക്കു തരും.' ക്രിസ്തുവിന്റെ വാക്കുകൾക്ക് ലളിതമായ ഒരു നാടൻ വ്യാഖ്യാനമാണ് മത്തായിച്ചൻ നൽകിയത്.

വേണുമേനോൻ ധ്യാനയോഗങ്ങൾ ഒന്നും മുടക്കിയില്ല.

♦ ♦ ♦

ഞായറാഴ്ച രാത്രി. അവസാനത്തെ ധ്യാനയോഗം കഴിഞ്ഞു. വേണുമേനോൻ മത്തായിച്ചന്റെ അടുത്തേക്കു നീങ്ങി നിന്നു: 'ഉപദേശീ, ഞാൻ അങ്ങോട്ടും ഇങ്ങോട്ടും കൂടി പത്തുമൈൽ സൈക്കിളു ചവിട്ടിയാ ഇവിടെ യോഗത്തിനു വരുന്നത്. പാതിരാത്രിയാകും തിരിച്ചുവീട്ടിൽ ചെല്ലുമ്പോൾ. ഭാര്യേം കുഞ്ഞുങ്ങളും തനിച്ചാവീട്ടിൽ.'

'അവരെക്കൂടി ഇങ്ങു കൊണ്ടുപോര്.'

'ഭാര്യയോടു പറഞ്ഞിട്ടില്ല പെന്തക്കോസ്തുകാരുടെ യോഗത്തിനാ വരുന്നതെന്ന്. അവൾ വഴക്കുണ്ടാക്കും.'

'സാവകാശമായി പറേണം. കൊഴപ്പമൊന്നും വരത്തില്ല. ഞങ്ങൾ പ്രാർത്ഥിച്ചോളാം.'

ക്ഷമാപണ രൂപത്തിലാണ് ബാക്കി പറഞ്ഞത്: 'ഉപദേശീ, ഞാൻ താമസിക്കുന്ന ഗ്രാമത്തിൽ പാറശ്ശാലയുടെ തെക്കേകോണിൽ പെന്തക്കോസ്തുകാരുടെ ഒരു സഭ ഉണ്ടെന്ന് ഞാൻ ഇന്നു രാവിലെ കേട്ടു. ആ സഭയിലെ ഒരു പ്രമാണിയുടെ വീട്ടിൽ രാവിലെതന്നെ പോയി അദ്ദേഹത്തെ കണ്ടു. നല്ല മനുഷ്യനാ. അദ്ദേഹം ഒരു അദ്ധ്യാപകനാ. എന്റെ വീട്ടിൽ നിന്ന് ഒന്നരമൈലേ ഉള്ളൂ അവരുടെ ആരാധനാമന്ദിരത്തിലേക്ക്. വർഗീസെന്നാ അവിടത്തെ ഉപദേശിയുടെ പേര്.'

'ഞാൻ കേട്ടിട്ടൊണ്ട് അദ്ദേഹത്തെപ്പറ്റി. നല്ല ദൈവദാസനാ.'

'ഞാൻ ഇനി മുതൽ അവിടെ യോഗങ്ങൾക്കു പോന്നതുകൊണ്ട് ഇവി

ടെയുള്ളവർക്കു നല്ല വിരോധോം ഉണ്ടാകുമോ?'

'ഒരിക്കലുമില്ല. സാർ ഇവിടെ വരുന്നതു ഞങ്ങക്കു വല്യ സന്തോഷമാ. എന്നാൽ ഇത്ര ദൂരം സൈക്കിളു ചവിട്ടുന്നത് ബുദ്ധിമുട്ടാ. ഇനീ അവിടെ പോയി ആരാധിച്ചുകൊള്ളൂ.'

'ഇവിടത്തെ സന്തോഷം അവിടെ കിട്ടുമോ?'

'തീർച്ചയായും കിട്ടും.' വേണുസാറിന്റെ തോളിൽതട്ടി ഉറപ്പു നൽകി: 'ഇവിടത്തെ സന്തോഷം ജോഷ്വാമാപ്പളേടെ വീട്ടുമുറിയുടെയോ ഞങ്ങടെ ആരാധനാമന്ദിരത്തിന്റെയോ പുണ്യം കൊണ്ടു കിട്ടുന്നതല്ല. ഞങ്ങൾ ആരാധിക്കുന്ന ഏകസത്യദൈവം നൽകുന്ന ആനന്ദമാണ് നിങ്ങൾക്കു ലഭിച്ചിരിക്കുന്നത്.

'ഇവിടത്തെ സന്തോഷം വിവരിക്കാനൊക്കത്തില്ല.'

'ദൈവത്തിന് ഇവിടെയും അവിടെയും തമ്മിൽ വ്യത്യാസമില്ല. ദൈവം സ്ഥലകാലപരിമിതികൾക്കതീതനാണ്. അതുകൊണ്ടാ ഞങ്ങൾ തീർത്ഥാടനങ്ങൾക്കും പുണ്യസ്ഥല സന്ദർശനങ്ങൾക്കും ഒന്നും ഒരിക്കലും പോകാത്തത്. ഇവിടെ കിട്ടാത്ത അനുഗ്രഹം പരുമലയിലോ വേളാങ്കണ്ണിയിലോ കിട്ടുമെന്ന് ഞങ്ങൾ കരുതുന്നില്ല.'

'ഞാനാന്നേൽ ഒത്തിരി സ്ഥലങ്ങളിൽ പോയിട്ടുമുണ്ട്. അവധിക്കാലങ്ങളിലെല്ലാം തീർത്ഥാടനമായിരുന്നു—പത്തിരുപത് വർഷമായി.'

'പ്രത്യേക സ്ഥലങ്ങളിൽ, പ്രത്യേക കെട്ടിടങ്ങളിൽ, ശക്തിയിൽ ഏറ്റക്കുറച്ചിലുകളുള്ള ദൈവങ്ങളെ ആരേയും ഞങ്ങൾ കുടിയിരുത്താറില്ല. ഏകസത്യദൈവം അങ്ങനെ മനുഷ്യൻ പറേന്നിടത്ത് കുടിയിരിക്കുന്ന കളിപ്പാവദൈവമല്ല. മനുഷ്യന്റെ ഭാവനയും അന്ധവിശ്വാസങ്ങളുമാ ദൈവങ്ങളുടെ എണ്ണം പെരുപ്പിച്ചെടുത്തിരിക്കുന്നത്.'

'ഉപദേശിയുടെ പ്രസംഗം എനിക്കു വല്യ ഇഷ്ടമാ. അതു കളഞ്ഞിട്ടു പോകുന്ന കാര്യം ഓർക്കുമ്പോൾ വിഷമം. ദൂരം ഓർക്കുമ്പോൾ ഇവിടെ വരാനും പ്രയാസം.'

'വർഗീസ് ഉപദേശി നന്നായി പ്രസംഗിക്കുന്ന ആളാ.'

'എന്നെ പരിചയപ്പെടുത്തി അദ്ദേഹത്തിനൊരു കത്തയയ്ക്കണേ.'

'തീർച്ചയായും....നിങ്ങൾക്കവിടെ നല്ല സ്വീകരണം കിട്ടും. സ്ഥലഭക്തിയും മനുഷ്യഭക്തിയും ഒക്കെ വിട്ടുകളയണം. മനുഷ്യരെ സ്നേഹിക്കണം. ബഹുമാനിക്കണം. എന്നാൽ ഭക്തി ദൈവത്തോടു മാത്രം.'

'ദിവ്യന്മാർ ഈശ്വരന്റെ പ്രതിനിധികൾ അല്ലേ? അവർക്കും അവരുടെ തിരുശേഷിപ്പുകൾക്കും ശക്തിയില്ലേ?'

'യേശുക്രിസ്തു ശിഷ്യന്മാരെ സർവ്വരാജ്യങ്ങളിലും സുവിശേഷം അറിയിക്കാൻ പറഞ്ഞുവിട്ടപ്പോൾ അവർക്ക് തമ്പുരാന്റെ വസ്ത്രക്കഷണങ്ങളോ ചെരുപ്പുമുറികളോ തലമുടിയോ ഒന്നും കൊടുത്തയച്ചില്ല. യേശുവിന്റെ ഈ ഭൂമിയിലെ മാതാപിതാക്കൾ ഉപയോഗിച്ച വീട്ടുസാമാനങ്ങളുടെ ചീളുകളും കൊടുത്തയച്ചില്ല. തോമാ ശ്ലീഹാ ഇന്ത്യയിൽ വന്നത് യേശുവിന്റെയോ മറ്റ് അപ്പൊസ്തലന്മാരുടെയോ മുടിയിഴകളും നഖച്ചീളുകളും സഞ്ചിയിലിട്ടുകൊണ്ടല്ല. ഗലീലയിലെ പൊടിമണ്ണും യോർദ്ദാനിലെ വെള്ളവും ഒന്നും കൊണ്ടുവന്നില്ല. പകരം സത്യവചനവുമായിട്ടാണ് വന്നത്. സ്ഥലപൂജയും വസ്തുവണക്കവും ഒക്കെ ഞങ്ങൾ വെറുക്കുന്നു. ഒരു വസ്തുവിലും തിരുശേഷിപ്പിലും ആശ്രയം വയ്ക്കരുത്.'

'മനസ്സിലായി'

'പോസ്റ്റുമാൻ എഴുത്തും മണിഓർഡറും കൊണ്ടുത്തരുന്നു. എന്നാൽ പണം പോസ്റ്റുമാന്റെ കുടുംബസ്വത്തല്ല. കത്തും അയാളുടെവക അല്ല. ഞാൻ ദൈവസന്ദേശം അറിയിക്കുന്ന ഒരു കൊച്ചു തപാൽശിപായി മാത്രം. സന്ദേശം എന്റേതല്ല. പാറശ്ശാലയിലെ വർഗീസുപദേശിയും ഞാനും ഒരേ ദൈവത്തിന്റെ സന്ദേശവാഹകരാണ്. ഞങ്ങൾ ഇന്നു കണ്ടു നാളെ മായുന്നവരാണ്....പാരമ്പര്യ ക്രൈസ്തവ സഭക്കാർ പുരോഹിതശ്രേഷ്ഠന്മാരുടെ ജന്മസ്ഥലങ്ങ ളിലും ശവകുടീരങ്ങളിലും പതിനായിരങ്ങളെ കൂട്ടുന്നു. ഞങ്ങൾ ഇതൊന്നും ചെയ്യാറില്ല. യേശുക്രിസ്തു ഇതൊന്നും പ്രോത്സാഹിപ്പിച്ചിട്ടില്ല. തമ്പുരാൻ ജനിച്ച ഗോശാലയോ അത്ഭുതങ്ങൾചെയ്ത സ്ഥലങ്ങളോ കണ്ടുപിടിച്ച് തീർത്ഥാടന സംഘങ്ങളെ നയിക്കണമെന്ന് യേശു ശിഷ്യന്മാർക്ക് നിർദ്ദേശം നൽകിയിട്ടില്ല. എമ്മവുസിലേക്കു പോകുന്ന ശിഷ്യന്മാരുടെ മുമ്പിൽ യേശു പ്രത്യക്ഷപ്പെട്ടു. എന്നാൽ ആ സ്ഥലം പുണ്യസ്ഥലമായി പ്രഖ്യാപിച്ച് ആളിനെ കൂട്ടാൻ ശിഷ്യന്മാർ ശ്രമിച്ചില്ല. വേളാങ്കണ്ണിയിലും മറ്റും കാട്ടിക്കൂട്ടുന്നതുകണ്ട് തമ്പുരാന്റെ ഹൃദയം ഇന്നു ദുഃഖിക്കുന്നുണ്ടായിരിക്കും. വ്യക്തിപൂജ, സ്ഥലപൂജ, വസ്തുവണക്കം ഇവയെല്ലാം വ്യാജാരാധനയാണ്.'

'പിടികിട്ടുന്നുണ്ട്.'

'സ്ഥിരമായി ഇവിടെ വരാൻ സാഹചര്യം അനുവദിക്കുന്നില്ലെങ്കിലും വല്ലപ്പോഴുമൊക്കെ സാർ ഞങ്ങടെ യോഗങ്ങൾക്കു വരണം. ഉണർവ്വുയോഗങ്ങൾ ഇടയ്ക്കിടെ ഞങ്ങൾ നടത്താറുണ്ട്.'

'തീയതി അറിയിച്ചാൽ മതി. വരാം. തീർച്ച.'

'വിട പറയുന്നതിനുമുമ്പ് ഒരു കാര്യംകൂടെ പറഞ്ഞോട്ടെ വേണു സാറേ, നിങ്ങൾക്കു ലഭിച്ച മാനസ്സിക സമാധാനത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ ഇനി മുമ്പിലുള്ളത് പ്രശ്നരഹിതമായ ഒരു ജീവിതമാണെന്ന് നിങ്ങൾ വിചാരിച്ചുപോകരുത്. നിങ്ങൾ ദൈവത്തോട് അടുത്തു ജീവിക്കുവാൻ ശ്രമിക്കുമ്പോൾ സാത്താനും മനുഷ്യരും തടങ്കൽപാറകൾ സൃഷ്ടിക്കും. നിങ്ങടെ വിശ്വാസത്തെ ഉലച്ചുകളയാൻ ശ്രമിക്കും. സംശയവിചാരങ്ങൾ മനസ്സിൽ മുളപ്പിക്കും. യേശുവിന്റെ ശിഷ്യന്മാരെല്ലാം രക്തസാക്ഷികളായെന്ന് സാറിനറിയാമല്ലോ.'

'അറിയാം. തോമാശ്ലീഹായെ മൈലാപ്പൂരിൽവച്ചല്ലേ കുന്തം എറിഞ്ഞു കൊന്നത്.... പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടാനല്ല ഞാൻ സത്യം പിൻപറ്റുവാൻ ആഗ്രഹിക്കുന്നത്.'

'സത്യാനുഗമനം പട്ടുമെത്തയല്ല. മാനസാന്തരപ്പെട്ടുകഴിഞ്ഞ് എനിക്കും പ്രശ്നങ്ങൾ കുറവല്ലായിരുന്നു. എന്റെ കുടുംബക്കാരും അയൽക്കാരും നാട്ടുകാരും എനിക്കു ഭ്രഷ്ടുകല്പിച്ചു. ബന്ധുക്കളുടെ കല്യാണങ്ങളോ മരണങ്ങളോ എന്നെ അറിയിക്കപോലുമില്ല. എന്നെ നാട്ടിലും ബന്ധുവീടുകളിലും കയററുതെന്ന് കുടുംബയോഗ കമ്മറ്റി പണ്ടേ തീരുമാനിച്ചതാണ്.... എന്നാൽ പ്രശ്നങ്ങളുടെ നടുവിൽ സമാധാനം കിട്ടിക്കൊണ്ടിരുന്നു.'

'എനിക്കും ഹൃദയത്തിനു സമാധാനം കിട്ടിയാൽ മതി.'

'കൊടുങ്കാറ്റിന്റെ നടുവിലും പാട്ടുപാടുന്ന കുരുവിക്കിളിയുടെ കാര്യം അറിയാമല്ലോ?'

'അറിയാം....ഉപദേശിയും ഉപദേശിയുടെ കൂട്ടുവിശ്വാസികളും അത്തരം കുരുവിക്കിളികൾ ആണ്.'

മത്തായി ഉപദേശിയുമായി, അദ്ദേഹത്തിന്റെ സഭയിലെ വിശ്വാസികളുമായി വേണുമേനോന് കഷ്ടിച്ച് ഏഴെട്ടു ദിവസങ്ങളിലെ പരിചയം മാത്രം. എന്നാൽ വിട പറഞ്ഞപ്പോൾ ഏഴെട്ടു വർഷങ്ങളിലെ പരിചയമുള്ള കുറെ ചങ്ങാതികളിൽനിന്ന് പിരിയുമ്പോഴുണ്ടാകുന്ന ദുഃഖമാണു തോന്നിയത്.

മത്തായിച്ചൻ രണ്ടു കൈകളും വേണുമേനോന്റെ ശരീരത്തിനു ചുറ്റും വരിഞ്ഞുമുറുക്കി ആലിംഗനം ചെയ്തു. വേണുമേനോൻ തിരിച്ചും. മാംസവും മജ്ജയും ചൂടും തുടിപ്പുമുള്ള നാലുകരങ്ങൾ നിർമ്മിച്ച സ്നേഹപാശം. അതിന്റെ കെട്ടഴിയാൻ കുറെനേരം വേണ്ടി വന്നു.

'സ്വസ്തി, സ്വസ്തി.' സൈക്കിളിൽ കയറിയിരുന്നുകൊണ്ട് വേണുമേനോൻ വിടപറഞ്ഞു.

♦ ♦ ♦

ഒരൊറ്റ ആഴ്ചകൊണ്ട് ജീവിതത്തിലുണ്ടായ മാറ്റങ്ങളെപ്പറ്റി ആത്മഗതങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടാണ് വേണുമേനോൻ വീട്ടിലേക്കുള്ള നാലഞ്ചുമൈലുകൾ സൈക്കിളോടിച്ചത്. ചക്രങ്ങളിൽ ആഞ്ഞുരസ്സിയ കാറ്റിനെ ധിക്കരിച്ച് സൈക്കിൾ മുമ്പോട്ട്. ചിന്ത പുറകോട്ട്—അന്ധവിശ്വാസങ്ങളെ ധിക്കരിച്ചുകൊണ്ട്.

കഴിഞ്ഞ പത്തിരുപതു വർഷങ്ങളായി മനഃശാന്തിക്കുവേണ്ടി എത്രയോ ആൽത്തറകളും അൾത്താരകളും പുണ്യസങ്കേതങ്ങളും ചവിട്ടിക്കയറി. വഴിയമ്പലങ്ങളിൽ അന്തിയുറങ്ങിക്കൊണ്ട്. എലിയമ്പലങ്ങൾ മുതൽ സർപ്പക്കാവുകൾ വരെ! എവിടെയെല്ലാം കുളിച്ചു തൊഴുതു.

കല്ലട മുതൽ കാവേരി വരെ
നെയ്യാറു മുതൽ പെരിയാറു വരെ
ഭാരതപ്പുഴയിൽ, പിന്നെ മൂവാറ്റുപുഴയിൽ

എത്രയോ അമ്പലക്കുളങ്ങളിൽ! ആദ്യം കായംകുളത്ത്, പിന്നെ വെണ്ണിക്കുളത്ത്. ഒടുവിൽ ഏഴംകുളത്ത്—ഒരൊറ്റ ദിവസംകൊണ്ടാണ് അവിടെ ആറു കുളങ്ങളിൽ മുങ്ങി ആത്മശുദ്ധിയ്ക്കുവേണ്ടി ദേഹശുദ്ധി വരുത്തിയത്. ഏഴാമത്തെ കുളം വറ്റിക്കിടന്നതുകൊണ്ടു പറ്റിയില്ല.

മതവ്യത്യാസം കൂടാതെ എത്രയോ തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചു കഴിഞ്ഞു!

കല്ലാനിക്കുഴി, പുല്ലാനിക്കാവ്
കോടിമല, പരുമല, പുതുപ്പള്ളി
ചാത്തൻകോവിൽ, പിന്നെ വേളാങ്കണ്ണി

ബാല്യം മുതൽ എന്തെല്ലാം ഭയങ്ങൾ ഹൃദയത്തെ അലട്ടിക്കൊണ്ടിരുന്നു.

കൂടോത്രഭയം, യക്ഷിഭയം, പുലദോഷഭയം
മരണഭയം....ഭയം. ഭയം.
അടുത്തജന്മത്തിൽ തവളയായി ജനിച്ചു വളർന്ന്
പാമ്പിനാൽ വിഴുങ്ങപ്പെടുമോ എന്ന ഭയം!

ഭയം മക്കളുടെ ഭാവിയെപ്പറ്റി ആയാലോ? മൂത്തമകൾ അഷ്ടമ രാശിക്കാരി. രണ്ടാമത്തെ മകളുടെ ജന്മനക്ഷത്രം ചിത്തിര. മുത്തച്ഛന്റെ വീട്ടിൽ പൂജ നടത്താൻ പതിവായി വന്നിരുന്ന ചെല്ലപ്പനാശാനാണ് ആദ്യമായി ജന്മരാശികളുടെ പൊരുൾ കാവ്യാത്മക ശൈലിയിൽ പഠിപ്പിച്ചത്—അഷ്ടമി

പിറന്നാൽ തൊട്ടതെല്ലാം നഷ്ടം. ചിത്തിര പിറന്നാൽ ആ തറ തോണ്ടും. മകം പിറന്ന മങ്കയോ? ഭാഗ്യവതി!! ഇളയ മകൻ മകം പിറന്നവനാണ്. എന്നാൽ, പെൺകുട്ടിയാണെങ്കിൽ മാത്രമേ ആ ജന്മനക്ഷത്ര ഭാഗ്യത്തിനു കാരണമാവുകയുള്ളൂ!

കരിമ്പൂച്ച കുറുക്കു ചാടുമ്പോൾ
ഞാറപ്പക്ഷി ചിലച്ചു പറക്കുമ്പോൾ
കാക്ക തെക്കോട്ടു വാലുനീട്ടി കരയുമ്പോൾ
പകൽനേരത്ത് പത്തായത്തിൽ പല്ലിചൊല്ലുമ്പോൾ
അരണ തിണ്ണയിലുറങ്ങുമ്പോൾ....ഭയം. ഭയം.
ഭീതിയുടെ ആവർത്തനചക്രം.

അയലത്തെ ചാക്കോകപ്യാർ പണ്ടു പറഞ്ഞുകൊടുത്തതും ഭയത്തിനു കാരണമായി—ഈസ്റ്റർവാരത്തിൽ കിണ്ണനപ്പം വെടിച്ചുകീറിയാൽ കുടുംബത്തിൽ അകാല മരണം. പോയവർഷം ഭാര്യ ഉണ്ടാക്കിയ കിണ്ണനപ്പത്തിന്റെ നേർ മദ്ധ്യഭാഗം വെടിച്ചുകീറി. വിള്ളലിലൂടെ ആവി പറന്നു. ജീവന്റെ ആവി ആർക്കായിരിക്കും നഷ്ടപ്പെടുന്നത്?

മേലിൽ ക്രിസ്ത്യാനികളുടെ പെരുനാൾവാരങ്ങളിൽ വീട്ടിൽ കിണ്ണനപ്പം ഉണ്ടാക്കരുതെന്ന് ഭാര്യയ്ക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

മരണഭയ നിവാരണത്തിനുവേണ്ടി മാത്രം എന്തുമ്മാത്രം പണം ചെലവിട്ടു. എന്നിട്ടും ഭയത്തിനറുതിയുണ്ടോ!

ദൈവങ്ങളെയും ഭയമായിരുന്നു. കോളജിൽ പഠിക്കുന്ന കാലത്തുപോലും ദൈവങ്ങളെ സ്വപ്നംകണ്ട് ശ്വാസംമുട്ടി വിയർത്തൊലിച്ച് എഴുന്നേറ്റിട്ടുള്ള കാര്യം ഓർമ്മവന്നു.

കൂർത്തനഖവും ചീർത്ത ചുണ്ടും വീർത്ത വാലുമുള്ള ബാബിലോണിലെ ദേവന്മാർ. സർപ്പത്തിന്റെ നാക്കും വ്യാഘ്രത്തിന്റെ മൂക്കും പുലിയുടെ പല്ലും കഴുകന്റെ കണ്ണുമുള്ള ഗ്രീസിലെ ദേവികൾ. നാലു തലയും ഏഴു ചെവിയുമുള്ള റോമൻ യക്ഷികൾ. സർപ്പത്തിന്റെ വായിൽ കുന്തം ഇറക്കുന്ന ഗീവർഗ്ഗീസ് പുണ്യവാളൻ എന്ന കുട്ടിദൈവം!! കണ്ണുതള്ളിയ സർപ്പം. അരിശം മൂത്ത് ചോരചീറ്റിക്കുന്ന പുണ്യവാളൻ.

ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലേയും ദൈവങ്ങളുടെ പടങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവയെ നോക്കുമ്പോൾ ഭയമാണെങ്കിൽതന്നെ.

ഇവർ ഭാരതീയന്റെ ദൈവങ്ങളല്ല. സുമേരിയക്കാരുടെ, ഫെനീഷ്യരുടെ, കൽദായരുടെ, നിനവെക്കാരുടെ ദൈവങ്ങൾ....വൈദേശിക ദൈവങ്ങൾ.

ഇവരെ പേരുമാറ്റി, വേഷം മാറ്റി ഭാരതത്തിന്റെ മണ്ണിൽ കൊണ്ടുവന്നത് ആർ? പണ്ട് ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന ഭാരതനാടിനെ ആരു ചതിച്ചു! സസ്യഭുക്കുകളും ശാന്തശീലരുമായ ഭാരതീയർ ഈ ക്രൂരമുഖങ്ങളെ എങ്ങനെ സ്വീകരിച്ചു!

ഇവരെ സ്വപ്നം കാണരുതേ എന്ന് ആരോടെന്നില്ലാതെ പ്രാർത്ഥിച്ചുകൊണ്ടായിരുന്നു ചിലപ്പോൾ ഉറങ്ങാൻ കിടന്നിരുന്നത്. ഇവരിൽ ചില ദൈവങ്ങൾ അടുത്ത കാലത്തും സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ളതും കിടിലം കൊണ്ടെഴുന്നേൽക്കാറുള്ളതും ചിന്തയിലെത്തി. ചിറ്റപ്പന്റെ പൂജാമുറിയിൽ കയറുമ്പോൾ ഇന്നും ചങ്കിടിപ്പു വർദ്ധിക്കും. കടിച്ചുകീറുന്ന ദൈവങ്ങൾ. തീ തുപ്പുന്ന ദൈവങ്ങൾ.

സർപ്പക്കാവുകളിൽ നേർച്ചയ്ക്കു കയറുമ്പോൾ ഭക്തിയേക്കാളധികം

ഭയമാണ് തോന്നാറുള്ളത്.

ഭാരതമക്കൾ മടങ്ങിവരുമോ? ഏകദൈവവിശ്വാസികളായിരുന്ന പഴയ മുനിശ്രേഷ്ഠരുടെ വഴിയിലേക്ക്! സർവ്വവ്യാപിയും സർവ്വശക്തനും സർവ്വജ്ഞാനിയുമായ ഈശ്വരനിലേക്ക്! വേഷംമാറിവന്ന വൈദേശികദൈവങ്ങളെ ഭാരതം ഉപേക്ഷിക്കുമോ!

ഒരു അമ്മയുടെ മാറിടത്തിൽ ശിശു അണയുന്നതുപോലെ സ്നേഹത്തോടും ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടി ദൈവത്തെ സമീപിക്കാൻ സാധിക്കണമല്ലോ. അമ്മയുടെ രൂപവും സാന്നിദ്ധ്യവും ഭയം ഉളവാക്കിയാലോ?

പെട്ടെന്ന് കാൽവറിയിലെ ക്രൂശിൽ തൂങ്ങിയ യേശുക്രിസ്തു ഉള്ളിൽ തെളിഞ്ഞുവന്നു.

ആ കണ്ണുകൾ! വേദനകൊണ്ടു നിലവിളിക്കുമ്പോഴും സ്നേഹത്തോടെ മനുഷ്യനെ നോക്കുന്നു.

വായ്! നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്ന് കള്ളനോടു പറയുന്നു.

നാക്ക്! പിതാവേ ഇവരോടു ക്ഷമിക്കണമേ എന്ന് കേണപേക്ഷിക്കുന്നു.

ഹൃദയം! തന്റെ ഏകജാതനായ പുത്രനെ മനുഷ്യനുവേണ്ടി നൽകാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച സ്വർഗ്ഗസ്ഥനായ പിതാവിന്റെ ആർദ്രഹൃദയം.

കരങ്ങൾ! മനുഷ്യനെ മാറിലണയ്ക്കാൻ മനസ്സലിവോടു നീട്ടുന്ന കരങ്ങൾ. മനുഷ്യവർഗ്ഗത്തെ മൊത്തം മുക്തിയിലേക്കു സ്വാഗതം ചെയ്തുകൊണ്ട് ക്രൂശിൽ രണ്ടു വശങ്ങളിലേക്കും വിരിച്ചുനീട്ടിയ കരങ്ങൾ. രോഗികളെ തൊട്ടു സൗഖ്യമാക്കിയ, ആരോടും യുദ്ധം ചെയ്തിട്ടില്ലാത്ത കരങ്ങൾ.

അമ്പും
വില്ലും
ഗദയും
കുന്തവും....പേറിയിട്ടില്ലാത്ത ഭുജങ്ങൾ.

യുദ്ധത്തിനുവേണ്ടി ആരേയും പ്രേരിപ്പിച്ചിട്ടില്ലാത്ത സമാധാന പ്രഭു.

ഒരാഴ്ചയായി പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ ആവർത്തിച്ചാവർത്തിച്ച് വായിക്കുകയാണ്. ഓരോ അദ്ധ്യായം വായിച്ചുനീങ്ങുന്തോറും ക്രിസ്തുവിന്റെ വ്യക്തിത്വം കൂടുതൽ ആകർഷണീയമാകുന്നു. ഇതുപോലെ ഒരു വ്യക്തിയെ ചരിത്രത്തിലോ തത്വശാസ്ത്രത്തിലോ പുരാണങ്ങളിലോ കണ്ടുമുട്ടിയിട്ടില്ല.

ദൈവങ്ങളെപ്പറ്റി ലജ്ജതോന്നിയിട്ടുള്ള സന്ദർഭങ്ങളും ഓർമ്മയിലെത്തി. ആഴ്ചപ്പതിപ്പുകളിൽ കണ്ടിട്ടുള്ള ദൈവങ്ങളുടെ ചിത്രങ്ങൾ. ഗ്രീസിലെയും റോമിലെയും ക്ഷേത്രങ്ങളിലെ കല്ലിൽകൊത്തിയ രതി ശില്പങ്ങൾ. സ്വകാര്യഭാഗങ്ങൾ അനാവൃതമാക്കിക്കൊണ്ട് മാർബിൾ പീഠങ്ങളിൽ മോഹിപ്പിക്കുന്ന രീതിയിൽ കവച്ചിരിക്കുന്ന ദൈവങ്ങൾ. ആൺദൈവങ്ങൾ, പെൺദൈവങ്ങൾ. ദേവന്മാരും ദേവികളും ഒന്നിച്ചിരുന്ന് ശൃംഗാരചേഷ്ടകൾ നടത്തുന്ന രംഗങ്ങൾ. ചിലർ നഗ്നർ, ചിലർ അർദ്ധനഗ്നർ. പടങ്ങൾ കണ്ടു മുഖം തിരിച്ചിട്ടുണ്ട്. ലിംഗനമസ്ക്കാരം വരെ നടത്തുന്ന ഭക്തജനങ്ങളുടെ ഫോട്ടോ

കൾ കണ്ട് എത്രവട്ടം കണ്ണുപൊത്തിയിട്ടുണ്ട്.

ഇവയൊക്കെ കല്ലിൽ കൊത്തിവച്ച കലാകാരന്മാർക്കു പ്രചോദനമേകിയ ശക്തി ഏത്? ദൈവമോ, അതോ പിശാചോ?

ഇവയൊക്കെ ആരാധനാസ്ഥലങ്ങളിൽ പ്രദർശിപ്പിക്കാൻ ധൈര്യം കാണിച്ചവരെ സ്വാധീനിച്ചത് പരിശുദ്ധാത്മാവോ, അതോ ദുരാത്മാക്കളോ? മാലാഖമാരോ, അതോ ദുർഭൂതങ്ങളോ?

ഒരിക്കലും ശുദ്ധാത്മാക്കൾ ആയിരിക്കില്ല. മനുഷ്യനെ മൃഗങ്ങളുടെ പടിയിലേക്കു തരംതാഴ്ത്തുന്ന ദുഷ്ടശക്തികളാണീ മ്ലേച്ഛതകളുടെ പിന്നിൽ. വേണുമേനോൻ സ്വയം പറഞ്ഞു.

ഒരാഴ്ചയായി മത്തായിഉപദേശി പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്ന യഹോവയാം ദൈവം ഉള്ളിൽ തെളിഞ്ഞുവന്നു. ദിവ്യമായ പ്രകാശത്തിൽ വസിക്കുന്ന വിശുദ്ധദൈവം. ദൈവപുത്രൻ. നസറേത്തിലെ ക്രിസ്തു. ബേത്‌ലഹേമിലെ മനുഷ്യപുത്രൻ. ഗലീലയിലെ ക്രിസ്തു. ഒലിവുമലയിലെ യേശു. എല്ലാ രംഗങ്ങളിലും സംയമനം പാലിച്ച മശിഹാതമ്പുരാൻ. ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്ന് പീലാത്തോസ് വിധി എഴുതിയ ദൈവപുത്രൻ.

സകല സ്ത്രീകളെയും സ്വന്തം സഹോദരിയെപ്പോലെ കണ്ടവ ൻ. അല്ലെങ്കിൽ സ്വന്തം മാതാവിനെപ്പോലെ. പാപത്തിന്റെ ലാഞ്ഛനയുള്ള ലൗകികസുഖങ്ങൾ ഒന്നും ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്തവൻ. നസ്രേത്തിലെ കൊച്ചുവീട്ടിൽ തുടങ്ങി കാൽവറിയിൽ ജീവൻ അർപ്പിച്ച നിമിഷംവരെ ബ്രഹ്മചര്യം അനുഷ്ഠിച്ചവൻ. കാമമോഹാദികൾ തീണ്ടിയിട്ടില്ലാത്തവൻ.

ഒരിക്കലും വിവാഹം ആഗ്രഹിച്ചിട്ടില്ലാത്തവൻ. സുന്ദരികളുടെ പുറകേ കണ്ണുകൾ പായിക്കാത്ത സത്യസന്യാസി. കുഷ്ഠരോഗിണികളെയും രാജസുന്ദരികളെയും ഒരുപോലെ സ്നേഹിക്കുന്നവൻ. സ്ത്രീയെ കാമവികാരത്തോടുകൂടി നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോടു വ്യഭിചാരം ചെയ്തുപോയി എന്നുപദേശിച്ച സർവ്വസംഗപരിത്യാഗി. ബാല്യകാലത്തോ യൗവ്വനദശയിലോ അയലത്തെ പെൺകുട്ടികളുമായി അനുരാഗലീലകളിൽ ഏർപ്പെട്ടിട്ടില്ലാത്ത ശ്രേഷ്ഠയതി. ശൃംഗാരഗാനങ്ങൾ ആരേയും പാടികേൾപ്പിച്ചിട്ടില്ലാത്തവൻ....പ്രേമച്ചുരുളുകൾ ആർക്കും എഴുതിയിട്ടില്ലാത്തവൻ. ദൈവപുത്രൻ. ദൈവപുരുഷൻ.

പുരുഷോത്തമൻ
ഉത്തമൻ
ഉത്തമപുരുഷൻ
പുരുഷന്മാരിൽ ഉത്തമൻ

ബാല്യം മുതൽ ക്രൂശിലെ മരണം വരെ മാതൃകപരമായി വസ്ത്രം ധരിച്ചവൻ. ഒടുവിൽ, ഉയിർത്തെഴുന്നേറ്റ് സ്ത്രീകളുടെയും പുരുഷന്മാരുടെയും മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പ്രകാശവലയത്തിൽ ആവൃതനായവൻ....പ്രാർത്ഥനയായാലും പാട്ടായാലും പ്രസംഗമായാലും മത്തായി ഉപദേശിയ്ക്കും കൂട്ടർക്കും ഈ യേശുവിനെപ്പറ്റി പറയാനേ നേരമുള്ളൂ.

പണ്ട് കോളജിൽ പഠിച്ചിരുന്ന കാലത്ത് വേണുമേനോൻ കവിതകൾ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിലെ കവി വീണ്ടും ഉണർന്നു. സൈക്കിൾ മുന്നോട്ടോടുന്ന വേഗത്തിൽ യേശുക്രിസ്തുവിനെപ്പറ്റി വിശേഷണങ്ങൾ നിർ

മ്മിച്ചുതുടങ്ങി.

പാപം അറിയാത്ത ബലിയാട്
ധർമ്മശാസ്ത്രഗുരു ധർമ്മപാലകൻ
ധർമ്മദീപ്തി ധർമ്മമൂർത്തി

ജീവിതത്തിൽ മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത സമാധാനം ഒരാഴ്ചയായി തനിക്കു നൽകിയ ശ്രീയേശുവിനെപ്പറ്റി:

പൂജ്യരിൽ പരമപൂജ്യൻ
ജിതേന്ദ്രിയൻ സത്ഗുണ മൂർത്തി
ദിവ്യയോഗി.

നേരത്തെ ചിന്തിച്ചുകൊണ്ടിരുന്ന വിഷയത്തിലേക്കു മടങ്ങിവരാൻ മിനിട്ടുകൾ വേണ്ടിവന്നു. ആത്മഗതമെന്നോണം കഴിഞ്ഞകാലത്തെപ്പറ്റി വീണ്ടും ചോദ്യങ്ങൾ ഉന്നയിച്ചു. സ്വയം ഉത്തരങ്ങളും നൽകി—സൈക്കിളിന്റെ ചക്രങ്ങൾ റോഡിലെ കുണ്ടുകുഴികളിൽ വഴുതിവീഴാതെ നേർപാതയിലേക്ക് തിരിച്ചുവിട്ടുകൊണ്ട്.

എന്തെല്ലാം വേദനകൾ കുറെ വർഷങ്ങളിലായി മനസ്സിനെ ഉടക്കിവലിച്ചുകൊണ്ടിരുന്നു!

കുറ്റബോധത്തിന്റെ വേദന
അസ്തിത്വവ്യഥ
ശൂന്യതാബോധത്തിന്റെ നൊമ്പരവും മനസ്സുമടുപ്പും
അനിശ്ചിതത്വത്തിന്റെ നൈരാശ്യവും വിങ്ങലും
ജീവിതത്തിന്റെ അർത്ഥം പിടികിട്ടാത്തതിന്റെ സങ്കടം....
പശയിൽ പറ്റിയ പാറ്റയുടെ അവസ്ഥ!

വേദനാനിവാരണത്തിനായി ആരോടെല്ലാം പ്രാർത്ഥിച്ചു! പിതൃക്കളോട്, പിതൃശക്തികളോട്, ആകാശദേവനോട്, പൃത്ഥ്വീദേവിയോട്. മാസത്തിലൊരിക്കൽ വീതം പൃത്ഥ്വിപൂജ.

ഐശ്വര്യത്തിനുവേണ്ടി ആരുടെയെല്ലാം മദ്ധ്യസ്ഥത തേടി! കുടുംബസന്തുഷ്ടി നൽകുന്ന ദേവന്റെ. സന്താനഭാഗ്യം സമ്മാനിക്കുന്ന ദേവിയുടെ. പരീക്ഷയിൽ ജയിപ്പിക്കുന്ന യോഗിയുടെ. ഓർമ്മശക്തി തരുന്ന കന്യാസ്ത്രീയുടെ. പിശാചിനെ ഓടിക്കുന്ന കത്തനാരുടെ. വിളവർദ്ധനവ് തരുന്ന സ്വാമിയുടെ. ഉദ്യോഗക്കയറ്റമരുളുന്ന പൂർവ്വന്മാരുടെ. ആരോഗ്യം പ്രദാനം ചെയ്യുന്ന മരിച്ച കാരണവരുടെ.

അമൃതം ചൊരിയുന്ന ഉപദേവന്റെ
സുകൃതം പൊഴിയിക്കുന്ന ഉപദേവിയുടെ
ശ്രേയസു നൽകുന്ന ആചാര്യന്റെ
ശത്രുവിനെ ധ്വംസിക്കുന്ന അമ്പലമാതാവിന്റെ
മിത്രത്തെ രക്ഷിക്കുന്ന മുത്തപ്പന്റെ....

ശാപപ്പൊറുതിയ്ക്കും മനസ്സമാധാനത്തിനുമായി ആർക്കെല്ലാം നേർച്ചകൾ കൊടുത്തയച്ചു!

കടമറ്റത്തു കത്തനാർക്ക്
ഇടമറ്റത്തു സ്വാമിയാൾക്ക്
പുറമറ്റത്തമ്മൂമ്മയ്ക്ക്

രണ്ടു പതിറ്റാണ്ടുകളായി സ്വർഗ്ഗലോകങ്ങളുമായി സമ്പർക്കത്തിന് എന്തെല്ലാം വാങ്ങിക്കൂട്ടി!

കൊത്തിയ രൂപങ്ങൾ, ചെത്തിയ ബിംബങ്ങൾ
വരച്ചപടങ്ങൾ, മിനുക്കിയ ഫോട്ടോകൾ
വാർത്ത പ്രതിമകൾ, മുദ്രണം ചെയ്ത മന്ത്രങ്ങൾ
പനയോലയിലെഴുതിയ ബൈബിൾ വാക്യങ്ങൾ.

കണിയാന്മാർ മുതൽ കരപ്രമാണികൾ വരെ നിർദ്ദേശിച്ച എന്തെ ല്ലാം സാധനങ്ങൾ ശേഖരിച്ചു. എത്ര പ്രാവശ്യം തൈലങ്ങളുണ്ടാക്കി പൂജാമുറിയിൽ ലേപനം ചെയ്തു!

ഗംഗയിലെ പുണ്യജലം
മക്കയിലെ പൊടിമണ്ണ്, യോർദ്ദാനിലെ കളിമണ്ണ്
മൈലാപ്പൂരിലെ മയിലാഞ്ചി
എരുമപ്പാല്, ആമ്പൽപ്പൂവ്, കുറുന്തോട്ടിവേര്
വെരുകിൻപുഴു, പ്രാവിൻകാഷ്ഠം, ഗോമൂത്രം
ദിവ്യന്മാരുടെ മുടിയിഴകൾ, നഖച്ചീളുകൾ
പുണ്യവാളന്മാരുടെ കുപ്പായക്കഷണങ്ങൾ
കന്യാസ്ത്രീകളുടെ ശിരോവസ്ത്രത്തുണ്ടുകൾ....

ഏതെല്ലാം രീതികളിൽ ദൈവങ്ങളെ അന്വേഷിച്ചു. കുട്ടിക്കാലം തുടങ്ങി ഏതെല്ലാം വാഹനങ്ങളിൽ! കേരളം തുടങ്ങി ബീഹാർ വരെ.

അപ്പൂപ്പന്റെ തോളിൽ, അമ്മൂമ്മയുടെ എളിയിൽ
പിന്നെ ബസ്സിൽ, സൈക്കിളിൽ
അംബാസഡർ കാറിൽ
കാളവണ്ടിയിൽ, റിക്ഷായിൽ, തീവണ്ടിയിൽ
വള്ളത്തിൽ, പിന്നെ ബോട്ടിൽ
ആനപ്പുറത്ത്, കഴുതപ്പുറത്ത്, ഒട്ടകത്തിന്റെ മുതുകിൽ.

സത്യാന്വേഷണയാത്രകളുടെ ചരിത്രം നീണ്ട ഒരു കഥയാണ്. ആഴ്ചപ്പതിപ്പിലെ നീണ്ടകഥകൾപോലെ ദൈർഘ്യമുള്ളവ. നീളം മാത്രമല്ല വീതിയുമുള്ള കഥകൾ. പാറശ്ശാല മുതൽ ബീഹാർ വരെ നീളം. പൂവ്വാർ മുതൽ പാളയംകോട്ടവരെ വീതി.

പുണ്യം തേടിയുള്ള നട്ടംതിരിച്ചിലുകൾ
അർത്ഥം തേടിയുള്ള വട്ടം കറങ്ങലുകൾ

ഇപ്പോഴിതാ തൊട്ടടുത്ത പട്ടണത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സാധാരണക്കാരായ കുറെ കർഷകരുടെ ഏഴെട്ടു ധ്യാനയോഗങ്ങളിലൂടെ മുമ്പെങ്ങും ലഭിച്ചിട്ടില്ലാത്ത സമാധാനം ലഭിച്ചിരിക്കുന്നു. മനസ്സിന് ഒരു സുഖം. ദിവ്യത്വം ഒന്നും അവകാശപ്പെടാത്ത, ബിരുദങ്ങളൊന്നുമില്ലാത്ത ഒരുപദേശിയുടെ വായിൽനിന്നു വീണ വചനങ്ങളിലൂടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തിയിരിക്കുന്നു.

തേടിയവള്ളി കാലിൽ ചുറ്റിയിരിക്കുന്നു.

പെട്ടെന്ന്, തിങ്കളാഴ്ചരാത്രിയിലെ ചർച്ചാവേളയിൽ മത്തായി ഉപദേശി പറഞ്ഞ ഒരു വാചകം വേണുമേനോന്റെ നാവിലുണർന്നു: സത്യം വളരെ ലളിതം, വളരെ അടുത്ത്, എളുപ്പം കണ്ടുപിടിക്കാം. വിനയമുള്ള മനസ്സുണ്ടായാൽ മതി.

ലളിതം
എളുപ്പം
വളരെ അടുത്ത്

ഏറെനാൾ തലപുകഞ്ഞാലോചിച്ച വിഷയങ്ങൾ വളരെ ലളിതമായി

മനസ്സിലായിതുടങ്ങുന്നു. കൈയിൽ കിട്ടിയ തത്വശാസ്ത്രഗ്രന്ഥങ്ങൾ അരിച്ചുപെറുക്കി അന്വേഷിച്ചിട്ടും കണ്ടുകിട്ടിയിട്ടില്ലാത്ത മർമ്മങ്ങൾ ഏഴെട്ടു രാത്രികൾ കൊണ്ട് മനസ്സിൽ തെളിഞ്ഞുവരുന്നു.

സൗജന്യരക്ഷ. അത്ഭുത പാപശാന്തി.

നിത്യതയുടെ ഭാഗ്യക്കുറി

ടിക്കറ്റുവാങ്ങാതെ, നറുക്കെടുപ്പില്ലാതെ ഭാഗ്യം പ്രാർത്ഥിച്ചുകരസ്ഥമാക്കുന്ന കുറെ വിശ്വാസികൾ. അമ്മയുടെ മാറിടത്തിലെ പിഞ്ചുകുഞ്ഞിനെപ്പോലെ കണ്ണീരൊഴുക്കി പ്രസാദം പൊഴിയിക്കുന്ന സഹോദരീസഹോദരന്മാർ. തെങ്ങുവിള മത്തായിഉപദേശിയും അദ്ദേഹത്തിന്റെ സഹവിശ്വാസികളും!

ജീവിക്കാൻ വേണ്ടി പ്രാർത്ഥിക്കുന്നവരുണ്ട്

പ്രാർത്ഥിക്കാൻ വേണ്ടി ജീവിക്കുന്നവരുണ്ട്

മത്തായിഉപദേശിയും കൂട്ടരും ഇവരിൽ രണ്ടാമത്തെ കൂട്ടത്തിലുൾപ്പെടുന്നു.

ഭംഗിയായി മുഖം വടിച്ചു മിനുക്കിയ ഒരു കൂട്ടം പുരുഷന്മാർ. കഞ്ചാവും കറുപ്പും തൊടാത്തവർ. ബീഡിക്കറയില്ലാത്ത ചുണ്ടുകളാണെല്ലാവർക്കും. കാടും ചപ്പും, മറയും മറിപ്പും മുറിമീശയുമില്ലാത്തവർ. മുഖത്തു നോക്കിയാൽ മതി, ഓരോരുത്തരുടെയും ഹൃദയത്തിന്റെ അടിത്തട്ടുവരെ കാണാം. കാടുതെളിച്ചമൈതാനംപോലെ മുഖത്ത് സൂര്യപ്രകാശം സ്വീകരിക്കുന്നവർ. ഈയംപൂശിയ ചെമ്പുചരുവം പോലെ പ്രകാശം ആവാഹിച്ചു പ്രതിഫലിപ്പിക്കുന്നവർ.

ആഭരണങ്ങളുടെ കൃത്രിമ തിളക്കമില്ലാത്ത കുറെ സ്ത്രീകൾ. എന്നാൽ തന്നെ പ്രകാശത്തിൽ കുളിച്ചുനില്ക്കുന്ന സന്തോഷം അവരുടെ മുഖങ്ങളിലുണ്ട്. സ്തോത്രത്തിന്റെ അകമ്പടിയോടെ ഏതു പ്രശ്നത്തെയും നേരിടുന്ന സഹോദരിമാർ. വത്സമ്മ സഹോദരിയുടെ ജോലി നഷ്ടപ്പെട്ട കാര്യം വ്യാഴാഴ്ചരാത്രിയിലെ സാക്ഷ്യത്തിൽ അവർ സൂചിപ്പിച്ചതോർമ്മവന്നു.... പക്ഷേ വാക്കുകളിൽ നിരാശയില്ലായിരുന്നു. വിശ്വാസവും ശുഭാപ്തിവിശ്വാസവുമുള്ള യുവതി.

ജോഷ്വാമാപ്പിള കരൾരോഗിയാണ്. കൂടിയാൽ രണ്ടു വർഷംകൂടി ജീവിക്കും. എന്നാൽ അയാളുടെ വാക്കുകളിൽ ആരോടും ഒരു പരാതിയും ഇല്ലായിരുന്നു എന്ന വസ്തുത വേണുമേനോൻ ഓർത്തു. രോഗസൗഖ്യത്തിനു മാത്രമല്ല, രോഗത്തിനും ദൈവത്തിനു നന്ദിപറയുന്ന മനുഷ്യരാണ് മത്തായി ഉപദേശിയുടെ സഭാംഗങ്ങൾ.

കച്ചവടം പൊളിഞ്ഞപ്പോൾ വിഷം കഴിച്ച് ആത്മഹത്യചെയ്ത തന്റെ അമ്മാവനേയും ആസ്മ മൂർച്ഛിച്ചപ്പോൾ കിണറ്റിൽ ചാടി മരിച്ച ചിറ്റമ്മയേയും സഹതാപപൂർവ്വം വേണുമേനോൻ സ്മരിച്ചു. യേശുക്രിസ്തുവിനെ കണ്ടുമുട്ടിയിരുന്നെങ്കിൽ അവർ ആത്മഹത്യ ചെയ്യുമായിരുന്നോ?

അമേരിക്കയിൽ ആത്മഹത്യ ഏറ്റവും കുറവ് പെന്തക്കോസ്തുകാരുടെയിടയിലാണെന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ നടത്തിയ ഒരു പഠനം വെളിപ്പെടുത്തുന്നതായി മത്തായി ഉപദേശി പ്രസംഗത്തിൽ അഭിമാനത്തോടെ സൂചിപ്പിച്ച കാര്യവും വേണുമേനോന്റെ ചിന്തയിലെത്തി.

ആത്മാവിൽ ദരിദ്രരായവർ

സമ്പത്തിന്റെ കാര്യത്തിൽ ശരാശരിക്കാർ....

സന്തോഷത്തിന്റെ കാര്യത്തിൽ സമ്പന്നർ

പിന്നെ ഇവർ എന്തിന് ആത്മഹത്യ ചെയ്യുന്നു!

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. ഭാഗ്യവാന്മാർ എന്തിന് ആത്മഹത്യചെയ്യുന്നു!

അമൃതിന്റെ സുകൃതമുള്ള അവരുടെ സ്തുതിസ്തോത്രങ്ങൾ തന്റെ സൈക്കിളിനെ പിന്തുടരുന്നതുപോലെ തോന്നി.

സൈക്കിളിൽ ഇരുന്നുകൊണ്ടുതന്നെ വേണുമേനോൻ വലതുകൈ നെഞ്ചത്തു വച്ചു: 'ഏകസത്യദൈവമായ യഹോവേ, സർവ്വേശ്വരാ, ജഗദീശ്വരാ, സ്വർഗ്ഗസ്ഥനായ ദൈവമേ വന്ദനം. ഗലീലയിലെ സ്വാമിയേ നന്ദി. ഗോശാലയിലെ അവതാരമേ നമസ്ക്കാരം. യഹോവയുടെ ഏകജാതനായ സ്വാമിയേ ശരണം....ശരണം നീ മാത്രം....ഞാൻ അങ്ങയെ സ്വീകരിക്കുന്നു.'

സ്വയം മന്ത്രിക്കാൻ തുടങ്ങി:

ഞാൻ സിദ്ധാർത്ഥനാണ്—കാര്യം സാധിച്ചവൻ

ഞാൻ ബുദ്ധനാണ്—ബോധം ലഭിച്ചവൻ

സാക്ഷാൽ സത്യത്തെപ്പറ്റിയുള്ള ബോധം!

വർഷങ്ങളായി വേണുമേനോന്റെ ഉള്ളിൽ കെട്ടിക്കിടന്നിരുന്ന ഭയങ്ങളും വേദനകളും പെയ്തുനീങ്ങിയ പ്രതീതി. ഓരോ ധ്യാനയോഗത്തിനു പോകുന്തോറും ഓരോ ഭാരം ഒഴിയുന്ന അനുഭവം. ഇപ്പോൾ അവസാനത്തെ ഭാരക്കെട്ടും പൊട്ടിവീണിരിക്കുന്നു.

'ഹല്ലേലുയ്യാ സ്തോത്രം. ഗ്ളോറി.' പെന്തക്കോസ്തു ശൈലിയിൽ അദ്ദേഹം ദൈവത്തെ സ്തുതിച്ചു.

പെട്ടെന്ന് നാക്കിനു ചൂടു തോന്നി. ശ്വാസകോശങ്ങൾ വികസിച്ചു വരുന്നതുപോലെ ഒരനുഭൂതി. തനിക്കു പിടികിട്ടാത്ത ഏതോ വാക്കുകൾ നാവ് ഉച്ചരിച്ചു തുടങ്ങി. വിദ്വാൻ ബിരുദത്തിനു വേണ്ടി സർക്കാർ നടത്തിയ വ്യാകരണപരീക്ഷയ്ക്ക് ഒന്നാം ക്ലാസിൽ പാസ്സായ വേണുമേനോൻ. എന്നാൽ വ്യാകരണ നിയമങ്ങൾക്കതീതമായ വാക്കുകൾ, വാചകങ്ങൾ, ഉച്ചാരണങ്ങൾ അധരങ്ങളിലൂടെ ബഹിർഗമിക്കുന്നു. ഒന്നും പിടികിട്ടുന്നില്ല. ദൈവത്തെ സ്തുതിക്കയാണെന്നു മാത്രം അറിയാം. സ്തുതി കരച്ചിലായി മാറി. കണ്ണിന്റെ ബന്ധനങ്ങൾ അഴിഞ്ഞ പ്രതീതി.

ഉള്ളിൽ ഒരു ഹർഷോന്മാദം. ആത്മാവിന്റെയും ശരീരത്തിന്റെയും നാവിന്റെയും എല്ലാ കെട്ടുകളും അഴിയപ്പെട്ടെന്നു തോന്നി. നെയ്പോ ലെ വഴങ്ങുന്ന നാവ്. അധരങ്ങൾ തെറിക്കുന്നു. താടിയെല്ലുകൾ വിറയ്ക്കുന്നു. ആത്മപ്രവാഹത്തിന്റെ വേലിയേറ്റം. ജോഷ്വാ മാപ്പിളയുടെ വീട്ടിലിരുന്നു പ്രാർത്ഥിച്ചവർക്കുണ്ടായ അതേ അനുഭവം.

ആകാശം ഭൂമിയെ വിളിക്കുന്നു.

പരിശുദ്ധാത്മാവ് വേണുമേനോനെ തഴുകുന്നു.

പെട്ടെന്ന് സൈക്കിൾ നിർത്തി. കാലുകൾ നിലത്തുവച്ച് സൈക്കിളിൽ തന്നെ ഇരുന്നു. നാലഞ്ചുമിനിട്ടുകൾ.

ചുറ്റുവട്ടം കണ്ണോടിച്ചു: 'ആരെങ്കിലും കാണുന്നുണ്ടോ? പറഞ്ഞതു വല്ലോം കേൾക്കുന്നുണ്ടോ? ഭ്രാന്തനാണെന്നു വിചാരിക്കുമോ?'

ഇഷ്ടപ്പെട്ട പാൽപ്പായസം കിട്ടിയ ഒരു കാരണവരുടെ സന്തോഷത്തോടെയാണ് വീണ്ടും സൈക്കിളിൽ കയറി യാത്ര തുടർന്നത്.

മേലിൽ സിനിമാ തിയേറ്ററിൽ കാൽചവിട്ടുകയില്ല. സെക്കുലർ നാടകങ്ങളും മറ്റും കാണാൻ പോകുകയില്ല. എന്റെ പണം തിന്മയെ ഊട്ടി വളർത്തു

ന്നവരുടെ പോക്കറ്റിൽ ചെന്നു വീഴുകയില്ല. രണ്ടുമൂന്നു തീരുമാനങ്ങൾ ചെയ്തുകൊണ്ടാണ് ഒറ്റയടിപ്പാതയിലൂടെ വീട്ടുപറമ്പിലേക്ക് സൈക്കിൾ ചവിട്ടിക്കയറ്റിയത്.

രാത്രിയിലെ പ്രസംഗത്തിൽ മത്തായിച്ചൻ ഈ വിഷയത്തെപ്പറ്റി സംസാരിച്ചിരുന്നു. സ്ത്രീപുരുഷബന്ധത്തെ പച്ചയായി അവതരിപ്പിക്കുന്ന കഥാപുസ്തകങ്ങൾ. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള സ്വകാര്യബന്ധത്തെ പൊതുപ്രദർശനത്തിനു വച്ചിരിക്കുന്ന സിനിമകൾ. മനുഷ്യനെ തെറ്റായ ചിന്തകളിലേക്കു നയിക്കുന്ന ദൃശ്യകലകൾ. കുടുംബജീവിതത്തിന്റെ പാവനതയെ നശിപ്പിക്കുന്ന സാഹിത്യം. കുട്ടികളിൽ കുറ്റവാസനയുടെയും ലൈംഗിക വൈകൃതങ്ങളുടെയും വിഷവിത്തുകൾ വിതയ്ക്കുന്ന കലാപരിപാടികൾ. ഇവയ്ക്കെതിരെ സംസാരിച്ചപ്പോൾ മത്തായിച്ചന്റെ ഉള്ളിൽ ധാർമ്മികരോഷം ആളിക്കത്തുന്നുണ്ടായിരുന്നു എന്ന കാര്യം വേണുമേനോൻ ഓർത്തു.

മത്തായിച്ചൻ പറഞ്ഞ രണ്ടുമൂന്ന് വാചകങ്ങൾ ഉള്ളിൽ മുഴങ്ങി: 'പ്രിയ വിശ്വാസികളെ, പണത്തിനും പ്രസിദ്ധിക്കുംവേണ്ടി ചില സാഹി ത്യകാരന്മാർ മലിനജലം തുറന്നുവിട്ടിരിക്കയാണ്. പാപം കുടിയിരിക്കുന്ന അവരുടെ ഹൃദയങ്ങളിൽ നിന്നും തുറന്നുവിടുന്ന ഓടവെള്ളം. യേശുവിന്റെ യഥാർത്ഥ ദാസന്മാർ അതു കുടിക്കാൻ പോകില്ല.'

കഥാകൃത്ത് സാത്താന്റെ ദല്ലാളാകുകയോ?
കവി നരകത്തിന്റെ വക്താവാകയോ?
സ്നാപകയോഹന്നാൻ യേശുവിനു വഴിയൊരുക്കി
കലാകാരൻ കലിയുഗത്തിനു വാതിൽ പണിയുന്നു!

ഭാര്യ ഉറങ്ങിക്കഴിഞ്ഞിരുന്നു. വേണുമേനോൻ പഠനമുറിയിൽ കയറി ഭിത്തിയിലൊട്ടിച്ചിരുന്ന സിനിമാനടികളുടെയും നടന്മാരുടെയും ചിത്രങ്ങൾ കീറിയെടുത്തു.

കാമവികാരങ്ങൾ ഇളക്കിവിടുന്ന വസ്ത്രങ്ങൾ ധരിച്ചവർ
അധമവികാരങ്ങൾ ഇളക്കിവിടുന്ന അംഗവിന്യാസങ്ങൾ
ഞെളിഞ്ഞും വളഞ്ഞും നിൽക്കുന്ന നടന്മാർ നടികൾ

'ഇവർ അന്യരെ നശിപ്പിക്കുന്നവരാണ്. ഇനി എന്റെ വീട്ടിൽ ഇവർക്ക് സ്ഥാനമില്ല.' ചിത്രങ്ങൾ ചവറ്റുകുട്ടയിലിട്ടുകൊണ്ടു പറഞ്ഞു.

അല്പനേരം ആലോചിച്ചുനിന്നു. ജനാലകളുടെ പടികളിൽ ആണിയടിച്ചു തൂക്കിയിട്ടിരുന്ന നാലഞ്ചു ഫോട്ടോകളുടെ മുമ്പിൽ. ആഴ്ചപ്പതിപ്പുകളിൽനിന്നു വെട്ടിയെടുത്ത കുറെ പാശ്ചാത്യകായികതാരങ്ങളുടെ പടങ്ങൾ. അടിവസ്ത്രത്തിന്റെ വലിപ്പംപോലുമില്ലാത്ത പീക്കിരി കാൽചട്ടകൾ ധരിച്ച യുവാക്കൾ. മാംസളമായ തുടകൾ പ്രദർശിപ്പിച്ച് ടെന്നീസ് കളിക്കുന്ന നാലഞ്ചു യുവതികൾ.

'ഇനീ നീയൊന്നും എന്റെ വീട്ടിൽ പന്തുകളിക്കണ്ടാ,' സ്വയം മന്ത്രിച്ചുകൊണ്ട് പടങ്ങൾ പിച്ചിച്ചീന്തി.

മത്തായിച്ചനിൽ കത്തിഉയർന്ന അതേ ധാർമ്മികരോഷം വേണുമേനോന്റെ മുഖത്തും കാണാമായിരുന്നു.

തിങ്കളാഴ്ച ജോലികഴിഞ്ഞ് മടങ്ങുന്നവഴി വേണുമേനോൻ പാറശ്ശാല കവലയിലെ തട്ടാന്റെ കടയിൽ കയറി. കഴുത്തിൽ കിടന്ന സ്വർണ്ണമാലയും വെള്ളികൊണ്ടുണ്ടാക്കിയ തോൾവളയും ഊരി തട്ടാനെ ഏല്പിച്ചു. മരുതിവിള അമ്പലത്തിൽ കുടിയിരിക്കുന്ന ദേവിയുടെ രൂപം കൊത്തിയ മാല.

ഗീവർഗീസ്പുണ്യവാളൻ കുതിരപ്പുറത്തിരുന്ന് സർപ്പത്തെ കൊല്ലുന്ന രംഗം മുദ്രണംചെയ്ത വള. രണ്ടും ഉരുക്കിവിറ്റു. കിട്ടിയ പണം കൊടുത്ത് പുതിയ വീടുവച്ച വകയിലുണ്ടായിരുന്ന കടം വീട്ടി. ബാക്കി രൂപാ കൊടുത്ത് ഭാര്യയ്ക്കു വേണ്ടി മനോഹരമായ ഒരു സാരി വാങ്ങി. രണ്ടു മക്കൾക്കും വസ്ത്രങ്ങൾ. പുസ്തകക്കടയിൽ കയറി ഇൻഡ്യാബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'പുതിയനിയമ'ത്തിന്റെ നാലു കോപ്പികളും. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സമ്മാനം കൊടുക്കാൻ.

♦ ♦ ♦

ഇടയ്ക്ക് ഗ്രാമത്തിലെ ഗ്രന്ഥശാലയിൽ കയറി. പതിവായി വൈകിട്ട് ഒരു മണിക്കൂർ അവിടെ ചെലവഴിക്കാറുണ്ട്. വീട്ടിലേക്കുതിരിച്ചപ്പോൾ ചിന്ത ഭാരതത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി ആയിരുന്നു.

ഭാരതീയർ ലോകത്തിലെ ഏറ്റവും ബുദ്ധിമാന്മാരും അദ്ധ്വാനശീലരും സമർത്ഥരും ആണ്. എന്നിട്ടും ഭാരതം ഇന്നും പട്ടിണിരാജ്യങ്ങളുടെ കൂട്ടത്തിൽ കിടക്കുന്നു. കാരണം എന്തായിരിക്കാം? അയാൾ ആലോചിച്ചു.

ഇന്ത്യാക്കാർ ലോകത്തിൽ ഏതു രാജ്യത്തുചെന്നാലും പച്ചപിടിക്കുന്നു. വളരുന്നു. ഉയരുന്നു. എന്നാൽ ഇവിടെയോ?

ഉയർച്ചയില്ല. ഉദ്ധാരണമില്ല. വളർച്ചയില്ല.

പട്ടിണി. പകർച്ചവ്യാധികൾ. കൈക്കൂലി. ആത്മഹത്യ.

വിശപ്പ്. എവിടെയും വിശപ്പ്.

വാനശാസ്ത്രവും ഗണിതശാസ്ത്രവും രസതന്ത്രവും ഊർജ്ജതന്ത്രവും ജനിച്ചത് ഭാരതത്തിൽ. വൈദ്യശാസ്ത്രത്തിന്റെ തുടക്കവും ഇവിടെ ആയിരുന്നു. ഇന്ന് ഈ രംഗങ്ങളിലെല്ലാം ഇന്ത്യ പിന്നിലായിരിക്കുന്നു.

പണ്ട് ഇവിടത്തെ ജനം ഏക സത്യദൈവത്തിൽ വിശ്വസിച്ചിരുന്നു.ഏക സത്യദൈവത്തെ ആരാധിച്ചിരുന്നു—അതിപ്രാചീനകാലത്ത്. ഭൗമികവും മാനസികവും ആത്മികവുമായ വളർച്ചയുടെ കാലഘട്ടങ്ങളായിരുന്നു അവ.

ആരു പിഴച്ചു? വേണുമേനോൻ തന്നോടുതന്നെ ചോദിച്ചു. മറുപടിയും അയാൾ തന്നെ നൽകി. മനുഷ്യൻ പിഴച്ചു. പുരുഷനും സ്ത്രീയും ബാലനും വൃദ്ധനും പണ്ഡിതനും പാമരനും ധനവാനും ദരിദ്രനും ഒരുപോലെ പിഴച്ചു.

എങ്ങനെ പിഴച്ചു?

സ്രഷ്ടാവായ ദൈവത്തെ മറന്നു. സൃഷ്ടിയെ ആരാധിച്ചുതുടങ്ങി. കല്ലിനെയും കാറ്റിനെയും. മനുഷ്യനെയും മൃഗത്തെയും. യക്ഷികളെയും വൃക്ഷങ്ങളെയും.

അവിടെയല്ലേ പതനം ആരംഭിച്ചത്! സ്രഷ്ടാവിനെ മറന്നപ്പോൾ ഈശ്വര പ്രസാദം നഷ്ടപ്പെട്ടതാണോ? ഒരു ഭൂവിഭാഗം മൊത്തം അന്ധതയിലാണ്ടതാണോ? വ്യാജാരാധനയുടെ ശാപം! അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും കൈതുറന്നു സ്വീകരിച്ചതിന്റെ ശാപം! ഭാരതം സമുദ്രം പോലെ ആയതാണോ കുറ്റം? ചപ്പും ചവറും ചണ്ടിയും സകലമാലിന്യങ്ങളും വാതുറന്നുസ്വീകരിക്കുന്ന സമുദ്രത്തെപ്പോലെ!! വിവേചനമില്ലാതെ ആഴിയെ മുതൽ പൂഴിയെ വരെ ആരാധിച്ചതാണോ ശാപത്തിന്റെ കാരണം? ആഴിയും ഊഴിയും നിർമ്മിച്ചവന്റെ മുമ്പിൽ കള്ള ദൈവങ്ങളെ നിരത്തിവച്ചതാണോ കുറ്റം?

ബിംബങ്ങളെ നശിപ്പിച്ചാൽ ശാപം മാറുമോ? അതോ അവ ഉരുക്കിയെടുപ്പിച്ച് തൂക്കിവിറ്റാൽ മതിയോ? വിറ്റുകിട്ടുന്ന പണം കൊണ്ട് പാവങ്ങൾക്ക് ഉടുതുണി വാങ്ങി കൊടുക്കാമല്ലോ. ലോകത്തിലാകമാനം നൂറ്റാണ്ടുകളായി ക്രിസ്ത്യാനിയും ഹിന്ദുവും ജൈനനും ബുദ്ധമതവിശ്വാസിയും നിർമ്മിച്ചു കൂട്ടിയ പ്രതിമകൾ ഉരുക്കിവിറ്റാൽ ലോകത്തിലെ സാധുക്കൾക്കുമൊത്തം ഉടുതുണിക്കു വകയായില്ലേ?

ശാപപ്പൊറുതിയ്ക്കു മറ്റൊരു മാർഗ്ഗം! ബിംബങ്ങളുടെ സ്ഥാനം മാറ്റിയാലെന്താ? ആരാധനാസ്ഥലങ്ങളിൽ നിന്നും എടുത്തുമാറ്റുക. കരകൗശല വസ്തുക്കൾ സൂക്ഷിക്കുന്ന കാഴ്ചബംഗ്ലാവുകളിലേക്ക്. മനുഷ്യന്റെ കലാവിരുത് ആസ്വദിക്കാമല്ലോ!

ഇന്ത്യക്കു പഴയ പ്രതാപം തിരികെ കിട്ടുമോ? പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുമോ?

വരും.

എന്നാൽ ജനം പശ്ചാത്തപിക്കണം. വ്യക്തിതലത്തിൽ അനുതപിക്കണം. ദേശീയതലത്തിൽ മാനസ്സാന്തരമുണ്ടാകണം. വ്യാജദൈവങ്ങളെ സൃഷ്ടിച്ചെടുത്ത കുറ്റം ഏറ്റുപറയണം. ഏകസത്യദൈവത്തെ മാത്രം ആരാധിക്കണം.

ഒരു നല്ലകാലത്തെ സ്വപ്നം കണ്ടുകൊണ്ടാണ് വേണുമേനോൻ വീട്ടുമുറ്റത്തേക്ക് സൈക്കിൾ ചവിട്ടിക്കയറ്റിയത്.

♦ ♦ ♦

പിറ്റേ ഞായറാഴ്ച വേണുമേനോൻ വെളുപ്പിന് അഞ്ചു മണിക്ക് എഴുന്നേറ്റു. ഭാര്യ എഴുന്നേല്ക്കുന്നതിനു മുമ്പേ.

പൂജാമുറിയിൽ കയറി. ഹൈന്ദവ-ക്രിസ്തീയ-ബുദ്ധമത പ്രതിമകൾ ഓരോന്നായി എടുത്തുമാറ്റി. തിരുശേഷിപ്പുകൾ, ദിവ്യന്മാരുടെ പടങ്ങൾ. എല്ലാംകൂടി നാലഞ്ചു ചാക്കുകളിലാക്കി തിണ്ണയിൽ വച്ചു. ബുദ്ധന്റെയും കന്യാമറിയത്തിന്റെയും പ്രതിമകളായിരുന്നു ഏറ്റവും വലിപ്പമുള്ളവ. കടമറ്റത്തുകത്തനാരുടെ കുപ്പായത്തിന്റെ ഒരു കഷണവും ചാക്കിനുള്ളിലുണ്ടായിരുന്നു.

മത്തായിഉപദേശി നയിച്ച ധ്യാനയോഗത്തിൽവച്ച് തനിക്കുണ്ടായ മാറ്റങ്ങളെപ്പറ്റി ഭാര്യയോടു സംസാരിച്ചശേഷമാണ് പാറശ്ശാലയിലുള്ള പെന്തക്കോസ്തു മന്ദിരത്തിലേക്കു പുറപ്പെട്ടത്.

ജാനകി ഇളകിക്കഴിഞ്ഞിരുന്നു. നൂറ്റാണ്ടുകളിലെ പാരമ്പര്യം ഭർത്താവ് ചണച്ചാക്കുകളിലാക്കിയതിന്റെ പ്രതിഷേധം.

ജാനകി ഓടി. പാറശ്ശാലയുടെ വടക്കേ കോണിൽ താമസിക്കുന്ന ശ്രീധരമേനോന്റെ വീട്ടിലേക്ക്. വേണുമേനോന്റെ മൂത്ത സഹോദരൻ. ബിരുദധാരിയായ അദ്ദേഹം താലൂക്കിലെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രമുഖ നേതാവാണ്.

തലയിൽ രണ്ടു കൈകളും വച്ച് സംസാരിച്ചു തുടങ്ങിയപ്പോഴേ പരാതി കരച്ചിലായി മാറി.

'പൊന്നു ചേട്ടാ, വേണുച്ചേട്ടന് ഒന്നു രണ്ടാഴ്ചയായി എന്തൊക്കെയോ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.'

'എന്തവാ പ്രശ്നം?'

'വേണുച്ചേട്ടൻ ഇടയ്ക്കിടെ രാത്രീൽ കഥാപ്രസംഗത്തിനും കലാപരി

പാടികൾക്കും പോകാറുള്ളതുകൊണ്ട് ഞാൻ പ്രത്യേകിച്ചൊന്നും അന്വേഷിച്ചില്ല. ഇന്നു രാവിലേയാ പറഞ്ഞത് ഒരാഴ്ചയായി പെന്തക്കോസ്തുകാരുടെ ധ്യാനയോഗത്തിനാ പോയെന്ന്. അവിടെ ചെന്ന് എന്തോ സമാധാനം കിട്ടിയെന്നു പോലും.'

'വേണു എന്നോട് കഴിഞ്ഞദിവസം ഇക്കാര്യം സംസാരിച്ചിരുന്നു.' പ്രത്യേക വികാരങ്ങളൊന്നും ഇല്ലാതെയാണ് ശ്രീധരമേനോൻ പ്രതികരിച്ചത്.

'സംഗതി ഇപ്പം വഷളായിരിക്കുവാ. മതംമാറുകയാണെന്നു തോന്നുന്നു. പൂജാമുറിയിലെ ദേവരൂപങ്ങളെല്ലാം ചാക്കിൽ കെട്ടിവെച്ചിരിക്കുന്നു. തലയ്ക്കു വല്ല അസുഖവുമാണോന്നാ എന്റെ പേടി.'

'ഓ...അവനു തലയ്ക്കു കൊഴപ്പം ഒന്നുമില്ല. അവന്റെ മനസ്സമാധാനത്തിനുവേണ്ടി മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കാൻ പോവ്വാന്നാ എന്നോട് കഴിഞ്ഞാഴ്ച പറഞ്ഞത്.'

'എന്താ ചേട്ടാ, ചേട്ടൻ ഇങ്ങനെ പറേന്നത്. ഇത്ര നിസ്സാരമായി ഇക്കാര്യം എടുക്കുന്നത്. അച്ഛൻ മരിച്ചതിപ്പിന്നെ ചേട്ടന് വീട്ടിൽ പിതാവിന്റെ സ്ഥാനമാ.'

'അവൻ മറ്റു ശല്യങ്ങൾ ഒന്നും ചെയ്യുന്നില്ലല്ലോ. കള്ളുകുടിയില്ല. പെണ്ണുങ്ങടെ പുറകേ പോകുന്നില്ല. നിന്നെ കാര്യമായി നോക്കുന്നുണ്ടോ?'

'അയലത്ത് എത്ര സുന്ദരിപെണ്ണുങ്ങൾ—ചീത്തയായി ഒന്നു നോക്കുക പോലും ചെയ്തിട്ടില്ല. ദുശ്ശീലങ്ങളൊന്നുമില്ല. കഴിഞ്ഞാഴ്ചയും എനിക്ക് നല്ലൊരു സാരി വാങ്ങിത്തന്നു.'

'അവൻ നിന്നെ ഉപദ്രവിക്കാറുണ്ടോ?'

'കല്യാണം കഴിഞ്ഞിട്ട് പത്തു വർഷമാവുവാ. ഒന്നു നുള്ളിയിട്ടു പോലുമില്ല.'

'എന്നാ നീ വെഷമിക്കാതിരി.'

'എന്താ ചേട്ടാ ഇതിത്ര കൊച്ചുകാര്യമായി എടുക്കുന്നത്?'

'നമ്മുടെ തറവാട്ടിൽ എത്രപേർ നമ്മുടെ മതംവിട്ട് നിരീശ്വരവാദികൾ ആയിട്ടൊണ്ട്. നമ്മടെ രാമൻചിറ്റപ്പന്റെ മകൻ ചന്ദ്രൻ കൊച്ചിയിൽ നിരീശ്വരവാദ സംഘടനയുടെ സെക്രട്ടറി ആണെന്ന് നിനക്കറിയാമല്ലോ. വേണു ഏതായാലും ഈശ്വരവിശ്വാസം ഉപേക്ഷിച്ചിട്ടില്ലല്ലൊ. പ്രാർത്ഥന കൂടിയതല്ലാ ഉള്ളോ?'

'ഇപ്പം പഴയ മന്ത്രങ്ങളൊന്നും പാടി കേൾക്കുന്നില്ല. കഴിഞ്ഞാഴ്ച 'യഹോവ ദൈവമാം വിശുദ്ധജാതി നാം' എന്നു പാടിക്കൊണ്ടു നടക്കുന്നതു കേട്ടു. ഞാനോർത്തു വല്ല റേഡിയോ പാട്ടും പാടിക്കൊണ്ടു നടക്കുവാന്ന്. ഇന്നു രാവിലെയല്ല്യോ കാര്യം പിടികിട്ടിയത്. എങ്ങനിനീ മനുഷ്യരുടെ മൊഖത്തു നോക്കും. മാനം പോകത്തില്ലേ?'

'മോളേ, നമ്മടെ ചെല്ലമ്മചിറ്റമ്മ ആസ്മരോഗം കൂടിയപ്പോൾ കിണറ്റിച്ചാടിയല്ലേ ജീവനൊടുക്കിയത്. അമ്മാവന്റെ മകനെ കള്ളക്കടത്തിനു പിടിച്ച് പത്രത്തിൽ പേരുവരെ വന്നതല്ലേ. കച്ചവടം പൊളിഞ്ഞപ്പം നമ്മുടെ മൂത്ത അമ്മാവൻ എലിവിഷം തിന്ന് ആത്മഹത്യ ചെയ്തില്ലേ. ചാരായം വാറ്റുന്ന എത്രപേർ ഇവിടത്തെ വല്യ തറവാടുകളിലുണ്ട്. അതൊക്കെയല്ലേ മാനക്കേട്.'

'ഉം'

'രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരും സൽസ്വഭാവികളും ധാരാള

മുള്ള കുടുംബമാണ് നമ്മുടേത്. ഒന്നുരണ്ട് അനിഷ്ടസംഭവങ്ങളോ വികൃതികളോ ഉണ്ടായെന്നുവച്ച് നമ്മുടെ മാനം ഇടിഞ്ഞു വീഴത്തൊന്നും ഇല്ല. വേണുവിന്റെ കാര്യം ഒരു വികൃതിയായി മാത്രം ആളുകൾ എഴുതിത്തള്ളും.'

'ചേട്ടൻ വേണുച്ചേട്ടനെ ശാസിച്ചു നേരെയാക്കണം.'

'ഞാൻ അവനെ ശാസിച്ച് മനം തിരിച്ചോണ്ടു വന്നാൽ, അവനു കിട്ടിയ സമാധാനം നഷ്ടമായി അവനും ആത്മഹത്യ ചെയ്താലോ!'

'എന്തവാ ചേട്ടാ ഇപ്പറേന്നത്? ചേട്ടൻ രാഷ്ട്രീയ നേതാവായപ്പം കുടുംബപാരമ്പര്യം എല്ലാം മറന്നോ?'

'ഞാൻ സോഷ്യലിസ്റ്റുപാർട്ടിയുടെ നേതാവാണെന്ന് നിനക്കറിയാമല്ലോ?'

'ചേട്ടൻ ഞങ്ങടെ അഭിമാനമാ. ചേട്ടൻ നല്ല രണ്ടു വഴക്കുപറഞ്ഞാൽ വേണുച്ചേട്ടൻ നേരെ വരും.'

'കുഞ്ഞേ, ഇന്ത്യയുടെ മതേതരത്വവും ഇന്ത്യൻ പൗരന്റെ വ്യക്തിസ്വാതന്ത്ര്യവും അംഗീകരിക്കുന്ന ഒരു പാർട്ടിപ്രമാണമാണ് ഞങ്ങൾക്ക്. ഞാൻ പാർട്ടിയുടെ നേതാവായിരിക്കുമ്പം ഒരാൾ മനഃസാക്ഷിയുടെ പ്രേരണയനുസരിച്ച് പ്രവർത്തിച്ചതിനെ ഞാൻ എങ്ങനെ ശാസിക്കും?' അനുകൂലമല്ലാത്ത സ്വരത്തിലാണതു പറഞ്ഞത്.

'ചേട്ടാ പാർട്ടിയാണോ പാരമ്പര്യമാണോ കാര്യം?'

'പാരമ്പര്യം!! ഭാരതത്തിന്റെ പാരമ്പര്യം മനസ്സാക്ഷിക്കു വിലകല്പിക്കുന്ന പാരമ്പര്യമാണ്. രാജഭരണത്തിന്റെ കാലത്തുപോലും ഇവിടെ എല്ലാ മതങ്ങൾക്കും അവരുടെ വിശ്വാസപ്രമാണങ്ങൾ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം നാട്ടുരാജാക്കന്മാർ നൽകിയിരുന്നു. ലോകത്തിലെ എല്ലാ മതങ്ങളും നമ്മുടെ മണ്ണിൽ വേരൂന്നി വളർന്നു. തോമാശ്ലീഹായ്ക്ക് നമ്മുടെ രാജധാനികളിൽ സ്വീകരണം നൽകിയിട്ടുണ്ട് എന്നാണ് ഐതിഹ്യം. മുഹമ്മദുനബിയും യേശുക്രിസ്തുവും കൺഫ്യൂഷ്യസും ഭാരതത്തിൽ വന്നിരുന്നെങ്കിൽ അവരെ പൂമാലയിട്ടു സ്വീകരിക്കുമായിരുന്നു. യേശുദേവനെ ക്രൂശിൽ കയറ്റുകയില്ലായിരുന്നു. നമ്മുടെ സംസ്കാരവും മതമൈത്രിയും മറന്ന് ഞാൻ പ്രവർത്തിക്കണമെന്നാണോ നീ പറേന്നത്?'

'ചേട്ടൻ നാട്ടിൽ സ്വാധീനമുള്ള ആളാ. പത്തൻപതുപേരെ കൂട്ടി ഉപദേശിമാരെ താക്കീതു ചെയ്താ മതി. അവന്മാര് ഏതോ കൺകെട്ടു വിദ്യ നടത്തി ചേട്ടനെ വശീകരിച്ചതാ.'

ശ്രീധരമേനോൻ അല്പനേരം തറയിലേക്കു നോക്കി നിന്നശേഷം മുഖം ഉയർത്തി. 'ജാനകീ, ഗുണ്ടകളെ നിഷ്പ്രയാസം കൂട്ടാം.'

'അതുമതി. ഫലിക്കും.'

'പക്ഷേ, സംഗതി അവിടം കൊണ്ടു നില്ക്കത്തില്ല. നമ്മുടെ നാട്ടിൽ തന്നെ എത്രയോ തീവ്രന്മാർ ഉണ്ട്. കുത്തുംവെട്ടും നടക്കും. പെന്തക്കോസ്തുകാരുടെ വീടും കൂടും ചുട്ടുകരിക്കും. സാധുക്കളെ ഉപദ്രവിക്കണോ? അവരുടെ അദ്ധ്വാനഫലം ചുട്ടുകരിച്ച് അവരുടെ കുഞ്ഞുങ്ങളെക്കൊണ്ട് കുത്തുപാള എടുപ്പിക്കണോ?'

'അതൊന്നും വേണ്ടാ.'

'നിരപരാധികളുടെ രക്തം നമ്മുടെ ഗ്രാമത്തിന്റെ മണ്ണിൽ വീഴ്ത്തണോ?'

'അത്രേം വേണ്ടാ. എന്നാൽ വേണുച്ചേട്ടനെ വശീകരിച്ച ഉപദേശിക്കും കൂട്ടർക്കും രണ്ടു തല്ലുകൊടുക്കണം.'

‘ഈശ്വരൻ കോപിച്ച് ഭൂമി പിടിച്ചു കുലുക്കിയാലോ? ഇടിവെട്ടിച്ചാലോ? പാമ്പിനെ വിട്ടു നിന്റെ മക്കളെ കടിപ്പിച്ചാലോ?’

ജാനകി അല്പനേരം മൗനമായി നിന്നശേഷം നെഞ്ചത്തു കൈവച്ചു. ‘ഭഗവാനേ, ക്ഷമിക്കണേ....എനിക്കാരേം അടിക്കണ്ടാ. ഉപദ്രവിക്കയും വേണ്ടാ. വേണുച്ചേട്ടനെ തിരികെ കിട്ടിയാമതി. പെന്തക്കോസ്തുകാർ ചേട്ടന്റെ തലതിരിക്കാതിരുന്നാൽ മതി.’

‘എടീ, എനിക്ക് രണ്ടുമൂന്നു പെന്തക്കോസുകാരെ അറിയാം. അവർ കൺകെട്ടു വിദ്യക്കാരൊന്നുമല്ല. കൊഴപ്പക്കാരല്ല. കൊറെ എളക്കപ്പെരുപ്പക്കാരാണെന്നു മാത്രം. ഒരു മുറിബീഡിപോലും വലിക്കുന്നോരല്ല...കൂടാതെ, അവർ വർഗ്ഗീയവാദികളും അല്ല. ഹിന്ദുക്കളുടെ ബിംബങ്ങൾക്കെതിരായി സംസാരിക്കുന്നതിനെക്കാൾ കൂടുതൽ ശക്തിയായി അവർ ക്രിസ്ത്യാനികളുടെ ബിംബങ്ങളെയും വിമർശിക്കുന്നു. ഹിന്ദു എന്നോ ക്രിസ്ത്യാനി എന്നോ അവർ വകതിരിച്ചു കാണുന്നില്ല. പിന്നെ അവരെ എങ്ങനെ കുറ്റം പറയും?’

ഭർത്താവിനെ വശീകരിച്ചവരെപ്പറ്റി പറഞ്ഞ നല്ലവാക്ക് ജാനകിയ്ക്കു തീരെ പിടിച്ചില്ല.

‘ചേട്ടാ, വേണുച്ചേട്ടൻ നാടെല്ലാം ചുറ്റിക്കറങ്ങി വാങ്ങിച്ച ബിംബങ്ങളെല്ലാം ചാക്കിൽ കെട്ടി വച്ചിരിക്കുന്നതോ?’

‘ഉടനെ ആരെക്കൊണ്ടെങ്കിലും എടുപ്പിച്ച് ചാക്കുകെട്ടുകളെല്ലാം ഇങ്ങുകൊണ്ടു പോര്.’

‘ഇവിടെ സ്ഥലമുണ്ടോ?’

‘ഇഷ്ടംപോലെ. എന്റെ പൂജാമുറി മുക്കാലും ഒഴിഞ്ഞു കെടക്വാ. പിള്ളാർ പുതിയ വീടുകൾ വച്ചപ്പോൾ പ്രതിമകൾ മിക്കവയും എടുത്തോണ്ടു പോയി.’

‘പിന്നെ ചേട്ടനെങ്ങനാ ഇപ്പം പൂജ നടത്തുന്നത്?’

‘എനിക്കും പഴയതുപോലെ ഇപ്പം ഈ ബിംബാരാധനയിൽ വല്യ വിശ്വാസമില്ല. ബഹുദൈവാരാധന എനിക്കു ദഹിക്കുന്നില്ല.’

‘ഭഗവാനേ, ഞാനെന്താ ഈ കേൾക്കുന്നത്!’

‘ഏതായാലും നിന്റെ ദൈവങ്ങളെ ഞാനിവിടെ ഒരു കൊഴപ്പോം കൂടാതെ സൂക്ഷിച്ചോളാം. നിനക്കു തൊട്ടു തൊഴണമെന്നു തോന്നുമ്പോൾ ഇങ്ങോട്ടു പോന്നാ മതി.’

‘ചേട്ടൻ ശത്രു പക്ഷത്താ. കുടുംബത്തിന്റെ പക്ഷത്തല്ല. ഞാൻ എന്റെ സ്വന്തം വീട്ടിലും നാട്ടിലും ചെന്ന് ബന്ധുക്കളോട് കാര്യം ധരിപ്പിച്ചു കൊള്ളാം. അവർ കൈകാര്യം ചെയ്തു കൊള്ളും.’

‘കുഞ്ഞേ, ഈ വിഷയം പരസ്യമാക്കി പ്രശ്നം വലുതാക്കാതിരിക്കുന്നതാ നല്ലത്. ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യണം.’

‘എങ്ങനാ ബുദ്ധിപൂർവ്വം?’

‘വേണുവിനെ തിരികെ കൊണ്ടുവരാൻ നീ കുറേ നേർച്ചകളൊക്കെ നടത്തണം. അയലത്തെ സാധുക്കൾക്കു കഞ്ഞികൊടുക്കണം. അവൻ കൊറെക്കഴിഞ്ഞ് ഇങ്ങു മടങ്ങിവരും. ആരംഭശൂരത്വം തീരുമ്പോൾ അവൻ ഇങ്ങുപോരും. ഉപദേശിമാർ അവനെ തമ്പേറുകൊട്ടി ഇളക്കിയതാ. കൊട്ടുതീരുമ്പം അവനിങ്ങുവരും.’

‘ഉം.’

‘പെന്തക്കോസുകാരെല്ലാവരും ശുദ്ധന്മാരാണെന്നാണോ നിന്റെ വിചാരം!

അവരുടെയിടെയിലും കള്ളന്മാരും ചതിയന്മാരും സ്ത്രീലമ്പടന്മാരും കാണും എന്നു നമുക്ക് ഊഹിക്കാം. അതൊക്കെ കാണുമ്പം അവൻ ഇങ്ങു തിരികെവന്നോളും.'

ഇതുപോലെ ഒരു പ്രതികരണമല്ല ജാനകി ഭർത്താവിന്റെ മൂത്ത സഹോദരനിൽനിന്നു പ്രതീക്ഷിച്ചത്. മറുപടി പറയാതെ അവൾ തിരികെ നടന്നു—വലതുകൈയിലെ തള്ളവിരലിന്റെ നഖം കടിച്ചു കൊണ്ട്.

♦ ♦ ♦

കമ്മ്യൂണിസ്റ്റു ഭരണകൂടത്തെ താഴെയിറക്കിയ വിജയം കോൺഗ്രസ് പ്രവർത്തകർ പടക്കംപൊട്ടിച്ചാഘോഷിച്ച ദിവസങ്ങളിൽ, വേണുമേനോനെയും ഏതാനും യുവാക്കളെയും വിശ്വാസ ജീവിതത്തിലേക്കാകർഷിച്ച വിജയം നെയ്യാറ്റിൻകര പൂർണ്ണ സുവിശേഷദൈവസഭ സ്തോത്രശബ്ദമുയർത്തി ആഘോഷിക്കയായിരുന്നു.

സജീവ രാഷ്ട്രീയത്തിൽ പങ്കുകൊണ്ടില്ലെങ്കിൽതന്നെ, സമൂഹത്തിനു വേണ്ടി ഗുണകരമായ സംഭാവനകൾ ചെയ്യാൻ—സമൂഹദ്രോഹികളെ സമൂഹസ്നേഹികളാക്കി മാറ്റാൻ—പെന്തക്കോസ്തു സന്ദേശത്തിനു കഴിയുമെന്ന് മത്തായിച്ചൻ വിശ്വസിച്ചിരുന്നു. തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിക്കുന്ന 'ക്രൈസ്തവഭൂഷണം' മാസികയിൽ പെന്തക്കോസ്തു പ്രസ്ഥാനത്തെപ്പറ്റി പ്രസിദ്ധീകരിച്ച ഒരു ലേഖനം, പെന്തക്കോസ്തു സന്ദേശത്തിന്റെ സാമൂഹ്യതലത്തിലുള്ള സ്വാധീനം വിളിച്ചറിയിക്കുന്നതായിരുന്നു. വിവിധ പാരമ്പര്യ ക്രൈസ്തവസഭകളിലംഗത്വമുള്ള ചിലർ യോജിച്ചു പ്രസിദ്ധീകരിക്കുന്ന ഒരു സ്വതന്ത്ര മാസികയാണത്.

പെട്ടെന്ന് അടുക്കളയിലേക്കു നോക്കി മത്തായിച്ചൻ ചോദിച്ചു: 'സാറാമ്മേ, നിനക്കു വായിക്കണോ ഒരു സുവാർത്ത?'

'എന്താ?'

'വലിയ വിഷയമാ.'

'എന്താ ഇത്ര വലിയ വിഷയം?'

'പെന്തക്കോസ്തുപ്രസ്ഥാനത്തെ പ്രശംസിച്ചുകൊണ്ട് ഒരു പാരമ്പര്യസഭക്കാരൻ എഴുതിയിരിക്കുന്നു!!'

'ഒന്നു വായിച്ചുകേൾപ്പിച്ചാട്ടെ. ഞാൻ മോരു കാച്ചിക്കൊണ്ടിരിക്കുവാ.'

സാറാമ്മ ചെവി കൂർപ്പിച്ചു.

1959 ആഗസ്റ്റ് ലക്കമാണ് കൈയിലിരിക്കുന്നത്. ആദ്യം തലക്കെട്ടു വായിച്ചു: 'പെന്ത്ക്കോസ്തു പ്രസ്ഥാനം: ഒരവലോകനം.'

തുടർന്ന് പ്രസക്തഭാഗങ്ങൾ വായിച്ചു:

'പെന്തക്കോസ്തുകാരെ ഉപദ്രവകാരികളായി തെറ്റിദ്ധരിപ്പിച്ച് തരംതാഴ്ത്തി കാണിക്കാനുള്ള ശ്രമം ഇതരസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ പെന്തക്കോസ്തർ ഏതു സമൂഹത്തിലും ഉപകാരികളാണെന്ന് സൂക്ഷ്മപഠനം തെളിയിച്ചുകൊണ്ടിരിക്കുന്നു. മദ്യപാനം, പുകവലി ഇവയിൽനിന്നും പെന്തക്കോസ്തു സഭാംഗങ്ങൾ വിമുക്തരാണ് എന്ന ഒരൊറ്റ വസ്തുതമതി ഇവർ സമൂഹത്തിന്റെ ക്രമസമാധാനത്തിന് ഒരു മുതൽക്കൂട്ടാണെന്നു തെളിയിക്കാൻ.'

'ഹല്ലേലൂയ്യാ,' സാറാമ്മ ഇടയ്ക്കുകയറി ആഹ്ലാദം പ്രകടിപ്പിച്ചു.

'ബാക്കികൂടി കേട്ടിട്ട് ഹല്ലേലൂയ്യാ പറഞ്ഞാ മതി.'

'ആട്ടെ, വായിച്ചാട്ടെ. ഞാൻ കേക്കാം.'

'പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിൽ, കുറ്റകൃത്യങ്ങളുടെ പേരിൽ ജയിലിലടയ്ക്കപ്പെടുന്നവരുടെ ശരാശരി എണ്ണം പെന്തക്കോസ്തരുടെയിടയിൽ വളരെ കുറവാണ്. ലക്ഷക്കണക്കിനാളുകൾക്ക് മദ്യപാനം ഉപേക്ഷിക്കുവാനുള്ള പ്രേരണ ഈ പ്രസ്ഥാനം നൽകിയിട്ടുണ്ട്. ആത്മഹത്യയും മനോരോഗങ്ങളും പെന്തക്കോസ്തരുടെയിടയിൽ വളരെ കുറവാണെന്ന് സ്ഥിതിവിവരക്കണക്ക് വെളിപ്പെടുത്തുന്നു.'

'സ്തോത്രമല്ലേലൂയ്യാ.'

'കേൾക്ക്. ഇനിയുമുണ്ട്.'

കണ്ണട ചെവിപ്പുറകിൽ ബലമായി ഉറപ്പിച്ചുകൊണ്ട് വായന തുടർന്നു: 'പെന്തക്കോസ്തർ പൊതുവെ സമാധാനകാംക്ഷികളാണ്. രാഷ്ട്രീയത്തിൽ സജീവമായി പങ്കെടുക്കുന്നവർ ചുരുക്കം. എന്നാൽ, മാനുഷികമൂല്യങ്ങൾ ആദരിച്ചുകൊണ്ടുള്ള ദേശീയ താല്പര്യങ്ങൾക്കു വഴങ്ങുവാനും രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുവാനും ഈ പ്രസ്ഥാനം അംഗങ്ങളെ ഉത്സാഹിപ്പിക്കുന്നുണ്ട്. സെക്കുലർ സിനിമാ—നാടകങ്ങൾ പെന്തക്കോസ്തർക്ക് നിഷിദ്ധമായതിനാൽ ധാർമ്മികമൂല്യപരിരക്ഷണത്തിന് നല്ലൊരു മാതൃകയാണ് പെന്തക്കോസ്തു പ്രസ്ഥാനം സമൂഹത്തിനു കാഴ്ചവച്ചിരിക്കുന്നത്. ഈ പ്രസ്ഥാനത്തെ മുൻവിധികൂടാതെ ദർശിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.'

'ദൈവം പൊതുജനമദ്ധ്യേ നമ്മെ മാനിച്ചിരിക്കുന്നു.'

സാറാമ്മ അഭിമാനപൂർവ്വം പറഞ്ഞു.

'ആദ്യമായിട്ടാണ് ഒരു പൊതുമാസികയിൽ നമ്മെ അനുകൂലിച്ചുകൊണ്ട് ഒരു ലേഖനം അച്ചടിച്ചു കാണുന്നത്. അതിശയം!'

'മറ്റു സഭക്കാരൊക്കെ ഈ ലേഖനമൊന്നു വായിച്ചിരുന്നെങ്കിൽ!'

'ഒരു കാര്യം മറക്കരുത്. നമ്മുടെ പ്രസ്ഥാനത്തിന്റെ മഹിമയിൽ നാം അഹങ്കരിക്കരുത്. കാരണം, പ്രസ്ഥാനങ്ങൾ വരികയും പോകയും ചെയ്യും; ഉയരുകയും താഴുകയും ചെയ്യും. പെന്തക്കോസ്തു പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്നത് യേശുക്രിസ്തുവിന്റെ പൂർണ്ണസുവിശേഷ സന്ദേശമാണ്. ഈ സന്ദേശത്തിൽ മാത്രമേ നാം അഭിമാനം കൊള്ളാവൂ. സഭയോ പ്രസ്ഥാനമോ മനുഷ്യനെ രക്ഷിക്കയില്ല. യേശുക്രിസ്തു മാത്രം രക്ഷകൻ.'

സംഭാഷണം ഉപസംഹരിക്കുന്നതിനു മുമ്പേ ജോഷ്വാമാപ്പിള തിണ്ണയിൽ എത്തിയിരുന്നു. മാസത്തിൽ മൂന്നാലു പ്രാവശ്യമെങ്കിലും അയാൾ അവിടെ വരും. നാട്ടുവർത്തമാനം പറയാൻ.

ആമുഖമില്ലാതെ തുടങ്ങി: 'പ്രസ്ഥാനം രക്ഷിക്കയില്ല.'

'എന്താ പാസ്റ്ററേ?'

'പ്രസ്ഥാനങ്ങൾ വരികയും പോകയും ചെയ്യും.'

'പിടികിട്ടുന്നില്ലല്ലോ...എന്തോ പ്രസ്ഥാനമാ?'

'ക്ഷമിക്കണം സഹോദരാ, ആമുഖമില്ലാതെ വിഷയത്തിലേക്കു പ്രവേശിച്ചതിന്.'

'ആമുഖം ഉപസംഹാരത്തിൽ പറഞ്ഞാമതി.'

രണ്ടുപേരും ചിരിച്ചു.

'ഞാനും സാറാമ്മയും പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ കാര്യം പറഞ്ഞോണ്ടിരിക്കയായിരുന്നു. പാരമ്പര്യസഭക്കാർ നടത്തുന്ന ഒരു മാസിക

യിൽ നമ്മുടെ പ്രസ്ഥാനത്തെ പ്രശംസിച്ചുകൊണ്ട് ഒരു ലേഖനം പ്രസിദ്ധീകരിച്ച കാര്യം. 'ക്രൈസ്തവ ഭൂഷണ'ത്തിൽ.'

ലുങ്കിയുടെ അറ്റംകൊണ്ട് കണ്ണട തുടച്ചതിനുശേഷം ജോഷ്വാമാപ്പിള ലേഖനം വായിച്ചു തുടങ്ങി.

'ഇതു ഭൂഷണവാർത്ത തന്നെ.'

സാറാമ്മ ഇടയ്ക്കു കയറി. 'എന്നെ വാദ്ധ്യാരുദ്യോഗത്തിൽനിന്ന് പാരമ്പര്യസഭക്കാർ പിരിച്ചുവിട്ടകാലം മുതൽ പെന്തക്കോസ്തുകാരെപ്പറ്റി ദുഷിച്ച വാർത്തകൾ മാത്രമേ അവർ പറഞ്ഞു കേട്ടിട്ടുള്ളൂ. ദൂഷണവാർത്തകൾ മാത്രം. ഇപ്പോഴിതാ ഭൂഷണവാർത്ത.'

'ശര്യാ സാറാമ്മക്കൊച്ചമ്മേ. കിട്ടിയ അംഗീകാരം നമുക്കൊരു ഭൂഷണം തന്നെ. സന്തോഷം.'

മത്തായിച്ചൻ മുഖമുയർത്തി. 'ജോഷ്വാസഹോദരാ, നമുക്കു ദുഃഖിക്കാനും വകയുണ്ട്?'

'അതെന്താ അങ്ങനെ പറയാൻ?'

'ഒരു വശത്ത് നമ്മെ ലോകം അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. മറുവശത്ത് നമ്മുടെ സഭകളിൽ പുഴുക്കുത്തു തുടങ്ങിയിരിക്കുന്നു.'

'മനസ്സിലായില്ല....'

'മനസ്സിലാക്കിത്തരാം. ഞാൻ കിളിശ്ശേരിയിൽ കഴിഞ്ഞാഴ്ച ഒരു കല്യാണത്തിനു പോയകാര്യം പറഞ്ഞല്ലോ.'

'പാസ്റ്ററുടെ പഴയ സ്നേഹിതന്റെ മകന്റെ കല്ല്യാണത്തിന്.'

'കഴിഞ്ഞാഴ്ച അവിടെ കണ്ട കാര്യങ്ങൾ. കേട്ട വാർത്തകൾ....'

'നാണക്കേടുണ്ടാക്കിയിരിക്കുന്നു.'സാറാമ്മയാണ് പൂരിപ്പിച്ചത്.

'എന്തു സംഭവിച്ചു?'

'ജോഷ്വാ സഹോദരാ, കിളിശ്ശേരി സഭയിൽ ഒരു വിശ്വാസി ഉണ്ട്. നാട്ടുകാർ അയാളെ വിളിച്ചിരുന്നത് ഹല്ലേലുയ്യാതോമസ് എന്നായിരുന്നു. എപ്പോഴും ഹല്ലേലുയ്യാ സ്തോത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് ദൈവത്തെ ആരാധിച്ചിരുന്ന ഒരു ചൂടൻ ഭക്തനായിരുന്നു.'

'അയാൾക്ക് എന്തുപറ്റി?'

'പറ്റിയതോ....അയാളെ നാട്ടുകാർ ഇപ്പോൾ വിളിക്കുന്നത് അല്ലേലും വയ്യാ തോമസ് എന്നാണ്. സൽപ്പേര് നഷ്ടമായി.'

'അയാൾ എന്തു ചെയ്തു?'

'അയാൾക്ക് രണ്ട് ആൺമക്കൾ. മൂത്തവൻ പേർഷ്യയിൽ. ഇളയവൻ അമേരിക്കയിൽ. രണ്ടു വർഷംമുമ്പ് ആരോ ബന്ധുക്കൾ വീസാ വാങ്ങിക്കൊടുത്തതാ. പിള്ളാരു രണ്ടുപേരും ഒത്തിരി പണം അയച്ചുകൊടുത്ത് അപ്പനെ സഹായിച്ചുകൊണ്ടിരുന്നു.'

'അതു ദൈവാനുഗ്രഹമല്ലേ?'

'പക്ഷേങ്കിൽ, അയാൾ അഹങ്കരിച്ചു. പഞ്ചായത്തിലെ ഏറ്റവും വല്യ വീടുവയ്ക്കും എന്നു വാശിപിടിച്ച് കൊട്ടാരം പോലത്തെ ഒരു കൂറ്റൻ വീടു വച്ചു. നാലുപേരു കാണണമെന്നു പറഞ്ഞ് റോഡിന്റെ വക്കത്താണ് വീടു വെച്ചത്. അയാൾ ഒരു റോളക്സ് വാച്ചും വാങ്ങി.പലതരത്തിലുള്ള റോളക്സ് ഉണ്ടല്ലോ.... അതിൽ ഏറ്റവും കൂടിയ ഇനം. ഉടുപ്പിന്റെ കൈമടക്കി ആ വാച്ചും പ്രദർശിപ്പിച്ചുകൊണ്ടാ ഇപ്പം സഭായോഗത്തിനു പോകുന്നത്. ഇപ്പോൾ അയാൾക്ക് പല പേരുകളുണ്ട്. കൊട്ടാരം തോമസ്. റോളക്സ്തോമസ് എന്നൊക്കെ നാട്ടാർ വിളിക്കുന്നു.'

'നാട്ടുകാരുടെ അസൂയ.'

'അസൂയയൊന്നുമല്ല. പണം കണ്ടപ്പോൾ അയാൾ ഇളകിപ്പോയി. ആ ഒരു വാച്ചു വാങ്ങിയ പണംകൊണ്ട് ഗ്രാമത്തിലെ അമ്പതു പട്ടിണിപ്പാവങ്ങൾക്ക് ഒരു വർഷം കഞ്ഞികൊടുക്കാമായിരുന്നു.'

'ശര്യാ പാസ്റ്ററേ, കുമ്പനാട്ട് ഒന്നുരണ്ടു വിശ്വാസികൾ കാറു വാങ്ങി സുഖിച്ചു നടക്കുന്നു എന്നു കേട്ടു.'

'കാറിന് ഒരു പ്രായോഗിക ഉപയോഗമുണ്ട്....എളുപ്പം യാത്ര ചെയ്യാം. ന്യായമായ സുഖങ്ങളൊന്നും ദൈവം മനുഷ്യനു വിലക്കിയിട്ടില്ല. എന്നാൽ ഏറ്റവും വിലകൂടിയ കാറിലേ യാത്ര ചെയ്യൂ എന്ന് ശഠിച്ചാലോ? സമയം അറിയാൻ വാച്ചുവേണം. ഏറ്റവുംകൂടിയ വാച്ചേ കെട്ടൂ എന്ന് വിചാരിച്ചാലോ?'

'പണത്തിന്റെ അഹങ്കാരം....കൊല്ലത്ത് ഒരു വിശ്വാസി അഞ്ഞുറുരൂപ കൊടുത്ത് ടാജ്മഹാളിന്റെ ഒരു ചന്ദനത്തടിശില്പം കരകൗശലശാലയിൽ നിന്നും വാങ്ങി സ്വന്തം വീട്ടിൽ സന്ദർശനമുറിയിൽ വച്ചിരിക്കുന്നു. അയാളുടെ സ്വന്തം ബന്ധത്തിലുള്ള പെൺകുട്ടികൾ നെഴ്സിംഗ്സ്കൂളിൽ പോകാൻ പണമില്ലാതെ വെറുതെ വീട്ടിൽ നില്ക്കുന്നു. അയാടെ സഭയിലെ പാസ്റ്റർക്ക് ഭവനസന്ദർശനത്തിനു പോകാൻ ഒരു സൈക്കിൾ വാങ്ങാൻ പണമില്ല.'

'ചന്ദനശില്പം വാങ്ങിയ തുകകൊണ്ട് രണ്ടുമൂന്നു സൈക്കിളെങ്കിലും വാങ്ങാമായിരുന്നു.'

'സാധുക്കളായ നാലഞ്ചുവിദ്യാർത്ഥികളുടെ ഫീസ് അടയ്ക്കാൻ അതു മതിയായിരുന്നു. നൂറു പട്ടിണിപ്പാവങ്ങൾക്ക് ആറുമാസം കഞ്ഞികൊടുക്കാമായിരുന്നു.'

'ടാജ്മഹാളിന്റെ മുമ്പിലിരുന്ന് അയാൾ എങ്ങനെ പ്രാർത്ഥിക്കും. സന്ധ്യയ്ക്ക് കുടുംബപ്രാർത്ഥനാവേളയിൽ നാട്ടിൽ ആഹാരമില്ലാതെ വിഷമിക്കുന്നവർക്ക് ആഹാരം നൽകണമേ എന്ന് എങ്ങനെ പ്രാർത്ഥി ക്കും? പെൺകുട്ടികളെ കെട്ടിച്ചുവിടാൻ കല്യാണച്ചെലവിനുപോലും പണമില്ലാത്ത സഹവിശ്വാസികൾക്കുവേണ്ടി എങ്ങനെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തും!'

'പണ്ട് നമ്മുടെ ആത്മിക അനുഭവങ്ങളോടു ബന്ധപ്പെടുത്തി ആയിരുന്നു വെളിയിലുള്ളവർ നമ്മെ പേരു വിളിച്ചിരുന്നത്.'

'ശര്യാ....സ്തോത്രംഉണ്ണൂണ്ണിച്ചൻ. മറുഭാഷമറിയ. ഭക്തൻകുട്ടിയച്ചൻ. ഉപവാസംതങ്കമ്മ എന്നൊക്കെ.'

'ഇപ്പോഴോ!!?'

'ഇപ്പോൾ നമുക്ക് ഒരു റോളക്സ്തോമാച്ചനുണ്ട്. ഒരു കള്ളത്രാസുവർഗ്ഗീസുമുണ്ട്?'

'അതെവിടാ?'

'അയാളും കിളിശ്ശേരിസഭയിൽ തന്നെ. വല്ല്യ കച്ചവടക്കാരനാ. പലചരക്കുവ്യാപാരി. അയാടെ കടേന്ന് നാലുകിലോ ഉഴുന്നുവാങ്ങി വീട്ടിൽ ചെന്നു തൂക്കി നോക്കിയാൽ മൂന്നരകിലോയേ കാണൂ. തൂക്കത്തിൽ തട്ടിപ്പ്.'

കണക്കിൽ വെട്ടിപ്പ്....

പണത്തിൽ മുന്നേറ്റം. ആത്മാവിൽ പിന്മാറ്റം....

ആത്മാവ് ബലഹീനം. ജഡമോ ഒരുക്കമുള്ളത്....

എനിക്കു ജീവിക്കുന്നതു പണം, മരിക്കുന്നതു നഷ്ടം....

ഞാൻ വളരണം. ക്രിസ്തുവോ കുറയണം.

തളരണം.

ഒടുവിൽ എന്റെ ദ്രവ്യാഗ്രഹത്തിന്റെ കയ്പുകാടി കുടിച്ച് അവൻ മരിക്കണം.

അടക്കം ചെയ്യണം.

മൂന്നല്ല, മൂന്നൂറുദിവസം കഴിഞ്ഞാലും ഉയിർക്കരുത്.

'ഉപവാസംതങ്കമ്മയുടെ സ്ഥാനത്ത് ലിപ്സ്റ്റിക്ലിസിയാമ്മ വരുമോ? ആരറിഞ്ഞു!' സാറാമ്മ നെടുവീർപ്പിട്ടു.

'അടുത്ത തലമുറയിൽ സ്തോത്രംഉണ്ണൂണ്ണിച്ചനു പകരം ഒരു കള്ളക്കടത്തുതങ്കച്ചൻ ഉണ്ടാവുമോ?'മത്തായിച്ചന്റെ ഭയം അതായിരുന്നു.

'പിന്നെ നർത്തകിനിർമ്മല....മേക്കപ്പ്സൂസി....കൺമഷിജോളി.... മറുഭാഷമറിയയുടെയും ദർശനം ദാനിയേലിന്റെയും വിശുദ്ധജീവിതം വെറും ചരിത്രമായി മാറുമോ?'

പണം മതി

ഗുണം വേണ്ടാ....

ഇതായിരിക്കുമോ അടുത്ത തലമുറയുടെ നീതിശാസ്ത്രം!

'പണ്ടു പൊട്ടിച്ചുകളഞ്ഞ അന്ധവിശ്വാസങ്ങളുടെ ചങ്ങലകളെ ഇനി പൂമാലകളായി സ്വീകരിച്ച് സഭയിൽ കടത്തുമോ!'

'കടത്തും. കടത്തും. പണ്ട് കൊല്ലത്തുവച്ച് ഞാൻ കണ്ട കാര്യം പറഞ്ഞതോർക്കുന്നില്ലേ പാസ്റ്ററേ?'

'എന്തോ കാര്യമാ?'

'ഒരു പള്ളിയങ്കണത്തിൽ വലിയ ആൾക്കൂട്ടം. ഒരു ആർച്ചുബിഷപ്പിന്റെ അസ്ഥികൂടം ഒരു കണ്ണാടിപ്പെട്ടിയിലാക്കി പൊതുദർശന ത്തിനു വച്ചിരിക്കുന്നു. തലയോടു മുതൽ കാലസ്ഥികൾവരെ കൊളു ത്തിച്ചേർത്തു കിടത്തിയിരിക്കുന്നു. ദ്രവിച്ചുതുടങ്ങിയ അസ്ഥികൾ ശുചിയാക്കിയ ശേഷമാണ് ചേർത്തിണക്കിയിരിക്കുന്നത്. നഗ്നമായ അസ്ഥികൂടം. തുണികൊണ്ട് ഒന്നു പുതപ്പിച്ചിട്ടുപോലുമില്ല!'

'അയ്യോ....പ്രാകൃതം. ബീഭത്സം!'

'ഒരു കൂട്ടം ആളുകൾ കൈ കൂപ്പി കണ്ണാടിക്കൂടിന്റെ മുമ്പിൽ. കുറേപ്പേർ ഒന്നു നോക്കിയിട്ടു മനംപുരട്ടി തല തിരിച്ചുകളയുന്നു. ഞാൻ കണ്ട കാര്യമാ.'

'വിലക്ഷണം. അറപ്പുളവാക്കുന്ന പരുക്കൻ ചടങ്ങുകൾ.'

ചിലർ ഭയന്നു കണ്ണുതുറിച്ചു നിൽക്കുന്നു. അസ്ഥിവണക്കം നടത്തുന്നവരുടെ മുഖത്തുപോലും ഭയം നിഴലിച്ചിരുന്നു.'

'ഭയക്കാതിരിക്കുമോ? മനുഷ്യൻ മൃഗത്തെക്കാൾ അധഃപതിച്ചിരിക്കുന്നു. മൃഗങ്ങളല്ലേ ശവം തുരന്നു വെളിയിൽ കൊണ്ടുവരുന്നത്?'

'ബിഷപ്പിനെ വിശുദ്ധനായി പ്രഖ്യാപിച്ച് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്താനുള്ള നടപടികളുടെ പ്രാരംഭചടങ്ങാണ് അവിടെ നടന്നത്. കുറെ പുരോഹിതന്മാർ തൊഴുതുപിടിച്ച് അസ്ഥികൂടത്തിന്റെ തലയ്ക്കൽ നിൽക്കുന്നു. ജനത്തെ വ്യാജാരാധനയിൽ നിന്ന് അകറ്റി നിർത്തേണ്ട പുരോഹിതന്മാർ വഴിതെറ്റിയ ഭക്തിക്ക് താങ്ങും തണലും നൽകുന്നു. കഷ്ടം തന്നെ. '

'കഷ്ടം....പുതിയനിയമത്തിലെ ആദ്യരക്തസാക്ഷിയായ സ്തേഫാനോസിന്റെ ശരീരം ആരെങ്കിലും തുരന്നെടുത്തോ? മറ്റേതെങ്കിലും വിശുദ്ധന്മാരുടെ അവശിഷ്ടങ്ങൾ?'

'ഇല്ല. എന്നാൽ പഴയനിയമത്തിലെ യോസേഫിന്റെ അസ്ഥി കനാൻദേശത്തേക്കു കൊണ്ടുപോയില്ലേ?'

'അടിമനാടായ ഈജിപ്റ്റിൽ ശരീരാവശിഷ്ടങ്ങൾ കിടക്കാതെ സ്വന്തനാടായ കനാനിൽ അടക്കം ചെയ്യാനാണ് കൊണ്ടുപോയത്. വണങ്ങാനല്ല. സ്വാതന്ത്ര്യത്തിന്റെ മണ്ണിൽ സംസ്ക്കാരം നടത്താൻ വേണ്ടി മാത്രം. ഈജിപ്റ്റിൽ അവർ ശരീരം ഉപേക്ഷിച്ചിരുന്നെങ്കിൽ ആ നാട്ടിലുള്ളവർ യോസേഫിന്റെ അവശിഷ്ടങ്ങൾ പിരമിഡുകളിലാക്കി അസ്ഥിവണക്കം നടത്തുമായിരുന്നു. യോസേഫ് ഈജിപ്റ്റിലെ ആത്മീയഗുരു ആയിരുന്നല്ലോ. അസ്ഥിവണക്കം നടക്കാതിരിക്കുന്നതിനുള്ള ഒരു മുൻകരുതലായിട്ടാണ് യോസേഫിന്റെ ഭൗതീകാവശിഷ്ടം അവിടെനിന്നും മാറ്റിയത്.'

'കൊല്ലത്ത് കണ്ണാടിക്കൂടിന്റെ മുമ്പിൽ വണക്കം നടത്തിയവരുടെ കൂട്ടത്തിൽ ഒരു സ്വതന്ത്രസുവിശേഷകനും ഉണ്ടായിരുന്നു.'

'ഓഹോ, ഇപ്പോളോർക്കുന്നു. പണ്ട് ജോഷ്വാമാപ്പിള പറഞ്ഞകാര്യം.... തര്യനുപദേശി, അല്ലേ? കൂവപ്പള്ളി തര്യൻ. അദ്ദേഹം ഒരു വിശ്വാസത്യാഗിയാണ്. ചില സുവിശേഷകന്മാർ പ്രസിദ്ധികിട്ടുമ്പോൾ ദുരാചാരങ്ങളിൽ കുടുങ്ങുന്നു. പണത്തിനുവേണ്ടി കൈലേസു മുതൽ ഒലിവെണ്ണ വരെ വിൽക്കുന്നു. ഉപേക്ഷിച്ച കാര്യങ്ങൾ സഭയിൽ കടത്തുന്നു. വിലക്കപ്പെട്ട ചടങ്ങുകളിൽ പങ്കുകൊള്ളുന്നു. നായ് ഛർദ്ദിച്ചതിലേക്ക് തിരിയുന്നതിനെപ്പറ്റി ബൈബിൾ പറയുന്നുണ്ടല്ലോ.'

ആഞ്ഞുശ്വസിച്ചുകൊണ്ടാണ് ജോഷ്വാമാപ്പിള കസേരയിൽനിന്ന് എഴുന്നേറ്റത്. 'വരുന്നപോലെവരട്ടെ, ദൈവം കൂലി കൊടുത്തോളും.'

'വരുന്നതുപോലെ വരാൻ അനുവദിക്കുന്ന സ്വഭാവക്കാരല്ല നാം. പാരമ്പര്യസഭക്കാർ അങ്ങനെ അനുവദിച്ചു. ഒടുവിൽ സഭ വഷളായപ്പോൾ കൈമലർത്തി.'

'ആകട്ടെ നമുക്ക് കൈ ഉയർത്തി പ്രാർത്ഥിക്കാം. ഇന്ത്യയിലെ സഭ വിശ്വാസത്യാഗത്തിന്റെ ചേറ്റുകുഴീൽ വീഴാതിരിക്കാൻ.'

പിരിയാന്നേരത്ത് ജോഷ്വാമാപ്പിള മത്തായിച്ചന്റെ തോളിൽ ഒന്നു തട്ടി. 'ആമുഖം പറഞ്ഞില്ലല്ലോ പാസ്റ്ററേ!'

'അത് ഞായറാഴ്ചത്തെ പ്രസംഗത്തിൽ പറഞ്ഞോളാം.'

'ഉപസംഹാരമോ?'

'അത് ഉപക്രമത്തിൽ പറഞ്ഞോളാം.'

രണ്ടുപേരും കുടുകുടെ ചിരിച്ചു.

♦ ♦ ♦

തുടരെത്തുടരെ കതിനാവെടിയുടെ ശബ്ദം കേട്ടപ്പോൾ മത്തായിച്ചൻ ഗാഢനിദ്രയിൽ നിന്നുണർന്നു. നെയ്യാറ്റിൻകര ചന്തമൈതാനത്ത് ഉത്സവമേളയാണ്.

ഞെക്കുവിളക്ക് തപ്പിയിട്ടു കിട്ടാഞ്ഞപ്പോൾ സാറാമ്മയെ ഉണർത്തി.

മൂന്നു മുറികളേ വിശ്വാസഭവനത്തിനുണ്ടായിരുന്നുള്ളൂ. പെൺ മക്കൾ അടുക്കളയിൽ വരിവരിയായി പുൽപ്പായ് വിരിച്ചാണുറങ്ങിയിരുന്നത്. അവിടെയും ഞെക്കുവിളക്കു കാണാഞ്ഞപ്പോൾ ജോണിയുടെ മുറിയുടെ വാതിലിൽ മുട്ടി.

അനക്കമില്ല. കതകിൽ വീണ്ടും ആഞ്ഞുമുട്ടി.

'ജോണീ, ജോണീ എഴുന്നേക്കടാ. എന്റെ ഞെക്കു വിളക്ക്....'

മറുപടിയില്ല.

മത്തായിച്ചൻ കതകിൽ തള്ളി. ഒരു ഞരക്കത്തോടെ കതകു തുറന്നു. ജോണിയുടെ കിടക്ക ഒഴിഞ്ഞു കിടക്കുന്നു.

ഭയത്തിന്റെ മേഘങ്ങൾ മനസ്സിലുരുണ്ടുകൂടി. മനസ്സു പലപല ചിന്തകളിൽ പരതി.

ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയാണോ ഇത്?

സാത്താനവനെ എവിടെ കൊണ്ടുപോയി?

വല്ലേടത്തും ഇറങ്ങിപ്പോയതാണോ?

അയലത്ത് അന്വേഷിക്കാൻ മത്തായിച്ചനൊരുങ്ങി. സാറാമ്മ വിലക്കി: 'ഉപദേശീടെ മോൻ രാത്രീൽ വീട്ടിലില്ലെന്നറിഞ്ഞാൽ എന്തൊക്കെ ദുർവ്യാഖ്യാനം നടക്കും! ഇപ്പം ആരും അറിയണ്ടാ.'

മണ്ണെണ്ണവിളക്കിന്റെ ഗന്ധം മുറിയിൽ വ്യാപിച്ചു. പെൺമക്കളുടെ കണ്ണുകൾ നിറഞ്ഞു. മത്തായിച്ചൻ മുട്ടിന്മേലിരുന്നു പ്രാർത്ഥന തുടങ്ങി—ജോണിക്കുവേണ്ടി. സാറാമ്മയും പെൺമക്കളും തിണ്ണയിലിരുന്നു. അന്തരീക്ഷത്തിലേക്ക് കണ്ണുംനട്ട്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ദൂരെ ഞെക്കുവിളക്കിന്റെ പ്രകാശം കണ്ടു. അവർ പ്രതീക്ഷയോടെ ശ്വാസംപിടിച്ചു നോക്കിനിന്നു.

യാതൊരു കൂസലുംകൂടാതെ ജോണി പടികയറി. മത്തായിച്ചൻ തടഞ്ഞു.

'നീയെവിടെപ്പോയെടാ?'

'കഥാപ്രസംഗം കേക്കാൻ.' നിശ്വാസത്തിന് മദ്യത്തിന്റെ ഗന്ധമുണ്ടായിരുന്നു.'

'പെന്തക്കോസ്തുകാരനാണോ ചീത്തക്കഥകൾ പറഞ്ഞു രസിക്കുന്നിടത്തു പോന്നത്!'

'ഞാൻ പെന്തക്കോസ്തുകാരനല്ല. എന്റപ്പനും അമ്മയുമാ പെന്തക്കോസ്തുകാർ.'

'മോനെ, ഈ ജീവിതം നിന്നെ നരകത്തിലെത്തിക്കും.'

'സാരമില്ല, ഞാൻ നരകത്തിൽ പൊക്കോളാം.'

മത്തായിച്ചന്റെ സ്വരം മാറി.

'നിന്നോടാരു പറഞ്ഞു ചോദിക്കാതേം പറയാതേം വീടു വിട്ടിറങ്ങാൻ. എന്റെ ഞെക്കുവെളക്കെടുക്കാനാരു പറഞ്ഞു? മനുഷ്യനെ പേടിപ്പിച്ചു കളഞ്ഞല്ലോ.'

'ദാ കെടക്കുന്നു ഞെക്കുവിളക്ക്.' ജോണി ഞെക്കുവിളക്കെടുത്തൊരേറ്. ചില്ലുകൾ പൊട്ടിച്ചിതറി. അവൻ കിടക്കമുറിയിലേക്കു നടന്നു. മത്തായിച്ചൻ പുറകെ മുഷ്ടി ചുരുട്ടിയടുത്തു.... ഓങ്ങിയ കൈ തിരികെ വലിച്ചു. അടികൊള്ളാനുള്ള പ്രായം കഴിഞ്ഞു.

ദിവസവും മാതാപിതാക്കൾക്കു തലവേദനയുണ്ടാക്കുന്ന മകനെ വീട്ടിൽ നിന്നു വെളിയിലിറക്കി വിട്ടാലോ....? സാറാമ്മ ചിന്തിച്ചു.

തന്നത്താൻ തിരുത്തി: 'അവനെ വീട്ടിൽനിന്നും പുറത്താക്കിയാൽ?.... അവൻ കൂടുതൽ ധിക്കാരിയാകും. പറക്കമുറ്റിയ കിളിയെ കൂട്ടിൽനിന്നുമിറക്കിവിടുംപോലെ. ആകാശം മൊത്തം സ്വന്തംവകയായി. എവിടെയും പോകാം. മുടിയൻ പുത്രനാകാം.'

മത്തായിച്ചൻ പ്രാർത്ഥനയ്ക്കിരുന്നപ്പോൾ സ്വന്തം ഭൂതകാലാനുഭവങ്ങൾ

മനസ്സിലേക്കോടിയെത്തി: 'ഞാനും ചെങ്ങന്നൂർ വെച്ച് ജോണിയേക്കാൾ വഷളായിരുന്നു. അവനേക്കാൾ മദ്യപിച്ചിരുന്നു. രാത്രിയിൽ അപ്പനേയും അമ്മയേയും ഒളിച്ച് നാടകത്തിന് പോയിട്ടുണ്ട്. എന്നോടു കരുണകാണിച്ച ദൈവം എന്റെ മോനോടും കരുണ കാണിക്കും.' പ്രാർത്ഥനയിലൂടെ സഹനശക്തി വർദ്ധിക്കുകയായിരുന്നു.

ഭാവിക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല.

ഭൂതകാലത്തെപ്പറ്റി പശ്ചാത്താപമില്ല.

വർത്തമാനകാലം ഒരു പ്രശ്നവുമല്ല.

പാമ്പാടി വിദ്യാലയത്തിൽനിന്നും പുറത്താക്കപ്പെട്ടതിൽ പിന്നെ ജോണിയുടെ ജീവിതശൈലിയിതായിരുന്നു.

ദാനിയേൽസാറിനെ തല്ലാൻ ചെന്ന ജോണിക്ക് പ്രധാനാദ്ധ്യാപകന്റെ സ്വഭാവസർട്ടിഫിക്കറ്റ് കിട്ടുകയില്ല. അതില്ലാതെ നെയ്യാറ്റിൻകര സ്കൂളിൽ ചേരാനുംപറ്റില്ല.

പഠിക്കാനുള്ള പ്രായവും കഴിഞ്ഞു. ഇരുപത്തൊന്നു വയസ്. പത്താം ക്ലാസ്സിലെ ഏറ്റവും പ്രായംകൂടിയ വിദ്യാർത്ഥിയായി കഴിയുക. തൈക്കിളവൻ ജോണിയെന്ന ഇരട്ടപ്പേരു കേൾക്കേണ്ടിവരിക.

'എന്തിനിതൊക്കെ?'....അവൻ ചിന്തിച്ചു.

നെയ്യാറ്റിൻകര കവലയിലെ തുണിവ്യാപാരി ഭാസ്കരമൂർത്തിയുടെ അനുജൻ നാഗപ്പാ അവധിക്കു വന്നപ്പോൾ ജോണിക്ക് ബോംബെയിൽ ജോലി വാങ്ങിക്കൊടുക്കാമെന്ന് പറയുകയുണ്ടായി.

നാഗപ്പാ ബോംബെയിൽ ചെന്ന് ജോണിയുടെ പേർക്ക് കത്തെഴുതി— ഉടനെ ചെന്നാൽ, അയാൾ ജോലിചെയ്യുന്ന മരുന്നു കമ്പനിയിൽതന്നെ ഉദ്യോഗം വാങ്ങിക്കൊടുക്കാമെന്ന്.

ഭാസ്കരമൂർത്തിയുടെയും നാഗപ്പായുടെയും ഔദാര്യം നാട്ടിൽ സംസാരവിഷയമായി. ഹൈന്ദവരുടെ ബഹുദൈവാരാധനയെ പരസ്യമായി വിമർശിക്കുന്ന മത്തായി ഉപദേശിയുടെ കുടുംബത്തെ സഹായിക്കാൻ പാടില്ല എന്നു കരുതിയ ചിലരായിരുന്നു ശബ്ദമുയർത്തിയത്.

പെന്തക്കോസ്തുകാരന്റെ മകനു ജോലി വാങ്ങിക്കൊടുത്തു സഹായിക്കുകയോ? സ്വന്തം മതത്തിലുള്ള അനേകർ തൊഴിൽ ഇല്ലാതെ വെറുതെ വീട്ടിൽ നിൽക്കുമ്പോൾ!

ഭാസ്കരമൂർത്തി ഇവരുടെ ശബ്ദം കേട്ട ഭാവം പോലും കാണിച്ചില്ല. മാത്രമല്ല, ജോണിക്കുവേണ്ടി ബോംബെയിൽ താമസസൗകര്യം കൂടി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം രണ്ടു കത്തുകൾ നാഗപ്പായുടെ പേരിൽ എഴുതി അയയ്ക്കുകയും ചെയ്തു.

സാറാമ്മ അയലത്തുനിന്ന് മുട്ടയും പാലും കടം വാങ്ങി ജോണി യെ ഒരാഴ്ച നന്നായി സല്ക്കരിച്ചു. ബോംബെയിലേക്ക് യാത്രയാകുന്ന ദിവസം അയലത്തുകാരും സഭാവിശ്വാസികളും വീട്ടിൽ തടിച്ചുകൂടി. യാത്രക്കൂലിക്കുവേണ്ടി കടം വാങ്ങിയ തുക മത്തായിച്ചൻ ജോണിയെ ഏല്പിച്ചു.

സാറാമ്മ ഒരു കടലാസുപൊതി നീട്ടി: 'മോനേ, ഇതു നിന്റെ കയ്യിലിരുന്നോട്ടെ. ഇരുപതു രൂപാ. ചെമ്പുപാത്രങ്ങൾ പണയംവെച്ചു കിട്ടിയതാ.'

'അമ്മച്ചീ, എന്റമ്മച്ചിയെ ഞാനൊരിക്കലും മറക്കത്തില്ല. ശമ്പളം കിട്ടിയാലുടനെ രൂപാ അയച്ചുതരാം.'

'രൂപാ ഒന്നും തരണ്ട. നീ നല്ലവനായി ജീവിച്ചാ മതി.'

ശേബായുടെ കീറിത്തയ്ച്ച പാവാടയിലേക്ക് ജോണി നോക്കി: ‘മോളെ, നിനക്കു ഞാൻ നല്ലരണ്ടു പാവാടയ്ക്കു രൂപാ അയയ്ക്കാം.’

അവളുടെ കണ്ണുനിറഞ്ഞു. മനസ്സ് സ്വപ്നങ്ങൾ നെയ്തെടുത്തു.

പെട്ടിയെടുത്തു വരാന്തയിൽവച്ചു. വന്നുകൂടിയവർ പ്രാർത്ഥനയ്ക്കായി വട്ടമിട്ടുനിന്നു. ദൈവത്തിന്റെ നന്മകളെ സ്മരിച്ചുകൊണ്ടവർ പാട്ടുപാടി.

എന്നോടുള്ള നിൻ സർവ്വ
നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ.

നിമിഷങ്ങൾക്കുള്ളിൽ പാട്ട് കരച്ചിലായി മാറി. ഗണേഷ് നാടാർ പ്രാർത്ഥിച്ചു.

തിരുവനന്തപുരം തീവണ്ടിയാപ്പീസിലെത്തി. യാത്രക്കാരുടെ ഒരു വലിയ കൂട്ടം. തമ്മിൽ പിരിയുന്നവർ കരഞ്ഞു. തമ്മിൽ കണ്ടുമുട്ടുന്നവർ ചിരിച്ചു.

മത്തായിച്ചൻ ജോണിയെ കെട്ടിപ്പിടിച്ചു ചുംബിച്ചു. ‘മോനെ, നീ ബോംബെച്ചെന്ന് പ്രാർത്ഥനാകൂട്ടങ്ങൾക്കു പോകണം. കേട്ടോ?’

കേട്ടെന്നോ കേട്ടില്ലെന്നോ അവൻ പറഞ്ഞില്ല.

നീണ്ട ചൂളംവിളി കേട്ടു. മണിനാദം മുഴങ്ങി. വണ്ടി ഇളകി. എന്തോ കൈമോശം വന്നതുപോലെ മത്തായിച്ചനും കുടുംബാംഗങ്ങൾക്കും തോന്നി.

നീങ്ങിത്തുടങ്ങിയ വണ്ടിയുടെ ജനാലയിലൂടെ തല വെളിയിലേക്കിട്ട് ജോണി യാത്ര പറഞ്ഞു.

തീവണ്ടിയുടെ വേഗം കൂടി.

മത്തായിച്ചന്റെ വേദന മുറുകി.

വണ്ടി മറയുവോളം അവർ നോക്കിനിന്നു.

ജോണി ആദ്യത്തെ ശമ്പളം സമ്പാദിച്ചു—ഒപ്പം നാഗപ്പായുടെ വിരോധവും.

നാഗപ്പായുടെ ഫ്ളാറ്റിൽതന്നെയാണ് ജോണി താമസിക്കുന്നത്. നാഗപ്പായുടെ മകൾ പതിനഞ്ചുകാരിയായ രാജാഭായിയെ, നോക്കാൻ പാടില്ലാത്ത വിധത്തിൽ ജോണിയൊന്നു നോക്കി. അവളുടെ കൈവശം ഒരു കത്തും ഏല്പിച്ചു. ഒരു പുരുഷൻ ഒരു സ്ത്രീയ്ക്ക് എഴുതാൻ പാടില്ലാത്ത വിവരങ്ങളായിരുന്നു അതിലെഴുതിയിരുന്നത്. ജോണി മദ്യപിച്ചിട്ടുണ്ടായിരുന്നു.

അടുത്ത നിമിഷം അവൾ പരാതിയുമായി പിതാവിനെ സമീപിച്ചു. നാഗപ്പാ ജോണിയെ വീട്ടിനു പുറത്താക്കി. മരുന്നുകമ്പനിയിലെ ജോലിയിൽനിന്നു പിരിച്ചുവിട്ടതിലെന്താണതിശയിക്കാനുള്ളത്!

ക്രിസ്മസ് അവധിക്കാലത്ത് മലയാളി കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ മാലപ്പടക്കവും നക്ഷത്രവിളക്കും അന്വേഷിച്ചു നടന്നു. ജോണിയപ്പോൾ ഉപജീവനത്തിനുവേണ്ടി ഒരു ജോലി അന്വേഷിച്ചു നടക്കുകയായിരുന്നു.

സാമാന്യം നല്ല ഒരു ജോലിയുമായിട്ടാണു പുതുവർഷം വന്നെത്തിയത്. പട്ടേൽ സോഡാ കമ്പനിയിൽനിന്നു കിട്ടിയ കത്തിലെ അവസാന വാചകം ജോണി ആവർത്തിച്ചു വായിച്ചു: ‘താങ്കൾ 1960 ജനുവരി ഇരുപതാം തീയതിയെങ്കിലും ജോലിയിൽ പ്രവേശിച്ചിരിക്കണം. അല്ലാത്തപക്ഷം വേറെ അപേക്ഷകരെ താങ്കളുടെ തസ്തികയിൽ നിയമിക്കുന്നതാണ്.’

ആ കല്പന പാലിക്കാൻ ജോണിക്കു പ്രയാസമുണ്ടായില്ല.

ശമ്പളം കിട്ടിയ ദിവസം വൈകിട്ട് ഗുജറാത്തി ചങ്ങാതികളോടുകൂടി ജോണി മദ്യഷാപ്പിലേക്കു തിരിച്ചു.

ആ മാസത്തെ ചെലവിനുള്ള പണം നീക്കിവച്ചു. മുറിവാടക കൊടുത്തു. പിന്നെ, നാട്ടിലേക്കയയ്ക്കാൻ പണം മിച്ചമില്ലായിരുന്നു.

വീട്ടിലേക്ക് ആഴ്ചയിലൊരെഴുത്തുവീതമയച്ചിരുന്നു. ക്രമേണ മാസത്തിലൊന്നായി.

എണ്ണം മാത്രമല്ല, വലിപ്പവും കുറഞ്ഞു.

ഒരു പേജ്.

അര പേജ്.

നാലഞ്ചു വരി.

ഒടുവിൽ കത്തെഴുതാനേ മനസ്സില്ലാതായി.

# ഇരുപത്തിനാല്

ശനിയാഴ്ച വൈകിട്ട് ജോണി നടക്കാനിറങ്ങി. മുക്കിലും മൂലയിലും അലഞ്ഞുതിരിഞ്ഞു. കാടു ശീലിച്ച കടുവായെപ്പോലെ.

കുണ്ടും കുഴിയും ഇടകലർന്ന റോഡുകൾ. പാർശ്വങ്ങളിൽ ഈച്ചയരിക്കുന്ന മത്സ്യങ്ങൾ വില്ക്കുന്നവർ. ഒരുവശത്ത് ബാബേൽകോട്ട പോലത്തെ മണിമന്ദിരങ്ങൾ ആലക്തികദീപങ്ങളിൽ മുങ്ങിക്കുളിച്ചുനിൽക്കുന്നു. മറുവശത്ത് മോവാബ്യകൂടാരങ്ങളെപ്പോലെയുള്ള ശോച്യമായ ചാളകൾ അരണ്ട വെളിച്ചത്തിലാണ്ടു കിടക്കുന്നു. പുരുഷാരത്തിന്റെയിടയിൽ ജഢികസുഖങ്ങൾ തേടിയലയുന്ന മനുഷ്യമൃഗങ്ങൾ. അവരെ ആംഗ്യം കാട്ടിയും കണ്ണിറുക്കിയും വിളിക്കുന്ന വേശ്യകൾ. മുട്ടയിലേ കൂവി മുളയിൽ കരിയുന്ന ചെറുപ്പക്കാർ അവരുടെ വലയിലകപ്പെടുന്നു.

ശൃംഗാരഗോപുരങ്ങളുടെ മുമ്പിൽ ചെറുപ്പക്കാരുടെ തള്ളാണ്. പാശ്ചാത്യനാഗരികതയുടെ ഉഷ്ണാഘാതമേറ്റുളവായ വിളർച്ചയും വാട്ടവും എവിടെയും ദൃശ്യമാണ്.

എവിടെ നോക്കിയാലും മലയാളികൾ! ചൂടുമാറാത്ത ബിരുദങ്ങളുമായി അവർ ഉദ്യോഗമോക്ഷം തെരയുന്നു.

പങ്കജ് ഹോട്ടലിന്റെ മുമ്പിൽവച്ച് മലയാളിയായ രമണിയെ കണ്ടപ്പോൾ ജോണി വിചാരിച്ചത് അവളും ഉദ്യോഗംതേടി വന്നതാണെന്നാണ്. കൂടുതൽ സംസാരിച്ചപ്പോൾ മനസ്സിലായി അവളൊരു വേശ്യയാണെന്ന്.

അവർ ഹോട്ടലിൽ കയറി.

ആദ്യം രണ്ടുപേരും ചായ കുടിച്ചുകൊണ്ടു സംസാരിച്ചു. പിന്നീട് ജോണി കുടിച്ചുകൊണ്ടും രമണി കുടിക്കാതെയും സംസാരിച്ചു. അതിനുശേഷം രമണി കുടിച്ചുകൊണ്ടും ജോണി കുടിക്കാതെയും. ഒടുവിൽ ഇരുവരും കുടിക്കാതെ സംസാരിച്ചു.

ചെറുപ്പക്കാരുടെ സംസാരത്തിന്റെ എല്ലാ ലക്ഷണങ്ങളും അവരുടെ വാക്കുകളിലും അംഗചലനങ്ങളിലുമുണ്ട്.

വെളിയിൽ വാഹനങ്ങളുടെ ഇരമ്പൽ; അകത്ത് യാത്രക്കാരുടെ കോലാഹലം, പാത്രങ്ങളുടെ കിലുക്കം—ഇത്രയും ശബ്ദങ്ങളുടെയിടയിൽ ജോണിയുടെയും രമണിയുടെയും സംസാരം ശ്രദ്ധിക്കുവാൻ ആരുണ്ട്!

പിറ്റേദിവസം വൈകിട്ട് രമണിയെകാണാൻ അവളുടെ വേശ്യാഗൃഹത്തിൽ ചെല്ലാം എന്ന വാഗ്ദാനത്തോടുകൂടി ജോണി യാത്ര പറഞ്ഞു.

ഏറെ ഇരുട്ടിയശേഷമാണ് ജോണി മുറിയിലെത്തിയത്. നഗരത്തിന്റെ തനിപ്പകർപ്പായിരുന്നു അവന്റെ താമസമുറി. ജനാലയോട് ചേർത്തുവച്ചിരുന്ന അലമാരകളിൽ നിറയെ മദ്യക്കുപ്പികൾ. പലതും കാലിയായി. ഭിത്തിയിൽ ഹിന്ദിസിനിമാനടികളുടെ അർദ്ധനഗ്നചിത്രങ്ങൾ. മേശയുടെ ഉള്ളറയിൽ ലൈംഗികമാസികകൾ.

ബോംബെ ജീവിതം പുറംതൊലിമുതൽ ഉൾക്കാമ്പുവരെ അവൻ ആസ്വദിക്കയാണ്. ഒരുപദേശിയുടെ വീട്ടിൽ കൂട്ടിലിട്ടു വളർത്തിയ അവൻ ഇന്ന് മഹാനഗരത്തിന്റെ മായാജാലപ്പരപ്പിൽ ആദ്യമായി ചിറകുമുറ്റിയ കഴുകനെപ്പോലെ വിഹരിക്കുന്നു.

അവനുറക്കം വന്നില്ല. ചിന്തിച്ചു ചിന്തിച്ചവൻ ഒന്നു ഞെട്ടി: 'ഓ— നാളെ ഞാൻ ആയുസ്സിലിതുവരെ അകപ്പെട്ടിട്ടില്ലാത്ത ഒരു തെറ്റിൽ അകപ്പെടുവാൻ പോകുന്നു. രമണിയെ കാണും. വ്യഭിചാരം എന്നെ കടന്നുപിടിക്കും.'

അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. 'വ്യഭിചാരം, വ്യഭിചാരം....മറ്റെല്ലാ പാപങ്ങളും ഞാൻ ചെയ്തുകഴിഞ്ഞു. ഇനീ നാളെ രാത്രി വ്യഭിചാരവും.'

ഇടമൺസഭയിൽവച്ച് സൺഡേസ്ക്കൂളിൽ പഠിച്ച വാക്യങ്ങൾ ഓർമ്മവന്നു.

കൊല ചെയ്യരുത്
വ്യഭിചാരം ചെയ്യരുത്
മോഷ്ടിക്കരുത്

അവൻ വീണ്ടും ഞെട്ടി. ഏഴാം കല്പന....വ്യഭിചാരം ചെയ്യരുത്....ഏഴാം കല്ലിൽ തട്ടിവീണാൽ പിന്നെ എഴുന്നേല്ക്കാനൊക്കുമോ?

കുറ്റബോധത്തിന്റെ ഉമിത്തീക്കുണ്ഡത്തിൽ ദേഹവും ദേഹിയും ആത്മാവും നീറിപ്പുകയുന്നു.

വീണ്ടും ജോണി അല്പം മദ്യം കഴിച്ചു. ഞരമ്പുകൾ വീണക്കമ്പിപോലെ വലിഞ്ഞുമുറുകി.

ജഡവും മനഃസാക്ഷിയും തമ്മിൽ നടന്ന ഘോരസമരം മനസ്സിലാകെ കുത്തലും പോറലുമേല്പിച്ചു.

രമണിയെ നാളെ രാത്രി കാണണം.
തീർച്ചയായും കാണണം
കണ്ണുള്ളപ്പോൾ കാണണം
പല്ലുള്ളപ്പോൾ ചിരിക്കണം
ചെറുപ്പത്തിൽ സുഖിക്കണം.
........അരുത്
കാണരുത്.
ജീവിതം സുഖിക്കാനുള്ളതല്ല.
........ഒരിക്കലുമല്ല.
പാപത്തിന്റെ ശമ്പളം മരണം.

മദ്യത്തിന്റെ പൈശാചികശക്തി മനഃസാക്ഷിയുടെ മൃദുലശാസനകളെ അമർത്തി.

ജഡം ജയിച്ചു!
മനഃസാക്ഷി തോറ്റു!

കൈവിരലുകൾക്കിടയിലിരുന്നു നീറിപ്പുകയുന്ന സിഗരട്ട് മുറിയിലാകെ

മൂടൽ ഉണ്ടാക്കി. മനസ്സിനു ചുറ്റും ഒരു പുകമറവന്നടുക്കുന്നതുപോലെ അവനു തോന്നി.

ഒരു വലിയ കുഴി. അതിനകം തീവണ്ടിയിലെ എൻജിൻമുറിക്കുള്ളിലെന്നപോലെ കല്ക്കരിയിൽ കത്തിയെരിയുന്നു. അട്ടയും പുഴുവും തീക്കട്ടയെ അരിക്കുന്നു. പണ്ടു കണ്ടിട്ടുള്ള ചിലർ അതിനുള്ളിൽ കിടന്ന് അല്പം തണുത്ത ജലത്തിനുവേണ്ടി കേഴുന്നു. പെട്ടെന്നാരോ തന്നെ ആ തീക്കുണ്ഡത്തിൽ തള്ളിയിട്ടു.

'അയ്യോ, നരകം.' ഞെട്ടിവിളിച്ചുകൊണ്ടാണ് ജോണി രാവിലെ കട്ടിലിൽ നിന്നും പിടഞ്ഞെഴുന്നേറ്റത്.

അതൊരു സ്വപ്നമാണെന്ന് മനസ്സിലാക്കിയപ്പോഴാണവന്റെ സംഭ്രമം നിലച്ചത്.

ഞായറാഴ്ച വൈകിട്ട് ജോണി ബസ് കയറി. ദാദറിൽ ഇറങ്ങി. ഗ്രാൻഡ്റോഡിലേക്കുള്ള സിറ്റി ബസ്സിൽ വീണ്ടും കയറി.

റോഡരികിലുള്ള വീടുകളിൽനിന്നും അട്ടഹാസങ്ങളും പുളപ്പു കലർന്ന സംസാരങ്ങളുമുയരുന്നുണ്ടായിരുന്നു. ശീർഷാസനം കുത്തി കിടക്കുന്ന രണ്ടു കാറുകളെ മറികടന്നുകൊണ്ട് ബസ്സു നീങ്ങി.

ജോണിയുടെ മനസ്സുനിറയെ തിലകക്കുറിയണിഞ്ഞു ചുണ്ടിൽ ചായം തേച്ച രമണിയാണ്. അരമനയിൽ ഉലാത്തിക്കൊണ്ടിരുന്ന ദാവീദുരാജാവിന്റെ ഹൃദയവേദിയിൽ ഒരു യുവസുന്ദരി നൃത്തം ചവിട്ടിയതുപോലെ.

നേരത്തേ, തന്നെ അസഹ്യപ്പെടുത്തിയ മനഃസാക്ഷിക്കുത്ത് വീണ്ടും മുള്ളുപോലെ വേദനയുളവാക്കിത്തുടങ്ങി.

അരുത്, വ്യഭിചാരം ഹീനമാണ്.

നീചമാണ്, ക്രൂരമാണ്.

ഹൃദയത്തിൽ ഒരു ശബ്ദം മുഴങ്ങി: 'രമണി നിന്റെ സ്വന്തം സഹോദരിയായിരുന്നെങ്കിൽ നീ ഈ വേഴ്ചയ്ക്കു പോകുമോ....?'

അവൻ ആശ്വസിച്ചു: 'രമണി എന്റെ സഹോദരിയല്ല. എന്റെ ജാതിക്കാരി പോലുമല്ല.'

വീണ്ടും ആ ശബ്ദം മുഴങ്ങി: 'അവൾ നിന്റെ സഹോദരിയല്ല. എങ്കിലും, അവൾ ആരുടെയെങ്കിലും സഹോദരിയാണ്. അവളെ സ്നേഹിക്കുന്ന ഒരു മാതാവും പിതാവും എവിടെയെങ്കിലും ഉണ്ട്. അവൾക്ക് ഒരു ഹാനിയും വരരുതേയെന്ന് പ്രാർത്ഥിക്കുന്ന അപ്പനും അമ്മയും....അവളെ തൊടരുത്.'

ജോണി വീണ്ടും ആശ്വസിച്ചു: 'അവളെ ആരു സ്നേഹിക്കും! വേശ്യപ്പെണ്ണിനെ!'

ഹൃദയത്തിൽ ആരോ മന്ത്രിച്ചു: 'നിന്റെ പിതാവ് മത്തായി ഉപദേശി വേശ്യകളേയും കുടിയന്മാരേയും മാനസാന്തരപ്പെടുത്തി ദൈവത്തിന്റെ പ്രിയ മക്കൾ ആക്കിയെടുക്കുന്ന മനുഷ്യനാണ്. വേശ്യകൾക്കും ആത്മാവുണ്ട്. സർവ്വലോകത്തേക്കാൾ വിലയുള്ള ആത്മാവ്....അവളെ തൊടരുത്.'

വൈകിട്ട് അകത്താക്കിയ മദ്യം സിരകളെ ചൂടുപിടിപ്പിച്ചു തുടങ്ങി. മനഃസാക്ഷി വീണ്ടും തോറ്റു.

ബസ്സ് ഗ്രാൻഡ്റോഡിന്റെ തെക്കേ കോണിൽ നിന്നു. വലത്തുവശത്ത്, നീലച്ചായം പൂശിയ ഒരു കെട്ടിടം ജോണിയുടെ ശ്രദ്ധയിൽപെട്ടു. അവിടെ രമണി തന്നെ പ്രതീക്ഷിച്ചിരിക്കുമെന്നാണ് തലേദിവസം വാഗ്ദാനം ചെയ്തത്....ഏഴാം കല്പനാലംഘനവും ജോണിയും തമ്മിൽ മിനിട്ടുകൾ മാത്രം അകലം.

പൈശാചികമായ ഏതോ ഒരു താളത്തിനു ചുവടൊപ്പിച്ച് അവന്റെ ദേഹ ദേഹികൾ ചലിച്ചു. ബസ്സിൽ നിന്നിറങ്ങി നേരെ വലത്തോട്ടു കാലു നീട്ടിവച്ചു.

റോഡരികിലുള്ളവർ അതിവേഗം വന്ന ഒരു കാർ പെട്ടെന്നു നിർത്തിയ ശബ്ദം കേട്ടു. ടയർ ഉരയുന്ന ശബ്ദം. തൊട്ടുപുറകേ വലിയൊരു ദീനരോദനവും.

വഴിയാത്രക്കാരും ഇരുവശങ്ങളിലുള്ള വീടുകളിൽ താമസിക്കുന്നവരും ഓടിക്കൂടി. കാറിന്റെ കീഴിൽ വരയനുടുപ്പും കറുത്ത പാന്റും ധരിച്ച ഒരു യുവാവ് രക്തത്തിൽ കുളിച്ചു കിടക്കുന്നതവർ കണ്ടു.

നീലച്ചായം പൂശിയ കെട്ടിടത്തിൽനിന്നും രമണി ഇറങ്ങിവന്നു. ആൾക്കൂട്ടത്തിനിടയിലൂടെ നോക്കി. തലേദിവസം പരിചയപ്പെട്ട ജോണി—അവൾ പ്രതീക്ഷിച്ചിരിക്കുന്ന ജോണി തന്നെയാണ് രക്തത്തിൽ കുളിച്ചു കിടക്കുന്നതെന്നു മനസ്സിലാക്കി.

രമണി തിരിഞ്ഞു പടികൾ കയറി മുറിയിലെത്തി. കതുക ഭദ്രമായി അടച്ചു. റേഡിയോ ഓൺ ചെയ്തു. ഗാനലഹരിയിൽ ലയിച്ചു.

കസ്തൂർബാ മെമ്മോറിയൽ ആശുപത്രിയിൽ മുറിവുകൾ കഴുകുന്ന മരുന്നുകളുടെ ഗന്ധം മൂക്കിൽ തട്ടിയപ്പോഴാണ് ജോണിക്കു ബോധം തെളിഞ്ഞത്.

മലയാളിയാണെന്നറിഞ്ഞപ്പോൾ മൂന്നാം വാർഡിൽ നിന്നും മലയാളി നേഴ്സ് അച്ചാമ്മ ഓടിയെത്തി വിവരങ്ങൾ ചോദിച്ചറിഞ്ഞു.

'ബോംബേൽ ബന്ധുമിത്രാദികളൊണ്ടോ?'

'ഇല്ല.'

'ആരുമില്ലേ?'

'ഇല്ല. ഒരുത്തരുമില്ല.'

ജോണി പറഞ്ഞതു ശരിയായിരുന്നു. തന്റെ വഴിപിഴച്ച ജീവിതം നാട്ടുകാരാരും അറിയരുതെന്നാഗ്രഹിച്ച അവൻ കഴിവതും മലയാളികളിൽ നിന്നൊഴിഞ്ഞുമാറിയാണ് കഴിഞ്ഞിരുന്നത്.

അച്ചാമ്മ നേഴ്സ് ജോണിയുടെ പിതാവിന്റെ പേരും നാടും വീടുമൊക്കെ ചോദിച്ചറിഞ്ഞു.

രക്തം വാർന്നുകൊണ്ടിരുന്നു. വേദനയും മുറുകിവന്നു. ജോണി വീണ്ടും ബോധരഹിതനായി.

പിന്നീടവൻ ഉണർന്നത് മൂന്നാം വാർഡിലെ ഒരു കിടക്കയിലായിരുന്നു. സമീപത്തു പരിചരിച്ചുകൊണ്ടു നിന്ന അച്ചാമ്മയോടാരാഞ്ഞു: 'ഡോക്ടർ എന്നെ പരിശോധിച്ചോ?'

'പരിശോധിച്ചു.'

'എന്തോ പറഞ്ഞു?'

'കാലൊടിഞ്ഞിട്ടുണ്ട്. കൈയ്ക്കു ചതവുമുണ്ട്. ആറേഴു മുറിവുകൾ. രണ്ടെണ്ണം വലിയ മുറിവുകളാണ്. നാലഞ്ചാഴ്ച ഇവിടെ കെടക്കണം. പിന്നെ രണ്ടുമാസം വീട്ടിൽ വിശ്രമിക്കണം.'

'ആരുമില്ലാത്ത ഞാനെങ്ങനാ ഇവിടെ നാലാഴ്ച കെടക്കുന്നത്? വീടും കൂടുമില്ലാത്ത ഞാനെങ്ങനെ രണ്ടു മാസം വിശ്രമിക്കും!'

'ജോണി, പേടിക്കേണ്ടാ. ഞാൻ വീട്ടിലേക്ക് കമ്പിസന്ദേശം കൊടുത്തിട്ടുണ്ട്. വീട്ടുകാരാരെങ്കിലും വരും.'

'അയ്യോ ചതിച്ചോ? എന്തിനാ എന്റെ വീട്ടിൽ അറിയിച്ചത്? ഇതിനാണോ എന്റെ പേരും വിലാസോം ചോദിച്ചത്?'

'അതേ, വീട്ടുകാരെ അറിയിക്കേണ്ടത് ആശുപത്രിയുടെ ചുമതലയാ. ബോംബേലാരും ഇല്ലെന്നല്ലേ പറഞ്ഞത്. രക്തംപുരണ്ട ശരീരം കണ്ടപ്പോൾ ഞങ്ങളോർത്തത് ജോണീടെ നില ഗുരുതരമാണെന്നാണ്. പിന്നെ ഡോക്ടർ വന്നു പരിശോധിച്ചപ്പഴാ അറിഞ്ഞത് ചങ്കിനും കരളിനും അകത്തെങ്ങും ഒരു കൊഴപ്പോം പറ്റിയില്ലെന്ന്.'

'ഭാഗ്യമായിപ്പോയി.'

'ജോണീ, ഭാഗ്യമല്ല, ഇതു ദൈവകരുണയാ. മുറിവ് നെഞ്ചിനോ തലയ്ക്കോ ആയിരുന്നെങ്കിൽ അന്നേരം ചത്തേനേ.'

ദൈവം എന്ന പദം മുഖത്ത് ഭാവഭേദങ്ങൾ വരുത്തി. മാസങ്ങൾക്കുശേഷമാണ് ആ പദം അവൻ കേൾക്കുന്നത്.

'എങ്കിലും വീട്ടിലേക്കു കമ്പിയടിക്കണ്ടായിരുന്നു.'

'അതെന്താ, വീട്ടിലറിഞ്ഞാലെന്താ കൊഴപ്പം?'

'അച്ചാമ്മ സിസ്റ്ററേ, ഞാനൊരു ദ്രോഹിയാ. ഈ ബോംബെ വന്നിട്ട് ഏഴെട്ടു മാസമായി. പത്തുപൈസാ വീട്ടിലേക്ക് അയച്ചു കൊടുത്തിട്ടില്ല. എന്റപ്പച്ചനൊരു കത്തയച്ചിട്ടു തന്നെ മാസങ്ങളായി.'

'എന്നാലും നിങ്ങൾ വീട്ടിലെ ഏക മകനല്ലേ?'

'ഞാൻ ഏക മുള്ളാണ്. എന്നെ അവർക്കാർക്കും വേണ്ടാ. ഞാൻ ചാവുന്നതായിരിക്കും വീട്ടുകാർക്കിഷ്ടം.'

മരുന്നു നൽകിയിട്ട് അച്ചാമ്മ നടന്നകന്നപ്പോൾ ജോണി അവരെ നന്നായിട്ടൊന്നു നോക്കി.

മുപ്പത്തഞ്ചു വയസ്സു തോന്നിക്കും. സിന്ദൂരവും പൊട്ടുമില്ലാത്ത മുഖം. ആഭരണങ്ങളില്ലാത്ത കഴുത്ത്. തിളങ്ങുന്ന കണ്ണുകൾ—പക്ഷെ കൺമഷിയില്ല. കണ്ടുമുട്ടുന്നവരിലേക്ക് കനലിൽനിന്നെടുത്ത കനകംപോലെ പ്രകാശം പ്രസരിപ്പിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമ.

നേരം വെളുത്തപ്പോൾ വീണ്ടും മരുന്നുമായി അച്ചാമ്മ വന്നു.

'ജോണീ, ഇന്ന് പ്ളാസ്റ്റർ ഇടും. ഒടിവ് കരിഞ്ഞോളും.'

'പഴുത്താലെന്തു ചെയ്യും?'

'പഴുക്കത്തില്ല. ഞാൻ പ്രാർത്ഥിക്കുന്നുണ്ട്; സ്തോത്രം.'

അവന്റെ മുഖമൊന്നു ചുളിഞ്ഞു. മാസങ്ങൾക്കുശേഷമാണ് പ്രാർത്ഥനയെന്ന വാക്കവൻ കേട്ടത്. തലേരാത്രിയിൽ സ്വന്തം മനസ്സിൽ പൊങ്ങിയ ചോദ്യമുന്നയിക്കാൻ അവസരം കിട്ടി.

'അച്ചാമ്മ സിസ്റ്റർ പെന്തക്കോസ്തുകാരിയാണോ?'

'അതെന്താ അങ്ങനെ ചോദിച്ചത്?'

'ചുമ്മാതെ ചോദിച്ചെന്നേ ഉള്ളൂ.'

'എന്നാലും—?'

'ദേഹത്ത് ആഭരണോം അലങ്കാരോമില്ല. എപ്പഴും സ്തോത്രമെന്നും പ്രാർത്ഥനയെന്നും പറേന്നു.'

'പെന്തക്കോസ്തു സഭേലല്ല ഞാൻ. എന്നാലും പെന്തക്കോസ്തനുഭവമുണ്ട്. ഞാൻ യാക്കോബാ—ഓർത്തഡോക്സ് സഭക്കാരിയാ. കഴിഞ്ഞയിടെ ദൈവമെന്നെ പരിശുദ്ധാത്മാവിനാൽ നിറച്ചു.'

'അന്യഭാഷ പറഞ്ഞോ?'

'പറഞ്ഞു.'

'ഇതെന്തവാ ഇപ്പറേന്നത്? യാക്കോബാക്കാർ പരിശുദ്ധാത്മാവിൽ നിറയുമോ! അന്യഭാഷ പറേമോ? തുള്ളുമോ?'

'ആത്മാവു വരുമ്പോൾ ചലിക്കാറുണ്ട്.'

'അത്ഭുതം അത്ഭുതം!'

'ജോണീ അത്ഭുതപ്പെടാനൊന്നുമില്ല. അന്ത്യകാലത്ത് സകല ജഡത്തിന്മേലും പരിശുദ്ധാത്മാവിനെ പകരുമെന്ന് യോവേൽ പ്രവാചകൻ അരുളിച്ചെയ്തിട്ടുണ്ട്. ഇവിടെ ആശുപത്രിയുടെ സമീപം ഒരു കെട്ടിടത്തിൽ വിവിധ സഭാവിഭാഗങ്ങളിലുള്ളവർ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കാറുണ്ട്. അക്കൂട്ടത്തിൽ യാക്കോബാക്കാരും പെന്തക്കോസ്തുകാരും മാർതോമാക്കാരും കത്തോലിക്കരുമുണ്ട്. പലരും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു.'

'കത്തോലിക്കരോ....വിശ്വസിക്കാൻ വയ്യ.'

'സത്യംതന്നെ. ദൈവം ഒരുണർവ്വ് അയച്ചിരിക്കുകയാണ്. യേശുക്രിസ്തുവിൽകൂടിയുള്ള രക്ഷയ്ക്കും പരിശുദ്ധാത്മാവിൽകൂടിയുള്ള ശുദ്ധീകരണത്തിനും ഞങ്ങൾ ദൃക്സാക്ഷികളാണ്. ഈ ആശുപത്രിയിൽ നാല്പതു നേഴ്സുകളുണ്ട്. ഏഴുപേര് മലയാളികളാ. മൂന്നുപേര് പരിശുദ്ധാത്മാവു പ്രാപിച്ചവരാ. എന്റെ ഭർത്താവ് ടാറ്റാകമ്പനിയിലെ ഒരുദ്യോഗസ്ഥനാ. ജോലിയോടുകൂടി അദ്ദേഹം സുവിശേഷവേലയും ചെയ്യുന്നു.'

'ഭർത്താവിനും പെന്തക്കോസ്തനുഭവമുണ്ടോ?'

'ഉണ്ട്. ഞങ്ങൾ നാട്ടിൽ അവധിക്കു പോയപ്പോൾ എല്ലാ സഭക്കാരും യോജിച്ചുള്ള ഐക്യ കൂട്ടായ്മകളിൽ സംബന്ധിച്ചു. യാക്കോബാ-കത്തോലിക്കാ-മാർതോമ്മാ സഭകളിലെ പ്രമാണികൾപോലും കണ്ണുനീരോടെ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിക്കുന്നതു കണ്ടു. വലിയ ഒരുണർവുണ്ടാകാൻ പോകുവാ. പെന്തക്കോസ്തു പ്രസ്ഥാനം വളരാൻ പോന്ന ലക്ഷണങ്ങളാ.'

'എന്റപ്പച്ചൻ നാട്ടിലിരുന്ന് സന്തോഷിച്ചു തുള്ളിച്ചാടുകയായിരിക്കും. പെന്തക്കോസ്തിന്റെ ഉണർവ് ഇന്ത്യയിലാകെ ആളിക്കത്തുവാൻ അപ്പച്ചൻ പ്രാർത്ഥിക്കുന്നത് ഞാൻ പലവട്ടം കേട്ടിട്ടുണ്ട്.'

'ജോണീടെ അപ്പച്ചൻ പെന്തക്കോസ്തുകാരനാണോ?'

'അതെ, പെന്തക്കോസ്തിലെ ഒരുപദേശിയാ. തെങ്ങുവിള മത്തായി ഉപദേശിയെന്നാ അറിയപ്പെടുന്നത്.'

'മകന്റെ അപകടവാർത്തയുള്ള കമ്പിസന്ദേശം കാണുമ്പോൾ അദ്ദേഹം ദുഃഖിച്ച് കരയുകയായിരിക്കും.'

ജോണി അല്പനേരം മൗനമവലംബിച്ചതിനുശേഷം ചോദിച്ചു: 'അച്ചാമ്മസിസ്റ്ററും തോമാച്ചായനും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചെന്നു പറഞ്ഞല്ലോ!'

'അതെ.'

'അന്യഭാഷ പറയുമ്പോൾ ഏതു ഭാഷയാണു പറയാറുള്ളത്?'

'ജോണീ, ഹൃദയം ദൈവവുമായി ഏകാഗ്രപ്പെടുമ്പോൾ നാവു ചലിക്കുന്നു. സന്തോഷത്തിന്റെ ഉച്ചാരണങ്ങൾ തീനാളംപോലെ നാവിൽ ഉയരുന്നു. അതു ഏതു ഭാഷയാണെന്നെനിക്കറിഞ്ഞുകൂടാ. അർത്ഥം തന്നെ എനിക്കറിഞ്ഞുകൂടാ. പക്ഷേ എന്റെ ഉള്ളം ദൈവ ത്തെ ആരാധിക്കുകയാണെന്നും ഹൃദയം ദൈവമുമ്പിൽ പകരുകയാണെന്നും എനിക്കറിയാം.'

'എന്റെ അപ്പച്ചൻ മണിക്കൂറുകളോളം രാത്രിയാമങ്ങളിൽ അന്യഭാ

ഷയിൽ പ്രാർത്ഥിക്കാറുണ്ട്.'

'പരിശുദ്ധാത്മാവ് ദൈവികദാനമാണ്. നമ്മുടെ നിർവ്വചനങ്ങളിലും വിശദീകരണങ്ങളിലും ഒതുക്കിനിർത്തി അതിനെ മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാറില്ല.'

'പെന്തക്കോസ്തനുഭവത്തിൽ വന്നപ്പോൾ നിങ്ങടെ പള്ളിക്കാർ എന്തു പറഞ്ഞു?'

'അനുകൂലികളും പ്രതികൂലികളും ഉണ്ട്. ഇപ്പോഴും ഞായറാഴ്ച രാവിലത്തെ പ്രധാന ആരാധന പരിശുദ്ധാത്മനിയന്ത്രണത്തിൽ നടത്തുവാനുള്ള സ്വാതന്ത്ര്യമില്ല. ബിംബങ്ങളുടെ സാന്നിദ്ധ്യത്തിലുള്ള പഴയ യാന്ത്രിക ആരാധന മാത്രം. എന്നാൽ വീടുകളിലുള്ള യോഗങ്ങൾ സ്വാതന്ത്ര്യമായി നടത്താൻ അനുവദിച്ചിട്ടുണ്ട്. ഞങ്ങളോടിത്രയും വിട്ടുവീഴ്ച കാണിക്കുന്നത് സത്യാരാധനയോടുള്ള മമതകൊണ്ടാണോ എന്നറിഞ്ഞുകൂടാ....ഏതായാലും സത്യാരാധനയും അനാചാരങ്ങളുംകൂടി ഒന്നിച്ചു ചേർത്ത് എത്രനാൾ കൊണ്ടു പോകാൻ സാധിക്കുമെന്നെനിക്കറിഞ്ഞുകൂടാ.'

'എന്റെ അപ്പച്ചൻ മാതൃസഭ വിട്ടയാളാ.'

'ഞങ്ങൾ തല്ക്കാലം മാതൃസഭയിൽ ഉറച്ചുനിന്ന് സഭയിൽ ഒരു ശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാ....സഭാനേതാക്കൾ അതിനു തടസ്സംനിന്നാൽ ഞങ്ങളും മാതൃസഭവിട്ട് പൂർണ്ണസുവിശേഷം ഉൾക്കൊള്ളുന്ന ഒരു സഭയുമായി യോജിക്കും....ഏതായാലും ആശയ്ക്കു വകനൽകുന്ന ഒത്തിരി വ്യത്യാസങ്ങൾ ഞങ്ങടെ സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കന്യമറിയത്തോടുള്ള പ്രാർത്ഥന കുറഞ്ഞുവരുന്നു. പുതിയതായി പണിയിക്കുന്ന പള്ളികളിൽ വിഗ്രഹങ്ങളുടെ എണ്ണവും കുറഞ്ഞുവരുന്നു. ഒരു വിധത്തിൽ, തിരുമേനിമാരും മറ്റു മേലദ്ധ്യക്ഷന്മാരും നൂറ്റാണ്ടുകളായി അബദ്ധത്തിലായിരുന്നുവെന്ന് സഭ പരോക്ഷമായി സമ്മതിച്ചു കഴിഞ്ഞിരിക്കയാണ്. ചില അബദ്ധങ്ങളൊക്കെ തിരുത്തിതുടങ്ങിയിരിക്കുന്നു.'

അടുത്ത മുറിയിലെ രോഗിയെ നോക്കാനിറങ്ങുന്നതിനുമുമ്പേ അച്ചാമ്മ ജോണിയുടെ നേരെ ഒരു പുസ്തകം നീട്ടി.

'എന്താണിത്?'

'ഒരു പാട്ടുപുസ്തകം.'

'എന്തിനാ എനിക്കു പാട്ടുപുസ്തകം? വല്ല പത്രമോ സിനിമാ മാസികയോ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു.'

'തനിയേ കിടക്കുവല്ല്യോ. പാടുമ്പോൾ കുറെ ആശ്വാസം കിട്ടും.'

'ഉപദേശിമാർക്കും ഉപദേശിനികൾക്കുമാ പാട്ടുപാടുമ്പം ആശ്വാസം കിട്ടുന്നത്. എന്നെപ്പോലൊള്ള ചെറുപ്പക്കാർക്ക് ഭക്തിഗാനങ്ങൾകൊണ്ടെന്തോ ഗുണം വരാനാ....ഇപ്പം കാലിൽ വിങ്ങിപ്പൊട്ടുന്ന വേദനയുള്ളപ്പഴാന്നോ പാട്ടു പാടുന്നത്?'

'വേദനയുള്ളപ്പം പാട്ടുപാടി ധ്യാനിച്ചാൽ ആശ്വാസം കിട്ടും.'

'ഓ—എനിക്കീ ഭക്തിപ്പാട്ടുകളൊന്നും ഇഷ്ടമല്ല.'

'ശ്ശൊ...ഉപദേശിയുടെ മകന് സ്തോത്രഗാനങ്ങൾ ഇഷ്ടമല്ലെന്നോ!'

'ഞാനല്ല ഉപദേശി. എന്റെ അപ്പനാ.'

'ഞാൻ ഒരു പാട്ടുപാടി പ്രാർത്ഥിച്ചോട്ടെ?'

'ഒരു വിരോധോമില്ല.'

ജോണിയിൽ ദൈവബോധത്തിന്റെയൊരു വിത്തു വിതയ്ക്കാനവസരം

കിട്ടിയിരിക്കയാണ്. അച്ചാമ്മ ഒരാശ്വാസഗീതം അടക്കിയ സ്വരത്തിൽ പാടി:

കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായൊരു ശാശ്വത പാറ....

പാട്ടുകഴിഞ്ഞ് അവൾ ചുരുക്കമായി പ്രാർത്ഥിച്ചു.

അച്ചാമ്മ മുറി വിട്ടപ്പോൾ ജോണിയുടെ ചുണ്ടിൽ പരിഹാസത്തിന്റെ ചിരി വിടർന്നു.

'ഹും. ഒരു പാട്ടും പ്രാർത്ഥനയും! എന്റെ അപ്പനുപദേശിയും പെന്തക്കോസിലെ ഉപദേശിമാരെല്ലാരും കൂടി ശ്രമിച്ചിട്ട് എന്നെ മാനസാന്തരപ്പെടുത്തിയെടുക്കാനൊത്തില്ല. പിന്നാണോ ഈ സ്ത്രീ വിചാരിച്ചാൽ!'

♦ ♦ ♦

തിങ്കളാഴ്ച ഉച്ചയ്ക്ക് പോസ്റ്റുമാൻ 'സുവിശേഷധ്വനി' മാസികയുടെ പുതിയ ലക്കവുമായിട്ടാണ് വന്നത്. സഭാ വാർത്തകളുടെ പേജിലുള്ള ഒരു വാർത്ത മത്തായിച്ചന്റെ ശ്രദ്ധയെ ആകർഷിച്ചു.

'ഏപ്രിൽ മാസം 17 മുതൽ 22 വരെ വാര്യാപുരം ദൈവസഭയിൽ കൺവെൻഷൻയോഗങ്ങൾ നടന്നു. സുപ്രസിദ്ധ ഉണർവ്വുപ്രാസംഗികനായ പാസ്റ്റർ പി.റ്റി. സോളമൻ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗഫലമായി പഞ്ചായത്തു പ്രസിഡന്റായ മുളമൂട്ടിൽ ജോൺസാർ മാനസാന്തരപ്പെട്ടു. ജില്ലാ പാസ്റ്റർ പോൾ മാത്യൂസിന്റെ കൈക്കീഴിൽ ജോൺസാർ സ്നാനം സ്വീകരിച്ചു.'

അതേ ലക്കത്തിൽ തന്നെ മുളമൂട്ടിൽ ജോൺസാറിന്റെ ഒരു അനുഭവ സാക്ഷ്യലേഖനവും ഫോട്ടോ സഹിതം അച്ചടിച്ചിരിക്കുന്നു. മാനസാന്തരത്തിലേക്കു നയിച്ച വഴികളെ ജോൺസാർ അയവിറക്കുകയാണ് ലേഖനത്തിന്റെ മൂന്നാം ഖണ്ഡികയിൽ.

'ഇരുപത്തിയെട്ടു വർഷംമുമ്പ് അന്ന് വാര്യാപുരം സഭയിലെ ഉപദേശിയായിരുന്ന പാസ്റ്റർ തെങ്ങുവിള മത്തായിച്ചൻ സാധുകൊച്ചുകുഞ്ഞുപദേശി എഴുതിയ 'രക്ഷാസന്ദേശം' എന്ന ചെറുഗ്രന്ഥം എനിക്കു തന്നു. അതു വായിച്ചപ്പോഴാണ് ദൈവവചനത്തിന്റെ ഒരു ചെറിയ വിത്ത് ആദ്യമായി എന്റെ ഹൃദയത്തിൽ വീണത്. എന്നാൽ ആ പുസ്തകത്തിലെ സന്ദേശം സ്വീകരിക്കുവാൻ അന്നു ഞാൻ തയ്യാറായില്ല. പിന്നീട് പല ഉപദേശിമാരും എന്റെ ഭവനത്തിൽ വന്ന് സദുപദേശങ്ങളുടെ വിത്തുകൾ എന്റെ ഹൃദയത്തിൽ വിതച്ചിട്ടുണ്ട്. എങ്കിലും എന്റെ ഹൃദയത്തെ ദൈവത്തിനു തുറന്നുകൊടുത്തില്ല. എന്നാൽ കഴിഞ്ഞമാസം പാസ്റ്റർ പി.റ്റി. സോളമന്റെ പ്രസംഗം എന്നെ ശക്തമായി സ്പർശിച്ചു. എന്റെ ഹൃദയത്തിൽ കാലാകാലങ്ങളിലായി വീണുകൊണ്ടിരുന്ന വിത്തുകൾ പെട്ടെന്നു പൊട്ടിമുളച്ചു. ഞാൻ പൂർണ്ണമായി എന്റെ ജീവിതത്തെ ദൈവത്തിനുവേണ്ടി സമർപ്പിച്ചു. എന്നിൽ ദൈവവചനത്തിന്റെ വിത്തുകൾ വിതച്ച എല്ലാവർക്കും നന്ദി.'

ജോൺസാറിന്റെ ലേഖനം വായിച്ചുകൊണ്ടിരുന്നപ്പോൾ ക്രൈസ്തവ ഗ്രന്ഥങ്ങൾക്ക് വ്യക്തികളിലുള്ള വലിയ സ്വാധീനത്തെപ്പറ്റി മത്തായിച്ചൻ ചിന്തിച്ചുകൊണ്ടിരുന്നു.

'മാസികകൾ കൺവെൻഷൻ പ്രഭാഷകർക്കും ജില്ലാ പാസ്റ്റർമാർക്കുമാണ് അംഗീകാരവും പ്രശംസയും നൽകുന്നത്. എന്നാൽ സ്വർഗ്ഗരാജ്യത്തിൽ ചെല്ലുമ്പോൾ ഒരു വ്യക്തി സത്യവിശ്വാസിയാകുന്നതിനു പിന്നിൽ

പ്രവർത്തിച്ച, പ്രാർത്ഥിച്ച എല്ലാ വ്യക്തികൾക്കും അതിന്റെ പിന്നിലുള്ള പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ പ്രയത്നങ്ങൾക്കും അംഗീകാരം കിട്ടും. പ്രതിഫലം കിട്ടും.' മത്തായിച്ചൻ ആശ്വസിച്ചു.

വൈകിട്ട് അഞ്ചുമണി. ഗണേഷ് നാടാർ ഏല്പിച്ച ഒരു പഴഞ്ചൻ വേദ പുസ്തകം ബയന്റു ചെയ്യുകയാണ് മത്തായിച്ചൻ.

പഴയതുപോലെ ശരീരം കൊണ്ടദ്ധ്വാനിക്കാൻ കഴിവില്ല. ഏറെനേരം ഒരിടത്തിരുന്നാൽ വല്ലാത്ത തലചുറ്റൽ തോന്നാറുണ്ട്. കൈകൊണ്ടു കുറേ നേരം ജോലിചെയ്താൽ നെഞ്ചിനകത്തു കടുത്ത വേദനയും. നെയ്യാറ്റിൻകര വന്നതുമുതലുള്ള ആഹാരക്കുറവ് മത്തായിച്ചന്റെയും കുടുംബത്തിന്റെയും ശരീരത്തിൽ പ്രതിഫലിച്ചിരുന്നു.

വേദപുസ്തകത്തിന്റെ ചുവട്ടിൽ ഓരോ നൂലു വലിക്കുമ്പോഴും ദൈവ ത്തിന്റെ കൃപകളെ ധ്യാനിച്ചുകൊണ്ടിരുന്നു.

മത്തായിച്ചന് പ്രത്യേക സന്തോഷമുള്ള അവസരമാണിത്. കുഞ്ഞമ്മ യുടെ വിവാഹം മൂന്നാലുമാസത്തിനകം നടക്കും. കോട്ടയം സ്വദേശിയും ഒരു പെന്തക്കോസ്തു യുവാവുമായ തമ്പാൻകുഞ്ഞ് സ്ത്രീധനം കൂടാതെ അവളെ വിവാഹം കഴിക്കാൻ സമ്മതം പ്രകടിപ്പിച്ചിരിക്കയാണ്. പാമ്പാടിയി ൽ താമസിക്കുന്ന കാലത്ത് മത്തായിച്ചന്റെ കുടുംബവും തമ്പാൻകുഞ്ഞിന്റെ കുടുംബവും അന്യോന്യം പരിചയപ്പെട്ടിരുന്നു. ശേബായ്ക്കും എസ്ഥേറിനും തമ്പാൻകുഞ്ഞ് ജോലിചെയ്യുന്ന കൈത്തറി വസ്ത്രനിർമ്മാണ കമ്പനിയിൽ ജോലി വാങ്ങിക്കൊടുക്കാമെന്നും അയാൾ പറഞ്ഞിട്ടുണ്ട്. ഓണാവധിക്ക് വിവാഹം നടക്കും.

മലബാറിൽ ഭർത്താവിനോടൊത്തു സുവിശേഷവേല ചെയ്യുന്ന മൂത്ത മകൾ റോസമ്മയ്ക്ക് ഒരാൺകുട്ടികൂടി ജനിച്ചിരിക്കുന്നു എന്ന വാർത്ത—ത നിക്കു രണ്ടു കൊച്ചുമക്കളുണ്ടെന്ന വസ്തുത—അദ്ദേഹത്തിനു കൂടുതൽ സന്തോഷത്തിനു വക നൽകി.

കുഞ്ഞമ്മയുടെ വിവാഹം താമസിച്ചത് അവൾ സുന്ദരിയല്ലാത്തതു കൊണ്ടും സ്ത്രീധനം കൊടുക്കാൻ മത്തായിച്ചനു പാങ്ങില്ലാത്തതുകൊ ണ്ടുമാണെന്നാണ് നാട്ടുകാരുടെ അഭിപ്രായം. മത്തായിച്ചന്റെ അഭിപ്രായം അതല്ലായിരുന്നു. ദൈവഹിതം നടപ്പാക്കാൻ കാലതാമസം വന്നേക്കാമെന്ന ദ്ദേഹം വിശ്വസിച്ചു. മനുഷ്യന്റെ സമയമല്ല ദൈവത്തിന്റേത്. ദൈവം തക്കസ മയത്ത് കാര്യങ്ങൾ ക്രമീകരിക്കുന്നു. അബ്രഹാമിന് ആദ്യത്തെ സന്താനമു ണ്ടായത് ഭാര്യയ്ക്ക് തൊണ്ണൂറു വയസ്സുള്ളപ്പോഴായിരുന്നു. മനുഷ്യദൃഷ്ടി യിൽ അതു കാലതാമസമാണ്. ദൈവത്തിന്റെ പഞ്ചാംഗത്തിൽ തക്കസമ യം.

വേദപുസ്തകത്തിന്റെ ചുവട്ടിൽ പശപുരട്ടിത്തീർന്നപ്പോൾ മുറ്റത്തു കാലൊച്ച കേട്ടു.

'പട്ടി കടിക്കല്ലേ?'

'കയറി വന്നാലും, ഇവിടെ പട്ടിയില്ല.'

'ഇതു തെങ്ങുവിള മത്തായേടെ വീടാണോ?'

'അതേ.'

'ഒരു കമ്പിസന്ദേശമുണ്ട്.'

വിവരം വായിച്ചുതീർക്കാനുള്ള ശക്തി മത്തായിച്ചനില്ലായിരുന്നു.

സാറാമ്മയുടെ ശബ്ദം ഒരലർച്ചയായി: 'മോനേ, എന്റെ മോനേ;

ജോണീ!!'

നിൽക്കാൻ കഴിഞ്ഞില്ല. മത്തായിച്ചൻ സാറാമ്മയെ താങ്ങിപ്പിടിച്ച് വീടിനകത്തു കയറി.

കമ്പിസന്ദേശത്തിന്റെ മുകളിലത്തെ തീയതി ശ്രദ്ധിച്ചു.

1960 ജൂൺ 26 ഞായർ.

'ഇന്നലെ രാത്രീലാ കമ്പിയടിച്ചിരിക്കുന്നത്. ഞാനവനെ ഒന്നു ചെന്നു കാണട്ടെ.'

'ഞാനുംകൂടി വരാം.'

'നീ വന്നാലീ പെൺകുഞ്ഞുങ്ങളെ തനിച്ച് ഈ വീട്ടിലിട്ടിട്ടു പോകാനൊക്കുമോ?'

സാറാമ്മയുടെ കവിൾത്തടത്തിലൂടെ ചുടുനീരിന്റെ ഒരു ധാര താഴോട്ടൊഴുകി.

'എന്നാ ഞാനിവിടെ നിന്നോളാം. അച്ചായൻ പോയി കണ്ടാട്ടെ....യാത്രയ്ക്കു കാശൊണ്ടോ?'

തകരപ്പെട്ടിയും പോക്കറ്റും തപ്പി. എല്ലാംകൂടെ രണ്ടുരൂപ.

സാറാമ്മ ഏറ്റവും അടുത്ത സ്നേഹബന്ധമുള്ള മൂന്നാലു സഭാംഗങ്ങളുടെ വീടുകളിലേക്കു തിരിച്ചു. മടങ്ങിവന്നപ്പോൾ മത്തായിച്ചൻ ആകാംക്ഷാഭരിതനായി ചോദിച്ചു: 'വല്ലോം കിട്ടിയോ?'

'കൊറച്ചു കിട്ടി. പതിനഞ്ചുരൂപാ.'

'പതിനഞ്ചോ?'

'അതേ.'

സാധാരണക്കാരായ സഭാംഗങ്ങളിൽനിന്നും അതിലധികം പ്രതീക്ഷിക്കേണ്ടതില്ലെന്നു മത്തായിച്ചനറിയാമായിരുന്നു.

'ആട്ടെ. കിട്ടിയതാകട്ടെ....ബോംബേൽ പോയി വരാൻ യാത്രയും ഭക്ഷണവും എല്ലാം കൂടി പത്തിരുന്നൂറു രൂപയെങ്കിലുമാകും.'

'ഇനി ആരോടു ചോദിക്കാനാ?'

'ദൈവത്തോട്....മറ്റാരുണ്ട് നമുക്കീ അന്യനാട്ടിൽ?'

കിടക്കമുറിയിൽ പോയി പ്രാർത്ഥിച്ചതിനുശേഷം മത്തായിച്ചൻ അടുക്കളയിൽ വന്നു.

'സാറാമ്മേ, എനിക്കൊരു കാര്യം തോന്നുന്നു. നാളെ രാവിലെ യാത്ര തിരിക്കാം. ചെങ്ങന്നൂർ വഴി പോകാം. മുളക്കുഴ ദൈവസഭയുടെ മുഖ്യസ്ഥാനത്തു കേറി സഭയുടെ ഫണ്ടിൽ നിന്നും കൊറേ പണം അടിയന്തിര വായ്പയായി വാങ്ങാം. കൗൺസിൽ സെക്രട്ടറി തോട്ടുംകര വർഗീസിനെക്കണ്ടു ചോദിച്ചാ മതി. എന്നിട്ട് എറണാകുളംവഴി ബോംബേക്കു പോകാം.

'ശര്യാ. അദ്ദേഹം നല്ല മനുഷ്യനാ. സഹായിക്കും.'

അൽപ്പം കഴിഞ്ഞ് ജോണിയുടെ അപകടവിവരം അറിഞ്ഞ്, അയലത്തെ ദാമോദരൻ വീട്ടുമുറ്റത്തുവന്നു. റബ്ബർവ്യാപാരിയായ അദ്ദേഹം ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിന്റെ പ്രാദേശിക കൺവീനർ കൂടിയാണ്. ഇരുപതുരൂപയുടെ ഒരു നോട്ടു നീട്ടി: 'ഉപദേശിയുടെ കൈയിലിരിക്കട്ടെ. ദൂരെയാത്രയല്ലേ.' ദാമോദരന്റെ കണ്ണുതുളുമ്പിയിരുന്നു.

രണ്ടു മാസം മുമ്പ് മത്തായിച്ചൻ നെയ്യാറ്റിൻകരകവലയിൽ നടത്തിയ ഒരു സുവിശേഷപ്രസംഗം നാട്ടിലെ ഒരുകൂട്ടം ഹൈന്ദവരെ കുപിതരാക്കിയിരുന്നു. ബിംബാരാധനയ്ക്കെതിരെ മത്തായിച്ചൻ നടത്തിയ പരാമർശനങ്ങളാണ് റബ്ബർകടയിലിരുന്നു പ്രസംഗം ശ്രദ്ധിച്ച ദാമോദരനെ കൂടുതൽ ചൊടി

പ്പിച്ചത്: 'ഉപദേശി യേശുദേവന്റെ ഗുണങ്ങൾ എത്രവേണമെങ്കിലും പറഞ്ഞോളൂ. ഒരു വിരോധവുമില്ല. പക്ഷേ മറ്റു മതങ്ങളെ എന്തിനു വിമർശിക്കുന്നു. ഉപദേശിമാർക്കും നയം വേണ്ടേ? അന്യമതസ്ഥരെ മുറിപ്പെടുത്തരുതല്ലോ!'

ദാമോദരന്റെ ന്യായവാദത്തെ നിരസിച്ചുകൊണ്ടാണ് മത്തായിച്ചൻ അന്ന് മറുപടി പറഞ്ഞത്: 'മനഃപൂർവ്വം മുറിപ്പെടുത്തുകയല്ല. എന്നാൽ ശുദ്ധജലത്തിന്റെ ഗുണങ്ങൾ ആവർത്തിച്ചു നീട്ടി പറയുമ്പോൾ മലിനജലത്തിന്റെ ദോഷങ്ങൾ കൂടി പറയണ്ടായോ? കോൺഗ്രസുകാർ ഗാന്ധിജിയുടെ ഗുണങ്ങൾ എടുത്തുപറയുമ്പോൾ കാൾ മാർക്സിന്റെ തത്വങ്ങളുടെ ദോഷങ്ങൾ കൂടി വിശദീകരിച്ചുപറയാറുണ്ടല്ലോ! ശരിയും തെറ്റും വകതിരിച്ചുകാണിക്കണ്ടായോ? ജനത്തോടു സത്യമല്ലേ പറയേണ്ടത്? സർവ്വലോകത്തേക്കാൾ വിലയുള്ള മനുഷ്യന്റെ ആത്മാവിന്റെ കാര്യമല്ലേ വിഷയം! കാര്യങ്ങൾ മറച്ചുവച്ചു സംസാരിക്കാനൊക്കുമോ? മനുഷ്യരെ ചതിക്കരുതല്ലോ!'

മത്തായിച്ചന്റെ പ്രത്യുത്തരം ദാമോദരനു പിടിച്ചില്ല. പിന്നീടൊരിക്കൽ മത്തായിച്ചനെ വഴിയിൽവച്ചു കണ്ടപ്പോൾ ആ ദേഷ്യം ദാമോദരന്റെ മുഖത്ത് പ്രകടമായിരുന്നു. പഴയ ദേഷ്യം അവഗണിച്ചുകൊണ്ടാണ് ഇപ്പോൾ ദാമോദരൻ സ്നേഹത്തിന്റെ കരം നീട്ടിയിരിക്കുന്നത്.

മത്തായിച്ചൻ നന്ദിപൂർവ്വം ഇരുപതുരൂപയുടെ ആ പുത്തൻ നോട്ടു വാങ്ങി സാറാമ്മയുടെ കൈയിൽ കൊടുത്തു.

'ദാമോദരൻചേട്ടാ, നന്ദി.' സാറാമ്മയുടെ കണ്ണുകളും തുളുമ്പി.

# ഇരുപത്തിയഞ്ച്

**അ**ച്ചാമ്മ ഒരുപദേശിയാണ്. വായ്കൊണ്ടായിരുന്നില്ല അവളുടെ ഉപദേശവും പ്രസംഗവും....പകരം കൈകൾകൊണ്ട്! മരണവക്ത്രത്തിൽ പിടയുന്ന രോഗികളായിരുന്നു കേൾവിക്കാർ.

മരുന്നു കൊടുക്കുന്നു. മുറിവുകൾ കെട്ടുന്നു. ആഹാരം നൽകുന്നു. എല്ലാം ആ കൈകൾകൊണ്ട്.

തിങ്കളാഴ്ച അച്ചാമ്മ ജോണിയുടെ മുറിയിൽ വന്നപ്പോൾ കൂടെ ഭർത്താവ് തോമസുമുണ്ടായിരുന്നു. ജോണിക്കുവേണ്ടി ഉപഹാരമായി കൊണ്ടുവന്ന മധുരപലഹാരങ്ങൾ നീട്ടിക്കൊണ്ടാണ് അവർ സംസാരമാരംഭിച്ചത്.

തലേന്നു ജോണിയുടെ രക്തം പരിശോധിച്ചതിന്റെ വിവരമെഴുതിയ കുറിപ്പ് അച്ചാമ്മ കൈയിലുയർത്തിയപ്പോൾ ജോണി ആകാംക്ഷാഭരിതനായി.

'എന്താ അച്ചാമ്മ സിസ്റ്ററേ, ആ കടലാസ്?

'ഇതോ—ഇത് ഇരുപത്തിമൂന്നാം സങ്കീർത്തനം.'

'എന്ത്, സങ്കീർത്തനമോ?'

'അതെ, ഇടയസങ്കീർത്തനം.'

'എന്തിനാണിത്?'

'ജോണിയെ ഒന്നു വായിച്ചുകേൾപ്പിക്കാൻ.'

'ഓഹോ—ഞാനതു പണ്ടേ വായിച്ചിട്ടൊള്ളതാ. കുട്ടിക്കാലത്ത് കാണാപ്പാഠമായിരുന്നു.'

'ഇതല്പം വ്യത്യാസമുള്ളതാ.'

'എന്നാ വായിക്ക്. ഞാൻ കേട്ടോളാം.'

അച്ചാമ്മ ബാഗിൽനിന്നു മറ്റൊരു കടലാസെടുത്ത് തോമസിന്റെ കൈയിലേല്പിച്ചു: 'എനിക്കുപകരം തോമാച്ചായൻ വായിക്കും.'

'ആട്ടെ.'

തോമസ് തലക്കെട്ടു വായിച്ചു:

'കുടിയന്റെ ദുഷ്കീർത്തനം.'

'എന്താ തോമാച്ചായാ, ദുഷ്കീർത്തനമോ?'

'അതേ ജോണീ, കേൾക്ക്!'

തോമസ് വായന തുടങ്ങി:

'മദ്യം എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകും.

ഗട്ടറുള്ള റോഡിന്റെ നടുവിൽ മദ്യം എന്നെ കിടത്തുന്നു. വഴിയരികെയുള്ള കുണ്ടുകുഴികളിലേക്കെന്നെ വീഴ്ത്തുന്നു. മോട്ടോർവാഹനങ്ങളുടെ കീഴിൽ എന്നെ തള്ളിയിടുന്നു.

എന്റെ പ്രാണനെ മദ്യം ചൂടാക്കുന്നു. ലഹരിനിമിത്തം വക്രപാതകളിലേക്കു നടത്തുന്നു.

റോഡിൽക്കൂടി നടക്കുമ്പോൾ സകല അനർത്ഥവും ഞാൻ ഭയപ്പെടും. ഷാപ്പു നിറയെ എന്റെ ഉള്ളിൽ കിടക്കുന്നുവല്ലോ! പോലീസുകാരന്റെ ലാത്തിയും കോലും എന്നെ ആശ്വസിപ്പിക്കും.

എന്റെ ശത്രുക്കളുടെ മുമ്പിൽ മദ്യം എനിക്കു തല്ലും തൊഴിയും ഉണ്ടാക്കിത്തരുന്നു. എന്റെ തലയെ ശാപംകൊണ്ട് അഭിഷേകം ചെയ്യുന്നു. എന്റെ വീടും കലഹംകൊണ്ട് നിറഞ്ഞുകവിയുന്നു.

തിന്മയും ദുർഭാഷണവും ചക്രശ്വാസം വലിക്കുവോളം എന്നെ പിൻതുടരും. ഞാൻ കാരാഗൃഹത്തിന്റെ ഇരുമ്പഴികൾക്കുള്ളിലും ആശുപത്രി കിടക്കകളിലും ദീർഘകാലം വസിക്കും!'

ഇടംവലം നോക്കാതെ ജോണിയൊന്നു ചിരിച്ചു. ഉണങ്ങാൻ തുടങ്ങിയ മുറിവുകളുടെ വേദന വകവയ്ക്കാതെ.

അച്ചാമ്മ ചിരിച്ചില്ല.

'ആരാ തോമ്മാച്ചായാ ഈ കീർത്തനം എഴുതിയത്?'

'ഞാനും അച്ചാമ്മയും കൂടി എഴുതിയതാ.'

'എന്നെ കളിയാക്കാനെഴുതിയതാണോ?'

'അല്ല, ഗുണദോഷിക്കാനെഴുതിയതാ.... ജോണിയോടു ഞങ്ങൾക്കു ചില ഗുണദോഷങ്ങൾ പറയാനുണ്ട്.'

'എന്തോ വേണോങ്കിലും പറഞ്ഞോളൂ. ഞാനിപ്പം ആശുപത്രീലാണല്ലോ. പറേന്നതെല്ലാം കേട്ടല്ലാ ഒക്കുമോ....ഓടിപ്പോകാനെന്റെ കാലിനു സുഖോം ഇല്ല.'

അച്ചാമ്മ അല്പം മുമ്പ് ഉയർത്തിക്കാണിച്ച കടലാസ് തോമസ് കൈയിൽ വാങ്ങി.

'ജോണീ നോക്കൂ ഈ കടലാസിൽ. നിങ്ങളുടെ രക്തം പരിശോധിച്ച വിവരം രേഖപ്പെടുത്തിയ കടലാസാ ഇത്. കാറപകടംപറ്റിയ സമയത്ത് നിങ്ങടെ രക്തത്തിൽ മദ്യം വലിയ തോതിൽ കലർന്നിരുന്നു. മദ്യപാനമല്ലേ നിങ്ങളെ ഈ ദുരന്തത്തിലെത്തിച്ചത്?'

ജോണിയുടെ കണ്ണുകൾ തോമസിൽ പതിഞ്ഞു.

'ജോണീ, പൊന്നു സഹോദരാ, ഞാനും ഒരിക്കൽ ഒരു കുടിയനായിരു

ന്നു. കൃപയാൽ നേർവഴി തിരിഞ്ഞു. ഇപ്പോൾ യെഹോവ എന്റെ ഇടയനാണ്. താങ്കളുടെ ഇടയൻ ആരാ? മദ്യമോ ദൈവമോ?'

ജോണിയുടെ ദൃഷ്ടി മുറിയുടെ ഭിത്തിയിൽ പതിച്ചു.

'ജോണീ, താങ്കൾക്കുവേണ്ടി ഞങ്ങളൊന്നു പ്രാർത്ഥിക്കട്ടെയോ? വിരോധമുണ്ടോ?'

ജോണിയുടെ മൗനം സമ്മതമായിട്ടവർ കരുതി.

നാടും വീടുമില്ലാതെ കിടക്കുന്ന ഒരു യുവാവ്. സാത്താൻ കൊള്ളയടിച്ച ചെറുപ്പക്കാരൻ.

അവനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ തോമസിന്റെ പ്രാർത്ഥന കരച്ചിലായി മാറി.

വെളുപ്പിന് മരുന്നുകൊടുക്കാൻ അച്ചാമ്മ വന്നപ്പോൾ ജോണി ചോദിച്ചു: 'എങ്ങനെയാണ് അച്ചാമ്മ സിസ്റ്റർ വിശ്വാസിയായത്?'

ഏറെ നേരമായി പറയാനാഗ്രഹിച്ച ഒരു വാർത്ത അറിയിക്കാൻ ഒര പൂർവ്വാവസരം ലഭിച്ച ഭാവത്തിൽ അച്ചാമ്മ മാനസാന്തരാനുഭവത്തിന്റെ തുറയഴിച്ചു.

'ഞാൻ ബോംബെയിൽ വന്നിട്ട് പതിനഞ്ചു വർഷമായി. ഒരു വർഷം മുമ്പുവരെ ഞാൻ പള്ളീൽ പോകയോ ദൈവത്തെപ്പറ്റി ഗൗനിക്കുകയോ ചെയ്തിരുന്നില്ല. നീണ്ട വർഷങ്ങൾക്കുള്ളിൽ ഈ ആശുപത്രിയിൽ വച്ച് അനേക രോഗികളുടെ മരണ രംഗത്തിന് ഞാൻ ദൃക്സാക്ഷിയായിട്ടുണ്ട്. ആരോഗ്യമുള്ളവർ—ഇല്ലാത്തവർ, പ്രതാപശാലികൾ—സാധാരണക്കാർ, സൗന്ദര്യമുള്ളവർ—ഇല്ലാത്തവർ, വെളുത്തവർ—കറുത്തവർ, പണക്കാർ—നിർദ്ധനർ....എല്ലാ തുറകളിലുമുള്ള മനുഷ്യർ മരിക്കുന്നതു കണ്ടിട്ടുണ്ട്. മിക്കവരും മരണത്തെ ഭയന്നിരുന്നു.'

'അല്ലേലും മരിക്കാന്നേരത്തെല്ലാവർക്കും ഭയം വരും. ഇല്ലേ?'

'കേവലമൊരു ഭയമല്ലത്. മരണനിമിഷത്തിലവർക്കു പ്രത്യാശയോ പ്രതീക്ഷയോ ഇല്ലായിരുന്നു. മോഹഭംഗത്തിന്റെയും വ്യർത്ഥതാബോധത്തിന്റെയും കഥകളേ അവർക്കു പറയാനുണ്ടായിരുന്നുള്ളൂ.'

'മരണസമയത്തെന്തോ പ്രതീക്ഷിക്കാനാ?'

'ജോണീ, എല്ലാർക്കും ഭയവും സംഭ്രമവും ഇല്ലായിരുന്നു. ചുരുക്കം ചിലർ മരണത്തെ പ്രത്യാശയോടും പ്രതീക്ഷയോടുംകൂടി നേരിടുന്നതു ഞാൻ കണ്ടു. അവരെല്ലാം യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചവരും ദൈവത്തിലുറച്ചു വിശ്വസിച്ചവരുമായിരുന്നു. മരണശേഷം അവർ പറുദീസയിലെത്തുമെന്നും യേശുവിനെ മുഖാമുഖം കാണുമെന്നും അവരുടെ അന്ത്യവാക്കുകളിൽ സൂചനയുണ്ടായിരുന്നു.'

'ശര്യാ. എന്റെ വല്യമ്മച്ചി ഇടമണ്ണുവച്ച് മരിച്ചപ്പോൾ പറുദീസയുടെ കാര്യം പറഞ്ഞ് പ്രത്യാശയോടാണു മരിച്ചത്.'

'ചില ഹിന്ദുമതവിശ്വാസികൾ മരിക്കുന്ന രംഗവും ഞാൻ വീക്ഷിച്ചിട്ടുണ്ട്. അവരിൽ ചിലർ, അടുത്ത ജന്മത്തിൽ പുലിയായോ പാമ്പായോ തവളയായോ പുനർജനനം നടത്തുന്നതിനെപ്പറ്റിയോർത്ത് സംഭ്രമം പ്രകടിപ്പിച്ചിരുന്നു.'

ജോണി ഒന്നു ഞെട്ടി.

പറഞ്ഞതിന്റെ സാരം അച്ചാമ്മ വിശദീകരിച്ചു. 'ഇതിൽനിന്നും ശരിയായ പ്രത്യാശയും സമാധാനവും യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊ

ണ്ടുള്ള മരണത്തിൽ മാത്രമേ ഉള്ളൂ എന്ന് മനസ്സിലാക്കി. ഞാൻ വേദപുസ്തകത്തിലെ 'പുതിയനിയമ' ഭാഗങ്ങൾ വായിച്ചുതുടങ്ങി. പ്രത്യാശ നൽകുന്ന യേശുവിനുവേണ്ടി എന്നെത്തന്നെ സമർപ്പിച്ചു. തുടർന്ന് എന്റെ ഭർത്താവും ഒരു വിശ്വാസിയായി.'

അച്ചാമ്മ മുറിവിട്ടപ്പോൾ തലയിണ ഒന്നനക്കിവച്ചശേഷം ജോണി തന്റെ കഴിഞ്ഞകാല ജീവിതത്തിലേക്ക് ഒന്നു പിന്തിരിഞ്ഞുനോക്കി.

ഇടമണ്ണിൽവച്ച് രസിക്കാൻവേണ്ടി കുടിയൻ പാപ്പിയുടെ ചീത്തവർത്തമാനം വിളമ്പി—രസത്തിനുപകരം അദ്ധ്യാപകന്റെ നീരസമാണു കിട്ടിയത്.

തൂവയൂർവച്ച് ജലദോഷം മാറാൻ ബീഡിപ്പുക വലിച്ചാസ്വദിച്ചു—ജലദോഷം മാറിയില്ല. ബീഡിക്കറപിടിച്ച പല്ലും ചിറിയും കിട്ടി. ഇടയ്ക്കിടെ പരട്ടിച്ചുമയ്ക്കുന്ന തൊണ്ടയും.

ഉശിരിനുവേണ്ടി പറക്കോട്ടു പള്ളിക്കൂടത്തിൽ പഠിക്കുമ്പോൾ കേശവൻ ചാന്നാരുടെ തെങ്ങിൻകള്ളു കുടിച്ചു—ഉശിരു കിട്ടിയില്ല. രവീന്ദ്രന്റെ ശാപം കിട്ടി.

സ്വാതന്ത്ര്യത്തിനുവേണ്ടി ബോംബെയിൽ വന്നു—മദ്യത്തിന്റെ ചങ്ങലയിൽ ബന്ധിതനായതേയുള്ളൂ.

സുഖത്തിനുവേണ്ടി രമണി എന്ന വേശ്യയെ കാണാൻ പുറപ്പെട്ടു—കണ്ണു തുറന്നതാശുപത്രിയിൽ.

ആകപ്പാടെ ഒരു വ്യർത്ഥതാബോധം.

ആസ്വദിച്ചശേഷം മനുഷ്യനെ കരിമ്പിൻചണ്ടി പോലെ ചവറ്റുകുട്ടയിൽ വലിച്ചെറിയുന്ന ലോകം. ശമ്പളം കിട്ടുമ്പോളടുത്തുകൂടുന്ന ചങ്ങാതികൾ—ആവശ്യം വരുമ്പോളവരെ കാണാനില്ല. മോഹനസ്വപ്നങ്ങളുടെ അകമ്പടിയോടെ മുന്നേറുന്ന യുവാക്കൾ—പെട്ടെന്ന് മരണം അവരെ പതിയിരുന്നു പിടിക്കുന്നു.

വ്യർത്ഥത.

മോഹഭംഗം.

മായ.

സൂര്യനു കീഴെ സകലവും മായ.

ഈ വ്യർത്ഥലോകത്തിലും, പാപത്തിനു കീഴടങ്ങാതെ ജീവിക്കുന്ന ചുരുക്കം ചില വ്യക്തികളെപ്പറ്റി ജോണി സ്മരിച്ചു.

അവരിലൊരു വ്യക്തിയാണ് തന്നെ രണ്ടുദിവസമായി ശുശ്രൂഷിക്കുന്ന അച്ചാമ്മ നേഴ്സ്. മറ്റൊരാൾ അവരുടെ ഭർത്താവ് തോമസ്.

ഇനിയും ഒരാളുകൂടിയുണ്ട്—തന്നെ ഓമനിച്ചു വളർത്തിക്കൊണ്ടുവന്ന പിതാവ്—പാസ്റ്റർ തെങ്ങുവിള മത്തായിച്ചൻ.

ഏതു പ്രതിസന്ധിയിലും നല്ലബുദ്ധി വിടാതെ സമാധാനമായി ഇവർ ജീവിക്കുന്നു. ജീവിതത്തിന് അർത്ഥവും മാനവും നൽകുന്ന ഉരുക്കു മനുഷ്യർ!

വർഷങ്ങൾക്കുശേഷം തന്റെ പിതാവിനെ സ്നേഹബഹുമാനങ്ങളോടെ ജോണി സ്മരിച്ചു.

പ്രഭാതഭക്ഷണത്തിനുശേഷവും ജോണി ചിന്ത തുടർന്നു. നാട്ടിൽവച്ച് സ്വന്തം കുടുംബാംഗങ്ങളിൽനിന്നും ലഭിച്ചിട്ടുള്ളതുപോലെ, ഇപ്പോൾ നിസ്വാർത്ഥമായ സഹായം നൽകിക്കൊണ്ടിരിക്കുന്ന തോമസും അച്ചാമ്മയും

അവന്റെ ചിന്തയിൽ തെളിഞ്ഞുനിന്നു.

ജോലിത്തിരക്കിനിടയിലും തന്നെ വന്നുകണ്ടാശ്വസിപ്പിക്കുവാൻ സമയം വേർതിരിച്ച തോമസ്! വൈകുന്നേരം അയാൾക്ക് കൂട്ടുദ്യോഗസ്ഥരോടൊത്ത് സല്ലപിക്കുകയും ഉല്ലസിക്കുകയും ചെയ്യാമായിരുന്നു. എന്നാലദ്ദേഹം മരുന്നിന്റെ രൂക്ഷഗന്ധം വ്യാപിച്ച തന്റെ മുറിയിൽ ഒരു വേദപുസ്തകവുമായി വന്നു....മുൻപരിചയം പോലുമില്ലാത്ത ഒരു മദ്യപാനിയുടെ മുറിയിൽ. ഒരാശുപത്രിയുടെ വേദന നിറഞ്ഞ മുറികളിൽ നീണ്ട പന്ത്രണ്ടു മണിക്കൂർവീതം ചോര നീരാക്കി അദ്ധ്വാനിക്കുന്ന അച്ചാമ്മ. എങ്കിലും പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുന്നു. തന്റെ പിതാവും ഇവരെപ്പോലെ ത്യാഗിയും ഔദാര്യശീലനുമാണെന്ന വസ്തുത ജോണി സ്മരിച്ചു.

അതിഥികളെ സൽക്കരിച്ചശേഷം അത്താഴപ്പട്ടിണി കിടക്കുന്ന മത്തായി ഉപദേശി. സ്വന്തം വീട്ടിൽ ഞെരുങ്ങിക്കിടന്നപ്പോഴും ക്ഷയരോഗിയായ വാസു പിള്ളയ്ക്ക് കട്ടിലും ബഞ്ചും ദാനംചെയ്ത മത്തായിച്ചൻ. പാമ്പാടിയിൽ നല്ല ആദായമുള്ള ഇടയശുശ്രൂഷ ഉപേക്ഷിച്ച്, നെയ്യാറ്റിൻകരയിലെത്തി പട്ടിണിവരിച്ച സുവിശേഷകൻ....അന്നൊക്കെ പിതാവിന്റെ ഉദാരമനസ്ഥിതിയോട് ജോണിക്ക് വെറുപ്പായിരുന്നു.

ഇപ്പോൾ തോമസിന്റെയും അച്ചാമ്മയുടെയും നിസ്വാർത്ഥജീവിതം തന്റെ വ്രണിതഹൃദയത്തെ ആശ്വാസപ്രദമാക്കിയിരിക്കുന്നു. അവരിലൂടെ തന്റെ പിതാവിന്റെ ഹൃദയത്തിലേക്കവൻ ഒളിഞ്ഞുനോക്കി.

ത്യാഗോജ്ജ്വലമായ ആ ഹൃദയം, സ്നേഹസ്നിഗ്ദ്ധമായ ആ മനസ്സ് അനേക പാപികളെ തേജോപൂർണ്ണരാക്കിയിട്ടുണ്ട്. മത്തായിച്ചന്റെ പ്രകാശവലയത്താൽ അനുഗൃഹീതരായ കുടിയൻതൊമ്മനെയും ബലരാമനെയും ബാവാറാവുത്തരെയും ജോണി ഓർത്തു.

# ഇരുപത്തിയാറ്

**രാ**വിലെ പുറപ്പെട്ട മത്തായിച്ചൻ തിരുവനന്തപുരം—കൊട്ടാരക്കര വഴി പന്തളത്തെത്തിയപ്പോൾ മൂന്നുമണി കഴിഞ്ഞിരുന്നു.

പുതിയ മന്ത്രിസഭയുടെ സാരഥിയായ പട്ടം താണുപിള്ളയുടെ പ്രസംഗം കേൾക്കാൻ എൻ.എസ്.എസ്. കോളെജിന്റെ മുമ്പിൽ തടിച്ചു കൂടിയ പുരുഷാരം ബസ്സിൽ തള്ളിക്കയറി. പട്ടത്തിന്റെ അനുകൂലികളും പ്രതികൂലികളും ഒന്നിച്ചാണിടിച്ചു കയറിയത്.

കുളനട കവലയിൽ ബസ് നിർത്തിയപ്പോൾ നീണ്ട ഒരു ജാഥ മുദ്രാവാക്യങ്ങൾ മുഴക്കി വരുന്നതു ശ്രദ്ധിച്ചു:

യേശുക്രിസ്തു കീ ജെയ്! വീണ്ടെടുപ്പുകാരൻ കീ ജെയ്!

ഇങ്കിലാബ് സിന്ദാബാദ്! ആത്മീയ ഇങ്കിലാബ് സിന്ദാബാദ്!

ബസ് ഒരു ചായക്കടയുടെ മുമ്പിലേക്കു നീക്കിയിട്ടു. ഡ്രൈവറും കണ്ടക്ടറും ലഘുഭക്ഷണത്തിനു കയറി. മുദ്രാവാക്യങ്ങളുടെ പുതുമ യാത്രക്കാരുടെ കൗതുകമുണർത്തി:

വരുന്നൂ വരുന്നൂ ന്യായവിധി
ദൈവം തന്നെ രാജാവ്
ഹാജർ വിളിക്കും സമ്രാട്ട്

മുമ്പിൽ നില്ക്കും ജനലക്ഷങ്ങൾ....

ചായക്കടയോട് തൊട്ടുകിടക്കുന്ന പറമ്പിൽ ജാഥാംഗങ്ങൾ വട്ടംകൂടി നിൽക്കാൻ തുടങ്ങി. മീശവച്ചിട്ടില്ലാത്ത ഒരുകൂട്ടം പുരുഷന്മാരും ആഭരണങ്ങൾ അണിഞ്ഞിട്ടില്ലാത്ത കുറെ സ്ത്രീകളും വേദപുസ്തകങ്ങൾ കൈകളിലുയർത്തി:

ദൈവവചനം ചുറ്റികയാണേ
സത്യവചനം അരിവാളാണേ
അരിഞ്ഞുമുറിക്കും സാത്താനെ
നരകക്കുണ്ടിൽ ബന്ധിക്കും.

മീശമുളച്ചിട്ടില്ലാത്ത പത്തിരുപത് ആൺകുട്ടികൾ ഈരടികൾ ഏറ്റെടുത്തപ്പോൾ പച്ചപ്പാവാട ധരിച്ച കുറെ പെൺകുട്ടികളാണ് കൈവീശി പിന്താങ്ങിയത്:

മൈലാപ്പൂരിലെ കല്ലറയിൽ
തോമാശ്ലീഹാ ഉണ്ടെങ്കിൽ
കല്ലറയാണേ കട്ടായം
ഉത്ഥിതനാകും ഞങ്ങടെ തോമസ്
ലജ്ജിതരാകും കുന്തമെറിഞ്ഞോർ
അരിമത്ഥ്യായിലെ യോസേഫിന്റെ
ഒഴിഞ്ഞ കല്ലറ കട്ടായം. ഒഴിഞ്ഞ കല്ലറ കട്ടായം.

'ജാഥയിലെ ചെറുപ്പക്കാരെപ്പോലെ ക്രിസ്തുവിനുവേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും എന്റെ മകൻ ജോണിക്കു സാധിക്കുന്നില്ലല്ലോ'. ഓർത്തപ്പോൾ മത്തായിച്ചനു ശ്വാസം മുട്ടി.

കമ്മ്യൂണിസ്റ്റുപാർട്ടി ഉപേക്ഷിച്ച് സുവിശേഷകനായിത്തീർന്ന പി. വി. ആശാരി ഉപദേശിയാണ് ഉച്ചഭാഷിണിയിലൂടെ പിന്നീട് ഈരടികൾ ചൊല്ലിക്കൊടുത്തത്:

ഗോൽഗോഥായിലെ കുരിശിന്മേൽ
യേശു എന്നൊരു പൊൻസുതനെ
ആണിയടിച്ചു തകർത്തില്ലേ
രക്തം വാർന്നു മരിച്ചില്ലേ

ഡ്രൈവറും കണ്ടക്ടറും ലഘുഭക്ഷണത്തിനുശേഷം ബസിന്റെ സമീപത്തേക്ക് നീങ്ങി. ആശാരി ഉപദേശിയുടെ ശബ്ദം ഇരട്ടിച്ചു:

രക്തം പാടേ തള്ളുകയോ?
സുതനെ പാടേ തഴയുകയോ?
കാൽവറിയാണേ കട്ടായം
ഓരോ തുള്ളിച്ചോരയ്ക്കും
പകരം ദൈവം ചോദിക്കും. പകരം ദൈവം ചോദിക്കും.

പറമ്പിന്റെ കോണിലെ അരയാലിന്റെ ചുവട്ടിലേക്കു മാറിനിന്നുകൊണ്ടാണ് ബാക്കി ചൊല്ലിക്കൊടുത്തത്:

ഉള്ളു നുറുങ്ങി പ്രാർത്ഥിച്ചാൽ
ദൈവം നിന്നെ രക്ഷിക്കും....
കണ്ണുതുളുമ്പി വന്ദിച്ചാൽ
പുത്രൻ നിന്നെ കരകേറ്റും....
കൈകളുയർത്തി കീർത്തിച്ചാൽ
രക്തം നിന്നെ വിടുവിക്കും. രക്തം നിന്നെ വിടുവിക്കും....

കാത്തിരുന്നു പ്രാർത്ഥിച്ചാൽ
ആത്മാവുള്ളിൽ പ്രവഹിക്കും. ആത്മാവുള്ളിൽ പ്രവഹിക്കും.

ഈരടികൾ നിലച്ചപ്പോൾ കണ്ഠശുദ്ധി വരുത്തിക്കൊണ്ട് അദ്ദേഹം ഒരു വിജ്ഞാപനം നടത്തി: 'നാളെ മുതൽ കുളനട തോപ്പിൽ സാമുവൽ സാറിന്റെ ഭവനാങ്കണത്തിൽ തയ്യാറാക്കുന്ന പന്തലിൽവച്ച് സാത്താന്യഗോപുരങ്ങൾക്കെതിരെ വിജയം നേടാനായി അഞ്ചു ദിവസങ്ങളിലെ വിശുദ്ധനിരാഹാരസത്യാഗ്രഹം നടക്കുന്നു.' കാവ്യാത്മകശൈലിയിലാണ് അദ്ദേഹം അറിയിപ്പു തുടർന്നത്:

ജീവിതപ്രശ്നങ്ങളിലാണ്ടുലയുന്നവരേ
തോണി തുഴഞ്ഞുതളർന്നവരേ
ആത്മഹത്യയുടെ വക്കിലെത്തിയുഴലുന്നവരേ
അകത്തും പുറത്തും പീഡനമേറ്റവശരായവരേ
ഇടത്തും വലത്തും പഴുതു കാണാതലയുന്നവരേ....

നിങ്ങൾ ഏവരേയും അടുത്ത ദിവസങ്ങളിൽ നടക്കുന്ന ഉപവാസ പ്രാർത്ഥനായോഗങ്ങളിലേക്ക് ക്ഷണിക്കുന്നു. ദൈവം നിങ്ങൾക്കു വിടുതൽ നൽകും. വിജയം വരെ നിങ്ങൾക്കുവേണ്ടി സാത്താനെതിരെ പ്രാർത്ഥനാസമരം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്....

ആശാരി ഉപദേശി പരസ്യപ്രസംഗം ആരംഭിച്ചു. ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന ജലപ്രളയത്തെപ്പറ്റി.

'ദുഷ്ടന്മാരെ ശിക്ഷിക്കാനും നീതിമാന്മാരെ രക്ഷിക്കാനുമായി ലോകത്തിന്റെ മൊത്തം ആശാരിയായ ദൈവം, സർവ്വശക്തനായ ദൈവം, ഒരു പദ്ധതി തയ്യാറാക്കി തന്റെ ഭൃത്യനായ നോഹയെ അറിയിച്ചു. ശിക്ഷയ്ക്കായി ഒരു പ്രളയം. രക്ഷയ്ക്കായി ഒരു പെട്ടകം.'

ജനം കാതോർത്തു. കടകളിലിരുന്നവർ ശ്രദ്ധാലുക്കളായി. അദ്ദേഹം തുടർന്നു:

എന്റെ പിതാവിന്റെ പിതാവിന്റെ
മൂപ്പൻ പിതാവിന്റെ മുതുമൂപ്പൻ പിതാവിന്റെ
അപ്പൂപ്പന്റെ വല്യപ്പൂപ്പന്റെ വല്യവല്ല്യപ്പൂപ്പന്റെ
അച്ഛന്റെ വല്ല്യച്ഛൻെറ മുത്തച്ഛൻെറ മുതുമുത്തച്ഛന്റെ

പിതാവിന്റെ പിതാവിന്റെ പിതാവായ....ഒരു ആശാരിയെ ആണ് പെട്ടകം പണിയാനുള്ള ഉത്തരവാദിത്തം നോഹ ഏൽപ്പിച്ചത്.

കടകളിലിരുന്നവർ ചിരിച്ചു. ജാഥാംഗങ്ങൾ ഹല്ലേലുയ്യാ മുഴക്കി. മത്തായിച്ചൻ പരിസരം മറന്ന് ഒരു സ്തോത്രം പറഞ്ഞു. ബസ്സിലിരുന്നവർ മത്തായിച്ചനെ സൂക്ഷിച്ചൊന്നു നോക്കി.

അപ്പോഴേക്കും കണ്ടക്ടർ വിസിലടിച്ചുകഴിഞ്ഞിരുന്നു. ബസു നീങ്ങി. പഴയ നാടിന്റെ ഗന്ധം മത്തായിച്ചന് അനുഭവപ്പെട്ടു തുടങ്ങി.

ബസ് മുളക്കുഴ കവലയിൽ നിർത്തിയപ്പോൾ ചുറ്റുമൊന്നു കണ്ണോടിച്ചു. പഴയ ഓലപ്പുരകൾ മിക്കവയും ഓടുമേഞ്ഞവയായിരിക്കുന്നു. മൺഭിത്തികൾ മാറി കുമ്മായത്തിന്റെ വെള്ളനിറം അണിഞ്ഞു നില്ക്കുന്നു.

വാണംവിട്ടപോലെ സൈക്കിളിൽ കുതിക്കുന്ന ചെറുപ്പക്കാർ. താണ്ഡവതാളം മുഴക്കിയോടുന്ന മോട്ടോർ സൈക്കിളുകളുടെ പുറകേ കുരച്ചുകൊണ്ടോടുന്ന നായ്ക്കൾ.

ദേവസ്യായുടെ മാടക്കട നിന്ന സ്ഥാനത്ത് കരിങ്കല്ലുകെട്ടിയുയർത്തിയ

മനോഹരമായ ഒരു കെട്ടിടം. ദേവസ്യാ അതിലുണ്ടോ എന്നെത്തിനോക്കി. പ്രായമുള്ളവരെയാരെയും കണ്ടില്ല. എല്ലാരും ചെറുപ്പക്കാർ.

തൊട്ടടുത്തു നിന്നിരുന്ന വൃക്ഷങ്ങൾ ഇപ്പോഴുമവിടെയുണ്ട്. ആ കൂറ്റൻ വൃക്ഷങ്ങളും അവയോടു ചേർന്നുകാണുന്ന കയ്യാലയും പഴയ കാലത്തിന്റെ സ്മൃതിഭാണ്ഡങ്ങളും പേറി തല ഉയർത്തി നില്ക്കുന്നു.

അവിടെയിരുന്നു ചീട്ടുകളിച്ചിട്ടുണ്ട്.

നുണ പറഞ്ഞുപരത്തിയിട്ടുണ്ട്.

ഉപദേശിമാരെ ചീത്തവിളിച്ചിട്ടുണ്ട്.

എണ്ണപ്പാടങ്ങളുടെ രാജ്യങ്ങളിലേക്ക് എണ്ണമറ്റ സ്വപ്നങ്ങളുമായി ഇറങ്ങിത്തിരിച്ച മലയാളി യുവാക്കളുടെ പണവും പ്രൗഢിയും വിളിച്ചോതുന്ന കൂറ്റൻ വീടുകൾ റോഡിന്റെ ഇരുപാർശ്വങ്ങളിലും നിരന്നു നില്ക്കുന്നു. അവിടവിടെ വീടുകളുടെ മുമ്പിൽ കണ്ണാടിസാരിയും കലാസുഭഗതയോടെ മെനഞ്ഞെടുത്ത ആഭരണങ്ങളുമണിഞ്ഞ തരുണികൾ നില്ക്കുന്നതും ശ്രദ്ധിച്ചു. പേർഷ്യൻ പണത്തിന്റെ അഹങ്കാരം വദനത്തിലും വസ്ത്രത്തിലും വെട്ടിത്തിളങ്ങുന്നു.

പല വീടുകളുടെയും മുറ്റത്തു നാലുഭാഗത്തും ബലവത്തായ സിമന്റു ഭിത്തികളുയർത്തിയിരിക്കുന്നു. ഒരു വീട്ടുമുറ്റത്തു നിന്നാൽ മറ്റേ വീട്ടുമുറ്റത്തു നില്ക്കുന്നവരെ കാണാൻ വയ്യാത്തവിധം ഉയർന്ന ഭിത്തികൾ. പഴയ അയൽപക്കസ്നേഹത്തിന്റെ അടയാളങ്ങളെല്ലാം മാഞ്ഞുകഴിഞ്ഞു.

പിരളശ്ശേരി കവലയിലെത്തി. കണ്ടക്ടർ വിസിലടിച്ചു. നീണ്ട ഒരു ഞരക്കത്തോടെ ബസ് നിന്നു. തകരപ്പെട്ടി ഇടതുകൈയിലും കുട വലതുകൈയിലും തൂക്കിയിറങ്ങി മത്തായിച്ചൻ വടക്കോട്ടു നടന്നു.

കവലയിൽനിന്ന് അരമൈൽ പടിഞ്ഞാറോട്ടു നടന്നാൽ മത്തായിച്ചന്റെ മൂത്ത ഉപ്പാപ്പൻ വർക്കി മുതലാളിയുടെ വീട്ടിലെത്താം. വർക്കി മുതലാളി തെങ്ങുവിള തറവാട്ടിലെ ഏറ്റവും വലിയ പണക്കാരനാണ്. തീവണ്ടിയിലല്ല, വേണമെങ്കിൽ വിമാനത്തിൽ മത്തായിച്ചനെ ബോംബെയിലെത്തിക്കാൻ പണമുണ്ടയാൾക്ക്.

അവിടെക്കയറി ആവശ്യമറിയിച്ചാലെന്താ എന്നു പെട്ടെന്നു മത്തായിച്ചനു തോന്നി. മനസ്സ് വിലക്കി.

അനന്തരവൻ പെന്തക്കോസ്തു സഭയിൽ ചേർന്നതിന്റെ വിരോധം വർക്കിമുതലാളിക്ക് ഇപ്പോഴുമുണ്ട്. വീട്ടിൽ കാലുചവിട്ടാൻ അനുവദിച്ചില്ലെന്നിരിക്കും. പള്ളിയേയും പട്ടക്കാരേയും വിട്ട് പെന്തക്കോസ്തു സഭയിൽ ചേർന്നതിന്റെ ദൈവികശാപം എന്നെങ്കിലും മത്തായിച്ചനു കിട്ടുമെന്ന് ഒരിക്കൽ അയാൾ മത്തായിച്ചന്റെ മുഖത്തുനോക്കി പറഞ്ഞതാണ്. ചേച്ചമ്മയുടെ ശവം കാണാൻപോലും അയാൾ ഇടമണ്ണിൽ ചെന്നില്ല. 'നിന്റെ അമ്മ അന്യദേശത്തു കിടന്നു മരിക്കേണ്ടി വന്നത് നീ പെന്തക്കോസ്തിൽ ചേർന്നതിന്റെ ശാപമാണ്. ഇനിയും നിന്റെ ശാപം നീങ്ങത്തില്ല.' എന്നു പ്രവചിച്ചുകൊണ്ടാണ് അനുശോചനക്കത്ത് അയച്ചത്. കത്തിന് ഇങ്ങനെ ഒരു അടിക്കുറിപ്പും: 'ഞങ്ങടെ മാനം കെടുത്തിയ നീ....നിന്റെ അമ്മയ്ക്ക് കുടുംബക്കല്ലറ വിലക്കിയ നീ....ഇനീ ഈ നാട്ടിൽ കാലുകുത്തിയാൽ നിന്റെ മുട്ടു തല്ലിയൊടിക്കും. കുപ്പക്കുഴിയിലും പുറമ്പോക്കു ഭൂമിയിലുമാണോടാ തെങ്ങുവിള തറവാട്ടിലെ സ്ത്രീകളുടെ ശരീരം സംസ്ക്കരിക്കുന്നത്?'

ജോണിയുടെ അപകടം അയാൾ സന്തോഷത്തോടെ മാത്രമേ സ്വീക

രിക്കൂ. പ്രവചനം നിറവേറ്റപ്പെട്ടതിലുള്ള സന്തോഷം.

വീണ്ടും മത്തായിച്ചൻ വടക്കോട്ടു നടന്നു.

പലരും അപരിചിതനായ മത്തായിച്ചനെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു. ചിലർ കണ്ട ഭാവം നടിച്ചില്ല. പിച്ചവച്ചും തല്ലിക്കളിച്ചും നടന്ന ജന്മദേശത്ത് താനൊരപരിചിതനും പരദേശിയുമായിരിക്കുന്നു.

പാതവക്കത്തുകണ്ട ചെറുപ്പക്കാരനോടു ചോദിച്ചു: 'ചെറിയതുണ്ടിലെ ദേവസ്യാ സുഖമായിരിക്കുന്നുവോ?'

'ഏതു ദേവസ്യായാ?'

'മുളക്കുഴമുക്കിൽ മാടക്കടക്കച്ചവടം നടത്തിയിരുന്ന ദേവസ്യാ.'

'ഓ, അരിമ്പാറ ദേവസ്യായോ?'

'അതേ.'

'അങ്ങേരു ചത്തിട്ട് രണ്ടു വർഷമായി. ഇപ്പം അയാടെ മൂത്ത മകനാ കട നടത്തുന്നത്. പഴയ കടയൊക്കെ പൊളിച്ചു മാറ്റി. പുത്തൻ കടയാ....രണ്ടാമത്തെ മകൻ പേർഷ്യയിലാ. പണക്കാരാ.'

'എങ്ങനാ മരിച്ചത്?'

'അങ്ങേർക്കു പത്തറുപതു വയസുണ്ടായിരുന്നു. പിന്നെ കരളിന് രോഗം. ചാരായം കുടിച്ചു കരളു ദ്രവിച്ചുപോയെന്നാ ഡോക്ടർ പറഞ്ഞത്.'

ഇടിവാൾപോലെയാണ് ദേവസ്യായുടെ മരണവാർത്തയനുഭവപ്പെട്ടത്. അല്പനേരത്തേക്കു ജോണിയെ മറന്നു.

ദേവസ്യാ ഒരിക്കൽ മത്തായിച്ചന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു. അവർ ഒന്നിച്ചു പഠിച്ചു, കളിച്ചു, കുടിച്ചു, വഴക്കുണ്ടാക്കി. കുക്കുസായിപ്പിനെ അടിക്കാൻ പന്തലിലേക്കവരൊന്നിച്ചാണു പോയത്.

ആ രാത്രി മത്തായിച്ചൻ മാനസാന്തരപ്പെട്ടു.

ദേവസ്യാ പരിഹസിച്ചു.

പലവട്ടം ദേവസ്യായെ ആരാധനയ്ക്കു വിളിച്ചിട്ടുണ്ട്. കാർക്കിച്ചു തുപ്പായിരുന്നു മറുപടി.

അയാൾക്കും മാനസാന്തരപ്പെടാമായിരുന്നു!

തകരപ്പെട്ടി റോഡരികിൽ വച്ചിട്ട് കുട നിലത്തു കുത്തി ദീർഘനിശ്വാസം വിട്ടു. തന്റെ ഭൂതകാലത്തിന്റെ ബലത്ത ഒരു കണ്ണിയായിരുന്നു ദേവസ്യാ— ആ കണ്ണിയും അറ്റുപോയിരിക്കുന്നു.

'ദേവസ്യായേ, നീ എവിടെ? സ്വർഗ്ഗത്തിലോ നരകത്തിലോ?' ശബ്ദം അടക്കി ചോദിച്ചു.

'ഇത്ര വലിയ രക്ഷയെ നീ അഗണ്യമാക്കിയല്ലോ!' തകരപ്പെട്ടി വീണ്ടും കൈയിൽ തൂക്കിക്കൊണ്ട് മത്തായിച്ചൻ പറഞ്ഞു.

'ദൈവമേ നിന്റെ കരുണ മാത്രമാണെന്നെ രക്ഷിച്ചത്. ദേവസ്യായേക്കാൾ കൂടുതൽ എന്നിലൊരു നന്മയുമില്ലായിരുന്നു. എന്നാൽ ദൈവത്തിനുവേണ്ടി എന്റെ ഹൃദയം തുറന്നുകൊടുക്കുവാൻ ഞാൻ തയ്യാറായി. അതു മാത്രം! പാപങ്ങളെ ഏറ്റുപറയുന്നവനു കരുണ ലഭിക്കും.'

അടക്കിയ സ്വരത്തിൽ പാട്ടു പാടിക്കൊണ്ടാണ് മത്തായിച്ചൻ സീയോൻകുന്നിന്റെ അടിവാരത്തിലേക്കു നടന്നത്.

അന്നേ മരിച്ചുപോയെങ്കിൽ
എൻ ദൈവമേ ഞാൻ ചെന്നേ
വൻ നരകമതിൽ

തന്നു നിൻകൃപാദാനം
ഇന്നും ജീവിച്ചിടുവാൻ
നിന്നാത്മ ശക്തിയാലെ
എന്നും നടത്തിടേണം

പല്ലവി എടുത്തുപാടിയപ്പോൾ രണ്ടു കണ്ണുകളും ചുടുനീരിനാൽ തുളുമ്പി.

ലോകത്തിൻ മോഹങ്ങൾകൊണ്ടു
വിരഞ്ഞോടി ഞാൻ
സ്വർഗ്ഗഭാഗ്യങ്ങൾ വെടിഞ്ഞു
പാപിയായി ജീവിച്ചപ്പോൾ
പാതയ്ക്കു ദീപമില്ല
സ്വർഗ്ഗസന്തോഷമില്ല, നിത്യസ്നേഹിതരില്ല....

അടുത്ത അടി പാടിത്തുടങ്ങിയപ്പോഴേക്കും സീയോൻകുന്നിന്റെ അടിവാരം ദൂരെക്കണ്ടു.

ആർക്കും വർണ്ണിച്ചുകൂടാത്ത
സ്വർഗ്ഗസന്തോഷ
മാർഗ്ഗത്തിലാക്കിയല്ലോ നീ
മാറ്റം വരാതെയെന്നെ
കാക്കണം പൊന്നുനാഥാ
ഈ ലോകം വിട്ടു നിന്റെ
മേലോകം ചേരുവോളം....

ഗാനം തീർന്നപ്പോഴേക്കും സീയോൻകുന്നിന്റെ അടിവാരത്തിലെത്തി. കുക്കുസായിപ്പിന്റെ മണം ഏറ്റ മണ്ണാണത്. ഇന്നു കുക്കുസായിപ്പിന്റെ ശരീരം അമേരിക്കയിൽ തണുത്ത മണ്ണുനിറഞ്ഞ ഒരു ശവകുടീരത്തിൽ വിശ്രമിക്കുന്നു.

വിശന്നു പൊരിഞ്ഞ മത്തായിച്ചൻ ഒരു കൈകൊണ്ട് കുടയൂന്നി, മറ്റേ കൈയിൽ പെട്ടിതൂക്കി എം.സി.റോഡിൽ നിന്നും സീയോൻ കുന്നിലേക്കു നയിക്കുന്ന പടികൾ ഓരോന്നായി ചവിട്ടിക്കയറി.

ചെറിയ ചാറ്റൽമഴ. കൈയിൽ ഭാരമുണ്ടായിരുന്നതിനാൽ കുട നിവർത്തിയില്ല.

എത്രയോ ചരിത്രസംഭവങ്ങൾക്കു ദൃക്സാക്ഷിയായ പ്രദേശം. ഉണ്ണൂണ്ണിസാർ പാറക്കൂട്ടത്തിനിടയിലിരുന്നു പ്രാർത്ഥിച്ച സ്ഥലം.

പെട്ടിയുടെ ഭാരം മാത്രമല്ല പടികയറ്റം കൂടുതൽ ക്ലിഷ്ടമാക്കിയത്. ബോംബെയിൽ ആശുപത്രിയിൽ കിടക്കുന്ന ജോണിയുടെ ശരീരഭാരം മൊത്തം തന്റെ മനസ്സിൽ തൂങ്ങിക്കിടക്കുന്ന പ്രതീതി. വീണ്ടും ദൈവത്തെ ധ്യാനിച്ചപ്പോൾ ഭാരം ലഘുവായ അനുഭൂതിയുണ്ടായി.

'ജോണി മരിച്ചോ? അതോ ജീവിക്കുന്നോ?'

ഇല്ല അവൻ മരിച്ചിട്ടില്ല.
അല്ല മരിച്ചാലും ദൈവമറിയാതെ മരിക്കില്ല.
തലയിലെ രോമം പൊഴിയുന്നതുപോലും
ദൈവം അറിയുന്നു.

മയേഴ്സ് മദാമ്മയുടെ സ്മാരകമായി പണിയിച്ച മന്ദിരത്തിന്റെ മുമ്പിലെത്തിയപ്പോഴേക്കും നായെപ്പോലെ അണച്ചു. ചെറുപ്പകാലത്ത് അവിടെ പടികളില്ലായിരുന്നു. പച്ചപുതച്ച കുന്നായിരുന്നു. ഓടിക്കയറുകയും ചാടി ഇറങ്ങുകയും ചെയ്തിരുന്നു.

ഇപ്പോൾ വയസ്സനാണ്. രോഗിയാണ്. ശബരിമല പതിനെട്ടാംപടിയേക്കാൾ കഠിനമായ ആ പടികൾ കയറിത്തീർന്നപ്പോൾ നടുവിന്റെ കശേരു ഇളകിയപോലെ തോന്നി.

മന്ദിരത്തിനു മുമ്പിൽ നിന്നുകൊണ്ട് എം.സി.റോഡിലേക്കിറങ്ങിക്കിടക്കുന്നതും അല്പം മുമ്പ് അദ്ദേഹം പിന്നിട്ടതുമായ സിമന്റുപടികളിലേക്കു നോക്കി.

നൂറു പടികളെങ്കിലുമുണ്ട്. മത്തായിച്ചൻ ഇതിനകം ചവിട്ടിക്കടന്ന കഷ്ടതകളുടെ പ്രതീകമായി ആ പടികൾ താഴോട്ടു നീണ്ടുകിടക്കുന്നു.

'സ്തോത്രം കർത്താവേ, ഇത്രത്തോളം കൊണ്ടുവന്നു.' കഴിഞ്ഞകാല ജീവിതത്തെ ധ്യാനിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

മത്തായിച്ചന്റെ കുട്ടിക്കാലത്ത് ആ കുന്നിൻപുറങ്ങളുടെ ഉടമകൾ അയിരൂക്കുഴി കുടുംബാംഗങ്ങൾ ആയിരുന്നു. അവർ ആ പറമ്പുകൾ വിറ്റിട്ട് അടൂർ, മിത്രപുരം, ഏഴംകുളം, റാന്നി, പത്തനാപുരം എന്നീ ഗ്രാമങ്ങളിലേക്കു കുടിയേറിയ വസ്തുത അദ്ദേഹം ഓർത്തു.

ഒരു വശത്തുള്ള ഡോർമിറ്ററിയുടെ മനോഹരമായ ജനാലകർട്ടനുകൾ പൊക്കി ഒന്നുരണ്ടു ബൈബിൾ വിദ്യാർത്ഥികൾ, മുഷിഞ്ഞ ഒറ്റമുണ്ടു ധരിച്ച് തുരുമ്പുപിടിച്ച പെട്ടിയും ചുമന്നുവരുന്ന മത്തായിച്ചനെ പുച്ഛിച്ചുനോക്കി. അതിലേ ദിവസം പലവട്ടം ഭാണ്ഡക്കെട്ടുകളുമായി കയറിയിറങ്ങുന്ന ഭിക്ഷക്കാരും മത്തായിച്ചനും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനവർക്കു പ്രാപ്തിയില്ലായിരുന്നു.

അവർ ജനിക്കുന്നതിനു മുമ്പേ, അവരിപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വേദപുസ്തകസന്ദേശം മദ്ധ്യതിരുവിതാംകൂറിലും കിഴക്കൻ പ്രദേശത്തും വടക്കൻ ഗ്രാമങ്ങളിലും, ഒടുവിൽ തെക്കൻപ്രദേശത്തും വിതച്ച് ഫലംകൊയ്തെടുത്ത് ഇപ്പോൾ പ്രായാധിക്യത്തിലെത്തിയിരിക്കുന്ന ഒരു ധീരക്രൈസ്തവപടയാളിയാണീ കയറിവരുന്ന മനുഷ്യനെന്നവർക്കറിയില്ല. അറിഞ്ഞിരുന്നെങ്കിൽ പരിഹാസലിപ്തമായ നയനബാണങ്ങളയയ്ക്കുന്നതിനു പകരം ഓടിച്ചെന്ന് ഇരു കൈകളും നീട്ടി സ്വീകരിക്കുമായിരുന്നു.

കുക്കുസായിപ്പുണ്ടായിരുന്നെങ്കിൽ ദൂരെവെച്ചുതന്നെ ഓടിച്ചെന്ന് ആലിംഗനം ചെയ്ത് പെട്ടിയും കൈയിൽ വാങ്ങി മത്തായിച്ചനെ കൂട്ടിക്കൊണ്ടുപോകുമായിരുന്നു.

മത്തായിച്ചൻ ചുറ്റുമൊന്നു കണ്ണോടിച്ചു. പുത്തൻ കുപ്പായങ്ങളും പുതിയ ആവരണങ്ങളും! പഴയ സീയോൻ കുന്നല്ല. കുക്കുസായിപ്പിന്റെ കാലം കഴിഞ്ഞുപോയി.

മച്ചും മാളികയും ഉയർന്നുകഴിഞ്ഞു. പഴയ കരീലാഞ്ചിവള്ളികളില്ല. തേക്കിൻ വൃക്ഷങ്ങൾ മുറിച്ചു നീക്കിയിരിക്കുന്നു. ഉണക്കമുളകളുടെ അപസ്വരങ്ങളും പച്ചക്കുതിരകളുടെ ചിറകടിയും കേൾക്കാനില്ല. പകരം, കുന്നിന്റെ ഒരു വശത്തുള്ള പെരുംപോത്തൻ മുദ്രണയന്ത്രങ്ങളുടെ ചട്കട് ശബ്ദം ചെവിയിൽ പതിഞ്ഞു. പുതിയ സായിപ്പിന്റെ ബംഗ്ലാവിന്റെ മുമ്പിലെ കാറ്റാടിമരങ്ങൾ അടുത്തുനില്ക്കുന്ന തണൽമരങ്ങളുടെ ചെവിയിൽ കുശലമന്വേഷിക്കുന്ന ഹൂംകാരസ്വരവും ഓഫീസുകളിലെ റൈപ്പ്പുയന്ത്രങ്ങളുടെ ടിക്ടിക് ധ്വനിയും അന്തരീക്ഷത്തെ ശബ്ദായമാനമാക്കുന്നു.

മത്തായിച്ചൻ ബൈബിൾസ്കൂൾ ഓഫീസിലേക്കു നടന്നു. അവിടെ നിന്നിരുന്ന നാലഞ്ചു ബൈബിൾ വിദ്യാർത്ഥികൾ ഓടിവന്ന് മത്തായിച്ചനെ പരിചയപ്പെട്ടു. പെട്ടിവാങ്ങി നിലത്തുവച്ചു.

ചെറുപ്പക്കാരുടെ സ്നേഹമസൃണമായ സംസാരവും പെരുമാറ്റവും ശ്രദ്ധിച്ചപ്പോൾ മത്തായിച്ചന്റെ മനസ്സിൽ പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ ഭാവിയെപ്പറ്റി പ്രതീക്ഷകളുണർന്നു.

തന്റെ മകൻ ജോണിയും മരണത്തിൽനിന്നു രക്ഷപ്പെട്ട് അവരെപ്പോലെ ഒരു യുവസുവിശേഷകനായിത്തീർന്നെങ്കിൽ...? അദ്ദേഹം ആഗ്രഹിച്ചു.

ഓഫീസിലെത്തിയപ്പോൾ ബൈബിൾസ്ക്കൂൾ അദ്ധ്യാപകരായ എം.വി.ചാക്കോയും മാലക്കര തോമാച്ചനും ചേർന്ന് മത്തായിച്ചനെ ആദരപൂർവ്വം സ്വീകരിച്ചു.

'എന്തൊക്കെയുണ്ട് വിശേഷങ്ങൾ മത്തായുപദേശി?' എം.വി.ചാക്കോച്ചൻ ഹസ്തദാനം നൽകിക്കൊണ്ടാരാഞ്ഞു.

'ദൈവം നടത്തുന്നു.' വേദന സ്ഫുരിക്കുന്ന ഒരു ചിരി മത്തായിച്ചന്റെ മുഖത്തു വിരിഞ്ഞു.

'എനിക്ക് തോട്ടുംകര വർഗീസ്സാറിനെ ഒന്നു കാണണം'.

'അദ്ദേഹത്തിന്റെ ഓഫീസ് മുകളിലത്തെ കെട്ടിടത്തിലാ.'

മത്തായിച്ചൻ ഓഫീസിന്റെ മുമ്പിലെത്തി കതകിൽ മുട്ടി.

'കയറിവന്നാലും.'

കതകു തുറന്നു. വർഗീസ് സാർ കസേരയിൽനിന്നെഴുന്നേറ്റു. കെട്ടിപ്പിടിച്ചു ചുംബിച്ചു. തോളിൽ കൈകൊണ്ടുതട്ടി. കളങ്കമറ്റ സഹോദരസ്നേഹത്തിന്റെ തലോടലേറ്റപ്പോൾ മത്തായിച്ചനല്പം ആശ്വാസം തോന്നി. പെട്ടിയും കുടയും താഴെ വച്ചശേഷം കസേരയിലിരുന്നു. ബൈബിൾ അപ്പോഴും കൈയിലുണ്ടായിരുന്നു. വേദപുസ്തകമില്ലാതെ മത്തായിച്ചൻ ചന്തയിൽപ്പോലും പോയിട്ടില്ല. ആട്ടിടയന്റെ വടിപോലെ, പടയാളിയുടെ തോക്കുപോലെ, കറുത്തപുറംചട്ടയിട്ട ആ പുസ്തകം അദ്ദേഹത്തിന്റെ സന്തതസഹചാരിയാണ്.

തോട്ടുംകരവർഗീസ് മത്തായിച്ചനെ സൂക്ഷിച്ചൊന്നുനോക്കി. പഴയ മത്തായിച്ചനല്ല. മുമ്പുണ്ടായിരുന്ന പ്രസരിപ്പ് മുഖത്തില്ല. പ്രമേഹരോഗം ശരീരത്തെ ശോഷിപ്പിച്ചിരിക്കുന്നു. എല്ലുകൾ എഴുന്നു നില്ക്കുന്നു.

ദശാബ്ദങ്ങൾ യേശുവിനുവേണ്ടി ചോര നീരാക്കി അദ്ധ്വാനിച്ച മത്തായിച്ചൻ വാടിയ മുഖത്തോടെ, തുന്നിത്തയ്ച്ച ജുബ്ബായിട്ട്, മഴവെള്ളം തെറിച്ച ഒറ്റമുണ്ടും ധരിച്ച് ദൈവസഭയുടെ അഖിലേന്ത്യാസെക്രട്ടറിയുടെ റബ്ബർ കുഷ്യനിട്ട കസേരയിൽ പറ്റിപ്പിടിച്ചിരുന്നു.

'എന്തൊക്കെയാ മത്തായിച്ചാ വിശേഷങ്ങൾ?'

'ദൈവം നടത്തുന്നു.' അല്പം മുമ്പ് എം.വി.ചാക്കോച്ചനോടു പറഞ്ഞ മറുപടിയാണ് വീണ്ടും നൽകിയത്.

ചാറ്റമഴയുണ്ടെങ്കിലും ചെന്നിയിലൂടെയൊഴുകിയ വിയർപ്പ് വരയൻതൂവാലകൊണ്ട് തുടച്ചു. മനോദുഃഖത്തിന്റെ വിയർപ്പാണത്.

'എന്താ മത്തായിച്ചാ, പതിവില്ലാതെ ഇങ്ങോട്ട്?'

അതിനുത്തരം നൽകാനല്പം താമസിച്ചു.

ജീവിതത്തിലാദ്യമായാണ് സഭയുടെ ഒരു നേതാവിന്റെ മുമ്പിൽ ഭൗതികാവശ്യവുമായി മത്തായിച്ചൻ പോകുന്നത്. പണം കടം ചോദിക്കാൻ തന്റെ അഭിമാനം അനുവദിച്ചിരുന്നില്ല. വഴി പരിചയമില്ലാത്ത പഥികനെപ്പോലെ വാക്കുകൾ വായിൽ തപ്പിത്തടഞ്ഞു.

'സാറേ, ഒരത്യാവശ്യത്തിനു വന്നതാ. എന്റെ മകൻ ജോണി കാറുമുട്ടി ബോംബേലാശുപത്രിയിലാ. യാത്രക്കൂലി തികയുന്നില്ല. പത്തിരുന്നൂറു

രൂപാ കടം കിട്ടിയാൽ കൊള്ളാമായിരുന്നു.'

അദ്ദേഹം മത്തായിച്ചനെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. പണത്തിന്റെ ക്ഷാമം വേഷത്തിലും മുഖത്തും പ്രകടമായിരുന്നു.

ക്ഷമാപണസ്വരത്തിലാണദ്ദേഹം മറുപടി നൽകിയത്.

'മത്തായിച്ചാ, ഇപ്പോൾ പണ്ടത്തെപ്പോലെ വിദേശത്തുനിന്നും പണം വരുന്നില്ല. സഭാകാര്യങ്ങൾക്കുപോലും പണം തികയുന്നില്ല.'

'സാറേ, അടിയന്തിരാവശ്യമായിട്ടാ ബുദ്ധിമുട്ടിക്കാൻ വന്നത്.'

'പൊന്നുമത്തായിച്ചാ, വല്ലാത്ത പരുങ്ങലാ ഇവിടെ. കഴിഞ്ഞ ജനറൽ കൺവെൻഷൻ നടത്തിയ കടം തീർന്നിട്ടില്ല. കഴിഞ്ഞമാസം വിദേശത്തു നിന്നു വന്നുചേരേണ്ട പണം ഇതേവരെ വന്നിട്ടില്ല. ഇരുന്നൂറുരൂപ പോകട്ടെ, ഇരുപത്തഞ്ചു രൂപാ എടുക്കാൻ ഇവിടില്ല.'

മത്തായിച്ചൻ കസേരയിൽ പതുങ്ങി. ഹൃദയകവചങ്ങൾ ഭേദിച്ച് കരച്ചിൽ പൊട്ടാൻ പോകുന്നതുപോലെ തോന്നി. കണ്ണുകൾ നിറയാതിരിക്കാൻ സർവ്വശക്തിയും ഉപയോഗിക്കേണ്ടിവന്നു.

ഇരുവരും കണ്ണിൽ മാറിമാറി നോക്കി.

എന്തുചെയ്യാം! അദ്ദേഹം പറഞ്ഞതു സത്യംതന്നെയാണ്. പണമില്ലെങ്കിൽ എങ്ങനെ സഹായിക്കും!

ആനയ്ക്കു തടി ഭാരം. എറുമ്പിന് അരി ഭാരം. എല്ലാവർക്കും അവരവരുടേതായ പ്രശ്നങ്ങളുണ്ട്.

മത്തായിച്ചന്റെ കുഴിഞ്ഞ കണ്ണുകളിൽനിന്നും എന്തോ മൂകസ്വരങ്ങൾ തോട്ടുംകര വർഗീസ് വായിച്ചെടുക്കുന്നതുപോലെ തോന്നി. അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അദ്ദേഹം ചോദിച്ചു: 'മത്തായിച്ചാ, എന്നാ അപകടം പറ്റിയത്?'

'ഞായറാഴ്ച രാത്രീലാ കമ്പിസന്ദേശം അടിച്ചിരിക്കുന്നത്. എന്റെ കൈയിൽ കിട്ടിയതിന്നലെ വൈകിട്ടാ.'

'ജോണിയെ സഹായിക്കാൻ ബോംബെയിലാരെങ്കിലുമുണ്ടോ?'

'അവിടെയാരും ഇല്ല.'

'നമ്മുടെ സഭാവിശ്വാസികളില്ലേ?'

'അവൻ മാനസാന്തരപ്പെട്ടവനല്ല. സഭയുമായി ഒരു ബന്ധോമില്ല. അതോർക്കുമ്പോഴാ എനിയ്ക്കേറെ ദുഃഖം.'

കുറെനേരം മുഖത്തു കണ്ണുവെട്ടിക്കാതെ നോക്കിയശേഷം പറഞ്ഞു:' വാ മത്തായിച്ചാ, നമുക്കു വീട്ടിലേക്കു പോകാം. കാശു വല്ലതുമുണ്ടോന്നു നോക്കട്ടെ.'

അദ്ദേഹത്തിന്റെ വാക്കുകളിലുയർന്ന അനുകമ്പയുടെ സ്ഫുരണം അപേക്ഷകന്റെ മനസ്സിൽ പ്രതീക്ഷയുടെ തിരി കൊളുത്തി.

സീയോൻകുന്നിന്റെ അടിവാരത്തിലേക്ക് അവർ നടന്നു. പകുതി വഴിയായപ്പോൾ അദ്ദേഹം പെട്ടിവാങ്ങി മത്തായിച്ചന്റെ ഭാരം കുറച്ചു.

അകത്തെ മുറിയിൽ പോയി. ഭാര്യയുമായി അല്പസമയം സംസാരിച്ചു. ഒരു കടലാസുപൊതിയുമായി വന്നു: 'എല്ലാംകൂടി നൂറ്റിയമ്പതു രൂപയുണ്ട്. കൈയിലിരിക്കട്ടെ.'

ദുഃഖം ഉറഞ്ഞുകൂടിയ കണ്ണുകൾ തെല്ലൊന്നു വികസിച്ചു: 'സാറേ, ഒരിക്കലും മറക്കത്തില്ല ഈ ഉപകാരം. താമസിയാതെ പണം തിരികെ തന്നു വീട്ടാം.'

'മത്തായിച്ചാ...ഇതു കടമല്ല. സംഭാവനയായി കരുതിയാലും. എന്റെ

ഭാര്യ ഒരു പശുവിനെ വാങ്ങാൻ വെച്ചിരുന്ന കാശാ. സഭയുടെ പണമല്ല. അതുകൊണ്ട് മത്തായിച്ചനെടുത്തുകൊൾക.'

'സാറേ നന്ദി. ഒരിക്കലും മറക്കത്തില്ല.'

'മത്തായിച്ചാ, നിങ്ങൾ കുരുടർക്കു കണ്ണായിരുന്നു. മുടന്തർക്കു കാലായിരുന്നു. നിങ്ങളെ സഹായിക്കുക എന്റെ സന്തോഷമാണ്.'

തോട്ടുംകര വർഗീസ് മത്തായിച്ചന്റെ തലയിൽ കൈ വച്ചു. അല്പനേരം പ്രാർത്ഥിച്ചു.

വീണ്ടും നന്ദി പറഞ്ഞുകൊണ്ട് ചെങ്ങന്നൂർ തീവണ്ടിയാപ്പീസിലേക്കു തിരിച്ചു.

# ഇരുപത്തിയേഴ്

**വെ**ള്ളിയാഴ്ച ഉച്ച. വണ്ടി ബോംബെ നഗരത്തോടടുത്തു.

കഴിഞ്ഞ അറുപതു വർഷത്തെ ജീവിതയാത്രയും മൂന്നുദിവസത്തെ തീവണ്ടിയാത്രയും മത്തായിച്ചനെ ശാരീരികമായും മാനസികമായും തളർത്തിയിരിക്കുന്നു.

യാത്രയിലുടനീളം വേദപുസ്തകം വായിച്ചുകൊണ്ടിരുന്നു. വേദവാക്യങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ മഴക്കാറുകണ്ട മണ്ഡൂകത്തെപ്പോലെ മനസ്സു പ്രത്യാശയിൽ മുഴുകും. ജോണിയെപ്പറ്റിയുള്ള ചിന്താഭാരം അല്പം ലഘൂകരിക്കപ്പെടും. പൂനയിലെത്തിയപ്പോഴേ പുസ്തകം തുറന്നു വായിക്കാനാവാത്തവിധം തളർന്നിരുന്നു.

ആത്മാവ് ഒരുക്കമുള്ളത്.

ജഡമോ ബലഹീനം.

തീവണ്ടി ദാദർ സ്റ്റേഷനിൽ നിന്നു. മുഖത്തെ കല്ക്കരിപ്പൊടി തുടച്ചുകൊണ്ട് പെട്ടിയും ബൈബിളുമെടുത്തു വെളിയിലിറങ്ങി. താൻ സുഖമായി ബോംബെയിലെത്തിച്ചേർന്നെന്നു കാണിച്ച് തീവണ്ടിയാപ്പീസിലിരുന്ന് സാറാമ്മയ്ക്കെഴുതിയ കത്ത് തപാൽപെട്ടിയിലിട്ടു.

കൈയിൽ പെട്ടിയുടെ ഭാരം. മനസ്സിൽ ജോണിയുടെ ഭാരം. വയറ്റിൽമാത്രം ഭാരമില്ല. ആർക്കോണത്തുവച്ച് അപരിചിതമായ ഭക്ഷണം കഴിച്ച് ദഹനക്കേടു പിടിച്ച മത്തായിച്ചൻ പിന്നെ കട്ടിയായ ആഹാരമൊന്നും കഴിച്ചിട്ടില്ല.

പെട്ടിയെടുത്തു നടക്കാൻ ശക്തിയില്ലെന്നു വന്നപ്പോൾ അടുത്തുനിന്ന ബാലനെ വിളിച്ചു പെട്ടിയെടുപ്പിച്ചു റിക്ഷായിൽ വയ്പ്പിച്ചു. മിനിട്ടുകൾക്കുള്ളിൽ കസ്തൂർബാ മെമ്മോറിയൽ ആശുപത്രിയുടെ മുമ്പിൽ വന്നുനിന്നു. പെട്ടിയെടുക്കാനാരേയും കാണാഞ്ഞതിനാൽ, തനിയേ കൈയിൽ തൂക്കി ആശുപത്രിയുടെ പടികൾ കയറി. യേശു ഗോൽഗോഥാമല കയറിയതുപോലെ.

ഓഫീസിൽ കയറി ജോണിയുടെ മുറി അന്വേഷിച്ചറിഞ്ഞു.

പടി ചവിട്ടി രണ്ടു നിലകൾ കയറിയപ്പോൾ തീവണ്ടിയിൽവച്ച് പലവട്ടം തോന്നിയ നെഞ്ചുവേദന വീണ്ടുമനുഭവപ്പെട്ടു. വകവയ്ക്കാതെ എട്ടാം നമ്പർ മുറി തെരഞ്ഞു.

ഏഴെട്ടുമാസമായി കാണാതിരുന്ന ജോണിയുടെ മുഖം കാണാനുള്ള ആഗ്രഹം മുറുകി. ഹൃദയത്തിലെ പേശികളും മുറുകുന്നപോലെ തോന്നി.

എന്തോ വികാരങ്ങൾ മനസ്സിന്റെ കവചം ഭേദിച്ചു പുറത്തുവരാൻ വെമ്പി.

മുറിയുടെ മുമ്പിലെത്തി. കതകിനു മുട്ടിയില്ല. പ്രതീക്ഷിച്ചുനിന്നില്ല. കതകു തള്ളിത്തുറന്നു.

മേൽക്കൂരയിൽ കണ്ണുനട്ട്കിടന്ന ജോണി ഒന്നു ഞെട്ടി.

'മോനേ, മോനേ, ഇതു നീയാണോടാ? നിന്നെ കണ്ടിട്ടെത്ര നാളായെടാ. എന്റെ പൊന്നുമോനേ!' കരഞ്ഞു കൊണ്ട് കിടക്കയുടെയരികിലേക്കോടി. ചുംബിച്ചതിനു ശേഷമാണ് പെട്ടി താഴെ വച്ചത്.

'അപ്പച്ചാ, അപ്പച്ചാ,' ആ വിളിയിൽ സംഭ്രമമുണ്ടായിരുന്നു.

'മോനേ, മോനേ. നിന്റെ കാലൊടിഞ്ഞോടാ. എന്താ കാലു പൊതിഞ്ഞുകെട്ടി വെച്ചിരിക്കുന്നേ?' അറുപതുകാരന്റെ കണ്ണിൽനിന്നും കുടത്തിൽനിന്നെന്നപോലെ ചുടുനീർ ചാടി.

ജോണിയിൽ വികാരത്തിന്റെ അണക്കെട്ടു പൊട്ടി: 'അപ്പച്ചാ, ഇതെന്റപ്പച്ചനാണോ? എന്റമ്മച്ചിയെന്തിയേ?'

മറുപടി പറയാതെ മത്തായിച്ചൻ നെഞ്ചിൽ കൈവച്ചു. അല്പംമുമ്പു പടി കയറിയപ്പോൾ തോന്നിയ നെഞ്ചുവേദന കൂടുതൽ ശക്തമായി. നന്നായി വിയർത്തു.

ശക്തിയായി പുറകോട്ടു ചാഞ്ഞു. കസേരയിൽ തട്ടി നിലം പതിച്ചു. നിലത്തുകിടന്നു ശക്തിയായി ഛർദ്ദിച്ചു.

ജോണി ചാടിയെഴുന്നേൽക്കാൻ ശ്രമിച്ചു. കാലിനു വേദന തോന്നിയപ്പോഴാണ് കാലൊടിഞ്ഞതാണെന്നും പ്ലാസ്റ്ററിന്റെ ഭാരം തന്നെ കട്ടിലിൽ ബന്ധിച്ചിരിക്കയാണെന്നും ബോധമുണ്ടായത്.

ജോണി ഉറക്കെ വിളിച്ചു. പലവട്ടം വിളിച്ചു. നിർമ്മല നേഴ്സ് ഓടിയെത്തി. രണ്ടുമൂന്നുപേർ താങ്ങിപ്പിടിച്ച് മത്തായിച്ചനെ എമർജൻസി റൂമിലെത്തിച്ചു.

കൃത്രിമ ശ്വാസോച്ഛ്വാസം നൽകി. അടുത്ത മുറിയിലേക്കു മാറിനിന്ന ശേഷം ഡോക്ടർ ഗുപ്ത നിർമ്മലയോടു പറഞ്ഞു: 'ഇതു ഹൃദയാഘാതമാണ്.'

'ഗൗരവമാണോ?'

'രക്തധമനികൾ തകർന്നിരിക്കുന്നു.' കുഴലുവച്ച് അദ്ദേഹം ഹൃദയസ്പന്ദനം ശ്രദ്ധിച്ചിരുന്നു.

'രക്ഷയില്ലേ?'

'ഇല്ല. കൂടിവന്നാൽ ഒരാഴ്ച ജീവിക്കും. ഹൃദയസ്തംഭനത്തിലവസാനിക്കും.'

ആറുമണിക്ക് അച്ചാമ്മനേഴ്സ് വന്നപ്പോഴും നിർമ്മലയും ഡോക്ടർ ഗുപ്തയും മത്തായിച്ചന്റെ ഹൃദയത്തെ രക്ഷിക്കാൻ ശ്രമിക്കയാണ്. അച്ചാമ്മയിൽനിന്നും ജോണിയെപ്പറ്റി കൂടുതൽ വിവരങ്ങൾ ഡോക്ടർ ചോദിച്ചറിഞ്ഞു. ബോധം തെളിഞ്ഞപ്പോൾ മത്തായിച്ചനിൽനിന്ന് യാത്രാവിവരങ്ങളും ആരോഗ്യസ്ഥിതിയും ചോദിച്ചു മനസ്സിലാക്കി.

ഓഫീസിലെത്തിയപ്പോൾ അച്ചാമ്മനേഴ്സിനോടു ഡോക്ടർ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'ഇദ്ദേഹം വയസ്സനാ. അറുപതു വയസ്സുണ്ടെന്നാ പറഞ്ഞത്. ദേഹത്ത് പ്രമേഹത്തിന്റെ വ്രണം. കുറെക്കാലമായി ഇടയ്ക്കിടെ നെഞ്ചുവേദനയുണ്ടാകാറുണ്ടെന്നും പറഞ്ഞു. മൂന്നു ദിവസത്തെ തീവണ്ടി യാത്രയുടെ ക്ഷീണം. ഉറക്കമില്ലായ്മ. പരിചയമില്ലാത്ത ആഹാരം. ദഹ

നക്കേട്. വിശപ്പ്. ആയുസ്സിലാദ്യം വീടുവിട്ട് ദൂരേയ്ക്കുള്ള യാത്ര. ഭാര്യയേം കുഞ്ഞുങ്ങളേം തനിയേ ഇട്ടിട്ടുവന്നതിലുള്ള ചിന്താഭാരം. മകന്റെ അപകടത്തെപ്പറ്റിയുള്ള ആശങ്ക. ഭാരമുള്ള പെട്ടി വഹിച്ചുകൊണ്ടുള്ള പടികയറ്റം. പെട്ടെന്നു മകനെ കണ്ടപ്പോഴുണ്ടായ വികാരാധിക്യം. മകന്റെ ഒടിഞ്ഞ കാല് കണ്ടപ്പോഴുണ്ടായ അതിദുഃഖം—ഇതെല്ലാംകൂടി ചേർന്നപ്പോൾ ഹൃദയം തകർന്നു. ഒരു മനുഷ്യന്റെ ഹൃദയത്തിനിതെല്ലാംകൂടി ഒന്നിച്ചു സഹിക്കാനുള്ള കരുത്തില്ല.'

അച്ചാമ്മനേഴ്സ് ജോണിയുടെ മുറിയിലേക്കു നടന്നു. സംഭവിച്ചതൊക്കെ ചോദിച്ചറിഞ്ഞു. ദുഃഖത്തിന്റെ ആവരണമണിഞ്ഞ ശബ്ദത്തിൽ ആ വാർത്ത പറയാൻ തയ്യാറായി.

'ജോണീ പേടിക്കരുത്. പക്ഷേ സത്യം അറിയേണ്ടതാവശ്യമായതിനാൽ ഞാൻ പറയുകാ.'

അച്ചാമ്മ എന്താണു പറയാൻ പോകുന്നതെന്ന് ജോണി ഊഹിച്ചെടുത്തു.

'എന്താ അപ്പച്ചന്റെ നില ഗുരുതരമാണോ?'

'അതേ, ഹൃദയം തകർന്നിരിക്കുന്നു. രക്തവാഹിനികൾക്കു കേട്. ക്ലോട്ടിംഗുമുണ്ട്. എക്സ്റേ എടുത്തു. ഹൃദയം ക്രമാതീതമായി വികസിച്ചിട്ടുണ്ട്.'

'ചികിത്സിച്ചു സുഖപ്പെടുത്തരുതോ?'

'ചെയ്യാവുന്ന ചികിത്സയൊക്കെ ചെയ്തുകഴിഞ്ഞു. വേദന കുറയ്ക്കാൻ മരുന്നും കൊടുത്തു. പക്ഷേ അതുകൊണ്ടൊന്നും ഹൃദയം നേരെയാവത്തില്ല. ഇനി ദൈവത്തിന്റെ കയ്യിൽ ഭരമേൽപ്പിക്കാം.'

ജോണി നിശ്ശബ്ദനായി.

ഒമ്പതുമണിയായപ്പോൾ ജോണിയുടെ മുറിയിൽ ഒരു കട്ടിലുകൂടി പിടിച്ചിട്ടു. മത്തായിച്ചനെ കൊണ്ടുവന്ന് കട്ടിലിൽ കിടത്തി.

കുറെക്കഴിഞ്ഞ് മത്തായിച്ചൻ കണ്ണുതുറന്നു.

'ജോണീ, ജോണീ!'

'എന്താപ്പച്ചാ?'

'നീ എന്റടുത്തോട്ടു വാ. എനിക്കൊരു കാര്യം പറയാനൊണ്ട്.'

ജോണി അച്ചാമ്മയെ വിളിച്ചു. രണ്ടു ശിപായിമാരെ അച്ചാമ്മ കൊണ്ടുവന്നു. അവർ ജോണിയെ താങ്ങി എഴുന്നേൽപ്പിച്ചു. ഒടിഞ്ഞ കാൽ അനക്കാതെ വീൽചെയറിൽ ഇരുത്തി. മത്തായിച്ചന്റെ കട്ടിലിനരികിലേക്ക് നീക്കിയിട്ട് അവർ മുറി വിട്ടു.

പിതാവും പുത്രനും ഇമവെട്ടാതെ മുഖാമുഖം നോക്കി. മത്തായിച്ചൻ എന്ന അസ്ഥിപഞ്ജരം വെള്ളത്തുണിയിൽ പുതച്ചുകിടക്കുന്നു. കൊഴിഞ്ഞുവീണ ഒരു തൂവൽ പോലെ.

ശ്വാസതടസ്സത്തോടെ മത്തായിച്ചൻ വിളിച്ചു:

'മോനേ....'

'അപ്പച്ചാ—'

പൊന്നുമോനേ....'

'പൊന്നപ്പച്ചാ—എന്റെ പൊന്നപ്പച്ചാ—'

ഇരുവരുടെയും കണ്ണുകൾ തുളുമ്പി, കുറെ നേരം നിശ്ശബ്ദരായി.

ദീർഘനാളായി കടപ്പെട്ടിരുന്ന ആ ക്ഷമായാചനയ്ക്കു ജോണി തയ്യാറായി.

'അപ്പച്ചാ—ക്ഷമിക്കണേ. എന്റെ തെറ്റുകളെല്ലാം ക്ഷമിക്കണേ. എന്റപ്പച്ചന്റെ മുഖത്തുനോക്കാൻ ഞാൻ ലജ്ജിക്കുന്നു.'

'മോനേ നിന്നെ ജീവനോടെ കാണാനൊത്തതുതന്നെ ഭാഗ്യം.'

'എത്രയോ വർഷങ്ങളായി ഞാൻ അപ്പച്ചനെ വിഷമിപ്പിച്ചു. ഞാൻ അപ്പച്ചനോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു. മകനെന്ന പേരിനുപോലും ഞാൻ യോഗ്യനല്ല.'

'മോനേ സാരമില്ല. നീ എന്റെ ഏക മകനല്ലേ? നിന്റെ അമ്മച്ചിയുടെ ഓമനമകനല്ലേ? നിന്റെ കാലൊടിഞ്ഞതിലാണെന്റെ വിഷമം.'

'അപ്പച്ചാ. കാലൊടിഞ്ഞതല്ല എന്റെ പ്രശ്നം. എന്റെ അപ്പച്ചനെ ഞാൻ ദുഃഖിപ്പിച്ചതാണു പ്രശ്നം. എന്നോടു ക്ഷമിക്കണേ.' പശ്ചാത്താപത്തിന്റെ നീർച്ചാലുകൾ കണ്ണിലൂടെ പ്രവഹിച്ചു.

'ജോണീ, നിന്നോടെനിക്കൊരു കെറുവും ഇല്ല. നിനക്കുവേണ്ടി പ്രാർത്ഥിക്കാത്ത ഒരു ദിവസോം ഇല്ല.'

'അപ്പച്ചന്റെ പ്രാർത്ഥനയാ എന്നെ മരണത്തീന്നു രക്ഷിച്ചത്....അപ്പച്ചാ, ഞാൻ എഴുത്തൊന്നും അയയ്ക്കാതിരുന്നതു ക്ഷമിക്കണേ. അപ്പച്ചനു കുറെ പണമൊന്നും അയച്ചുതരാൻ പറ്റിയില്ല.'

'സാരമില്ല മോനേ. ദൈവം ഞങ്ങളെ നടത്തി. നടത്തുന്നു. കുഞ്ഞമ്മയുടെ കല്യാണം സ്ത്രീധനം കൂടാതെ ഓണാവധിക്കു നടക്കും. ചെറുക്കന് തെലുങ്കുനാട്ടിൽ ഉദ്യോഗമാ. ഉദ്യോഗത്തോടുകൂടി സുവിശേഷവേലയും ചെയ്യുന്നു. അവൻ ജോലിചെയ്യുന്ന കമ്പനിയിൽത്തന്നെ കുഞ്ഞമ്മയ്ക്കും ശേബായ്ക്കും എസ്ഥേറിനും ജോലി വാങ്ങിച്ചു കൊടുക്കും. അങ്ങനെ ദൈവകരുണയാൽ നമ്മുടെ കുടുംബത്തിന്റെ കാര്യങ്ങളൊക്കെ ക്രമീകരിക്കപ്പെട്ടിരിക്കുന്നു.'

മത്തായിച്ചന്റെ ശ്വാസത്തിന്റെ വിമ്മിട്ടം വർദ്ധിച്ചു: 'മോനേ, ജോണീ. നിൻെറ അപ്പച്ചൻ ഉറങ്ങും. കാലാവസാനത്തോളം ഉറങ്ങും. ഇനീ അധികം നാൾ ഈ ലോകത്തിൽ ജീവിക്കയില്ല.'

'അപ്പച്ചാ, അപ്പച്ചൻ ഉറങ്ങുകയില്ല. മരിക്കുകയില്ല.'

'മോനേ, ഞാൻ ആവശ്യത്തിനു ജീവിച്ചു. പ്രായം അറുപതായി. ഇനീ മരണം ലാഭമാ....എന്റെ ഹൃദയം തകർന്നതുപോലെ തോന്നുന്നു. ശ്വാസം വിടാനും വയ്യാ.'

'അപ്പച്ചൻ മരിക്കുകയില്ല.'

ജോണി കണ്ണിലൂറിയ ജലാംശം തുടച്ചു.

'മോനേ, നീ എന്നോടു മാപ്പു ചോദിച്ചു. ദൈവത്തോടു നീ മാപ്പു ചോദിച്ചോ?'

'ഇവിടെ അല്പംമുമ്പേ വന്ന അച്ചാമ്മനേഴ്സും അവരുടെ ഭർത്താവും എന്നെ ഗുണദോഷിച്ചോണ്ടിരിക്കുവാ. ഞാൻ മാനസാന്തരപ്പെടണമെന്ന് കുറച്ചു ദിവസങ്ങളായി അവർ പറഞ്ഞോണ്ടിരിക്കുവാ....അവർ എനിക്കൊരു വേദപുസ്തകം തന്നു.'

'നീ വായിച്ചോ?'

'കുറച്ചു വായിച്ചു.'

'എന്നിട്ടെന്തു മനസ്സിലാക്കി?'

'ഞാൻ മുടിയൻ പുത്രനാണെന്ന്.'

'ശരിയാണു മോനേ. നീ മുടിയൻ പുത്രനാണ്. പാളം തെറ്റിയ തീവ

ണ്ടിപോലെ ചേറ്റുകുഴിയിലേക്കു നീ പായുകയാണ്. നരകക്കുഴിയിൽ നീ ചെന്നുവീഴും.'

'അതെ, ഞാൻ വഴിതെറ്റിയവനാ. പാളം തെറ്റിയവൻ.'

'നിന്നെ നേർവഴിക്കു തിരിച്ച് ദൈവത്തിന്റെ പ്രിയ പുത്രനാക്കാൻ യേശുവിനു കഴിയും.'

'അപ്പച്ചാ ഞാൻ കൊടുംപാപിയാ.'

'മോനേ, ഞാനും ഒരിക്കൽ പാളം തെറ്റിയ തീവണ്ടിയായിരുന്നു. ദൈവം നേരായ വഴിയിലാക്കി.'

'എന്റെ മാതാപിതാക്കളെ ദുഃഖിപ്പിക്കയും കടുംപാപങ്ങൾ പ്രവർത്തിക്കയും ചെയ്ത എന്നെ ദൈവം വെറുക്കുന്നു.'

'തെറ്റ്, വലിയ തെറ്റ്. ജോണീ, നീ മാതാപിതാക്കളെ ഉപേക്ഷിച്ച് കുടുംബത്തിനെതിരെ പാപം ചെയ്തവനല്ലേ? ഞങ്ങൾക്കപമാനം വരുത്തിയവനല്ലേ? എങ്കിലും നിന്റെ അപകടവാർത്ത അറിഞ്ഞയുടനേ ഞാനിവിടെ ഓടിയെത്തിയില്ലേ? എനിക്കു നിന്നോടുള്ള സ്നേഹത്തിന് എന്തെങ്കിലും കുറവു വന്നോ?'

'ഇല്ല. അപ്പച്ചന്റെ സ്നേഹത്തിനു നന്ദി.'

'ജോണീ, ചിന്തിക്കൂ, കേവലം മനുഷ്യനായ നിന്റപ്പച്ചന്റെ സ്നേഹമാണിത്. അതിനേക്കാൾ അഗാധമായ ഒരു സ്നേഹമുണ്ട്. ആ സ്നേഹത്തിന്റെ പ്രദർശനരംഗം കാൽവറിയിലെ ക്രൂശാണ്. ക്രൂശിൽ മരിച്ചുയിർത്തെഴുന്നേറ്റ യേശു നിന്നെ സ്നേഹിക്കുന്നു.'

'അപ്പച്ചനീ ദുരന്തം വരുത്തിയതു ഞാനല്ലേ? എന്നെ കാണാൻ ബോംബെയിൽ വന്നതുകൊണ്ടല്ലേ അപ്പച്ചന്റെ ചങ്കുപൊട്ടിയത്?'

'നീ രക്ഷപ്പെടട്ടെ—ഞാൻ മരിക്കട്ടെ. നീ യുവാവ്—ഞാൻ വയസ്സൻ. ദൈവം സകലവും നന്മയ്ക്കായി വ്യാപരിപ്പിക്കുന്നു.'

മത്തായിച്ചന്റെ മുഖത്ത് വൈരാഗ്യമില്ലായിരുന്നു. ക്ഷമയുടെ, സ്നേഹത്തിന്റെ വികാരങ്ങളാണവിടെ പ്രതിഫലിച്ചത്.

പിതാവും പുത്രനും കൈകൾ കോർത്തുപിടിച്ചു. കണ്ണുകൾ പൂട്ടി. ജോണി തലകുനിച്ചു.

പ്രാർത്ഥിച്ചു—പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞുകൊണ്ട്.... യേശു ഹൃദയത്തിലേക്കു വരാൻ ക്ഷണിച്ചുകൊണ്ട്....തന്റെ ജീവിതം ഇനിയും ദൈവത്തിനുവേണ്ടി പ്രതിഷ്ഠിച്ചുകൊണ്ട്.

ജോണി ഉടുപ്പിന്റെ പോക്കറ്റിൽനിന്നും സിഗരട്ടുകൂട് വെളിയിലെടുത്തു. മുറിയുടെ കോണിലേക്ക് ഒരേറ്.

'മദ്യമേ, സിഗരട്ടേ. ഞാൻ നിന്നോടു യാത്രപറഞ്ഞിരിക്കുന്നു.' അവൻ ഉറച്ചു പറഞ്ഞു.

മത്തായിച്ചന്റെ മനസ്സിലെ ചുഴലിക്കാറ്റൊതുങ്ങി.

കണ്ണുനീർ തുടച്ചുകൊണ്ട് ജോണി തലപൊക്കിയപ്പോൾ അവർണ്ണനീയവും പ്രത്യാശാജനകവുമായ ഒരു പുതിയ പ്രപഞ്ചം ഹൃദയകവാടത്തിനു മുമ്പിൽ തുറക്കപ്പെട്ടതുപോലെ തോന്നി.

'മോനേ, എന്റെ ജീവിതാഭിലാഷം നിറവേറി. നീ ദൈവമകനായിരിക്കുന്നു. മോശ ദൂരെനിന്ന് വാഗ്ദത്ത നാടു കണ്ടു. നീയാണെന്റെ വാഗ്ദത്തം.' തകർന്നുകഴിഞ്ഞ ആ പിതൃഹൃദയത്തിൽ കൃതാർത്ഥത യുടെ ചിറ്റോളങ്ങൾ സംജാതമായി.

അല്പനേരം മത്തായിച്ചൻ വിങ്ങിക്കരഞ്ഞു. തന്റെ മകനെ വിശ്വാസി

യാക്കിയതിന്റെ സമ്മാനം കണ്ണീർമുത്തുകളിൽക്കൂടി ദൈവമുമ്പിൽ കാഴ്ച വയ്ക്കയായിരുന്നു.

ശ്വാസത്തിന്റെ ഗതി വീണ്ടുംമാറി. നിർത്തി നിർത്തി അദ്ദേഹം സംസാരിച്ചു.

'ജോ-ജോണീ....നീ ഒരു സുവിശേഷകനാകണം. ബൈ-ബൈബിൾ സ്കൂളിൽചേർന്നു പഠിക്കണം. നല്ല....ഒരു....വിവാഹം കഴിക്കണം. സുവിശേഷവേലയ്ക്കു കൊള്ളാവുന്ന പെൺകുട്ടിയായിരിക്കണം.'

'ഞാൻ എന്നെത്തന്നെ സുവിശേഷവേലയ്ക്കുവേണ്ടി പ്രതിഷ്ഠിച്ചിരിക്കുന്നു. അപ്പച്ചന്റെ പാത പിൻതുടരാം.'

'മോനേ, ഇന്ത്യയിലെ ജനകോടികൾ അന്ധവിശ്വാസങ്ങളിലും വിഗ്രഹാരാധനയിലും വഴി തപ്പിത്തിരിയുന്നു. അ....അവരോടു നീ.... നീ സത്യസുവിശേഷം പ്രസം....പ്രസംഗിക്കണം.'

'അങ്ങനെ ചെയ്യാം, അപ്പച്ചാ.'

'മോ-മോനേ....'

'പൊന്നപ്പച്ചാ—രക്തസാക്ഷി ആകേണ്ടിവന്നാലും ഞാൻ യേശുക്രിസ്തുവിന്റെ സുവിശേഷത്തോടുള്ള സമർപ്പണത്തിൽനിന്നും ഇനി പിൻമാറുകയില്ലപ്പച്ചാ.'

ഉള്ള ശക്തി വീണ്ടെടുത്തുകൊണ്ടു പറഞ്ഞു:'മോനേ, ഞാൻ മിക്കവാറും ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ ഈ ലോകം വിട്ടു കടന്നുപോകും. കൂടിപ്പോയാൽ ഏതാനും ദി-ദി-ദിവസങ്ങൾകൂടെ ജീവിച്ചിരിക്കും....എന്റെ ശരീരം ബോംബെയിൽ ഏതെങ്കിലും ഒരു ശവകുടീരത്തിൽ സംസ്ക്ക...സംസ്കരിക്കണം. നാ-നാട്ടിൽവരെ കൊണ്ടുപോകാൻ നമ്മു-നമ്മു-നമ്മുടെ കുടുംബത്തിനു പണമില്ല. മണ്ണിനോടു ചേരാനുള്ള ഈ ശരീരം മൂന്നു ദിവസം തീവണ്ടിയിൽവെച്ച് അഴുകിക്കരുത്....സാറാമ്മയും കുഞ്ഞുങ്ങളും പുനരുത്ഥാനദിവസം സ്വർഗ്ഗത്തിൽവെച്ചെന്റെ മുഖം കാണും....നീ കാലിനു സുഖംകിട്ടിയാ-യാ-യാലുടൻ ജോലി രാജിവെച്ച് നാട്ടിൽ പോയി സാറാമ്മയെ ആശ്വസിപ്പിക്കണം—ഞാൻ മരിക്കയാണു മോനേ....'

'അപ്പച്ചാ, അപ്പച്ചൻ മരിക്കയില്ല.'

'മോനേ, ജോണീ, മരണം അ-അ-അന്ത്യമല്ല. തുടക്കമാ....യേശുവിനോടുകൂടിയുള്ള നിത്യവാസത്തിന്റെ തുടക്കം....മരണം ഒരു വാതിലാണ്....കു-കു-കുഴിയല്ല.'

മുറിയിൽ കുറേ നേരത്തേക്കു നിശ്ശബ്ദത നിറഞ്ഞു നിന്നു. മത്തായിച്ചന്റെ ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം മാത്രം ആ നിശ്ശബ്ദതയെ ഭഞ്ജിച്ചു.

അച്ചാമ്മ വന്ന് മത്തായിച്ചനു വീണ്ടും മരുന്നു നൽകി.

മെല്ലെ മത്തായിച്ചൻ ഉറക്കത്തിലേക്കു വീണു. ജോണി പിതാവിന്റെ മുഖം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നു.

അർദ്ധരാത്രിയോടടുത്തപ്പോൾ മത്തായിച്ചന്റെ മുഖത്തുണ്ടായ മാറ്റം ജോണി ശ്രദ്ധിച്ചു. മഴക്കാറു നീങ്ങിയ ആകാശംപോലെ ആ മുഖം തെളിഞ്ഞുവന്നു. ആരെയോ കണ്ടു പുഞ്ചിരിക്കും പോലെ.

മത്തായിച്ചൻ ഒന്നനങ്ങി. കണ്ണു തുറന്നു.

'മോനെ, ഇച്ചിരി....വെള്ളം.'

മേശപ്പുറത്തിരുന്ന ഒരു ഗ്ലാസ് വെള്ളം ജോണി കൈയെത്തിയെടുത്തു.

മത്തായിച്ചന്റെ ചുണ്ടുകൾ അനങ്ങി: 'യേശു അപ്പച്ചാ, യേശു അപ്പച്ചാ!' താനിത്രയും കാലം ആരാധിക്കയും സ്നേഹിക്കയും പ്രസംഗിക്കയും ചെയ്ത യേശുവിനെ ഇടറിയ സ്വരത്തിലദ്ദേഹം വിളിക്കുകയായിരുന്നു.

വെള്ളം വായിൽ ഒഴിച്ചുകൊടുത്തു.

'മതി....മതി.' ശ്വാസതടസ്സത്തോടെ അദ്ദേഹം പറഞ്ഞു.

പാസ്റ്റർ തെങ്ങുവിള മത്തായിച്ചന് വെള്ളം മതിയായി. ലോകവും മതിയായി.

ചുണ്ടുകൾ അമർന്നു. കണ്ണുകൾ അടഞ്ഞു. ഒന്നു പിടഞ്ഞു. ശ്വാസം നിലച്ചു.

പിതാവിന്റെ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞതു വീക്ഷിച്ചപ്പോൾ ജോണിയുടെ നയനങ്ങൾ പെരുമഴ ചൊരിഞ്ഞു.

റോഡുകളിൽ ആളൊഴിഞ്ഞിരുന്നു. വാഹനങ്ങൾ വളരെ കുറച്ചുമാത്രം. പരിസരമാകെ നിശ്ശബ്ദത. അങ്ങകലെ കടലിന്റെ മുകൾത്തട്ടിൽ ചക്രവാളം നക്ഷത്രരശ്മിയേറ്റു കിടക്കുന്ന മേഘങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരുന്നു. വർണ്ണപ്പൊലിമകൊണ്ട് ഹൃദയത്തെ കുളിരണിയിക്കുന്ന ചന്ദ്രന്റെ പാലൊളി ആശുപത്രിയുടെ മേൽക്കൂരയിൽ നിറഞ്ഞൊഴുകി. നിലാവിൽ വിടർന്ന വെള്ളപ്പൂക്കളിൽ താവളമടിച്ചിരുന്ന കുളിർകാറ്റ് ജനാലയുടെ കമ്പിയഴികളിലൂടെ അകത്തു പ്രവേശിച്ചു. ശുഭോദർക്കമായ ആ അന്തരീക്ഷത്തിൽ രണ്ടു കാര്യങ്ങൾ സംഭവിച്ചു:

ഒരു വിശുദ്ധൻ നിത്യതയിൽ ചേർക്കപ്പെട്ടു; ഒരുമുടിയൻ പുത്രൻ മാനസാന്തരപ്പെട്ടു.

ഒരപ്പൻ മരിച്ചു; ഒരു മകൻ ജനിച്ചു.

ഒരാൾ ശാരീരികമായി മരിച്ചു; മറ്റൊരാൾ ആത്മീയമായി ജനിച്ചു.

ഒരപ്പന്റെ കണ്ണടഞ്ഞു; ഒരു മകന്റേതു തുറന്നു.

നേരേ ഓടിയ ഒരു തീവണ്ടി പറുദീസയിലേക്കു കടന്നു; പാളം തെറ്റിയത് നേർവഴി തിരിഞ്ഞു.

മത്തായിച്ചൻ സാക്ഷികളുടെ സമൂഹത്തിലായി; ജോണി വിശ്വാസികളുടെ കൂട്ടത്തിലും.

ജനനവും മരണവും ഒന്നിച്ചു സമ്മേളിക്കുകയും, മരണം ജനനത്തെ ഉളവാക്കുകയുംചെയ്ത ഒരപൂർവ്വ രംഗമായിരുന്നു അത്.

# ഇരുപത്തിയെട്ട്

**തോ**മസിന്റെ ഫോൺ ശബ്ദിച്ചു.

'ഹലോ....'

'ഹലോ.'

'ഇതാരാ?'

'ഓ. ഞാനാ.'

'എന്താ അർദ്ധരാത്രീല്....?'

'ആശുപത്രീൽ ജോണീടെ പിതാവ് നാട്ടിൽനിന്നു വന്നിരുന്നു. പെട്ടെന്ന് ഹൃദയസ്തംഭനംമൂലം മരിച്ചു.'

തോമസ് അൽപനേരത്തേക്കു നിശ്ശബ്ദനായശേഷം ഇടറിയ സ്വരത്തിൽ ചോദിച്ചു: 'എപ്പഴാ സംഭവം?'

'അര മണിക്കൂറു കഴിഞ്ഞു.'

'ഞാനങ്ങോട്ടു വരണോ?'

'ഉടനേ വരണോന്നില്ല....ജോണിക്കിവിടെ ആരുമില്ല. എങ്ങനെങ്കിലും ശവം നാട്ടിലെത്തിക്കണം.'

'കേടുകൂടാതെ അങ്ങെത്തത്തില്ല. നാലുദിവസത്തെ തീവണ്ടിയാത്രയാ, ശവം അഴുകിപ്പോകും.'

'തീവണ്ടി വേണ്ടാ. വിമാനത്തിലായാലെന്താ? നാട്ടിലിരിക്കുന്ന ഭാര്യയെ കാണിക്കാതെ ശവം ഇവിടെ കുഴിച്ചിടുന്നതു ദോഷമല്ലേ?'

'വിമാനമോ? അതിനു പണം വേണ്ടേ?'

'ഇത്രയും മലയാളികളുള്ള ബോംബെയിൽ കൊറെ രൂപാ പിരിച്ചെടുക്കുന്നതു വലിയ പ്രശ്നമില്ല. അച്ചായൻ ശ്രമിച്ചാക്കിട്ടും. നമ്മക്കും കഴിവനുസരിച്ച് ഒരു സംഭാവന കൊടുക്കാം.'

'ആട്ടെ ആലോചിക്കാം. ദൈവഹിതംപോലെ നടക്കട്ടെ.'

ഫോൺ താഴെവച്ചിട്ട് അച്ചാമ്മ ജോണിയുടെ മുറിയിലെത്തി. ദുഃഖം നിറഞ്ഞ കണ്ണുകളുയർത്തി അവൻ ഒന്നു നോക്കി.

'ജോണീ, ഞാൻ ഭർത്താവിനെ വിളിച്ചുപറഞ്ഞിട്ടുണ്ട്. എങ്ങനെയെങ്കിലും മൃതദേഹം നാട്ടിലെത്തിക്കാൻ....ദൈവം വഴി തുറക്കും. വീട്ടിലേക്കു ടെലഗ്രാം അയച്ചിട്ടുണ്ട്.'

അവൻ ദീർഘമായൊന്നു നിശ്വസിച്ചതേയുള്ളൂ. ദുഃഖത്തിന്റെ നിശ്വാസമായിരുന്നു അത്.

തോമസ് ടാറ്റാ കമ്പനിയിലെ ഒരുയർന്ന ഉദ്യോഗസ്ഥനാണ്. അദ്ദേഹം രാത്രിയിൽ കമ്പനിയിലെ പ്രധാനപ്പെട്ട മലയാളി ഉദ്യോഗസ്ഥരെ ഫോണിൽ വിളിച്ചുണർത്തി. ഭാര്യയും കുഞ്ഞുങ്ങളും നാട്ടിലായിരിക്കുന്നിടത്തോളം മത്തായിച്ചന്റെ ശരീരം ബോംബെയിൽ സംസ്കരിക്കുന്നത് ഉചിതമല്ലെന്ന അഭിപ്രായം തോമസ് കൂട്ടുദ്യോഗസ്ഥരോടൂന്നിപ്പറഞ്ഞു. മാനുഷികമായ സഹാനുഭൂതി കാണിക്കേണ്ടത് മലയാളികളുടെ കടമയാണെന്നദ്ദേഹം അഭിപ്രായപ്പെട്ടു.

നേരം വെളുത്തപ്പോൾ വിമാനടിക്കറ്റിനുള്ള പണവുമായി ഏഴെട്ടുദ്യോഗസ്ഥർ ആശുപത്രിയുടെ മുമ്പിലെത്തി. ഏറ്റവും വലിയ തുക സംഭാവന ചെയ്തത് ചെങ്ങന്നൂർ സ്വദേശിനിയായ ഡോക്ടർ സരസ്വതി നായരാണ്— മുന്നൂറു രൂപ.

ജോണി അവസാനമായി പിതാവിന്റെ ശരീരത്തിലൊരു പ്രാവശ്യംകൂടി ചുംബിച്ചു. മൃതദേഹം മുറിക്കു വെളിയിലേക്കു നീക്കി.

മദ്രാസിലേക്കുള്ള രാവിലത്തെ യാത്രാവിമാനത്തിൽ ശവപ്പെട്ടി കയറ്റി. കേരളത്തിലുടനീളം സുവിശേഷദീപവുമായി കാൽനടയായും കാളവണ്ടിയിലും സഞ്ചരിച്ച മത്തായിച്ചന്റെ ശരീരം വഹിക്കുന്ന വിമാനം അനന്തമായ വിഹായസ്സിലേക്ക് ഇരമ്പി ഉയർന്നു.

മൃതദേഹം വീട്ടിലെത്തിയപ്പോൾ ഉച്ചയായി.

നൂറുകണക്കിനു ജനങ്ങൾ ജാതിമതസഭാഭേദമെന്യേ സാറാമ്മയെ ആശ്വസിപ്പിക്കുവാൻ വിശ്വാസഭവനത്തിൽ തടിച്ചുകൂടി.

ഹൈന്ദവർ, മുസ്ളീംകൾ, ക്രിസ്ത്യാനികൾ

തമിഴർ, മലയാളികൾ

കത്തോലിക്കർ, യാക്കോബാക്കാർ, മാർതോമാക്കാർ, ലണ്ടൻ

മിഷൻകാർ, സി.എസ്.ഐ–ക്കാർ. പുറമേ നെയ്യാറ്റിൻകര താലൂക്കിലുള്ള പെന്തക്കോസ്തുസഭകളിലെ വിശ്വാസികളും.

ആദ്യം അനുശോചനസന്ദേശം അറിയിച്ച പഞ്ചായത്ത് ഓഫീസർ ഗോവിന്ദൻനായരുടെ വാക്കുകൾ മത്തായിച്ചന്റെ ജീവിതത്തെപ്പറ്റിയുള്ള ഒരു അന്യമതസ്ഥന്റെ വിലയിരുത്തൽ ആയിരുന്നു:

'എന്റെ ഒരു നല്ല സ്നേഹിതനായിരുന്ന മത്തായി ഉപദേശിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്....രണ്ടു പെന്തക്കോസ്തുകാരുമായി മാത്രമേ അടുത്ത് പരിചയപ്പെടാൻ എനിക്ക് ഇടയായിട്ടുള്ളൂ. ഒന്ന് തെങ്ങുവിളമത്തായി ഉപദേശി. രണ്ടാമത്തെ ആൾ മൂന്നുവർഷം മുമ്പ് നിര്യാതനായ ആറാമട കൊച്ചുകുഞ്ഞു സന്ന്യാസി. ഇവർ രണ്ടുപേരും മതവിഷയത്തിൽ തീവ്രവാദികൾ ആയിരുന്നു. സത്യമെന്നു തോന്നുന്ന വിശ്വാസവിഷയങ്ങളിൽ അവർ രണ്ടുപേരും കടിച്ചുപിടിച്ചു തൂങ്ങിക്കിടക്കുന്നവർ ആയിരുന്നു. വിട്ടുവീഴ്ചയില്ലാത്തവർ. എന്നാൽ അവർ ആരേയും ദ്രോഹിക്കുകയോ വെറുക്കുകയോ ചെയ്യുന്നവർ അല്ലായിരുന്നു. മഹാത്മാഗാന്ധി അഹിംസാതത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതുപോലെ മത്തായി ഉപദേശി യേശുദേവന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. അദ്ദേഹത്തിന്റെ പല ആശയങ്ങളുമായി എനിക്കു യോജിപ്പില്ലായിരുന്നു. ഞങ്ങൾ തമ്മിൽ മതവിഷയങ്ങളെപ്പറ്റി ചർച്ചകളും വാഗ്വാദങ്ങളും ഉണ്ടായിട്ടുണ്ട്. അദ്ദേഹം ഒരിക്കൽപോലും കോപിച്ചിട്ടില്ല. ആകാത്ത വാക്കു പറഞ്ഞിട്ടില്ല. ചായ കുടിച്ച് സന്തോഷമായിട്ടാണ് ഞങ്ങൾ എപ്പോഴും പിരിയാറുള്ളത്. ഒരു പെന്തക്കോസ്തുകാരൻ എന്നതിലുപരി, ഒരു നല്ല മനുഷ്യനായി ഞാൻ അദ്ദേഹത്തെ എന്നും ഓർക്കും.'

കേട്ടുനിന്നവർ ഗോവിന്ദൻനായരുടെ അഭിപ്രായത്തെ തലകുലുക്കി അംഗീകരിച്ചു.

പെന്തക്കോസ്തരുടെ പ്രതിനിധിയായി പാസ്റ്റർ ഭാഗവതർ പാപ്പച്ചൻ അനുശോചനം അറിയിച്ചു: 'പാസ്റ്റർ തെങ്ങുവിള മത്തായിച്ചനെ ഇരുപതു വർഷം മുമ്പാണ് ഞാൻ ആദ്യമായി പരിചയപ്പെട്ടത്.... അദ്ദേഹം ക്രിസ്തുവിന്റെ ഒരു സന്നദ്ധഭടൻ ആയിരുന്നു. വർഷത്തിൽ മുന്നൂറ്റി അറുപത്തഞ്ചു ദിവസങ്ങളിലും അദ്ദേഹം യുദ്ധക്കളത്തിൽ ആയിരുന്നു. പാപത്തിനെതിരെ, അന്ധവിശ്വാസങ്ങൾക്കെതിരെ, ഒരു സന്ധിയില്ലാ സമരമാണ് അദ്ദേഹം നടത്തിയത്. അതുകൊണ്ട് അദ്ദേഹത്തിന് ശത്രുക്കൾ ധാരാളമുണ്ടായിരുന്നു. അതിലേറെ മിത്രങ്ങളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണം നമുക്ക് തീരാനഷ്ടം. സത്യവിശ്വാസത്തിനുവേണ്ടി പോരാടുവാൻ മത്തായിച്ചനെപ്പോലെയുള്ള സുവിശേഷകന്മാരെ ദൈവം ഇനിയും അഭിഷേകം ചെയ്യേണ്ടതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.'

വിശ്വാസപ്രമാണങ്ങളിൽ ഇതര മതങ്ങളുമായും സഭകളുമായും അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും, ഏതു മതക്കാരനെയും മനുഷ്യനെന്ന രീതിയിൽ മത്തായിച്ചൻ ആദരിച്ചിരുന്നു. സഭയും മതവും നോക്കാതെ രോഗദുഃഖാദികളിലൂടെ കടന്നുപോകുന്ന ഭവനങ്ങളിൽ ഓടിയെത്തി അവരെ ആശ്വസിപ്പിക്കുക മത്തായിച്ചന്റെ പതിവായിരുന്നു. ഉപദേശസാമ്യമുള്ള സഭകളുടെ ഐക്യവും ലയനവും ജീവിതാഭിലാഷമായി അദ്ദേഹം അംഗീകരിച്ചിരുന്നു.

മത്തായിച്ചന്റെ വ്യക്തിത്വത്തിനു യോജിച്ച ജനസഞ്ചയമാണവിടെ വന്നുകൂടിയത്.

സായാഹ്നത്തിൽ മൃതശരീരം ശ്മശാനത്തിലേക്കു മാറ്റാൻ തയ്യാറായപ്പോൾ വന്നുകൂടിയ പുരുഷാരം സഭാഭേദമെന്യേ ഏകസ്വരത്തിൽ അവസാനത്തെ ചരമഗാനമാലപിച്ചു.

സമയമാം രഥത്തിൽ ഞാൻ
സ്വർഗയാത്ര ചെയ്യുന്നു.
എൻസ്വദേശം കാണ്മതിനായ്
ബദ്ധപ്പെട്ടോടിടുന്നു....

വെള്ളത്തുണിയിൽ പൊതിഞ്ഞ തെങ്ങുവിള മത്തായി ഉപദേശിയുടെ ഭൗതികശരീരം അറുപതു വർഷത്തെ സമയമാം രഥത്തിലുള്ള യാത്ര അവസാനിപ്പിച്ചിട്ട്, ആറടി നീളമുള്ള ഒരു കറുത്ത പെട്ടിയിൽ, വിശ്വാസഭവനത്തിന്റെ കിഴക്കേ വാതിലിൽക്കൂടി, കരയുന്ന സാറാമ്മയേയും മുറവിളികൂട്ടുന്ന പെൺകുഞ്ഞുങ്ങളേയും പിന്നിലാക്കിക്കൊണ്ടു ശവകുടീരത്തിലേക്കു നീങ്ങി.

♦ ♦ ♦

സൂര്യൻ കുങ്കുമം തേച്ച കിഴക്കേ ചക്രവാളത്തിൽ തലനീട്ടി. തമ്മിൽ പിരിയുന്ന ജനസഞ്ചയത്തിന്റെ നടുവിൽ, പുക ചീററി അണച്ചുനില്ക്കുന്ന തീവണ്ടിയുടെ സമീപം അച്ചാമ്മനേഴ്സും ഭർത്താവും ജോണിയും ഒന്നിച്ചുകൂടി.

കാറപകടം ശരീരത്തിലുണ്ടാക്കിയ മുറിവുകളും ചതവുകളും സുഖമായിക്കഴിഞ്ഞു. പക്ഷേ, പിതാവ് മരിച്ചിട്ട് ആഴ്ചകൾ കഴിഞ്ഞിരിക്കുന്നുവെങ്കിലും ആ സംഭവം ജോണിയുടെ ഹൃദയത്തിലുണ്ടാക്കിയ മുറിവുകൾ സുഖമാകാതെ ശേഷിക്കുന്നു.

ഒരു പുതിയ സൃഷ്ടിയായിട്ടാണവൻ അച്ചാമ്മ നേഴ്സിന്റെയും തോമസിന്റെയും മുമ്പിൽ നിൽക്കുന്നത്.

പട്ടുനൂൽപ്പുഴുവിനെപ്പോലെ തന്നത്താനുണ്ടാക്കിയ വലയിൽ സംഹരിക്കപ്പെടാതിരിക്കാനുള്ള വിവേകം ഇന്നവനുണ്ട്. ക്ഷണികമായ യൗവനവസന്തത്തിനുവേണ്ടി, നാളെ ഉടയാനിരിക്കുന്ന ജീവിതചഷകത്തിനുവേണ്ടി, കണ്ണിമയ്ക്കുന്നതിനിടയിൽ വാടിവീഴുന്ന വികാരദളങ്ങൾക്കു വേണ്ടി ഇനിമേലിൽ അവൻ വിലപേശുകയില്ല.

മണ്ണിനും പെണ്ണിനും പൊന്നിനുംവേണ്ടി ഇനി അലയുകയില്ല. പകരം വിണ്ണിനുവേണ്ടി അദ്ധ്വാനിക്കാൻ പോകയാണ്.

മത്തായി ഉപദേശി പ്രോജ്വലിപ്പിച്ച സുവിശേഷദീപം ഉയർത്തിപ്പിടിക്കാൻ ഉറച്ച തീരുമാനത്തോടുകൂടിയാണവൻ നില്ക്കുന്നത്.

ജോണിയുടെ മാതാവിനെ ഏല്പിക്കാൻ ബോംബെയിലെ മലയാളി പെന്തക്കോസ്തു വിശ്വാസികൾ പിരിച്ചെടുത്ത രണ്ടായിരം രൂപയുടെ പണപ്പൊതി കൈയിലേല്പിച്ചുകൊണ്ട് തോമസും അച്ചാമ്മയും യാത്ര പറഞ്ഞു: 'ജോണീ, നിനക്കു നന്മ വരട്ടെ.'

'ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എന്റെ മാതാവിനുവേണ്ടി തന്ന ഈ വലിയ തുകയ്ക്കു നന്ദി.'

'ആകുംകാലത്തു ചെയ്ത നന്മയുടെ ഫലം ചാകുംകാലത്തു കിട്ടും. നിങ്ങളുടെ പിതാവു ചെയ്ത നല്ല പ്രവൃത്തികളുടെ ഫലം നിങ്ങളുടെ കുടുംബത്തിനു വന്നു ചേർന്നിരിക്കുകയാ. അദ്ദേഹത്തിന്റെ നന്മ അനുഭവിച്ച മലയാളികൾ പലരും കൈ തുറന്നു സഹായിച്ചു. അതുകൊണ്ടാ ഇത്രയും വലിയ ഒരു തുക പിരിഞ്ഞുകിട്ടിയത്.'

മത്തായിച്ചന്റെ ചരമവാർത്ത പെട്ടെന്നാണ് ബോംബെയിലെ മലയാളികളുടെയിടയിൽ പ്രചരിച്ചത്. വാര്യാപുരം, ഇടമൺ, ഏഴംകുളം എന്നീ സ്ഥലങ്ങളിൽ മത്തായിച്ചൻ പ്രവർത്തിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും ആളാംപ്രതി സുവിശേഷവേലയുടെയും ഫലമായി മാനസാന്തരപ്പെട്ട പല യുവാക്കൾ ഇന്ന് ബോംബെയിൽ ഉദ്യോഗസ്ഥരാണ്. ദീർഘകാലത്തെ സുവിശേഷസേവനത്തിന്റെ ചരിത്രം പിന്നിലുണ്ടെങ്കിലും സ്വന്തമായി വീടോ വയലോ സമ്പാദിച്ചിട്ടില്ലാത്ത തെങ്ങുവിള മത്തായി ഉപദേശി! അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഒരു വീടുവച്ചു കൊടുക്കണമെന്നുള്ളത് ബോംബെയിലെ മലയാളിയുവാക്കളുടെ പ്രത്യേക താല്പര്യമാണ്. അതിനുവേണ്ടി പിരിച്ചെടുത്ത തുകയാണ് തോമസ് ഏല്പിച്ച രണ്ടായിരം രൂപ.

‘തോമാച്ചായനും അച്ചാമ്മസിസ്റ്ററും ചെയ്ത ഉപകാരങ്ങൾ ഞാനൊരിക്കലും മറക്കത്തില്ല.’ കണ്ണുനീർകൊണ്ടു നനഞ്ഞ കൈലേസുകൊണ്ടു മുഖംതുടച്ചുകൊണ്ടവൻ വീണ്ടും നന്ദി പറഞ്ഞു.

‘ജോണീ, ഞങ്ങൾ ഞങ്ങളുടെ കടമ നിർവ്വഹിച്ചതേയുള്ളൂ, സഭയെന്ന ശരീരത്തിലെ ഒരവയവം വേദനയനുഭവിക്കുമ്പോൾ അതിനെ സഹായിക്കാൻ മറ്റവയവങ്ങൾക്കും കടപ്പാടുണ്ട്.’

വലിയ തകരപ്പെട്ടിയും മത്തായിച്ചൻ ഉപയോഗിച്ചിരുന്ന വേദപുസ്തകവും കൈയിലേന്തി ജോണി തീവണ്ടിയിൽ കയറി. പിതൃസ്വത്തായ വേദപുസ്തകം.

ഒരു പന്തയ ഓട്ടക്കാരനെപ്പോലെ വണ്ടി മുന്നോട്ട് ഓടി—പാളം നീളെ ചക്രമുരുട്ടിക്കൊണ്ട്, വാനംനീളെ പുക തുപ്പിക്കൊണ്ട്.

ജോണി സീറ്റിൽ ചാരി ചിന്തിച്ചുകൊണ്ടിരുന്നു.

രണ്ടറ്റവും മുട്ടാതെ നീണ്ടുകിടക്കുന്ന റെയിൽപ്പാളങ്ങളെ അവൻ നോക്കി. ജീവിതവും അങ്ങനെയാണെന്നവനു തോന്നി. നന്മയും തിന്മയും, സാത്താനും ദൈവവും, ജഡസ്വഭാവവും ആത്മസ്വഭാവവും, ഇരുളും വെളിച്ചവും, നരകവും സ്വർഗ്ഗവും ഒരിക്കലും ഒരിടത്തും കൂട്ടിമുട്ടുന്നില്ല. മറിച്ചും തിരിച്ചും അവൻ ചിന്തിച്ചു.

ഞാൻ സാത്താന്റെ അടിമയായിരുന്നു—ഇപ്പോൾ ദൈവമകനാണ്.

തിന്മയായിരുന്നു—ഇപ്പോൾ ക്രിസ്തുവിൽ നന്മയായിത്തീർന്നിരിക്കുന്നു.

ഇരുളായിരുന്നു—ഇപ്പോൾ കൃപയാൽ ജീവന്റെ വെളിച്ചം.

തീവണ്ടി പൂനയിലെത്തിയപ്പോൾ സ്റ്റേഷന്റെ പ്ലാറ്റ്ഫോമിൽ ഒരു കൂട്ടമാളുകൾ വണ്ടി പ്രതീക്ഷിച്ചു നില്ക്കുന്നു. മിക്കവരുടെയും നയനങ്ങൾ ഈറനണിഞ്ഞിരുന്നു.

മനുഷ്യർ അന്യോന്യം യാത്ര പറയുന്ന രംഗമവൻ വീക്ഷിച്ചു. ഭർത്താക്കന്മാർ ഭാര്യമാരിൽനിന്നു പിരിയുന്നു. മക്കൾ അപ്പനമ്മമാരിൽനിന്ന്. സഹോദരന്മാർ സഹോദരികളിൽനിന്ന്. ഉദ്യോഗസ്ഥന്മാർ കൂട്ടുദ്യോഗസ്ഥന്മാരിൽനിന്ന്!

മരണം ഒരു തീവണ്ടിയാണ്—മനുഷ്യൻ മനുഷ്യനോടു യാത്ര പറയുന്നു. ആദാമിന്റെ പാപത്തിന്റെ ശമ്പളമാണു മരണം.

ജീവിതം ഒരു തീവണ്ടിയാത്രയാണ്—ഇഹലോകത്തിൽ തുടങ്ങി പരലോകത്തോളം നീണ്ടുപോകുന്ന യാത്ര. ചിലർക്കിതു മോക്ഷ യാത്ര. വേറെ ചിലർക്കു ശാപയാത്ര. മനുഷ്യരെല്ലാം യാത്ര ചെയ്യുന്നു. ചിലർ സ്വർഗ്ഗ

ത്തിലേക്ക്. ചിലർ നരകത്തിലേക്ക്.

തീവണ്ടിയെ മുന്നോട്ടു ചലിപ്പിക്കുന്നത് കല്ക്കരി കത്തിച്ചുണ്ടാക്കുന്ന ഊർജ്ജം. എന്നെ മുമ്പോട്ടിനിയും നയിക്കുന്നത് പരിശുദ്ധാത്മാവിന്റെ തീ.

മനസ്സും ഒരു തീവണ്ടിയാണ്. ഓർമ്മയുടെ പാളങ്ങളിലൂടെ ഭൂതകാലത്തിലേക്ക് കൂടക്കൂടെ ഓടുന്നു. പെട്ടെന്ന് വർത്തമാനകാലത്തിലേക്ക് മടങ്ങിവരുന്നു. ഇടയ്ക്കിടെ പ്രതീക്ഷകളോടെ ഭാവികാലത്തേക്കും.

ജീവിതം തീവണ്ടിപോലെ മാറിമറിയുന്നു—ഇന്നലെ ഇരുന്നവരല്ല ഇന്നിരിക്കുന്നത്. വരുന്നു, പോകുന്നു. കയറുന്നു, ഇറങ്ങുന്നു.

യേശുക്രിസ്തുമാത്രം ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻ. ആദാം വിതച്ച മരണത്തെ അവൻ കീഴടക്കി.

ക്രിസ്തുമൂലം എന്റെ പ്രിയ അപ്പച്ചൻ എന്നും ജീവിക്കും. ഇപ്പോൾ എന്റെ അപ്പച്ചന്റെ ആത്മാവ് പറുദീസയിൽ വിശ്രമിക്കുന്നു.

ഒരിക്കൽ മാലാഖമാർ കാഹളം മുഴക്കും. ക്രിസ്തു മേഘങ്ങളിൽ പ്രത്യക്ഷപ്പെടും. മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ജീവനോടിരിക്കുന്നവർ രൂപാന്തരശരീരികളാകും....ഭൂമിയിൽ നിത്യ പറുദീസ സ്ഥാപിക്കപ്പെടും. പിന്നെ മരണം ഉണ്ടാകയില്ല.

തീവണ്ടിയുടെ ചൂളംവിളി ദൂതന്മാരുടെ കാഹളധ്വനിപോലെ അവനു തോന്നി.

തീവണ്ടി നീങ്ങുമ്പോൾ ചിലേടങ്ങളിൽ പച്ചക്കൊടിയും ചുവപ്പുകൊടിയും ഉയരുന്നതവൻ ശ്രദ്ധിച്ചു. ജീവിതയാത്രയിലും സുഖസന്ധികളും ദുഃഖസന്ധികളുമുണ്ടെന്ന വസ്തുതയവനോർത്തു.

ചെങ്കൊടിയെങ്കിൽ നില്ക്കും വണ്ടി
പച്ചപറന്നാൽ നീങ്ങും വണ്ടി.

എന്റെ ജീവിതം ഇതേവരെ ചുവന്നകൊടിയുടെ—അപകടത്തിന്റെ—മേഖലയിലായിരുന്നു. യേശുക്രിസ്തുമൂലം പച്ചക്കൊടിയുടെ—മോക്ഷവഴിയുടെ മേഖലയിലായിരിക്കുന്നു.

തീവണ്ടിക്കൊരു ലക്ഷ്യമുണ്ട്. അവിടെ ഏതു സമയത്തെത്തുമെന്നു നിശ്ചയമുണ്ട്. ജീവിതത്തിനും ഒരു ലക്ഷ്യംവേണം. ഇല്ലെങ്കിൽ പരാജയമായിരിക്കും.

രാത്രിയും പകലും ജോണി ഉറക്കമില്ലാതെ ചിന്തിച്ചു.

ഇടയ്ക്കിടെ പരലോകത്തിൽ നിന്നും ഇഹലോകത്തിലേക്ക് അവന്റെ ചിന്ത തിരിച്ചുവന്നു.

എങ്ങനെയാണ് അമ്മച്ചിയുടെ മുമ്പിൽ പിതാവിന്റെ മരണരംഗം വിവരിക്കേണ്ടത്?

എങ്ങനെയായിരിക്കും എന്നെ അമ്മച്ചിയും നാട്ടുകാരും സ്വീകരിക്കുന്നത്—മുടിയൻപുത്രനു കിട്ടിയ സ്വാഗതം കിട്ടുമോ?

അതോ, ആട്ടിപ്പായിക്കുമോ?

ഒരിക്കലുമില്ല. എന്റെ അമ്മച്ചി സ്നേഹവതിയാണ്. ക്ഷമിക്കുന്നവളാണ്.

തീവണ്ടി പുകക്കുഴലു വഴി കല്ക്കരിപ്പൊടി കലർന്ന കട്ടപ്പുക പുറത്തേക്കു തള്ളി. വികാരം പുറത്തു തള്ളാൻ ജോണി ഇടയ്ക്കിടെ ദീർഘശ്വാസം വിട്ടു.

ആർക്കോണത്തെത്തിയപ്പോൾ ഒരു തീവണ്ടി പാളം തെറ്റി കിടക്കുന്നത് ജോണിയും യാത്രക്കാരും തല വെളിയിലേക്കിട്ടു നോക്കിക്കണ്ടു.

കർത്താവേ ഇനി ഞാൻ പാളംതെറ്റിയ തീവണ്ടിയല്ല. വഴി തെറ്റിയവന

ല്ല. ജീവന്റെ വഴിയിലോടുന്നവനാണ്. നേരേ ഓടുന്നവനാണ്.

പാളം തെറ്റാതോടണം
ഇനീ താളം തെറ്റാൻ പാടില്ല!

ഭാരതത്തിന്റെ മഹാധമനിയിലൂടെ, മണിമന്ദിരങ്ങളും ഉത്തുംഗഗോപുരങ്ങളും കട്ടപ്പുക ഉദ്വമിക്കുന്ന ഫാക്ടറികളും പിന്നിട്ടുകൊണ്ട്, കാടുകളും കാട്ടാറുകളും കവച്ചുവച്ചുകൊണ്ടോടുകയാണ് തീവണ്ടി.

അപൂർവ്വ സുന്ദരമായ വൻകാടുകളിൽനിന്നും കുണുങ്ങിയൊഴുകിവരുന്ന കാട്ടരുവികളുടെ മൃദുലസംഗീതവും, നാസാരന്ധ്രങ്ങളെ നിർവൃതിയൂട്ടുന്ന സുഗന്ധപുഷ്പങ്ങളും, സഹ്യപർവതനിരകളുടെ പച്ചച്ചുണ്ടുകളിൽനിന്നുതിരുന്ന മധുരപ്പുഞ്ചിരിയും—എല്ലാമെല്ലാം ആസ്വദിച്ചുകിടക്കുന്ന മലയാളക്കരയുടെ വിരിമാർവിലേക്കണയുകയാണു തീവണ്ടി. യാത്രക്കാർ പലരും ഉറക്കമാണ്.

ഓടുന്ന വണ്ടിയുടെ താളത്തിനൊപ്പിച്ച്, തന്റെ പിതാവിനേറ്റം പ്രിയങ്കരമായിരുന്ന ഗാനം പതിഞ്ഞ സ്വരത്തിൽ ജോണി ആലപിച്ചു. തീവണ്ടിയാത്രയേക്കാൾ അത്യധികം ഗൗരവമേറിയ മറ്റൊരു യാത്രയെപ്പറ്റി—മോക്ഷയാത്രയെപ്പറ്റി ഉള്ള ഗാനമായിരുന്നു അത്.

യാത്രചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാനേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും.

തീവണ്ടിയുടെ നീണ്ടചൂളങ്ങൾ വീണമീട്ടി. ഉരുളുന്ന ഉരുക്കുചക്രങ്ങൾ ശബ്ദഘോഷത്തോടെ തമ്പേറടിച്ചു. ബോഗികളെ ബന്ധിപ്പിക്കുന്ന കൂറ്റൻ ചങ്ങലകൾ താളത്തിനൊത്ത് നൃത്തം ചവിട്ടി. പുകക്കുഴലുകൾ ധൂപം വീശി. എഞ്ചിൻമുറിയിലെ കല്ക്കരിക്കഷണങ്ങൾ അഗ്നിനാവുകൾ സ്വീകരിച്ച് ഊർജ്ജത്തിന്റെ ഉടയവന് ഓശാനാ പാടി. റെയിൽറോഡിന്റെ പാർശ്വങ്ങളിലുള്ള കയ്യാലകൾ കാതോർത്തു. അവയിൽ പടർന്നുകിടക്കുന്ന വള്ളിച്ചെടികൾ തല താഴ്ത്തി സ്രഷ്ടാവിനെ വന്ദിച്ചു—വൃക്ഷസസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന അക്ഷയനാം ദൈവത്തെ!

ലോകമാം ഗംഭീര വാരിധിയിൽ
വിശ്വാസകപ്പലിൽ ഓടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടുകൂടെ വിശ്രമിക്കും

നെടുനീളത്തിൽ കൂട്ടിയിണക്കിയ ബോഗികളുടെ അനക്കവും ഞരക്കവും ഇളക്കവും, വീണ്ടും വീണ്ടും എടുത്തു പാടിയ ഗാനശകലങ്ങൾക്കു താളവും മേളവും നൽകി.

യാത്രചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധംചെയ്യും ഞാൻ യേശുവിനായ്
ജീവൻവച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും.

# അനുബന്ധം
## (ഒന്നാംപതിപ്പ്)

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശകങ്ങളിൽ ക്രൈസ്തവലോകത്തിലുണ്ടായ ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ ഉപോല്പന്നമായിട്ടാണ് പെന്തക്കോസ്തുപ്രസ്ഥാനം ഉടലെടുത്തത്. അമേരിക്കയിലും യൂറോപ്പിലും ആരംഭിച്ച പെന്തക്കോസ്തുണർവിന്റെ മാറ്റൊലി ലോകത്തിന്റെ എല്ലാ വൻകരകളിൽ മുഴങ്ങി.

ലോകത്തിലാദ്യമായി പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണവ്യാപാരമുണ്ടായത് രണ്ടായിരം വർഷം മുമ്പ് യെരുശലേമിലെ 'പെന്തക്കോസ്തുനാൾ' എന്നറിയപ്പെട്ടിരുന്ന ഒരുത്സവദിവസമായിരുന്നു (ബൈബിൾ: അപ്പൊസ്തലപ്രവൃത്തികൾ 2:1–20). ആയതിനാൽ, ഈ സവിശേഷാനുഭവത്തിൽ വിശ്വസിക്കുന്നവർ പൊതുവെ പെന്തക്കോസ്തുകാർ എന്നറിയപ്പെടുന്നു. പരിശുദ്ധാത്മപ്പകർച്ച എല്ലാ നൂറ്റാണ്ടുകളിലും അങ്ങിങ്ങായി ഉണ്ടായിട്ടുണ്ടെങ്കിലും ലോകത്തെ ആകമാനം സ്പർശിച്ച ഒരാദ്ധ്യാത്മിക വിപ്ലവമായി ഇതു രൂപംകൊണ്ടത് ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ്.

ഇന്ത്യയിലെ ക്രൈസ്തവർക്ക് രണ്ടായിരം വർഷത്തെ പാരമ്പര്യം അവകാശപ്പെടാനുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ, പാരമ്പര്യസഭകളിൽ നൂറ്റാണ്ടുകളായി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും യാന്ത്രികമായ ആരാധനാസംവിധാനവും പതുക്കെ നുഴഞ്ഞുകയറിക്കൊണ്ടിരുന്നു. ഈ ദുസ്ഥിതിയിൽ ഒരുകൂട്ടം വിശ്വാസികൾ വീർപ്പുമുട്ടിയിരിക്കുമ്പോഴാണ് പെന്തക്കോസ്തുണർവിന്റെ കാറ്റു വീശിത്തുടങ്ങിയത്. സഭയുടെ ഭരണ വിശ്വാസാചാരമണ്ഡലങ്ങളിൽ കുന്നുകൂടിയ ചപ്പുംചവറും തൂത്തെറിഞ്ഞ് സഭാഗാത്രത്തെ ശുദ്ധീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചവരുടെ ശബ്ദം അവഗണിക്കപ്പെട്ടിരിക്കയായിരുന്നു. നിരാശരായ ശുദ്ധീകരണവാദികൾ മാതൃസഭകളെ ഉപേക്ഷിച്ച്, പൂർണ്ണസുവിശേഷം ഉൾക്കൊള്ളുന്ന ആദ്യത്തെ പെന്തക്കോസ്തുസഭകൾക്ക് അടിത്തറ പാകി. അങ്ങനെയാണ് പാരമ്പര്യസഭകളായ കത്തോലിക്കാ–യാക്കോബായ–മാർതോമ്മാ സമുദായങ്ങളിൽനിന്നും പെന്തക്കോസ്തുപ്രസ്ഥാനത്തിലേക്കുള്ള 'പുറപ്പാട്' ആരംഭിച്ചത്.

1836–ൽ അബ്രഹാം മൽപാനാരംഭിച്ച നവീകരണത്തിന്റെ ചൂടും വെളിച്ചവും ഒരു ആദ്ധ്യാത്മിക ഉണർവ്വിലേക്ക് മാർതോമ്മാസഭയെ നയിച്ചു. ഈ നവീകരണപ്രസ്ഥാനം പെന്തക്കോസ്തുസഭകളുടെ വളർച്ചയെ പരോക്ഷമായി സഹായിച്ചു. അടുത്ത കാലത്ത് കത്തോലിക്കാ സഭയിലുണ്ടായ 'കരിസ്മാറ്റിക് കൂട്ടായ്മ', യാക്കോബായ–ഓർത്തഡോക്സ് സഭയിലുണ്ടായ 'സീയോൻ സംഘം' തുടങ്ങിയ പ്രസ്ഥാനങ്ങളും പെന്തക്കോസ്തുണർവ്വിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

സാധാരണ ചരിത്രനോവലുകളിലെപ്പോലെ (ഉദാഹരണം: സി.വി. യുടെ 'മാർത്താണ്ഡവർമ്മ') 'പാളം തെറ്റിയ തീവണ്ടി'യിലെ പ്രധാന കഥാപാത്രങ്ങളാരും ചരിത്രവ്യക്തികളല്ല. അവരെല്ലാം സാങ്കല്പികപാത്രങ്ങളാണ്. ഇതിലെ ഉപകഥാപാത്രങ്ങളിൽ ചിലർ മാത്രമാണ് യഥാർത്ഥത്തിൽ ജീവി

ച്ചിരുന്നിട്ടുള്ളത്. (ഉദാഹരണങ്ങൾ: കുക്കുസായിപ്പ്, മന്നത്തു പത്മനാഭപിള്ള, ഉണ്ണൂണ്ണിസാർ). പ്രധാന കഥാപാത്രങ്ങളോടു ബന്ധപ്പെടുത്തി ചിത്രീകരിക്കുന്ന സംഭവങ്ങൾ യഥാർത്ഥ ചരിത്രമല്ല. ഉപകഥാപാത്രങ്ങളോടനുബന്ധിച്ചു ചിത്രീകരിക്കുന്ന ചുരുക്കം ചില സംഭവങ്ങൾക്കു മാത്രമേ വാസ്തവികതയുള്ളൂ. തകഴി ശിവശങ്കരപ്പിള്ളയുടെ 'ഏണിപ്പടികൾ' പോലെ ഭാവനയുടെ അംശം മുന്തിനില്ക്കുന്ന ഒരു ചരിത്രനോവലാണിത്.

തികഞ്ഞ ഒരു ചരിത്രനോവലിൽ പോലും (ചരിത്രാഖ്യായിക) സംഭവങ്ങളുടെ പരമാർത്ഥം, കാലം എന്നിവയെ അണുപോലും വ്യത്യാസംകൂടാതെ പ്രതിപാദിക്കേണ്ട ആവശ്യമില്ലെന്ന് മലയാള നോവൽ നിരൂപണ മണ്ഡലത്തിലെ മുതിർന്ന ആചാര്യനായ എം.പി. പോൾ പറഞ്ഞിട്ടുണ്ട്. ചരിത്രവുമായി ഏറെക്കുറെ യോജിച്ചു പോയാൽ മതി. ഇതിവൃത്തത്തിന്റെ ഗതിയും പ്രമേയാവതരണവും സുഗമമാക്കാൻവേണ്ടി ചരിത്രവസ്തുതകൾ വളച്ചുകെട്ടാൻ പോലുമുള്ള സ്വാതന്ത്ര്യം സാഹിത്യലോകത്തിലെ കീഴ്‌വഴക്കങ്ങൾ ഒരു നോവലിസ്റ്റിനു നൽകുന്നുണ്ട്.

ആധുനികസാഹിത്യത്തിന്റെ ഗതിവിഗതികളെപ്പറ്റി ഒരു വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. സാഹിത്യമണ്ഡലത്തിലെ ആധുനികരുടെ താത്വിക നിലപാടിനെപ്പറ്റി മനസ്സിലാക്കാൻ താഴെക്കുറിക്കുന്ന ഉദ്ധരണി ശ്രദ്ധിക്കുക: 'അങ്ങനെ പ്രപഞ്ചത്തെ അന്യലോകമായും മരണത്തെ സ്വലോകമായും വീക്ഷിക്കുന്ന ആധുനിക ചിന്താഗതി ജീവിതത്തെ തന്നെ നിഷേധിക്കുന്ന തത്വശാസ്ത്രത്തിൽ എത്തി നില്ക്കുന്നു. നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ദാർശനികപ്രശ്നം ആത്മഹത്യയാണെന്നു ഘോഷിച്ച ആൽബർ കാമുവും, താൻ ഏകനാണെന്നു തന്റെ കഥാപാത്രങ്ങളെക്കൊണ്ടു പറയിച്ച സാർത്രും ഈ ദർശനത്തെ ന്യായീകരിക്കുന്നുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.' (പ്രബന്ധം: 'ആധുനികസാഹിത്യകാരന്റെ മനുഷ്യദർശനം', എം. കെ. മാധവൻനായർ). ആധുനിക സാഹിത്യത്തിന്റെ വികലമായ മനുഷ്യദർശനത്തിനു നല്ലൊരു നിർവ്വചനമാണിവിടെ നൽകിയിരിക്കുന്നത്. സാഹിത്യത്തിൽ സദാചാര പ്രബോധനങ്ങൾക്ക് സ്ഥാനമുണ്ടെന്ന് ഉറച്ചുവിശ്വസിക്കുന്ന ഒരാളാണ് പ്രബന്ധകർത്താവായ ശ്രീ. എം.കെ. മാധവൻനായർ. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ സെക്രട്ടറിയായി ദീർഘവർഷങ്ങൾ സേവനമനുഷ്ഠിച്ച അദ്ദേഹം ഒരു മുന്നറിയിപ്പെന്നവണ്ണമാണ് ആധുനിക സാഹിത്യത്തിന്റെ വഴിതെറ്റിയ പോക്കിനെപ്പറ്റി നമ്മെ ധരിപ്പിക്കുന്നത്.

ജീവിതത്തിന്റെ അർത്ഥവും മൂല്യവും കണ്ടെത്താനും, ആത്മഹത്യയിലൂടെ ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നതിനുപകരം ജീവിതത്തെ സധീരം നേരിടാനും അവരെ പ്രേരിപ്പിക്കുന്ന കൃതികളാണു വേണ്ടത്. ദുഷ്ടതയെ താഴ്ത്തുകയും ശിഷ്ടതയെ ഉയർത്തുകയും ചെയ്യുന്ന, തന്മതിന്മകളെ വകതിരിച്ചു കാണിക്കുന്ന സാഹിത്യ സൃഷ്ടികൾ കാഴ്ചവയ്ക്കേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. ഈയൊരു വിചാരമാണ് കേരള ക്രൈസ്തവ സഭാചരിത്രത്തിലെ സമുജ്ജ്വലവും ത്യാഗദീപ്തവുമായ ഒരദ്ധ്യായത്തിന് ആഖ്യായികാരൂപം നൽകാൻ എന്നെ പ്രേരിപ്പിച്ചത്. ദൈവോന്മുഖമായി വളരാൻ ആരെയെങ്കിലും ഈ നോവൽ സഹായിച്ചെങ്കിൽ എന്റെ എളിയ ശ്രമം സഫലമായി.

**ഒക്ടോബർ 20, 1983** **ഏഴംകുളം സാംകുട്ടി**

മാന്യ വായനക്കാരന്,

ഈ കൃതി അനുവാചകന് എങ്ങനെ, എത്രമാത്രം പ്രയോജനപ്പെട്ടു എന്നറിയുവാൻ എനിക്ക് വളരെ താല്പര്യമുണ്ട്. ഇതിന്റെ പിന്നിൽ വളരെ പ്രാർത്ഥനയും അദ്ധ്വാനവും പണച്ചെലവും ഉണ്ട്. താങ്കളെ ഈ കൃതി സ്വാധീനിക്കുന്നു എങ്കിൽ, ഏതെങ്കിലും രീതിയിൽ ഇതിലെ ആശയങ്ങൾ താങ്കൾക്ക് പ്രയോജനം ചെയ്യുന്നു എങ്കിൽ, അക്കാര്യം തുറന്നെഴുതി എന്റെയോ പ്രസാധകരുടെയോ വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. താങ്കൾക്ക് ഈ പുസ്തകം പ്രയോജനം ചെയ്ത വിവരം അറിഞ്ഞ് സന്തോഷിക്കുവാൻ എനിക്കും ഒരവസരം നൽകുക. കത്തിലെ വിവരങ്ങൾ ഞാൻ മാത്രമേ വായിക്കാവൂ എന്ന് നിർബ്ബന്ധമുണ്ടെങ്കിൽ, കത്തിന്റെ പുറത്തും ഓപ്പണിംഗ് ഫ്ളാപ്പിലും 'personal' എന്നെഴുതിയാൽ മതി. കത്തു തുറക്കാതെ, സ്വകാര്യമായി എന്റെ പേരിൽ അയച്ചുതരാൻ പ്രസാധകരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പ്രാരംഭത്തിൽ കൊടുത്തിരിക്കുന്ന എന്റെ അമേരിക്കയിലെ വിലാസത്തിൽ നേരിട്ട് അയയ്ക്കുന്നതായിരിക്കും ഉത്തമം.

**സെപ്റ്റംബർ 17, 2010** **ഏഴംകുളം സാംകുട്ടി**

NB: ഗ്രന്ഥകാരന്റെ പ്രത്യേക നിർദ്ദേശാനുസരണം ഈ കൃതി യുവജന സംഘടനകൾ വഴിയും പ്രാദേശിക സഭകൾ വഴിയും ചില സന്ദർഭങ്ങളിൽ സൗജന്യമായി വിതരണം ചെയ്യാറുണ്ട്. എന്നാൽ ബുക്ക് ഷോപ്പുകളിലും കൺവെൻഷൻ സ്റ്റാളുകളിലും ഈ ഗ്രന്ഥം സൗജന്യമായി ലഭിക്കുന്നതല്ല.

# പാളംതെറ്റിയ തീവണ്ടി



തകഴിയുടെ 'ചെമ്മീൻ' മുക്കുവരുടെ ജീവിതത്തെ കേന്ദ്രീകരിച്ചെഴുതപ്പെട്ടു. ബഷീറിന്റെ 'ബാല്യകാലസഖി' മുസ്ലീംകളുടെയും ചന്തുമേനോന്റെ 'ഇന്ദുലേഖ' ബ്രാഹ്മണ-നായർ സമുദായങ്ങളുടെയും ഉള്ളറകളിലേക്കിറങ്ങി. പാറപ്പുറത്തിന്റെ നോവലുകൾ പാരമ്പര്യക്രൈസ്തവസഭാംഗങ്ങളുടെ ജീവിതത്തെ ആഖ്യാനംചെയ്തു. പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിലായി മിക്കവാറും എല്ലാ ജാതിമതസഭാവിഭാഗങ്ങളുടെയും നിഴലുകൾ മലയാള സാഹിത്യത്തിൽ പതിഞ്ഞു. 1983-ൽ 'പാളം തെറ്റിയ തീവണ്ടി'യുടെ ഒന്നാം പതിപ്പ് പുറത്തിറങ്ങിയപ്പോൾ അന്നേവരെ സർഗ സാഹിത്യമേഖലയിൽ നിശ്ശേഷം അവഗണിക്കപ്പെട്ടുകിടന്ന പെന്തെക്കോസ്തു സമുദായത്തിന്റെ ഹൃദയത്തുടിപ്പുകൾ ആദ്യമായി വരച്ചുകാട്ടുകയായിരുന്നു. പുതുമയുള്ള ഈ പശ്ചാത്തലവും ശക്തമായ പ്രമേയവും ഒന്നാം തലമുറയിലെ പെന്തക്കോസ്തുകാരുടെ വേഷംപോലെ ലളിതസുന്ദരമായ പ്രതിപാദനവും ഈ കൃതിയെ ശ്രദ്ധേയമാക്കി. ഈ പശ്ചാത്തലത്തിൽ നോവലുകൾ രചിക്കുവാൻ 'പാളം തെറ്റിയ തീവണ്ടി' മറ്റ് സാഹിത്യകാരന്മാർക്ക് പ്രചോദനവുമായി. ഹൃദയസ്പർശിയായ കഥാകഥനം, കൃത്യമായ സ്ഥലകാലബോധംകൊണ്ടുണ്ടായിട്ടുള്ള യാഥാർത്ഥ്യ പ്രതീതി, പാത്രചിത്രീകരണത്തിലുള്ള ഏകാഗ്രത, ബൈബിൾ ശൈലികളുടെ സന്ദർഭോചിതമായ പ്രയോഗം, നോവലിന്റെ തലക്കെട്ടു വെളിപ്പെടുത്തുന്നതുപോലെ പ്രതീകാത്മകമായ പ്രതിപാദനം, കഥാപാത്രങ്ങളുടെ മനോഗതിക്കും സംഭവങ്ങൾക്കും കാലഘട്ടത്തിനും അനുയോജ്യമായ പ്രകൃതിവർണ്ണന, സംഭാഷണങ്ങളിലെ സ്വാഭാവികത, തികച്ചും നാടകീയമായ ഒരന്ത്യം – ഈ കൃതിയുടെ ആസ്വാദ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണിവ. ഭാവനയ്ക്ക് മനുഷ്യനെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും കഴിയുമെന്ന വസ്തുത ഡോ. സാംകുട്ടിയുടെ തൂലിക ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു.

dp ദീപ്തി പബ്ലിക്കേഷൻസ്

ISBN 81-903983-2-6

9 788190 398329

പാളംതെറ്റിയ തീവണ്ടി

ഡോ. സാംകുട്ടി പട്ടംകരി